# ഈ പ്രവാസികളിൽ ഒരുവൻ

നോവൽ

വർഗീസ് മൂലൻ

## വർഗീസ് മൂലൻ

അങ്കമാലി മൂലൻ തറവാട്ടിൽ ദേവസിയുടേയും ഏല്യയുടേയും മകനായി ജനിച്ചു. സെന്റ് ജോസഫ്സ് ഹൈസ്കൂൾ അങ്കമാലി, സേക്രട്ട് ഹാർട്ട് കോളേജ് തേവര, ശ്രീ ശങ്കര കോളേജ് കാലടി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. കോളേജ് ബാസ്കറ്റ് ബോൾ ടീം ക്യാപ്റ്റനും തുടർച്ചയായി രണ്ടുവർഷം ഓൾ ഇന്ത്യ കാത്തലിക് യൂണിവേഴ്സിറ്റി ഫെഡറേഷൻ (AICUF ) എറണാകുളം ജില്ലാ സെക്രട്ടറിയുമായിരുന്നു.

കോളേജ് പഠനകാലത്ത് രണ്ട് നോവലുകൾ എഴുതി. "തേക്ക്" മാമ്മൻ മാപ്പിള അവാർഡ് മൂന്നാം സ്ഥാനവും," എരിമലയിലൊരഭയം" കുങ്കുമം അവാർഡിൽ അഞ്ചാം സ്ഥാനവും നേടി. സുവോളജിയിൽ ബിരുദം എടുത്തതിനു ശേഷം മദ്രാസിൽ Indian Express News Group ൽ ജോലി ലഭിച്ചു. ഇതിനോടൊപ്പം ആംസ്റ്റർഡാം ആസ്ഥാനമായുള്ള International Adoption Organisation ന്റെ ഇന്ത്യയിലെ സെക്രട്ടറിയായും പ്രവർത്തിച്ചു. പിന്നീട് ന്യൂഡൽഹിയിൽ Santul India Ltd. ൽ സെയിൽസ് മാനേജരായി. ഇവിടെ ജോലി ചെയ്തുകൊണ്ടിരിക്കെ അലിഗഡ് യൂണിവേഴ്സിറ്റിയിൽ നിന്നും D.M.Ab പാസ്സായി. ജോലിസംബന്ധമായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒട്ടുമിക്ക പട്ടണങ്ങളിലും യാത്ര ചെയ്തിട്ടുണ്ട്.

അനുരഞ്ജ് എന്ന തൂലികാ നാമത്തിൽ Indian Express, Times of India, Manorama Suppliment, ചില ക്രിസ്ത്യൻ പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ ലേഖനങ്ങളെഴുതി ഏതാണ്ട് പ്രസിദ്ധനായപ്പോൾ തൂലികാനാമം നിരഞ്ജ്കർ എന്നാക്കുകയുണ്ടായി.

ബംഗാൾ – ഒറീസ വനമേഖലയിലെ Savara ആദിവാസികളേക്കുറിച്ച് പഠിക്കുന്നതിലേക്ക് മനോരമ നിയോഗിച്ചു. 1980 കാലഘട്ടത്തിൽ മനോരമ സപ്ലിമെന്റിൽ 11 അദ്ധ്യായങ്ങളിലായി "നമ്മുടെ നാട്ടിൽ കുറെ നാലാംതരം പൗരന്മാർ" എന്ന പേരിൽ ഈ പഠനങ്ങൾ പ്രസിദ്ധീകരിച്ചു.

1981 ൽ ബിസിനസ് സംബന്ധമായി ബോംബെയിൽ താമസിക്കുന്ന ഹോട്ടലിൽ വച്ച് Khalid Al Saleh എന്ന സൗദി ബിസിനസുകാരനുമായി പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം സൗദി അറേബ്യയിൽ Al - Saleh Group ന്റെ മാനേജരായി.

പിന്നീട് "വിജയ്" എന്ന പേരിൽ സുഗന്ധവ്യഞ്ജനങ്ങളുടെ വിതരണം സൗദി അറേബ്യയിൽ ആരംഭിച്ചു. ഇപ്പോൾ Moolans Group ഇന്ത്യ, സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, യു.എസ്.എ. എന്നിവിടങ്ങളിലായി 16 ഫാക്ടറികളായി വളർന്നു. കൂടാതെ മുപ്പതിലധികം രാജ്യങ്ങളിൽ 350ൽ പരം ഉൽപന്നങ്ങൾ കയറ്റുമതിയും വിതരണവും നടത്തുന്നു. ഇന്ത്യയിലും വിദേശങ്ങളിലും ചെയിൻ സൂപ്പർ മാർക്കറ്റുകളും സ്റ്റുഡിയോകളർ ലാബുകളുമുണ്ട്. 25 കൊല്ലമായി സൗദി അറേബ്യയിൽ താമസിക്കുന്നു. സൗദി അറേബ്യയിലെ വിദേശ ഇൻവെസ്റ്റ്മെന്റ് ലൈസൻസ് (Green Card) ലഭിക്കുന്ന ആദ്യ ഇന്ത്യാക്കാരനാണ്. അറബി, ഫ്രഞ്ച്, ലാറ്റിൻ എന്നിവയടക്കം എട്ടു ഭാഷകൾ വശമുണ്ട്.

സ്വദേശ വിദേശ മലയാളികളുടെ കൂട്ടായ്മയിൽ കേരളത്തിന്റെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന, ലോകത്തിലെ ഏറ്റവും വലിയ പ്രവാസി മലയാളികളുടെ സംഘടനയായ 'ഗ്ലോബൽ മലയാളി കൗൺസിലി'ന്റെ ചെയർമാനാണ്.

ഭാരതത്തിന്റെ സമഗ്രവികസനത്തിനുള്ള സംഭാവനകളെ ആസ്പദമാക്കി 2006 ലെ ഭരത്ജ്യോതി അവാർഡിന് വർഗീസ് മൂലൻ അർഹനായി.

ഭാര്യ : ജെയിൻ കോളേജ് ലക്ചററാണ്.
മക്കൾ : മകൻ വിജയ് U.S.A. യിൽ എഞ്ചിനിയറിംഗിന് പഠിക്കുന്നു.
മകൾ ജയശ്രീ സൗദിയിൽ 12-ാം ക്ലാസിൽ പഠിക്കുന്നു.

**വിലാസം**
വില്ല No. 78,
അൽ മോജിൽ കോമ്പൗണ്ട്,
കിങ് സൗദ് സ്റ്റ്രീറ്റ്,
ദമാം, സൗദി അറേബ്യ
Tel. 03832 7553
varghese@moolans.com
08.08.2006

# ഹൃദയസംവാദം

അര നൂറ്റാണ്ടു കാലത്തെ രാഷ്ട്രീയവും അവസരവാദികളായ മാധ്യമങ്ങളും ചേർന്ന് തകർത്ത സമൂഹമായ കേരളത്തിൽ നിന്ന് കുടിയേറിപ്പാർക്കുന്നവരായ ലക്ഷക്കണക്കിന് മലയാളികൾ ലോകമെങ്ങും ഉണ്ട് എന്നതിൽ അത്ഭുതമില്ല. യു.ഡി.എഫും എൽ.ഡി.എഫും ചേർന്ന് മലയാളികളെ കുടുക്കിയ നരകത്തിൽനിന്ന് എന്തു വില കൊടുത്തും രക്ഷപെടാൻ മലയാളികൾ തയ്യാറാണ്. 'പ്രവാസം' എന്ന ഓമനപ്പേരിലറിയപ്പെടുന്ന കുടിയേറ്റം സമകാലീനമലയാളിയുടെ അടിസ്ഥാന ജീവിത യാഥാർത്ഥ്യമാണ്. രാഷ്ട്രീയം കേരളത്തിൽ നിന്ന് കുടിയൊഴിപ്പിച്ചുവിട്ട മലയാളി, താൻ കുടിയേറിയ നാട്ടിൽ അതേ രാഷ്ട്രീയത്തിന്റെ ചുമട്ടുകാരനായി പലപ്പോഴും മാറുന്നുവെന്നത് മറ്റൊരു ക്രൂരഫലിതം മാത്രം. വാസ്തവമെന്തെന്നാൽ, ഭൂരിപക്ഷം മലയാളി കുടിയേറ്റക്കാർക്കും തങ്ങളെ കുടിയൊഴിപ്പിച്ച ശക്തി രാഷ്ട്രീയമാണെന്ന് മനസ്സിലായിട്ടുപോലുമില്ല. സമ്പദ് വ്യവസ്ഥയേയും സമൂഹത്തെയും കെട്ടിപ്പടുക്കുന്ന ജോലി നാം ഏൽപ്പിച്ചവർ തന്നെയാണ് നമ്മെ അഭയാർത്ഥികളാക്കിയതെന്ന സത്യം കക്ഷിരാഷ്ട്രീയത്തിന്റെ മയക്കുമരുന്ന് ഒരു ദുശ്ശീലമായി മാറിയ മലയാളി തിരിച്ചറിയാതെ പോകുന്നു.

സാംസ്കാരികതലത്തിൽ, കുടിയേറ്റക്കാരിൽ നല്ല പങ്കും (ഏറ്റവും ചുരുങ്ങിയത് ഒന്നാം തലമുറയെങ്കിലും) കേരളവുമായുള്ള ആത്മബന്ധം നിലനിർത്താൻ ശ്രമിക്കുന്നവരാണ്. പരദേശത്ത് സജീവവും സമകാലികവുമായ കേരളസംസ്കാരത്തിന്റെ വിഭവങ്ങൾ ലഭ്യമല്ലാത്തതിനാൽ, പലരും ഗൃഹാതുരത്വത്തിന്റെ മധുരവചനങ്ങളിലും മതപരവും ജാതിപരവുമായ പാരമ്പര്യ പുനരുദ്ധാനങ്ങളിലുമാണ് മുഴുകുന്നത്. മലയാളസിനിമയും സംഗീതവുമാണ് ഒരുപക്ഷേ കുടിയേറ്റക്കാർക്കിടയിലെ ഏറ്റവും ശക്തമായ സമകാലീന സാംസ്കാരിക സ്വാധീനങ്ങൾ ഇപ്പോൾ മലയാള ടെലിവിഷൻ ചാനലുകൾ ലോകമൊട്ടാകെ ലഭിക്കുന്നതുകൊണ്ട് വാർത്താപരമായ സാംസ്കാരിക സമകാലീനതയും കുടിയേറ്റ മലയാളിയ്ക്ക് ലഭിയ്ക്കുന്നുണ്ട്. ഒരുപക്ഷേ ഗൾഫിലെ മലയാളികളാണ്, ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ളവരേക്കാൾ സമകാലീനകേരളവുമായി നിരന്തര സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുന്നത്.

ലോകമെമ്പാടുമുള്ള എല്ലാ മലയാളികളെയും ഒന്നിപ്പിക്കുന്ന ഒറ്റക്കണ്ണിമാത്രമേയുള്ളു. മലയാളം എന്ന ഭാഷ, മതമേതായാലും,ജാതിയേതായാലും, രാഷ്ട്രീയമേതായാലും, മലയാളമാണ് മലയാളിയെ മലയാളിയാക്കുന്നത്. മറ്റ് തിരിച്ചറിയൽ കാർഡുകളൊന്നും മലയാളത്തോളം വരില്ല.

കുടിയേറ്റക്കാരായ മലയാളികളിൽ ഞാൻ രണ്ടു തരക്കാരെ കണ്ടിട്ടുണ്ട്. മലയാളത്തെ സ്നേഹിക്കുന്നവരും അതിനെ ഉപേക്ഷിക്കുന്നവരും. ഉപേക്ഷി ക്കുന്നവരുടെ മേൽ കുറ്റവിധി നടത്താൻ ഞാൻ തയ്യാറല്ല. അവരെ അതിന് പ്രേരിപ്പിയ്ക്കുന്ന നിരവധി സമ്മർദ്ദങ്ങളുണ്ടാവാം. എല്ലാവർക്കും എല്ലായിടത്തും ഭാഷയും സംസ്കാരവും ഒരു ജീവന്മരണ പ്രശ്നമായിക്കൊള്ളണമെന്നില്ല. കേരളത്തിൽ ജീവിക്കുന്ന മലയാളികളുടെ

അടിസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലും മലയാളം ഒരു സെക്കൻഡ് ലാംഗ്വേജ് ആണ് എന്നത് മറക്കണ്ട. പലയിടത്തും മലയാളം പറയുന്നതുതന്നെ നിഷിദ്ധമാണ്. ഭാഷയെയും സംസ്കാരത്തെയും സ്നേഹിക്കുന്ന കുടിയേറ്റക്കാരിലൊരാളാണ് വർഗീസ് മൂലൻ, കൃത്യാന്തര ബാഹുല്യങ്ങൾ നിറഞ്ഞ ഒരു ജീവിതത്തിന്റെ ഇടവേളകളിലൂടെ അദ്ദേഹം എഴുതിയ കൃതിയാണ് "ഈ പ്രവാസികളിൽ ഒരുവൻ." 1980-കളിൽ അദ്ദേഹം വടക്കേ ഇന്ത്യയിൽ ജോലി ചെയ്യുമ്പോളാണ് ഈ നോവൽ എഴുതിയത്. അത് വെളിച്ചം കാണാൻ ഇത്രയേറെ വർഷമെടുത്തുവെന്നത് ദുഃഖകരമാണ്. സാഹിത്യകുതുകികളായി മറുനാടൻ മലയാളികൾക്ക് കേരളത്തിലെ മുഖ്യധാരാ പ്രസാധനലോകത്തിൽ കാലു കുത്താനുള്ള വൈഷമ്യങ്ങളുടെ നേർക്കുള്ള ഒരു ചൂണ്ടുപലകയാണ് ഇത് എന്നുതോന്നുന്നു. ഇന്ന് സൗദിഅറേബ്യയിൽ ജീവിയ്ക്കുന്ന വർഗീസ് മൂലൻ തന്റെ കൃതിയെ കേരളത്തിലെ വായനക്കാരുടെ മുമ്പിലെത്തിക്കാനെടുത്ത തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു.

ഏല്യാസ് എന്ന ഗ്രാമീണയുവാവിന്റെ ജീവിതപ്പാതയാണ് ഈ നോവലിന്റെ വിഷയം. ദുസ്സഹനീയമായ കുടുംബസാഹചര്യങ്ങളിൽനിന്നും ജീവിതപശ്ചാ ത്തലത്തിൽ നിന്നും പിടഞ്ഞു പുറത്തുചാടുന്ന ഏല്യാസ് ക്രൈസ്തവ പൗരോഹിത്യം സ്വീകരിച്ച് സ്പെയിനിലെത്തുന്നു. അവിടത്തെ വിപ്ലവത്തിൽ പങ്കെടുത്ത്, പരാജിതനെങ്കിലും, ആത്മസംതൃപ്തിയോടെ മടങ്ങിയെത്തുന്ന ഏല്യാസ് തന്റെ അജ്ഞാതപിതാവിനെ കണ്ടെത്തുന്നതാണ് കഥയുടെ പരി സമാപ്തി.

ഏല്യാസിന്റെ ദുഃഖങ്ങളുടെയും നിരാശകളുടെയും സ്നേഹങ്ങളുടെയും പാപങ്ങളുടെയും അന്വേഷണങ്ങളുടെയും ചരിത്രം വർഗീസ് മൂലൻ ആഖ്യാനവേഗതയോടെയും വിവരണവൈദഗ്ധ്യത്തോടെയുമാണ് അവതരിപ്പിക്കുന്നത്. ഗ്രാമീണ പശ്ചാത്തലവും നാടൻ മനുഷ്യരുമാണ് നോവലിന്റെ സിംഹ ഭാഗത്തും നിറഞ്ഞുനിൽക്കുന്നത്. മിഴിവും ഊർജ്ജസ്വലതയുമുള്ള ഭാഷയിൽ നോവലിസ്റ്റ് ആ ലോകത്തെ ജീവസ്സോടെ വായനക്കാരനുവേണ്ടി ആവിഷ്കരിക്കുന്നു. ഏല്യാസിന്റെ ആന്തരിക സംഘട്ടനങ്ങൾ ശക്തിമത്തായ ശൈലി യിൽ വർഗീസ് മൂലൻ ചിത്രീകരിക്കുന്നു. ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും തത്വശാസ്ത്രത്തിന്റെയും ചക്രവാളങ്ങളെ അദ്ദേഹം തന്റെ കഥക്ക് വിപുലമായ പിൻതിരശ്ശീലയായി വരച്ചുചേർക്കുന്നു. മനുഷ്യഗന്ധിയായ ഈ കഥ വായിച്ചുതീരുമ്പോൾ, ജീവിതം എന്ന പ്രതിഭാസത്തിന്റെ ബ്രഹത്തായ ക്യാൻവാസിലൂടെ പ്രയാണം ചെയ്ത സംതൃപ്തി വായനക്കാരിലുളവാകുന്നു. സാഹിത്യത്തിന്റെ സുപരിചിത ലേബലുകളിലൊന്നും പെടുന്നതല്ല വർഗ്ഗീസ് മൂലന്റെ രചന. പ്രസ്ഥാനങ്ങളിൽ പെടാത്ത ഹൃദയസംവാദം മാത്രമാണത്. അതുകൊണ്ട് അത് ഹൃദ്യമായ വായനാനുഭവം വായനക്കാരന് നൽകുന്നു.

കുടിയേറ്റക്കാരുടെ ലോകത്തുനിന്ന് ഒരു എഴുത്തുകാരൻ കൂടി മലയാള സാഹിത്യരംഗത്തേയ്ക്ക് പ്രവേശിക്കുന്ന ഈ നല്ല മുഹൂർത്തത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. വർഗ്ഗീസ് മൂലൻ തന്റെ കഥാകഥനം തുടരട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

**സക്കറിയ**

തിരുവനന്തപുരം
26/7/2006

# ആമുഖം

മനുഷ്യൻ സ്വതന്ത്രമായി ചിന്തിക്കാൻ തുടങ്ങിയകാലം മുതൽ മനുഷ്യ ജന്മത്തിന്റെ അർത്ഥവും ജീവിതത്തിന്റെ ലക്ഷ്യവും ഒരു പ്രഹേ ളികയായി അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. പല മഹാന്മാരും പലരീതിയിൽ ജീവിത ത്തിന് വ്യാഖ്യാനം നല്കി. അവർ സ്വന്തം ജീവിതംകൊണ്ടു മാതൃകയും കാട്ടി. വൻ പുസ്തകങ്ങൾ തന്നെ അവരുടെ ജീവിത വ്യാഖ്യാനങ്ങളായി എഴുതപ്പെട്ടു. പക്ഷെ കോടിക്കണക്കിന് അനുയായികളുണ്ടെങ്കിലും അവ രുടെ പല സമവാക്യങ്ങളും സാമാന്യ ജീവിതത്തിൽ അപ്രയോഗികമായാണ് പലർക്കും അനുഭവപ്പെട്ടത്.

പുരാതന മനുഷ്യൻ വിശ്വസിച്ചിരുന്ന ഭൂകേന്ദ്രീകൃത വിശ്വാസ സംഹിത യിൽ എല്ലാം വളരെ സരളമായിരുന്നു. മനുഷ്യനെ സ്നേഹിച്ച്, സൃഷ്ടിച്ച്, നിയന്ത്രിച്ച്,ശിക്ഷിച്ച്നന്നാക്കാനൊരുദൈവം! ആ ദൈവത്തിന്റെ ഇഷ്ടമക്കളായി മനുഷ്യർ.മനുഷ്യരുടെവിനിയോഗത്തിനുംകൗതുകത്തിനുമായിസൃഷ്ടിക്കപ്പെട്ട ചെറുനക്ഷത്രങ്ങളടങ്ങിയ ഈ കൊച്ചു പ്രപഞ്ചം..... അന്ന് ജീവിതലക്ഷ്യവും ഋജുവായിരുന്നു - സ്രഷ്ടാവ് തന്ന പ്രമാണങ്ങളനുസരിച്ച് ജീവിച്ച് ഒടുവിൽ ആ സ്രഷ്ടാവിന്റെ പ്രത്യേക സാമ്രാജ്യത്തിൽ എത്തപ്പെടുക....

എന്നാൽ കോടാനുകോടി നക്ഷത്രങ്ങളുള്ള ഈ മഹാപ്രപഞ്ചത്തിൽ ഒരു കുഞ്ഞുനക്ഷത്രമായ സൂര്യന്റെ പല ഉപഗ്രഹങ്ങളിലൊന്നായി, ഒരു മണൽത്തരിയുടെ വലുപ്പം പോലുമില്ലാത്ത ഈ കുഞ്ഞുഭൂമിയിലെ ഉപരിത ലത്തിൽ, കടൽനിരപ്പിൽ ഓക്സിജനും, വായുമർദ്ദവും കൃത്യമായി ക്രമീ കരിക്കപ്പെട്ടിരിക്കുന്ന ഏതാനും കിലോമീറ്റർ വ്യാസമുള്ള അന്തരീക്ഷത്തിൽ മാത്രമേ മനുഷ്യനെന്ന കീടത്തിന് ജീവിക്കാൻ സാധിക്കുള്ളു എന്നറിയുന്നതു തന്നെ വളരെ ഭീതിദമാണ്. ഈ പരിമിതിക്കുള്ളിൽത്തന്നെ കൊടുങ്കാറ്റ്, സുനാമി, വെള്ളപ്പൊക്കം, പകർച്ചവ്യാധികൾ മുതലായ പ്രകൃതിയുടെ പ്രതിഭാസങ്ങൾ ആയിരക്കണക്കിന് മനുഷ്യജീവികളെയാണ് ബലിയാ ടുകളാക്കിക്കൊണ്ടിരിക്കുന്നത്!

ഗ്രീൻഹൗസ് ഇഫക്ട്, ഓസോൺ പാളിയിലെ വിള്ളൽ, അന്തരീക്ഷമലിനീ കരണം എന്നിവമൂലം അന്തരീക്ഷത്തിലെ താപനില ഏതാനും ഡിഗ്രി സെൽഷ്യസ് ഉയർന്നാൽ ധ്രുവങ്ങളിലെ മഞ്ഞുപാളികളുരുകി ലോകത്തിലെ ജനസാന്ദ്രതയുള്ള നല്ലൊരു ശതമാനം ഭൂവിഭാഗവും സമുദ്ര നിമഗ്നമാകു മെന്നാണ് വിദഗ്ധ കണക്കുകൂട്ടൽ!

പ്രപഞ്ച ശൂന്യതയിൽ ചുറ്റിക്കറങ്ങുന്ന അസംഖ്യം ചിന്നഗ്രഹങ്ങളിലൊ, ഉൽക്കകളിലോ ഒന്ന് വഴിതെറ്റി ഭൂമിയുടെ കാന്തഭംഗിയിൽ ആകർഷണീ യമായാൽ...... കഴിഞ്ഞു സർവ്വതും! ഒരുകാലത്ത് ഭൂമിയെ അടക്കിവാണ ദിനോ സറുകൾ ചരിത്രാവശിഷ്ടമാവാൻ കാരണം അത്തരമൊരു ഉല്ക്ക വീഴ്ചയാ ണെന്നാണല്ലൊ വിദഗ്ധമതം!

ഭൂമിയിലെ ഏതൊരു ജീവിക്കും അങ്ങേയറ്റം ഉറുമ്പിനുവരെ മനുഷ്യജീവനേക്കാൾ സ്വന്തജീവൻ പ്രിയപ്പെട്ടതായതുകൊണ്ടാണല്ലോ,

ആത്മരക്ഷക്കും, ഭക്ഷണത്തിനും വേണ്ടി മറ്റു ജന്തുക്കൾ മനുഷ്യനെപ്പോലും ആക്രമിക്കുന്നത്!

മനുഷ്യസമൂഹത്തിലേക്ക് കടന്നാൽ, സ്വന്തം ജീവിതം സുരക്ഷിതമാക്കാൻ പ്രിയപ്പെട്ടവരെപ്പോലും ബലിയാടാക്കാൻ മനുഷ്യൻ മടിക്കുന്നില്ല. ജീവിതത്തിൽ ഭൗതീകസ്വത്ത് എത്ര കുമിച്ചു കൂട്ടിയിട്ടും, പിന്നെയും നാളെയെപ്പറ്റിയുള്ള അരക്ഷിതാവസ്ഥയും അനിശ്ചിതത്വവും ലോകത്തിലെ ഏറ്റവും വലിയ ധനാഢ്യനെപ്പോലും കൂടുതൽ കൂടുതൽ കരുതിവയ്ക്കാൻ പ്രേരിപ്പിക്കുന്നു!

അതുകൊണ്ടുതന്നെ ഭാവിയെക്കുറിച്ച് നിഷ്പക്ഷം ചിന്തിക്കുന്ന ആർക്കും സ്വസ്ഥരാവാൻ കഴിയുന്നില്ല, വിശ്വാസത്തിന്റെ ഞെരിയുന്ന തോടുകൾക്കുള്ളിൽ സ്വയം ചുരുണ്ടുകൂടുന്ന മിഥ്യാ സുരക്ഷിതർക്കൊഴികെ!

ഇരട്ടകളായ ഗർഭസ്ഥ ശിശുക്കൾക്ക് ചിന്തിക്കാനും സംസാരിക്കാനുമായാൽ ജനിക്കാനിരിക്കുന്ന ലോകത്തെക്കുറിച്ച് അവരെന്താവും ചർച്ച ചെയ്യുക? അവരുടെ ഭാവനയും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരമെന്തായിരിക്കും? അതേ അന്തരം തന്നെയുണ്ടാവും ആദിമ സംസ്ക്കാരത്തൊട്ടിലുകൾ മുതൽ മനുഷ്യർ ചിന്താപാത്രമാക്കിക്കൊണ്ടിരിക്കുന്ന മരണശേഷ ജീവിതത്തെപ്പറ്റിയുള്ള ഭാവനക്കും യാഥാർത്ഥ്യത്തിനും തമ്മിൽ....

ബാഹ്യവും ആന്തരികവുമായ ഈ ഭീഷണികൾക്ക് നടുവിൽ ജീവിക്കുന്ന മനുഷ്യനാകട്ടെ, പാമ്പിന്റെ വായിലകപ്പെട്ട തവള ദൃഷ്ടിഗോചരമായ തന്റെ ഇരക്കുവേണ്ടി നാവു നീട്ടുന്നതുപോലെ, ബലവാൻ ബലഹീനനെ ബലിയാടാക്കുന്നതിൽ ബഹുമുഖ സാമർത്ഥ്യമാണ് കാട്ടുന്നത്. മനുഷ്യ സമൂഹത്തിൽ നടമാടുന്ന അനീതികൾക്കും അക്രമങ്ങൾക്കും വിരാമമിടാൻ, വിശാലമായി ചിന്തിച്ച പലരും, മാർഗ്ഗനിർദ്ദേശങ്ങളായി കാലാകാലങ്ങളിൽ വച്ചു നീട്ടിയ "ഇസ"ങ്ങൾ പോലും അതിന്റെ പ്രയോക്താക്കളിൽ മിടുക്കന്മാർ സാഹചര്യങ്ങൾ വളച്ചൊടിച്ച് ആത്മാനുകൂലമാക്കിക്കളഞ്ഞു!

അതുകൊണ്ടുതന്നെയാണ് ലോകത്തിലെ ഒരു വിശ്വാസസംഹിതയും ഒരു സാമൂഹിക ചട്ടക്കൂടും പൂർണ്ണമാകാത്തത്. മിടുക്കു കുറഞ്ഞ സാധാരണക്കാരനാകട്ടെ, മനുഷ്യസമൂഹത്തിൽ എന്നും ചൂഷണം ചെയ്യപ്പെട്ടു കൊണ്ടേയിരിക്കുന്നു.

ഇങ്ങനെ എണ്ണമറ്റ സമ്മർദ്ദങ്ങളിലും ഭീഷണികളിലും നരകിച്ച് സ്വയം ശപിച്ച് ജീവിക്കുമ്പോഴും, ഏതോ അദൃശ്യചോദനയാലെന്നവണ്ണം, ഓരോ മനുഷ്യനും അടുത്ത തലമുറക്ക് ജന്മം നല്കുകയായി!... എന്നാൽ ഒരു മനുഷ്യനെ വധശിക്ഷക്ക് വിധിക്കും മുമ്പ് മൂന്നുപ്രാവശ്യം ചിന്തിക്കുന്ന മനുഷ്യൻ ഒരു മനുഷ്യക്കുഞ്ഞിന് ജന്മം കൊടുക്കുംമുമ്പ് ഒരുപ്രാവശ്യമെങ്കിലും ചിന്തിക്കുന്നുണ്ടോ?

അതിനുള്ള സാവകാശം പോലും മനുഷ്യനെന്ന കളിപ്പാവയെ അണിയിച്ചൊരുക്കി വിടുന്ന പ്രകൃതി നൽകുന്നില്ലെന്നതാണ് പ്രകൃതിയിലെ

ഏറ്റവും വലിയ ദുരന്തം.....

ഈ വന്യഭൂമിയിലെങ്ങും അനുനിമിഷം നിസ്സഹായ ജീവികൾ അരങ്ങേറ്റുന്ന ജീവന്മരണ പോരാട്ടങ്ങളുടെ കരാളഭംഗിയാസ്വദിച്ച് ഏത് നിയന്താവാണാവോ ചിരിക്കുന്നത്!

ഈ മാരക വിനോദങ്ങളിൽ വിജയിക്കുന്നവർക്ക് എന്ത് സമ്മാനമാണാവോ വിധി സ്വരുക്കൂട്ടി വച്ചിരിക്കുന്നത്!

ചില വിശ്വാസസംഹിതകളനുസരിച്ച് വിജയിക്കുന്നവർക്കല്ല - ത്യാഗ പൂർണ്ണമായി തോല്ക്കുന്നവർക്കാണല്ലോ നിത്യസമ്മാനം!

അതുകൊണ്ടുതന്നെ, 'മറുപേരുള്ളവൻ' എന്നർത്ഥമുള്ള 'ഏല്യാസ്' എന്ന ഈ നോവലിലെ കഥാപാത്രം ഈ ലോകത്തിൽ ജനിച്ചു ജീവിക്കാൻ വിധിക്കപ്പെട്ട എല്ലാ മനുഷ്യരുടേയും പ്രതീകമാകുന്നു, ജീവിക്കുന്നതോ മരിച്ചതോ ആയ ആരുമായും നോവലിലെ കഥാപാത്രങ്ങൾക്ക് വിദൂരബന്ധം പോലും ഇല്ലെങ്കിലും!

കമിതാക്കളുടെ വിവാഹപൂർവ്വബന്ധം മൂലം പാപത്തിന്റെ മകനായാണ്, മതവിശ്വാസപ്രകാരം ഏല്യാസ് ജനിക്കുന്നതെങ്കിലും, ജീവിതമെന്ന വരദാനത്തിലേക്ക്, അസ്തിത്വത്തിന്റെ പൂർണ്ണതയിലേക്ക് അവർ ജനിച്ചു വീഴുന്നതുകൊണ്ട് മാതാപിതാക്കളുടെ വിവാഹപൂർവ്വബന്ധം ഒരിക്കലും പാപമാകുന്നില്ല - കാരണം ചീത്ത മരങ്ങളിൽനിന്ന് ഒരിക്കലും നല്ല ഫലങ്ങൾ കായ്ക്കാറില്ലല്ലൊ!

ദൈവിക പൂർണ്ണതയുടെ പ്രധാന മാനദണ്ഡം തന്നെ, മതവിശ്വാസപ്രകാരം, അവിടുത്തെ അസ്തിത്വമാണ്....

എന്നാൽ, അസ്തിത്വം ഒരു പൂർണ്ണതയാണെന്ന പൗരാണിക നിദർശനത്തിന് കടകവിരുദ്ധമായി, സമയ-ദൂരങ്ങളുടെ നാലാം മാനമുൾപ്പെടുന്ന ആധുനിക വിശകലനത്തിൽ, പ്രപഞ്ച നിർമ്മിതിയുടെ ഒരു ആനുപേക്ഷികതലം മാത്രമാണ് അസ്തിത്വമെന്നറിയുമ്പോൾ; ഗണിത ശാസ്ത്രത്തിലെ അധിക ചിഹ്നത്തെപ്പോലെ ന്യൂനചിഹ്നവും പ്രപഞ്ചപട്ടികയിൽ നിയതവും, വ്യക്തവും, സ്ഫുടവുമാണെന്നറിയുമ്പോൾ മനുഷ്യജീവിതമുൾപ്പടെ സമയത്തെ ആശ്രയിക്കുന്ന ഈ പ്രപഞ്ച സത്യങ്ങളെല്ലാം തന്നെ ഒരു പ്രഹേളികയായി ത്തീരുന്നു. സ്വന്തം മരണം കൊണ്ടുമാത്രം മനുഷ്യർക്ക് കുറച്ചെങ്കിലും ഉത്തരം കണ്ടെത്താനാവുമെന്ന് തോന്നുന്ന സമസ്യ.

ഈ പ്രഹേളികയുടെ വിവിധ മാനങ്ങൾ, മതവിശ്വാസങ്ങളേയും, മനുഷ്യചരിത്രത്തേയും, വിവിധ ജീവിത പശ്ചാത്തലങ്ങളേയും ഊടും പാവുമാക്കി, മനനം ചെയ്യാൻ എന്റെ എളിയ ബുദ്ധികൊണ്ട് ശ്രമിക്കുകയാണ് ഈ നോവലിൽ.

1980 ൽ വടക്കേ ഇൻഡ്യയിൽ ജോലി ചെയ്യുമ്പോഴാണ് ഞാനീ നോവൽ എഴുതിയതെന്നതിനാൽ സ്പെയിനിലെ പശ്ചാത്തലം എന്റെ ഭാവനയുടെ മാത്രം സൃഷ്ടിയാണ്. അതിൽ വരുന്ന കുറവുകൾക്ക് സദയം മാപ്പുനൽകുക....

സാഹചര്യങ്ങൾക്കനുസൃതമായി ജീവിതത്തിൽ ഞാനെന്തൊക്കെയോ

കാട്ടിക്കൂട്ടുമ്പോഴും ജീവിതത്തിന്റെ യഥാർത്ഥ അർത്ഥവും ലക്ഷ്യവും തേടിയുള്ള എന്റെ യാത്ര ആയിരങ്ങളെപ്പോലെ ഇപ്പോഴും നിർവ്വിഘ്നം തുടർന്നുകൊണ്ടേയിരിക്കുന്നു. എന്തുചെയ്യണമെന്നറിയാതെ, എങ്ങോട്ടു തുഴയണമെന്നറിയാതെ.....

ഈ ജീവിതസാഗരത്തിൽ വഴികാട്ടാൻ യുക്തിഭദ്രമായ കേവല സത്യത്തിന്റേയും, മരണാനന്തര ജീവിതത്തിന്റേയും യഥാർത്ഥ പ്രഭ ചൊരിയുന്നന ഒരു അരുന്ധതിപോലും കണ്ണിൽപ്പെടുന്നില്ലല്ലൊ!....

കാലചക്രത്തിന്റെ തരംഗമാലകളിലെവിടെയെങ്കിലും ചാഞ്ചാടുന്ന ഒരു കൈത്തിരിയെങ്കിലും കാണാതിരിക്കുമോ?

കണ്ടവരുണ്ടെങ്കിൽ ഒന്നു കാണിച്ചു തരൂ.....

ദയവായി......

സസ്നേഹം,
വർഗീസ് മൂലൻ

മൂലൻസ് അവന്യൂ
അങ്കമാലി

# ഒന്ന്

കാലത്തിന്റെ മഹാപ്രവാഹം പോലെ അനുസ്യൂതം ഒഴുകുന്ന നദിയുടെ നെഞ്ചകം പിളർന്ന് കരഞ്ഞു ചുവന്ന മുഖവുമായി ഇന്നത്തെ സൂര്യനും ആത്മഹത്യ ചെയ്തിരിക്കുന്നു!

ഈ കൊച്ചു പ്രപഞ്ചത്തെയാകെ ഒരു പുതുയുഗത്തിലേക്ക് കൈപിടിച്ചു യുർത്താൻ വേണ്ടി ഒരു ഇളം പ്രഭാതത്തിന്റെ തുടുത്ത പ്രതീക്ഷയുമായി അവതാരമെടുത്തു വന്ന സൂര്യൻ!

ഒരുദിവസം മുഴുവൻ നീണ്ടുനിന്ന ആത്മബലിക്കു ശേഷവും ഒടുവിൽ ഒന്നുമൊന്നുമായിത്തീരാതെ, ഈ മഹാപ്രപഞ്ചത്തിന്റെ സ്ഥിരഭ്രമണ പഥങ്ങൾക്ക് ചെറ്റ് വ്യതിയാനംപോലും വരുത്താനാവാതെ, നിരാശ മുറ്റിയ പ്രദോഷത്തിൽ സൂര്യൻ ആത്മാഹുതി നടത്തി!

ചേതനയറ്റ സൂര്യന്റെ ചിത ഒരന്തിമങ്ങൂഴമായി അല്പനേരം പടിഞ്ഞാറെ ആകാശച്ചെരുവിൽ ശോണിമ പരത്തി. പ്രപഞ്ചത്തിന്റെ ചേതനയാകെ ഒരു മാത്ര നേരത്തേക്ക് ഒരു സന്ധ്യാരാഗത്തിൽ മരവിച്ചു നിന്നു. അത്രതന്നെ....

വീണ്ടും അന്ധകാരത്തിന്റെ വരവായി... കിഴക്കുനിന്ന് ഉദിക്കാൻ തുടങ്ങിയ തമസ്സ് എത്ര വേഗമാണ് പടിഞ്ഞാറെ മാനത്തെ അന്തിച്ചോപ്പിനേയും നക്കിത്തോർത്തിയത്.

നിഴലുകളെ കൊത്തിവിഴുങ്ങി ഭീമാകാരം പൂണ്ട ഇരുളിന്റെ ദംഷ്ട്രങ്ങൾക്കിടയിൽ സന്ധ്യാരാഗം ഞെരിഞ്ഞമർന്നു.

ഇരുട്ടിന്റെ മേലാപ്പ് ഭൂമിയെ മൂടിയപ്പോൾ രാപ്പാടികൾ രാത്രിയുടെ മഹത്വത്തെക്കുറിച്ചു പാടി.

നിതാന്തമായി നിലനിൽക്കുന്നത് ചലനങ്ങളില്ലാത്ത പ്രിയ രജനീ, നീയാണ്. ദിവ്യജ്യോതിസുകളായി അവതാരമെടുക്കുന്ന മഹാനക്ഷത്രങ്ങളാകട്ടെ ഒടുവിൽ എരിഞ്ഞൊടുങ്ങുന്നത് വെറും തമോഗർത്തങ്ങളായിട്ടാണല്ലൊ! പ്രപഞ്ചത്തിൽ അനന്തമായി നീണ്ടുപോകുന്ന നിന്റെയീ ഇല്ലായ്മയുടെ ഭീതിദ ഉറക്കമാണ് യാഥാർത്ഥ്യം.

കോഴികൾ കൂകിയുണർത്തുന്ന പ്രഭാതമാകട്ടെ, വീണ്ടുമൊരു ത്രിസന്ധ്യയിൽ എരിഞ്ഞടങ്ങുമെന്ന് നമുക്ക് തീർച്ചയുണ്ടല്ലോ! നിന്റെ അനന്തമായ സാമ്രാജ്യത്തെ ചെറുത്തു തോല്പിക്കാൻ ഓരോ പ്രഭാതത്തിലും അവതാരമെടുക്കുന്ന സൂര്യനെ ഒരൊറ്റ ദിവസത്തെ ദിഗ് വിജയം കൊണ്ടാടാൻ മാത്രമേ നീ അനുവദിക്കുന്നുള്ളുവല്ലോ! ഓരോ സൂര്യാസ്തമയത്തിനും പ്രതീക്ഷ

യുടെ ഓരോ യുഗം തകർന്നുവീഴുന്നത് നാം കാണുന്നു.

ഒടുവിൽ, വിജയം ഘോഷിക്കാൻ കറുത്ത ജടകൾ തൂങ്ങിയാടുന്ന കറുത്ത കുതിരപ്പുറത്ത് നീയിറങ്ങുമ്പോൾ, പ്രിയ രാത്രീ, ആകാശത്തിന്റെ മേൽക്കട്ടിയിൽ താരകളുടെ വജ്രബിന്ദുക്കൾ പതിക്കാൻ വീണുപോയ സൂര്യന്മാർ മറക്കാറില്ലല്ലൊ!

ഇരുട്ടിയിട്ടും കൂടണയാൻ കഴിയാതിരുന്ന പക്ഷികൾ ഒറ്റക്കും തെറ്റക്കും നദിക്ക് കുറുകെ ധൃതിയിൽ പറന്നുപോയി. പറക്കാൻ ചിറകുകളില്ലാത്ത മനുഷ്യരാകട്ടെ, നദിക്കരയിൽ കടത്തുവഞ്ചിക്കുവേണ്ടി കാത്തുനിന്നു. ഭീമാകാരമായൊരു അദൃശ്യ ഘടികാരത്തിന്റെ പെന്റുലം പോലെ നദിക്ക് കുറുകെ മെല്ലെ തൂങ്ങിയാടുന്ന കടത്തുവഞ്ചിയുടെ അമരത്തിരുന്ന് തുഴയുമ്പോഴും ഏല്യാസിന്റെ മനസ്സ് ഓർമ്മകളുടെ നിറവിൽ നീർക്കാംകുഴി ഇടുകയായിരുന്നു. അയാളുടെ കയ്യിലിരുന്ന തുഴ യാന്ത്രികമായി വെള്ളത്തിൽ ചലിച്ചു കൊണ്ടേയിരുന്നു.

വഞ്ചിയിൽ യാത്രചെയ്യുന്ന യാത്രക്കാരാകട്ടെ, കൗതുകം നിറഞ്ഞ നോട്ടങ്ങൾ ഇടയ്ക്കിടെ ഏല്യാസിന്റെ നേർക്കയച്ചുകൊണ്ടിരുന്നു. ഒത്തിരി യെല്ലാം പഠിച്ച്, പുറം രാജ്യങ്ങളിലെല്ലാം സഞ്ചരിച്ച് വലിയ വിപ്ലവങ്ങളിലെല്ലാം പങ്കെടുത്ത വലിയ ആളാണെന്നവർ കേട്ടിട്ടുണ്ട്. എന്നിട്ട് ഒടുവിൽ ഈ കടത്തു വള്ളം തുഴയുന്ന ജോലി കിട്ടിയൊള്ളാ? ആളുകൾ പരസ്പരം ചോദിച്ചു; വള്ളക്കാരൻ മത്തായിയോടും ചോദിച്ചു; ഒത്തിരിയൊക്കെ പഠിച്ചട്ടും വെല്യ പണിയൊന്നും നോക്കീല്യേ?

“അവനെന്റെ മോനാ”, മത്തായി അഭിമാനപൂർവ്വം പ്രഖ്യാപിച്ചു. “അവൻ എന്നെത്തേടി എത്തിയതാ” അതിൽ കൂടുതൽ സ്വന്തം മകനെക്കുറിച്ച് മത്തായിക്കും ഒന്നും അറിഞ്ഞുകൂടല്ലോ.....

“എന്തായാലും മോൻ വന്നേപ്പിന്നെ മത്തായിച്ചേട്ടന്റെ മൊകത്ത് എപ്പോഴും ഒരു സന്തോഷം കാണണുണ്ട്, തോണിയിൽ കയറിയ ഗ്രാമീണർ ഒന്നടങ്കം പ്രഖ്യാപിച്ചു.

“പിന്നെ സന്തോഷം ഇല്യാണ്ടിരിക്കോ? എനിക്കെന്റെ ജീവിതമാ അവൻ കൊണ്ടുത്തന്നത്. എന്റെ കുടുംബോം കൊണ്ടാ അവൻ വന്നത്”. ആ ഇരുട്ടിലും മത്തായിയുടെ മുഖം സന്തോഷത്താൽ തിളങ്ങി.

ഇരുട്ടുന്തോറും കടത്തുതോണിയിലെ തിരക്ക് കുറഞ്ഞുവന്നു. അകലേയും അടുത്തുമുള്ള വീടുകളിലെ മണ്ണെണ്ണ വിളക്കുകളുടെ നക്ഷത്രശോഭയോ ടൊപ്പം കുട്ടികളുടെ സന്ധ്യാനാമകീർത്തനങ്ങളും ഉറക്കെയുള്ള പുസ്തക വായനയും നദിയിലെ വെള്ളത്തിൽ പൊഴിഞ്ഞുവീണു.

“എല്ലാവരും കടന്നുപോയോ അപ്പാ?” ഏറെ ഇരുട്ടിയപ്പോൾ ഏല്യാസ് ചോദിച്ചു.

“ഇല്യാ മോനെ”, മത്തായി പറഞ്ഞു, “കാര്യക്കാടൻ ദേവസീം, അക്കാട്ടിലെ തമ്പീം, പൂച്ചൂട്ടൻ വർഗീസും എത്താനുണ്ട്.”

ദശകങ്ങൾ നീണ്ട കടത്തുതോണിയിലെ ജോലിക്കിടയിൽ അടുത്ത ഗ്രാമ

ങ്ങളിൽനിന്ന് ദിവസേന കടത്തുകടക്കുന്നവരെ മുഴുവൻ മത്തായി ഹൃദിസ്ഥമാക്കിയിരിക്കുകയാണല്ലോ. രാവിലെ പാൽ വിൽക്കാൻ പോകുന്നവർ, സ്കൂൾ കുട്ടികൾ, ചുമ്മാ പോകുന്നവർ അങ്ങനെ സമീപ ഗ്രാമങ്ങളിൽനിന്ന് അടുത്തുള്ള ചെറുപട്ടണത്തിലേക്ക് ദിവസവും പോകുന്നവരേയും പോയിട്ടു തിരിച്ചുവരാത്തവരെയും മത്തായിക്ക് എണ്ണിയെണ്ണി പറയാൻ കഴിയും.

ഈ മലയോര ഗ്രാമങ്ങളിൽനിന്ന് അടുത്ത ചെറുപട്ടണത്തിലേക്കുള്ള ഏക ഗതാഗതമാർഗ്ഗം ഈ കടത്തുതോണിയാണല്ലൊ. അതുകൊണ്ടു തന്നെ ദിവസം മുഴുവൻ വഞ്ചിയിൽ തിരക്കായിരുന്നു. കടത്തുകടക്കുന്നവർ തിരികെ വരുമ്പോൾ മത്തായിക്ക് എന്തെങ്കിലും കൊടുക്കും. ചിലർ ഒന്നും കൊടുക്കില്ല. മത്തായിയാണെങ്കിൽ കണക്കുപറഞ്ഞ് ആരോടും വാങ്ങാറുമില്ല. കൊടുത്താൽ വാങ്ങും അത്രതന്നെ.

ചോദിച്ചവരോട് മത്തായി പറഞ്ഞു. “മൂന്നുനേരം ചെലവിനൊള്ളത് ഈ വഞ്ചി തരണുണ്ട്. എനിക്കാണെങ്കി മരിച്ചാപ്പോലും ആറടി മണ്ണുവേണ്ട. ഒരു വെല്യ കല്ലും കൂട്ടിക്കെട്ടി എന്നെ ഈ പൊഴേ താത്താ മതി. പിന്നെന്തിനാ കൂടുതല് വാരിക്കൂട്ടി ഒള്ള മനസ്സമാധാനോം കൂടി കളയണേ? ഇപ്പോഴാണെങ്കി എന്റെ കെട്ട്യോളായി, മക്കളായി, കൊച്ചുമോനായി. ഇനി എനിക്ക് എന്താ വേണ്ടേ?“

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ എന്ന് കർത്താവ് അപ്പനെപ്പറ്റിയാണല്ലൊ പറഞ്ഞതെന്ന് ഏല്യാസ് അഭിമാനംകൊണ്ടു.

ഗ്രാമത്തിലേക്ക് പോകാനുണ്ടായിരുന്ന ബാക്കിയുള്ളവരും കടത്തുകടന്നു കഴിഞ്ഞപ്പോൾ തോണി കടവിലെ കുറ്റിയിൽ ബന്ധിച്ച്, മത്തായിയോടൊപ്പം പുഴയിലിറങ്ങി കുളിച്ച് തോർത്തി നദിതീരത്തെ കുടിലിലേക്ക് ധൃതിപ്പെടാതെ അപ്പനോടൊപ്പം നടക്കുമ്പോൾ ഏല്യാസ് ഓർത്തു. എവിടെയെല്ലാം പോയി ഏതെല്ലാം തരം ആളുകളുടെ ജീവിതശൈലികൾ കണ്ടിരിക്കുന്നു. ഒരിടത്തും ഇത്ര സ്വാസ്ഥ്യകരമായൊരു ജീവിതം കാണാനൊത്തിട്ടില്ലല്ലൊ! ആകാശത്തെ പറവകളെപോലെ യാതൊരല്ലലുമില്ലാത്ത ജീവിതം. വരും വരായ്കകളെക്കുറിച്ച് ചിന്തിക്കേണ്ടാത്ത ജീവിതം...

കുടിലിൽ ചെല്ലുമ്പോഴുണ്ട്, കയ്യിൽ ഓട്ടുവിളക്കേന്തി അമ്മയും ശാലിനിയും പുഞ്ചിരിയോടെ അവരെ എതിരേറ്റു. ഏല്യാസിന്റെ കൗമാരപ്രായത്തിലുള്ള മകൻ മാതൃവാകട്ടെ, അപ്പച്ചനെ അഭിമുഖീകരിക്കാനുള്ള നാണം കൊണ്ടാകണം ശാലിനിയുടെ പുറകിൽ മാറിനിന്നു.

“ഇവനെ എത്രയും വേഗം ഇവിടത്തെ സ്കൂളിൽ ചേർക്കണം“ ഒരപ്പൂപ്പന്റെ ചുമതലകളിലേക്ക് മത്തായി സ്വയം ഉയർന്നു.

കുടിലിനകത്ത് കൊരണ്ടിപ്പലകകളിൽ നിരന്നിരുന്ന് ആവിപറക്കുന്ന ചോറ് ഉരുളയുരുട്ടി പുഴമീൻ കറിയിൽ മുക്കി ഉണ്ണുമ്പോൾ ഏല്യാസ് ഓർത്തു. ഈ ജീവിതമായിരിക്കണം അമ്മ പണ്ടുമുതൽ സ്വപ്നം കണ്ടത്. ശാലിനിയും ഈ ജന്മത്തിൽ ഒരു ദാമ്പത്യജീവിതം പ്രതീക്ഷിച്ചു കാണില്ലല്ലൊ. അനാഥനായ മാത്യുവിന്റെ ജീവിതത്തെ സനാഥമാക്കാൻ എത്രപേരാണ് പെട്ടെന്ന്

കടന്നുവന്നിരിക്കുന്നത്. അപ്പൂപ്പൻ, അമ്മൂമ്മ...

എല്ലാറ്റിനുമുപരി അവനെ കളിയാക്കിക്കൊണ്ടിരുന്ന കൂട്ടുകാർക്കെല്ലാം ധൈര്യപൂർവ്വം ചൂണ്ടിക്കാണിച്ചുകൊടുക്കാൻ സ്വന്തം അപ്പനും.

മാത്യുവിനെ അടുത്തിരുത്തി മത്തായി ചോറു വാരിക്കൊടുക്കുന്നതു കണ്ടപ്പോൾ ഏല്യാസിന്റെ മനം നിറഞ്ഞുതുളുമ്പി. എന്റെ ചെറുപ്പത്തിൽ എനിക്ക് കിട്ടാതിരുന്ന ഭാഗ്യം ഇപ്പോഴെന്റെ മകനെങ്കിലും....

അതെ, ജീവിതസാഫല്യമെന്നൊക്കെപ്പറയുന്നത് ഇതല്ലാതെ മറ്റെന്താണ്? ഇനിയീ ജീവിതത്തിൽ എനിക്കെന്താണ് നേടാനുള്ളത്?

ഊണുകഴിഞ്ഞ് കൈകഴുകി കുടിലിന് മുറ്റത്തിരിക്കുമ്പോൾ മത്തായി വീണ്ടും ഓർമ്മിപ്പിച്ചു - "മോന്റെ പഴയ കഥകളൊന്നും ഇതുവരെ പറഞ്ഞില്യാലൊ."

"എവിടന്ന് തൊടങ്ങണോന്ന് ആലോചിക്യാര്ന്നു അപ്പാ", ഏല്യാസ് പറഞ്ഞു, "അദ്ധ്യായങ്ങള് നീണ്ടതാ അത്."

"മതി". പതുക്കെ മതി. എന്റെ ആയുസ് ഒന്നിച്ച് തീറെഴുതി വാങ്ങാൻ കാലനിനീം വരാറായിട്ടില്യാന്ന് തോന്നുന്നു.

. എവിടെനിന്നാണ് തുടങ്ങേണ്ടതെന്ന് ഏല്യാസ് ആലോചിച്ചു. എങ്ങിനെയാണ് സ്വന്തം അപ്പനോട് പ്രായപൂർത്തിയായ മകൻ എല്ലാം തുറന്ന് പറയുക.

ഏല്യാസിന്റെ മനോഗതി അറിഞ്ഞിട്ടെന്നോണം മത്തായി കൂട്ടിച്ചേർത്തു "പറയാമ്പറ്റണത് മാത്രം പറഞ്ഞാമതി".

എന്നാലും ഓർമ്മകൾക്ക് യാതൊരു മറയുമില്ലല്ലൊ. ഇവിടെ ഇരുട്ടിലിരിക്കുമ്പോൾ മനസ്സിനകത്ത് നല്ല പ്രകാശമാണ്; ഒരു ദർപ്പണം പിടിച്ചു കൊടുത്താൽ മാനത്തു വിടർന്നുനിൽക്കുന്ന താരകളേക്കാളും വ്യക്തമായി മനസ്സിനകത്തുള്ളതെല്ലാം തെളിഞ്ഞു കാണാം. പക്ഷേ സംഭവങ്ങളെല്ലാം തെളിഞ്ഞ പുഴത്തട്ടിലെ ചരൽക്കഷണങ്ങളെപ്പോലെ കൂടിക്കലർന്നു കിടക്കുന്നതു പോലെ......

ഓർമ്മകളുടെ ആരംഭം എവിടെയാണ്?

വേദനകളുടെ പൊഴികൾ തുടങ്ങുന്നത് എവിടെനിന്നാണ്?

ശൂന്യാകാശത്തെ ഇരുട്ടിൽ പെട്ടെന്നൊരു പക്ഷി പ്രത്യക്ഷപ്പെട്ടു. വാനവിതാനത്തിലെ താരകളുടെ ഇടയിലൂടെ കിഴക്കോട്ടത് പറന്നുപോയി - ഒരു കാക്ക....

അതെ, തന്റെ ബാല്യത്തെപ്പോലെ വേദനകൾ കടിച്ചു പറിക്കുന്ന ഒരു ജീവിതമാണല്ലൊ കാക്കക്കും നിയതി നീട്ടിക്കൊടുത്തതെന്ന് ഏല്യാസ് ഓർത്തു. തിളച്ച വെള്ളത്തിലിട്ടാൽ പഴുത്ത പ്ലാവില പോലെ അടർന്നു പോരുന്ന തൂവലുകൾ. എന്നിട്ടും എല്ലാവരും ആ തൂവലുകൾ വച്ച് ജീവനെ അളന്നുകൊണ്ട് കറുമ്പിക്കാക്കയെ ഏതോ പൊറുക്കാത്ത തെറ്റു ചെയ്തവളോടുള്ള അവജ്ഞയോടെ, പുച്ഛത്തോടെ വീക്ഷിക്കുന്നു.

മഞ്ഞകലർന്ന് പച്ചനിറമുള്ള തത്തയെ എത്ര സ്നേഹത്തോടെയാണ്

എല്ലാവരും ഓമനിക്കുന്നത്. സംസാരിക്കാൻ പഠിപ്പിക്കുന്നത്!

എത്ര വാത്സല്യത്തോടെയാണ് ആളുകൾ വെള്ളനിറമുള്ള പ്രാവിന്റെ കൊക്കുകളിൽ ഒലീവില വച്ചു കൊടുക്കുന്നത്. കരിയാത്ത

എത്ര ചാരുതയോടെയാണ് പഞ്ചവർണ്ണക്കിളിയെ മനുഷ്യൻ, ഭാവനയുടെ സ്വർണ്ണക്കൂട്ടിൽ ഒരുക്കിനിർത്തുന്നത്.

തവിട്ടുനിറമുള്ള ചകോരത്തെ നല്ല ശകുനത്തിനായി എല്ലാവരും തിരഞ്ഞെടുത്തു.

എന്നാൽ കാക്ക - അഭിശപ്തതയുടെ നിറം ഗ്രസിച്ചുകളഞ്ഞ പാവം പക്ഷി. സഹതാപത്തിന്റെ ഔദാര്യംപോലും അതിനാരും വച്ചു നീട്ടാറില്ല.

സ്വന്തം കൂട്ടിൽപ്പോലും കണി കാണാനൊക്കാത്ത സുരക്ഷിതത്വം! കാക്കക്കൂട്ടിൽ കള്ളമുട്ടയിടാൻ കുയിലിനെ ആരാണു പഠിപ്പിച്ചത്? കാക്കക്കുഞ്ഞുങ്ങളെ പുറത്തേറ്റി കൂട്ടിനു പുറത്തേക്കു തള്ളിയിടത്തക്കവണ്ണം കുയിൽക്കുഞ്ഞുങ്ങളുടെ പുറത്ത് ആരാണ് കുഴിയുണ്ടാക്കിക്കൊടുത്തത്?

കാരണം എന്തായാലും ശരി, എല്ലാം കാക്കയുടെ അടക്കാനാവാത്ത ദുഃഖത്തിൽ ചെന്നവസാനിക്കുന്നു - എന്നെപ്പോലെ.

വേദനയുടെ ഈ സമഭാഗഭാഗിത്വം മൂലം തന്റെ ആഹാരപദാർത്ഥത്തിലൊരു ഭാഗം എത്രയോ തവണ അവനപഹരിച്ചിരിക്കുന്നു!

രാവിലേയും വൈകീട്ടുമുള്ള കൃത്യസമയത്തിന് വടക്കേമുറ്റത്തുള്ള പ്ലാവിന്റെ കിഴക്കോട്ടുള്ള കൊമ്പിൽ ഒരു കാക്ക വന്നിരിക്കും. മറ്റൊന്ന് തെക്കോട്ടുള്ള കൊമ്പിലും. എന്നിട്ട് ഈ ഏറുകണ്ണിട്ടുള്ള നോട്ടമാണ്.

കവിടിക്കിണ്ണത്തിന്റെ വക്കിൽനിന്നും വളരെ താഴ്ന്നുനിൽക്കുന്ന കഞ്ഞിയുടെ നിരപ്പിൽ അനങ്ങാതിരിക്കുന്ന ചോറിന്റെ ഭാഗം തങ്ങൾക്കാണെന്നവർക്കറിയാം. നിമിഷങ്ങൾക്കകം തുമ്പപ്പൂപോലത്തെ ചോറ് വടക്കെമുറ്റത്ത് ചിതറിവീണ് പൂഴിമണ്ണിലൊളിക്കുന്നു. എന്നാലെന്താ, നീണ്ട കൊക്കുണ്ടല്ലോ!

ചുറ്റിലും നോക്കി ശ്രദ്ധിച്ച് കാക്കകൾ പ്ലാവിൻ കൊമ്പുകളിൽനിന്നും പറന്നിറങ്ങുമ്പോഴാണ്.

'ഫ... അസത്ത്! നിന്റെ ഏതു തന്ത്യാടാ ചത്തെ, കാക്കക്കിങ്ങനെ ചോറിട്ടു കൊടുക്കാൻ?"

അയഞ്ഞ വള്ളിനിക്കറിട്ട് കുറിയ കുട്ടി പകപ്പോടെ തിരിഞ്ഞുനോക്കി - ജ്വലിക്കുന്ന മുഖവുമായി അമ്മ: തടുക്കാൻ കഴിയുന്നതിനുമുമ്പ് ഉയർന്നു താഴ്ന്ന തയമ്പുള്ള കരം - ശരീരത്തിനെന്നതിലുപരി മനസ്സിനായിരുന്നു വേദന.

"ഇതിനൊക്കെ തീറ്റ് കൊടുക്കണം എന്നെ വേണം പറയാൻ!" ഒഴിഞ്ഞ കിണ്ണം കയ്യിൽനിന്നും തട്ടിപ്പറിച്ചുകൊണ്ടുപോയി ഉരുളിയിലെ വെള്ളത്തിൽ കഴുകുമ്പോഴും അമ്മ ശകാരിക്കുന്നുണ്ടായിരുന്നു.

മിണ്ടാതെ വടക്കേ മുറ്റത്തേക്കിറങ്ങുമ്പോൾ കണ്ടു. ചിതറിക്കിടക്കുന്ന ചോറു കയ്യേറുന്ന അമ്മയുടെ ചുവന്ന പൂവൻകോഴി. അടങ്ങാനാവാത്ത വിശപ്പോടെ, ജീവിത ഭയവും പേറി എന്റെ കാക്കകൾ പോയിരിക്കുന്നു!

എന്റെ വിഹ്വലതയെ ചൂഷണം ചെയ്യാനെത്തിയ നശിച്ച കോഴി!

കണ്ണിൽ കരടായി തടഞ്ഞത് ഒരോട്ടാം നുറുക്കാണ്. മനസ്സിലെ വിദ്വേഷം വലതുകയ്യിൽ ആയമായി ഉറഞ്ഞുകൂടിയപ്പോൾ, പൂവന്റെ പേട്ടത്തല നോക്കി ഒരൊറ്റയേറ്! പക്ഷേ; കൈവിട്ട സൂത്രങ്ങൾക്കെല്ലാം എന്നും അവയുടേതായ ലക്ഷ്യമുണ്ടല്ലൊ.

അല്ലെങ്കിൽ, ഇന്നലെ ഒരു മണിക്കൂർ നേരം കുശവനുമായി വിലപേശി പൊന്നിൻ വിലക്കെടുത്ത ആ പുതിയ ചട്ടിക്കാലം ഒരിക്കലും എന്റെ ലക്ഷ്യമായിരുന്നില്ലെന്ന് ഞാൻ ആണയിട്ടു പറയുന്നു. ക്ഷണിച്ചുവരുത്തിയ ആപത്തിനെപ്പറ്റി സുബോധം വന്നപ്പോൾ മനസ്സിന്റെ കക്കാപ്പാളികൾ ചേർത്തടച്ചു പിടിച്ചു, ‘ഇല്ലാ സ്ത്രീ, നിങ്ങൾക്കെന്നെ ഒന്നും ചെയ്യാനാവില്ല’.

അടുത്ത ഇരയെയോർത്ത് ഇറയിലിരുന്ന് എപ്പോഴും ചിരിക്കുന്ന കാപ്പിയുടെ വടി; ഈ വീട്ടിൽ അതിനൊരൊറ്റ ഇരയേ ഉള്ളല്ലോ.

. “ഹെന്റെ മാതാവേ! എന്റെ കലം! എന്റെ പുതിയ ചട്ടിക്കാലം!” ഒരലർച്ച യാണു അടുക്കളയിൽ നിന്നു പ്രവഹിച്ചത്. ആക്രാന്ദത്തിന് അനുബന്ധമെ ന്നോണം പിന്നാലെ അമ്മ.

ഇറയിലിരുന്ന വടി ചാടിയിറങ്ങി അമ്മയുടെ കയ്യിലിരുന്നു പൊട്ടിച്ചിരിച്ചു. “എല്ലാം മുടിപ്പിക്കാനായി മാത്രം ജനിച്ച ശവം.”

തുള്ളിക്കു കുടം കണക്കെ പെയ്യുന്ന മഴപോലെ, വടി വന്ന് ശരീരത്തിന്റെ മർമ്മഭാഗങ്ങളെ ഭേദിച്ചിട്ടും ചുണ്ടുകൾ വിതമ്പിയില്ല; കണ്ണുകളിൽ നനവു പോലും പടർന്നില്ല. ആമയുടെ കട്ടിയുള്ള തോടു പോലെ, മനസ്സിന്റെ ഒരു ഭാഗം എന്നെ തയമ്പു പിടിച്ചിരിക്കുന്നു.

“എത്ര തല്യാലും കൊട്ട്യാലും വേദനിക്കാണ്ടും നെലോളിക്കാണ്ടും ഇതേ താണ്ട് പിശാശിന്റെ അവതാരമാണ്; എന്നെ തീ തീറ്റിക്കാൻ മാത്രം കെട്ടിയെ ടുത്തത്” പൊട്ടിപ്പൊളിഞ്ഞ വടി ദേഷ്യത്തോടെ നിലത്തേക്കെറിഞ്ഞ്, അമ്മ തന്നെയാണ് ഒടുവിൽ തോൽവി സമ്മതിച്ചത്.

വേദനയില്ലാത്രേ! വേദനയില്ല!! ആകെ കരുവാളിച്ചു കിടക്കുന്ന ശരീരഭാ ഗങ്ങൾ പഴുത്തു നിൽക്കുന്ന വലിയൊരു കുരുവായി വിങ്ങുമ്പോൾ ഓർത്തു. പടിക്കൽ നിൽക്കുന്ന തുടലിച്ചെടി തന്റെയുള്ളിലാണ് – ഹൃദയത്തിലും കര ളിലുമായി കൂർത്തമുള്ളുകൾ ഉടക്കി പടർന്നു നിൽക്കുന്നതെന്ന്. ആരെങ്കിലും അല്പം കടുപ്പിച്ചു പറഞ്ഞാൽ, താനൊരധികപ്പറ്റാണെന്നാരെങ്കിലും സൂചി പ്പിച്ചാൽ, ആ തുടലിച്ചെടി ആഞ്ഞുലയുകയായി. ആന്തരാവയവങ്ങളിൽ കോർത്തുപിടിച്ച് മുള്ളുകളിലൂടെ നൊമ്പരം കിനിയുകയായി.

എന്നിട്ടും വേദനിക്കണില്ലാത്രേ! കരയിണില്ലാത്രേ!

ഓർക്കുന്നു, തന്റെ സഹപാഠിയായ പീറ്റർ പദ്യം കാണാപ്പാഠം പഠിക്കാതെ വന്നതിന് വർക്കിസാറൊന്നു ചെവിക്കു പിടിച്ചതേയുള്ളു – ചെറുദ്ധ്വനിയിൽ തുടങ്ങിയ അവന്റെ അലർച്ച എത്ര പെട്ടെന്നാണ്. സ്കൂൾ ഹോളിന്റെ മേൽക്കൂരയിലെ ഓടുകളിൽത്തട്ടി അതേ ശബ്ദത്തിൽ പ്രതിഫലിച്ചത്!

കാതടപ്പിക്കുന്ന ആ കരച്ചിൽ കേട്ട് സ്കൂൾ തന്നെ ഞടുങ്ങിവിറച്ചു. എപ്പോഴും ശബ്ദമുഖരിതമായ സ്കൂൾ ഹോൾ ഏതാനും നിമിഷം തരിച്ചു

നിന്നു. ഓഫീസ് മുറിയിൽനിന്നും ഹെഡ് മാസ്റ്റർ പോലും ഓടിക്കിതച്ചെത്തി. ഒടുവിൽ ഹെഡ്മാസ്റ്റർ തന്നെ കീശയിൽ നിന്നും പൈസയെടുത്ത് മോണീട്ടറായിരുന്ന തന്നെ വിട്ട് മിഠായിക്കാരന്റെ കടയിൽ നിന്നും മിഠായി വാങ്ങിക്കൊണ്ട് വരുവിച്ച് കൊടുത്തപ്പോഴാണ്, കാറുമായി ഡാഡിയെത്തുന്നതിനു മുമ്പെങ്കിലും പീറ്ററിന്റെ കരച്ചിലടങ്ങിയത്.

അക്കണക്കിന് തന്റെ ദുഃഖത്തിന് ശബ്ദം പകരുകയാണെങ്കിൽ മേഘങ്ങളിൽത്തട്ടി ആ കരച്ചിൽ പ്രതിഫലിക്കേണ്ടതാണ്; പ്രപഞ്ചകടാഹം അതു കേട്ട് തരിച്ചുനിൽക്കേണ്ടതാണ്; മേഘനിർഘോഷം പോലും അതിനു ശ്രുതിയാകാനേയുള്ളു.

എന്നിട്ടും വീടിന്റെ നാലിറകളിലും നാട്ടിയിരിക്കുന്ന കാപ്പിയുടെ വടി എത്ര നിർദ്ദയം ദേഹത്ത് പല്ലുകൾ കോർത്ത് വലിച്ചാലും ചുണ്ടുകൾ വിതുമ്പാൻ കൂടി വിസമ്മതിക്കുന്നു; കണ്ണുകളിലെ നീർത്തുള്ളികൾ എവിടെയോ പോയൊളിക്കുന്നു!

വേദനയുടെ ബഹിർസ്ഫുരണം കരച്ചിൽ മാത്രമാണോ?

അറിയില്ല -

ആണെങ്കിൽ എന്റെ കരച്ചിലിന് അന്ത്യം കാണാനൊക്കില്ലായിരുന്നു - വേദനയുടെ നിദാനം ഞാൻ തന്നെയായിരിക്കുന്നിടത്തോളം കാലം.

അനപത്യ ബോധത്തിന്റെ വേദനയും പേറി, കടന്നുപോകുന്നവരുടെ മുഴുവൻ പരിഹാസത്തിന് പാത്രമായി, രക്തം കിനിയുന്ന അസ്തിത്വത്തിന്റെ ഈ കുരിശിൽനിന്ന് എന്നെയൊന്ന് ഇറക്കിവിടാൻ സന്മനസ്സുള്ള ആരേ വരിക!

ഓർമ്മവച്ച നാൾ മുതൽ പരിചയമുള്ളവർ വീണ്ടും വീണ്ടും തന്നെ ക്രൂശിലേറ്റിക്കൊണ്ടു ചോദിക്കുന്നുവല്ലോ – "ആ പാപ്പിച്ചേട്ടനും മേരിപ്പെണ്ണിനും നല്ല പൊക്കോം തടീംണ്ടല്ലോടാ. എന്നട്ട് നീ മാത്രമെന്താ കുറുന്തോട്ടി പോലെ കുറുകിപ്പോയെ?"....

മറുപടിക്കുവേണ്ടി, മാരിമുത്തിനായ് കേഴുന്ന വേഴാമ്പലിനെപ്പോലെ മനസ്സിന്റെ ഇരുണ്ട ഗുഹകളിലെ പരുപരുത്ത പ്രതലങ്ങളിൽ തപ്പുമ്പോൾ പുറത്ത് പൊട്ടിച്ചിരി.

ഉത്തരം തേടിയല്ല അവർ ചോദ്യത്തിന്റെ വലയെറിഞ്ഞത്.

അവർ വിരൽ ചൂണ്ടുന്നതെന്താണ്?

"കുറുങ്ങാടൻ മത്തായീടെ മോനേ" എന്ന് രഹസ്യത്തിൽ അവർ തന്നെ വിളിക്കുന്നതെന്തുകൊണ്ടാണ്?

പുച്ഛം കലർന്ന, അർത്ഥം വച്ചുള്ള അവരുടെ ചോദ്യത്തിന് ഒരിക്കലും മതിയായ ഉത്തരം നൽകാൻ കഴിയില്ലെന്ന് വേദനയോടെ ഓർത്തു യാഥാർത്ഥ്യം തന്നെ അതാണല്ലോ – ഞാൻ തന്നെ ഉത്തരമില്ലാത്ത ഭീതിദമാ യൊരു ചോദ്യമാണ് – കുടുംബത്തിനു മുന്നിലെ വൻ ചോദ്യച്ചിഹ്നം!

'നല്ല പൊക്കമുള്ള അപ്പനമ്മമാരുടെ മകനായ ഞാനെങ്ങിനെയാണ് കുള്ളനായിപ്പോയത്?"

# രണ്ട്

നാറാണാശ്ശേരി പറഞ്ഞതാവാനാണ് ശരി, വീടിന്റെ തെക്കേ ഇറയം മുറിയാക്കിയെടുക്കാൻ വന്നപ്പോൾ തന്നെ വിശദീകരണം.

മലർത്തിയിട്ട മരപ്പാളികളിൽ ഒരു കാൽ കയറ്റിവച്ച് കുമ്പിട്ടിരുന്ന് ഓമന പൂച്ചയെ തടവുമ്പോലെ മരത്തിന് വേദനിക്കാതെ ചിന്തറ് തള്ളുമ്പോൾ, ചെറിയ വട്ടക്കണ്ണടക്ക് മുകളിലൂടെ കണ്ണുകളുയർത്തി ആശാരിയും ആ ചോദ്യം ചോദിച്ചു. "ഈ വീട്ടില് നെനക്കു മാത്രമെന്താടാ മുഴക്കോലിന്റെ നീളം കൊറഞ്ഞുപോയെ?"

ഓർമ്മവച്ച കാലം മുതലേ ഞാനും വേദനയോടെ ചോദിക്കുന്ന ചോദ്യമാണല്ലൊ അത്

എന്താണെനിക്ക് പറ്റിയത്? എന്തുകൊണ്ടാണ് എന്നെ മാത്രം ദൈവം പൊക്കം കുറച്ചു സൃഷ്ടിച്ചത്?

ഉത്തരമറിയില്ലെന്ന് സഹതാപമാർന്ന പുഞ്ചിരിയോടെ തലയാട്ടുമ്പോൾ ആശാരി പറഞ്ഞു – "എന്നാ ഞാമ്പറയാം"

"നിർണ്ണായകമായ വിധി കേൾക്കാൻ ആകാംക്ഷയോടെ ചെവികൾ കൂർപ്പിച്ചു.

'നീ ഈ വീട്ടിലെ അല്ല!

"പിന്നെ?" നാവു ചലിക്കും മുമ്പ് മനസ്സാണ് ചോദ്യമെറിഞ്ഞത്.

'അഞ്ചാറുകൊല്ലം മുമ്പ് നെന്നെയിവര് രണ്ടടങ്ങഴി തവിടിന് മേടിച്ചതാ അങ്ങ് വടക്കൊരു വീട്ടീന്ന്...

"പൊള്ളുന്ന യാഥാർത്ഥ്യം കൈനീട്ടി സ്വീകരിക്കാൻ മനസ്സു മടിച്ചപ്പോൾ വേദനയോടെ കണ്ണുകൾ അടുത്തുനിൽക്കുന്ന അമ്മയോടു ചോദിച്ചു – "രണ്ടിടങ്ങഴി തവിടിന്റെ വിലയുള്ളോ എനിക്ക്?"

ക്രൂരമായ ആ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് അമ്മയും ചിരിക്കുന്നു.....

അപ്പോൾ –

എന്റേതല്ലാത്ത വീട്! എന്റേതല്ലാത്ത അപ്പനമ്മമാർ!!

മറ്റാർക്കോ അവകാശപ്പെട്ട ഈയിടത്തിൽ തികച്ചും അന്യനായ – ഞാൻ!

വർഷങ്ങളായി അന്വേഷിച്ചുകൊണ്ടിരുന്ന യാഥാർത്ഥ്യം പെട്ടെന്ന് കാലിൽ ചുറ്റിയപ്പോൾ വല്ലാതെ ഞെട്ടിപ്പോയി!

അന്യതാബോധം അറപ്പിക്കുന്ന തേരട്ടകളായി പാദങ്ങൾക്കടിയിൽ

കുമിഞ്ഞുകൂടിയപ്പോൾ, ശരീരത്തിലെ ഓരോ രോമകൂപത്തിലും ആത്മനിന്ദയുടെ വഴുവഴുക്കുന്ന വിഷപ്പാമ്പുകൾ ഇഴയാൻ തുടങ്ങിയപ്പോൾ ചവിട്ടിനിന്ന് ഭൂമിയിൽ നിന്നും കാലുകൾ പറിച്ചെടുത്ത് പടിക്കു പുറത്തേക്കു പാഞ്ഞു. അന്യരുടെ കീഴിൽ നിന്നും; ഇതുവരെ അണച്ചുനിറുത്തിയ, വെറുപ്പിന്റെ തേരട്ടകൾ ഇഴയുന്ന പറമ്പിൽ നിന്നും.

വേദനയുടെ മാറ്റൊലി എപ്പോഴും അലയടിക്കുന്ന ആ വീട്ടിൽ നിന്നും എന്നേക്കും രക്ഷപ്പെടാനായി ഉള്ള ശക്തിയെല്ലാം കാലുകളിലാവഹിച്ച് ജീവനും കൊണ്ടോടി.

“എടാ നിക്കാൻ......... നിന്നോടാ പറഞ്ഞത് നിക്കാൻ, പിന്നിൽനിന്നും അമ്മയെന്നും പറഞ്ഞ് കബളിപ്പിച്ചിരുന്ന സ്ത്രീയുടെ ശബ്ദം ഓട്ടത്തിന്റെ വേഗത വർദ്ധിപ്പിച്ചതേയുള്ളൂ.

തിരിഞ്ഞുനോക്കുമ്പോഴെല്ലാം പിന്നിലവർ – “ഡാ നിക്കാൻ.... നിന്നെ ഞാനിന്ന്....”

ഏറ്റവും പിന്നിൽ കൂകി വിളിച്ചുകൊണ്ട് പ്രാഞ്ചി പ്രാഞ്ചി നാരാണാശാരിയും.

കൂർത്ത കല്ലുകൾ തട്ടിത്തെറിപ്പിച്ചുകൊണ്ട്, ക്രൂരമൃഗത്തിൽനിന്നും രക്ഷപ്പെടാൻ വെമ്പുന്ന സാധുജീവിയെപ്പോലെ പരുപരുത്ത ഇടവഴികളിലൂടെ പരക്കം പാഞ്ഞു.

നാഴികകൾ താണ്ടിക്കഴിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ അതിരിൽ വച്ചാണ്, പിന്നിൽ നിന്നും വരുന്ന അമ്മയെന്ന സ്ത്രീയുടെ നിർദ്ദേശാനുസരണം എതിരെ വന്ന ആളുകൾ അപ്രതീക്ഷിതമായി വഴിക്കു കുറുകെ വല വീശിയത്.

ചൂണ്ടയിൽ കൊരുത്തപ്പെട്ട ഞാഞ്ഞൂലിനെപ്പോലെ ആത്മരക്ഷക്കുവേണ്ടി പിടഞ്ഞു.

പക്ഷേ, എത്ര കുതറിയാലും, ആറാം ക്ലാസ്സിൽ പഠിക്കുന്ന മെലിഞ്ഞ കുട്ടി ബലിഷ്ഠരായ രണ്ടുമൂന്നാളുകളുടെ കയ്യിൽ നിന്നും എങ്ങനെ രക്ഷനേടാനാണ്!

ഞെട്ടിനിന്ന നിമിഷങ്ങളിൽ കരിയിലയും പൊടിയും പറത്തി ഒരു കൊടുങ്കാറ്റ് പാഞ്ഞടുത്തു വരുന്നതു കണ്ടപ്പോൾ ഒരവസാനമവും കൂടി നടത്തിനോക്കാതിരുന്നില്ല – കുതറി രക്ഷപ്പെടാൻ.

ഒടുവിൽ, എട്ടുകാലി വലയിൽ കുരുങ്ങിപ്പോയ ചെറുപ്രാണിയെപ്പോലെ അങ്ങേയറ്റത്തെ വിഹ്വലതയോടെ മനസ്സിലാക്കി – ഈ ശത്രുപാളയത്തിൽ നിന്ന് ഒരിക്കലും രക്ഷപ്പെടാനാവില്ലെന്ന്.

കൊടുങ്കാറ്റേറ്റ് വഴിയിറമ്പിലെ കാട്ടുപൊന്തയൊന്നുലഞ്ഞു ഒടിഞ്ഞുവീണ തടിച്ച ഊരിവടിയുടെ പച്ചവസ്ത്രം നിമിഷനേരം കൊണ്ടുരിഞ്ഞുപോയി.

“നിന്നോട് നിക്കാൻ പറഞ്ഞട്ട് ”......

കണ്ണു മഞ്ഞളിപ്പിച്ചുകൊണ്ട് നഗ്നമായ പുറത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ നീണ്ടു വളഞ്ഞു കുത്തിയ ഇടിവെട്ടിന്റെ നടുക്കത്തിൽ ആത്മനി

ന്ദയുടെ, വിദ്വേഷത്തിന്റെ വിഹ്വലതയുടെ ഒരായിരം കൂണുകൾ മനസ്സിൽ മുളച്ചുപൊന്തി.

അനുബന്ധമായി, നിന്നയിടങ്ങളെപ്പോലും വിറപ്പിച്ചുകൊണ്ട് ആഞ്ഞാഞ്ഞു വെട്ടിയ മേഘനിർഘോഷങ്ങളിൽ നിന്ന് ഊർജ്ജം സംഭരിച്ച്, മനസ്സിന്റെ ഇരുണ്ട ഗുഹകളുടെ മേൽക്കൂര മുട്ടുംവരെ വൃത്തികെട്ട നിറത്തോടെ, അറ പുളവാക്കുന്ന മിനുസത്തോടെ വളർന്നുവന്ന കൂണുകളിൽ പതിയിരുന്ന അപ കർഷതയുടെ വിത്തുകൾ പൊട്ടിമുളച്ച് തിങ്ങി വളർന്ന പാമ്പിൻ കൂണുകൾ ഒരിക്കലും മനസ്സിൽ നിന്നൊഴിഞ്ഞു പോയിട്ടില്ലല്ലോ - ഇന്നുവരെ......

കണ്ട സ്ത്രീകളുടെ തല്ലുവാങ്ങുന്ന ഞാൻ! എന്റേതല്ലാത്ത ആരോ എന്നെ ക്രൂരമായി മർദ്ദിക്കുന്നു.

“എന്നെ തൊടാൻ നിങ്ങൾക്കെന്തവകാശം?” ലോകം മുഴുവൻ കേൾക്കെ ആ സ്ത്രീയോടു ചോദിക്കണമെന്നു തോന്നി.

എല്ലാം തകർത്ത് രക്ഷപ്പെടാൻ ആ നിമിഷം അങ്ങേയറ്റം കൊതിച്ചു.

പക്ഷേ, അതിഭീകരമായ ചുഴലിക്കൊടുങ്കാറ്റടിക്കുമ്പോൾ ബലമായി ബന്ധി ക്കപ്പെട്ട വൻ മരത്തിനുചുറ്റും വിരണ്ടോടുന്ന കാളക്കിടാവിനെപ്പോലെ, എന്റെ ദൗർബ്ബല്യം അവരുടെ ശക്തിയായിരുന്നു.

എന്റെ വേദന ആ പൈശാചിക സ്ത്രീയുടെ ആനന്ദമായിരുന്നു.

എങ്കിലും, തനിക്കെതിരെ വലവീശിയവരിൽ കനിവിന്റെ കരവു കണ്ടെ ത്തിയ ഒരുത്തൻ ചോദിച്ചു - “എന്തിനാ മേരിപ്പെണ്ണേ ആ കൊച്ചിനെ ഇങ്ങനെ....‘

അമ്മയെന്ന സ്ത്രീയുടെ ശബ്ദം പെട്ടെന്നുയർന്നു, “എന്റെ സന്താനത്തിനെ എന്തുചെയ്യണമെന്ന് എനിക്കറിയാം.”

എന്തോ കൊടും കയ്പ്പുള്ള സാധനം അബദ്ധവശാൽ കടിച്ചുപോയതു പോലെ ആളുകൾ അവിടെനിന്നും യാത്രയായി.

അന്യതയുടെ വെറുപ്പുകടിക്കുന്ന ആ വീട്ടിലേയ്ക്ക് തിരിയെ ചെല്ലുന്ന കാര്യം അചിന്ത്യമായിരുന്നു.

എന്നിട്ടും കുതറുമ്പോൾ പുളയുന്ന ചാട്ടവാർ തന്നെ അനുസരണ പഠിപ്പിച്ചു; എത്ര കുതിരശക്തിയേകി വലിച്ചാലും പറിഞ്ഞുപോകാത്ത തന്റെ കയ്യും.

വീണ്ടും -

എന്റേതല്ലാത്ത വീട്ടിലേക്ക്, പീഡനങ്ങൾ പതിയിരിക്കുന്ന ശത്രുപാള യത്തിലേക്ക്.

മറ്റാരുടേയോ നിലമുഴുവാനായി, ഒരുക്കിനിർത്തിയിരിക്കുന്ന നുകത്തിന്റെ കീഴിലേക്ക്.

ചുട്ടുപൊള്ളുന്ന ഭൂമിയിൽ നിന്നും പറിച്ചെടുത്ത കാലുകൾ വീണ്ടും നില ത്തുചെന്ന് കുത്തിപ്പോകുന്നു - വീഴാതെ.

തടവുചാടിയ കൊലപ്പുള്ളിയെ പിടികൂടി ജയിലിലേക്കു കൊണ്ടുപോകു മ്പോൾ, കാഴ്ചക്കാരായി ഇറയത്ത് ആശാരിയും, അനുജൻ പൗലോസും

എൽസിയും.

പടിഞ്ഞാറെ ചാർത്തിലെ, ചാണകം മെഴുകിയ മുറിയിലേക്ക് ഒരു തെറ്റാലിയിൽ നിന്നെന്നപോലെ തെറിച്ചു വീഴുമ്പോൾ പിന്നിൽ വാതിൽ ഒച്ചയിലടയുന്നതു കേട്ടു.

ഒരുനിമിഷം എന്തുചെയ്യണമെന്നറിയാതെ അങ്ങനെ കിടന്നു.

പുകച്ചിൽ, കൂർത്ത നഖങ്ങളിൽ കുത്തി ശരീരത്തിൽ എഴുന്നുനിൽക്കുന്ന കരുവാളിച്ച വടുക്കളിലൂടെ ഇഴഞ്ഞുനടന്നു.

കാലുകളിൽ ക്ഷീണത്തിന്റെ ഭാരം മൊരിഞ്ഞു കിടന്നു.

കണ്ണുകളിലാരോ സോപ്പുവെള്ളം ഒഴിച്ചിരിക്കുന്നു - താനേ അടഞ്ഞുപോകുന്നു.

എപ്പോഴാണ് മയക്കത്തിന്റെ മാന്ത്രികദണ്ഡ് ശിരസ്സിനുചുറ്റും സ്വയം വന്നുഴിഞ്ഞതെന്നോർമ്മയില്ല.

എത്ര സമയം അന്യരുടെ ഭൂമിയിൽനിന്നും സ്വാതന്ത്ര്യം നേടിയ ആത്മാവ് ഏകയായി ശീതളമായൊരു വൃക്ഷഛായയിൽ വിശ്രമിച്ചെന്നുമറിയില്ല. നെഞ്ചിൽ പതിച്ച ഇളംചൂടുള്ള നീർത്തുള്ളികളാണ് തട്ടിയുണർത്തിയത്. ബലം കുറഞ്ഞ കൺപോളകൾ തള്ളിത്തുറന്നു വച്ചു. കാണുന്ന സത്യം അംഗീകരിക്കാനാവാതെ കൃഷ്ണമണികൾ തുറിച്ചുനിന്നു.

എന്ത്?

തന്റെയടുത്ത് നിലത്തു കുത്തിയിരിക്കുന്ന അമ്മയെന്ന സ്ത്രീ!

ആ നയനങ്ങളിൽ നിന്നൊലിച്ചിറങ്ങുന്ന നീർച്ചാലുകൾ ഓട്ടുവിളക്കിൽ നിന്നരിച്ചുവരുന്ന വെളിച്ചത്തിൽ വെട്ടിത്തിളങ്ങി.

തന്റെ ശരീരത്തിൽ തിണർത്തു കിടക്കുന്ന കരുവാളിപ്പിന്റെ കറുത്ത വരമ്പുകളിലൂടെ മൃദുലമായി ഒഴുകി നീങ്ങുന്ന അവരുടെ വലതുകരം.

“മോനേ..... എന്റെ മോനേ, അമ്മ വല്ലാണ്ട് നോവിക്കണുണ്ട് അല്ലേ?”

പുതിയ അറിവു പകർന്ന സത്കണ്ണിലും നാവിലും ദേഹത്തും ഒരു തളർവാതമായി തളർന്നു കിടന്നു.

ഓർമ്മ വച്ച കാലത്തിൽ, ആദ്യമായി അമ്മയിൽ നിന്നും കേൾക്കുന്ന സ്നേഹമസൃണമായ വിളി -

“മോനേ..... എന്റെ മോനേ!”

മകനെന്ന പ്രസ്പഷ്ടമായ അംഗീകാരം.

ആ വിളി പകർന്ന ഊഷ്മളതയുടെ സുഖത്തിൽ വീണ്ടും കണ്ണുകളടച്ചു കിടക്കുമ്പോൾ, നെറ്റിയിൽ ഈർപ്പഭരിതമായ ചുണ്ടുകളുടെ സ്നിഗ്ധസ്പർശനം.

മാതൃസ്നേഹത്തിന്റെ സ്നിഗ്ധത ജീവിതത്തിലാദ്യമായി അനുഭവിച്ചറിഞ്ഞു. മാതൃലാളനയുടെ മാധുര്യം നാവിൻ തുമ്പിൽ ഉറഞ്ഞുകൂടി. അന്ധന് കാഴ്ച കിട്ടിയാലെന്നപോലെ കൂലംകുത്തിയൊഴുകിയ പ്രകാശം മനസ്സിലെ ഇരുണ്ട അറകൾ വർണ്ണാഭമാക്കി.

“വാ മോനേ ചോറുണ്ണാൻ. അമ്മ വിളമ്പി വെക്കാം.”

ഒരിക്കൽക്കൂടി തന്റെ നെഞ്ചിലൂടെ തടവിയിട്ട് അമ്മ മെല്ലെയെഴുന്നേറ്റ് അടുക്കളയിലേക്കു പോകുമ്പോൾ, സ്വന്തം അമ്മയെ അന്യയായി, ഒരു പിശാചായി കരുതി തള്ളിപ്പറഞ്ഞ മനസ്സിനോട് അടങ്ങാത്ത കോപം തോന്നി. മനസ്സിന്റെ തയമ്പുള്ള പാളികൾ ഒന്നൊന്നായി അടർന്നുവീണു. വിതുമ്പിയ ചുണ്ടുകളുടെ മൂക്കു കയർ അഴിച്ചെടുത്തപ്പോൾ, ഉറവുകൾ കണ്ടെത്തപ്പെട്ട നയനങ്ങൾ നിറഞ്ഞൊഴുകി തറയിൽ ഉപ്പുരസം പടർന്നു. ഓർമ്മവച്ചശേഷം ജീവിതത്തിലാദ്യമായി കരഞ്ഞു.

ഒരു വഴിപാടിനെന്നപോലെ 'വേണങ്കിവന്ന് ചോറുണ്ടോടാ ചെറുക്കാ എന്നു വിളിച്ചു പറയാറുള്ള അമ്മ ചോറു വിളമ്പി വച്ചിട്ട് വീണ്ടും വിളിച്ചു – "മോനേ ഏല്യാസ്, ചോറുണ്ണാൻ വാ."

"ഇടതുകൈപ്പടം കൊണ്ട് കണ്ണുനീർച്ചാലുകൾ മൂടി ദേഹത്തെ വേദനയുടെ വരമ്പുകൾ ചാടിക്കടന്ന്, എഴുന്നേറ്റു ചെന്നു. അനങ്ങുമ്പോൾ വലിയുന്ന ദേഹത്തെ അടിയുടെ പാടുകൾക്ക് എന്തുകൊണ്ടോ വേദനിക്കാനുള്ള കഴിവു നഷ്ടപ്പെട്ടിരുന്നു.

നിഴലുകൾ കൊത്തി വിഴുങ്ങി ഭീമാകാരം പൂണ്ട് അടുത്തുവരാൻ തക്കം പാർത്തു നിൽക്കുന്ന അന്ധകാരത്തിന്റെ ആക്രമണത്വര കണ്ട് വിളറിവെളുത്ത ദീപനാളം, മെലിഞ്ഞ ശരീരമനക്കി ഓട്ടുവിളക്കിന്റെ കുടുതിരിയിൽനിന്ന് നൃത്തം ചെയ്തു...

അവളുടെ നീണ്ടുകറുത്ത മുടിയിൽ തമസ്സ് കൊത്തിവലിച്ചപ്പോൾ, ദീപ നാളം ഉലഞ്ഞു. നിശ്ശബ്ദം കരഞ്ഞു; നൃത്തപീഠത്തിൽ നിന്നും താഴെവീണു പോകുമോ എന്നുകൂടി ഭയന്നു. എന്നിട്ടും ദീപനാളം നൃത്തം നിറുത്തിയില്ല. അദൃശ്യനായ ചെറുകാറ്റിന്റെ കൈപിടിച്ചുകൊണ്ട്, അടുത്ത് ആവി പറക്കുന്ന ചോറിനും കറിക്കും; കാവലിരിക്കുന്ന അമ്മയ്ക്കും പ്രകാശത്തിന്റെ അനു ഭൂതി പ്രദാനം ചെയ്തുകൊണ്ട് അയത്നലളിതമായി അവൾ നൃത്തം അതിന്റെ സം തുടർന്നുകൊണ്ടേയിരുന്നു.

മോഹിനിയായ ദീപനാളം! വെളുത്തു തുടുത്ത് ഉജ്ജ്വലയായ അവളെ ഒരു നിശാശലഭത്തിന്റെ ആവേശത്തോടെ വാരിയടുപ്പിച്ച് കെട്ടിപ്പിടിക്കാൻ മനസ്സു വെമ്പുമ്പോൾ

"പോയി കൈ കഴുകി വാ മോനേ."

കിണ്ടിയുടെ വാലിൽ നിന്നും ഉരുകിയൊഴുകിയ തണുത്ത ജലം വലതു കൈക്കുടന്നയിലെടുത്ത് മുഖത്തേക്കെറിഞ്ഞപ്പോൾ നൂതനമായൊരു കുളു ർമ്മയുടെ ചാലുകൾ ഉള്ളിലെവിടെയോ മുറി തുറന്നു.

വടക്കേ പിള്ള ഇറയത്തുനിന്നും തളത്തിൽ വന്ന്, ചോറിന്റെ മുമ്പിൽ പല കയിട്ടിരിക്കുമ്പോൾ വീണ്ടും ദേഹത്തെ പാടുകൾ വിങ്ങി.

ചാറൊഴിച്ച്, ചോറു വാരിക്കുഴച്ച് ഉരുളയുരുട്ടി വായിൽ വെച്ചപ്പോൾ അറി യാതെ അമ്മയുടെ മുഖത്തേക്ക് നോക്കിപ്പോയി.

നർത്തകിയുടെ മുഖത്ത് മിന്നിമറയുന്ന പ്രകാശധാരകൾ പോലെ, ഓട്ടു വിളക്കിന്റെ പൊൻവെട്ടം ഒളിച്ചുകളിക്കുന്ന അമ്മയുടെ മുഖത്ത് ഓളം

വെട്ടുന്ന സഹതാപം; നിറഞ്ഞ നയനങ്ങളോടെ തന്നെ ഉറ്റുനോക്കുന്ന അമ്മ.

സ്വയം ജാള്യത തോന്നി. ഇത്ര സഹതാപം അർഹിക്കുന്നോ എന്റെ ജന്മം?

ജാള്യത മറക്കാൻ വേണ്ടി ചോദിച്ചു – "പൗലോസും എത്സീം ഒറങ്ങ്യോമ്മേ?"

"എപ്പഴേ ഒറങ്ങി

"അപ്പനോ?"

"വരാറായി. നീ വേഗം ഉണ്ട് പോയി കിടന്നുറങ്ങ്."

അമ്മയുടെ പൊടുന്നനെയുള്ള ഈ പെരുമാറ്റ വ്യതിയാനത്തിൽ അത്ഭുതം തോന്നുന്നു. സ്വന്തം അസ്തിത്വത്തിലേക്ക് ഒരു ചോദ്യചിഹ്നവുമായി വന്ന വൈരിയോടുള്ള പകയുടെ സ്ഥാനം അനുകമ്പ കയ്യടക്കിയിരിക്കുന്നതു പോലെ.

ഓർമ്മ മനുഷ്യനു ലഭിച്ച ഏറ്റവും വലിയ ശിക്ഷയാണ്; അനുഭവത്തേക്കാൾ കഠോരമാണ്; നീണ്ടുനില്ക്കുന്ന ആത്മപീഡനം.

നേരത്തെ അമ്മയോടു തോന്നിയിരുന്ന വൈരാഗ്യം, അമ്മ സഹതാപം കാട്ടുമ്പോൾ ആത്മനിന്ദയായി തിരിച്ചടിക്കുന്നു.

ഒന്നും ഓർക്കാതിരിക്കുകയാണു നല്ലത്. കുടുതിരിയുടെ നൃത്തപീഠത്തിൽ ചുവടുകൾ വച്ച് ദേഹം നിറയെ തങ്കവർണ്ണമുള്ള അലുക്കുകളിളക്കി മനോ ഹരമായി നൃത്തം ചെയ്യുന്ന മോഹന നർത്തകിയെ ശ്രദ്ധിച്ചുകൊണ്ട് ചോറു ണ്ടു. അതീവ മെയ് വഴക്കത്തോടെ ചുവടിളക്കി, നൃത്തവേദിപോലും അറി യാത്തവിധം മൃദുലമായി നടനമാടുന്ന ദീപശിഖയിൽ സ്വയം മറന്ന് നോക്കി യിരിക്കുമ്പോൾ –

അറിയാതെ ഞെട്ടി.

കാളവണ്ടി ചക്രത്തിന്റെ ഇരുമ്പുപട്ട ബലമായി അമർത്തി ചുംബിക്കു മ്പോൾ ജീവനുവേണ്ടി പിടയുന്ന ഉരുളൻ പാറക്കല്ലുകളുടെ ആർത്തനാദം ചുവന്ന കാളയുടെ കഴുത്തിലെ കുടമണി കിലുക്കം –

അപ്പന്റെ വരവായി!!

"വേഗം ഉണ്ടെണീക്ക് മോനെ, വേഗം, തൊഴുത്തിന്റെ അഴികളിൽ കാള കളുടെ കൊമ്പുതട്ടുന്ന ശബ്ദം കേട്ട് ആസന്നമായ കണ്ട് അമ്മയുടെ മുഖം വല്ലാതായിരിക്കുന്നു.

ചോറ് വേഗം വേഗം വാരി വിഴുങ്ങി. കൈ കഴുകിക്കൊണ്ടിരിക്കുമ്പോൾ, പെരുമ്പറ കൊട്ടുന്നതുപോലെ അപ്പൻ ചാണകം മെഴുകിയ നടക്കല്ലിൽ കാലു ചവിട്ടി, പൊടിതട്ടിക്കളയുന്ന ശബ്ദം.

ലഹരിയിൽ പതഞ്ഞുയരുന്ന ശബ്ദം – "എവഴ്യാഴീ നീയൊളിശ്ശിരിക്കണെ? അകത്ത് വേറെയാഴാഴി നെന്റെ കൂടെ? ങേ?

വിറക്കുന്ന നിഴലും കുനിഞ്ഞ ശിരസ്സുമായി അമ്മ ഇറയത്തേക്ക് ചെല്ലുമ്പോൾ, ചുവപ്പിന്റെ ഇടുങ്ങിയ വലവിരിച്ച അപ്പന്റെ കണ്ണുകളിൽ നിന്നും താനൊഴിഞ്ഞ് വാതിലിന്റെ മറവിൽ നിന്നു. അപ്പോഴാണ് ഞെട്ടലോടെ ഓർത്തത് പുല്ലൂട്ടിൽ വയ്ക്കോൽ നിറച്ചിടാൻ മറന്നുപോയി!

'എന്ത്യേഴീ! നെന്റെ സ്വകാര്യ സമ്പാദ്യം. അവന് കാളക്ക് വക്കോലിട്ട് വെക്കാൻ കൂടി നേരോ? എന്താരുന്നത് അവനിന്ന് സ്പെഷൻ ഡ്യൂട്ടി? ങേ??"

അല്ലെങ്കിലും അപ്പനൊരിക്കലും തന്നെ മകനായി അംഗീകരിച്ചിട്ടില്ലല്ലൊ – അപ്പൻ കാണാതെ കച്ചിത്തുറുവിന്റെയടുത്തേക്കോടുമ്പോൾ ഓർത്തു. ഫലമില്ലെന്നറിഞ്ഞിട്ടും അമ്മ എനിക്കുന്നു, "എന്റെയല്ല – നമ്മുടെ, നമ്മുടെ മോൻ "

വീടു കുലുക്കുന്ന ഒരു പൊട്ടിച്ചിരിയാണ് അമ്മയുടെ വാക്കുകളെ ഗളച്ഛേദം ചെയ്തത്, "അതെങ്ങന്യാടീ," അങ്ങേയറ്റം പുച്ഛം കലർന്ന ചിരിക്കിടയിൽ കുഴഞ്ഞ ശബ്ദത്തിൽ അപ്പൻ ചോദിച്ചു. "എന്റെ വീട്ടിലും നെന്റെ വീട്ടിലും ഒള്ളാരൊക്കെ പൊക്കക്കാര്. എന്നട്ടും നെന്റെ മോൻ മാത്രമെന്താടി ഒരു തക്കിടി മുണ്ടനായിപ്പോയെ?"

അനുബന്ധമായി അമ്മയുടെ തേങ്ങൽ....

"എല്ലാം കഴിച്ചിട്ട് അവക്കടയൊര് പൂക്കണ്ണീര് – ഫ!"

അവർ പറയുന്ന കാര്യങ്ങൾ തന്റെ അറിവിനപ്പുറമാണെങ്കിലും തന്റെ നില നില്പ്പിനെ ഉന്നംവച്ചാണ് അപ്പൻ കുറ്റങ്ങളുടെ അമ്പെയ്യുന്നതെന്ന് മന സ്സിലാവുമ്പോൾ, ഉള്ളിലേക്കുള്ള ദ്വാരം തേടി ഹൃദയം പൊതിഞ്ഞ് അനേകം പുഴുക്കളിഴയുന്നു. ഒന്നിനുമീതെ മറ്റൊന്ന് കട്ടകുത്തി....

ഞാനീ കുടുംബത്തിലെ ചോദ്യച്ചിഹ്നമാണെന്ന് അനുഭവത്തിൽ നിന്നറിയുന്നത് ഇന്നോ ഇന്നലെയോ അല്ലല്ലൊ. ഞാനും അഭിശപ്തമായ എന്റെ പൊക്കക്കുറവും കുടുംബകലഹത്തിന് ഊടും പാവുമാക്കി ദൈവം നെയ്തു വിട്ടിരിക്കുന്നു.

ഞാൻ മൂലം അപമാനിതനായ അപ്പൻ, വേദനിക്കുന്ന അമ്മ....

മറ്റുള്ളവർക്കൊരു തീരാശാപമായി ഞാനിങ്ങനെ ജനിക്കാതിരുന്നെങ്കിൽ തലക്ക് പിടിച്ച ലഹരിയേയും മഥിക്കുന്ന അപ്പന്റെ മനോവേദന, "ങ്ഹാ, കരക്കാരുടെ മക്കളെ വളർത്താനായിരിക്കാം എന്റെ വിധി.... അപ്പോൾ ഞാനീ കുടുംബത്തിലെ അംഗമല്ലേ?

നാറാണാശ്ശേരി പറഞ്ഞതുപോലെ രണ്ടിടങ്ങഴി തവിടിന്റെ വില് പനച്ചരക്കാണോ ഞാൻ?

അല്ലെങ്കിൽ അപ്പൻ സൂചിപ്പിക്കുന്നതെന്താണ്?

മഴപോലെ പെയ്തുവീഴുന്ന അർക്കപ്പൊടിയിൽ നനഞ്ഞു കുളിച്ച് നിശ്ശബ്ദനായി അർക്കവാളിന്റെ ഉയർന്നുതാഴുന്ന പിടിയിൽ ശ്രദ്ധയർപ്പിച്ച് മുട്ടുകാൽ നിലത്തൂന്നി ഇരിക്കാറുള്ള അർക്കക്കാരൻ മത്തായിയും ഞാനും തമ്മിലുള്ള ബന്ധമെന്താണ്? അല്ലെങ്കിലെന്താണ്?

"ഒരിക്കെ ഞാനത് കണ്ട് പിടിക്കൂടി", അപ്പന്റെ വാക്കുകൾക്ക് ദൃഢതയേറിയിരിക്കുന്നു. "അന്ന് രണ്ട് ശവം ഈ വീട്ടിനുള്ളി വീഴും, അർക്കവാളിന്റെ അലകു തൊട്ട് ഞാൻ സത്യം ചെയ്യണ്. നീ നോക്കിക്കോ."

ഒരിടിവാൾ ഉള്ളിലൂടെ പാഞ്ഞുപോയി.

സ്വന്തം ജീവിതോപാധി തൊട്ട് സത്യം ചെയ്യുന്ന അപ്പൻ

തോട്ടങ്ങളിലെ വൃക്ഷങ്ങൾ അടച്ചുവാങ്ങി, അർക്കക്കാരെ നിറുത്തി അറപ്പിച്ച് പലകകളാക്കി വിറ്റ് ജീവിക്കുന്ന അപ്പൻ ഈർച്ചവാൾ തൊട്ട് സത്യം ചെയ്താൽ, ചെയ്തതു തന്നെയാണ് - രക്തം ചീറ്റി വീണ് ലോകത്തെ മലീമസമാക്കുന്ന ആ ഭീകരദിവസത്തെ ഓർത്തു ഭയന്നുനിൽക്കുമ്പോൾ നിയന്ത്രണം വിട്ടുപോയ അപ്പന്റെ വിലാപം കേട്ടു.

“ചതിച്ചു - എല്ല്യാരും കൂടി എന്നെ ചതിക്ക്യാരുന്നു. എന്റെ കൂടാരൂല്യ! ആരും! എന്റെ മക്കളെവട്യാ - മോനെ പൗലോസേ, മോളേ എത്സീ”

ഉറങ്ങിക്കിടക്കുന്ന അവരുടെയടുത്തേക്ക് ഒരു തേക്കത്തോടെ വേച്ചു വേച്ചു നടന്നുപോകുന്ന അപ്പനെ ഒളിച്ചുനിന്നു കണ്ടപ്പോൾ ഉള്ളിലുയർന്ന വികാര മെന്തായിരുന്നെന്ന് ഇന്നും പറയാനാവുന്നില്ല.

സുന്ദരസ്വപ്നങ്ങൾ പാതിവച്ചു മുറിഞ്ഞതുകൊണ്ടാകണം, ഉറക്കത്തിൽ നിന്നുണർത്തിയപ്പോൾ എത്സി കരഞ്ഞു.

നല്ല കുട്ടികൾ ഉറങ്ങുമ്പോൾ, മാലാഖമാർ അവരെ നല്ല സ്വപ്നങ്ങൾ കാണിക്കുമെന്ന് വേദോപദേശം പഠിപ്പിക്കുന്ന സിസ്റ്റർ പറഞ്ഞിട്ടുണ്ട്. “പക്ഷേ, നല്ല കുട്ടികൾ ആരാണ് ടീച്ചർ?” അറിയാനുള്ള ആഗ്രഹം അടക്കാനാവാതെ വന്നപ്പോൾ ചോദിച്ചു.

“നല്ലപട്ടിന്റെഉടുപ്പണിഞ്ഞ് എപ്പോഴും ചിരിച്ചുനടക്കുന്നമാലാഖക്കുട്ടികളാണ് നല്ലവർ. എല്ലാവർക്കും അവരെ ഇഷ്ടമായിരിക്കും. നല്ല അനുസരണയുള്ളവ രായിരിക്കും അവർ.”

കേട്ടപ്പോൾ ചങ്കിടിഞ്ഞുപോയി. എനിക്കൊരിക്കലും നല്ലവനാകാനാവില്ല. എന്റെ വിഹ്വലമായ മനസ്സും ഈ കുറുകിപ്പോയ ശരീരവും എന്റെ അവ സ്ഥയെയല്ലേ ദ്യോതിപ്പിക്കുന്നത്? അതുകൊണ്ടാണ് ഞാനൊരിക്കലും നല്ല സ്വപ്നങ്ങൾ കാണാത്തത്. എന്റെ നിദ്രകളെല്ലാം പേക്കിനാവുകൾ നിറഞ്ഞ താണല്ലോ.

ഇല്ല - സ്വർഗ്ഗം എനിക്കൊരിക്കലും വിധിച്ചിട്ടില്ല - മരണശേഷം പോലും നരകം ഒരു നിഴലായി എന്നെ പിന്തുടരുന്നു, എല്ലായ്പ്പോഴും.

അലുക്കുകളിളക്കി നൃത്തമാടുന്ന നർത്തകിയുടെ സാന്നിദ്ധ്യത്തിൽ അപ്പൻ പൗലോസിനും എത്സിക്കും ചോറു വാരിക്കൊടുക്കുന്നത് കൊതിയോടെ നോക്കിനിന്നു.

അപ്പന്റെ പങ്ക് -

ഒരുപിടി ചോറിലുപരി ആ ചോറിലൂടെ ലഭിക്കുന്ന അപ്പന്റെ ഒരുപിടി സ്നേഹത്തിനുവേണ്ടി; ഒരിത്തിരി വാത്സല്യത്തിന്റെ കൂട്ടാംചാറിനുവേണ്ടി എത്രയോ പ്രാവശ്യം കൊതിച്ചുനോക്കി നിന്നിട്ടുണ്ട്.

പക്ഷേ അപ്പനൊരിക്കലും എനിക്കു പങ്കുവച്ചു നീട്ടിയിട്ടില്ല; ഒരിക്കലും. അപ്പന്റെ സ്നേഹത്തിന്റെ പങ്കുപറ്റുന്ന പൗലോസും എത്സിയുമാകട്ടെ ഇടക്കു മുറിഞ്ഞുപോയ സുന്ദരസ്വപ്നങ്ങളെ കൂട്ടിയിണക്കാനുള്ള ശ്രമത്തിൽ വായിൽ വെച്ചുതരുന്നത് അപ്പന്റെ അസൂയർഹിക്കുന്ന പങ്കാണെന്നറിയാതെ യാന്ത്രികമായി ഉണ്ടുകൊണ്ടേയിരുന്നു.

# മൂന്ന്

ആയിരം പച്ചക്കൊമ്പുകളിലായി താങ്ങിനിർത്തിയ മൃദുലമായ പച്ചക്കമ്പളത്തിൽ, ചുവന്ന വർണ്ണങ്ങൾ അങ്ങിങ്ങായി വിരിഞ്ഞുവരുന്നതേയുള്ളൂ – ഇളം നീലാകാശത്തിന്റെ പശ്ചാത്തലത്തിൽ വിരചിച്ച വർണ്ണചിത്രത്തിൽ കൂമ്പിനിൽക്കുന്ന ഒരായിരം ചുവന്ന മൊട്ടുകൾ....

മനോജ്ഞതയാർന്ന നിറത്തിൽ പൂത്തുനിൽക്കുന്ന വാകപ്പൂക്കൾ ചെറുപക്ഷികൾക്കും ചിത്രശലഭങ്ങൾക്കും മധുശാല തുറന്നുവച്ച് പച്ചപ്പിന്റെ തണലുമായി, ഭുവനത്തിൽ വസന്തത്തിന്റെ ഇളം വീചികളുയർത്തി, ആസന്നമായ പൂക്കാലത്തെപ്പറ്റിയുള്ള കിനാവുമായി കാലത്തിന്റെ അനിശ്ചിതമായ ഊടു കടയ്ക്കൽ കോടാലി പതിയുന്നതറിഞ്ഞ് വാകമരം ഞെട്ടിയുണർന്നത്.

അസ്തിത്വത്തിന്റെ കടയ്ക്കൽ വീണ്ടും വീണ്ടും മൂർച്ചയുള്ള ആഘാതങ്ങളേൽക്കുമ്പോഴും വെട്ടുന്നവന് തണലേകിക്കൊണ്ടുതന്നെ ആ വാകമരം ഇന്നലെകളെ അണച്ചുനിറുത്തി പുൽകുന്നുണ്ടാവണം. മുളപൊട്ടിയ വിത്തിന്റെ മുഖത്ത് ജീവചൈതന്യം പടർന്ന നിമിഷം മുതൽ എല്ലാ വൃക്ഷങ്ങളുടേയും സഹജാവബോധത്തിൽ ഉരുത്തിരിഞ്ഞ ആ ദാഹം–

ആത്യന്തികമായി ഒന്നു പൂവണിയാൻ; വർണ്ണ വൈവിദ്ധ്യത്തോടെ വിടർന്നുനിൽക്കുന്ന സുമങ്ങളിൽ മധു മൊത്താനെത്തുന്ന ശലഭങ്ങളുടെ സഹായത്തോടെ, തന്റെ കനികൾക്കു ജന്മമേകാൻ!

ആ സ്വപ്നം ലാക്കാക്കിക്കൊണ്ട് കാലത്തിന്റെ അതിർവരമ്പുകളെ ഭേദിക്കാൻ തുനിഞ്ഞിറങ്ങുകയായി എല്ലാ വൃക്ഷത്തൈകളും.

ഈർപ്പഭരിത മണ്ണിലേക്ക് ആദ്യം ചെന്നെത്താൻ മറ്റു വേരുകളുമായി നടത്തിയ ഓട്ടമത്സരങ്ങൾ; കൂടുതൽ സൂര്യപ്രകാശത്തിനായി എത്തിപ്പിടിച്ച ഉയരങ്ങൾ; വേനലിന്റെ മരുഭൂമിയിൽ ഒരിറ്റുജലം ലഭിക്കാതെ ഉണക്കിന്റെ വക്കത്തെത്തിയ സ്വപ്നങ്ങൾ; വെള്ളത്തിന്റെ ആധിക്യംകൊണ്ട് ചീയാൻ തുടങ്ങിയ തടി –

എല്ലാം സഹിച്ച് സംവത്സരങ്ങൾ നീണ്ട തപസ്സിന്റെ ഒടുവിൽ, കിനാവുകൾക്കു യാഥാർത്ഥ്യത്തിന്റെ ചിറകുകൾ മുളച്ചുതുടങ്ങവെയാണ്......

കോടാലി, മരത്തിന്റെ കാതലും ഭേദിച്ചു കഴിഞ്ഞിരിക്കുന്നു. ഘനീഭവിച്ച ദുഃഖം പോലെ മരത്തിനു ചുറ്റുമായി ചിതറി വീഴുന്ന വെള്ള, അല്ല, ഇളം മഞ്ഞനിറത്തിലുള്ള മരത്തിന്റെ ചീളുകൾ.

വെട്ടുമ്പോൾ മരങ്ങൾക്കും വേദനിക്കില്ലേ?......

ഒടുവിൽ,

അടക്കാനാവാത്ത ഒരാക്രാന്ദത്തോടെ ആ വാകമരം പിടഞ്ഞുവീണപ്പോൾ വള്ളിനിക്കറിട്ട് കുറിയ കുട്ടി വിളിച്ചു – "അപ്പാ"

കയ്യിലിരുന്ന കോടാലി നിലത്തുവച്ച് തലയിൽ കെട്ടഴിച്ച് മുഖം തുടച്ചു കൊണ്ട് അപ്പൻ തിരിഞ്ഞുനോക്കി – "ങും?"

"ചോറ്"

"ങും" അപ്പൻ കനത്തിലൊന്നു മൂളി, "എന്താടാ കൂട്ടാൻ?"

"കായേം പരിപ്പും കൂട്ടാൻ വെച്ചതും ഒണക്കമുള്ളൻ വറുത്തതും.

ഇനിയും വെട്ടിവീഴ്ത്താത്ത മരങ്ങളുടെ ഇടയിലൂടെ ചോറുവച്ചിരിക്കുന്ന ഇടത്തേക്ക് അപ്പൻ നടക്കുമ്പോൾ മരണശിക്ഷ വിധിക്കാൻ അധികാരമുള്ള ആ രാജാവിനെ ഭയന്നിട്ടെന്നോണം, ഇരുവശത്തുമുള്ള വൃക്ഷങ്ങൾ ശ്വാസം പിടിച്ച് നമിച്ചു നിന്നു. അല്ലെങ്കിൽ തന്നെ അവയുടെയെല്ലാം നിമിഷങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞിരിക്കയാണല്ലോ. ഇന്നല്ലെങ്കിൽ നാളെ...

മരത്തടികൾ വച്ചു കെട്ടിയുയർത്തിയ സ്റ്റാന്റിൽ നെടുങ്ങനെ വച്ച വൻമര ത്തടിയുടെ ഹൃദയത്തെ ലോലമായി ഭേദിച്ചുകൊണ്ട് ഉയർന്നുതാഴുന്ന അർക്ക വാളിന്റെ ആരവത്തോടൊപ്പം, ചിനുചിനെ പെയ്യുന്ന, അർക്കപ്പൊടി. നന ഞ്ഞാലും ഈറനണിയാത്ത മഴ.

സുഖപ്രദമായ ഈ അനുഭൂതിക്കുവേണ്ടിയാണല്ലോ ആഴ്ചയുടെ ഒടുവിൽ വീണുകിട്ടുന്ന ശനിയാഴ്ചക്കുവേണ്ടി താൻ കാത്തിരിക്കുന്നത്.

അർക്കപ്പൊടി കുട്ടയിൽ വാരുമ്പോൾ പനുപനെ ദേഹത്തുവീഴുന്ന സുന്ദര അനുഭൂതിയിൽ എത്രനേരം സ്വയം മറന്നുനിന്നിട്ടും മതിയായിട്ടില്ല.

അപ്പോൾ പ്രഭാതം മുതൽ പ്രദോഷംവരെ ഈ അനുഭൂതിയിൽ ലയിക്കുന്ന മത്തായി തീർച്ചയായും ഭാഗ്യവാനാണ്. മുട്ടുകാലുകൾ നിലത്തൂന്നി കുന്തി ച്ചിരുന്ന്, ചലിക്കുന്ന അർക്കവാളിന്റെ പിടിക്ക് ജീവൻ കൊടുക്കുന്ന മത്താ യിയുടെ കുറിയ ശരീരത്തിൽ അറുക്കപ്പൊടി വീണ് മെല്ലിച്ച ശരീരത്തെ മഞ്ഞ കൊണ്ടു പൊതിയുന്നു.

എന്നിട്ടും മുണ്ടൻ മത്തായി ഇതേവരെ അധികം ചിരിച്ചു കണ്ടിട്ടില്ല. വല്ലപ്പോഴും നിരയൊത്ത ദന്തനിരകൾ കാട്ടി മെല്ലെ ചിരിക്കുന്നതു തന്നെ കരയാൻ തുടങ്ങുന്നതുപോലെയാണ് തോന്നുക. സാന്ദ്രമായ ദുഃഖം കെട്ടഴിഞ്ഞുവരുമ്പോലെ!

തുടർച്ചയായി ലഭിക്കുന്ന അനുഭൂതി മരവിപ്പിലേക്കാണോ വഴിതെളിക്കുക?

ഈർച്ചവാളിന്റെ അങ്ങേത്തലയ്ക്കൽ കൈപ്പിടി മുറുക്കിയിരിക്കുന്ന ഉണ്ണിരച്ചോൻ, ചെറിയ കളിവണ്ടിയുടെ മുകളിൽ ഉറപ്പിച്ചിരിക്കുന്ന മരപ്പാവയെ പ്പോലെ പൊങ്ങുകയും താഴുകയും ചെയ്യുന്നു.....

"എന്നാ നിങ്ങള് ഉണ്ടോളേൻ".

അപ്പന്റെ അനുവാദത്തിനുവേണ്ടി കാത്തുനിൽക്കുകയായിരുന്നു അവർ. പൂമഴ നിലച്ചു – ആരവത്തോടൊപ്പം.

അപ്പനോടൊപ്പം അവരവരുടെ പാത്രങ്ങൾ തുറന്നുവച്ച് അറുക്കക്കാരും ഉണ്ണാനിരുന്നു.

മലർത്തിവച്ച മൂടികപ്പാത്രത്തിൽ കറിയെടുത്തു വയ്ക്കുമ്പോൾ മത്തായി ചോദിച്ചു – "ഏല്യാസ് ഉണ്ടോ?"

"ഇല്യ" വിരസമായി മറുപടി കൊടുത്തു.

"ഉണ്ണുന്നോ കുറച്ച്?

"വേണ്ട" വേലക്കാരുടെ കയ്യിൽ നിന്നും എന്തെങ്കിലും വാങ്ങിക്കഴിക്കുന്നത് കുറച്ചിലാണെന്നറിയാം. ഉള്ളിൽ ഭയവുമുണ്ടായിരുന്നു. അപ്പന്റെ കണ്ണുകൾ ചുവക്കാൻ തുടങ്ങിയിരിക്കുന്നു. ഇന്നുരാത്രി ഈ കാരണം മതി അപ്പന് പൊടി പൂരമാക്കാൻ.

എങ്കിലും കണ്ണുകൾ വിശപ്പുള്ള പൂച്ചയായി അപ്പന്റെ അലുമിനിയം ചോറ്റു പാത്രത്തിനു ചുറ്റും പതുങ്ങിനടന്നു – അല്പമെങ്കിലും ചോറ് ബാക്കി വെക്കാതിരിക്കുമോ? അല്ലെങ്കിൽ ഉണക്കമീൻ വറുത്തത് ഒരു കഷ്ണം അപ്പൻ വച്ചു നീട്ടില്ലേ? അപ്പന്റെ മകനെന്നുള്ള അംഗീകാരമായി, പുത്രസ്നേഹത്തിന്റെ പ്രതീകമായി.

താഴ്ന്നു താഴ്ന്നുപോകുന്ന ചോറിന്റെ നിരപ്പിനൊപ്പം ഊറുന്ന ഉമിനീരോടെ, കണ്ണുകൾ അലുമിനിയ പാത്രത്തിനുചുറ്റും ഓടി നടക്കുമ്പോൾ – "ഇന്നാ മോനേ തിന്നോ" വറുത്തിട്ടു തണുത്തുപോയ പപ്പടത്തിന്റെ ഒരു കഷണം നീട്ടിക്കൊണ്ട് മത്തായി സ്നേഹം കാണിക്കുന്നു!

അതു വാങ്ങി ഒരേറു കൊടുക്കാനാണു തോന്നിയത്.

ഉള്ളിൽ നുരച്ചുയരുന്ന വെറുപ്പടക്കി കടുപ്പിച്ചുതന്നെ പറഞ്ഞു – "എനിക്കു വേണ്ട'

അപ്പനും തലയുയർത്തി ഗൗരവത്തോടെ അയാളെ നോക്കി.

ആ നരച്ച കണ്ണുകളിലെ പ്രകാശം പെട്ടെന്നു മായുന്നത് കണ്ടില്ലെന്നു നടിച്ചു. "നന്നായൊള്ളൂ' – മനസ്സിൽ തോന്നി. കുറേനാളായി അയാൾ സ്നേഹം കാണിക്കാൻ തുടങ്ങിയിട്ട്. ഇങ്ങനെ വല്യസ്നേഹം കാണിക്കാൻ ഇയ്യാളെന്റെ ആരാ? വെറും വേലക്കാരൻ. കൂലിക്ക് പലകയറുക്കാൻ അപ്പൻ നിറുത്തിയിരിക്കുന്ന മനുഷ്യൻ തന്നോട് തുല്യത സ്ഥാപിക്കാൻ വന്നിരിക്കുന്നു!

പല പ്രാവശ്യമായി ഇയ്യാളെ പിരിച്ചയക്കാൻ അപ്പൻ ആലോചിക്കുന്നു. മറ്റാരേയും കിട്ടാത്തതുകൊണ്ട് അങ്ങനെ വച്ചിരിക്കുന്നെന്നു മാത്രം. എന്നിട്ടും ഇവിടെ മുതലാളിയായ തന്നോട് ഒപ്പം കൂടാൻ വന്നിരിക്കുന്നു. അഹങ്കാരത്തിന്റെ ഒരു പാമ്പിൻകുഞ്ഞ് ബുദ്ധിയിൽ പത്തിയുയർത്തി നിന്നു. അതെ, മുതലാളിയായ അപ്പന്റെ മകൻ – ഒരു കൊച്ചുമുതലാളി – അങ്ങനെയാണല്ലോ ഉണ്ണിരച്ചോൻ തന്നെ വിളിക്കുന്നതും. അതുപോലെ മത്തായിക്കുമെന്നെ കൊച്ചുമുതലാളിയെന്നു വിളിച്ചാലെന്താ?

എന്നാൽ, അപ്പന്റെ ഒഴിഞ്ഞ പാത്രത്തിലേക്കു നോക്കിയപ്പോൾ അഹങ്കാരത്തിന്റെ പത്തി താനേ ചുരുങ്ങി – പങ്കായിട്ട് ഒരുപിടി ചോറുപോലുമില്ല.

ഇല്ല, എന്റെ അഹന്തക്ക് എന്തടിസ്ഥാനമാണുള്ളത്? ജന്മം തന്ന അപ്പൻ പോലും കയ്യൊഴിയുന്നു. എനിക്കു കീഴെയുള്ളവർ ഞാനുമായി സമത്വം കണ്ടെത്തുന്നു.

വീട്ടിലേക്കു കൊണ്ടുപോകാൻ അർക്കപ്പൊടിയും മരക്കഷ്ണങ്ങളും നിറച്ച കൊട്ട, ചുമ്മാടുവച്ചതലയിലേക്കു പിടിച്ചു തരുമ്പോൾ മത്തായി ഉപദേശിച്ചു – "മോൻ നന്നായിട്ടു പഠിക്കണോട്ടോ."

സ്വയം അപകർഷതയാണു തോന്നിയത്. കൂലിക്കാർ പോലും ഉപദേശിക്കാൻ തക്കവിധം അത്ര അധമനോ ഞാൻ അവരും എന്നെ തുല്യനായി കാണുന്നതെന്തേ?

അതെ, ലോകത്തിലെ എല്ലാ ദുഃഖവും, സമത്വത്തിനുള്ള ദാഹത്തിൽ നിന്നാരംഭിക്കുന്നു. സമപ്രായക്കാരായ കുട്ടികൾ പോലും വഴിയിൽ വച്ചു കാണുമ്പോൾ മിണ്ടാതെ വഴിമാറിപ്പോകുന്നതെന്തേ? തന്റെ വീട്ടിലെ അവസ്ഥ അറിഞ്ഞിട്ടാണോ? അതോ മരംവെട്ടുകാരൻ പാപ്പിയുടെ മകനായതു കൊണ്ടോ?

ക്ലാസിലോ പുറത്തൊ ഞാനുമായി കൂട്ടുകൂടാൻ എല്ലാവരും മടിക്കുന്നു. ഹൃദയം തുറന്നൊന്നു സംസാരിക്കാൻ; കുസൃതികൾ കാണിച്ചൊന്നുപൊട്ടിച്ചിരിക്കാൻ, ബാലിശ കാര്യങ്ങളിൽ വഴക്കിടാൻ ആരുണ്ടെനിക്ക്? വാചാലമായ മനസ്സും സ്വന്തം പാദത്തിൽ നിന്നാരംഭിക്കുന്ന നിഴലുമല്ലാതെ!

എപ്പോഴും കാവൽ മാലാഖമാർ കൂട്ടിനുണ്ടാവുമെന്നാണ് വേദോപദേശം പഠിപ്പിക്കുന്ന സിസ്റ്റർ പറഞ്ഞത്. സകല ആപത്തുകളിൽനിന്നും കാത്തുരക്ഷിച്ചുകൊണ്ട് നല്ല കാര്യങ്ങൾ മാത്രം ചിന്തിക്കാനും പറയാനും പ്രേരിപ്പിച്ചുകൊണ്ട് ഒരു ചിത്രശലഭത്തെപ്പോലെ എപ്പോഴും ചുറ്റിപ്പറന്ന്, സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ സഹായിക്കുന്ന തന്റെ കാവൽമാലാഖ എവിടെയാണിപ്പോൾ?

വേദനിപ്പിച്ചതുകൊണ്ട് പിണങ്ങിപ്പോയിരിക്കാം.

മറ്റുള്ളവരെ വേദനിപ്പിക്കുന്നത് പാപമാണെന്നറിയാം. പാപം നരകത്തിലേക്ക് നയിക്കുന്നു. എല്ലാവരും തലകീഴായി പിറന്നുവീഴുന്നതോ, ജന്മപാപത്തിന്റെ മറുകോടെയാണല്ലൊ. ആ പാപത്തിന്റെ ചായയിൽ, പിശാചിന്റെ പ്രേരണക്കനുസൃതമായി വീണ്ടും വീണ്ടും കർമ്മപാപത്തിൽ വീഴുന്നു.

എന്നും ഉണരുന്നത് പാപം ചെയ്യിക്കല്ലെയെന്ന് കാവൽ മാലാഖയോട് മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചുകൊണ്ടാണ്. പക്ഷേ, ദുഷ്ടമായ എന്റെ മനസ്സും ഹീനമായ എന്റെ ശരീരവും ആത്മാവിൽ ചാവുദോഷത്തിന്റെ കറ വീഴ്ത്തുന്നു. നിസ്സാരകാര്യത്തിനുപോലും കോപിച്ച്, ഇറയിലെ വടിയുമായി അമ്മ ഗൂഢാലോചന നടത്തുന്ന നിമിഷം "സ്ത്രീരൂപം ധരിച്ചുവന്ന പിശാചെന്ന്!" സ്വന്തം അമ്മയെപ്പറ്റി മനസ്സിൽ പറയുന്നതിനോളം ഭീകരപാപം ഈ ലോകത്തിലെന്താണുള്ളത്!

എത്രയോ വലിയ പാപങ്ങളാണ് ഞാൻ ചെയ്തിട്ടുള്ളത്. എന്റെ മനസ്സു പോലെ ആത്മാവും ഇപ്പോൾ പാപം മൂലം കറുത്തിട്ടുണ്ടാകും.

സ്വർഗ്ഗം – അതും എനിക്കു വിധിച്ചിട്ടില്ലേ?

ഉച്ചക്കുർബ്ബാനയ്ക്കു ശേഷമുള്ള വാഴ്വിൽ അരുളിക്കയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയാണ്, പിന്നെ ഏക ആശ്രയം. താളാത്മകമായ മേഘനിർജ്ജരിയുടെ അകമ്പടിയോടെ ഗായകൻ, ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ഒപ്പം അവിടുത്തെ ആരാധിച്ചുകൊണ്ട് "കൊല്ലൻ ദശ്നേ" പാടുമ്പോൾ മനമുരുകി പ്രാർത്ഥിക്കുന്നു,

'ഈ ജന്മത്തിലെനിക്കു പറുദീസ വിധിച്ചിട്ടില്ല. അതുകൊണ്ട് ഈ ജീവിതത്തിലെ ദുരിതങ്ങളെല്ലാം എന്റെ കൊടും പാപങ്ങൾക്കു പരിഹാരമായി സ്വീകരിച്ച്, സ്വർഗ്ഗത്തിലെങ്കിലും ഒരിടം ഒരുക്കിത്തരാൻ.....'

അല്ലെങ്കിൽത്തന്നെ ദിവ്യകാരുണ്യം എഴുന്നള്ളിച്ചിരിക്കുന്ന ഈ സാന്നിദ്ധ്യത്തിലാണല്ലോ എന്റെ ആത്മാവ് ശാന്തി കൊണ്ടു നിറയുന്നത്.

കുർബ്ബാനക്കും വാഴ്വിനും ശേഷം വേദോപദേശ ക്ലാസ്സിലെത്തുമ്പോൾ ആവേശത്തിനു ചൂടുപിടിക്കുന്നു; ആനന്ദം സീമാതീതമാവുന്നു. എല്ലാ വേദോപദേശപ്പരീക്ഷകൾക്കും ലഭിക്കുന്ന ഒന്നാംസ്ഥാനത്തിനും സമ്മാനങ്ങൾക്കും പുറമേ, ദുഃഖത്തിന്റെ ഭാണ്ഡങ്ങൾ ഇറക്കിവച്ച് അല്പമൊന്നാശ്വസിക്കുമ്പോൾ, മരണശേഷം ലഭിക്കാനിരിക്കുന്ന സ്വർഗ്ഗീയജീവിതത്തിന്റെ വാഗ്ദാനം ഇവിടെയാണല്ലൊ എനിക്കു ലഭിക്കുക.

ശരീരസൗന്ദര്യം മുഴുവൻ വെള്ള വസ്ത്രങ്ങളാൽ മൂടി ശോഭനമായൊരു പരലോക ജീവിതത്തിനുവേണ്ടി, ലൗകിക സൗഭാഗ്യങ്ങളെല്ലാം പുറക്കാലിനു തട്ടിയെറിഞ്ഞ സിസ്റ്റർ സെലസ്റ്റീന തരുന്ന ആ വാഗ്ദാനത്തിന് പ്രത്യേക വില കല്പിക്കണം. സ്വർണ്ണത്തിന്റെ വാച്ചും കെട്ടി പൊരിച്ച കോഴി ആഹാരത്തിലെ പ്രധാന വിഭവമാക്കിയിരിക്കുന്ന വികാരിയച്ചൻ ദാരിദ്ര്യത്തിന്റെ മഹാത്മ്യത്തെപ്പറ്റി പ്രസംഗിക്കുന്നതുപോലെയല്ല.

അല്പജ്ഞാനികളായ മനുഷ്യർക്ക്, അപരിമേയമായ മരണാനന്തര ജീവിതത്തെക്കുറിച്ചും, തന്റെ അനന്തസ്നേഹത്തെക്കുറിച്ചും ദൈവം വെളിപ്പെടുത്തിത്തന്ന നിത്യസത്യങ്ങളിലേക്ക് യുക്തിയുടേയും അറിവിന്റേയും പരിമിത മണ്ഡലത്തിൽനിന്നും, വെളിപ്പെടുത്തിത്തന്നവന്റെ പ്രാമാണ്യത്തെ ആധാരമാക്കി വിശ്വാസത്തിലൂടെയുള്ള ഒരു കുതിച്ചുചാട്ടമാണല്ലൊ ഇവിടെ നടക്കുക.

മനുഷ്യന്റെ പാപം, രക്ഷാകര ദൗത്യവുമായി വന്ന മനുഷ്യപുത്രൻ; ഒടുവിലുള്ള ഉയിർപ്പ് ഇവയുടെ അറിവുതന്നെ, വിഷമതകളിൽപ്പെട്ടുലയുന്ന ഈ നൈമിഷിക ജീവിതത്തിന് ആശ്വാസത്തിന്റെ തണലേകുന്നു.

വിശ്വാസവും പ്രതീക്ഷയും പരസ്നേഹവും കൈകോർക്കുമ്പോൾ ഓരോ ജീവിതത്തിലും നടക്കുന്ന നന്മതിന്മയുടെ പോരാട്ടത്തിൽ ഓരോ നൂതന ബൈബിൾ എഴുതപ്പെടുന്നു..

തന്റെ ആജീവനാന്ത വ്യഥയെക്കുറിച്ചറിഞ്ഞപ്പോൾ സിസ്റ്റർ സ്നേഹപൂർവ്വം ശാസിച്ചു. നാളെ ചീഞ്ഞ് പുഴുക്കളരിക്കേണ്ട ഈ ശരീരം ഏതു അവസ്ഥയിൽ ജന്മമെടുത്താലും, എത്ര വൈരൂപ്യം വെളിപ്പെടുന്നതായാലു

മെന്താണ്?

ജനനത്തോടെ ആത്മാവെടുത്തണിയുന്ന ഈ ശരീരം വളർച്ചക്കൊത്തു വലുതാവുന്ന, മരണത്തോടെ നഗ്നതയുടെ മഹത്വത്തിലേക്ക് പ്രവേശിക്കുമ്പോൾ പറിച്ചെറിയേണ്ട വസ്ത്രമാണ്. വൈവിദ്ധ്യത്തിനുവേണ്ടി മനുഷ്യരെ വിവിധ അവസ്ഥകളിൽ ദൈവം അണിയിച്ചൊരുക്കി.

പ്രകൃതിയിലെ ഈ വർണ്ണസഞ്ചയം ഭൂമിയിൽ മാരിവില്ലുകളെ വിരിയിക്കുന്നു. ഭൂമിയിലെ ഉയർച്ചതാഴ്ചകൾ നീല മലകളേയും ഹരിതാഭയാർന്ന താഴ്‌വരകളേയും സൃഷ്ടിക്കുന്നു.

ഏഴു വർണ്ണങ്ങൾകൊണ്ട് ഭൂമിയുടെ പുടവ മാറ്റിയണിയിക്കുന്ന ഋതുക്കൾ; നിറവൈവിദ്ധ്യംകൊണ്ട് വസന്തത്തെ കമനീയമാക്കുന്ന തളിരിലകളും പൂക്കളും.

ഏഴുവർണ്ണങ്ങളുള്ള ചേലകൾ അവളെ ഉടുപ്പിക്കുന്ന വിവിധ പ്രദേശങ്ങൾ.

ഒരായിരം സ്വപ്നവർണ്ണങ്ങളിൽ രോമക്കുപ്പായങ്ങളണിയുന്ന ജീവജാലങ്ങൾ. ബഹുവർണ്ണത്തിലുള്ള പക്ഷികൾ; വർണ്ണസങ്കരങ്ങൾക്ക് ഉത്തമ ദൃഷ്ടാന്തങ്ങളായ ജന്തുക്കൾ.

ഏഴുനിറങ്ങളിൽ, ദൈവഛായയിൽ മെനഞ്ഞെടുക്കപ്പെട്ട മനുഷ്യൻ.

ഒരു നിറവും മറ്റൊന്നിന്റെ മഹത്വത്തെ നിഹനിക്കുന്നില്ല. പനിനീർപ്പൂവിന്റെ ആരക്തത മുല്ലപ്പൂവിന്റെ നിഷ്ക്കളങ്കതയെ മലിനമാക്കുന്നില്ല. തുമ്പപ്പൂവിന്റെ ശാലീനതക്ക് അത് ഭംഗം വരുത്തുന്നില്ല, നിശാഗന്ധികളുടെ മാദകഗന്ധം നിഹനിക്കുന്നുമില്ല. ഒന്നിന്റെ അവസ്ഥയും മറ്റൊന്നിനുമേൽ മഹത്തരമല്ല. പൊക്കവും പൊക്കക്കുറവും ദൈവത്തിന്റെ ദാനമാണ്, രണ്ടും ഭംഗിയുറ്റതും!

ഈ ഭൂവനത്തിൽ റോസാപുഷ്പങ്ങളും താമരപ്പൂക്കളും മാത്രമായിരുന്നെങ്കിൽ വയലുകളും തൊടികളും നയനങ്ങൾക്കെത്രയോ ഊഷരങ്ങളായേനെ! എന്നാൽ വയലിലെ ലില്ലിപുഷ്പങ്ങളും തൊട്ടാവാടികളും കോളാമ്പിപ്പൂക്കളും പച്ചപ്പുല്ലുകളും അവയുടെ വിനയംകൊണ്ട് ഭൂമിയെ സമ്പുഷ്ടമാക്കുന്നു.

"എന്നാലും ഡാലിയാപ്പൂവിനേക്കാളും തരം താഴ്ത്തിയല്ലെ, ദൈവം എലിഞ്ഞിപ്പൂവിനെ സൃഷ്ടിച്ചെ?" മനസ്സിന്റെ ആഴങ്ങളിൽ നിന്നാണാ ചോദ്യം പൊന്തിവന്നത്?

"അതെ, താഴ്ച്ചയില്ലാതെ ഉയർച്ചയുണ്ടാവില്ലല്ലോ; തിന്മയില്ലാതെ നന്മക്ക് പ്രസക്തിയില്ല. സിസ്റ്ററിന്റെ വിശദീകരണം തന്റെ വിഹ്വലതയുടെ ചുരുളഴിക്കുകയായിരുന്നു ചെയ്തത്.

അപ്പോൾ, മറ്റുള്ളവർ ഉയരത്തിന്റെ സൗഭാഗ്യമനുഭവിക്കാൻ വേണ്ടി താൻ കുള്ളതയുടെ ശാപം തലയിലേന്തുന്നു.

"എന്നാൽ", സിസ്റ്റർ തുടർന്നു, "മറ്റുള്ളവർക്കുവേണ്ടി നാം മനസ്സറിയാതെ വഹിക്കുന്ന ഈ കൊച്ചുകൊച്ചു കുരിശുകളാണ് നമ്മുടെ ഉയിർപ്പിനു നിദാനമാവുന്നത്.

ഓരോ ഉയിർപ്പിനും നിദാനമായ ആ കുരിശാരോഹണം – എല്ലാവർക്കും വിധിക്കപ്പെട്ടതാണോ? ക്ലാസ്സിലെ കോങ്കണ്ണിയായ സുലോചനക്കും ചട്ടുകാലനായ ഗോപാലനും മുച്ചുണ്ടിയായ മീനക്കും ദുഃഖങ്ങളില്ലേ? അവരുടെ ജീവിതത്തിലെ കളങ്കമായി ഈ അംഗവൈകല്യങ്ങൾ അവരെ പിന്തുടരുന്നില്ലേ?

ഇല്ല – അവരും ചിരിക്കുന്നു; തുള്ളിച്ചാടുന്നു; കൂടിക്കളിക്കുന്നു.

പുഞ്ചിരിയുടെ സ്രോതസ്സുകളെല്ലാം ജന്മനാ വറ്റിച്ചുകളയുന്ന ഈ കുള്ളതയുടെ അവസ്ഥയിൽ നിന്നൊരു മോചനം തന്നിട്ട് അവരിലെ ഏതെങ്കിലും അംഗഭംഗം എന്നിലേക്ക് വിരുന്നുവന്നെങ്കിൽ!

എങ്കിൽ വീട്ടിലെ എത്രയോ കുടുംബകലഹങ്ങൾ ഒഴിവാക്കാമായിരുന്നു; അപ്പൻ ഒരിക്കലെങ്കിലും എനിക്കു ചോറിന്റെ പങ്കുവച്ചു നീട്ടിയേനെ.

അമ്മയിൽ ഒരിക്കൽ കണ്ടെത്താൻ കഴിഞ്ഞ സഹതാപത്തിന്റെ മരുപ്പച്ചയും ഉണങ്ങിപ്പോയിരിക്കുന്നു. ഇന്ന് വീണ്ടും അമ്മയുടെ ആ പഴയ ക്രൂരഭാവം മാത്രം കാണുമ്പോൾ ഒരിക്കൽ മാത്രം വിളക്കിന്റെ കുടുതിരിയിൽ നിന്ന് സ്വർണ്ണ അലുക്കുകളിളക്കി വെളിച്ചം നൃത്തമാടിയ രാത്രിയിൽ അമ്മയിൽ ഉറവപൊട്ടിയ മാതൃസ്നേഹത്തിന്റെ പൊരുൾ എത്രയാലോചിട്ടും മനസ്സിലാവുന്നില്ല. അപ്പനെ ഭയന്നാണോ അമ്മയീ ക്രൂരത അഭിനയിക്കുന്നത്? അതോ അന്നത്തേത് അമ്മയുടെ അഭിനയം മാത്രമായിരുന്നോ – താൻ ഒളിച്ചോടി പോവാതിരിക്കാൻ......

ആകെ പടർന്നു പന്തലിച്ചു നിൽക്കുന്നത് പടിക്കലെ വേലിയ്ക്കൽ ഉയർന്നുനിൽക്കുന്ന തുടലിച്ചെടി മാത്രമാണ്.....

തലകീഴായി തൂക്കിയിട്ട റെയിൽപാളത്തിന്റെ കഷണത്തിൽ, ആരോ കരിങ്കൽക്കഷണം കൊണ്ടിടിക്കുന്നു – വേദോപദേശ ക്ലാസ്സ് കഴിഞ്ഞിരിക്കുന്നു. വിശപ്പിന്റെ നാമ്പുകൾ തലയുയർത്തിയ വയറോടെ, വീട്ടിലേക്കു പാഞ്ഞു.

# നാല്

"തേത്ത തേൾ, മ്മക്ക് ത്തലും ത്തലും കളിച്ചാ," വീട്ടിൽ ചെന്നുകേറാൻ ഇടയില്ല. അപ്പോഴേക്കും എത്സി വന്ന് നിക്കറിൽ പിടുത്തമിട്ടു കഴിഞ്ഞു. "പോടീ നങ്ങേലിപ്പെണ്ണ്, അവക്കടെ ഒര് ത്തലും ത്തലും!" ദേഷ്യമാണ് തത്സമയം തോന്നിയത്. രാവിലെ അല്പം കഞ്ഞികുടിച്ചിട്ട് ഉച്ചക്കുർബ്ബാനക്കു പോയതാണ്. വേദോപദേശവും മറ്റും കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ ഉച്ചതിരിഞ്ഞു. വയറ്റിലാണെങ്കിൽ കൊക്കും കാക്കേം പറക്കുന്നു. അപ്പോഴാണ് നങ്ങേലിയുടെ ത്തലും ത്തലും കളി.

നിഷ്ക്കളങ്കമായ ആ പിഞ്ചുമുഖം പെട്ടെന്ന് വാടി. നിക്കറിൽനിന്നും പിടിവിട്ട് അവൾ പിണങ്ങി പിന്തിരിഞ്ഞ് പോയി ചുമരിൽ ചാരി പുറംതിരിഞ്ഞു നിന്നപ്പോൾ ദുഃഖം തോന്നി. ഏറെനേരമായിക്കാണും ആശയോടെ അവൾ തന്നെ കാത്തിരിക്കാൻ തുടങ്ങിയിട്ട്. ഒന്നും തിരിയാത്ത ഈ പിഞ്ചുപ്രായത്തിൽ, അവൾക്കെങ്ങനെ തന്റെ വിശപ്പിനെപ്പറ്റി മനസ്സിലാക്കാനാവും! ചുറ്റിലും പരിഹാസത്തിന്റെയും വെറുപ്പിന്റെയും ആർത്തലക്കുന്ന തിരമാലകൾക്കിടയിൽ ഒറ്റപ്പെട്ടുപോയ എന്റെ ജീവിതത്തിന്റെ ഏകാന്ത തുരുത്തിൽ നിഷ്കളങ്ക സ്നേഹത്തിന്റെ കൈവല്യവുമായി കടന്നുവരുന്നത് ഈ കൊച്ചനുജത്തി മാത്രമാണല്ലോ. എട്ടുംപൊട്ടും തിരിയാത്ത ആ പളുങ്കുമനസ്സിനെ വേദനിപ്പിച്ചതിൽ ആത്മനിന്ദ തോന്നി.

"എത്സി മോളേ," മെല്ലെ വിളിച്ചു.

ചുവരിൽ ചാരിക്കൊണ്ടുതന്നെ തിരിഞ്ഞുനോക്കിയ വീർത്ത കൊച്ചുമുഖത്ത് പിണക്കങ്ങളുടെ ഒരായിരം നിഴലുകൾ! കുഞ്ഞിക്കണ്ണുകളിൽ ഉരുണ്ടുകൂടി വീഴാൻ തയ്യാറായ നീർത്തുള്ളികൾ.

"ദേ ഇതു കണ്ടോ" വേദോപദേശ ക്ലാസ്സിൽ വീണുകിട്ടിയ മുറിച്ചോക്ക് കീശയിൽ നിന്നെടുത്തു കാണിച്ചപ്പോൾ കള്ളിപ്പെണ്ണിന്റെ പിണക്കം എങ്ങോ പോയൊളിച്ചു. നിമിഷനേരംകൊണ്ട് കുഞ്ഞിക്കണ്ണുകളിൽ പ്രകാശം പരന്നു കഴിഞ്ഞു.

ചോക്കു കണ്ടപ്പോൾ കൊച്ചു നങ്ങേലിക്ക് പുതിയൊരാശയം – "തേത്ത തേത്ത, മ്മക്ക് സാറും കുട്ട്യോളും കളിച്ചാ" ഹരിശ്രീ അറിയാത്ത പെണ്ണിന്റെ ഒരു മോഹം.

ഒരു ചോക്കും, ഒരു വടിയും പൊട്ടസ്ലേറ്റുമുണ്ടെങ്കിൽ ചാണകം മെഴുകിയ ഇറയത്ത് ഒരു കൊച്ചു ക്ലാസ്സുമുറി ഉയരുകയായി.

തല്ലാൻ മാത്രമറിയാവുന്ന ഒരദ്ധ്യാപകനും ഒന്നുമറിയാത്ത വിദ്യാർത്ഥികളും! വെറും രണ്ടുപേരുടെ മാറിമാറിയുള്ള 'ഹാജർ' പറച്ചിലിൽ നിന്ന് ഹാജർ പുസ്തകത്തിലെ പത്തുമുപ്പതു പേർക്ക് ഹാജർ ലഭിക്കുന്നു.

സാധാരണ, അറിയാതെ കയ്യൊന്നു കൊണ്ടുപോയാൽ, "അയ്യോ കൊന്നേ," യെന്നലമുറയിടുന്ന പൗലോസിനേയും എത്സിയേയും 'ക്ലാസ്' കളിക്കുമ്പോൾ അല്പം മുറുക്കിയടിച്ചാൽ പോലും കയ്യും തിരുമ്മി ഗൗരവത്തിൽ മിണ്ടാതിരിക്കയേയുള്ളു – അടിക്കേണ്ടത് അദ്ധ്യാപകന്റെ ധാർമ്മിക ചുമതലയാണെന്ന് ആ വിദ്യാർത്ഥികൾ മനസ്സിലാക്കിയിരിക്കാം.

വിശപ്പിന്റെ അഗ്നിനാളങ്ങളുയർന്ന് ഉദരാവയവങ്ങളെ നക്കാൻ തുടങ്ങിയിരിക്കുന്നു. "ചേട്ടനേ ഉണ്ടട്ട് വരാം. എന്നട്ട് മ്മക്ക് കളിക്കാട്ടോ."

പിഞ്ഞിത്തുടങ്ങിയ ഷർട്ടൂരി അയയിലേക്കെറിഞ്ഞ് അടുക്കളയിലേക്ക് കാലെടുത്തു കുത്തുമ്പോൾ മൂലപ്പലകയിലെ ചെറിയ ഉപ്പുഭരണിയിൽ വച്ചിരിക്കുന്ന ശർക്കരപ്പൊതിയിൽ അനക്കം –

ഉടനേ വിളിച്ചുപറഞ്ഞു –

"കള്ളൻ കട്ടോട്ടെ

കണ്ടാ മിണ്ടണ്ട.

മുങ്ങിച്ചത്തോട്ടെ"....

'ആരാടാ അടുക്കളേല് ?" നെല്ലു പുഴുങ്ങുന്ന അമ്മ വടക്കേ മുറ്റത്തുന്ന് വിളിച്ചുചോദിച്ചു.

"ഇല്യാട്ടോമ്മേ, ഞാനീ മൂലപ്പലേലെ പൊടിയൊക്കെ തൂത്തുകളയണതാ." സ്കൂളിൽ നിന്നും ചാടിയിറങ്ങിയ പൗലോസിന്റെ ഇടത്തേക്കവിളിൽ ഒരു ശർക്കര ബെല്ലം മുഴച്ചുകിടന്നു.

"ഡാ, എനിക്കും"........ ശർക്കരയുടെ മധുരിക്കുന്ന ഓർമ്മ വായിൽ ഉമിനീരാവുറഞ്ഞു കൂടിയപ്പോൾ അറിയാതെ കൈ നീണ്ടു.

"അതേ, പോര് വിളിക്കുമ്മെ ഓർക്കണോട്ടോ." വായ് തുറന്ന് ശർക്കര ബെല്ലം കാണിച്ചു കൊതിപ്പിച്ചിട്ട് പൗലോസ് സ്കൂളും എടുത്തുകൊണ്ടുപോയി.

വീണ്ടും സ്കൂളും എടുത്തുകൊണ്ടുവരുന്നതിന്റെയും, പൗലോസിന്റെ ഒറ്റിക്കൊടുക്കലിന്റെയും, ഇറയിലെ വടികളുടെയും അപകടങ്ങൾ ഓർത്തപ്പോൾ ശർക്കരയെടുക്കുന്ന സാഹസത്തിൽനിന്നും സ്വയം പിന്മാറി.

പഴയ കവിടിക്കിണ്ണത്തിലെ തണുത്ത ചോറെടുത്തുകൊണ്ട് തളത്തിലേക്കു നടക്കുമ്പോൾ വടക്കേമുറ്റത്തെ പ്ലാവിൻ കൊമ്പുകളിലേക്ക് പാളിനോക്കി. അവജ്ഞയുടെ കൈപ്പുനീർ എന്നോടൊപ്പം ചവച്ചിറക്കുന്ന എന്റെ കാക്കകളെവിടെ?

പ്ലാവിന്റെ പച്ചപ്പിൽ ഒരധികപ്പറ്റായി, തങ്ങളുടെ അവസാനവിധി വാചകം ഉച്ചരിച്ചുകൊണ്ട് കടന്നുവരുന്ന കാറ്റിന്റെ പാദപതനവും കാതോർത്ത് ആശയറ്റു തൂങ്ങിക്കിടക്കുന്ന വയസ്സൻ പ്ലാവിലകൾ മാത്രം കണ്ണിൽപ്പെടുന്നു. അല്ലെങ്കിലും ദിവസങ്ങളായി കാക്കകളും ഉപകാരമില്ലാത്ത തന്നെ തഴഞ്ഞിരിക്കയാണല്ലോ – ഇനി കാക്കകൾക്ക് ചോറെറിഞ്ഞു കൊടുത്താൽ തന്നെ പട്ടിണി

ക്കിട്ട് കൊല്ലുമെന്ന് അമ്മ ഭീഷണിപ്പെടുത്തിയിരിക്കുന്നു.

ചോറുവാരി ഉരുളയുരുട്ടി, ചാറിൽ മുക്കി വായിലേക്കടുപ്പിച്ചപ്പോൾ മൂക്ക് സ്വയം അടഞ്ഞു. പഴകിയ റേഷൻ കുത്തരിയുടെ വൃത്തികെട്ട മണം. എന്നിട്ടും വാരിവാരിയുണ്ടു. എത്സിമോൾ കിന്നാരം കൊഞ്ചിക്കൊണ്ട് അടുത്തു വന്നപ്പോൾ അവൾക്കും വാരിക്കൊടുത്തു.

നിറയാൻ വിസമ്മതിച്ചുനിന്ന വയറുനിറയെ കഞ്ഞിവെള്ളം കുടിച്ചപ്പോൾ ആശ്വാസത്തിന്റെ ഏമ്പക്കം.

'തേത്ത, തേത്ത ഞ്ഞീം മ്പക്ക് കളിച്ചാ?" പാത്രം കഴുകി വെക്കാനിടയില്ല – കൊച്ചു നങ്ങേലിക്ക് ധൃതി.

"ഇല്യ മോളേ, ചേട്ടന് ഒരുപാട് പഠിക്കണം" മൂന്നു പകർത്തുകൾ എഴു താനുണ്ട്. ഇംഗ്ലീഷ് പദ്യം മനഃപ്പാഠമാക്കണം. ഹോംവർക്ക് ചെയ്യാനുണ്ട്. പാഠ ങ്ങൾ വായിക്കാൻ കിടക്കുന്നു. എല്ലാറ്റിനും കൂടി ലഭിക്കുന്നത് ഈ സമയ മാണ്. വെയിലാറിയാൽ വീട്ടുജോലികളുടെ നിര തുടങ്ങുകയായി. പിന്നെ പഠിക്കണമെങ്കിൽ രാത്രി അപ്പനുറങ്ങിക്കഴിഞ്ഞ് പടിക്കൽ ഏകാന്തതയുടെ മൗനരാഗമാലപിക്കുന്ന തെരുവുവിളക്കിനെ ആശ്രയിക്കണം.

"ങ്ഹൂ.... ഹും" പെണ്ണ് ചിണുങ്ങിക്കൊണ്ട് വീണ്ടും നിക്കറിൽ പിടുത്തമിട്ടു കഴിഞ്ഞു. പൈലിസാറിന്റെ ചെവിക്ക് പിടുത്തവും വർക്കിസാറിന്റെ ചൂരൽ വടിയുടെ ചൂടും നങ്ങേലിപ്പെണ്ണിനറിയണ്ടല്ലൊ!

"മോളെ, നമ്മക്ക് വൈന്നേരം തോനെ നേരം കളിക്കാന്ന്. ഇപ്പെ ചേട്ടൻ പഠിക്കട്ടെ.

"മേണ്ട മ്പക്ക് ഇപ്പെത്തന്നെ കളിച്ചാ മതി" അവൾ തന്റെ നിക്കറിൽ നിന്നും പിടിവിടാനുള്ള ഭാവമില്ല.

ആ കൊച്ചുഹൃദയത്തെ വേദനിപ്പിക്കാൻ മനസ്സുവന്നില്ല.

"ശരി, വാ മോളെ, കളിക്കാം. പൗലോസേ വാടാ.

കൊച്ചുകണ്ണുകളിൽ കൃതജ്ഞതയുടെ നൂറുനൂറു നക്ഷത്രങ്ങൾ മിന്നി പ്രകാശിച്ചപ്പോൾ, തന്റെ മനസ്സിന്റെ ഇടനാഴികളിലും വെളിച്ചം.

"അത്തലും ഉത്തലും കളിച്ചാ മതി, ചുണ്ട് നന്നായി തുടച്ചുകൊണ്ട് പൗലോസും വന്നു. അവന്റെ കവിളിലെ മധുരിക്കുന്ന കുരു അലിഞ്ഞുതീർന്നി രിക്കുന്നു.

വട്ടം ചുറ്റിയിരുന്ന് മെഴുകിയ തറയിൽ പതിച്ചുവച്ച് ആറു കൈകളുടെ പുറങ്ങളിൽ വലത്തെ ചുണ്ടുവിരൽ ക്രമത്തിൽ തൊട്ടുവിളമ്പിക്കൊണ്ടു ചൊല്ലി –

"അത്തള്, ഉത്തള്, തവളാച്ചി, ചുക്കുമ്മെ, ഇരിക്കും ചൂളാപ്പാ, കഞ്ഞീ, വെന്താൽ, നീരോടും, മറിയം, വന്നു, വെളക്കൂതി, മുണ്ടു, സാറ, മാടി, ക്കുത്തി.

അവസാനത്തെ വാക്കുച്ചരിച്ചപ്പോൾ തൊട്ട് പൗലോസിന്റെ ഇടതു കയ്യാ ണാദ്യം മലർന്നുവീണത്. വിളമ്പലിന്റെ അടുത്ത പരിവട്ടത്തിൽ എത്സിയുടെ വലതുകയ്യും മലർന്നുവീണു. ഇനി അവരുടെ മറ്റേ കൈകളും മലരും. പിന്നെ കൈകൾ ഒന്നൊന്നായി സ്വതന്ത്രമാവും.

പക്ഷേ, 'കുത്തി'യെന്ന അവസാന വാക്കുമായി എപ്പോഴും പിണക്കത്തിൽ കഴിയുന്ന തന്റെ കൈകൾ മലർന്നു വീഴുമ്പോഴേക്കും മറ്റുള്ളവർ സ്വതന്ത്ര രായിക്കഴിഞ്ഞിട്ടുണ്ടാവും. ഒടുവിൽ, 'കടിഞ്ഞൂൽ പൊട്ടനായിത്തീരുന്ന ഞാൻ മറ്റുള്ളവരെ ഓടിച്ചിട്ടുതൊട്ട് 'കടം' വീട്ടുകയാണല്ലോ പതിവ്.

സ്വന്തം മോഹങ്ങളെ മാറ്റിനിറുത്തി, എത്സിക്കും പൗലോസിനും ഭാഗ്യം വിളമ്പുമ്പോഴാണ് അപ്രതീക്ഷിതമായി സ്വന്തം വലതുകരം മലർന്നുവീണത്. ഉള്ളിൽ നാമ്പെടുത്ത മോഹത്തോടെ വിളമ്പി – അത്ഭുതം! ഇടതുകയ്യും 'കുത്തി'യെന്നുള്ള അത്ഭുതവാക്കിന്റെ മായിക സ്പർശനത്തിൽ മലർന്നു വീണു.

വിജയപ്രതീക്ഷ ആവേശത്തിന് തിരികൊളുത്തി. അടുത്ത പരിവട്ടത്തിൽ തന്റെ കയ്യിനു സ്വതന്ത്രമാവാമെന്ന മോഹത്തോടെ, "അത്തലും ഉത്തലു തവ ളാച്ചി ചുക്കുമ്മെ ഇരിക്കും ചൂളാപ്പാ, വീണ്ടും വിളമ്പുമ്പോഴാണ്, തീരെ പ്രതീക്ഷിക്കാത്ത നിമിഷത്തിൽ തന്റെ നഗ്നമായ പുറത്ത് നെടുകെ, കാപ്പി യുടെ വടി അതിശക്തമായി വളഞ്ഞുകുത്തി പതിച്ചത്.

ഓർക്കാപ്പുറത്തായതുകൊണ്ടു പുളഞ്ഞുപോയി.

"ഠോ!" യെന്നുള്ള അടിയുടെ ശബ്ദം കേട്ട് എത്സി ഭയന്നു കരഞ്ഞു. പൗലോസ് എഴുന്നേറ്റോടി. ആട്ടിൻ കൂട്ടത്തിൽ പുലിയുടെ ആക്രമണത്തിനു വിധേയനായ കുഞ്ഞാടിന്റെ നിസ്സഹായതയോടെ തിരിഞ്ഞുനോക്കുമ്പോൾ കോപത്തിന്റെ ജ്വാലയേറ്റ് ചുവന്നുതുടുത്ത മുഖവുമായി അമ്മ – "അപ്രത്ത് നെല്ല് ഒണങ്ങാനിട്ടത് മുഴോൻ കോഴി തിന്ന് നീ കണ്ടോടാ? നിന്റെയൊരു ഒടുക്കത്തെ കളി!"

ഒരിക്കൽ കൂടി കാപ്പി വടി പുറത്ത് ആഞ്ഞുപതിക്കുന്നതിനുമുമ്പ് എഴു ന്നേറ്റോടി.

പടിഞ്ഞാറെ മുറ്റത്ത്, പനമ്പിൽ ഉണക്കാനിട്ട നെല്ലിൽ ചുവന്ന പൂവന്റെ നേതൃത്വത്തിൽ ആക്രമിച്ചു മുന്നേറുന്ന കോഴിപ്പട കിട്ടിയ കല്ലെടുത്ത് ആഞ്ഞെറിഞ്ഞു. ഏറുകൊണ്ട് പറമ്പിൽ നിന്നും നെല്ല് തെറിച്ചുപോയപ്പോൾ പുറത്ത് വീണ്ടും അടിയുടെ പഴുത്ത ദണ്ഡ് പതിച്ചു; "ഛീ' യെന്ന് തൊലി കരിഞ്ഞു.

"ഫ, അസത്തെ, വേലയെടുക്കുന്നവർക്കേ നെല്ലിന്റെ വെലയറിയൂ. പെറു ക്കിയിട്, ഒറ്റമണിയില്ലാതെ പുറത്തുപോയതൊക്കെ പനമ്പിൽ പെറുക്കിയിട്. ആങ്ഹാ..."

പുറത്തെ വേദന കടിച്ചുപിടിച്ചുകൊണ്ട് നെന്മണികൾ പെറുക്കിയിട്ടു.

നീറുന്നു. അടികൊണ്ട് പുറത്ത് പൊട്ടിയിടം വെന്തുനീറുന്നു.

നീറുന്നയിടം ഒന്നു തൊട്ടുതടവാൻ!

അമ്മ പോയിക്കഴിഞ്ഞപ്പോൾ കഴുത്തിനു മേലേക്കൂടി പുറത്തെ നീറ്റലിൽ തടവാൻ നോക്കി. ഇല്ല, കയ്യെത്തുന്നില്ല. കൈ തിരിച്ചു താഴെക്കൂടി പുറത്തു വിരലെത്തിച്ചു നോക്കി. ഇല്ല, കയ്യെത്താപ്പുറത്താണല്ലോ അടികൊണ്ട് വിണ്ടു പൊട്ടിയത്.!

തടയാൻ വയ്യാതെ – നീറ്റൽ കൂടിക്കൂടി നീറ്റൽ താങ്ങാൻ വയ്യാതായപ്പോൾ വേദന കടിച്ചുപിടിച്ചുകൊണ്ട് ഞെളിഞ്ഞു പിരിഞ്ഞു കിടന്നു ചാടി; അടികൊണ്ട് നടുവൊടിഞ്ഞ പാമ്പിനെപ്പോലെ പുളഞ്ഞു.

എത്ര ശ്രമിച്ചിട്ടും തടുത്തു നിർത്താനാവാത്ത കണ്ണുനീർ കവിളിലൂടെ ചാലുകീറി. കൊച്ചുകുട്ടികളെപ്പോലെ ചുണ്ടുകൾ പിളുത്തി നിശബ്ദമായി കരഞ്ഞു.

എന്റെ വേദനകളുടെ ഈ ഭാരം ഒന്നു മാറിച്ചുമക്കാൻ!

എന്റെയീ വിഹ്വലത ഒന്നു പങ്കിടാൻ സന്മനസ്സുള്ള ആരേ വരിക!

സാന്ത്വനത്തിന്റെ നീണ്ട വിരലുകളുമായി ആശ്വാസത്തിന്റെ തണുപ്പുള്ള ഒരു വാക്ക് കേൾക്കാൻ മനസ്സെത്രയോ കേഴുന്നു!

കപോലങ്ങളിലൂടെ അശ്രുബിന്ദുക്കൾ വീണ്ടും താഴേക്കുരുണ്ടുവീണ് മണ്ണിലൊളിച്ചു. കടന്നുപോയ കാറ്റ് പുറത്തെ നീറ്റലിൽ എണ്ണ പകർന്നപ്പോൾ, വാളമ്പുളിയുടെ ഉയർന്ന വേരിൽ തളർന്നിരുന്നു പനമ്പിൽ കോഴി നോക്കിക്കൊണ്ട്.

പടിഞ്ഞാറെ വീട്ടിലെ മുറ്റത്ത്, കുട്ടികളെല്ലാം ചേർന്ന് 'തൊങ്കിത്തൊട്ട്' കളിക്കുന്നു. ഒറ്റക്കാലിൽ ചാടിച്ചാടി മറ്റുള്ളവരെ തൊടാനെത്തുന്ന മുതിർന്ന പെൺകുട്ടി. അവളുടെ നീണ്ട കൈകളിൽ നിന്നൊഴിഞ്ഞുമാറുന്ന മറ്റു കുട്ടികൾ. അവരെല്ലാം ചിരിക്കുന്നു; ബഹളംവച്ച് കളിക്കുന്നു. എനിക്കു മാത്രമെന്തേ ഈ വിലക്ക്? എന്നിലെ മനുഷ്യത്വത്തിനുള്ള നീചത്വമെന്താണ്? ഞാൻ മാത്രമെന്തേ ഒറ്റക്കാലിൽ തൊങ്കിച്ചെല്ലുമ്പോൾ സൗഭാഗ്യം രണ്ടു കാലിൽ പരക്കം പായുന്നു?

ആകാശമൈതാനത്തിൽ രണ്ടുകാലിൽ പായുന്ന വെൺമേഘത്തിനു പിന്നാലെ തൊങ്കിച്ചെല്ലുന്ന കാർമേഘക്കുഞ്ഞ്. ജീവിതത്തെപ്പറ്റി, പ്രകൃതി നിയമങ്ങളെപ്പറ്റി ഒരു ചുക്കും അറിയാത്ത കാർമേഘക്കുഞ്ഞ്! അല്ലെങ്കിൽ, വെള്ളിമേഘത്തിന്റെ സൗഭാഗ്യത്തെ എത്തിത്തൊടാൻ അതു മോഹം കാണിക്കുകയില്ലല്ലൊ. ഒടുവിൽ, യാഥാർത്ഥ്യത്തെപ്പറ്റി ബോധവാനാകുമ്പോൾ ഭൂമിയിൽ പ്രളയം സൃഷ്ടിക്കും വിധം കണ്ണീരൊഴുക്കാനേ അതിനു കഴിയൂ.

"പാവം." അറിയാതെ പറഞ്ഞുപോയി.

പുറത്തു തിണർത്തു കിടന്ന അടിയുടെ പാടുകളിൽ മയങ്ങിക്കിടന്ന നീറ്റൽ പെട്ടെന്ന് പല്ലും നഖവും നീട്ടിയുണർന്നപ്പോൾ പകപ്പോടെ ഞെട്ടിത്തിരിഞ്ഞുനോക്കി.

തൽക്ഷണം വിടർന്ന കൂമ്പാളപോലെ ഇളയമ്മ മുമ്പിൽ!

സ്വന്തം മനസ്സിലും വിടർന്ന പൂങ്കുലയിൽനിന്ന് കാറ്റിന്റെ തോണിയിലേറി പരാഗങ്ങൾ സവാരിക്കിറങ്ങുകയായി – "എളേമ്മ എപ്പഴാ വന്നെ? ഞാനറിഞ്ഞില്യാട്ടോ."

ഇളയമ്മ ഒരു മറുചോദ്യമാണുന്നയിച്ചത് – "ആരാ മോനേ പാവം?

തന്റെ വാക്കുകൾ ഇളയമ്മ കേട്ടെന്നറിഞ്ഞപ്പോൾ ജാള്യത തോന്നി. പക്ഷേ ഇളയമ്മ വിടാനുള്ള ഭാവമില്ലായിരുന്നു. "ആരാ പാവംന്ന്?"

അതറിയാതെ ഇളയമ്മ വിടാനുള്ള ഭാവമില്ലെന്നറിഞ്ഞപ്പോൾ – പറഞ്ഞു "കൊച്ച് കാർമേഘം".

"എന്ത്യേ?"

"അതിന്റെ വിചാരം അതും വെള്ളിമേഘത്തിന്റെ ഒപ്പമാന്നാ. പാവം! ഇളയമ്മയുടെ നയനങ്ങൾ ഒരുനിമിഷം ശോകരസം പൂണ്ടെന്നു തോന്നി, "അല്ല മോനേ, വെള്ളിമേഘങ്ങള് കാണാൻ ചേലന്നേയുള്ളൂ; ഒരുപകാരത്തിന് ഒക്കെ മച്ചികളാ. കാർമേഘങ്ങളീന്ന് മാത്രേ ഈ ലോകത്തില് മഴ പെയ്തട്ടൊള്ളൂ; പെയ്യൊള്ളു.'

സുമുഖരാണത്രെ ഭാഗ്യഹീനർ! ഇളയമ്മയുടെ വാക്കുകളിലെ പൊള്ളത്തരമോർത്തപ്പോൾ ചുണ്ടുകളിൽ ഒരു പുഞ്ചിരിയുടെ നനവ് പടർന്നു. "എന്തിനാ മോനെ അമ്മയിങ്ങനെ തല്ല്യെ?" തന്റെ പുറത്തെ തിണർപ്പുകളിൽ ഇളയമ്മ ഒരിക്കൽക്കൂടി വിരലുകളരിപ്പിച്ചു.

"നെല്ലി കോഴി നോക്കാണ്ട് കളിച്ചേന്."

"അതിന് പോത്തിന്റെ പൊറംപോലെ ഇങ്ങനെ കൊട്ടിപ്പൊളിക്കണൊ?"

അതിനാരാണ് ഉത്തരം കൊടുക്കുക?

"മോൻ വാ എളേമ്മ ചോദിക്കാം.

ഇളയമ്മയുടെ കൂടെ എഴുന്നേറ്റു ചെന്നു. മറ്റു വീടുകളിലെ കുട്ടികളോടെല്ലാം എത്ര സ്നേഹത്തോടെയാണവരുടെ അമ്മമാർ പെരുമാറുക! ക്ലാസ്സിലെ കുട്ടികൾ ഓരോന്നു പറയുന്നതു കേൾക്കണം!

എന്റെ ജീവിതത്തിലും സുഭഗമായൊരു ദിനമുണ്ടായിരുന്നു. ഓട്ടുവിളക്കിന്റെ കുടുതിരിയിൽ നിന്ന് അലുക്കുകളിളക്കി നൃത്തമാടുന്ന മോഹനനർത്തകിയുടെ സാന്നിദ്ധ്യത്തിൽ മാതൃസ്നേഹത്തിന്റെ മുദ്ര ഈർപ്പഭരിതമായി നെറ്റിയിൽ പതിഞ്ഞ ദിനം!

പക്ഷേ എത്ര പെട്ടെന്നാണ് ആ മുദ്ര ഉണങ്ങിപ്പോയത്. ഓർക്കുമ്പോൾ മനസ്സിലെ തൊടലിച്ചെടിയിൽ പിടിച്ച് ആരോ ശക്തിയായി കുലുക്കുന്നു.

"ചേട്ടത്തി നോക്ക്യേൻ"

പൂട്ടു ചുടുകയായിരുന്ന അമ്മ തിരിഞ്ഞുനോക്കി; ഒപ്പം അടുപ്പിനടുത്തു നിൽക്കുകയായിരുന്ന പൗലോസും എത്സിയും.

"ദേ. ഇതു കണ്ടോ, ഇളയമ്മ തന്നെ പുറം തിരിച്ചു നിർത്തി അടികൊണ്ടു പൊട്ടിയ വടു കാണിച്ചു, "എന്റെക്രമമാ ഈ കാണിച്ചെ?

ആവി വന്ന് പൂട്ടുകണ പൂട്ടുകുടത്തിൽ നിന്നെടുത്ത്, നിരത്തിവച്ച വാഴയിലയിലേക്ക് പൂട്ടു കുത്തിയിടുന്നതിനിടയിൽ അമ്മ നിസ്സാരമട്ടിൽ വീണ്ടും നോക്കിയിട്ട് മുഖംതിരിച്ചു. "പിള്ളേരായാ അടിയൊക്കെ കൊണ്ടൂന്ന് വരും. അതവരുടെ നന്മയ്ക്ക് വേണ്ടിയാ."

"എന്നാലും ഇത്ര സ്നേഹോല്യാണ്ട്....." ഇളയമ്മയെ മുഴുമിപ്പിക്കാൻ സമ്മതിക്കാതെ അമ്മ പറഞ്ഞു – "സ്നേഹം മനസ്സിലാ."

"സ്നേഹം മനസ്സില് മാത്രമായതുകൊണ്ടാരിക്കും, രണ്ടുമാസം പ്രായം എത്തുന്നേനുമുമ്പ് ഇതിന്റെ മൊലകുടി മാറ്റിയത്! ആ അമ്മ പെടാപ്പാടു

കഴിച്ച കാരണം ഇതിനെ ജീവനോടെ കിട്ടി. അല്ലിങ്ങി....."

അല്ലിങ്ങി.....

കേട്ടപ്പോൾ ഞടുങ്ങിപ്പോയി! മുളയിലേ ഉണങ്ങിപ്പോവേണ്ടിയിരുന്ന തന്റെ ജീവിതം, മരിച്ചുപോയ അമ്മൂമ്മയുടെ ഔദാര്യത്തോട് എത്രയോ കടപ്പെട്ടിരിക്കുന്നു!

വിധിയുടെ ത്രാസിൽ തൂങ്ങിക്കിടന്ന് ജീവിതത്തിനുവേണ്ടി യാചിക്കുന്ന ഒരു ചോരക്കുഞ്ഞിന്റെ കരച്ചിൽ ചെവിയിൽ മുഴുങ്ങുന്നു.

ശൈശവത്തിന്റെ മൗലികാവകാശമായ അമ്മിഞ്ഞപോലും നിഷേധിക്കപ്പെട്ട കുഞ്ഞ്.

എന്നിട്ടും അത് ജീവിക്കുന്നു - കരുണയുള്ള വിധിയുടെ അദൃശ്യ കരങ്ങളിൽ

"ഒരു കാര്യം ചെയ്യ് - ചേട്ടത്തിക്കിവനെ വളർത്താൻ പ്രയാസാണെങ്കി എനിക്കിങ്ങ് വിട്ടു തന്നേരെ. ഞാനിവനെ കണ്ണിലെ കൃഷ്ണമണിപോലെ നോക്കിക്കൊള്ളാം."

"അപ്പോ ഇവിടെ കാളേനെ നോക്കണതാരാ? ഇവിടത്തെ പണിയൊക്കെ എടുക്കണതാരാ?"

"നിങ്ങക്ക് ഒരു പണിക്കാരന്റെ കൊറവ്, എനിക്കൊര് മോന്റെ കൊറവ്. എത്ര വേഗമാണ് ഇളയമ്മയുടെ കണ്ണുകൾ നിറയാൻ തുടങ്ങിയത്!

"ക്ഷമിക്ക് റോസിലി, നാലഞ്ചുവർഷം അത്ര നീണ്ട കാലാവധിയൊന്നുമല്ല. പോരാത്തത് നിങ്ങള് രണ്ടാളും ചെറുപ്പോം."

"ഇല്യ ചേട്ടത്തി, ഡോക്ടറുകൂടി കൈവിട്ടതാ. ഞങ്ങളിനീം പോവാത്ത തീർത്ഥസ്ഥലങ്ങളില്ല; നടത്താത്ത വഴിപാടുകളില്ല. എന്നിട്ടും എനിക്കൊരു കൊച്ചുകാല് കാണാൻ ഒരു കുഞ്ഞിക്കാല് ഞാനവനെ എത്ര പൊന്നു പോലെ വളത്തിയേനെ!" ഇളയമ്മ നിയന്ത്രണം വിട്ടു കരയാൻ തുടങ്ങിയപ്പോൾ, അമ്മ സമാശ്വസിപ്പിച്ചു.

"ഇത്ര പെട്ടെന്ന് ആശ വിട്ടാലോ റോസിലി? എത്രയോ പേർക്ക് കല്യാണം കഴിഞ്ഞ് എട്ടും പത്തും വർഷം കഴിഞ്ഞ് പിള്ളേരുണ്ടാവണൂ! നേർച്ചേടെ ഫലമറിയാൻ കൊറേക്കാലമെടുക്കും പെണ്ണേ. നടെ വേദപുസ്തകത്തിലെ എബ്രാഹത്തിന് തന്നെ വയസ്സുചെന്ന് മുടി നരച്ചപ്പഴാ ദൈവം ഇസഹാക്കെന്ന മോനെ കൊടുത്തെ? നീങ്ങ്ട് കടന്ന് വന്നേ. ഈ പൂട്ടില് ഉപ്പ് പാകാണോന്ന് നോക്ക്യേ....."

ഇളയമ്മ സ്വയം കണ്ണുനീർ തുടച്ച് അടുക്കളയിലേക്ക് കടന്നുചെന്ന് അമ്മയോടു ചേർന്നുനിന്ന് നാട്ടുവർത്തമാനത്തിൽ മുഴുകി.

രണ്ടുപേരെയും ഒരുമിച്ചു കണ്ടാൽ ചേച്ചീം അനിയത്തീം പോലെയേ തോന്നൂ. രണ്ടുപേരും വെളുത്തു തുടുത്ത് നീണ്ടമുടിയുമായി - അമ്മക്ക് ചട്ടേം മുണ്ടും ഇളയമ്മക്ക് സാരീം എന്ന വ്യത്യാസമേയുള്ളു.

എന്നെപ്പോലെയുള്ള ഒരു മകൻ ജനിക്കുന്നതിലും എത്രയോ ഭേദമാണ് ഇളയമ്മ പ്രസവിക്കാതിരിക്കുന്നത്. ഇപ്പോൾ ഇളയമ്മ മാത്രം വേദനിച്ചാൽ

മതിയല്ലോ.

നാലുകുട്ടികൾ ഒന്നിച്ചു കൂടുന്നിടത്ത് ഒരുത്തൻ പറയുന്നു.

“നമ്മള് നാലാളില് ഒരാൾ കൂട്ടത്തിൽക്കുത്തി. ആരാ?”

മറ്റുള്ളവർ കൂട്ടത്തിൽക്കുത്തിയെ കണ്ടെത്താൻ ശ്രമിക്കുന്നു. “ജോസ്”

”അല്ല”

”ഗോപി”

” അല്ല”

‘ഏല്യാസ്.

‘ങ്ഉം.” അവതാരകൻ സമ്മതിക്കുന്നു. കാരണം പറ.

“അവൻ മാത്രം ഷർട്ട് ഇട്ടിട്ടില്ല്യ.”

” അല്ല”

‘അവൻ തക്കിടി മുണ്ടൻ”

അത് തന്നെ. തന്നെക്കാളും ചെറിയ ഗോപിയും ജോസും മറ്റും ആർത്തു ചിരിക്കുമ്പോൾ ചവിട്ടിനിൽക്കുന്ന കരയിൽ നിന്നും തിട്ടകളെ ഒന്നൊന്നായി എടുത്തു വിഴുങ്ങിക്കൊണ്ട് ക്രൂരയായ നദി പാഞ്ഞൊഴുകുന്നു.

ആ നദിയുടെ സരണി അപ്പനാണ്. ലോകം മുഴുവൻ കേൾക്കെ അപ്പൻ വിളിക്കുന്നു. “ഡാ തക്കിടിമുണ്ടാ....”

“എന്തോ” വിളി കേട്ടോളണം. അല്ലെങ്കിൽ അടുത്തനിമിഷം തയമ്പുള്ള ബലിഷ്ഠകരങ്ങൾ ചെകിട്ടത്ത് ആഞ്ഞുപതിയും. ഏതാനും സമയത്തേക്ക് തലക്കുള്ളിൽ മരണം മൂളിക്കൊണ്ടേ ഇരിക്കും.

–ഇറയത്ത് കിടക്കുന്ന പഴയ ചാരുകസാലയിൽ നിന്നൊരു ഇടിനാദം മുഴങ്ങുന്നു; “മൂര്യോൾക്ക് വക്കോല് വലിച്ചിട്ടു കൊട്ക്കടാ.”

അല്ലെങ്കിൽ,

“ഡാ, തൊഴുത്തിലെ ചാണം വാരിക്കളയ്; മൂര്യോളെ അഴിച്ചിട്ട് തീറ്റ്.” എന്തു ജോലി ചെയ്തുകൊണ്ടിരുന്നാലും എല്ലാം ഇട്ടെറിഞ്ഞ് തൊഴുത്തിലേക്കോടുന്നു.

പണിതീരുന്നതിനു മുമ്പേ അമ്മ വിളിക്കുന്നു.

“ഡർക്കാ, ഏല്യാ, വേം ഈ പാത്രത്തിലൊക്കെ വെള്ളം കോര്യേ.” അല്ലെങ്കിൽ

“ഈ വെറകെല്ലാം കീറിയിട്ടേ.”

വീണ്ടും ഓടുന്നു.

ഓട്ടത്തിനിടക്ക് കാണാം. ഒരു വയസ്സിനിളതെങ്കിലും തന്നേക്കാൾ തടിയും പൊക്കവുമുള്ള പൗലോസ്, അനുജത്തി എത്സിയുമായി ഇരുന്നു കളിക്കുന്നത്. അല്ലെങ്കിൽ മാറി നടക്കുന്നത്. അവനോടാരും പണി ചെയ്യാൻ പറയില്ല. അപ്പന്റെ പുന്നാരമോനാണല്ലോ.

നാലഞ്ചുദിവസമായി ഈ ഓട്ടമാരംഭിച്ചിട്ട്, അപ്പൻ അടച്ചുവാങ്ങിയ തോട്ടങ്ങളിലെ മരങ്ങളെല്ലാം തീർന്നുപോയിരിക്കുന്നു.

ഇനി പുതിയ തോട്ടം കിട്ടുന്നതുവരെ അപ്പൻ പകലും വീട്ടിൽ കാണും.

അപ്പന്റെ സാന്നിദ്ധ്യത്തിൽ അമ്മയുടെ ക്രൂരതക്ക് കൂടുതൽ വിശപ്പു വീഴുന്നു.

ഇറയിലെ കാപ്പി വടികൾ എപ്പോഴും അലറിച്ചിരിച്ചുകൊണ്ട് ചാടിയിറങ്ങി, തന്റെ ശരീരത്തിൽ പല്ലുകൾ കുത്തിയിറക്കി മാംസവും രക്തവും കോർത്തുവലിക്കുന്നു....

അതുകൊണ്ട് ഇളയമ്മയുടെ കൂടെ പോകാൻ അപ്പൻ സമ്മതം മൂളിയപ്പോൾ അങ്ങേയറ്റത്തെ ആശ്വാസമാണ് തോന്നിയത്.

കുറച്ചുദിവസത്തേക്കെങ്കിലും ഈ വേദനയിൽ നിന്നൊരു മോചനം പോരാത്തതിന് ബസ്സിൽ കയറിയുള്ള കന്നിയാത്ര!!

# അഞ്ച്

‘എന്നാലും അതിനെ വേഗംങ്ങട് പറഞ്ഞക്കണോട്ടൊ. ഇവിടാരൂല്യ. അതിന് സ്കൂളിലും പോകാനൊള്ളതാ.” തങ്ങൾ ഇറങ്ങാൻ നേരം അപ്പ നോർപ്പിച്ചു.

“അതിന് ചേട്ടനങ്ങ്ട് വന്നാ ഇവനെ കൊണ്ടു പോരാല്ലൊ.“

“നേരം വേണ്ട പെണ്ണേ! തോട്ടങ്ങള് അന്വേഴിച്ച് മടുത്തു. നാട്ടിലെ മര ങ്ങളൊക്കെ തീർന്നമട്ടായി. യാക്കോബിനോട് ഇങ്ങ്ട് വല്ലപ്പോഴും എറങ്ങാൻ പറ. അവനീ വഴിയൊക്കെ മറന്നപോലെ!”

‘ഞാൻ പറയാം. എന്നാ ഞങ്ങളെറങ്ങട്ടെ?”

“ശരി.”

ഇളയമ്മയുടെ കൂടെ അഭിമാനപൂർവ്വം ഒതുക്കുകളിറങ്ങി.

ഇടവഴിയിലെത്തിയപ്പോഴാണ് ഇളയമ്മ തന്നെ ശ്രദ്ധിച്ചത്. “മോന് വെറെ ഷർട്ടില്ലേ? ഇത് കീറിപ്പോയല്ലൊ.”

നിഷേധാർത്ഥത്തിൽ തലയാട്ടി, “ഇത് എളേമ്മേടെ കല്യാണത്തിനെ ടുത്തതാ. പിന്നൊള്ളത് ഇതിലും ചീത്തയാ.”

“മോന് ഈ മന്മലിന്റെ ഷർട്ടാണോ അപ്പൻ കല്യാണത്തിന് തയിപ്പിച്ചു തന്നെ?”

വേദനയോടെ സമ്മതിക്കേണ്ടിവന്നു. “പൗലോസിനും മറ്റൊള്ളോർക്കൊക്കെ ടെർലിനും ടെറിക്കോട്ടനും എടുത്തു. എനിക്കു മാത്രം....”

“അതു സാരോല്യ.... എളേമ്മ നല്ലതു തയിപ്പിച്ചു തരാം. പിന്നെ, എളേ മ്മേടെ കല്യാണൊക്കെ മോൻ ഇപ്പോഴും ഓർക്കണുണ്ടോ? ഗൂഢമായൊരു പ്രകാശം ഇളയമ്മയുടെ കണ്ണുകളിൽ വെട്ടിത്തിളങ്ങി.

‘എങ്ങിനെയാണതു തനിക്കു മറക്കാൻ കഴിയുക! തന്റെ ഇളയപ്പന്റെ ജീവിത ത്തിലേക്ക്, ശുഭവസ്ത്രയായി, സർവ്വാഭരണ വിഭൂഷിതയായി, അവനമ്രമു ഖിയായി വലതുകാലും വച്ചു കടന്നുവന്ന ഭംഗിയുള്ള സ്ത്രീയെ അന്ന് ഒരു പ്രത്യേക കൗതുകത്തോടെ നോക്കിനിന്നത് ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നു.

എത്ര പെട്ടെന്നാണവർ തന്റെ ഇളയമ്മയായത്! എല്ലാ സംശയങ്ങളും തീർത്തു തന്ന്, എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തരുമ്പോൾ അമ്മ ശാസി ക്കുമായിരുന്നു. “വേണ്ട റോസിലി, അധികം ലാളിച്ചാല് ചെക്കൻ ചീത്ത്യാവും.”

‘ഇല്ല ചേട്ടത്തി. സ്നേഹിക്കുന്നതുകൊണ്ട് ഒരു കുട്ടിയും ചീത്തയാവില്ല,”

മാതൃസ്നേഹത്തിന്റെ പോരായ്മ കണ്ടറിഞ്ഞ് ഇളയമ്മ തന്നെ സ്നേഹിച്ചു, ആത്മാർത്ഥമായി! തന്റെ ഏകാന്ത സായാഹനങ്ങൾക്ക് ശാശ്വതമായ അന്ത്യം കൈവന്നുവെന്ന് അന്ന് വിശ്വസിച്ചു.

– പക്ഷേ

ജോലിചെയ്യുന്ന ഫാക്ടറിയുടെ അടുത്ത് ഇളയപ്പന് സൗകര്യമായി ഒരു വീടുകിട്ടിയപ്പോൾ വീണ്ടും ഞാൻ വിധിയുടെ അലകളിലേക്ക് അമ്മാന മാടാൻ എടുത്തെറിയപ്പെടുകയായിരുന്നു. ഹൃദയത്തിൽ വടുകെട്ടിത്തുടങ്ങിയ വൃണങ്ങളെ വീണ്ടും മാന്തിപ്പൊളിച്ചുകൊണ്ട്, വീട്ടിലെ ഏകാന്തതക്ക് തന്നെ കാവലിരുത്തി, ഇളയമ്മ, ഇളയപ്പനോടും മറ്റുള്ളവരോടും ഒപ്പം താമസമാറ്റ ത്തിനു പോയപ്പോൾ വേർപാടിന്റെ നൊമ്പരം വിതുമ്പുന്ന ഹൃദയത്തോടെ, പടിഞ്ഞാറെ മുറ്റത്തെ പുളിമരത്തിന്റെ ഉയർന്ന വേരിൽ പടിഞ്ഞാട്ടും നോക്കിയിരുന്നതു ഇന്നലെയെന്നോണം ഓർക്കുന്നു....

“മോനെ, സൂക്ഷിച്ചു കേറ്!,” മൂക്കുള്ള ബസ്സിന്റെ ഉയർന്ന പടിയിലേക്ക് കാൽ പൊക്കിവെക്കുമ്പോൾ ഇളയമ്മ ഉപദേശിച്ചു.

ഗ്രാമത്തിന്റെ ചെമ്മൺ പാതയിലൂടെ പൊടിയും പറത്തി വലിയ ശബ്ദ ത്തോടെ പാഞ്ഞുപോകുന്ന ഈ ബസ്സിൽ കയറാനുള്ള മോഹം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലല്ലോ.

ഒടുവിലിതാ, ഇന്ന് –

ഇളയമ്മയുടെ കൂടെ കുഷൻ സീറ്റിൽ ചാരിയിരിക്കുമ്പോൾ അഭിമാനം തോന്നി. തന്റെ ക്ലാസ്സിലെ പാക്കരനും, മാത്തനും, പെൺകുട്ടികളും കണ്ടാൽ തീർച്ചയായും അസൂയപ്പെടും. മഹത്വം നിറഞ്ഞുനിൽക്കുന്ന ഒരുനാൾ എല്ലാ വർക്കും ഉണ്ടാവുമെന്ന് വിശ്വസിക്കാൻ അവർ വിസമ്മതിക്കുന്നു.

മഹത്വത്തിന്റെ നിമിഷങ്ങളിലൊ, ദർശകരും അപൂർവ്വം!

ഇളയപ്പന്റെ കൊട്ടാരത്തിൽ ഇനിയും കിരീടം ലഭിക്കാത്ത ഒരു രാജകുമാ രനായി വാഴുമ്പോൾ, ദിനങ്ങളായി ചാലുമാറിപ്പോയ സ്വന്തഗൃഹത്തിലെ ജീവിതം ഒരു വിസ്മൃതിയുടെ പാറക്കെട്ടിലൂടെ തുളഞ്ഞിറങ്ങി വന്ന വേരു പോലെ ഒറ്റപ്പെട്ടു നിൽക്കുന്നതായി തോന്നി. ഒരുപക്ഷെ കാലത്തിന്റെ ദന്ത ക്ഷതമേറ്റ് കൊളുത്തൊടിഞ്ഞുപോയ മുജ്ജന്മത്തിലെ ഏതോ പേക്കിനാവു കളാവാനും മതി.

കാലുവച്ചാൽ മെഴുക്കുന്ന സിമന്റുതറയും, കാറ്റിന്റെ സാന്നിദ്ധ്യത്തിൽ അസ്വസ്ഥമാവുന്ന ജനൽവിരികളും, സ്വിച്ച് ഞൊടിച്ചാൽ കൺതുറക്കുന്ന ആലക്തികദീപങ്ങളും നോബു തിരിച്ചാൽ സപ്തസ്വരങ്ങളെ ബന്ധന വിമുക്തമാക്കുന്ന റേഡിയോയും തുടിച്ചുനിൽക്കുന്ന ഇന്നത്തെ ഈ നിമിഷ മാണു യാഥാർത്ഥ്യം. കഴിഞ്ഞതെല്ലാം, കണ്ടുമറന്ന പേക്കിനാവുകളാ ണ്; വരാനുള്ളതൊ ഭാവിയുടെ അണക്കെട്ടിൽ കെട്ടിനിൽക്കുന്ന ഭാവന കൾ മാത്രം! വർത്തമാനത്തിന് പരിവേഷമണിയിക്കുന്ന ഈ നിമിഷത്തിൽ മാത്രമേ ജീവിക്കാനാകൂ!

എന്നിട്ടും ഇളയപ്പനെന്തിനേ, പിന്നിട്ടുപോന്ന ഊടുവഴികളിലേക്ക് തന്നെ

തിരികെ വിളിച്ചുകൊണ്ടുപോകുന്നത്? “ഒരിത്തിരി പഴഞ്ചോറിനുവേണ്ടി, എന്നും വൈകുന്നേരം പടിക്കെ കാത്തു നിന്നത് നിയോർക്കണുണ്ടോ, ഏല്യാസേ?”

“ങ്ഉം.” ലജ്ജയോടെ തലയാട്ടി.

വിശപ്പിന്മേൽ ആധിപത്യം നേടുന്നതിനുമുമ്പ്, നിറയാൻ വിസമ്മതിക്കുന്ന വയറിന്റെ മുറവിളി കേട്ടു തുടങ്ങുമ്പോൾ പടിക്കൽ ചെന്നു നിൽക്കുമായിരുന്നു, വടക്കോട്ടും നോക്കിക്കൊണ്ട്.

നിഴലുകൾ ഉച്ചമയക്കത്തിന്റെ ആലസ്യത്തിൽനിന്നും ഉണരാൻ മടിച്ച് തളർന്നുകിടക്കുന്ന വഴിയുടെ അറ്റത്തുള്ള വളവിൽ, പുസ്തകവും കയ്യിലേന്തി, ഒറ്റമുണ്ടുടുത്ത് ചുളിവുകൾ വീണ ഷർട്ടണിഞ്ഞ സുമുഖനായ ചെറുപ്പക്കാരന്റെ ക്ഷീണിച്ച നിഴൽ ദർശനം ആവേശത്തിന് ഇക്കിളി കൂട്ടുമ്പോൾ, “എളേപ്പാ..!”

ഒറ്റയോട്ടമായിരുന്നു.

ഓടിച്ചെന്ന്, തന്റെ ചെറിയ ബുദ്ധിമണ്ഡലത്തിൽ ദഹനക്കേടു സൃഷ്ടിക്കുന്ന കാൽക്കുലസും, ആൾജിബ്രായും, ഫിസിക്സും വിഷയങ്ങളെക്കുറിച്ച് അഗാധചിന്തയിലാണ്ടു കിടക്കുന്ന ബുക്കുകളെ ഉണർത്താതെ കൈനീട്ടി വാങ്ങി ഇളയപ്പനോടൊപ്പം തിരിച്ചുനടക്കുമ്പോൾ ഇത്തിരിപ്പോന്ന സ്വന്തം മനസ്സിലും ഒരു കോളേജുകുമാരന്റെ ഗർവ്വ്.

എല്ലാം ഒരുരുള ചോറിനുവേണ്ടിയായിരുന്നു. അത് ലഭിക്കുംവരെ, ചുമ്മാ നാട്ടുവിശേഷങ്ങളും വീട്ടുവിശേഷങ്ങളും, തെക്കേലെ ശാരദേച്ചി വെള്ളം കോരാൻ വന്നപ്പോൾ ഇരുമ്പൻ പുളി പറിച്ചു തിന്നതും വടക്കേലെ ഏലമ്മച്ചേടത്തി രണ്ടു കരണ്ടി പഞ്ചസാര കടം ചോദിക്കാൻ വന്നിട്ട് അമ്മ കൊടുക്കാതിരുന്നതുമായ കഥകൾ പറഞ്ഞ് ഇളയപ്പനെ ചുറ്റിപ്പറ്റി നടന്ന സായാഹ്നങ്ങൾ....

ശാരദേച്ചിയിലുള്ള ഇളയപ്പന്റെ അഭിനിവേശത്തെ ആവുന്നത് ചൂഷണം ചെയ്തെങ്കിലും, അതിൽ കളങ്കം കണ്ടെത്താനുള്ള പ്രായമായിരുന്നില്ല, അന്ന്. അല്ലെങ്കിൽ ശാരദേച്ചി പറഞ്ഞല്പിച്ചതു പ്രകാരം, അവർ പുളി പറിച്ചു തിന്ന കാര്യം താൻ പറഞ്ഞപ്പോൾ ഇളയപ്പൻ ഞെട്ടിയതിന്റെ പൊരുൾ മനസ്സിലാക്കിയേനെ!

പക്ഷേ സിസ്റ്റർ പറഞ്ഞു തന്നിട്ടുണ്ട്, ദുരാശയോടെ ഒരു യുവാവോ യുവതിയോ പരസ്പരം നോക്കിയാൽ അവർ മനസ്സുകൊണ്ട് വ്യഭിചാരം ചെയ്തു കഴിഞ്ഞെന്ന്!

ഇളയപ്പൻ ശാരദേച്ചിയെ അങ്ങിനെ നോക്കിയിട്ടുണ്ടാകുമോ?

അവർ വ്യഭിചാരം ചെയ്തിട്ടുണ്ടാകുമോ?

അല്ലെങ്കിൽ വിജനതയുടെ മറവിൽ വച്ച് ശാരദേച്ചി വിമ്മിക്കരഞ്ഞപ്പോൾ ഇളയപ്പൻ നിസ്സഹായ മുഖത്തോടെ അങ്ങ് വിഹായസ്സിലേക്കും നോക്കി നിന്നതെന്താണ്?

ഓർത്തപ്പോൾ അറിയാതെ ഞെട്ടി.

വ്യഭിചാരം!!

ലോകത്തിലേക്കും ഭീകര ചാവുദോഷം!

ആറാമത്തെ പ്രമാണത്താൽ ദൈവം വിലക്കിയിരിക്കുന്ന കൊടും പാപം! ഇളയപ്പൻ നരകശിക്ഷക്കു വിധിക്കപ്പെടില്ലേ? പിശാചുക്കൾ ഇളയപ്പനെ തീ നരകത്തിലേക്കു കൊണ്ടുപോവില്ലേ?

ദാവീദു രാജാവിന്റെ ഭീതിദ പതനം.

ശ്ലേമോന്റെ നാശം.

സോദോവിലും ഗമോറയിലും പെയ്ത് തീമഴ ഉരുക്കിയൊലിപ്പിച്ച് ചാവു കടൽ!

നോഹിന്റെ കാലത്തെ പ്രളയം.

എല്ലാറ്റിനും കാരണം വ്യഭിചാരമായിരുന്നു.

ദുഃഖത്തിന്റെ നീരുറവകൾ ഗർഭത്തിലൊളിപ്പിച്ചുകൊണ്ട്, പഴുത്തു തുടുത്ത് കാറ്റിലാടുന്ന വിലക്കപ്പെട്ട കനികളെ കാണിച്ചുകൊണ്ട് മോഹങ്ങൾ പത്തി വിടർത്തിയാടുന്നു. അനന്ത സൗഭാഗ്യങ്ങളുടെ രേഖകൾ കൈവെള്ളയിൽ പതിപ്പിക്കാൻ; സുഖൈശ്വര്യങ്ങളുടെ ഏണിപ്പടിയിൽ ഒരു പടികൂടി കയറാൻ മനസ്സിനെ തളച്ചിട്ട വിലങ്ങുകൾ യുക്തിബോധത്തിന്റെ ചൂടേറ്റ് അല്പം വികസിക്കുമ്പോൾ, ഏകാന്തതയുടെ മറവിൽ, തുടുത്ത കനികൾക്കു നേരെ നീളുന്ന കരങ്ങൾ; ലക്ഷ്യപ്രാപ്തിയുടെ പ്രകീർഷയിൽ ഞെട്ടിനോടു വിട പറയുന്ന പഴം – ഒരു പാരയുടെ പെട്ടികൂടി തുറക്കപ്പെട്ടു.

ആ നാളുകളിൽ ഇളയപ്പൻ അനുഭവിച്ച മനോവേദനക്ക് മുഴുവൻ മൂക സാക്ഷിയായത് താൻ മാത്രമായിരുന്നല്ലൊ.

കാൽക്കീഴിൽ നിന്നും വഴുതി മാറുന്ന മനശ്ശാന്തിയുടെ പറുദീസ.

കുറ്റബോധത്തിന്റെ എരിവെയിലിൽ പൊരിഞ്ഞ്, വേദനകളുടെ മുള്ളുകൾ നിറഞ്ഞ്, ദുഃഖങ്ങൾ ഇഴയുന്ന ഭൂമിയിൽ ഒരു നാടോടി കൂടി!'

നെറ്റിയിലെ വിയർപ്പുതുള്ളികളിൽ മുളപൊട്ടുന്നത് യാതനകളുടെ വിത്തുകളാണ്.

അദ്ധ്വാനിച്ചാലും ഫലമണിയാത്ത ഭൂമി.

മോഹങ്ങൾക്ക് പട്ടടയൊരുക്കുന്ന യാഥാർത്ഥ്യങ്ങൾ!

എവിടെയാണെന്റെ പറുദീസാ ?

തേനും പാലുമൊഴുകുന്ന കാനാൻദേശമെവിടെ?

അറിവിന്റെ മരുഭൂമിയിലൂടെ എത്ര വർഷത്തെ ദൂരമുണ്ടവിടേക്ക് ?

നന്മതിന്മയുടെ അറിവ് മനസ്സിന്റെ തൊണ്ടയിൽ മുഴച്ചു കിടക്കുന്നിടത്തോളം കാലം, ചീഞ്ഞളിഞ്ഞ ഫലമൂലാദികളേ ഭൂമി ഉല്പാദിപ്പിക്കുന്നുള്ളു.

അവയർപ്പിക്കുമ്പോഴോ സ്വർഗ്ഗത്തിലെ വിശുദ്ധ അഗ്നികൾ മൗനം ദീക്ഷിക്കുന്നു.

ബലികളെ തേടിയിറങ്ങുന്നത് മിന്നിത്തിളങ്ങുന്ന ഇടിവാൾ മാത്രം: ഒപ്പം പ്രപഞ്ചം കിടുക്കുന്ന ഇടിനാദവും.

ആ മേഘനിർജ്ജരിക്കും മേലെ ഗർഭപാത്രത്തിൽ വച്ചു തന്നെ ഒഴുകി

പ്പടർന്ന ആബേലിന്റെ കട്ടച്ചോര നീതിക്കുവേണ്ടി കേണപ്പോൾ, വീണ്ടും സ്വർഗ്ഗം രൗദ്രതയോടെ ഭൂമിയെ തറച്ചുനോക്കി ഗർജ്ജിച്ചു. “എവിടെ നിന്റെ പിറക്കാത്ത മകൻ?”

പക്ഷേ പിറക്കാത്ത മക്കളുടെ കാവലാളിത്വം ഞാനേറ്റെടുത്തിട്ടില്ലല്ലോ. അതുകൊണ്ട് മറുപടിയായുയരുന്നത് മറ്റൊരാബേലിന്റെ ആർത്തനാദമാണ്. മാടപ്രാവിന്റെ പരിശുദ്ധിയെ പന്നിയുടെ മേച്ചത നൽകുന്ന അല്പസുഖത്തിനുവേണ്ടി ഓടയിലൊഴുക്കിയപ്പോൾ വരപ്രസാദം ബാഷ്പീകരിച്ചു പോയി.

വഞ്ചിതമായ വേദനയിൽ നിന്നുതിർന്ന ചുടുനിശ്വാസങ്ങൾ കാർമേഘങ്ങളായി ഉരുണ്ടു കയറി ലോകത്തെ കറുപ്പുകൊണ്ടു മൂടി.

ഒലിച്ചിറങ്ങിയ കണ്ണുനീർ പ്രളയത്തിൽ ഭൂമി ആണ്ടുപോയി.

സംവത്സരങ്ങൾ നീണ്ട പ്രളയം!

ആശ്വാസത്തിന്റെ ഏറ്റവും ഉയർന്ന മലക്കും മേലെ കുത്തിയൊഴുകിയ മലവെള്ളത്തിൽ നിലയില്ലാതെ നീന്തി.

എങ്ങും ആഴം കാണാത്ത അറ്റമില്ലാത്ത ജലം.

ഇരുണ്ടു കറുത്ത ദിക്കുകൾ.

കരയാൻ വിങ്ങി നിൽക്കുന്ന മാനം.

പ്രകാശവുമായി ഒളിച്ചുകടന്ന സൂര്യചന്ദ്രന്മാർ.

മനസ്സുണ്ടെങ്കിൽ അറാറാത്ത് മലയൊന്നു കാണിച്ചു തരൂ!

അല്ലെങ്കിൽ, പ്രളയരഹിത ഉടമ്പടിയുടെ മഴവില്ലെങ്കിലും ചൂണ്ടിക്കാട്ടു! അത്രക്കു ക്ഷീണം!

കാലുകൾ പതക്കാൻ വിസമ്മതിക്കുന്നു.

കൈകൾക്ക് തളർച്ച കൂച്ചുവിലങ്ങിടുന്നു.

മനസ്സാകെ കുഴഞ്ഞു പോയിരിക്കുന്നു.

എത്രനാളാണ്, ഉരുണ്ടഭൂമിയെ പൊതിഞ്ഞുനിൽക്കുന്ന പ്രളയജലത്തിന്റെ അറ്റം തേടി നീന്തുക!

“ശാരദേച്ചി ഇപ്പഴും വെള്ളം കോരാൻ വരണുണ്ടോ ഏല്യാ?” ഇളയമ്മ തുണിയലക്കാൻ പോയ നേരത്ത് ഇളയപ്പൻ മെല്ലെ ചോദിച്ചു.

“നമ്മടെ കുടീലേക്ക് കടന്നുപോകരുത്ന്നാ അമ്മേടെ കല്പന. എന്നാലും കാണുമ്പോ, രഹസ്യത്തില് ശാരദേച്ചി ചോദിക്കും – “ഒന്ന് കാണാൻ വേണ്ടി എളേപ്പൻ എപ്പഴാ വര്വാന്ന്.”

നിമിഷങ്ങൾ നീണ്ട നിശ്ശബ്ദതയ്ക്കുശേഷം, വിദൂരതയിൽ മിഴി നട്ടുകൊണ്ട് ഇളയപ്പൻ മൊഴി നൽകി, “എല്ലാം അവക്കടെ ശാപാ മോനേ പ്രകാശം കൂടി കാണിക്കാണ്ട് അവക്കടെ വയറ്റില് വെച്ച് വെട്ടിക്കണ്ടിച്ച് എന്റെ മോന്റേം.” ഇളയപ്പൻ തേങ്ങി.

ഇല്ല, നിഷ്ക്കളങ്കനായൊരു കുഞ്ഞാടിന്റെ രക്തം മുഴുവൻ ആണിപ്പഴുതുകളിലൂടെ ചോർന്നുപോകാതെ ഈ പാപങ്ങൾക്കു പരിഹാരം കണ്ടെത്താനാവില്ല.

നാലായിരം വർഷങ്ങൾക്കു ശേഷവും അനന്തമായ കാത്തിരിപ്പു നീളുമ്പോൾ വലതുകാലും വച്ചു കയറി വന്നത് ഒരു കുഞ്ഞാടായിരുന്നുവെന്ന് ആരുമറിഞ്ഞില്ല.

ഒരു ഭീകരപാപത്തിനു വേണ്ടി, അറിയാതെ ബലിയാടാകാൻ വിധിക്കപ്പെട്ട നിഷ്കളങ്കയായ ഇളയമ്മ.

കാലത്തിന്റെ തികവിൽ സ്വന്തം മാതൃത്വത്തിന് വന്ധ്യത മുൾക്കിരീടമണിയിച്ചപ്പോൾ തരിച്ചിരുന്നുപോയി. കൃശോദരം വികസിക്കാത്ത സ്ത്രീയുടെ ജീവിതത്തിന് എന്തർത്ഥമാണുള്ളത്!

കാലത്തിന്റെ ഗോതമ്പു വയലിൽ കാല പെറുക്കാൻ വേണ്ടി വീണു കിട്ടിയ ഏക ജീവിതം.

ആറ്റുനോറ്റ് കാത്തിരുന്ന കൊയ്ത്തുകാലം.

വയലിന്റെ ഉടമസ്ഥൻ ഉദാരത കാട്ടി.

പക്ഷേ പെറുക്കിയെടുത്ത കതിരുകൾ മുഴുവൻ പതിരായിരുന്നു; മോഹത്തോടെ പേറ്റുമ്പോൾ, മുറം കാലിയാക്കി ഒന്നോടെ പറന്നുപോകുന്ന പതിരുകൾ; കോപത്തിന്റെ അഗ്നിയിൽ അവയെ ഒന്നോടെ ദഹിപ്പിച്ചാലും ജീവിതത്തിന്റെ വിശപ്പുമാറുമോ?

വയൽ വരമ്പിലൂടെ പോരുമ്പോൾ നിറഞ്ഞ ഗോതമ്പുമണികൾ കാറ്റിന്റെ സാന്നിദ്ധ്യത്തിൽ എത്രയോ വട്ടം തലയാട്ടി വിളിച്ചു.

ഏകാന്തതയുടെ മറവിൽ അമ്മായിയുടെ മകൻ കയറിപ്പിടിച്ചപ്പോൾ; ചേട്ടന്റെ കൂട്ടുകാരൻ ഒറ്റക്ക് മുറിയിലേക്കു കയറി വന്നപ്പോൾ.......

അങ്ങനെ എത്രയെത്ര!

എല്ലായ്പ്പോഴും ബുദ്ധിപൂർവ്വം കുതറിയോടി.

എല്ലാം, ശുദ്ധമായൊരു മനസ്സിനെ, കളങ്കമേശാത്ത ശരീരത്തെ, എരിയുന്ന മെഴുകുതിരിയുടെ മുൻപിൽ, തിളങ്ങുന്ന താലിയെ സാക്ഷിയാക്കി സ്വന്തം മണവാളന് സമർപ്പിക്കാൻ മാത്രം!

പക്ഷേ

മനസ്സുണ്ടെങ്കിൽ, ദൈവമേ, വന്ധ്യത്വത്തിന്റെ ഈ പാനപാത്രം എന്നെ കടന്നുപോകാൻ!....

എങ്കിലും എന്റെ ഇഷ്ടമല്ല; അവിടുത്തെ അഭീഷ്ടം മാത്രം!

വന്ധ്യത്വത്തിന്റെ കുരിശിൽ നിഷ്ക്കരുണം തന്നെ തറച്ചുനിർത്തിക്കൊണ്ട്, ഗൂഢമായി ചിരിക്കുന്ന നാട്ടുകാരും ബന്ധുക്കളും!

ചേട്ടന്റെ കുഞ്ഞിനെപ്പോലും ഒന്നെടുക്കുമ്പോഴേക്കും നാത്തൂൻ ഓടിവന്ന് കുഞ്ഞിനെ പിടിച്ചുവാങ്ങുന്നു, “മച്ചിയെടുത്താ കൊച്ചിനായുസ്സുണ്ടാവില്ല” അവരടക്കം പറയുന്നതു കേട്ടുകേട്ട് കാതുകൾ എന്നേ തഴമ്പിച്ചതാണ്.

എന്നിട്ടും കേൾക്കുമ്പോൾ രക്തം ബാഷ്പീകരിച്ച്, അശ്രുകണങ്ങൾ കവിളിലൂടെ ചാലുകീറുന്നു.

മനസ്സിലെ ആണിപ്പഴുതുകളെ വിണ്ടുകീറിക്കൊണ്ട് ചേർത്തു തറച്ചിരിക്കുന്ന കുരിശ് ദുസ്സഹമായി കുലുങ്ങുന്നു.

ഇളയമ്മ ഏതെങ്കിലും വീട്ടിൽ വിരുന്നു ചെല്ലുമ്പോൾ മുതൽ, അവിടത്തെ ഗൃഹനായികക്കാധിയാണ് – കുട്ടികളെ അതിഥിയുടെ കൺവെട്ടത്തുനിന്ന് രക്ഷപ്പെടുത്തി നിറുത്താൻ....

എന്തിന് മറ്റുള്ളവർക്ക് ബാദ്ധ്യത നൽകുന്നു. ക്രമേണ എങ്ങും പോകാതെയായി – ഭർത്താവിന്റെ ചേട്ടന്റെ വീട്ടിലൊഴിച്ച്.

അവിടെ, ഭൂമിക്കൊരു അധികപ്പറ്റായി കഴിയുന്ന വള്ളിനിക്കറിട്ട കുറിയ കുട്ടിക്കെങ്കിലും ഈ വീട്ടിൽ പുതിയൊരു ഭൂമി കണ്ടെത്താൻ കഴിയുന്നുണ്ടല്ലോ!....

നീണ്ട വരൾച്ചക്കുശേഷം പെയ്യുന്ന പുതുമഴയുടെ കുളിരോടെ ആ കുട്ടി എല്ലാ മുറികളിലൂടെയും ഓടി നടന്നു. കഠിനാദ്ധ്വാനത്തിനുശേഷം ഉണ്ണുന്ന ചോറിന്റെ രുചി മനസ്സിന്റെ നാവിൽ തങ്ങിനിന്നു.

പക്ഷേ ആ ചോറിലും കാണപ്പെട്ടു കല്ലുകൾ.

നിശയുടെ കൈപ്പിടിയിൽ നിന്നും വിമോചിതമായ പ്രഭാതം ആവേശപൂർവ്വം ചിറകടിക്കുമ്പോഴും ഇളയമ്മയുടെ കണ്ണുകളിൽ ഉറക്കക്ഷീണത്തിന്റെ ചുവപ്പുരാശി. രാത്രിയുടെ കരിമ്പടത്തിൽ മൂടിക്കെട്ടി വയ്ക്കപ്പെടുന്ന തേങ്ങലുകൾ.

ഇളയപ്പൻ സംസാരിക്കാറുണ്ട്.

അനുസരണയോടെ കേൾക്കാറുണ്ട് ഇളയമ്മ.

പക്ഷേ അവരുടെ ശബ്ദത്തിൽ വേദനയുടെ കരിഞ്ഞ മണം മുറ്റിനിപ്പില്ലേ?

ഒരു കുഞ്ഞിന്റെ അഭാവം അവരുടെ ബന്ധത്തെ ബാധിക്കുന്നില്ലേ?

ആദ്യം മടിച്ചു.

പിന്നെ എന്തും വരട്ടെയെന്നു കരുതി ചോദിച്ചു. “എന്തിനാ എളേപ്പനും എളേമ്മയും ഇത്ര വെഷമിക്കണെ?”

ഇളയമ്മയുടെ മറുപടിയിലും വേദനയുടെ നനവ്, “ദുഃഖം ജീവിതത്തിന്റെ ഉപ്പാണു മോനെ. ആ ഉപ്പിന്റെ ഒറ പലരുടെ ജീവിതത്തിലും പല അളവിലാണെന്നു മാത്രം.

ശരിയാണെന്നു തോന്നി. പിന്നിട്ട ജീവിതവീഥിയിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഈ ദുഃഖങ്ങൾ മാത്രമാണല്ലോ വർണ്ണപ്പൊലിമയോടെ വിരിഞ്ഞു കാണുന്നത്.

‘എന്നാലും ഇങ്ങനെ കരയാൻ മാത്രം എളേമ്മക്ക് വെഷമോണ്ടോ?”

“ഓരോരുത്തർക്കും അവരവര്ടെ ദുഃഖാ വലുത്. നീ വാ കാപ്പി കുടിക്കാം. എളേപ്പന് ഓവർടൈംന്നാ പറഞ്ഞു. വരാൻ വൈകും.

കാപ്പിക്ക് കുമ്പളപ്പമുണ്ടായിരുന്നു. തനിക്കേറ്റവും ഇഷ്ടപ്പെട്ട പലഹാരം. അല്ലെങ്കിലും ഇവിടെ വന്നശേഷം, തന്റെ ഇഷ്ടങ്ങൾക്ക് മൂർത്തരൂപം നൽകുന്നതിൽ ഇളയമ്മ അതീവ ശ്രദ്ധാലുവാണല്ലോ; ഇളയപ്പനും പിന്നോക്കമല്ല – കമ്പനിയിൽ നിന്നും വരുമ്പോഴെല്ലാം എന്തെങ്കിലും സമ്മാനം തന്നെ തേടിയെത്തും.

തന്റെ സ്നേഹം സമ്പാദിക്കാൻ ഇളയപ്പനും ഇളയമ്മയും തമ്മിൽ മത്സ

രിക്കുന്നതുപോലെ.

കുട്ടികളില്ലാത്തവരുടെ കുട്ടിയായി ജനിക്കാൻ കഴിഞ്ഞെങ്കിൽ! പക്ഷേ ഒരു കുട്ടി ജനിക്കുമ്പോഴേക്കും അവർ കുട്ടികളുള്ള മാതാപിതാക്കളായിത്തീരില്ലേ?

എങ്കിലും താൽക്കാലികമായ ആ സൗഭാഗ്യമനുഭവിച്ചുകൊണ്ട് ആ തോട്ടത്തിലൂടെ നടന്നു.

കുലച്ച വാഴയുടെ കുടപ്പനിലിരുന്ന് കരയുന്ന അണ്ണാൻ.

അമൃതകുംഭങ്ങൾ താങ്ങുന്ന തെങ്ങുകൾക്കിടയിലൂടെ മൂളിപ്പറക്കുന്ന ചീവിടുകൾ.

നായ്ച്ചക്ക മുളച്ചുതുടങ്ങിയ പ്ലാവുകൾ.

മാമ്പുമണം ചുരത്തിക്കൊണ്ട് പൂത്ത മാവുകൾ.

പുഷ്പിക്കുന്ന പൂച്ചെടികൾ.

എല്ലാറ്റിനും ഇടയിലൂടെ പാറിപ്പറക്കുന്ന ശലഭങ്ങൾ എന്നും ഇവിടെ വസന്തം കൊണ്ടുവരുന്നു.

ഈ വസന്തവനപ്രദേശത്ത് ആനന്ദത്തിന്റെ പരാഗരേണുക്കൾ കാറ്റിന്റെ അകമ്പടിയോടെ സവാരിക്കിറങ്ങുന്നു. ജീവിതലക്ഷ്യം നേടുന്നു, ചാരിതാർത്ഥ്യത്തോടെ; എവിടെയോ ചീവിടിന്റെ താളാത്മകമായ കരച്ചിൽ!

ഇളംവെയിൽ, സ്വർണ്ണനിറം ഉരുക്കിയൊഴിക്കുന്ന ഈ പൂക്കാലത്തിൽ തണുത്ത നീല സൂര്യന്മാരെ തനിക്കായി ഉദിപ്പിക്കുന്ന ഇളയമ്മയുടെ സ്നേഹവും ഇളയപ്പന്റെ വാത്സല്യവും എന്റെ ജീവിതത്തിലെന്നും ഇങ്ങനെ പ്രകാശം ചൊരിയുമോ?

അങ്ങുമേലെ ആകാശത്തിലൂടെ ഒഴുകിനടക്കുന്ന വെള്ളിമേഘങ്ങളിൽ നിന്നും വെള്ളിനൂലിൽക്കൂടി ഭൂമിയിലേക്കു താഴ്ന്നിറങ്ങിവരുന്ന വെളുത്ത ചൊറിയൻ പുഴുക്കൾ അവിടവിടെ തൂങ്ങിക്കിടന്നു. ശരീരത്തിന്റെ എല്ലാ ഭാഗത്തുനിന്നും കൂർത്ത വെള്ളിക്കമ്പുകൾ നീണ്ടുനിൽക്കുന്ന ചുവന്നമുഖമുള്ള ചൊറിയൻ പുഴുക്കൾ – ഭൂമിയിലെ രഹസ്യപാപങ്ങൾ കണ്ടുപിടിക്കാൻ സ്വർഗ്ഗത്തിൽ നിന്നയക്കപ്പെട്ടവരാണ്.

സ്വർഗ്ഗത്തിലേക്കുള്ള എണ്ണയും പുറത്തേറ്റി ചുവന്ന ദേഹത്ത് കറുത്ത പൊട്ടുകളുള്ള ചന്ദ്രന്മാർ നിലത്തുകൂടി തിരക്കിട്ടു നടക്കുന്നു.

രണ്ടുകൂട്ടരേയും ഒഴിഞ്ഞ് വളരെ ശ്രദ്ധിച്ചു നടന്നു. അവരെ ഉപദ്രവിച്ചുപോയാൽ, കഴിഞ്ഞു ജീവിതലക്ഷ്യം – സ്വർഗ്ഗത്തിന്റെ കനകകവാടങ്ങൾ ആ മഹാപാപിക്കെതിരെ ആഞ്ഞടയും – എന്നന്നേക്കുമായി.

കിണറ്റുകരയിൽ തപസ്സിരുന്ന ഒരു വലിയ മാക്കാൻ തവള ചാടിച്ചാടി നേന്ത്രവാഴയുടെ മറവിലൊളിച്ചു. കല്ലെടുത്ത് അതിനെ ആഞ്ഞെറിയാൻ ഒരു നിമിഷം കൈതരിച്ചു.

വേണ്ട, ചെവി പുഴുക്കും. എന്നിട്ടു ക്ലാസ്സിലെ വേണുവിനെയും തങ്കമണിയെയും പോലെ ചെവിയിൽ തുണി തിരുകി നടക്കണം.

“കാ....കാ.” കഴുത്തിൽ ചാരവളയമണിഞ്ഞ കറുത്ത കാക്ക, വാഴക്കയ്യിൽ

വന്നിരുന്നു കരഞ്ഞു. ഒരിക്കൽ എന്റെ വിഹ്വലതകളെ ചൂഷണം ചെയ്ത് എന്റെ പങ്കുപറ്റി എന്നോട് തുല്യത സ്ഥാപിച്ചിരുന്ന കാക്ക ഇന്നും അവകാശവാദവും കൊണ്ടുവന്നിരിക്കുന്നു - എന്റെ ഇവിടത്തെ സ്ഥാനമറിയാതെ എന്റെ മാനസികനിലയറിയാതെ.

വെറുപ്പാണ് തോന്നിയ വികാരം.

കണ്ണിൽ തടഞ്ഞ ഓട്ടം നുറുക്കെടുത്ത് കാക്കയെ ലക്ഷ്യം നോക്കിയപ്പോൾ കാക്ക അവകാശവാദമുപേക്ഷിച്ച് പറന്നുപോയി.

പുറത്ത് ഒരു തരുതരുപ്പ്.

അതൊരു ചൊറിച്ചിലായി വളർന്നപ്പോൾ ഭയത്തോടെ തിരിഞ്ഞുനോക്കി. തന്റെ നിക്കറിന്റെ വള്ളിയിലൂടെ ഇഴഞ്ഞുനടക്കുന്ന ചൊറിയൻ പുഴു!!

ഉണങ്ങിയ കോലെടുത്ത് പുഴുവിനെ മെല്ലെ വിടർത്തി നിലത്തുവെച്ച ശേഷം വീട്ടിലേക്കോടി. "എളേമ്മേ..... എളേമ്മേ."

"എന്ത്യേ മോനെ," തുണികൾ തേക്കുകയായിരുന്ന ഇളയമ്മ തിരിഞ്ഞു നോക്കി.

"ചൊറിയമ്പുഴു കടിച്ചാ സൊർഗ്ഗത്തീ പോവ്വോ? വെളുത്തതാ കടിച്ചെ."

ഇളയമ്മയുടെ കണ്ണുകളിൽ ഒരു നിമിഷം ഒഴുകിപ്പരന്ന ദീനാനുകമ്പ,

'മോനേപ്പോലൊള്ളാർക്ക് തരാനൊള്ളതല്ലെങ്കി, ദൈവം ഒരു സ്വർഗ്ഗം വച്ചു കൊണ്ടിരിക്കുന്നേല് ഒരർത്ഥോല്യ."

മനസ്സമാധാനത്തോടെ തിരിഞ്ഞുനടക്കുമ്പോൾ ഇളയമ്മ വീണ്ടും വിളിച്ചു. " ഏല്യാസേ."

തിരിഞ്ഞുനിന്നു

"എളേമ്മ ഒരുട്ടം പറയുന്നത് മോനനുസരിക്കാമോ?"

"എന്താ എളേമ്മേ?" ഇളയമ്മ ഇന്നുവരെ ചൊരിഞ്ഞുതന്ന സ്നേഹത്തിനും ഉപകാരങ്ങൾക്കും എങ്ങിനെ നന്ദി പറയണമെന്നു കരുതുമ്പോഴാണ് ഈ മുഖവുര!

അതും തന്നോട് എന്തും കല്പിക്കാനുള്ള അധികാരമുള്ളപ്പോൾ!

വെളിപ്പെടുത്താനാവാത്തൊരഭിനിവേശത്തിന്റെ മുഖം മൂടി മാറ്റുമ്പോലെ തന്റെ ഇരുകൈകളും ചേർത്തുപിടിച്ച്, തന്റെ മുഖം ആ മാറിലണച്ചുകൊണ്ട് ഇളയമ്മ കെഞ്ചി, "മോൻ എളേമ്മേനെ ഒന്ന് 'അമ്മാ'ന്ന് വിളിക്കാമോ?"

ഒരുനിമിഷം സ്തംഭിച്ചു നിന്നപ്പോൾ ഇളയമ്മ വീണ്ടും വീണ്ടും കെഞ്ചി, "ഒന്ന് 'അമ്മ'യെന്ന് വിളിക്ക് മോനേ; ഒരു പ്രാവശ്യം മാത്രം: എന്റെ പൊന്നു മോനല്ലേ.

തന്നെ പത്തു മാസം ചുമന്നു പ്രസവിക്കാത്ത, തന്നെ പാലൂട്ടി വളർത്താത്ത ഒരു സ്ത്രീയെ എങ്ങനെ അമ്മയെന്നു വിളിക്കും!

കുറച്ചു ദിവസത്തെ ഔദാര്യത്തിനും കുറച്ചു സ്നേഹത്തിനും വേണ്ടി വച്ചു മാറാനുള്ളതാണോ മാതൃത്വത്തിന്റെ മൂല്യവും പാവനതയും?

"അതിന് ഞാൻ അമ്മയെന്നു വിളിച്ചാ എളേമ്മയെന്റെ അമ്മയാവുമോ?" അതെ, അങ്ങിനെയാണ് നാവിൽ നിന്നുതിർന്നത്.

ഇളയമ്മയുടെ കണ്ണുകളിൽ മെല്ലെ ചുരുളഴിഞ്ഞ അവിശ്വാസ്യത നീണ്ടു നിന്ന സ്തോഭത്തിന് വഴിമാറുന്നത് നിസ്സഹായതയോടെ നോക്കിനിന്നു. ഏതോ ഓർമ്മയുടെ വേദനയിൽ, നിറഞ്ഞ നയനങ്ങളോടെ തന്നെ അകറ്റി ന ിറുത്തിക്കൊണ്ട് ഇളയമ്മ പറഞ്ഞു, "ഇന്നു വൈകീട്ടു തന്നെ എളേപ്പൻ നിന്നെ വീട്ടിക്കൊണ്ടാക്കും. വേഗം യാത്ര്യായിക്കൊ."

തെറ്റുചെയ്ത വേലക്കാരിയെ ശിക്ഷിച്ചിട്ട് കടന്നുപോവുന്ന കൊച്ചമ്മയെ പ്പോലെ ഇളയമ്മ എഴുന്നേറ്റു പോയപ്പോൾ ഏതാനും നാളുകളായി അകന്നു നിന്നിരുന്ന ഏകാന്തതയും നിസ്സഹായതയും വീണ്ടും പല്ലിളിച്ചു കൊണ്ടെടുത്തുവരികയായിരുന്നു..

# ആറ്

‘കപ്പലണ്ടേ്യ....”

“കടല കുടല കപ്പലണ്ടേ്യ...”

കപ്പലണ്ടി വറുത്തിട്ടിരിക്കുന്ന പഴയ ചാക്കുസഞ്ചി ഇടത്തെ കൈത്തണ്ട യിൽ തൂക്കി, വെളിച്ച നുറുങ്ങുകളുടെ മേൽ ചാടി വീഴാൻ നിഴലുകൾ തക്കം പാർത്തിരിക്കുന്ന ഇടവഴികളിലൂടെ നടന്നുകൊണ്ട് വള്ളിനിക്കറിട്ട കുറിയ കുട്ടി കൂടുതൽ ഉച്ചത്തിൽ വിളിച്ചു – “കപ്പലണ്ടേ്യ”

വഴിയിറമ്പുകളിലെ കശുമാവിൻ ചുവടുകളിൽ മറ്റു കുട്ടികളുടെ കലപി ലശബ്ദം കേൾക്കുമ്പോൾ ആശ വീണ്ടും ശ്വാസനാളത്തിലെ ശബ്ദതന്ത്രികൾ മീട്ടി – “കപ്പലണ്ടേ്യ.”

കണക്കുകൂട്ടൽ തെറ്റാറില്ല – ’വേലിക്കൽ ഒന്നോ രണ്ടോ തലയുയരും, “ഒര് കശ്നണ്ടിക്ക് എന്ന കപ്പലണ്ട്യാ?”

“രണ്ട്” മറുപടി പറയും.

“ഒരു പൈസക്കോ?”

”ആറ്”

വേലിക്കു മുകളിലൂടെ നീളുന്ന കയ്യിൽ നിന്ന് കശുവണ്ടി വാങ്ങി പേടാ ണോന്ന് കുടുക്കി നോക്കി എണ്ണത്തിനനുസരിച്ച് കപ്പലണ്ടി കൊടുക്കണം ഒന്ന് “എസ്ട്രാ” യും.

പോരാ കപ്പലണ്ടി പേടുണ്ടെങ്കിൽ അതും മാറ്റിക്കൊടുക്കണം. എന്നാലും മണിമണി പോലത്തെ കപ്പലണ്ടി തൊണ്ടുകളഞ്ഞ്, തൊലി ഞരടി വായിലിട്ട് ചവക്കുമ്പോൾ, ഒരു വ്രതമെന്നോണം അനുവാചകർ മുരളുന്നു. “ഇതു മുഴ്വോ ൻ പേടാ. വെറുതെ വായ ചീത്താക്കീത് മെച്ചം.”

ആ വാക്കുകളിൽത്തന്നെ വറുത്ത കപ്പലണ്ടിയുടെ രുചി തങ്ങിനിന്നു. ലാഭം അല്പം കുറഞ്ഞാലും നല്ല കപ്പലണ്ടി തന്നെ വറുത്തു വിൽക്കണമെന്ന് അമ്മക്ക് നിർബ്ബന്ധമുണ്ട്.

അതുകൊണ്ടു തന്നെ ദിവസം മുഴുവൻ നടന്ന് അരിച്ചെടുത്ത വഴിക്കണ്ണി കൾ മുഴുവൻ കുടഞ്ഞിട്ടാലും ലാഭമായി മാറ്റി വെക്കാൻ രണ്ടോ മൂന്നോ അണകൾ മാത്രം കാണും. കപ്പലണ്ടി വിൽക്കുന്ന മറ്റു കുട്ടികളെല്ലാം ഉടമ സ്ഥൻ കാണാത്ത തക്കം നോക്കി വഴിയിലേക്കു ചാഞ്ഞുനിൽക്കുന്ന കശു മാവുകളിലെറിഞ്ഞു വീഴ്ത്തുന്ന കശുവണ്ടി വിറ്റാൽത്തന്നെ അതിലധികം കാശുകിട്ടും.

എങ്കിലും മനസ്സിനെ പ്രലോഭിപ്പിച്ചുകൊണ്ട്, വക്കൻ കശുവണ്ടിയെ മാറോടമർത്തിപ്പിടിച്ച് തലകീഴെ ഞാന്നുകിടക്കുന്ന പഴുത്തു തുടുത്ത കശുമാങ്ങകൾ എറിയാൻ ഒരിക്കലും കയ്യ് പൊങ്ങാറില്ല.

ഉന്നമില്ലാഞ്ഞിട്ടല്ല. കശുവണ്ടി തൂക്കി വിറ്റാൽ പൈസ കിട്ടാഞ്ഞിട്ടുമല്ല. അന്യരുടെ ഒരു പ്ലാവിലപോലും എടുത്തു മറിച്ചിടരുതെന്ന് ചെറുപ്പം മുതലേ അമ്മ പഠിപ്പിച്ചിട്ടുള്ളതാണ്. ഒരിക്കൽ, പടിഞ്ഞാറേക്കാരുടെ കുടിയിൽ വീണുകിടന്നിരുന്ന തൊണ്ടു ചവർപ്പൻ മാങ്ങ എടുത്തു തിന്നതിന് ദേഹത്തുകൂടി ഇഴഞ്ഞുപോയ പൊള്ളുന്ന പാമ്പുകളുടെ ഇഴച്ചിൽപ്പാട് ഓർമ്മയുടെ തൊലിപ്പുറത്ത് ഇന്നും മായാതെ കിടക്കുന്നു.

ചെറുപ്പത്തിലേ കക്കുമ്പോൾ ചെറുവിരൽ തന്നെ കൊത്തണമെന്ന് അമ്മ എപ്പോഴും പറയും. അതിന് മടിക്കുകയുമില്ലെന്നറിയാം.

അല്ലെങ്കിൽത്തന്നെ മോഷണമൊരു കുറ്റമല്ലെ? ഏഴാം പ്രമാണത്താൽ ദൈവം വിലക്കിയിരിക്കുന്ന ചാവുദോഷം!

അന്യരുടെ വസ്തുക്കളിൽ മോഹത്തിന്റെ നിഴൽപോലും വീഴ്ത്തുന്നത് തീ നരകത്തിനർഹമാക്കുന്ന പാപമാണ്.

ഉള്ളവർക്ക് വാരിക്കോരിക്കൊടുക്കുന്നതും ധനവാന്മാർക്ക് വീണ്ടും വീണ്ടും ചൊരിഞ്ഞു കൊടുക്കുന്നതും ദൈവമാണ്. ആ വസ്തുക്കൾ അപഹരിക്കാൻ ശ്രമിക്കുന്നത് ദൈവത്തോടു ചെയ്യുന്ന അനീതിയാണ്; ഈ ഭൂമിയിൽ ദിഗ്വിജയത്തിനായയച്ച ദൈവത്തിന്റെ അശ്വത്തെ പിടിച്ചുകെട്ടലാണത്.

നൈമിഷികമായ ഈ ജീവിതയാത്രയിൽ കടന്നുപോകേണ്ടുന്ന ഊടുവഴികളുടെ മാർദ്ദവത്തിൽ; ഒരു രാത്രി തങ്ങുന്ന വഴിയമ്പലത്തിന്റെ കമനീയതയിൽ ഇത് കണിശത കാട്ടാനെന്തിരിക്കുന്നു!

എന്തായാലും പരീക്ഷ കഴിഞ്ഞുള്ള അവധി ദിവസങ്ങളുടെ വീട്ടിലെ ഭയാനകതയിൽ നിന്നൊരു മോചനം തരുന്നു ഈ കപ്പലണ്ടി വില്പന.

കാണാത്ത ദേശങ്ങളിലൂടെ അറിയാത്ത വഴികളിലൂടെ മറ്റു കുട്ടികളുടെ നാവിൽ ഉമിനീരിറ്റുവിധം ചാക്കുസഞ്ചിയുടെ ഉള്ളടക്കം ലോകത്തെ വിളിച്ചറിയിച്ചുകൊണ്ട് നടക്കുന്നതുതന്നെ ഒരനുഭൂതിയാണ്. ഓരോ ദിവസവും കൊതിപൂണ്ട എത്രയെത്ര നോട്ടങ്ങളാണ് തന്റെ ചാക്കു സഞ്ചിയിൽ തത്തിക്കളിക്കുന്നത്! എത്രയോ പിള്ളേര് കൊതി സഹിക്കവയ്യാതെ ഒരു കപ്പലണ്ടി തരാമോ എന്നു യാചിച്ചിരിക്കുന്നു.

ഒരു ദാതാവിന്റെ മിഴിവോടെ, ഒരു പേട്ടു കപ്പലണ്ടി സൗജന്യമായി എടുനീട്ടുമ്പോൾ ചെറിയ കണ്ണുകളിലെ കൃതജ്ഞത ഒന്നുകാണണം!

സ്ക്കൂളിലേക്കും പള്ളിയിലേക്കും അപ്പൻ മരങ്ങൾ അടച്ചുവാങ്ങിയ വളപ്പിലേക്കും ഉള്ള വഴികൾക്കു പുറമെ എത്രയെത്ര വീഥികൾ! എന്തെന്തു വീടുകൾ! ഈ ലോകം എത്രയോ വിശാലമാണ്!

തെക്കോട്ടുള്ള വഴിയിലൂടെ നടന്ന് കയറ്റം കയറിയാൽ, ഇടതൂർന്നു നിൽക്കുന്ന മരങ്ങളുടെ ഇടയിലൂടെ കാണാം; അങ്ങു കിഴക്ക് ഏതോ ദൈവിക ശിശു നിരത്തി മണ്ണപ്പം ചുട്ടുവച്ചതുപോലെ, നിരനിരയായി നിൽക്കുന്ന

നീലമലകൾ. അപ്രാപ്യതയുടെ രഹസ്യം ആ മാമലകളെ ചൂഴ്ന്നു നിൽക്കുന്നു. എല്ലാറ്റിനും നടുവിൽ ഒരു തലയെടുപ്പോടെ തിലകക്കുറിയണിഞ്ഞ മലയാറ്റൂർ മല.

തോമാശ്ലീഹായുടെ പാദസ്പർശനം കൊണ്ട് ശാപമോക്ഷം ലഭിച്ച മലയാറ്റൂർ മാമല, നിതാന്തമായ ആ മയക്കത്തിലും ഏതോ സുന്ദരസ്വപ്നം കണ്ട് കോൾമയിർക്കൊള്ളുന്നു – ശതാബ്ദങ്ങൾ നീണ്ട തപസ്സിന്റെ പ്രതിഫലമായി ലഭിച്ച കുളിരണിയിക്കുന്ന നിമിഷത്തിന്റെ ഓർമ്മ കൊണ്ടാവാം.

ഉയിർത്തെഴുന്നേറ്റ ഈശോയുടെ കൈകാലുകളിലെയും ഹൃദയത്തിലെയും ദിവ്യമായ ആണിപ്പഴുതുകളിൽ വിരൽ കടത്താൻ അവിശ്വാസത്തിന്റെ ഭാഗ്യം ചെയ്ത തോമാശ്ലീഹാ ഒടുവിൽ വന്നു തപസ്സു ചെയ്ത മാമല ഇതാ സ്വന്തം കൺമുമ്പിൽ!! സ്വർഗ്ഗം എന്നോട് എത്ര അടുത്താണ്.!

തോമാശ്ലീഹായുടെ പാദമുദ്ര ഇന്നും അവിടെ തെളിഞ്ഞുകാണാമത്രേ! അവിടത്തെ പള്ളിക്കകത്തുള്ള വലിയ കുരിശിന്റെയുള്ളിൽ സ്വർണ്ണത്തിന്റെ ഒരു ചെറുകുരിശ് പൊട്ടിമുളച്ചുവരുന്നുണ്ടത്രെ!

എങ്കിലും ഒരിക്കലും അവിടെ പോകാൻ കഴിഞ്ഞിട്ടില്ല. ആ അത്ഭുത ദർശനങ്ങളിൽനിന്നും വിശ്വാസം ഒപ്പിയെടുക്കാൻ കഴിയുന്ന ദിനവും കാത്തു തുടങ്ങിയിട്ട് വർഷങ്ങളായല്ലൊ!

പുതുഞായർ കഴിഞ്ഞുള്ള ഞായറാഴ്ച, 'മുത്തപ്പനെ' വിളിച്ചുണർത്തിക്കൊണ്ട് ഒരു തീർത്ഥയാത്രയുടെ പരിവേഷത്തോടെ, അങ്ങു ദൂരെ മദ്രാസിലും കോയമ്പത്തൂരും നിന്നുപോലും വന്ന ഭാഗ്യം ചെയ്ത ഭക്തജനങ്ങൾ പൊൻമല കയറുമ്പോൾ, ഏകാന്തമായ വീട്ടിൽ, കരയുന്ന എത്സിയേയും സമാശ്വസിപ്പിച്ചിരിക്കാനാണല്ലൊ എന്റെ വിധി!

തലേവർഷത്തെപ്പോലെ ഇക്കൊല്ലവും മലയാറ്റൂർ പെരുന്നാളിന്റെയന്ന്, പ്രഭാതത്തിന്റെ കണ്ണു കിളുന്തും മുമ്പ് മുത്തപ്പന്റെ തൃപ്പാദത്തിൽ ശിരസ്സു മുട്ടിച്ച് ആശീർവാദം വാങ്ങാൻ പൗലോസിനെയും കൊണ്ട് അമ്മയും അപ്പനും ഇറങ്ങിത്തിരിച്ചപ്പോൾ സ്വർഗ്ഗീയതയുടെ ആ പരിവേഷത്തിൽ സ്വയം മറന്നൊരു നിമിഷം നിൽക്കാൻ കാലം കൊക്കിലൊരുക്കിക്കൊണ്ടുവന്ന അവസരം എറിഞ്ഞു തന്ന ധൈര്യം കടന്നെടുത്തു ചോദിച്ചു – "അപ്പാ ഞാനും..."

"പ്ഫ തന്തയില്ലാത്തവന്റെ ഒരാശ! കൊച്ചിനേം നോക്കീം കൊണ്ട് അവ്ടെ ങ്ങാൻ ഇരീടാ." അപ്പൻ കാർക്കിച്ചു തുപ്പിക്കൊണ്ടു കടന്നുപോയി. മൗനം കൊണ്ട് 'ഏസു വച്ച് പിന്നാലെ അമ്മയും പൗലോസും.

അപ്പന് ഈ അവഹേളനവും അവജ്ഞയും എന്നോടു മാത്രമെന്ത്യേ? ഞാനപ്പന്റെ മോനല്ലേ?

നിസ്സാര കാരണങ്ങൾക്കുപോലും കോപിച്ച് തനിക്കെതിരായി അമ്മ ഇറയിലെ വടിയുമായി ഗൂഢാലോചന നടത്തുന്നതെന്താണ്? ഞാനീവീട്ടിലെ അംഗമല്ലേ? അമ്മയുടെ മനസ്സിൽ ഒളിച്ചുവച്ച അറിവുകളാണോ ചിലപ്പോൾ ശാപമായി പുറത്തുവരുന്നത് "കുടുംബത്തിലെ സമാധാനം കലക്കാൻ കെട്ടിയെടുത്ത പിശാച്."

ആത്മനിന്ദയുടെ തീനാളങ്ങൾ ആത്മാവിനേയും ശരീരത്തേയും ഒരുപോലെ നക്കിത്തുടക്കുന്ന ഈ മരുഭൂമിയിൽ നിന്നും കാലുകൾ പറിച്ചോടി രക്ഷപ്പെടാൻ എത്രയോ വട്ടം മനസ്സുവെമ്പിയതാണ്!

പക്ഷേ അപ്പോഴെല്ലാം അലുക്കുകളിളക്കി നൃത്തമാടുന്ന മോഹന നർത്തകിയുടെ സാന്നിദ്ധ്യത്തിൽ തന്റെ നെറ്റിയിൽ ഈർപ്പഭരിതമായി പതിഞ്ഞ സ്നേഹത്തിന്റെ മുദ്ര മനസ്സിൽ മെല്ലെ തെളിഞ്ഞുവന്നു.

കിരാതമായ മറ്റൊരു രാത്രിയുടെ തിണർപ്പുകൾ വീഴ്ത്തുന്ന നഗ്ന താണ്ഡവത്തിനുശേഷം നവ്യജ്യോതിസ്സിന്റെ വാഗ്ദാനം തരുന്ന സ്നേഹത്തിന്റെ പ്രഭാതം ഒരിക്കൽക്കൂടി അമ്മ എനിക്കായി ഉദിപ്പിക്കില്ലെന്നാരു കണ്ടു!

പാതിരാക്കോഴികൾ കൂവുന്ന ഈ രാത്രിയുടെ അന്ത്യത്തിൽ കുളിരിനെ തോളിലേറ്റിക്കൊണ്ടൊരു പുലർച്ച വന്നെത്താതിരിക്കുമോ?

അറിയില്ല.

നീണ്ട നഖങ്ങൾ വിരലുകളിലൊളിപ്പിച്ച് നീണ്ടുറങ്ങുന്ന രാത്രിയുടെ ഭീതിദമായ കൂർക്കം വലി മാത്രം അനിശ്ചിതമായി നീണ്ടുപോകുന്നു....

ഒരു പാത്രം പുഴുങ്ങിയ ഉരുളക്കിഴങ്ങുപോലും തരാതെ തന്റെ ജ്യേഷ്ഠാവകാശം പൗലോസ് തട്ടിയെടുത്തിരിക്കുന്നു.

നന്നായി പാകം ചെയ്ത ആട്ടിറച്ചി കൊടുത്ത് പ്രീതിപ്പെടുത്താതെ തന്നെ അപ്പന്റെ അനുഗ്രഹപാത്രത്തിൽ അവൻ കയ്യിട്ടു വാരിയിരിക്കുന്നു.!

അനുഗ്രഹം യാചിച്ചു ചെല്ലുമ്പോൾ സ്വന്തം സ്വരംപോലും എനിക്കു നഷ്ടമാവുന്നു. ദേഹത്തെ രോമക്കാടുകൾക്കെല്ലാം ആരോ കാട്ടുതീ കൊളുത്തുന്നു.

കോപാന്ധനായ അപ്പൻ കബളിപ്പിക്കാൻ വന്ന മകനെ, കയ്യുയർത്തി ലോകം നടുങ്ങുമാറ് ശപിക്കുന്നു.

"എടാ തന്തയില്ലാത്തോനേ, തക്കിടി മുണ്ടാ...."

അറിയാതെ ഞെട്ടിത്തെറിച്ചുപോയി.....

"കപ്പലണ്ടിക്കാരാ, കപ്പലണ്ടിക്കാരാ.." ഏതു മരത്തിന്റെ കൊമ്പിലാണ് ഹൃദ്യസ്വരമുള്ള കിളിയിരുന്നു പാടുന്നത്? ദൈവികതയെ മടിയിലിരുത്തി താലോലിക്കുന്ന ഗിരിശൃംഗങ്ങളിൽനിന്നു കണ്ണുകൾ പറിച്ചെടുത്ത് ചുറ്റും നോക്കുമ്പോൾ വീണ്ടും കിളിനാദം.

"കപ്പലണ്ടിക്കാരാ, കപ്പലണ്ടിക്കാരാ, രണ്ടണടിക്ക് കപ്പലണ്ടി താര്വൊ?"

ഉയർന്നുനിൽക്കുന്ന പറമ്പിൽ പിണഞ്ഞു നിൽക്കുന്ന കശുമാവിൻ ചുവട്ടിൽ ചുവന്ന ഫ്രോക്കിട്ട ഭംഗിയുള്ള പെൺകുട്ടി. പുഞ്ചിരിക്കുമ്പോൾ നിഷ്കളങ്കതയാർന്ന ചേതോഹര മുഖത്തിന് ഏഴഴക് കൂടുന്നു.

നുണക്കുഴികൾ ഓളങ്ങൾ സൃഷ്ടിക്കുന്ന ഈ മുഖം എവിടെയോ കണ്ടു മറന്നതുപോലെ.

സ്കൂളിലാണോ?

അതോ സ്വന്തം മനസ്സിനു മുമ്പിൽ പിടിച്ചു നോക്കുന്ന കണ്ണാടിയുടെ ചുളിവുകളിലൊ ?

കൃഷ്ണൻകുട്ടി കൊണ്ടുവന്നു തരുന്ന ഏതെങ്കിലും നോവലുകളിലാവാനും മതി. അതോ കശുമാവിൻ കൊമ്പുകളിൽനിന്നും തൂങ്ങിയിറങ്ങുന്ന ചൊറിയൻ പുഴുക്കളെപ്പോലെ, മാനത്തെ ഏതോ അദൃശ്യനൂലിൽ വന്നിറങ്ങിയ സൗന്ദര്യത്തിന്റെ വനദേവതയോ?

പെൺകുട്ടിയുടെ പിന്നിൽ വാത്സല്യം നിറഞ്ഞ നയനങ്ങളുമായി സ്നേഹനിധിയായ അമ്മ. മനസ്സിലെ വികാരങ്ങൾ ഘനീഭവിച്ച് രൂപം പൂണ്ടു "ഭാഗ്യവതി."

ശബ്ദം പുറത്തേക്കൊഴുകാതെ തൊണ്ടയിൽ കുരുക്കിട്ടു മുറുക്കിയപ്പോൾ പെൺകുട്ടിയുടെ ഭംഗിയാർന്ന നിസ്വനം വീണ്ടും – "ദേനാ കശ്നണ്ടി.

കശുവണ്ടി വാങ്ങി സഞ്ചിയിലിട്ട് ഒരു പിടി കപ്പലണ്ടി വാരി, എണ്ണിപോലും നോക്കാതെ നീട്ടിയപ്പോൾ പെൺകുട്ടിയുടെ കണ്ണുകളിൽ ആശ്ചര്യം – "രണ്ടണ്ടിക്ക് ഇത്രേം കപ്പലണ്ട്യോ?"

"വേണ്ട മോനേ, അതിനൊള്ളത് തന്നാ മതി."

സ്വന്തം അമ്മ പോലും കാണിക്കാത്ത വാത്സല്യം ഈ അമ്മ എന്തിനാണ് കാട്ടുന്നത്?

"സാരോല്യ" പറഞ്ഞുകൊണ്ട് നടക്കാൻ ഭാവിച്ചപ്പോൾ ആ അമ്മ വീണ്ടും വിളിച്ചു.

"മോന്റെ പേരെന്താ?'

"ഏല്യാസ്"

"എത്രേലാ പഠിക്കണെ?"

"ഒമ്പതിലെ പരീക്ഷ എഴ്ത്യേക്കാണ്."

നിഷ്ക്കളങ്കയായി, മനോഞ്ജയായി പുഞ്ചിരിക്കുന്ന പെൺകുട്ടിയുടെ നമ്രതയാർന്ന മുഖത്ത് ഒരിക്കൽ കൂടി നോട്ടമെറിഞ്ഞ് തിരിഞ്ഞുനടക്കുമ്പോൾ മനസ്സിന് മുമ്പൊരിക്കലും അനുഭവിക്കാനൊക്കാത്ത ലാഘവത്വം. കരളിന് എന്തെന്നില്ലാത്തൊരു കുളുർമ്മ.

അവൾ തന്ന കശുവണ്ടികൾ സഞ്ചിയിൽനിന്നും പുറത്തെടുത്തു നോക്കി. ഇളം ചാരനിറത്തിൽ ഭംഗിയുള്ള രണ്ടു വക്കനണ്ടികൾ! കാശിടുന്ന ചെപ്പിലിട്ട് നിധിയെന്നോണം സൂക്ഷിച്ചു.

ആ നിധിശേഖരത്തിന്റെ സ്മരണയേകിയ അനുഭൂതിയിൽ പകുതി കൂമ്പിയ മനസ്സുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അകലെയുള്ള സിനിമാക്കോട്ടയിൽ നിന്നും ഒഴുകിവരുന്ന പഴയപാട്ടിന്റെ ഈരടികൾ:-

"ചക്കരപ്പന്തലിൽ തേന്മഴ പൊഴിയും
ചക്രവർത്തി കുമാരാ...."

വിരസതകൊണ്ടു മുരടിച്ച് വീട്ടുജോലികൾക്കെല്ലാം ഒരു നവീനാർത്ഥത്തിന്റെ ഇളം നാമ്പുകൾ...

ജീവിതത്തിന് എവിടെയോ മറഞ്ഞിരിക്കുന്ന ലക്ഷ്യം....

ബാഹ്യശബ്ദങ്ങൾ മയങ്ങിവീഴുമ്പോൾ മനസ്സിന്റെ ഉയർന്ന ശാഖയിലിരിക്കുന്ന കിളിയുടെ മൃദുല നിസ്വനം. "കപ്പലണ്ടിക്കാരാ, കപ്പലണ്ടിക്കാരാ

രണ്ടണ്ടിക്ക് കപ്പലണ്ടി തരൊാ?”

ആ ഗാനത്തിന്റെ ഹൃദ്യമായ ലഹരിയിൽ, മുങ്ങിപ്പതക്കുമ്പോഴാണ് സന്ധ്യാ പ്രാർത്ഥനക്കായി പള്ളിയിൽ നിന്നും ഒഴുകിയെത്തിയ പ്രശാന്തമായ കുരിശു മണി ബോധതലത്തിൽ അലകളുയർത്തിയത്.

അറിയാതെ മനസ്സിനൊരു നടുക്കമേറ്റു.

എന്നിലെ വിശുദ്ധിയുടെ പളുങ്കുപാത്രം.... ഉടഞ്ഞുവോ?

പെൺകുട്ടിയുടെ കൂമ്പിത്തുടങ്ങുന്ന മനോഹര മാറിലെങ്ങാൻ എന്റെ കണ്ണുകൾ... പതിഞ്ഞുവോ?

“മരിയാ ഗൊരേത്തീ.... എന്റെ വിശുദ്ധി.” സിസ്റ്റർ പറഞ്ഞു തന്നിട്ടുള്ള സുകൃതജപം ചൊല്ലി.

കന്യാത്വത്തിന്റെ കാത്തുസൂക്ഷിപ്പിനായി രക്തസാക്ഷിത്വം വരിച്ച മരിയാ ഗൊരേത്തിയെയല്ലാതെ ആരെയാണ് വിശുദ്ധിയുടെ പളുങ്കുപാത്രം കാവ ലേൽപ്പിക്കുക!

പള്ളിയിൽ പ്രധാന അൾത്താരക്കു കീഴെ, തന്റെ വിശുദ്ധിയുടെ പരിര ക്ഷക്കായി മാറിൽ തറഞ്ഞിറങ്ങിയ കത്തിയുമായി അനന്ത നിദ്രയിൽ ലയിച്ചു കിടക്കുന്ന മരിയാ ഗൊരേത്തിയുടെ മുഖത്തേക്ക് ആരാധനാഭാവത്തോടെ എത്ര സമയം നോക്കിനിന്നാലും മതിയാവില്ല. അടുത്തനിമിഷം ആ പ്രതി മയ്ക്ക് ജീവൻ വെക്കുമെന്നു തോന്നും.

അമൂല്യമായ കന്യാത്വത്തിന്റെ പളുങ്കുപാത്രം പൊട്ടിത്തകരാതെ, കാമഭ്രാന്തു പിടിച്ച് യുവാവിൽ നിന്നും രക്ഷപ്പെടാൻ അങ്ങേയറ്റത്തെ വിഹ്വലതയോടെ കുതറിപ്പിടയുന്ന പതിനാലുകാരിപ്പെൺകുട്ടിയെ ഭാവന യിൽ കാണാൻ കഴിയുന്നുണ്ട്.

പതിനാലു വട്ടം തിളങ്ങുന്ന കഠാരിയുടെ അലക് സ്വന്തം മാറിൽ തറഞ്ഞിറങ്ങിയിട്ടും കന്യാത്വം വിട്ടുകളയാതിരുന്ന ആ വിശുദ്ധയുടെ ധീരത തനിക്കും അനുകരിക്കാനാവുമോ?

തന്റെ വിശുദ്ധിയിലും വിഷയ സുഖത്തിന്റെ വിഷം കലർത്തുവാൻ പല വിധത്തിൽ ശ്രമിക്കുന്ന പിശാചിൽ നിന്നും കാത്തുരക്ഷിക്കുവാൻ കാവൽ മാലാഖയോട് മുട്ടിപ്പായി പ്രാർത്ഥിച്ചു.

പുറത്തുപറയാൻ കൊള്ളാത്ത സ്വപ്നങ്ങൾ, ക്ലാസിൽ കൂട്ടുകാർ കൊണ്ടു വരുന്ന പുസ്തകങ്ങൾ, വെറുതെയിരിക്കുമ്പോൾ തോന്നുന്ന ചിന്തകൾ.... ലൈംഗികതയുടെ ഈ ഇഴുകിയ പടവുകളിൽ അറിയാതെ കാലൊന്നിടറി യാൽ മതി!....

ഈശോ!

എന്റെയീശോ....

കിടക്കാൻ സമയത്തുള്ള പ്രാർത്ഥന മുട്ടിൽ നിന്നു ചൊല്ലി. എന്നിട്ടും വികൃതിയായൊരു കുട്ടിയെപ്പോലെ ഉറക്കം പിണങ്ങി മാറിനിന്നു.

മനസ്സിന്മേലുള്ള പിടി അല്പം അയയുമ്പോൾ, ഇരുട്ടുവീണ ഏതോ കോണിലിരുന്ന് രാപ്പാടി പാടി – “കപ്പലണ്ടിക്കാരാ – കപ്പലണ്ടിക്കാരാ, രണ്ട

ണ്ടിക്ക് കപ്പലണ്ടി.... രണ്ടണ്ടിക്ക് കപ്പലണ്ടി...."

അറിയാതെ, സമ്മതത്തിന്റെ കപ്പലണ്ടി സഞ്ചിയിലേക്ക് കൈ താഴ്ന്നു.

ഒടുവിൽ തന്റെ പഞ്ചവർണ്ണത്തിലുള്ള കൊന്തയെടുത്ത് രണ്ടു രഹസ്യം ചൊല്ലിക്കഴിഞ്ഞപ്പോഴാണ്, മാലാഖ മയക്കത്തിന്റെ മാന്ത്രിക വടി തലക്കു ചുറ്റും ഉഴിഞ്ഞത്!

# ഏഴ്

തെക്കോട്ടുള്ള ആ വഴിയെ കപ്പലണ്ടി വില്ക്കാൻ ഇനി പോകരുതെന്നു നിശ്ചയിച്ചുകൊണ്ടാണ് രാവിലെ ഉണർന്നത്.

സഹ്യാദികളുടെ മനോജ്ഞ ദർശനം നഷ്ടപ്പെടും. സാരമില്ല. നീണ്ടു നിൽക്കേണ്ടത് ആത്മവിശുദ്ധിയാണ്....

പക്ഷേ വീട്ടുജോലികളെല്ലാം കഴിച്ച്, കപ്പലണ്ടി വറുത്തിട്ട സഞ്ചി കൈത്തണ്ടയിൽ തൂക്കി നാൽക്കവലയിലിറങ്ങി അല്പം ശങ്കിച്ചു നിന്നു.

തെക്കോട്ടുള്ള വഴിയെ പോയെന്നുവച്ച് ആ പെൺകുട്ടിയെ കാണുമെന്നുള്ളതിന് എന്താണുറപ്പ്?

കണ്ടാൽ തന്നെ ഇന്നവൾ കപ്പലണ്ടി വാങ്ങണമെന്നില്ലല്ലോ!

അഥവാ വാങ്ങിയാൽത്തന്നെ പാപചിന്തയോടെ അവളെ നോക്കാതിരുന്നാൽ പോരേ?

"കപ്പലണ്ടേ്യ"

ഉറക്കെ വിളിച്ചുകൊണ്ട് ആദ്യം നീങ്ങിയത് തെക്കോട്ടുള്ള വഴിക്കു തന്നെയാണ്.

കയറ്റം കയറുമ്പോൾ, എന്തുകൊണ്ടാ ഹൃദയസ്പന്ദനത്തിന്റെ താളം തെറ്റി. ആവേശം മൂത്ത ചെണ്ടക്കാരനെപ്പോലെ നെഞ്ച് പടപടാ ഇടിച്ചു. അസ്വസ്ഥമായ ദൃഷ്ടികൾ കടിഞ്ഞാണൂരി നാലുപാടും പാഞ്ഞു.

ഇല്ല – ശൂന്യമായ കശുമാവിൻ ചുവട്ടിൽ ചിലക്കാനൊരു പക്ഷിയില്ല.

മനസ്സിന്റെ ഉള്ളറയിൽ മോഹഭംഗത്തിന്റെ ഒരു ചെറുകുമിള വിടർന്നുപൊട്ടിയോ?

അങ്ങു കിഴക്ക് ഇനിയും ഉണരാൻ മടിച്ചുകൊണ്ട് നീലമഞ്ഞിന്റെ പുതപ്പു വാരിപ്പുതച്ച് ഉച്ചം കുത്തിക്കിടന്നുറങ്ങുന്ന നീല മലകൾ! ഇത്രനേരമായിട്ടും തല്ലിയുണർത്താൻ മലകൾക്ക് അമ്മമാരില്ലെ? അടിയെ പേടിയില്ലേ?

ഒരുപക്ഷേ അവയും, പൗലോസിനെയും എത്സിയേയും പോലെ ഇഷ്ടസന്താനങ്ങളായിരിക്കാം.

എൽസി കൊച്ചാണ്.

പക്ഷേ പൗലോസ്?

കപ്പലണ്ടി വിൽക്കാനായി താനിറങ്ങുമ്പോഴും അവൻ വടക്കേ പിള്ളേറാത്ത് ഉമിക്കരിയും കയ്യിൽ വച്ചുകൊണ്ട് രാത്രി കണ്ടു മറന്ന സുന്ദര സ്വപ്നങ്ങൾക്ക് ജീവൻ വയ്പ്പിക്കാനുള്ള യത്നത്തിൽ പരിസരം മറന്നുള്ള

ഇരിപ്പാണ്.

മനസ്സിന്റെ വിശുദ്ധിയിൽ അവന്റെ വിശ്വാസക്കുറവിനുള്ള ഉത്തമ ദൃഷ്ടാന്തം, അവന്റെ പാഠപുസ്തകത്തിൽ ഒളിച്ചിരിക്കുന്ന ആ ചെറിയ പുസ്തകങ്ങളാണല്ലൊ!

മരണശേഷമുള്ള തനതു വിധിയെക്കുറിച്ച് ഒരു ഭയവുമില്ലാതെ ഇങ്ങിനെ... ഒടുവിൽ ലോകാവസാനനാളിൽ എല്ലാ ബന്ധുമിത്രാദികളുടേയും മുമ്പിൽ വച്ച് എല്ലാ രഹസ്യപാപങ്ങളും മറനീക്കിക്കൊണ്ടുള്ള പൊതുവിധിയും! എല്ലാം അറിഞ്ഞിരുന്നിട്ടും മനുഷ്യന് എങ്ങനെ പാപം ചെയ്യാൻ കഴിയുന്നു!

“കപ്പലണ്ടിക്കാരാ, കപ്പലണ്ടിക്കാരാ.‘

സംഭ്രമത്തോടെ ഞെട്ടിത്തിരിയുമ്പോൾ പിണഞ്ഞു നിൽക്കുന്ന മാവിൻ ചുവട്ടിൽ, ഇതളുകൾ വിടർത്തി നിൽക്കുന്ന അടക്കാമണിയപ്പൂക്കളുടെ ഇടയിൽ ഉദിച്ചു നിൽക്കുന്ന പെൺകുട്ടി!

വലിയ പരൽമീൻ കണക്കെയുള്ള അവളുടെ കണ്ണുകൾ പലവുരു വെട്ടിമറിഞ്ഞു.

വലിയൊരു തെറ്റിന്റെ മൂർദ്ധന്യത്തിലേക്കുള്ള ആദ്യ ചവിട്ടുപടികളാണോ ഇത്? ശങ്കിച്ചു നിൽക്കുമ്പോൾ വീണ്ടും കിളിനാദം – “കപ്പലണ്ടിക്കാരാ, കപ്പലണ്ടിക്കാരാ മൂന്നണ്ടിക്ക് കപ്പലണ്ടി തര്വൊ?

ഒരു പെൺകുട്ടിയോട് സംസാരിക്കുന്നത് പാപമാണോ? മുഴച്ചുനിൽക്കുന്ന പാപകനികളിൽ ആഗ്രഹത്തോടെ നോക്കാതിരുന്നാൽ പോരേ?

തിന്മയിൽ നിന്നും ഒളിച്ചോടുന്നതിലല്ല; ധീരതയോടെ എതിരിട്ടു തോല്പിക്കുന്നതിലാണു വിജയം.

ധീരനായൊരു പടയാളിയുടെ ആത്മവിശ്വാസത്തോടെ മുള്ളുകൾ നീട്ടിപ്പിടിച്ചു നിൽക്കുന്ന വേലിക്കരുകിലേക്കു നീങ്ങുമ്പോൾ, ഉന്നതങ്ങളിൽ വിരിയുന്ന പുഞ്ചിരിയുടെ പൂമൊട്ട്.

നീട്ടിപ്പിടിച്ച് കശുവണ്ടി വാങ്ങി ചെപ്പിലിട്ട്, ഒരുപിടി കപ്പലണ്ടി വാരി. എണ്ണാൻപോലും തോന്നിയില്ല. മനസ്സു നിറക്കുന്ന, ഹൃദയം കുളുർപ്പിക്കുന്ന ആ മൂന്നു കശുവണ്ടിക്ക് പ്രതിഫലമായി ഈ ഒരുപിടി കപ്പലണ്ടി തീരെ അപര്യാപ്തമാണെന്നു ബോധ്യമായിരുന്നു. എന്നിട്ടും വച്ചു നീട്ടിയപ്പോൾ നയനങ്ങളുടെ ആഴക്കടലിൽ ആശ്ചര്യം – “വേണ്ട; ഇത്രേം വേണ്ട.

“എന്ത്യേ ?”

‘എല്ലാവർക്കും ഇത്രേം വെച്ച് കൊടുത്താ ഏല്യാസിന് നഷ്ടം വരൂലേ?

“ഏല്യാസ് ഇവളുടെ ഓർമ്മയിൽ തന്റെ പേര് കൊത്തപ്പെട്ടുവെന്ന ചിന്തക്ക് ഈയലിന്റെ ചിറകു മുളച്ചപ്പോൾ ഹൃദയാലുവായൊരു ഔദാര്യവാന്റെ പുഞ്ചിരി സ്വന്തം ചുണ്ടുകളിലൂറി. “അതിന് എല്ലാവർക്കും കൊടുത്തെങ്കിലല്ലേ?”

കൃതജ്ഞത കൂമ്പുന്ന കരങ്ങളിലേക്ക് കപ്പലണ്ടി വച്ചുകൊടുക്കുമ്പോൾ തുടിക്കുന്ന ഹൃദയത്തോടെ ചോദിച്ചു – “പേരെന്താ?”

നീണ്ട കണ്ണിമകൾ അഞ്ചാറുതവണ വെട്ടിമറിഞ്ഞു – “ലീന.”

എത്രയോ ഭംഗിയുള്ള പേര് മനസ്സിലോർത്തു.

അല്പം കഴിഞ്ഞ് ചോദിച്ചു. “ലീനയെ അമ്മ ദെവസോം തല്ലോ?

“ഇല്യാലൊ. എന്തേ?”

“ഏയ് ഒന്നൂല്യാ. അപ്പനൊ?”

“അപ്പച്ചന് എന്നെ എന്തിഷ്ടാന്നോ!” ഒരു കപ്പലണ്ടി പൊട്ടിച്ച് തൊലി കളഞ്ഞ് തിന്നുകൊണ്ട് ലീന ചോദിച്ചു. “എന്തിനാ ഇതൊക്കെ അറിയണെ?” “ചുമ്മാതാ.” എങ്കിലും മനസ്സിൽ തലേന്ന് രൂപം പൂണ്ട് വാക്കുകൾക്ക് കുറച്ചുകൂടി ഊർജ്ജസ്വലത കൈവന്നു. “ഭാഗ്യവതി.

അപ്പന്റെയും അമ്മയുടെയും വാത്സല്യ പാത്രമായി വളരാൻ സാധിക്കുന്നതിലും വലിയൊരു ഭാഗ്യം ഒരു കുട്ടിക്ക് മറ്റെന്താണ് കയ്യെത്തിപ്പിടിക്കാനൊള്ളത്!

എനിക്കും ലീനക്കുമിടയിൽ ഉയർന്നുനിൽക്കുന്ന മുള്ളുവേലി ഏതു ഭ്രാന്തമായ വിധിക്കാണ് തട്ടിമാറ്റാനാവുക!

ലീനയുടെ വീട്ടുമുറ്റത്ത് സർവ്വസൗഭാഗ്യങ്ങളോടും കൂടി വിടർന്നു നിൽക്കുന്ന നനുത്ത പനിനീർപ്പു കണ്ടാകണം ഭൂമിയുടെ വരണ്ട ചുണ്ടുകൾ പിളർന്നുകൊണ്ട് വളർന്നുനിൽക്കുന്ന അടക്കാമണിയത്തിന്റെ പരുപരുത്ത പൂക്കൾ, വേദനയുടെയും ആത്മനിന്ദയുടേയും ഗന്ധം പ്രസരിപ്പിച്ചുകൊണ്ട് കശുമാവിൻ ചുവട്ടിൽ നിന്ന് തലയാട്ടുന്നു. സ്വന്തം എളിമ അവർക്ക് ബോധ്യമായതുപോലെ.

എങ്കിലും അവയുടെ മനം കവരുന്ന ഗന്ധം ഓർമ്മയുടെ നാസാരന്ധ്രങ്ങളിലൂടെ ഇഴഞ്ഞുകയറിയപ്പോൾ ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. “അടക്കാമണിയത്തിന്റെ ഒരു പൂവ് പറിച്ചു തര്വൊ?

“എന്തിനാ?” വറുത്ത കപ്പലണ്ടിയുടെ രുചിയുള്ള ചോദ്യം.

“മണപ്പിക്കാനാ. അതിന്റെ മണം വെല്ലിഷ്ടാ.‘

“എനിക്കുതെ.” രണ്ടടക്കാമണിയപ്പൂക്കൾ പറിച്ച് ഒന്നു തനിക്കു തന്ന്, മറ്റത് സ്വയം മണപ്പിച്ചുകൊണ്ട് ലീന പറഞ്ഞു, “ഇതിന്റെ മണാ എനിക്ക് റോസാപൂവിനേലും ഇഷ്ടം.“

എളിമ മുറ്റിയ പൂവിന്റെ ഹൃദയഹാരിയായ വാസനകണികകൾ ആത്മാവിലേക്കു തുളച്ചു കയറുമ്പോൾ ഓർമ്മയിൽ പിച്ചവക്കുന്ന പ്രായം കഴിഞ്ഞും കാലം മുന്നോട്ടൊഴുകുന്നു എന്നു വിശ്വസിക്കുന്നത് ഏതോ മിഥ്യയിൽ കവിഞ്ഞൊന്നുമല്ലെന്നു തോന്നി.

കരിയും അപ്പയിലയുമിട്ട് തേച്ചു കഴുകിയ ഓലക്കെട്ടും പേറി അറിവിനു വേണ്ടിയുള്ള ആർത്തിയോടെ ആശാൻ പള്ളിക്കൂടത്തിലേക്കു പോകുന്ന ബാല്യത്തിലേക്ക് കാലം ചിറകൊടിഞ്ഞു വീഴുന്നു...

ഓർമ്മകളിൽ വേദനയുടെ കുമിളകൾ ജന്മമെടുക്കുന്നതിനുമുമ്പ്, നന്മതിന്മയുടെ അറിവിന്റെ കനി തൊണ്ടയിൽ മുഴയ്ക്കുന്നതിനു മുമ്പുള്ള കാലം...

മുന്നിൽ തെളിയുന്നത് വിശാലമായ പാടമാണ്. വിത്തെറിഞ്ഞ ഉടമസ്ഥന് തിരിച്ചേൽപിച്ച വിളവിന്റെ ഓർമ്മയ്ക്കായി പാടശേഖരങ്ങൾ കാത്തുസൂക്ഷി

ക്കുന്ന നെൽചുണ്ടുകൾക്ക് വേദനയുടെ ആശ്വാസം പകരാൻ തലയുയർത്തി നിൽക്കുന്ന അടക്കാമണിയച്ചെടികൾ.

വേനലിന്റെ കാഠിന്യത പരുക്കേല്പിച്ച മൃദുലതയെ സ്വപ്നം കണ്ട് തേങ്ങുന്ന കൊച്ചുപുഷ്പത്തെ പറിച്ചെടുത്തു മണപ്പിക്കുന്നതിൽ തന്നോട് മത്സരി ച്ചിരുന്ന കൊച്ചുകളിത്തോഴി ആരായിരുന്നു?

ലീന?

അല്ല –

അയൽവക്കത്തെ കുഞ്ഞു നിർമ്മല!

കണ്ണുകളിൽ തിളക്കവും ചൊടികളിൽ ചുവന്ന പുഞ്ചിരിയുമായി ഇണപി രിയാതിരുന്ന കൊച്ചുകൂട്ടുകാരി.

ആശാൻ പള്ളിക്കൂടത്തിൽ, പൂർവ്വാംബരത്തിൽ ചവിട്ടുപടികൾ കയറുന്ന ഇളം സൂര്യന്റെ കോവണിച്ചുവട്ടിൽ, സന്ധ്യാരാഗം നിശ്ശബ്ദമായി വിലപി ക്കുന്ന മരച്ചുവട്ടിൽ എല്ലാം സ്വന്തം നിഴലിനൊപ്പം അവൾ കൂട്ടുവന്നു.

കുട്ടിപ്പുരകെട്ടി, കുഞ്ഞിക്കഞ്ഞി വച്ചു കളിക്കുമ്പോൾ ഒരു ഭർത്താവിന്റെ അവകാശത്തോടെ താനവളെ എത്രയോ വട്ടം മർദ്ദിച്ചിരിക്കുന്നു!

ഒരു മുളം തണ്ടിന്റെ നേർത്ത സുഷിരംപോലെ പേലവമാർന്ന ആ കവിളി ണയിലൂടെ താനെത്രയോ വട്ടം നീർച്ചാലുകൾ തോണ്ടിയിരിക്കുന്നു!

എന്നിട്ടും, നമ്പൂതിരി ഇല്ലത്തെ അശുദ്ധം നോക്കുന്ന അച്ഛന്റേയും മുത്ത ശ്ശിയുടെയും കണ്ണുതെറ്റിച്ച് കുതറിത്തെറിച്ചോടിയെത്തുമ്പോൾ കയ്യിൽ രണ്ട ടക്കാമണിയപ്പൂക്കൾ!

ഒപ്പം പങ്കിട്ട്, പൂവിതളുകൾക്കിടയിൽ ഒളിച്ചുകളിക്കുന്ന സുഗന്ധത്തെ മൂക്കു കണ്ടെത്തി ആവേശത്തോടെ മുകരുമ്പോൾ കൂമ്പിപ്പോകുന്ന നിർമ്മ ലയുടെ കൊച്ചുകണ്ണുകൾ വിസ്മൃതിയുടെ മൂടൽമഞ്ഞിൽ അവ്യക്തമായി തെളിയുമ്പോൾ, മനസ്സിലെ തൊടലിച്ചെടിയിൽ പിടിച്ച് ഏതോ വികൃതിക്കുട്ടി ക്രൂരമായി ഉലയ്ക്കുന്നു...

ഈ പീപ്പിക്കായക്ക് എന്തിനാ ഈ മണം നമ്മളെ കൊതിപ്പിക്കാനാ?" അവളുടെ ചോദ്യത്തിന് ശരിയായ ഉത്തരം കണ്ടെത്താനാവും മുമ്പ്, ക്രൂരമ ണത്തിന്റെ കോടമഞ്ഞിലേക്ക് നിർമ്മലയെ തള്ളിയിട്ടതാരാണ്?

മാതൃഭൂമിയുടെ വാത്സല്യം നിറഞ്ഞുനിന്നിരുന്ന അടക്കാമണിയപ്പൂക്കളിൽ വിരഹവേദനയുടെ ഗന്ധം തിരുകിക്കയറ്റിയതാരാണ്?

വിധിയൊ?

അല്ല!

അമ്പലക്കുളത്തിന്റെ നെഞ്ചകം പിളർന്ന് നിർമ്മല മുങ്ങിത്താഴുമ്പോൾ, പടവുകളിൽ തുണിയലക്കിക്കൊണ്ടിരുന്ന പെണ്ണുങ്ങളുടെ അലമുറകേട്ട് അടുത്ത കണ്ടത്തിൽ ഉഴുതുകൊണ്ടിരുന്ന കുഞ്ഞപ്പൻ പുലയൻ ഓടിയെത്തി കുളത്തിലേക്ക് ചാടാൻ ഒരുങ്ങിയതാണ്.

പക്ഷേ, മാതൃത്വത്തിന്റെ അധികാരം കയ്യിലേന്തിക്കൊണ്ട് നിർമ്മലയുടെ അമ്മ വിലക്കി – അരുത് പുലയാ! എന്റെ കൊച്ചിനേം അമ്പലക്കൊളോം

നീ തൊട്ട് അശുദ്ധമാക്കരുത്!

ഇല്ല, പെറ്റമ്മയോളം ക്രൂരയാവാൻ ഈ ജന്മത്തിൽ ഒരു വ്യക്തിക്കും സാദ്ധ്യമല്ല. ഒരപരിചിതന്റെ നിന്ദകളേക്കാളും എത്രയോ വേദനാജനകമാണ് ഈ ജീവിതത്തിന്റെ കൊടും കാട്ടിലേക്ക് ഉന്തിയിറക്കിയ പെറ്റമ്മയുടെ മുഖം കറുപ്പിച്ചുള്ള ഒരു വാക്ക്!

എന്നിട്ടും അപരിചിതരെ വെല്ലുന്ന അമ്മമാരാണ് ലോകത്തെ നയിക്കുന്നത് – നിർമ്മലയുടെ അമ്മയുടെ അശുദ്ധം നോക്കലിലൂടെ; തന്റെ അമ്മയുടെ, സ്നേഹം മനസ്സിന്റെ നിലയറയിൽ വച്ചു പൂട്ടുന്നതിലൂടെ;

അമ്പലക്കുളത്തിന്റെ മിനുസമാർന്ന മടക്കുകൾക്കിടയിൽ ഒളിച്ചിരുന്ന മരണത്തിന്റെ വാൾത്തലയേറ്റ്, രക്തം പടർന്നുവീണ നാളുകളിൽ, തലയിണയിൽ ഉപ്പുരസം കലർത്തി യാമങ്ങളുടെ നിശ്വാസങ്ങളെണ്ണിക്കൊണ്ട് എത്രയോ രാത്രികൾ ഞാൻ തള്ളിനീക്കി!

മരണാനന്തര ചിറകുകൾക്കിടയിൽ, ഒരു മാത്രനേരത്തേക്കെങ്കിലും ആ പാദസരം കിലുങ്ങുന്നതൊന്നു കേൾക്കാൻ..

അടക്കാമണിയപ്പൂമണമൊഴുകുന്ന പ്രഭാതത്തിന്റെ ഊഷ്മളതയുള്ള ആ ചുണ്ടുകളിൽ ഒന്നുമ്മവെക്കാൻ..!

മനസ്സ് സ്വയം ഒരുക്കൂട്ടിയ ഏകാന്ത തടവറകൾ –

ഈ പെരുംലോകത്തിന്റെ കൊച്ചു കോണിൽ ഒന്നിച്ചുകളിച്ചുകൊണ്ടിരുന്ന തന്റെ കൊച്ചു കൂട്ടുകാരിയെ മാത്രം കഴുത്തിനു കടിച്ചെടുത്തു കൊണ്ടു പോകാൻ പതുങ്ങിവന്ന വിധിയെന്ന ക്രൂരമൃഗമെന്തേ, എന്നെക്കൂടിക്കൊണ്ടു പോകാൻ കരുണ കാട്ടിയില്ല?

ക്രമേണ താഴ്വാരങ്ങൾക്കു പിന്നിൽ അവസാനത്തെ നിശ്വാസവുമുതിർത്ത് കടന്നുപോയ ഋതുക്കളോടൊപ്പം നഷ്ടബോധത്തിന്റെ സാന്ദ്രതയും ലഘൂകരിക്കപ്പെട്ടു വരികയായിരുന്നു.

ദുഃഖത്തിന്റെ നിശ്വാസങ്ങൾകൊണ്ട് സമയത്തിന്റെ കാലടിവെപ്പുകൾ അളന്നിരുന്ന രാത്രികളുടെ എണ്ണം ഇല്ലാതായി വരികയായിരുന്നു.

തലനാരിഴകളെപ്പോലും വകഞ്ഞുകീറാൻ തുടങ്ങിയ ഏകാന്തതയുടെ ദുസ്സഹതയുമായി താദാത്മ്യം പ്രാപിച്ചു തുടങ്ങിയിരുന്നു.

മറവിയുടെ മരുന്നുപുരട്ടി മനസ്സിന്റെ മുറിവുകൾക്കു മുകളിൽ കാലം കെട്ടിച്ചുതന്ന പാട് വീണ്ടുമിതാ ഉരഞ്ഞുപോയിരിക്കുന്നു –

ലീനയിലൂടെ പുനർജ്ജനിച്ച എന്റെ നിർമ്മലയുടെ ശബ്ദത്തിലൂടെ;

ഈ ഈ കണ്ണുകൾ കടമെടുത്ത തിളക്കത്തിലൂടെ;

ലീന എന്നും വച്ചു നീട്ടുന്ന ഈ അടക്കാമണിയപ്പൂക്കളിലൂടെ.

ഇല്ല, അവിരാമം നഷ്ടബോധത്തിന്റെ തിരയടിക്കുന്ന ഓർമ്മയുടെ സാഗരത്തിൽനിന്നും ഒരിക്കലും തനിക്കു നീന്തി രക്ഷപ്പെടാനാവില്ല!

രക്തമിറ്റുന്ന ആണിപ്പഴുതുകളുമായി, പുനർജ്ജനിച്ച് നിർമ്മലയുടെ ഓർമ്മകളായി പിണഞ്ഞുനിൽക്കുന്ന മാവിൻചുവട്ടിൽ ലീന വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ടപ്പോൾ, ശങ്കിച്ചുനിന്ന മനസ്സിന് അടക്കാമണിയപ്പൂക്കളുടെ ഗന്ധം

ധൈര്യമേകി - ബാല്യകാലത്തിന്റെ മൃതദേഹത്തിൽ പുരട്ടിയിരുന്ന നൂതന സുഗന്ധം!

ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന അന്യതാബോധത്തിൽ, ആത്മപീഡനത്തിനിടയിൽ വീണുകിട്ടുന്ന ഏതാനും നിമിഷങ്ങളുടെ സ്നേഹസൗഹൃദം! ആ ആത്മബന്ധത്തിൽ തുറന്നുകിട്ടിയ ഹൃദയസരണിയുടെ കുളിരാർന്ന തീർത്ഥജലത്തിൽ ആത്മവിസ്മൃതിയിലൂടെ മുങ്ങാംകുഴിയിട്ടുകൊണ്ട് നടക്കുമ്പോൾ മുകളിൽ വട്ടം കറങ്ങുന്ന കഴുകന്റെ കൂർത്ത നയനങ്ങൾ കണ്ടില്ല.

"ഏല്യാസിന് വെല്യ വീട്ടിലെ പെണ്ണായിട്ട് പ്രേമാല്ലെ?" കപ്പലണ്ടി വിൽക്കുന്ന മറ്റു കുട്ടികളാണ്.

തേളിന്റെ കുത്തേറ്റ പോലെ പുളഞ്ഞു പോയി.

"പ്രേമം!" ഉച്ചരിക്കാൻ പോലും നിഷിദ്ധമായ വാക്ക്.

"ഛീ അനാവശ്യം പറയുന്നോ?" അവരുടെ കൂടെ തമ്മിൽത്തല്ലാനും അന്യരുടെ മാവിനു വീക്കാനും കൂടാത്തതുകൊണ്ട് തന്നെ കുരുക്കാൻ വല തേടി നടക്കുകയായിരുന്നെന്നറിയാഞ്ഞിട്ടല്ല.

"അല്ലെങ്കിപ്പിന്നെന്തിനാ നീ അവൾക്ക് എന്നും കപ്പലണ്ടി വാരിക്കൊടുക്കണെ?"

എന്തൂട്ടാ ഇത്രേം നേരം സൊകാര്യം പറയണെ?'

"നിനക്കെന്താ ഞങ്ങളുടെ കൂടെ കൂട്യാ?" പല പ്രാവശ്യം കേട്ടു തയമ്പിച്ച ചോദ്യം, "കപ്പലണ്ടി വിൽപ്പനക്കാരുടെ യൂണിയനിൽ നിനക്ക് ചേർന്നാന്താ?"

"അതെങ്ങന്യാന്നേ, അവന് വെല്യവീട്ടിലെ പെമ്പിള്ളേരുമായല്ലേ സംബന്ധം!

പുച്ഛത്തിന്റെ മുള്ളുകൾ എറിച്ചു നിൽക്കുന്ന വാക്കുകൾ കേട്ടപ്പോൾ വീണ്ടും തലച്ചോറ് പെരുത്തു. "എനിക്കിഷ്ടോള്ളത് ഞാൻ ചെയ്യും. നീയാരാ ചോദിക്കാൻ?" ഉറപ്പിച്ചുതന്നെ ചോദിച്ചു.

"എന്താ ചെയ്യാൻ പോണേന്ന് ഇനീം അവളുമായിട്ട് മിണ്ടണ അന്നു കാണിച്ചുതരാം.'

"എന്താ ചെയ്യാ?" അവനോട് കുറച്ചടുത്തുകൊണ്ടു ചോദിച്ചു.

"നിന്റമ്മയോടു പറയും. അപ്പോക്കാണാം പൊടിപൂരം."

ഗർവ്വിന്റെ പത്തി സ്വയം ചുരുങ്ങി. മനസ്സിന്റെ വിശുദ്ധിയെ അങ്ങേയറ്റം വിലമതിക്കുന്ന അമ്മയുടെ ചെവിയിലെങ്ങാൻ ഈ വിവരം എത്തിപ്പെട്ടാൽ മതി; എല്ലാ കൊടുങ്കാറ്റുകളും ഒന്നായി വീശും. എല്ലാ ഇടിനാദങ്ങളും ഒന്നായി മുഴങ്ങും. പൊള്ളുന്ന തീമഴ കോരിച്ചൊരിയും.

തന്റെ മാനസിക പവിത്രതയിൽ അങ്ങേയറ്റം ശ്രദ്ധ ചെലുത്തുന്ന അമ്മ. മൂത്തമകനെ വൈദികനാക്കാമെന്ന് വല്ലാർപാടത്തും കണ്ണമാലിയിലും നേർച്ച നേർന്നിരിക്കുന്ന അമ്മ. നല്ല നേരങ്ങളിൽ എത്രയോ വട്ടം പറഞ്ഞിരിക്കുന്നു "ഏല്യാസ് ഒരച്ചനായാൽ മതിയെന്ന്!"

ആ അമ്മ ഇതെങ്ങാനറിഞ്ഞാൽ...!

നീണ്ടുനിന്ന കാറ്റിലും മഴയിലും മണിക്കൂറുകളായി കോളുകൊണ്ടിരമ്പി മറിഞ്ഞ കടലലകൾക്കു ശേഷം ശാന്തമായ കടൽ പോലെ മനസ്സിലെ അന്തർധാരകളുടെ മുട്ടിത്തിരിച്ചിലുകൾ കുറഞ്ഞ്, കുമിളകൾ പൊട്ടി തിര മാലകൾ നിശ്ചലമായപ്പോൾ, പ്രപഞ്ചസീമയുടെ അപ്പുറത്തെവിടെയോ നിന്ന് ഒഴുകിയെത്തുന്ന ചെറുനിസ്വനം വീണ്ടും -

'കപ്പലണ്ടിക്കാരാ, കപ്പലണ്ടിക്കാരാ, രണ്ടണ്ടിക്ക് കപ്പലണ്ടി തര്വൊ?.....
രണ്ടണ്ടിക്ക് കപ്പലണ്ടി...."

# എട്ട്

'എന്റെ ഹൃദയം എന്റെ നാഥനെ മഹത്വപ്പെടുത്തുന്നു.!

എന്റെയാത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിലാനന്ദിക്കുന്നു. എന്തെന്നാൽ അവിടുന്ന് താഴ്മയുള്ള ഈ ദാസിയെ സ്മരിച്ചിരിക്കുന്നു.

ഇന്നുമുതൽ എല്ലാവരും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും. സർവ്വശക്തൻ വലിയ കാര്യങ്ങൾ എനിക്കുവേണ്ടി ചെയ്തിരിക്കുന്നുവല്ലോ!'...

വർഷങ്ങളായി ബന്ധിതമായിരുന്ന നാവിന്റെ കെട്ടുകൾ അഴിച്ചുകൊടുത്തപ്പോൾ ഇളയമ്മയുടെ ഹൃദയം ദൈവത്തോടുള്ള കൃതജ്ഞതയാൽ മുകളീകൃതമായിരിക്കാം. അതുകേട്ട് ഉദരത്തിലെ പ്രജ കുതിച്ചു ചാടിയിരിക്കാം.

'ദൈവം എന്റെ ഹൃദയം സന്തോഷം കൊണ്ടു നിറച്ചു; അവിടുത്തെ പ്രവൃത്തിയിൽ ഞാനെത്രയോ ആനന്ദിക്കുന്നു! എന്റെ ശത്രുക്കളെ ഞാൻ പരിഹസിക്കുന്നു. എത്രയോ സന്തോഷവാനാണു ഞാൻ!

ജീവിതലക്ഷ്യത്തിനു വിലങ്ങുതടിയായിരുന്ന ശാശ്വതമായൊരു ദുഃഖത്തിന്റെ തിരോധാനം – ഒരു മച്ചി ഗർഭം ധരിച്ചിരിക്കുന്നു!

പക്ഷേ, ഗർഭം ധരിക്കുന്നവർ വന്ധ്യകളല്ലല്ലൊ....

തൽക്കാലത്തേക്കു മറക്കപ്പെട്ട ഇളയമ്മയുടെ മാതൃത്വത്തെ വെളിപ്പെടുത്താൻ ചോറ്റാനിക്കര അമ്പലത്തിലേക്കു രഹസ്യമായി നടത്തിയ ആ വഴിപാടു സഹായിച്ചിരിക്കുമോ?

അറിയില്ല.

ഇളയപ്പന്റെയും ഇളയമ്മയുടെയും സന്തോഷാശ്രുക്കളുടെ പ്രതിഫലനവുമായി പടികടന്നുവരുന്ന അമ്മയെകണ്ട് മുറ്റമടിച്ചുകൊണ്ടിരുന്ന ചൂൽ കയ്യിൽ പിടിച്ചുകൊണ്ടുനിന്നു. "എളേമ്മക്ക് സുഖമാണോ അമ്മേ?"

"ങ്ഉം. എന്നാലും ത്തിരി ക്ഷീണോണ്ട്. ആദ്യല്ലെ, അതുണ്ടാവും.

പടിഞ്ഞാറെ മുറ്റത്ത് മണ്ണിൽ കളിക്കുകയായിരുന്ന എത്സി അമ്മയുടെ ശബ്ദം കേട്ട് കുതറിത്തെറിച്ച് ഓടിവന്നു. കൊച്ചുമനസ്സിലെ വലിയ സന്തോഷം കുടുകുടെ ചിരിച്ചറിയിച്ചുകൊണ്ട്.

ദിനങ്ങളായി അകന്നിരുന്ന അമ്മ.

ദിവസങ്ങളായി ലഭിക്കാതിരുന്ന ഉമ്മകൾ.

"തേത്തൻ' എത്ര സ്നേഹത്തോടെ ശുശ്രൂഷിച്ചാലും ഒരമ്മയുടെ കരകവിയുന്ന വാത്സല്യത്തിന് ഒരിക്കലും വാലാവില്ലല്ലൊ.

അമ്മ ഉടുത്തിരുന്ന 'മുറി'യുടെ മടിയഴിച്ച് ചെറിയ കടലാസുപൊതിയെ

ടുത്തു നിവർത്തി പങ്കുവച്ച് ചെറിയ നാരങ്ങാ മിഠായിയുടെ സ്വർഗ്ഗീയ മാധുര്യത്തിൽ എല്ലാ പരിഭവങ്ങളും അലിഞ്ഞുചേർന്നു.

വഴിക്ക്, മൊട്ടായിക്കാരന്റെ കടയിൽ നിന്നും ഒരണക്കു വാങ്ങുന്ന നാരങ്ങാമിഠായിയിൽ നുണഞ്ഞു തീരാത്ത യാത്രാദുരിതങ്ങളില്ലല്ലൊ; വിരഹവേദനകളില്ലല്ലൊ.

യാത്രാന്ത്യത്തിലെ കുശലപ്രശ്നങ്ങൾ കഴിഞ്ഞ് ഗാർഹിക ചുറ്റുപാടുകളിലേക്ക് കാലെടുത്തു കുത്തുമ്പോൾ അമ്മ ചോദിച്ചു – “അപ്പനെന്ത്യേടാ?”

“പുതിയതായിട്ട് അടച്ചുവാങ്ങിയ തോട്ടത്തിലേക്കു പോയേക്കാണ്.”

“പൗലോസോ?”

‘കാലത്തു തന്നെ പൊറത്തെറങ്ങിപ്പോയതാ. ഇതേവരെ വന്നില്ല.”

“ങ്ഉം.” അമ്മയൊന്നമർത്തി മൂളി. “അവനിപ്പം വീട്ടിലിരിക്കാൻ തീരെ നേരോല്യാണ്ടായി – ഒരു കൂട്ടുകെട്ട്!”

അടുപ്പത്തു വച്ചിരിക്കുന്ന കഞ്ഞീംകലത്തിന്റെ മൂടി അമ്മ തുറന്നുനോക്കി – അരി തെളുതെളെ തിളക്കുന്നു.

അടുക്കളയിൽ ഒന്നിനുമീതെ ഒന്നായി കയറ്റിവച്ചിരിക്കുന്ന തേച്ചു മിനുക്കിയ ചെമ്പുപാത്രങ്ങളിൽ അല്പം മുമ്പ് കോരിവച്ച വെള്ളം.

ചൂൽ വരച്ചിട്ട അവ്യക്ത ചിത്രങ്ങൾ മുറ്റത്തെ മണ്ണിൽ ഇനിയും മായാതെ കിടക്കുന്നു. അടിച്ചു തൂത്ത ഇറയവും പുരയും. തുറുവിൽനിന്നും വലിച്ചിട്ടു കൊടുത്ത കച്ചി അശ്രദ്ധരായി നിന്നു തിന്നുന്ന കാളകൾ, ചാണകം വാരിക്കളഞ്ഞ് വൃത്തിയാക്കിയ തൊഴുത്ത്.

“കഞ്ഞിക്കെന്താടാ തൊടാൻ?”

“ഉപ്പുമാങ്ങാ അരിഞ്ഞ് ചമ്മന്തിയരച്ചിട്ടുണ്ട്.”

അമ്മയുടെ കണ്ണുകളിൽ സംതൃപ്തി പരന്നപ്പോൾ, കൃത്യനിർവ്വഹണത്തിന്റെ ചാരിതാർത്ഥ്യം സ്വന്തം മനസ്സിന്റെ കോണുകളിലേക്കും മെല്ലെപടരുന്നതറിഞ്ഞു.

‘മരക്കെഴങ്ങ് പറിച്ച് പുഴുങ്ങണോ അമ്മെ?”

“വൈകുന്നേരം മതി. അല്ലെത്തന്നെ കെഴങ്ങല്ലാം തീരാറായി. മഴക്കാലോം വരണുണ്ട്. നാള്യല്ലേ എടവപ്പാതി കർത്താവേ വെറകിന്റെ ഒരു കഷണം പറത്തുമ്മ കേറ്റീട്ടില്ല?”

എന്നാലെന്താ, ഈ കടുത്ത വേനലിനൊരു അറുതിയാവുമല്ലോ!

ആദ്യമായിട്ടാണ് ഇത്ര വലിയ വറുതി.

മുറ്റത്തെ കിണറിലെ വെള്ളം കോരിയെടുക്കുമ്പോൾ ബക്കറ്റിൽ ഓടിക്കളിക്കുന്ന ചുവന്നു നീണ്ട നാരുകൾ.

മെലിഞ്ഞ് വിളർത്ത ചിറയിൽ അല്പമൊന്നു നീന്തുമ്പോഴേക്കും ജലവിതാനത്തിൽ പൊട്ടിവിടരുന്ന ചെളിയുടെ കറുത്ത മലരി, ശരീരത്തിലാകെ പറ്റിപ്പിടിക്കുന്ന പുതൻ...

എല്ലാറ്റിനുമുപരി നടക്കുമ്പോഴും ഇരിക്കുമ്പോഴും ഉറങ്ങുമ്പോഴും വേകുന്ന ഉഷ്ണം.

ദേഹത്ത് സൂചിമുനകളായി ആഴ്ന്നിറങ്ങുന്ന വെയിൽ...

കാറ്റിന്റെ തേരിലേറി സവാരി പോകുന്ന വന്ധ്യമേഘങ്ങളെ കണ്ടുമടുത്തു. വിണ്ടുവരണ്ട വയലുകൾ ഇരകാത്തു കിടക്കുന്ന പാമ്പുപോലെ തടിച്ചു മലർന്ന ചുണ്ടുപിളർത്തി, കൊയ്ത്തുകഴിഞ്ഞ ചണ്ടിന്റെ പിളർന്ന നാവും നീട്ടി ഒരേ കിടപ്പാണ്. മഴയുടെ ഒരു കൊച്ചുകാല് മുറ്റത്തു പതിഞ്ഞുകാണാൻ വല്ലാതെ ദാഹിക്കുന്ന ഭൂമി.

എല്ലാം ചുട്ടുകൂട്ടുന്ന ഈ പൊരിവെയിലിന്റെ അന്തിമങ്ങൂഴം കടന്നുപോകുന്നതും കാത്തിരിക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായല്ലോ.

ഏതോ മലഞ്ചരുവിൽ 'കുടി' കയറി ഒരുങ്ങുന്ന കാലവർഷം. ഇന്നത്താഴ മൂട്ടാണ്.

നാളെ, നാളെ ഇടവപ്പാതി!

അവളുടെ ഈർപ്പമണിഞ്ഞ വലതുകാൽ വച്ചുള്ള വരവുകാണാൻ മാസങ്ങളായുള്ള ഉറക്കക്ഷീണവുമായി കാത്തിരിക്കുന്ന പ്രകൃതി.

വൃക്ഷങ്ങളുടെ ഒക്കത്തിരുന്ന് ഉറക്കം തൂങ്ങിത്തുടങ്ങിയ കുരുന്നിലകൾ കാറ്റു വരുമ്പോഴെല്ലാം കൺമിഴിച്ചു നോക്കി. വഴിയരികിലെ പുൽക്കൊടികൾ കാത്തിരുന്ന് കാത്തിരുന്ന് മണ്ണിന്റെ പുതപ്പു മേലെ വലിച്ചുമൂടി കൂർക്കം വലി തുടങ്ങിയിരിക്കുന്നു – കാലവർഷം വന്ന് കുലുക്കിയുണർത്തുന്നതും കാത്ത്.

വിളക്കെണ്ണ തീർന്നുപോയാലും, പകലദ്ധ്വാനം കഴിഞ്ഞ് ഉറങ്ങിപ്പോയാലും മണവാട്ടിയുടെ വരവിൽ ആർപ്പുവിളിയുണ്ടാവുന്നു. "ഉണരുവിൻ, ഉണരുവിൻ, ഈ കരിന്തിരി കത്തുന്ന ജീവന്റെ വിളക്കുകളിൽ എണ്ണ പകരുവിൻ, ഇതാ മണവാട്ടിയുടെ പട്ടു വസ്ത്രങ്ങളുലയുന്ന ശബ്ദം കേൾക്കുന്നു. അവളുടെ മൃദുല പാദനിസ്വനമുയരുന്നു – ഉണരൂ,... ഉണരൂ!'

തയ്യാറായിരിക്കുന്ന ബുദ്ധിമതികളെ മാത്രം അകത്തുകടത്തി മണിയറയുടെ വാതിലടക്കാത്ത കാലവർഷം!

ഇടവപ്പാതിയുടെ കൈപിടിച്ച് നാണം കുണുങ്ങിയെത്തുന്ന കാലവർഷത്തിന്റെ സ്മരണപോലും വേനലിൽ പൊരിയുന്ന മനസ്സിനെ കുളിരണിയിക്കുന്നു.

മഴയുടെ തണുത്തുറക്കുന്ന കാറ്റിൽ താടിതട്ടുന്ന വൃക്ഷങ്ങളേയും അവയുടെ തോളിലൂടെ കയ്യിട്ട് മാറിൽ പറ്റിക്കിടന്ന് കിടുകിടുക്കുന്ന ലതകളേയും ഓർക്കുമ്പോൾത്തന്നെ, മനസ്സിന്റെ മണലാരണ്യങ്ങളിൽ കാനൽ ജലം ഉറവയെടുക്കുന്നു.

പക്ഷെ മഴക്കാലം വന്നാൽ, കപ്പലണ്ടിക്ക് ഡിമാന്റ് കുറയും. വേനലിന്റെ രോമാഞ്ചമായ അടക്കാമണിയപ്പൂക്കളുടെ ഗന്ധം മഴത്തുള്ളികൾ വീണ് ചിന്നിച്ചിതറും.

പത്തിലെ പഴയ പുസ്തകങ്ങൾ വാങ്ങാനുള്ള പണം ഇനിയും തികഞ്ഞിട്ടില്ല. അതിലുപരി അമ്മ വിരുന്നു പോയിരുന്നതുകൊണ്ട് നാളുകളായി കപ്പലണ്ടി വിൽപ്പന മുടങ്ങിയതു മൂലം നഷ്ടപ്പെട്ട അടക്കാമണിയപ്പൂവിന്റെ

ഗന്ധം.

ഒരു കപ്പലണ്ടി സഞ്ചിയുടെ ദർശനത്തിനായി ദിവസം മുഴുവൻ, കശുമാവിൻ ചുവട്ടിൽ തപസ്സിരിക്കുന്ന പെൺകുട്ടിയെ ഭാവനയിൽ കാണാനൊക്കും – ഹൃദയത്തോടൊപ്പം എന്റെ വേദനകളും പങ്കിടാൻ തയ്യാറായ ലീന.

അവൾ പരിഭവിക്കും. പിണക്കം നടിക്കും.

തന്നെ കാണാതെ ഒരുദിവസം പോലും അവൾക്ക് തള്ളിനീക്കാനാവില്ലെന്ന് എത്രയോ വട്ടം അവൾ തുറന്നു പറഞ്ഞിരിക്കുന്നു.

തനിക്കും ധൃതിയായിരിക്കുന്നു, കുളുർമ്മയുള്ള ആ അത്താണിയിൽ, ജീവിതഭാരം അല്പനേരത്തേക്കിറക്കിവച്ച് ഒന്നാശ്വസിക്കാൻ.

നേരം ഒരുവിധം വെളുത്തപ്പോൾത്തന്നെ നിലക്കടല വറുത്തിട്ട് സഞ്ചിയും തൂക്കി, കൃതിയിലിറങ്ങി നടക്കുമ്പോൾ ഉറക്കെ വിളിച്ചു. “കപ്പലണ്ട്യേ.”

നാൽക്കവലയിൽ ചെന്നപ്പോൾ, കപ്പലണ്ടി വിൽക്കുന്ന മറ്റു കുട്ടികളാണ് കണ്ണുകളെ എതിരേറ്റത്. എല്ലാവരുടെയും കണ്ണുകളിൽ ഉപദ്രവിക്കപ്പെട്ട പാമ്പിന്റെ പക – ഞാനെന്തു തെറ്റേ ഇവരോടു ചെയ്തു?

“എറങ്ങി, തക്കിടി മുണ്ടൻ വീണ്ടും. ഇത്രേം നാളും രണ്ടു കാശു വിക്കാൻ പറ്റി. ഇഞ്ഞീം നമ്മളൊക്കെ വെറുതെ.

അവർ വിലകുറഞ്ഞ പേട്ടു കപ്പലണ്ടി വിൽക്കുന്നതിനാരാണുത്തരവാദി? കാശുമുടക്കുന്നവൻ ഏറ്റവും നല്ലതേ വാങ്ങൂ. അതുകൊണ്ട് തന്റെ കപ്പലണ്ടി ചിലവാകുന്നു.

“നീയെന്താ ഞങ്ങടെ യൂണിയനീ ചേരാത്തെ?”

മറുപടിയർഹിക്കാത്ത ചോദ്യത്തെ കേട്ട ഭാവം നടിക്കാതെ തെക്കോട്ടുള്ള വഴിക്ക് നടക്കുമ്പോൾ വീണ്ടും വിളി – “ഡാ”

“ങ്ഉം?” തിരിഞ്ഞുനിന്നു

“ലീനയെ കാണാനുള്ള പുറപ്പാടായിരിക്കും.

“ആണെങ്കിൽ?

“ഞങ്ങളും ആമ്പിള്ളേരാ – നിന്നേലും മുതിർന്നോര്. ഞങ്ങൾക്കാ നിന്നേലും അവകാശം.“

“ഞാൻ ചോദ്യം ചെയ്തില്ലല്ലൊ.

“പിന്നെ നീയവളെ കാണുന്നതൊ? കപ്പലണ്ടി വാരിക്കൊടുക്കണതൊ?” “നിങ്ങൾക്കും അതുപോലെ കൊടുക്കാലൊ”

“പിന്നേയ്! നിന്നെപ്പോലെ വൃത്തികേടുകൾക്കൊന്നും ഞങ്ങളെ കിട്ടില്ല.” പറയുമ്പോൾ കൃഷ്ണൻകുട്ടിയുടെ മുഖത്ത് ലീന വലിച്ചെറിഞ്ഞ കപ്പലണ്ടിയുടെ ഓർമ്മ ജാള്യം വെക്കുന്നുണ്ടായിരുന്നോ?

അർത്ഥഗർഭമായി ചിരിച്ചുകൊണ്ട് മിണ്ടാതെ വീണ്ടും തെക്കോട്ടു നടക്കുമ്പോൾ തോളിൽ കരപതനം. തിരിഞ്ഞുനിന്നു.

“നീയിനി ലീനയെ കാണരുത്.”

“കണ്ടാൽ?”

തന്റെ നിക്കറിന്റെ വള്ളികൾ കൂട്ടിപ്പിടിച്ചുകൊണ്ട് കൃഷ്ണൻകുട്ടി വാക്കു

കൾ ഞെരിച്ചു – “നിന്റെ പതിനാറ് നടത്താൻ പിന്നെ താമസോണ്ടാവില്ല.”

മൂന്നുപേരും കൂടി ഇടിക്കാൻ തയ്യാറായി ചുറ്റും നിൽക്കുന്നതു കണ്ടിട്ടും കൂസൽ തോന്നിയില്ല. “നിക്കറേന്ന് വിട്. പതിനാറ് പിന്നെ നടത്താം.”

നിക്കറിൽ പിടിച്ചിരുന്ന കൃഷ്ണൻകുട്ടിയുടെ കയ്യ് ബലമായി തട്ടിമാറ്റിയപ്പോൾ അപ്രതീക്ഷിതമായി ഇടത്തെ കവിളിൽ അടിവീണു. പുറത്തും നെഞ്ചിലും മാറി മാറി അവരുടെ കയ്യുകൾ ശക്തമായി പതിച്ചപ്പോഴും പ്രയാസപ്പെട്ടു തടുക്കാൻ നോക്കി.

ഒരിക്കൽ കൂടി കൂമ്പിന് ഇടിയേറ്റപ്പോൾ സ്വന്തം നിയന്ത്രണം നഷ്ടപ്പെടുകയായിരുന്നു. ആത്മസ്വാതന്ത്ര്യത്തിനുവേണ്ടിയായി പിന്നെ മോഹം. കണ്ണും മൂക്കുമടച്ച് ചുറ്റിനും കൈവീശി. കൈകളും കാലുകളും ശക്തമായി മടക്കി നിവർത്തി.

നിക്കറിന്റെ ഒരു വള്ളി പൊട്ടിയത് ശ്രദ്ധിച്ചില്ല.

ഇടികൊണ്ട് ചൊടിയിലിറ്റിയ ചോര ഉമിനീരിൽ ഉപ്പുരസം പടർത്തിയതറിഞ്ഞില്ല.

സഞ്ചികീറി കപ്പലണ്ടി വഴിയിൽ തൂവപ്പെട്ടതും കണ്ടില്ല. ഒരിക്കൽ മാത്രം കണ്ട സിനിമയിലെ നായകന്റെ ആവേശമായിരുന്നു.

ഒരു പുള്ളിപ്പുലിയെപ്പോലെ നിന്നു ചീറി.

ഇത് ഊറ്റം അന്തർമുഖനായി നടക്കുന്ന തന്നിൽനിന്നവർ പ്രതീക്ഷിച്ചിട്ടുണ്ടാവില്ല.

അവരിൽ പ്രായം കുറഞ്ഞ ശശി തന്റെ ചവിട്ടേറ്റു വീണപ്പോൾ അവർ പിന്മാറി.

സ്വന്തം ശരീരങ്ങളിലെ പരിക്കുകൾ ഓരോരുത്തരും പരിശോധിച്ചുകൊണ്ട് അവർ അകന്നുപോയപ്പോൾ വഴിയരുകിലെ ഒരു കല്ലിലിരുന്നണച്ചു.

ചുണ്ടിലെ രക്തം തുടച്ചുകളഞ്ഞു. ശരീരത്തിലാകെ പടർന്നുപിടിക്കുന്ന നീറ്റൽ. നിലത്തു ചിതറിക്കിടന്ന കപ്പലണ്ടി പെറുക്കിയെടുത്ത് കീറിയ സഞ്ചിയിലിട്ടു.

നിക്കറിന്റെ കീറിയ വള്ളി തൂങ്ങിക്കിടക്കുന്നതു കണ്ടപ്പോൾ ഉൾക്കിടിലമുണ്ടായി – അമ്മയെങ്ങാനുമറിഞ്ഞാൽ!

ഒരു പെൺകുട്ടിയുടെ പേരിൽ; അതും പ്രേമത്തിനു വേണ്ടി!

വഴിയെ പോകുന്നവർ കൂടി തിരിഞ്ഞുനോക്കി കടന്നുപോകുന്നതു കണ്ടപ്പോൾ അവജ്ഞയുടെ പുഴുക്കൾ രക്തത്തിൽ കട്ട കുത്തി ശരീരത്തിലാകെ ഒഴുകി നടന്നു. ആത്മനിന്ദകൊണ്ട് തേരട്ടയെപ്പോലെ ചുരുണ്ടു കൂടി.

മറ്റുള്ളവരാൽ വെറുക്കപ്പെടുമ്പോൾ സ്വന്തം അസ്തിത്വം തന്നെ ഒരറപ്പാണ്.

അല്പമെങ്കിലും ആശ്വാസം തേടി എത്തപ്പെട്ടത് കുന്നിൻമുകളിലെ കശുമാവിൻ ചുവട്ടിലാണ്.

പക്ഷേ, കിളിയൊഴിഞ്ഞുപോയ പഞ്ജരം, കിളിമൊഴിയുടെ ഓർമ്മയിൽ

നിശ്വാസമുതിർത്തു കിടക്കുംപോലെ, അടക്കാമണിയപ്പൂക്കളുടെ ഗന്ധം വിജനത യിൽ സ്വയം നഷ്ടപ്പെടുന്നു.

എന്റെ വിഹ്വലത, അല്പം പങ്കിടാൻ, എന്റെ അപകർഷതാ ബോധത്തിൽ നിന്നൊരു മോചനം തരാൻ കണ്ണുകളിൽ സ്വപ്നങ്ങൾ ഒളിച്ചുവച്ച് എന്റെ രാജകുമാരി എപ്പഴേ വരിക?

കാത്തിരുന്നു.

കണ്ടില്ല.

വീട്ടിലറിഞ്ഞോയെന്നുള്ള ഭയം മനസ്സിനെ കാർന്നുതിന്നാൻ തുടങ്ങിയപ്പോൾ, മുന്നോട്ടു നീങ്ങാനായില്ല.

ഭാരം കെട്ടിത്തൂക്കിയ ഹൃദയവുമായി, കീറിയ സഞ്ചി കയ്യിൽ തൂക്കി, പൊട്ടിക്കീറി കാറ്റത്തൂഞ്ഞാലാടുന്ന വള്ളി, നിക്കറിനോട് കൂട്ടിപ്പിടിച്ചുകൊണ്ട് തലകുനിച്ചു തിരിച്ചു നടന്നു.

ഓരോ കാൽവയ്പ്പിലും, അമ്മയെ നേരിടുന്ന രംഗമോർത്ത് വീണ്ടും വീണ്ടും നടുങ്ങി - വൈദികനാകാൻ ഒരുക്കി നിർത്തിയിരിക്കുന്ന മകൻ ഏതോ പെണ്ണിനുവേണ്ടി നടത്തിയ അടികലശൽ.

ഓർത്തപ്പോൾ ആത്മനിന്ദ ഒരു വ്യാഘ്രത്തെപ്പോലെ ഹൃദയത്തിന്മേൽ വീണ്ടും ചാടി വീണു.

ഭയന്നിരുന്നതിലും ഭീകരമായിരുന്നു വീട്ടിലെ രംഗം!

പടിക്കലെ തുടലിച്ചെടിയുടെ ഇടയിലൂടെ വീട്ടിലേക്കു നോക്കിയപ്പോൾ ത്തന്നെ തളർന്നുപോയി - കരഞ്ഞുകൊണ്ട്, വിതുമ്പിക്കൊണ്ട് നിൽക്കുന്ന കപ്പലണ്ടി പിള്ളേരുടെ നടുവിൽ ജ്വലിച്ചു നിൽക്കുന്ന അമ്മ.

എന്തോ, മനസ്സിന്റെ കക്കാപ്പാളികൾ വലിച്ചടക്കാൻ കഴിയുന്നില്ല. കുറ്റബോധത്തിന്റെ മണൽത്തരികൾ ഇടക്കുകയറി തടസ്സമുണ്ടാക്കുന്നു. ആത്മനിന്ദ ഉള്ളിൽ തിങ്ങിഞെരുങ്ങുന്നു - ഒരു പെൺകുട്ടിയുടെ പേരിൽ നടത്തപ്പെട്ട അടികലശൽ...

എന്റെ കന്യാത്വത്തിന്റെ അടിസ്ഥാനമെവിടെ? നഷ്ടപ്പെട്ട സ്പർശനത്തിൽ, തൊട്ടാവാടിയെപ്പോലെ വാടിപ്പോയ എന്റെ ശുദ്ധത....

ശത്രു രാജാവിനാൽ കീഴടക്കപ്പെട്ട സ്വന്തം സൈന്യത്തിൽനിന്നും ഒളിച്ചോടിയ സൈന്യാധിപനെപ്പോലെ, അപമാനിതനായി, നിക്കറിന്റെ പൊട്ടിയ വള്ളികൾ കൂട്ടിപ്പിടിച്ചുകൊണ്ട് സ്വന്തം രാജാവിന്റെ മുമ്പിലേക്ക് നടന്നടുക്കുമ്പോൾ, രാജ്യസ്നേഹത്തിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്ന ശത്രുക്കളുടെയുള്ളിൽ സന്തോഷത്തിന്റെ തിരത്തള്ളൽ!

കൊല്ലാനും വളർത്താനും അധികാരമുള്ള രാജാവിന്റെ കല്ലേപ്പിളർക്കുന്ന ആജ്ഞയെപ്പറ്റിയായിരുന്നു ആധി മുഴുവൻ. ജന്മം തന്ന് പാലിച്ചു പോഷിപ്പിക്കുന്ന രാജാവിന് കൊല്ലാനും അധികാരമില്ലേ? സർവ്വ അവകാശങ്ങളും രാജാവിൽ നിക്ഷിപ്തമായിരിക്കുന്നു.

“നിനക്ക് മംഗലത്തെ പെൺകൊച്ചായിട്ട് എന്താ ബന്ധോടാ?” പരിഹാസവും കോപവും സ്ഫുരിക്കുന്ന രാജചോദ്യം.

പക്ഷേ അത് ഉത്തരം തേടിയല്ലായിരുന്നു.

മറുപടി പറഞ്ഞാലും വിശ്വസിക്കില്ലെന്നറിയാം. ഒറ്റിക്കൊടുത്ത ശത്രുക്കൾ കൂടെത്തന്നെയുണ്ടല്ലോ.....

"നീയെന്തിനാടാ അവക്ക് കപ്പലണ്ടി വാരിക്കൊടുക്കണെ - എണ്ണാനും കൂടി നോക്കാണ്ട്? ങേ?"

"............"

"വെറുത്യല്ലെടാ രണ്ടുമാസം കപ്പലണ്ടി വിറ്റിട്ടും ഒരു ലാഭോല്യാത്തെ! ഇത്രേം കാലം ഞാനിതിനെ കണ്ണിലെ കൃഷ്ണമണിപോലെ വളർത്തീത് വെറുതെയായില്ലേ. ദൈവമേ!...

"ഇത്ര ചെറുപ്പത്തിലെ...." മ്ലേഛതയാർന്ന ബാക്കിഭാഗം പൂരിപ്പിക്കും മുമ്പ് മുറ്റത്തിനരികിലെ പുളിമരത്തിൽനിന്നും മുഴുത്തൊരു പുളിവാറൽ ഉരിഞ്ഞു പോന്നു . അടി വീഴുന്നിടം തൊലിയുരിഞ്ഞു പോരത്തക്കവിധം അവിടവിടെ മുട്ടുകൾ എഴുന്നു നിൽക്കുന്ന വടി.

തന്റെ ദേഹത്ത്, പൊള്ളുന്ന പാമ്പുകളുടെ ആസന്നമായ ഇഴച്ചിൽ കണ്ട് ഒരുനിമിഷം ഓടി രക്ഷപ്പെടാനാശിച്ചു.

പക്ഷേ,

കാലുകളിലെ അസ്ഥികളാരോ പിഴുതുകളഞ്ഞിരിക്കുന്നു. ദേഹത്തെ ഊർജ്ജമെല്ലാം എവിടെയോ ചോർന്നുപോയിരിക്കുന്നു. ഏതോ കൽത്തൂണിനോടു ചേർത്ത് ആരോ തന്നെ ബന്ധിച്ചിരിക്കുന്നു.

ചുറ്റും ആർത്തട്ടഹസിക്കുന്ന ശത്രുക്കൾ.

നിഗൂഢമായ ചിരി കൊണ്ടവർ മുഖത്തു തുപ്പുന്നു.

തലമുടിക്കു കുത്തിപ്പറിക്കുമ്പോൾ തലയിൽ ആഴ്ന്നിറങ്ങുന്ന മുൾക്കിരീടം.

അന്തരീക്ഷത്തിൽ പുളഞ്ഞുകളിക്കുന്ന ചമ്മട്ടി.

ശരീരത്തിൽ ആഞ്ഞാഞ്ഞു പതിയുന്ന ചാട്ടവാറടികൾ.

വളഞ്ഞു കുത്തിക്കൊള്ളുന്ന ചാട്ടവാറിന്റെ തുമ്പ് തൊലിക്കകത്തേക്കു കടന്ന് മാംസത്തെ കൊത്തിപ്പറിക്കുമ്പോൾ കിനിഞ്ഞിറങ്ങുന്ന രക്തം.

ശരീരത്തിലാകെ നീറ്റൽ കാട്ടുതീപോലെ ആളിപ്പടർന്നപ്പോൾ വിതുമ്പി പോകാതെ ചുണ്ടുകൾ കടിച്ചുപിടിച്ചു.

മടമുറിച്ച കണ്ണുനീർ ചാടിയിറങ്ങി.

അടികളുടെ വേദനയും ആത്മനിന്ദയുടെ നുരച്ചിലും ശത്രുക്കളുടെ അട്ടഹാസവും സഹിക്കാതായപ്പോൾ കേണു, "ദൈവമേ, ഈ കാസയെന്നെ കടന്നുപോകാൻ....."

മാംസം മാന്തിപ്പറിക്കുന്ന ചമ്മട്ടിയടിയുടെ മൂർച്ചയുള്ള കൊക്കിൽ നിന്നും ഒരഭയം തരാൻ!

പുറംതൊലി മുഴുവൻ ഉരിഞ്ഞുപോകുന്ന ഈ തീമഴയിൽ ഒരു പച്ചിലയെങ്കിലും പിടിച്ചുതരാൻ!

പക്ഷേ ഒരു ക്രൂശുമരണം പല ബറാബ്ബസുമാരുടെ ആഹ്ലാദത്തിനുള്ള വഴിത്തിരിവായിരുന്നു. ഒറ്റിക്കൊടുക്കലിന്റെ ഒരു ചുംബനം കുശവന്റെ നിലം

വാങ്ങാനുള്ള പണം തികക്കുകയായിരുന്നു.

എൽസി മാത്രം ഇനിയും തിരിയാത്ത ദുഃഖം തേങ്ങലിലൂടെ വേർതിരിക്കാൻ ശ്രമിച്ചുകൊണ്ട് ഭയന്നു വരാന്തയിലിരുന്നു.

എല്ലാം അഗ്നിക്കിട്ടുകൊണ്ട് മണിക്കൂറുകൾ നീണ്ടുനിന്ന തീമഴയുടെ ഒടുവിൽ, നക്കിത്തുവർത്താനാവാതെ, നീറിപ്പിടയുന്ന വൃണങ്ങളിൽ വീഞ്ഞു പകരാനെത്തുന്ന സമരിയാക്കാരന്റെ പാദപതനം കാതോർത്തിരിക്കുമ്പോഴാണ് ഇടിവെട്ടേറ്റവന് സർപ്പവും അതിന്റെ സംഭാവന നൽകുന്നതുപോലുള്ള ഹൃദയം ഞടുക്കുന്ന രാജശാസനം.

ഒടിഞ്ഞു തൂങ്ങിയ ചെങ്കോൽ പടിക്കു പുറത്തേക്കു നീട്ടി രാജാവ് കല്പിച്ചു. "അസത്തേ, കടന്നുപോ! പോയിത്തൊലഞ്ഞോ എവിടേങ്കിലും."

ജന്മം തന്നതിലൂടെ പെറ്റമ്മ കയ്യടക്കിയ അധികാരം; പോറ്റി വളർത്തിയതിലൂടെ മാതൃത്വത്തിൽ അടിഞ്ഞുകൂടിയ അവകാശ വിനിയോഗം; ശത്രുക്കളുടെ മുന്നിൽ കുനിഞ്ഞുപോയ അപമാനത്തിന്റെ കഴുത്തിൽ ഒരു തിരികല്ലു കൂടി.

"എവിടേലും പോയി എങ്ങനേലും ജീവിച്ചോ."

താങ്ങാനായില്ല. കീഴ്ച്ചുണ്ട് സ്വാതന്ത്ര്യം നേടിയപ്പോൾ വിതുമ്മിപ്പോയി. ഒരിക്കൽക്കൂടി കണ്ണുനീരിന്റെ ചിറ മുറിഞ്ഞു.

ഉച്ചക്കാറ്റ്, നിർവ്വികാരമായി നിൽക്കുന്ന മരത്തിന്റെ കാൽക്കൽ വീണു വ്യർത്ഥമായി കേണു – എവിടെയാണെനിക്കു പോകാനൊരിടം? ഇനി ആരാണെനിക്കൊരഭയം?

അലോസരപ്പെട്ട ചിന്തപോലെ, ഇല്ലായ്മയിൽ ഉഴറി നടന്നിരുന്ന തന്നെ ജീവിതത്തിന്റെ പെരുവഴിയിലേക്ക് അമ്മ വലിച്ചിട്ടത് തുരുത്തിലാണ്. ഇത്രയും നാൾ ഇവിടത്തെ സുരക്ഷിതത്വം നുകർന്നു ഞാൻ ജീവിച്ചു; ഇവിടത്തെ ചൂടേറ്റു ഞാൻ വളർന്നു.

ഒടുവിൽ പറക്കമുറ്റും മുമ്പ്, പെട്ടെന്നൊരു പ്രഭാതത്തിൽ, അലറുന്ന അലയാഴിയിലേക്ക് തള്ളിയിട്ടാൽ, എതിർക്കാനെഴുന്നേറ്റു വരുന്ന, മല പോലുള്ള തിരമാലകളെ ഭേദിച്ച്, എങ്ങോ കിടക്കുന്ന സ്വന്തം ദ്വീപിൽ എങ്ങിനേയേ എനിക്ക് ചെന്നെത്താനാവുക!

തന്നെ ഇടിക്കുന്നവരെ തനിക്കിടിച്ചു കൂടെ? തന്നെ എതിർക്കുന്നവരെ തനിക്കെതിർത്തുകൂടേ? സ്വന്തരക്ഷക്കുവേണ്ടി ദൈവം കൊടുത്ത ശക്തി മൃഗങ്ങൾ പോലും ഉപയോഗപ്പെടുത്തുന്നുണ്ടല്ലോ!

പുറത്തേക്കു ചൂണ്ടിയ ചെങ്കോൽ നീണ്ടുതന്നെ നിൽക്കുന്നു. അത് ചൂണ്ടുന്ന ലക്ഷ്യത്തിലേക്ക് ഏന്തി വലിഞ്ഞു നടക്കാനായുമ്പോൾ –

കണ്ണിൽപ്പെട്ടത് ഒഴിഞ്ഞുകിടക്കുന്ന കോഴിക്കൂടാണ്. നടന്നു ചെന്ന് ചെറിയ വാതിൽ തുറന്ന് അകത്തേക്കു കടന്നിരുന്നു.

ജന്മം തന്ന വീടും കൈവിട്ടെന്നറിഞ്ഞപ്പോൾ ദുഃഖം സീമകളെ ഉല്ലംഘിക്കുകയായിരുന്നു. പിറന്ന നാട്ടിൽപ്പോലും പരദേശി!

അന്യതാബോധത്തിന്റെ പൊരിവെയിലിൽ മേലാസകലം ചുട്ടുനീറി

പുറത്തെ വേകുന്ന ഉഷ്ണം കണക്കെ.

തികട്ടി വന്ന തേങ്ങലടക്കാൻ പാടുപെടുമ്പോൾ, ശരങ്ങളേറ്റു പിടയുന്ന ഇരയുടെ ദയനീയ സൗന്ദര്യം ആസ്വദിച്ചു മതിവന്ന വേട്ടക്കാർ അമ്പൊഴിഞ്ഞ ആവനാഴിയുമായി കടന്നുപോകുന്ന പാദപതനം കേട്ടു.

തലക്കു മീതെ ഒരു മുടിനാരിഴയിൽ തൂങ്ങിയാടുന്ന ഭീദിത ഭാവിയെക്കുറിച്ചുള്ള വേപഥു, നക്കാത്ത മുറിവിന്റെ വേദനയെക്കാളുപരി ആത്മാവിനെ വിണ്ടുകീറുമ്പോൾ പുറത്ത് ദയയുടെ അംശം കലർന്ന ഉപദേശം –

“അവനെന്തിനാ ടീം ആ കോഴിക്കൂട്ടിലിരിക്കണെ?

എണീറ്റു പൊറത്തുവാടാ.”

സ്വർണ്ണ അലുക്കുകളിളക്കി നൃത്തമാടുന്ന നർത്തകിയുടെ സ്മരണ ഓർമ്മയിൽ ഊറിക്കൂടിയപ്പോൾ ആശ്വാസത്തോടെ പുറത്തേക്കിഴഞ്ഞു.....

# ഒൻപത്

ഇടവപ്പാതി!

വരൾച്ചയുടെ തീ പാറുന്ന മണൽക്കാറ്റുകൊണ്ട് ലോകത്തിൽ സ്വേഛാ ധിപത്യം നടത്തിയിരുന്ന കൊടും വേനലിന്റെ തിരോധാനത്തിനുമുമ്പുള്ള അവസാന നിശ്വാസം കേട്ടപ്പോൾ ആശ്വാസം തോന്നി.

വേനലിൽ വാടിത്തളർന്ന വൃക്ഷങ്ങൾ, ഇലകളുടെ ആയിരം നാവുകൾ നീട്ടി നുണച്ചുകൊണ്ട് അവിടവിടെ കാർമേഘങ്ങൾ വിരിയുന്ന കറുത്ത മാന ത്തേക്കു നോക്കി.

ഇറ്റു ജലം കുടിക്കാൻ ലഭിക്കാതെ വരണ്ടു പിളർന്ന ചുണ്ടുകളുമായി മലർന്നുകിടന്ന പാടശേഖരങ്ങളും ആശ്വസിച്ചു, ഇന്നല്ലെങ്കിൽ നാളെ കാല വർഷം തിരയോട്ടം നടത്തും.

കാളകളെ അഴിച്ചിട്ട് പറമ്പിൽ തീറ്റുമ്പോൾ, കണ്ണുകൾ മുകളിലായിരുന്നു. മാനത്തെ മൈതാനത്തിൽ അലഞ്ഞുതിരിയുന്ന വയസ്സൻ കാറ്റിന്റെ മുഷിഞ്ഞ ഭാണ്ഡക്കെട്ടിൽ, ഒരു മഴക്കുള്ള സന്നാഹമെങ്കിലും!

ഇടക്കിടെ പാഞ്ഞു പോകുന്ന കൃഷ്ണവർണ്ണ മേഘങ്ങളിൽ ഒരിടിവാളി നുള്ള തീയെങ്കിലും!

മേഘനിർഘോഷത്തിന്റെ പുതുമയുള്ള നാദം ശ്രവിക്കാൻ, കാതുകൾ ജാഗരൂകങ്ങളായിരുന്നു.

കാറ്റിന്റെ തേരിൽ സവാരിക്കിറങ്ങിയ വന്ധ്യമേഘങ്ങളെക്കണ്ട് കണ്ണ് കഴച്ചു തുടങ്ങിയിരിക്കുന്നു. ഇളയമ്മ പറയുമ്പോലെ, വെളുത്ത മേഘങ്ങൾ സുന്ദ രിക്കോതകളായി ചമഞ്ഞു നടക്കുകയേ ഉള്ളൂ. അമൃതം പെയ്യാൻ കറുകറുത്ത മേഘങ്ങൾ തന്നെ കനിയണം."

മഴക്കുള്ള സന്നാഹങ്ങളല്ലാതെ മഴ വരുന്നില്ല...

സന്നാഹങ്ങൾ മാത്രം കണ്ട് മോഹമറ്റ് വിരസമായ മറ്റൊരു മദ്ധ്യാഹ്നം. വിശന്നുപൊരിയുന്ന കുട്ടിയെപ്പോലെ പ്രകൃതി തളർന്നുതന്നെ കിടന്നു. മണ്ണിനടിയിലേക്കു പിൻവലിയാൻ ശേഷിയറ്റുപോയ ഉണങ്ങിയ പുൽനാമ്പുകൾ നക്കിക്കൊണ്ട് കാളകൾ പറമ്പിൽ അങ്ങുമിങ്ങും നടന്നു. ശ്രദ്ധിച്ചില്ലെങ്കിൽ കുടത്തിന് കോരി നനക്കുന്ന തെങ്ങിൻ തൈകളുടെ കൂമ്പിൽ ദന്തക്ഷത ങ്ങൾ വീഴും. ഉരുക്കളേയും പറഞ്ഞിട്ട് കാര്യമില്ല. കച്ചിയാണെങ്കിൽ തീർന്നു. ഒരു പച്ച കടിക്കാൻ അവക്കും കൊതിയില്ലേ?

കാത്തുകാത്തിരുന്ന്, സൂര്യൻ പടിഞ്ഞാറെ മാനത്ത് കോണിവച്ചിറങ്ങാൻ

തുടങ്ങിയപ്പോഴാണ് പ്രകൃതിയിൽ പെട്ടെന്നൊരു മാറ്റം...

കാറ്റിൽ കോർത്തിട്ട കാർമേഘങ്ങൾ മാലപോലെ പടിഞ്ഞാറുനിന്നുയർന്ന് മാനത്തു നിരന്നു.

ദിങ്മുഖങ്ങളിരുണ്ടത് പെട്ടെന്നാണ്. മനസ്സിനെ കുളിർപ്പിക്കുന്ന തണുത്ത കാറ്റു വീശി.

ഒരു ഋതുപരിണാമത്തിന്റെ ആദ്യവീചികൾ ഉൾക്കൊണ്ട് മൃഗങ്ങൾ ആനന്ദത്തോടെ കരഞ്ഞു.

വീണ്ടും ശക്തിയായ കാറ്റടിച്ചപ്പോൾ അടിവച്ചടുത്തുവരുന്ന കാലവർഷത്തിനുമുമ്പിൽ പ്രകൃതി ആനന്ദനൃത്തമുതിർത്തു.

മരങ്ങൾ പഴുത്തിലകളുടെ പൂവിതറി. മനസ്സ് മുകളീകൃതമായി.

തലക്കു മീതെക്കൂടി പക്ഷികൾ തലങ്ങും വിലങ്ങും പറന്നു. എവിടെയെങ്കിലും ഇപ്പോൾ മയിലുകൾ ആടുന്നുണ്ടാവും. കുയിലുകൾ പാടുന്നുണ്ടാവും.

എങ്ങും പ്രകൃതി കാലവർഷത്തിനു നൽകുന്ന ആവേശകരമായ ഹർഷാരവം!

പുതുമഴയുടെ കാഹളശബ്ദം കാതോർത്ത് വിത്തുകൾ ഉയർത്തെണീക്കാൻ കുഴിമാടങ്ങളിൽ കാത്തുകിടന്നു. ഒരു നീണ്ട ഉറക്കത്തിന്റെ സ്വപ്നസാഫല്യത്തിനായി, പ്രതീക്ഷയുടെ പൂർത്തീകരണത്തിനായി. ഒരു പുതിയ ജീവന്റെ തുടിപ്പ് ആവാഹിച്ചെത്തുന്ന രക്ഷകന്റെ ക്ഷണവും കാത്ത്, സ്വന്തം അസ്തിത്വത്തിന്റെ സ്വാർത്ഥതയെ ചീയിച്ച് അതിൽ നിന്നൊരായിരം ധാന്യമണികൾക്ക് ജന്മം കൊടുക്കാൻ വേണ്ടി വിത്തുകൾ ആഴമുള്ള മണ്ണിൽ തയ്യാറെടുത്തു.

പെട്ടെന്നാണ് സ്വർഗ്ഗകവാടം ഒരു നിമിഷത്തേക്കു തുറക്കപ്പെട്ടത്. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശധാരയിൽ പ്രകൃതി കണ്ണുചിമ്മി. മേഘങ്ങളിൽ അണിനിരന്ന് ഒരായിരം മാലാഖമാർ കാഹളമൂതി. കാതിനിമ്പകരമായ മേഘനിർജ്ജരി.

നാലു വായുക്കളേയും കൂട്ടിച്ചേർക്കുന്ന കാറ്റിൽ ഈർപ്പ് ബിന്ദുക്കളുടെ സാന്നിദ്ധ്യം ഏറിയേറി വന്നപ്പോൾ മേൽക്കോരിയാറ്റി.

ഒടുവിലിതാ –

മഴ!... പുതുമഴ!.... പെരുമഴ!....

പുതുമണ്ണിന്റെ മാദകഗന്ധം ശ്വാസകോശങ്ങളിൽ കയറിയിറങ്ങുമ്പോൾ നൂതനമായൊരനുഭൂതി, രോമാഞ്ചം കണക്കെ മനസ്സിനെ പൊതിഞ്ഞു നിന്നു. നാളെ, നനഞ്ഞുകുതിർന്ന പറമ്പുകളാകെ ഉഴുതുമറിക്കുന്ന കർഷകരുടെ ഹർഷശബ്ദം കേൾക്കാം. ഒരു പുതുയുഗത്തിലേക്ക് ലോകം ഉയർത്തെണീറ്റതിന്റെ നാന്ദിയായി.

അനുനിമിഷം മഴക്ക് ശക്തിയേറുകയായിരുന്നു. മരോട്ടിച്ചുവട്ടിൽ നിന്ന തന്നെയും മഴത്തുള്ളികൾ ചരൽ വാരിയെറിഞ്ഞു. പുതുമഴയാണ്; നനഞ്ഞാൽ പനി പിടിച്ചേക്കും. സ്കൂൾ മറ്റന്ന് തുറക്കുകയാണ്. പനിയുമായി പത്താംക്ലാസിലേക്ക് പോകുന്നത് നല്ലതല്ലല്ലൊ.

പഴയ തൊപ്പിക്കുടയെടുക്കാൻ വീട്ടിലേക്കോടി. പുതിയൊരു തൊപ്പിക്കുട

മേഞ്ഞുതരാൻ പറഞ്ഞിട്ട് കേളൻ പറയൻ ഇതുവരെ കേട്ടില്ല. അതുകൊണ്ട് കീറിയതാണെങ്കിലും തൽക്കാലം പഴയതുതന്നെ ഉപയോഗിക്കുക.

വീടിന്റെ മുൻവാതിൽ അടച്ചിരിക്കുന്നു. പതിവില്ലാത്തതാണ്.

അമ്മയെവിടെയെങ്കിലും പോയിരിക്കുമോ? എത്സിയെവിടെ?

വാതിൽ തള്ളിത്തുറക്കാൻ ശ്രമിക്കുമ്പോൾ ഉള്ളിലെ തേങ്ങൽ കേട്ടു ഞെട്ടി. ഒരുനിമിഷം പകച്ചുനിന്നു.

അപ്പൻ ഇത്ര വേഗം വന്നൊ? അമ്മയുമായി എന്തെങ്കിലും പുതിയ വഴക്ക്...?

ശബ്ദമുണ്ടാക്കാതെ ജനലിന്റെ അടഞ്ഞ പാളിയിലൂടെ പാളി നോക്കി.

ഒരുനിമിഷം!

ശക്തമായൊരിടി വാൾ നിലത്തിറങ്ങി വെട്ടി. കാതടപ്പിക്കുന്ന മേഘഗർജ്ജനത്തിൽ ഭൂമി ഞടുങ്ങിത്തെറിച്ചു. ഏതോ തെങ്ങ് പച്ചക്ക് കത്തിയെരിയുന്ന മണം വായുവിൽ.

ഉയിർത്തെഴുന്നേല്പ് കാത്തിരിക്കുന്ന വിത്തുകളേയും ബലഹീനരായ പഴുത്തിലകളേയും കൊടുങ്കാറ്റ് അടിച്ചു പറത്തി. പ്രകൃതിയുടെ കണ്ണീർത്തടത്തിൽ നിന്നും അശ്രുബിന്ദുക്കൾ തിരിമുറിയാതെ പെയ്തുവീണു.

അടഞ്ഞ വാതിലിന്റെ മറവിൽ, എത്സിയെ ഉറക്കിക്കിടത്തി, കുറുങ്ങാടൻ മത്തായിയുടെ ബലിഷ്ഠമാറിൽ മുഖമർപ്പിച്ച് ആ കരവലയത്തിൽ അമർന്നുനിന്ന് തേങ്ങുന്ന വെളുത്തു തുടുത്ത സ്ത്രീ ആരാണ്?

ഏതോ വേശ്യ!....

"അല്ല!"

അമ്മ! എന്റെയമ്മ!!, "എനിക്കി വയ്യ, ഇങ്ങനെ എന്നും ഇടീം തൊഴീം കൊള്ളാൻ. നമക്കെവിടേങ്കിലും പോവ്വാ?"

സാന്ത്വനമായി മത്തായി അമ്മയുടെ പുറത്ത് മെല്ലെ തട്ടി.

കാത് കൊട്ടിയടച്ചിരുന്നു. കണ്ണുകൾക്കു മുമ്പിൽ പൊന്നീച്ചകൾ മാത്രം മിന്നിപ്പറന്നു. മനസ്സിന്റെ ഇടനാഴിയിൽ ചിറകടിക്കുന്ന വൃത്തികെട്ട വവ്വാൽക്കൂട്ടങ്ങൾ മാത്രം.

ബാക്കി കാണാൻ ശേഷിയില്ലാതെ, കേൾക്കാൻ ത്രാണിയില്ലാതെ ആ പെരുമഴയത്ത് ഇറങ്ങിയോടി. മുഖത്ത് ചരലുകൾ വാരിയെറിയുന്ന മഴത്തുള്ളികളെ ഗൗനിക്കാതെ, ചീറിയടിക്കുന്ന കാറ്റിൽ പിഴുതു വീഴുന്ന വൻവൃക്ഷങ്ങൾ കാണാതെ പെരുവഴിയിലൂടെ ഇറങ്ങിയോടി.

നനച്ചു വളർത്തുന്ന തെങ്ങിൻ തൈക്കുമ്പിൽ നിറയെ ദന്തക്ഷതങ്ങൾ! കടിച്ചു വലിക്കപ്പെടുന്ന കുരുത്തോലകൾ: പിടിവിട്ടു നിലംപതിക്കുന്ന പഴുത്തിലകൾ.

കണ്ണീർത്തുള്ളികൾ മഴത്തുള്ളികളെ കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ട് കവിളിലൂടെ കീഴോട്ടൊഴുകി. എന്നിട്ടും അണനിറഞ്ഞു നിൽക്കുന്ന കണ്ണുനീർ കാഴ്ച മറക്കുന്നു.

'ഇർറേ'യെന്ന് കണ്ണിറുകെയടച്ച് അശ്രുബിന്ദുക്കളെ മുറിച്ചിട്ടുകൊണ്ട് മുന്നോട്ടോടുമ്പോൾ–

"ഡാ" ഇടവഴിമുക്കിലെ കേശവൻ നായരുടെ ചായക്കടയിൽ അപ്പൻ -

വഞ്ചിതനായൊരു ഭർത്താവിന്റെ നിസ്സഹായത അപ്പനെടുത്തണിയുന്നതു കണ്ടപ്പോൾ എല്ലാ നിയന്ത്രണങ്ങളുടെയും കടിഞ്ഞാൺ നഷ്ടപ്പെടുകയായിരുന്നു.

പൊട്ടിക്കരഞ്ഞുപോയി.

ജിജ്ഞാസയോടെ മഴയത്തേക്കിറങ്ങിവന്ന അപ്പനോട് ഒന്നും പറയാൻ കഴിഞ്ഞില്ല. "അപ്പാ, അമ്മ.... അമ്മ..... തേങ്ങലിനിടയിൽ അത്രയേ പറയാനായുള്ളൂ.

"അമ്മ?"

"അമ്മ.....അമ്മ"

അപ്പനു മനസ്സിലായോ എന്തൊ - "കേശവൻ നായരേ, ഞാനിപ്പൊ വരാട്ടോ.'

ചായക്കടയിൽ ചോദ്യചിഹ്നങ്ങൾ നിരന്നുനിൽക്കെ - അപ്പനും മഴ നനഞ്ഞ് ഓടുകയായിരുന്നു.

നിശ്ശബ്ദമായി വരാന്തയിൽ കയറുമ്പോൾ അകത്ത് വീണ്ടും കരച്ചിൽ; ഘനമുള്ള സാന്ത്വനവും.

വാതിലിന് അപ്പൻ ഒറ്റച്ചവിട്ടായിരുന്നു!

രഹസ്യത്തിന്റെ തിരശ്ശീല അടിമുതൽ മുടിവരെ കീറിക്കൊണ്ട് ബലം കുറഞ്ഞ വാതിൽ പാളികൾ, വിജാഗിരികളിൽ ഇളകിയാടിയപ്പോൾ, ഏദൻ തോട്ടത്തിൽ 'ആലിംഗനബദ്ധരായിരുന്ന ആദിമാതാപിതാക്കൾ - പരസ്പരം പറിഞ്ഞുമാറി.

വസ്ത്രം ഉടുത്തിരുന്നിട്ടും സ്വന്തം നഗ്നതയിലവർ വെന്തുനീറി. ശബ്ദം കേട്ട് ഞെട്ടിയുണർന്ന എൽസി ഉറക്കെ കരഞ്ഞു.

കുലച്ചുനിൽക്കുന്ന പുരികത്തിനു കീഴെ ജ്വലിച്ചു നിൽക്കുന്ന അപ്പന്റെ കണ്ണുകളിൽ ആരക്തയേറുകയായിരുന്നു അനുനിമിഷം - വഞ്ചിതനാക്കപ്പെട്ടൊരു ഭർത്താവിന്റെ ധാർമ്മികരോഷം!

അപ്പന്റെ നയനങ്ങൾ, ആയുധം തേടുകയാണെന്നറിഞ്ഞപ്പോൾ ഉള്ളിലൂടെ വീണ്ടും കൊള്ളിമീൻ പാഞ്ഞു. രണ്ടുകൊലപാതകങ്ങൾ കൊണ്ട് ലോകത്തെ മലീമസമാക്കുമെന്ന് അപ്പൻ മുന്നറിയിപ്പു നൽകിയ ദിനം ഇതാ!...

ഭാഗ്യം!

കയ്യെത്തുന്നിടത്ത് കത്തിയോ വാക്കത്തിയോ ഒന്നുമില്ല.

പെട്ടെന്ന്, അപകടം മണത്തറിഞ്ഞ എലിയെപ്പോലെ, മത്തായി ഓടിച്ചാടി വെട്ടിച്ച് മറുവാതിലിലൂടെ രക്ഷപ്പെട്ടു, മുഴുവൻ ശിക്ഷയും അമ്മക്കു വിട്ടുകൊടുത്തുകൊണ്ട്.

വഴിയിലിറങ്ങിയിട്ടു പോലും കുറുങ്ങാടൻ മത്തായി ഓടുകയായിരുന്നു, തിരിഞ്ഞുപോലും നോക്കാതെ! പാപം ചെയ്ത പറുദീസായിൽ നിന്നുള്ള പ്രയാണം...

ആദത്തിന്റെ ശിക്ഷകൂടി കൈനീട്ടി വാങ്ങാൻ തയ്യാറായ ഹവ്വയെ വിറ

ക്കുന്നുണ്ടായിരുന്നു – പഴിചാരാനൊരു സർപ്പം പോലുമില്ല.

അപ്പൻ മുന്നോട്ടു ചെന്ന് മുടിക്കുത്തിനു പിടിച്ചുയർത്തി അമ്മയുടെ കീഴു വയറ്റിനൊരൊറ്റത്താങ്ങ് – ഭിത്തിയിലൂടെ ഒഴുകി നിലത്തുവീണ അമ്മ ഭൂമിയെ നമസ്കരിച്ചുകൊണ്ട് വേദനയുടെ സംഗീതം മുഴക്കി.

ആ സംഗീതം പക്ഷേ, അപ്പന്റെ വെറുപ്പും ദേഷ്യവും നുരപ്പിക്കുകയാണ് ചെയ്തത്. കല്ലിലും മുള്ളിലും ചവുട്ടി തയമ്പിച്ച കാലുകളുയർത്തി അമ്മയുടെ വയറ്റത്തും നെഞ്ചിലും ചവിട്ടുന്തോറും, സംഗീതത്തിന്റെ അലകൾ കൂടുതൽ ദൂരങ്ങളിലേക്ക് ആളിപ്പടർന്നു.

അമ്മയുടെ കപോലങ്ങളിൽ തഴമ്പിച്ച വിരലുകൾ തലങ്ങും വിലങ്ങും തിണർത്തു കിടന്നു.

ക്രമേണ അമ്മ മുഴക്കിയ വേദനയുടെ സംഗീതം നേർത്തു നേർത്തു വന്നു. അപ്പൻ ഇടിക്കുമ്പോഴോ ചവിട്ടുമ്പോഴോ ഒരാക്രാന്തം മാത്രം.....

ഒടുവിൽ, വാടിത്തളർന്ന അമ്മയുടെ മുടിക്കു പിടിച്ചുയർത്തി, തല, തേക്കാത്ത ചുമരിന്മേലേക്ക് ഒറ്റയടി.

ബോധത്തിന്റെ സീമകളെ ഉല്ലംഘിച്ച്, അകലെ നീലത്താഴ്‌വരകളിൽ അലഞ്ഞുനടന്ന അമ്മയുടെ മനസ്സിനെ, മുഖത്തു വെള്ളം തളിച്ചുണർത്തിയിട്ട്, പടിക്കു പുറത്തേക്ക് ഇടതു വിരൽചൂണ്ടി അപ്പനലറി, “പുറത്ത്ന്ന്”

ഒരിറ്റു ദയക്കുവേണ്ടി, കാൽക്കൽ വീണു കെട്ടിപ്പിടിച്ചു കരഞ്ഞ അമ്മയെ വീണ്ടും തൊഴിച്ചകറ്റിക്കൊണ്ട് അപ്പനലറി, “പുറത്ത്ന്ന്.”

ഉറക്കെ കരഞ്ഞുകൊണ്ടടുത്തുവന്ന എത്സിയെ തള്ളിമാറ്റിക്കൊണ്ട് അപ്പൻ ദിക്കുകളെ ഞടുപ്പിക്കുമാറുച്ചത്തിൽ ഗർജ്ജിച്ചു. “എടീ കുടലേ, നിന്നോടാ ! ജീവൻ വേണെങ്കി കടന്നുപൊയ്ക്കോളാൻ!”

ദയ യാചിക്കുന്ന പ്രജയുടെ മുമ്പിൽ ഇളക്കമില്ലാത്ത മനസ്സുമായി നാടു കടത്തൽ നടപ്പാക്കുന്ന രാജാവിനെ കണ്ടപ്പോൾ മനസ്സിൽ ധൈര്യം ഉറഞ്ഞു കൂടുകയായിരുന്നു.

പോകാൻ വിസമ്മതിക്കുന്ന അമ്മയുടെ മുടിക്കു പിടിച്ചുയർത്തി അപ്പൻ പുറത്തേക്കു തള്ളാനാഞ്ഞപ്പോൾ ഉറപ്പിച്ചുതന്നെ വിളിച്ചു.

“അപ്പാ!”

ശബ്ദം വിചാരിച്ചതിലും ഉയർന്നിരുന്നതുകൊണ്ടാകണം വിശ്വാസം വരാതെ അപ്പൻ സൂക്ഷിച്ചുനോക്കിയത്. അന്തർമുഖനായ എലുമ്പൻ കുട്ടിയോ ഇത്? കനത്തിലൊന്നു മൂളിക്കൊണ്ട് അപ്പൻ പിന്തിരിഞ്ഞ് പടിക്കലേക്കു നടക്കുമ്പോൾ, ഇടവഴിയിൽ കൂട്ടം കൂടിയ ആളുകൾ പിരിഞ്ഞുപോയി. മഴയും തോർന്നിരിക്കുന്നു.

അഴിഞ്ഞുലഞ്ഞ മുടി വാരിക്കെട്ടി എഴുന്നേല്ക്കുന്നതിനിടയിൽ അമ്മ കൃത ജ്ഞതയുടെ ഒരു കിരണം പൊഴിക്കുമെന്ന് ന്യായമായും ആശിച്ചു.

പക്ഷേ കൈമുട്ടിലും നെറ്റിയിലും കോറിയ മുറിവുകളിൽ നിന്നും, കിനി യുന്ന രക്തം തുടച്ചു കളഞ്ഞുകൊണ്ട് അമ്മ നോക്കിയ നോട്ടത്തിൽ നടുവൊടി

ഞ്ഞു കിടക്കുന്ന പാമ്പിന്റെ പക ഒളിഞ്ഞുകിടന്നു. "സ്വന്തം അപ്പനെ ഒറ്റിക്കൊടുത്ത ശവം."

ഒരു വേദനയിൽ പൊട്ടിപിളർന്ന ഹൃദയവുമായി ഇടിമിന്നൽ പോയിരിക്കുന്നു. നന്മതിന്മയുടെ അറിവിന്റെ കനി ബുദ്ധിയിൽ ദഹിച്ചപ്പോൾ സംശയങ്ങളുടെ നൂലാമാലകൾ പൊട്ടിച്ചിതറി ഒരിക്കലും അഴിക്കാനൊക്കാത്ത കുരുക്കായി കെട്ടുപിണഞ്ഞു. നീണ്ടുനിന്ന ഇഴകൾ വേദനയുടെ കാറ്റത്തൂഞ്ഞാലാടി.

അതെ, അറിവ് എന്നും ദുഃഖമാണ്. സംശയത്തേക്കാളും വേദനയോടെ വിങ്ങുന്ന മുറിവ്.

പിളരുന്ന മരത്തടിയുടെ ഹൃദയരക്തം മഴയായി പെയ്തുവീഴുന്ന അർക്കവാളിന്റെ ചുവട്ടിൽ വച്ച് കുറുങ്ങാടൻ മത്തായി നീട്ടിത്തന്ന നനഞ്ഞ പപ്പടം.

"മകനേ, ഇതാ എന്റെ ശരീരം! പക്ഷെ അന്നതിന്റെ വില മനസ്സിലാക്കാൻ അറിവിന്റെ കണ്ണു കിളുന്തിയിരുന്നില്ലല്ലൊ. തന്റെ ഉയരക്കുറവിന്റെ രഹസ്യം സംശയലേശമെന്യേ ഇതാ അനാവരണമായിരിക്കുന്നു!

പണ്ടേ വിവാഹപ്രായം കഴിഞ്ഞിട്ടും ഇന്നും അവിവാഹിതനായി കഴിയുന്ന മത്തായി...അപ്പന്റെ മുള്ളു വച്ച സംസാരങ്ങൾ...

അറിവിന്റെ വെളിച്ചം ഇരച്ചിറങ്ങിയപ്പോൾ, ഉൾക്കൊള്ളാനാവാതെ കണ്ണുകൾ അടഞ്ഞു പോയി. മനസ്സ് സ്തബ്ധമായിപ്പോയി ഏറെ നേരം - കുറുങ്ങാടൻ മത്തായി എന്റെയപ്പനോ? അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും സത്യമതാണ്!

അപ്പൻ, കോപത്തിന്റെ തിളങ്ങുന്ന വാൾ ഈ ഗ്രാമത്തിന്റെ കവാടത്തിൽ പിടിച്ചു നിൽക്കുന്നിടത്തോളം കാലം ജീവനിൽ കൊതിയുള്ള ആദം ഹവ്വായെത്തേടി ഈ പറുദീസായിലേക്ക് തിരിച്ചു വരില്ല.

സ്വന്തം അപ്പനെ ആട്ടിയോടിച്ച് പറുദീസായിൽ മക്കൾക്കെങ്ങിനെ ജീവിതം ആസ്വദിക്കാനാവും! കുറ്റബോധവും, അനാഥത്വവും പുതിയ രൂപങ്ങൾ പൂണ്ട് മനസ്സിനെ ആക്രമിക്കുകയായിരുന്നു.

തൊണ്ടയിൽ മുഴച്ച കനിയുമായി, കുറ്റബോധത്തിന്റെ ശുദ്ധീകരണസ്ഥലത്തിൽ വല്ലപ്പോഴെങ്കിലും ഒരുമിച്ചുകൂടി കണ്ണീരിലൂടേയും സാന്ത്വനത്തിലൂടേയും ആശ്വാസം കണ്ടെത്തിയിരുന്ന എന്റെയപ്പനേയും അമ്മയേയും ഒറ്റികൊടുത്തതാരാണ്?

"നീയാണ്" സത്യം ഉറപ്പിച്ചു പറഞ്ഞു.

കേട്ടപ്പോൾ പുളഞ്ഞുപോയി.

ഒരിക്കലും അപ്പനിതു കണ്ടെത്തില്ലായിരുന്നു. സ്വസ്തി പറഞ്ഞുകൊണ്ട് ധാർമ്മികതയെ താൻ ചുംബിച്ചില്ലായിരുന്നെങ്കിൽ.

ആവർത്തിക്കപ്പെട്ട ഏദൻതോട്ടത്തിലൂടെ ലോകത്തിനു വന്ന നഷ്ടം നികത്താൻ, ഒരു മനുഷ്യപുത്രൻ ഇനി എന്നേ അവതരിക്കുക?

വീണ്ടെടുപ്പ് അനിവാര്യമായ ഈ ഘട്ടത്തിലും രക്ഷയുടെ കൊമ്പുവിളിച്ചുകൊണ്ട് ഒരു മോശയോ പ്രവാചകനോ ദീർഘദർശിയോ ജനിക്കാതിരിക്കുമോ?

# പത്ത്

സത്ത പരിണാമാത്മകതയുടെ ദൈനികാത്ഭുതങ്ങളിൽ ഭാഗഭാക്കുകളായി, ദൈവിക ശരീരരക്തങ്ങൾ ഉൾക്കൊണ്ട് ക്രിസ്തു ഒരുക്കിയ വിരുന്നിൽ സംതൃപ്തരായി ഭക്തജനങ്ങൾ പള്ളിയിൽ നിന്നിറങ്ങാൻ തുടങ്ങവെയാണ്, പുതിയതായി മാറിവന്ന വികാരിയച്ചൻ അൾത്താരയിൽ നിന്നുകൊണ്ട് കൈമാടി വിളിച്ചത്.

ആനവാതിലിന്റെ കട്ടിളയിൽ ചാരി, ചവിട്ടുപടിയിൽ ഇരുന്നിരുന്ന തന്നെയാണോ? സംശയനിവൃത്തിക്കായി ചുറ്റും നോക്കിയപ്പോൾ അച്ചൻ വീണ്ടും വിളിച്ചു. അതെ തന്നെയാണ്.

അമ്മൂമ്മ മുട്ടിൽ നിന്നിറങ്ങാതെ തന്നെ പിന്തിരിഞ്ഞുനോക്കിക്കൊണ്ടു മന്ത്രിച്ചു. "നെന്ന്യാ വിളിക്കണം. എണീറ്റു ചെല്ലടാ."

എഴുന്നേറ്റ് നിക്കറിലെ പൊടി തട്ടിക്കളഞ്ഞ് മടിച്ചുമടിച്ച് മുന്നോട്ടു ചെന്നപ്പോൾ അച്ചൻ അൾത്താരയിൽ നിന്നിറങ്ങിവന്ന് തന്റെ കൈപിടിച്ച് പള്ളിക്ക് പുറത്തേക്കു നയിച്ചു.

വെപ്രാളത്തിൽ അച്ചന് സ്തുതി പറയാൻ കൂടി മറന്നു.

"പേരന്താ?"

'ഏല്യാസ്.

"നല്ല പേര്. എത്രേലാ പഠിക്ക്യാ?"

"പത്തില്??

"മിടുക്കൻ. എന്നിട്ട് എന്നും പള്ളിവന്നിട്ട് എന്താ വാതുക്കൽ ചവിട്ടു മെത്തേല് തന്നെ ഇരിക്കണെ?"

"ഞാൻ അമ്മൂമ്മക്ക് കൂട്ടുവരുന്നതാ."

"എന്നുവച്ച് പള്ളീല് കേറിക്കൂടാന്ന്ണ്ടോ?"

"എനിക്കതിനൊള്ള യോഗ്യതേല്ല്യാച്ചൊ."

"ങ്ഉം?..... എന്താ യോഗ്യതക്കൊറവ്?

"ഞാൻ..... ഞാനാര്ക്കും വേണ്ടാത്തോനാ."

"ദൈവത്തിനും വേണ്ടായിരുന്നെങ്കി, ഏല്യാസിനെ ദൈവം വെറുതെ സൃഷ്ടിക്കുമായിരുന്നോ?"

വിസ്തരിച്ചു സ്തുതി ചൊല്ലിക്കൊണ്ട് അമ്മൂമ്മയും അടുത്തുവന്നപ്പോൾ അച്ചൻ അമ്മൂമ്മയുടെ നേർക്കു തിരിഞ്ഞു. "എന്താ വല്യമ്മേ ഏല്യാസിനെ

നിങ്ങൾക്കാർക്കും വേണ്ടാത്തെ? സൃഷ്ടിയില് പങ്കുചേരാൻ ദൈവം നിങ്ങളെ അനുവദിച്ചത് ഇതിനാണോ? ദൈവം തന്ന കുഞ്ഞുങ്ങളെ ഇങ്ങനെ വിഷമി പ്പിക്കുന്നതെന്തിനാ?""

"ഒന്നും പറയണ്ടച്ചോ. അതിന്റെ അപ്പൻ കള്ളും കുടിച്ചിട്ടുവന്ന് എന്നും വഴക്കാ."

"വല്യമ്മക്ക് നിയന്ത്രിക്കാനാവില്ലേ?"

"ഞാനിവിടെ വല്ലപ്പോഴും വന്ന് നിക്കണ്ന്നേള്ളു. ഇവനെന്റെ മോൾടെ കുട്ട്യാ. പിന്നെ മനുഷ്യസൊഭാവം ഞാൻ നിരീച്ചാ മാറ്റാനൊക്കോ?"

"അത് ശരി. ഏല്യാസിന് നാളെ കുർബ്ബാന കഴിഞ്ഞ് എന്നെ വന്ന് കാണാമൊ? ഇന്നെനിക്ക് ജോലിത്തിരക്കുണ്ട്.

സമ്മതാർത്ഥത്തിൽ തലയാട്ടി.

അച്ചനു സ്തുതി ചൊല്ലി പിരിയുമ്പോൾ അമ്മൂമ്മ ചോദിച്ചു. "അച്ചനെന്തിനാ വിളിച്ചേടാ?"

"എനിക്കറിയില്ല."

"നീയെന്തിനാ അടുക്കള വഴക്കൊക്കെ അച്ചനോടു പറയണേ? മോശം കേടല്ലേ?"

'ഞാനൊന്നും പറഞ്ഞില്യാമ്മൂമ്മേ!"

"ങ്ഉം." അമ്മൂമ്മ ഒന്നിരുത്തി മൂളി.

വാർദ്ധക്യത്തിന്റെ ഭാരംകൊണ്ട് കുനിഞ്ഞ ശരീരവും പേറി, വലിയ കുണു ക്കുകളാട്ടി, കാലം ഉഴുതിട്ട് മുഖത്തെ ചാലുകളിൽ എന്തൊക്കെയോ വേദന കൾ കുത്തിത്തിരുകി മുഞ്ഞികുത്തി മുന്നോട്ടാഞ്ഞു പോകുന്ന അമ്മൂമ്മയെ ഒരുനിമിഷം ശ്രദ്ധിച്ചു.

അകാലത്തിൽ വൈധവ്യം പിന്നിൽനിന്നു കണ്ണുപൊത്തിയപ്പോൾ, മുട്ടിൽ നീന്തുന്ന ഏകമകളിൽ ആശയർപ്പിച്ച്, ജീവിതസാഗരം ഒറ്റക്കു തന്നെ നീന്തി കടക്കാൻ അമ്മൂമ്മ തയ്യാറായി, വീണ്ടും വന്ന വിവാഹാലോചനകളെല്ലാം വകഞ്ഞുമാറ്റിക്കൊണ്ട്.

ഏകമകൾക്കുവേണ്ടി ഉഴിഞ്ഞുവച്ച അമ്മൂമ്മയുടെ ജീവിതം ധന്യമായോ? അമ്മ അമ്മൂമ്മയുടെ പ്രതീക്ഷക്കൊത്തുയർന്നോ?

അറിയില്ല.

'കുറുങ്ങാടൻ മത്തായീനെ നീയും അപ്പനും കൂടി നാട്ടീന്നോടിച്ചു കളഞ്ഞു. ഇല്ലേടാ?" അമ്മൂമ്മ മെല്ലെ തല തിരിച്ചുകൊണ്ടു ചോദിച്ചു.

ഞെട്ടിപ്പോയി.

എങ്ങിനെയാണ് ഒരൊറ്റിക്കൊടുക്കലിന്റേയും നാടുകടത്തലിന്റെയും കഥ അമ്മൂമ്മയറിഞ്ഞത്? അമ്മ പറഞ്ഞതാണോ?

"എല്ലാം എന്റെ കുറ്റമാണ് മോനേ." അമ്മൂമ്മ തേങ്ങുന്നോ? "അവൾക്ക് എല്ലാം മായ്ക്കാനും മറക്കാനും കഴിന്ന് ഞാൻ നിരീച്ചു. മൂന്നുനേരം അടു പ്പിച്ച് തീ പൊകയണ അടുപ്പുങ്കല് നിക്കുമ്പോ, മത്തായിനെ അവള് മറക്കുന്ന് ഞാൻ കരുതി. സ്നേഹം കുത്തി അടുപ്പത്തിട്ടാ കഞ്ഞീണ്ടാവോടാ മോനേ?"

പുതമുണ്ടുകൊണ്ടു അമ്മൂമ്മ കണ്ണീരൊപ്പി.

പ്രകൃതി വീണ്ടും ഇരുളുകയാണ്. പ്രഭാതത്തിൽ കണ്ട തെളിച്ചം കാർമുകിലുകളിൽ അലിഞ്ഞില്ലാതാവുന്നു.

ദിനങ്ങളായി നല്ല തെളിച്ചമുള്ള ഒരുദിവസം കാണാൻ പ്രകൃതി ദാഹിക്കുന്നു. മൂടിക്കെട്ടിയ മാനം. ഇരുണ്ട ദിങ്മുഖങ്ങൾ. ചറുപറാ പെയ്യുന്ന മഴ.

തിരുവാതിര ഞാറ്റുവേലയാണ് അടുത്തുവരുന്നത്.

അതിരുകളിൽ പടർന്നുനിൽക്കുന്ന പുൽക്കൊടിത്തുമ്പുകളിൽ തൂങ്ങിക്കിടക്കുന്ന കണ്ണിത്തുള്ളികൾ പൊട്ടിച്ചെടുത്ത് എരിയുന്ന മനസ്സിൽ ഉതിർത്തിടാനാശിച്ചു. എന്തു കുളുർമ്മയായിരിക്കും!

പെരുവഴിയിൽ കെട്ടിക്കിടക്കുന്ന ചെളിവെള്ളം ചവിട്ടാതെ നോക്കി നടക്കുമ്പോൾ – അടുത്ത പറമ്പിലെ ഊറോട്ടിയുടെ തടിയിൽ ആഞ്ഞുകൊത്തുന്ന മരംകൊത്തി.

ഒരു വർഗ്ഗത്തിന്റെ, യുഗങ്ങൾ നീണ്ട അന്വേഷണത്തിനുശേഷവും വഞ്ചിക്കു പറ്റിയ തടി ഇതുവരെ കണ്ടെത്തിയില്ലേ?

ഒട്ടിയ മാറിൽ എത്സിമോളെ അണച്ചിരുത്തി, അടുത്ത് കാതുകൂർപ്പിച്ചിരുന്ന തന്നോടും പൗലോസിനോടും പണ്ട് അമ്മൂമ്മ പറഞ്ഞുതന്ന കഥയാണോർമ്മ വന്നത്.

വഞ്ചിയിൽ ഉപ്പുനിറച്ച് മരക്കൊത്താനും, നീലപ്പൊന്മാനും, കൊതുകും കൂടി കച്ചവടത്തിനുപോയ കഥ.

മരക്കൊത്താൻ നീണ്ട കൊക്കുകൊണ്ട് വഞ്ചി തുഴഞ്ഞു, പൊന്മാൻ ദിക്കു നോക്കി; കൊതുക് ചുക്കാൻ പിടിച്ചു.

ആഴ്ചകൾ നീണ്ട യാത്രക്കുശേഷം, എത്തേണ്ട ദ്വീപ് കണ്ണിൽ പെട്ടപ്പോഴാണ്, അപ്രതീക്ഷിതമായൊരു തിരയടിച്ച് വഞ്ചി മറിഞ്ഞത്. ഉപ്പു മുഴുവൻ അലിഞ്ഞുചേർന്ന് കടൽജലത്തിന് ഉപ്പുരസം പകർന്നു.

അന്നുമുതൽ തുടങ്ങിയതാണ്.

വഞ്ചിക്കു പറ്റിയ മരം തേടി, മരംകൊത്തിയുടെ ഈ പ്രയാണം.

അലിഞ്ഞുപോയ ഉപ്പിന്റെ ഉറവിടം തേടി, നീലപ്പൊന്മാന്റെ വെള്ളത്തിലുള്ള മുങ്ങിത്തപ്പൽ

കൊതുകാകട്ടെ, – “എന്റെയുപ്പുപോയെ” എന്നു ദീനദീനം വിലപിച്ചുകൊണ്ട് എല്ലാ ജന്തുക്കളോടും സഹായമർത്ഥിക്കുകയാണ്.

ഉപ്പിനുവേണ്ടിയുള്ള ഈ വിലാപത്തിൽ കൊതുകിന്റെ ജീവിതം ആഴ്ന്നുപോകുന്നു.

എട്ടും പൊട്ടും തിരിച്ചറിയാത്ത ബാല്യത്തിൽ, തന്റെ ചെവിയിൽ വന്നു വിലപിക്കുന്ന കൊതുകിനെ, “നിനക്കുപ്പ് ഞാൻ തരാം കൊതുകേ” എന്ന് എത്രയോ വട്ടം ആശ്വസിപ്പിച്ചിരിക്കുന്നു...

ജീവിതത്തിൽ ഉപ്പായി അലിഞ്ഞുചേർന്ന ദുഃഖം അരിച്ചുമാറ്റാൻ തന്നെക്കൊണ്ടാവുമോ? അതിനാർക്കെങ്കിലും കഴിയുമോ?

ജലത്തിലലിഞ്ഞ ഉപ്പ് കൊക്കുകൊണ്ടു വേർതിരിക്കാനുള്ള അഭിവാഞ്ഛ

യിൽ പൊന്മാൻ മരിച്ചുവീഴുന്നു.

എല്ലാ മരക്കൊത്തികളുടെയും ജീവിതം വഞ്ചിക്കു പറ്റിയ തടിയന്വേഷണത്തിൽ എരിഞ്ഞടങ്ങുന്നു.

അല്ലെങ്കിൽ തന്നെ വ്യർത്ഥമായ അന്വേഷണത്തിൽ വിജനതയിലെ വഴി തേടലിൽ ജീവിതം ആഹൂതി ചെയ്യാത്തവരാരാണ്?

അതോ ഇതാണോ ജീവിതം? ഇതുമാത്രം?

ഈ ജീവിതസാഗരത്തിൽ, കുടുംബങ്ങളുടെ കൊതുമ്പു വള്ളങ്ങളിൽ, ദുഃഖത്തിന്റെ ഉപ്പുരസം കൊണ്ട് കച്ചവടത്തിനിറങ്ങിത്തിരിക്കുന്ന ജന്തുക്കൾ പൊന്മാൻ ദിക്കു നോക്കുന്നു, കൊതുക് ചുക്കാൻ പിടിക്കുന്നു, മരംകൊത്തി തുഴയുന്നു.

എല്ലാറ്റിന്റെയം അന്ത്യം കാലത്തിന്റെ തിരയടിച്ചു മറിയുന്ന വഞ്ചിയപകടമാണ്. കടലിലും, നദിയിലും, തലയിണയിലും പടരുന്ന ഉപ്പുരസമാണ്.

ദുഃഖം വന്നേ തീരൂ – വഴി പലതാണെങ്കിലും!

അല്ലെങ്കിൽ ആദത്തെയും ഹവ്വായേയും സൃഷ്ടിച്ചപ്പോൾ പ്രവചനശേഷിയുള്ള ദൈവം എന്തിന് നന്മതിന്മയുടെ അറിവിന്റെ തുടുത്ത കനികൾ പറുദീസായുടെ നടുവിൽ തൂക്കി? എന്തിന് അത്യാഗ്രഹത്തിന്റെ സർപ്പത്തിന് അന്ന് പറക്കാൻ ചിറകുകൾ കൊടുത്തു?

ഇളയമ്മ പറയാറുള്ളതാണു ശരി. ദൈവപുത്രന്റെ അവതാരത്തിനു വഴിയൊരുക്കിയ മനുഷ്യവീഴ്ചയുടെ ഈ അനിവാര്യത യഥാർത്ഥത്തിൽ മഹനീയമാണ്. മാനവചരിത്രം ഈ വീഴ്ചയിൽ നിന്നു മാത്രമേ ആരംഭം കണ്ടെത്തിയുള്ളു. ദുഃഖത്തിന്റെ അഭാവത്തിൽ സുഖത്തിന്റെ പ്രഭാവം, കണ്ണിന്റെ അഭാവത്തിൽ കാഴ്ചപോലെ എങ്ങനെ പ്രകടമാവാനാണ്!

യഥാർത്ഥത്തിൽ ദുഃഖമല്ലേ ഈ ജീവിതത്തിന്റെ ഉപ്പിന് ഉറ ചേർക്കുന്നത്?

ദൈവീകഭാവവുമായി താദാത്മ്യം പ്രാപിക്കാനുള്ള മനുഷ്യന്റെ ത്വര, ഉള്ള സൗകര്യങ്ങളിൽ തൃപ്തി കണ്ടെത്താൻ കഴിയാത്ത മനസ്സിന്റെ ആർത്തി, ആത്മാവിലെ ശൂന്യത നിറക്കാനുള്ള വ്യഗ്രത, ഇവ ജീവിതത്തിന്റെ തന്നെ ഘടകമായിരിക്കുന്നിടത്തോളം കാലം, അവയ്ക്കായി പ്രവർത്തിക്കുന്ന മനുഷ്യബലഹീനതയെ കുറ്റം പറയാനാവുമോ?

ദിവസം മൂന്നുനേരം തീ പൂട്ടുന്ന അപ്പന്റെ വീട്ടിലെ അടുപ്പ്, മുണ്ട് മുറുക്കിയുടുത്തിരുന്ന അമ്മൂമ്മയുടെ അത്യാഗ്രഹമായിരുന്നു. സ്വന്തമായി കിടപ്പാടം പോലുമില്ലാത്ത മത്തായിക്ക് കൂലിപ്പണികൊണ്ടുമാത്രം ഒരു ഭാര്യയെ എങ്ങനെയാണ് പോറ്റാൻ കഴിയുക!

പക്ഷേ, ആ അത്യാഗ്രഹത്തിന്റെ പേരിൽ, തൊണ്ടയിൽ മുഴച്ച് പാപകനിയുമായി കുറുങ്ങാടൻ മത്തായിക്ക് ഈ പറുദീസായിൽ നിന്നും ഒളിച്ചോടേണ്ടി വരുമെന്ന് അമ്മൂമ്മ ഒരിക്കലും കരുതിയിട്ടുണ്ടാവില്ല. അതും സ്വന്തമകന്റെ ഒറ്റിക്കൊടുക്കൽ മൂലം!

വിഷപ്പല്ലൂരിയ സർപ്പത്തെപ്പോലെ, അമ്മയുടെ മനസ്സിന്റെ പത്തിയും ഒടിഞ്ഞുപോയിരിക്കുന്നു. പണ്ടത്തെ ചീറ്റൽ ദയനീയമായ വിലാപമായിരിക്കുന്നു.

പണ്ടത്തെ ചീത്തവിളിയും പുളിവാറലിന്റെ അട്ടഹാസവും കാപ്പിവടിയുടെ പൊട്ടിച്ചിരിയുമെല്ലാം ഏതോ തെമ്മാടിക്കുഴിയിൽ കുഴിച്ചു മൂടപ്പെട്ടിരിക്കുന്നു. ഓർത്തപ്പോൾ വേദന തോന്നി. അടങ്ങാത്ത കുറ്റബോധവും!

എവിടെപ്പോയാലാണ് തന്റെയപ്പനെയിനി കണ്ടെത്താനാവുക! ആരോടു ചോദിച്ചാലാണ് കുറുങ്ങാടൻ മത്തായി പോയ വഴി പറഞ്ഞുതരിക?

പത്തിയൊടിഞ്ഞ പാമ്പിനെപ്പോലെ നിസ്സഹായയായി അമ്മ പുളയുന്നതു കാണുമ്പോൾ ഉള്ളിൽ ആത്മനിന്ദ നുരച്ചുയരുന്നു. ഞാൻ മൂലം എന്റെയപ്പനും അമ്മക്കും നഷ്ടപ്പെട്ട പറുദീസ. അവരെ പരദേശികളാക്കിയ തന്റെ നിർഭാഗ്യ വ്യക്തിത്വം!

താലികെട്ടിയ ഭർത്താവിനെ അമ്മക്കൊരിക്കലും ഹൃദയം തുറന്ന് സ്നേഹിക്കാൻ കഴിഞ്ഞിട്ടില്ലായിരുന്നു. ഭയമായിരുന്നു ഈ വീട്ടിൽ അമ്മയെ നിയന്ത്രിച്ചിരുന്നത്. തന്റെയോർമ്മയിൽ അപ്പൻ അമ്മയെ ചീത്തവിളിക്കാത്ത ദിവസങ്ങളില്ലല്ലോ; ആദ്യം സംശയത്തിന്റെ പേരിൽ; ഇപ്പോഴിതാ തന്റെ ഒറ്റിക്കൊടുക്കലിന്റെ തെളിവിൽ.....

അമ്മൂമ്മ വിരുന്നു പാർക്കാൻ വന്നിട്ട് ഒരാഴ്ച കഴിഞ്ഞിട്ടും, അപ്പനിതുവരെ അമ്മൂമ്മയോട് മിണ്ടിയിട്ടില്ല. ഏതോ കൊലപ്പുള്ളിയെ നോക്കുന്ന ദുഷിച്ച നോട്ടം മാത്രം.

രണ്ടുമൂന്നു വട്ടം അമ്മൂമ്മ പോകാനൊരുങ്ങിയതാണ്.

"ഞാൻ പോവ്വാ മോളേ. എന്റെ കൂരയിലാണെ പട്ടിണിയാണെങ്കിലും, ആർക്കും അധികപ്പറ്റല്ലാതെ കെടക്കാല്ലോ. എനിക്കൊര് ആങ്കുട്ടിയുണ്ടായിരുന്നെങ്കി..." കണ്ണീര് തുടച്ചുകളഞ്ഞ്, മൂക്കു ചീറ്റിക്കളഞ്ഞ് പൊതമുണ്ടെടുത്തു പുതച്ച് യാത്രയാവുമ്പോഴേക്കും അമ്മ ഓടിച്ചെന്ന് തടുക്കും. "അമ്മയെന്താ ഈ കാട്ടണെ? അതിയാന്റെ സ്വഭാവം പണ്ടും ഇതുപോലല്ലാരുന്നോ? ഈ വീണ്ടുവിചാരം അന്ന് അമ്മക്കുണ്ടായില്ലല്ലോ. ഞാനിവിടെക്കെടന്ന് ഒറ്റക്ക് നരകിച്ചോട്ടേന്ന് അല്ലെ?"

അമ്മൂമ്മ വീണ്ടും അടങ്ങും. ഓടിയങ്ങ് പോയാലും അമ്മൂമ്മയുടെ ഗ്രാമത്തിലുള്ളത് ആകെ കുറച്ചുസ്ഥലവും ഒരു കൂരയുമാണ്. അടുപ്പില് തീ പൂട്ടണമെങ്കിൽ, അമ്മൂമ്മ തന്നെ വേലക്കു പോണം.

പാത്രങ്ങളിൽ വെള്ളം കോരിവച്ച്, കാളകൾക്ക് കച്ചിയിട്ടു കൊടുത്തപ്പോഴേക്കും സമയം വൈകി.

പൗലോസ് സ്കൂളിലേക്കു പോയിക്കഴിഞ്ഞു.

വേഗം പുസ്തകമെല്ലാം അടുക്കിവച്ച് കുറച്ച് കഞ്ഞിയും വറ്റും നിന്നുകൊണ്ടുതന്നെ കോരിക്കുടിച്ച്, സ്കൂളിലേക്കോടി, ചിന്നം പിന്നം പെയ്യുന്ന മഴയെ അവഗണിച്ച്......

# പതിനൊന്ന്

ആദ്യത്തെ പിര്യേഡ് സൗദാമിനി ടീച്ചറിന്റേതാണ്...

മനോഹരമായ സ്വരത്തിൽ ഷെല്ലിയേയും തോമസ് ഗ്രേയും പറ്റി കേട്ടിരിക്കുമ്പോൾ വീട്ടിലെ വേദനിക്കുന്ന അന്തരീക്ഷം കുറച്ചെല്ലാം മറക്കാൻ കഴിയുന്നു.

ഏതൊരു കവിയും ദുഃഖിതനാണ്; ഏതൊരെഴുത്തുകാരനും അസ്വസ്ഥനാണ്. ചേമ്പിന്റെ ഇലയിൽ പതിക്കുന്ന ജലബിന്ദുക്കൾ ഒരു ബിന്ദുവായി വളർന്ന് കീഴോട്ടു പതിക്കുന്നതുപോലെയാണ് ഓരോ കലാസൃഷ്ടിയും.

ഭാവനക്കൊത്ത ജീവിതം, യാഥാർത്ഥ്യത്തിന്റെ ചേമ്പിലയിൽ ചേരാതെ രസബിന്ദുപോലെ ഉരുണ്ടുനിൽക്കുമ്പോൾ, കലാകാരന്റെ ഹൃദയം വേദനിക്കുന്നു.

യാഥാർത്ഥ്യവും ഭാവനയും പരസ്പരം അലിയിച്ചു ചേർക്കാനുള്ള ബദ്ധപ്പാടിൽ, എതിരിടേണ്ടി വരുന്ന തോൽവിയുടെ ദുഃഖമാണ് ഓരോ കലാസൃഷ്ടിയുടെയും സത്ത്... ടീച്ചറുടെ വാക്കുകൾ അങ്ങനെ കേട്ടിരിക്കുമ്പോൾ ആശ്വാസം തോന്നും.

താൻ മാത്രമല്ലല്ലോ ഇവിടെ ദുഃഖിതൻ. ഒരു പക്ഷേ തന്റെ ദുഃഖങ്ങൾക്കും മൂർത്തരൂപം നൽകുകയാണെങ്കിൽ, ഒരുപക്ഷേ ഒരു കലാസൃഷ്ടിയായതുയർന്നേക്കാം.

പക്ഷേ, വാക്കുകളിലേക്ക് പകരുമ്പോഴേക്കും ചോർന്നുപോകുന്ന വേദനകൾ, അപൂർണ്ണമായ പ്രകടനശേഷി.....

ഒരു ചേച്ചിയെപ്പോലെ തന്റെ സംശയങ്ങൾ തീർത്തു തരുന്ന ടീച്ചർ. പത്താംക്ലാസ്സിൽ ചിലവഴിക്കേണ്ടി വന്ന ഈ ഏതാനും ആഴ്ച്ചകൾക്കുള്ളിൽത്തന്നെ, വിഷാദാത്മകത തളംകെട്ടിയ ടീച്ചറുടെ കണ്ണുകൾ തന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചു കഴിഞ്ഞല്ലോ!

വിജയത്തിന്റെ പുതുമയുമായി, പത്താംക്ലാസ്സിൽ ചെന്നിരുന്ന ആദ്യദിവസം, എല്ലാവരുടേയും ഒമ്പതിലെ മാർക്കു ലിസ്റ്റു പഠിച്ചുകൊണ്ടിരിക്കെ പെട്ടെന്നു തന്റെ പേരു വിളിച്ചെഴുന്നേല്പിച്ച്, അഭിനന്ദനം നിറഞ്ഞ ആ നോട്ടം ടീച്ചറെറിഞ്ഞു തന്നതുതന്നെ, മങ്ങിയ രാത്രികളിൽ, വീട്ടുപടിക്കലെ തെരുവു വിളക്കിന്റെ ചുവട്ടിൽ താൻ നടത്തിയ നീണ്ട തപസ്സുകൾക്ക് മതിയായ പ്രതിഫലമായിരുന്നല്ലൊ!

ഒരുപക്ഷെ, ഇരിക്കാനൊരു കൊമ്പുതേടി, പ്രളയം മൂടിക്കിടക്കുന്ന ഭൂമി

ക്കുമേലെ നിതാന്തമായി കുഴഞ്ഞു പറക്കുന്ന പ്രാവിനെപ്പോലെയായതുകൊണ്ടാകാം, തന്റെ മനസ്സ്, ഇടക്കിടെ ചേക്കേറാൻ ലഭിക്കുന്ന ഒലീവുശാഖകളിൽ ഇത്രയധികം ഊഷ്മളത കണ്ടെത്തുന്നത്. പക്ഷേ, ഇതാണോ താൻ ദിനങ്ങളായി തേടിക്കൊണ്ടിരിക്കുന്ന കൊമ്പ്?

അല്ല, ഇതല്ല.

പിന്നെ?

മെലിഞ്ഞ നിഴൽ പുറകിലേക്കെറിഞ്ഞ്, അറ്റം കെട്ടിയ മുടിയിൽ നിന്നും ഓർമ്മയുടെ സിന്ധൂരം ഇറ്റുവീഴുന്ന ഒരടക്കാമണിയപ്പൂ!....

സുഗന്ധമുള്ള പരാഗങ്ങൾ കാറ്റിൽ പരത്തിക്കൊണ്ട് മനസ്സു ചാഞ്ചാടിയപ്പോൾ വെറുതെ അറിയാനാശിച്ചു. ഏതു ക്ലാസിലായിരിക്കും?

എട്ട് ബീയിൽ നിന്നും ജയിച്ചതാണ്. ഒമ്പതു ബീ'യിലായിരിക്കുമോ?

ആണെങ്കിൽ, രണ്ട് ക്ലാസ്സിനപ്പുറത്ത് ആ മൂലക്കുള്ള ക്ലാസ്സാണ്.

അതിൽ.....

മനസ്സ് വല്ലാതെ ഇളകിയാടി. ഹൃദയം ഉച്ചത്തിൽ ത്രസിച്ചു. ആ പാദസ്വരങ്ങൾക്കിടയിൽ അടിഞ്ഞു കിടക്കുന്ന ഒരു മൺതരിയായി നിന്നെ എന്നെന്നും സ്നേഹിക്കാൻ ആ നൂപുരശിഞ്ജിതത്തിന്റെ കുഞ്ഞലകളായി നിനക്കു ചുറ്റും ചിറകടിക്കാൻ.......

അടക്കാമണിയപ്പൂമണമൊഴുകുന്ന നിലാവിന്റെ സ്നിഗ്ദ്ധതയാർന്ന ആ നേർത്ത ചുണ്ടുകളിൽ ഒന്നുമ്മ വക്കാൻ!

ഭാവനയുടെ പ്രാവുകളായി മോഹത്തിന്റെ അതിരുകൾക്കുമേലെ ചിറകടിച്ച് നീലത്താഴ്‌വരയിൽ വിടർന്നു നിൽക്കുന്ന കശുമാവിൻ കൊമ്പിൽ ചേക്കേറാൻ ചിറകൊതുക്കുമ്പോൾ മരക്കൊമ്പായി അഭിനയിക്കുന്ന, നീണ്ടുമെലിഞ്ഞ പച്ചിലപ്പാമ്പിനെക്കണ്ടു ഞെട്ടി.

പടിക്കു പുറത്തേക്കു നീളുന്ന ഒടിഞ്ഞുതൂങ്ങിയ പുളിവാറൽ – "പൊയ്ക്കോ, എവിടേലും പോയി ജീവിച്ചൊ.'

മനസ്സിനെ നിയന്ത്രിക്കാൻ ശ്രമിച്ചു.

അനുഭൂതിയുടെ ഉമ്മ ഉണർത്തിയെടുത്ത ഊഷ്മള നിമിഷങ്ങളേ, ഉറങ്ങൂ; ഓർമ്മയുടെ നിധിശേഖരങ്ങളിൽ നിന്നും ചാരനിറമാർന്ന കശുവണ്ടികൾ എറിഞ്ഞുകളഞ്ഞ്; മനസ്സിൽ അടിഞ്ഞുകൂടിയ വളപ്പൊട്ടുകൾ പെറുക്കിക്കളഞ്ഞ്... അടങ്ങൂ.... മനസ്സേ അടങ്ങൂ....

അഗാധഗർത്തത്തിനിരുവശവും രണ്ടു ദയനീയ ജീവികൾ കാത്തുനിൽക്കുന്നതുകൊണ്ടുമാത്രം, ഇടക്കൊരു പാലം, കാലം പണിതു തരുമോ?

മുന്നോട്ടു ചെല്ലുന്തോറും ഒഴുക്കിനു ശക്തിയേറുന്ന ഈ നദിയിൽനിന്നും, തൽക്കാലം അൽപ്പം ശക്തിയിൽ ഒഴുക്കിനെതിരെ തുഴഞ്ഞ് ഇപ്പഴേ കരപറ്റിയാൽ, ഒരുപക്ഷെ കാലത്തിന്റെ തിരിവിൽ ഒളിച്ചിരിക്കുന്ന ഭീതിദ ജലപാതത്തിൽനിന്നും രണ്ടു ജീവിതങ്ങൾക്ക് രക്ഷപ്പെടാനാവും.

"ഏല്യാസിപ്പോൾ എവിടെയാണ്?" സൗദാമിനി ടീച്ചറുണ്ട് മുന്നിൽ വന്നു നിൽക്കുന്നു.

ക്ലാസ്സിലെ പെൺകുട്ടികളും ആൺകുട്ടികളും തന്നെ ഒരുപോലെ ശ്രദ്ധിക്കുന്നതു കണ്ടപ്പോൾ ചൂളിപ്പോയി.

പുറത്ത് മഴക്ക് ശക്തിയേറുന്നു. ടീച്ചറുടെ മിനുമിനുത്ത ശബ്ദം മഴയുടെ ചിലചിലപ്പിൽ മുങ്ങിത്തപ്പി.

കുട്ടികൾ ഒന്നും രണ്ടുമുള്ള സംസാരത്തിൽ മുഴുകി. അനുനിമിഷം വളരുന്ന അശ്രദ്ധാപ്രവണത കണ്ടാകണം, ടീച്ചർ പാഠപുസ്തകമടച്ചുകൊണ്ട് ക്ലാസ്സിൽ ഉറക്കെ പറഞ്ഞത്,

"നോക്കൂ, നിങ്ങളെല്ലാം തിരിച്ചറിവു വന്നവരാണ്. ഭാവിയെപ്പറ്റി വ്യക്തമായ ധാരണ വേണ്ടവരാണ്. ഭാവിയിൽ ആരായിത്തീരണമെന്നാണ് നിങ്ങളുടെ ആഗ്രഹം?

പെൺകുട്ടികളുടെ ഭാഗത്തേക്കാണ് ടീച്ചർ ആദ്യം വിരൽചൂണ്ടിയത്. കാണാപ്പാഠം പഠിച്ചതുപോലെ ഓരോ പെൺകുട്ടിയും എഴുന്നേൽക്കും മുമ്പെ പറഞ്ഞു, "എനിക്കൊരു ഡോക്ടറാകണം ടീച്ചർ.

"എനിക്ക് എഞ്ചിനീയറാകണം.

'എനിക്ക് വക്കീൽ.

"സാമൂഹ്യപ്രവർത്തക, കന്യാസ്ത്രീ."

"ഡോക്ടർ, പൂജാരി, വക്കീൽ, മന്ത്രി, വൈദികൻ, മാനേജർ."

ഉത്തരം പറയുന്നവരുടെ തരംഗം തന്റെയടുത്തേക്കു പാഞ്ഞുവരുന്നതു കണ്ടപ്പോൾ ആദ്യം അമ്പരപ്പാണുണ്ടായത്. താനും എന്തെങ്കിലും പറഞ്ഞേ തീരൂ! പക്ഷേ നെഞ്ചിൽ കൈവച്ചുകൊണ്ട് ഒന്നും അഭിലഷിക്കാൻ തന്നെക്കൊണ്ടാവില്ലെന്നതാണു സത്യം. എല്ലാവരുടേയും ആഗ്രഹം യാഥാർത്ഥ്യമായിത്തീർന്നെങ്കിൽ, ഈ ലോകം എന്ന ഡോക്ടർമാരേയും എഞ്ചിനീയർമാരേയും കൊണ്ടു നിറഞ്ഞേനെ! പക്ഷേ മെഡിക്കൽ കോളേജുകളിലെ സീറ്റും, ക്യാബിനറ്റുകളുടെ അംഗസംഖ്യയും എന്നും പരിമിതമാണല്ലൊ.

എഴുന്നേറ്റുനിന്ന തന്റെ മൗനം ടീച്ചറെ അത്ഭുതപ്പെടുത്തുകയായിരുന്നു. ക്ലാസ്സിലെ ഏറ്റവും മിടുക്കനായ വിദ്യാർത്ഥിക്ക് ജീവിതത്തെപ്പറ്റി ഒരുലക്ഷ്യവുമില്ലെന്നോ?

"ഏല്യാസിന് എഞ്ചിനീയറാവണ്ടേ? ഡോക്ടറാവണ്ടേ? വക്കീലാവണ്ടേ?"

"വേണ്ട ടീച്ചർ, എനിക്കാരുമാവണ്ട." മോഹങ്ങളിൽ കുരുങ്ങി മനസ്സിൽ ഇനിയും ദുഃഖത്തിന്റെ പുഴുക്കുത്തേല്പിക്കാൻ എന്നെക്കൊണ്ടുവയ്യ.

പിഞ്ഞിത്തുടങ്ങിയ തന്റെ വസ്ത്രങ്ങളിലേക്കും, താളുകൾ കീറിയ പഴയ പുസ്തകങ്ങളിലേക്കും കണ്ണോടിച്ചിട്ട് സഹതാപത്തോടെ ടീച്ചർ ആശ്വസിപ്പിച്ചു, "അത്ഭുതങ്ങൾ ഇന്നും നടക്കുന്നുണ്ട് കുട്ടീ! അനാഥാലയങ്ങളിൽ വളരുന്നവർപോലും മനുഷ്യപുത്രന്മാരുടെ സന്മനസ്സുകൊണ്ട് എത്രയോ ഉന്നത സ്ഥാനങ്ങളിലെത്തിച്ചേരുന്നു."

"കിട്ടാത്ത മുന്തിരിയുടെ പുളിപ്പല്ല ടീച്ചർ എന്റെ നിരാശ." ഒരു ഡോക്ടറായോ ഒരെഞ്ചിനീയറായോ എത്ര മഹനീയ ഉദ്യോഗത്തിലായാലും ശരി, നാലു ചുമരുകൾക്കുള്ളിൽ, ഒരു എയർ കണ്ടീഷനറുടെ മരവിപ്പിൽ വ്യക്തി

ത്വത്തെ തളച്ചിടുന്ന ആവർത്തന വിരസതയിൽ കഴിയേണ്ടിവരുന്ന ജീവപര്യന്ത തടവിനെക്കുറിച്ചോർക്കാൻ പോലും വയ്യ. നീറിപ്പിടയുന്ന ഈ അസ്വസ്ഥതയിൽ ഒന്നിലും ഉറച്ചുനിൽക്കാനാവില്ല - തീർച്ച!

"പിന്നെ ഏല്യാസിന് ആരാണായിത്തീരേണ്ടത്?" തന്റെ ധർമ്മസങ്കടം മനസ്സിലാക്കിയതിനാലാവാം ടീച്ചറിന് അനുതാപം.

'എനിക്ക് ഞാനായിത്തീർന്നാൽ മതി - ഏല്യാസ് മാത്രം.

"പക്ഷെ, ഏല്യാസെന്ന വാക്കിന്റെ അർത്ഥമറിയോ?"

'ഏല്യാസ് ഒരു ദീർഘദർശിയായിരുന്നു. ക്രൂശിൽ തൂങ്ങി വിലപിച്ച ക്രിസ്തുവിനെ രക്ഷിക്കാൻ ഏല്യാസ് വരുമെന്നായിരുന്നു യൂദന്മാർ കരുതിയത്.

"പക്ഷേ ഇംഗ്ലീഷിൽ ഏല്യാസ് എന്നാൽ "മറുപേരുള്ളവൻ' എന്നാണ്."

സ്വന്തമായൊരു വ്യക്തിത്വം പോലും അവകാശപ്പെടാനൊക്കാത്ത പേര്. വെറും ഒരു മറുപേരാണോ താൻ? മറ്റുള്ളവരുടെ പ്രതിനിധി മാത്രം? ഒരു മൗലികത പോലുമില്ലാതെ

അല്ലെങ്കിൽത്തന്നെ ആർക്കാണിവിടെ വ്യക്തിത്വം? ചെയ്യുന്ന ജോലികളിലൂടെ, സമൂഹത്തിലെ കെട്ടുമുറുക്കങ്ങളിലൂടെയല്ലാതെ തനതായ വ്യക്തിത്വത്തിന്റെ മൗലികത സ്ഥാപിച്ച എത്ര പേരുണ്ടിവിടെ?

സൗദാമിനിയെന്ന വ്യക്തിയെ ഒരു ടീച്ചറിലൂടെ വിദ്യാർത്ഥികൾ കാണുന്നു. ഭാര്യയിലൂടെ ഭർത്താവു കാണുന്നു: അമ്മയിലൂടെ മക്കൾ കാണുന്നു. ഇത്തരം ഉദ്യോഗബന്ധങ്ങളിലൂടെ സമൂഹമെന്ന കുരിശിൽ അനങ്ങാൻ പറ്റാത്തവിധം ക്രൂശിക്കപ്പെട്ടിരിക്കുന്ന വ്യക്തി, വിങ്ങുന്ന വ്രണങ്ങളുടെ വേദനയിൽ, അവയവങ്ങളിൽ നീറിപ്പിടിക്കുന്ന കഴപ്പിൽ അല്പമൊന്നു ഞെളിയുമ്പോഴേക്കും നെഞ്ചിൽ തുളഞ്ഞുകയറുന്ന കുന്തമുന, ദാഹിക്കുമ്പോൾ കുടിക്കാൻ നീട്ടിത്തരുന്ന ചൊറുക്ക!

"ഏല്യാസിനറിയുമോ?" ടീച്ചർ വീണ്ടും. "സ്വഭാവത്തെ പ്രവൃത്തികളിൽ നിന്നും മനസ്സിലാക്കപ്പെടുന്നതുപോലെ, വ്യക്തിത്വത്തിന്റെ പ്രഭാവവും സ്ഫുടമാക്കപ്പെടുന്നത് ഏർപ്പെട്ടിരിക്കുന്ന ജോലിയിലൂടെയും വീക്ഷണകോണിലൂടെയുമാണ്. സമൂഹസ്ഥാനങ്ങൾ അവ പ്രകടിപ്പിക്കാനുള്ള ഉത്തമ നിദർശനങ്ങളാണ്."

"അറിയാം ടീച്ചർ," - പക്ഷെ വാരിധം തണുത്തുറച്ച് ഓരോ മഴത്തുള്ളിയും ജന്മമെടുക്കുന്ന മുഹൂർത്തത്തിൽ തന്നെ അതിന്റെ പതനസ്ഥലവും നിശ്ചയിക്കപ്പെട്ടു കഴിഞ്ഞല്ലൊ. യാത്ര തുടരുമ്പോൾ മറഞ്ഞിരിക്കുന്നെന്നു കരുതി, വീഴാൻ വിധിക്കപ്പെട്ടിരിക്കുന്നിടത്തു വീണു ചിതറാതിരിക്കാൻ ഒരു മഴത്തുള്ളിക്കും സാധ്യമല്ല. ഈ മുൻവിധിയെ കാറ്റും ഭൂവാകർഷണവും സഹായിക്കുന്ന ഘടകങ്ങൾ മാത്രം. എല്ലാം ആത്യന്തികമായി എത്തപ്പെടുന്നത് നിശ്ചലമായ സമുദ്രത്തിലേക്കും!

"എന്നാൽ ചില മഴത്തുള്ളികളെ ചിപ്പി ഉൾക്കൊണ്ട് മുത്താക്കുന്നില്ലേ?"

"ഓരോ മഴത്തുള്ളിയും മുത്തായാൽ കുടിവെള്ളത്തിന് നമ്മളെവിടെ

പോകും ടീച്ചർ?"

പക്ഷേ മുത്താകേണ്ടത് മുത്ത് തന്നെ ആയിത്തീരും."

"അതു കാലമാണു തീരുമാനിക്കേണ്ടത്."

ഉത്തരം മുട്ടി ടീച്ചർ തന്നെയാണ് ഒടുവിൽ പിന്മാറിയത്.

"ഏല്യാസിന്റെ വായന വളരെ കൂടിപ്പോകുന്നു.

ക്ലാസ്സിലെ കുട്ടികൾക്കും അത്ഭുതമായിരുന്നു. അധികമൊന്നും സംസാരിക്കാത്ത, ആരുമായും അടുക്കാത്ത ഒരു പുസ്തകപ്പുഴുവിന്റെ ഉള്ളിൽ ഇത്രയും ആശയങ്ങളൊ!

പെൺകുട്ടികൾ നോക്കി കുശുകുശുക്കുന്നതു കാണാതിരിക്കാൻ തിരിമുറിയാതെ പെയ്യുന്ന മഴയിലേക്കും നോക്കിയിരുന്നു.

കനത്ത മഴ മൂലം അടുത്ത പിര്യേഡിലും ക്ലാസ്സ് നടന്നില്ല. ഡൊമിനിക് സാർ കയ്യും കെട്ടി കസേരയിൽ ചാരിയിരുന്ന് ആലോചനയിൽ മുഴുകി.

കുട്ടികൾ തലേവർഷം വന്ന വെള്ളപ്പൊക്കത്തേയും, നാശനഷ്ടങ്ങളെയും കുറിച്ച് ചർച്ച ചെയ്തു. പെൺകുട്ടികൾ കൂട്ടുകാരികളുടെ ബ്ലൗസിന്റെ മേന്മയും തുണിയുടെ വിലയും വിശകലനം ചെയ്തു.

കുട്ടികളുടെ ശബ്ദം മേൽത്തട്ടിലെ ഓടുകളിൽത്തട്ടി പ്രതിധ്വനിച്ചപ്പോൾ സാറ് മേശപ്പുറത്ത് വടി കൊണ്ടടിച്ചലറി – "സൈലൻസ്."

ഒരു നിമിഷത്തേക്ക് ചിറകൊതുക്കുന്ന നിശ്ശബ്ദത. ക്രമേണ വീണ്ടും ചിറകടിക്കുന്ന കുരിയിലുകൾ.

ഉച്ചത്തോർച്ച.

അലൂമിനിയം പാത്രത്തിൽ പകുതിയോളം കൊണ്ടുവന്ന ചോറ് ഉപ്പുമാങ്ങ ചമ്മന്തി കൂട്ടി, മൈതാനിയിലെ പുൽത്തകിടിലിരുന്നു കഴിക്കുമ്പോൾ, വെറുതെ കൂട്ടുകാരുടെ പാത്രങ്ങളിലേക്കു നോക്കി. മീനും, ഇറച്ചിയും, കായ ഉപ്പേരിയും മറ്റും കുത്തിനിറച്ച ചോറ്റു പാത്രങ്ങൾ.

വീണ്ടും അരിവാൾ രാകുന്ന ആകാശം.

"സൗദാമിനി ടീച്ചറിന് ഏല്യാസിനെ വല്ലാണ്ട് പിടിച്ച മട്ടുണ്ട്." അടുത്തുള്ള കിണറ്റിൽ കൈയും പാത്രവും കഴുകി ക്ലാസ്സിലേക്കു തിരിക്കുമ്പോൾ വേണുഗോപാൽ പറഞ്ഞു.

മനസ്സിന്റെ കോണിൽ ഒരു ഊഷ്മളത പരക്കുന്നതറിഞ്ഞു. തന്നെ ശ്രദ്ധിക്കാൻ ഒരു ചേച്ചി?

പെട്ടെന്ന് അറിയാതെ മൂലക്കലെ ക്ലാസ്സിലേക്ക് കണ്ണുകൾ പാഞ്ഞു. കയറിയിറങ്ങുന്ന പെൺകുട്ടികളിൽ അടക്കാമണിയപ്പൂവിന്റെ ഗന്ധമുള്ള....

ക്ലാസ്സിൽ കയറിയിരുന്ന്, കൂട്ടുകാരുമായി ഓരോന്ന് പറയുമ്പോൾ, വിടർന്ന കണ്ണുകളിൽ ഒരായിരം ഭാവങ്ങൾ കുത്തിനിറച്ചുകൊണ്ട് മോളി അടുത്തു വന്നു. ക്ലാസ്സിലെ പരീക്ഷകളിൽ എന്നും തന്നോടു മത്സരിക്കാറുള്ള കുട്ടി. സ്വന്തമെന്ന് അവൾ വിശ്വസിക്കുന്ന ഒന്നാംസ്ഥാനം നേടിയെടുക്കാൻ എന്നും ഒരു വിലങ്ങുതടിയായി നിൽക്കുന്ന തന്നെയവൾ എന്നും ശപിക്കുന്നുണ്ടാവണം. മെലിഞ്ഞു വെളുത്ത മോളിയുടെ മസ്ക്കാരപൂർവ്വമായ ഒരു നോട്ട

ത്തിനുവേണ്ടി തന്റെ കൂട്ടുകാരിൽ പലരും തപസ്സിരിക്കുന്നുണ്ടെന്നറിയാഞ്ഞി ട്ടല്ല.

"എന്താ മോളി?"

"ആൾജിബ്രായുടെ ഇന്നലത്തെ കണക്കുകൾ ചെയ്തത് ഒന്നു തര്വൊ ? ഞാൻ ചെയ്തിട്ട് ശരിയാവണില്ല."

"ദേവകി ടീച്ചറിനോടു ചോദിച്ചു കൂടെ? അല്ലെങ്കിൽ മറ്റാരുടെയെങ്കിലും നോട്ട് വാങ്ങിക്കൂടെ?" ചോദിച്ചില്ല, അഹങ്കാരമെന്ന് പലരും വ്യാഖ്യാനിക്കും. ബുക്കുകൾക്കിടയിൽനിന്നും ചുവന്ന അട്ടിയുള്ള ബുക്കെടുത്തുനീട്ടി.

"നാളെ തന്നാൽ പോരേ?"

മതിയെന്നു തലയാട്ടി.

കൃതാർത്ഥമായൊരു പുഞ്ചിരിയോടെ മോളി മടങ്ങുമ്പോൾ കൂട്ടുകാരുടെ കണ്ണിൽ അർത്ഥം നിറഞ്ഞ ചിരി!

കണ്ടില്ലെന്നു വച്ചു. ഒരു പുസ്തകം കൊടുക്കുന്നതിൽ ഇത്ര പ്രാധാന്യം എന്താണുള്ളത്?

ഉച്ച കഴിഞ്ഞുള്ള ക്ലാസ്സുകൾക്കു മുന്നോടിയായി മുഴങ്ങിയ രണ്ടാം മണി യുടെ ഝണഝണാരവത്തെ, കുട്ടികളോടൊപ്പം മഴയും ബഹുമാനിക്കുന്നു വെന്നു തോന്നി....

# പന്ത്രണ്ട്

ദൈവാരാധനക്കായി ഒരുക്കപ്പെട്ട ശാബത്ത് ദിനം.

ലേവായരുടെ പാരമ്പര്യം നേടിത്തന്ന ദൈവാത്രത്തിനുള്ള അവകാശം കൊണ്ട് ആദ്യമായി ബലിവേദിയിലേറുന്ന സുദിനം.

ശുദ്ധതയുടെ ശുദ്ധതയിൽ, സ്വർഗ്ഗീയ പരിവേഷത്തിന്റെ നേർമ്മയേറിയ മഞ്ഞിൻപടലങ്ങൾക്കപ്പുറത്ത്, സ്വർണ്ണത്തകിടുകൾ പൊതിഞ്ഞു കമനീയമാക്കിയ വാഗ്ദാനത്തിന്റെ പേടകത്തിൽ റോസാദലത്തിലെ തുഷാരബിന്ദു പോലെ, ശുഭ്രമായൊരു മേഘശകലം പോലെ ഉറഞ്ഞുനിന്ന ദൈവസാന്നിദ്ധ്യത്തെ അതിനേർമ്മതയുള്ളൊരു മസ്ലിൻ തുണി മറച്ചുപിടിച്ചു.

ഇരുവശത്തും ചിറകുകളൊതുക്കി കുമ്പിട്ടു നിൽക്കുന്ന മാലാഖമാർ.

അവർക്കു ചുറ്റും പടർന്നുകയറുന്ന മുന്തിരിവള്ളികൾ!

അദൃശ്യമായൊരു മേഘവലയം യഹോവയുടെ കൂടാരത്തിൽ നിറഞ്ഞു നിന്നു.

ധൂപക്കുറ്റിയിൽ നിന്നുയരുന്ന കുന്തിരിക്കത്തിന്റെ ഹൃദയഹാരിയായ ധൂപം വിശുദ്ധ ബലിപീഠത്തെ ആശ്ലേഷിച്ചുകൊണ്ട് സ്വർഗ്ഗത്തിലേക്കുയർന്നു.

വിവിധ വസന്താരാമങ്ങളിൽനിന്ന് എളിയ ഉപഹാരങ്ങളായി എത്തപ്പെട്ട സുമങ്ങൾ പൂപ്പാത്രങ്ങളിൽ മുട്ടുമടക്കിയിരുന്നുകൊണ്ട് സൗരഭ്യം അർച്ചിച്ചു. ഒരു രക്തബലി കൂടി നാവു നീട്ടിയുൾക്കൊള്ളാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ യാഗാഗ്നി ബലിപീഠത്തിൽ പുതഞ്ഞു കിടന്നു.

കുന്തിരിക്കത്തിന്റെ സുഗന്ധം നിറഞ്ഞു നിൽക്കുന്ന അൾത്താരയിൽ സൗവർണ്ണ കരയുള്ള മേലങ്കിയണിഞ്ഞ പുരോഹിതന്റെ വലതുവശത്തു നിൽക്കുമ്പോൾ, ഹൃദയം വല്ലാതെ മിടിച്ചു.

ആദ്യമായാണ്. കുർബ്ബാനക്ക് കൂടുന്നത്, ഒടുവിലത്തെ അത്താഴത്തിൽ പത്രോസിനും യോഹന്നാനുമുണ്ടായിരുന്ന സ്ഥാനം.

മനുഷ്യപുത്രന്റെ ആത്മബലിയുടെ ആവർത്തനത്തിൽ സംബന്ധിക്കാൻ അദൃശ്യരായി സന്നിഹിതരായ ക്രോവേന്മാരോടും സാപ്പന്മാരോടുമൊപ്പം പള്ളിയിൽ നിറഞ്ഞു തുളുമ്പുന്ന ജനക്കൂട്ടം.

ഗായകർ മനോഹരമായി പാടി. സംഗീതോപകരണങ്ങൾ ശിഞ്ജിതം പൊഴിച്ചു. സുന്ദരമായൊരു സൂനത്തിന്റെ മർമ്മരം പോലെ പ്രാർത്ഥനകൾ മേലോട്ടുയർന്നു.

കാലത്തിന്റെ തിരിവിൽ അതിമംഗളകരമായൊരു മുഹൂർത്തത്തിൽ ഉരു

വിടപ്പെട്ട മന്ത്രങ്ങളുടെ പവിത്രമായ ആവർത്തനം!

ഒരിക്കലർപ്പിക്കപ്പെട്ട ശരീരരക്തങ്ങളുടെ പുനർചിന്തനം.

ശ്വസിക്കാൻ കൂടി മറന്ന് പ്രാർത്ഥനയിൽ ലയിച്ചു നിൽക്കുന്ന നവകന്യകയെപ്പോലെ നിശ്ശബ്ദമായ അന്തരീക്ഷം.

ആയിരം കരജോടികൾ മുകുളീകൃതങ്ങളായി.

ആയിരം തലകൾ കുമ്പിട്ടു.

കാലം പോലും ചിറകനക്കാതെ വട്ടമിട്ടു പറന്നുകൊണ്ട് ഉറ്റുനോക്കി. സാന്ദ്രമായ മണിനാദം ആത്മാവിന്റെ കയത്തിൽ ചുഴികളുണ്ടാക്കി. മനസ്സിൽ അഭൗമമായൊരു സമാധാനം ചിറകടിച്ചു;

അമ്മയുടെ മടിയിൽ സുരക്ഷിതമായ കുഞ്ഞിനെപ്പോലെ,

മണവാളന്റെ കരുത്തുറ്റ വലയത്തിൽ അമരുന്ന നിഷ്ക്കളങ്ക മണവാട്ടിയെപ്പോലെ, അവാച്യമായൊരു സംതൃപ്തിയുടെ ഉയർന്ന മേഖലകളിൽക്കൂടി ആത്മാവു ചിറകടിച്ചു.

പ്രാർത്ഥനയുടെ ധൂപക്കുറ്റിയിൽ ദൈവസ്നേഹത്തിന്റെ കുന്തിരിക്കം വീണു പുകഞ്ഞു. ഇതെന്റെ ശരീരം; നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ......, ഇതെന്റെ രക്തം, നിങ്ങൾ വാങ്ങി കുടിക്കുവിൻ...

വീണ്ടും സംഗീതോപകരണങ്ങൾക്ക് ചിറകു മുളച്ചു. ഗായകരുടെ കണ്ഠങ്ങളിൽ കിളിക്കുഞ്ഞുങ്ങൾ കരഞ്ഞു; തംബുരുവിന്റെ കമ്പികളിൽ നാദത്തിന്റെ പിണരുകൾ; അനുഘോഷമായി മേഘനിർജ്ജരിയുടെ താളം മുട്ട്. വീണുടഞ്ഞ കണ്ണാടിയുടെ ഓരോ കഷ്ണവും ഓരോ പൂർണ്ണ അയനമാവുന്നതുപോലെ വിഭജിക്കപ്പെടുന്ന ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ.

ഒരേ ക്രിസ്തു അനേകായിരം ക്രിസ്തുവായി ഓരോ തിരുവോസ്തിയിലും സന്നിഹിതനായി. ഓരോ തുള്ളി വീഞ്ഞിലും ദൈവികത നിറഞ്ഞു. സർവ്വ ചരാചരങ്ങളിലും ആളിപ്പടരുന്ന ഒരേ സൂര്യന്റെ ചൂടുപോലെ!

“ക്രിസ്തുവിന്റെ തിരുശരീരം” വൈദികൻ കാസയിൽ നിന്നെടുത്ത് ആളുകളുടെ നാവിൽ വച്ചുകൊടുക്കുന്ന തിരുവോസ്തിയുടെ തരികൾ നിലത്തു വീണു പോകാതെ കുർബ്ബാനയുൾക്കൊള്ളുന്നവരുടെ താടിക്ക് കീഴെ തട്ടു പിടിച്ചു കൊടുക്കുമ്പോൾ, ഭക്തരുടെ മുഖത്തെ ചൈതന്യവും ശാന്തതയും ശ്രദ്ധേയമായിത്തോന്നി; ഓരോ മുഖത്തും ഒരു ദൈവിക പരിവേഷം!

നിരയായി മുട്ടുകുത്തിനിന്ന ആണുങ്ങൾക്ക് തിരുവോസ്തി നല്കുന്ന വൈദികന്റെ മുമ്പിൽ തട്ടുപിടിച്ചുകൊണ്ടു പെണ്ണുങ്ങളുടെ ഭാഗത്തേക്കു നീങ്ങുമ്പോൾ, പെട്ടെന്ന്

കാഹളം മുഴക്കുന്ന മാലാഖമാർ ഒളിഞ്ഞിരിക്കുന്ന മേഘം ഒരു സ്തംഭമായി ഭൂമിയിലേക്കിറങ്ങി വന്ന് ഒരു കശുമാവിൻ ചുവട്ടിൽ കുത്തിനിന്നു.

നിമിഷനേരംകൊണ്ട് ഒരായിരം അടക്കാമണിയച്ചെടികൾ പൊട്ടിക്കിളുർത്ത് അടക്കാമണിയപ്പൂക്കൾ കാറ്റിലാടി!...

ഒരായിരം ധൂപക്കുറ്റികളിൽ പുകഞ്ഞ അടക്കാമണിയത്തിന്റെ സുഗന്ധം ഹൃദയഗഹ്വരങ്ങളിലേക്ക് പ്രസരിച്ചു...

പ്രാർത്ഥനയിൽ ലീനയായി, സ്വയം മറന്ന് ഒരു പ്രതിമപോലെ കൈകൂപ്പി മുട്ടിൽ നിൽക്കുന്ന ഈ നവകന്യക ആരാണ്?

കുർബ്ബാനയുൾക്കൊള്ളാൻ വേണ്ടി മുട്ടുകുത്തി നിൽക്കുന്ന ഏതോ മാലാഖ?

അല്ല

ലീന!

എന്റെ ലീന!

ഈർപ്പഭരിതമായ അവളുടെ ചുണ്ടിൽത്തട്ടി മെഴുകുതിരി വെളിച്ചം നനഞ്ഞു;

വെളിച്ചത്തിന്റെ പ്രതിഫലനം ഒരു ജ്വാലയായി ആ ചൊടികളിൽ കത്തിപ്പടർന്നു.

പാതി കൂമ്പിയ മിഴികളിൽ ഒരു നവചൈതന്യം മയങ്ങിക്കിടന്നു.

ആദ്ധ്യാത്മികമായൊരു പരിവേഷം അവളുടെ മുഖത്ത് മിന്നിനിന്നു.

ഇത്ര മന്ത്രമുഗ്ദയായി, ഇത്ര നിഷ്ക്കളങ്കയായി ഒരിക്കലും ലീനയെ കാണാനൊത്തിട്ടില്ല. നീല വസ്ത്രത്തിൽ പൊതിഞ്ഞ മനോജ്ഞമായൊരു ശില്പം കണക്കെ!

കണ്ടുനിൽക്കെ കരളുനിറഞ്ഞു; ഹൃദയം തുടിച്ചു.

കുരിശുയുദ്ധത്തിനുള്ള യാത്രയിൽ, അപ്രതീക്ഷിതമായി കണ്ടുമുട്ടിയ മനോഹരിയായ പ്രഭുകുമാരിയെ ഒരു കുരിശുയുദ്ധ പോരാളി ഒരു കാൽമുട്ടു കുത്തി അഭിവാദ്യം ചെയ്ത് വിരിഞ്ഞുവരുന്ന റോസാപ്പൂ അർപ്പിക്കുന്ന ആരാധനാ മനോഭാവത്തോടെ, സ്നേഹത്തോടെ കുർബ്ബാനക്കു പിടിക്കുന്ന തട്ട് ലീനയുടെ മിനുപ്പാർന്ന താടിക്കു കീഴെ മൃദുലമായി പിടിച്ചുകൊടുത്തു.

കാസയിൽ നിന്നും വൈദികനെടുത്തു നീട്ടിയ തിരുവോസ്തി, ചെറിയ വായ് തുറന്ന്, ഇളം ചുവപ്പാർന്ന നേർമ്മയേറിയ നാവുനീട്ടി സ്വീകരിച്ചു കൊണ്ട് ലീന തല കുനിച്ചു.

ഒരുനിമിഷം.

വർണ്ണപ്പൊലിമയാർന്ന ഒരു സ്വപ്നം പൊലിഞ്ഞുപോയെങ്കിലും, അതേ വൈവിദ്ധ്യമാർന്ന നിറങ്ങളിൽത്തന്നെ ഓർമ്മ മനസ്സിൽ നിറഞ്ഞുനിന്നു.

ഏറ്റവും വിശിഷ്ട ഭോജ്യങ്ങൾ ഉൾക്കൊണ്ട് സംതൃപ്തിയായിരുന്നു മനസ്സിന്. വളരെ പഴക്കമെത്തിയ വീഞ്ഞ് പഴയ തോൽക്കുടങ്ങളിൽനിന്നും പകർന്നു കുടിച്ച് ലഹരി ആത്മാവിൽ പതഞ്ഞു നിന്നു.

പക്ഷേ വീണ്ടും വിശപ്പ്!

ഒരിക്കലും വിശപ്പുണ്ടാക്കാത്ത ഭക്ഷണമേതാണ്? ദാഹിക്കാനിടയില്ലാതെ കുടിക്കാവുന്ന വീഞ്ഞേതാണ്?

സൈനായുടെ വിജനതയിൽ നാല്പതുവർഷം മന്നാ ഭക്ഷിച്ചിട്ടും ഇസ്രായേൽക്കാർക്കു വിശന്നു.

മോശ വടികൊണ്ടടിച്ച് പാറയിടുക്കിൽ നിന്നു ചാടിച്ച മദജലം കുടിച്ചിട്ടും അവർക്കു ദാഹിച്ചു.

ഭക്ഷണത്തിന്റെ വൈശിഷ്ട്യമേറുന്തോറും വിശപ്പു കൂടുന്നു.

വീഞ്ഞിന്റെ പഴക്കം കൂടുന്തോറും ദാഹമേറുന്നു.

ഒന്നുകൂടി കാണാൻ!

ആത്മാവിന്റെ ദാഹം ശമിപ്പിക്കാൻ!

മാസങ്ങൾ കൂടിയിട്ട് ലഭിച്ച അല്പ ഭക്ഷണം നിമിഷങ്ങൾക്കകം ദഹിച്ചു പോയിരിക്കുന്നു....

കുർബ്ബാനയും വാഴ്‌വും കഴിഞ്ഞ് സങ്കീർത്തിയിൽ വച്ച് കുർബ്ബാനക്കുപ്പായങ്ങൾ അഴിച്ചുമാറ്റുമ്പോൾ അച്ചനഭിനന്ദിച്ചു, "നന്നായിരിക്കുന്നു ഏല്യാസ്, നിന്നെപ്പോലെ പാകപ്പിഴകളൊന്നും കൂടാതെ കുർബ്ബാനക്കു കൂടാൻ ആദ്യ ദിവസം അധികം പേർക്കു കഴിഞ്ഞിട്ടില്ല."

അച്ചന് പിന്നെയും പണികളുണ്ടായിരുന്നു, ഒപ്പീസുകൾ, നൊവേന...

എല്ലാറ്റിനും സഹായി ആവശ്യമായിരുന്നു.

ചെന്നു.

അൾത്താരയിലെ എല്ലാം അടുക്കിവെക്കാൻ കപ്യാരെ സഹായിച്ചു കഴിഞ്ഞപ്പോഴേക്കും സമയം വളരെയായി.

കൊന്തമണികളുരുട്ടി പള്ളിയിലിരിക്കുന്ന ഏതാനും അമ്മാമ്മമാരൊഴികെ വിജനമായ പള്ളി.

സങ്കീർത്തിയിൽ ചെല്ലുമ്പോൾ അച്ചൻ തന്നെ കാത്തുനിൽക്കുകയായിരുന്നു, "വരൂ!'

എന്തിനെന്നറിയാതെ അച്ചന്റെ പിറകെ ചെന്നു.

ഊട്ടുമുറിയുടെ വാതിലിനു മുമ്പിൽ മടിച്ചുനിന്നപ്പോൾ അച്ചൻ നിർബ്ബന്ധിച്ചു. "കടന്നു വരൂ!"

ചപ്പാത്തിയും കപ്പ പുഴുങ്ങിയതും കടലയും നിരത്തിവച്ച പ്ലേറ്റുകൾ. ഒരു വികാരിയച്ചന്റെ ഭക്ഷണമാണോ ഇത്? അല്ലെങ്കിൽത്തന്നെ ഒരു വൈദികനെക്കുറിച്ചുള്ള ധാരണകൾ മുഴുവൻ തോമാസച്ചൻ തിരുത്തിക്കുറിക്കുകയാണല്ലൊ.

ശങ്കിച്ചു നിൽക്കുമ്പോൾ, ഇരുന്നുകൊണ്ടു അച്ചൻ ക്ഷണിച്ചു. "ഇരിക്കൂ."

"വേണ്ടാച്ചോ, അച്ചന്റെയൊപ്പം എനിക്ക്...."

അച്ചൻ ഇടക്കു കയറി "അതു ഞാനാണ് തീരുമാനിക്കേണ്ടത്. നോക്കൂ. കുട്ടികൾക്ക് വേണ്ട പ്രധാന ഗുണമെന്താണെന്നറിയോ? അനുസരണം. ഇരിക്ക്!

ഇരുന്നു.

തന്റെ കപ്പിലേക്ക് കാപ്പി പകർത്തി തരുമ്പോൾ അച്ചൻ വീട്ടു വിശേഷങ്ങൾ ചോദിച്ചു. ക്ലാസ്സിലെ കാര്യങ്ങൾ അന്വേഷിച്ചു. എന്നിട്ടൊടുവിൽ പറഞ്ഞു. "നോക്കൂ! ഏല്യാസിന് വളരെ നല്ലൊരു ഭാവി ദൈവം ഒരുക്കിയിട്ടുണ്ട്. പക്ഷേ നിന്റെയീ അന്തർമുഖത, ഈ ആത്മാനുകമ്പ നിന്നെ നശിപ്പിക്കുകയേയുള്ളൂ.

"എന്റെ സ്ഥിതി അച്ഛനറിയാഞ്ഞിട്ടാണ്."

“സാഹചര്യത്തിന്റെ വെറും സൃഷ്ടിയല്ല മനുഷ്യൻ; മറിച്ച് മനുഷ്യസൃഷ്ടിയാണ് സാഹചര്യം.‘

ചപ്പാത്തി മുറിച്ചെടുത്ത് കടലക്കറിയിൽ മുക്കി തിന്നുകൊണ്ട് മിണ്ടാതിരുന്നു. അച്ചന്റെ ഈ വാദഗതികളാണല്ലോ, ഒട്ടും സമയമില്ലാതിരുന്നിട്ടും തന്നെ അൾത്താര സംഘത്തിൽ ചേർത്തത്.

അച്ചനെ കാത്ത് പുറത്ത് ആളുകൾ നിന്നിരുന്നതുകൊണ്ട് വേഗം തലയൂരി പോരാൻ പറ്റി.

എല്ലാം കഴിഞ്ഞ് പതിവുപോലെ സിമിത്തേരിയിലേക്കു ചെന്നപ്പോൾ!

ഉയിർത്തെണീറ്റ് പ്രതിമപോലെ, അനേകം കുരിശുകൾക്കിടയിൽ ഏകയായി ലീന തന്റെ സാന്നിദ്ധ്യം മണത്തറിഞ്ഞപ്പോൾ അവൾ തൽക്ഷണം വിടർന്ന ഒരു കൂമ്പാളപോലെ പൊട്ടിത്തരിച്ചു നിന്നത് ഇന്നലെയെന്നോണം ഓർക്കുന്നു!

ഒരുനിമിഷം തരിച്ചുനിന്നു.

എങ്ങിനെ നേരിടണം?

അനിവാര്യമായ തെറ്റിലേക്ക് അനേകർ ചരിക്കുന്ന വിസ്തൃതപാതയുടെ ആദ്യവളവാണോ ഇത്?

അമ്പരന്നു നിൽക്കുമ്പോൾ അവളടുത്തേക്കു വന്നു. “ഏല്യാസിവിടെ വരുമെന്ന് എനിക്കറിയാമായിരുന്നു.”

‘എങ്ങനെ?”

“എല്ലാ വേദനകളും ഒടുങ്ങുന്നത് ഇവിടെയാണല്ലോ.”

വ്യർത്ഥമായി ചിരിക്കാൻ ശ്രമിച്ചുകൊണ്ട് കുഴിമാടങ്ങളുടെ രോമാഞ്ചമായി വളർന്നുനിൽക്കുന്ന പുല്ലുകളിൽ നോക്കി നിൽക്കുമ്പോൾ –

“ഒന്നു ഒറ്റക്ക് കാണണമെന്ന് ആശിച്ചിരിക്കയായിരുന്നു.

‘എന്തിന്?”

“ഞാൻ കാരണം ഏല്യാസിന് ഒത്തിരി അടികൊണ്ടു, ഇല്ലേ? വീട്ടീന്ന് പൊക്കോളാനും പറഞ്ഞില്ലേ അമ്മ?”

കാർമേഘങ്ങൾ ഉരുണ്ടുകയറുന്ന അവളുടെ മുഖത്തേക്കു നോക്കിനിന്നപ്പോൾ മനസ്സിലെ കടിഞ്ഞാണുകൾ കൈവിടുകയായിരുന്നു. വേദന നിറഞ്ഞൊരു പുഞ്ചിരി ചുണ്ടിൽ പാറി, ആത്മാനുകമ്പയുടെ പ്രതിഫലനമായി.

“ഇനി ഞാനെന്നും പള്ളിയിൽ വന്ന് കുർബ്ബാന കൈക്കൊള്ളുന്നുണ്ട്.

പക്ഷേ തട്ടുപിടിക്കാനുള്ള അർഹത എനിക്കുണ്ടോ?”

“പിന്നില്ലാതെ?” അവളുടെ കണ്ണുകളിൽ പരിഭവത്തിന്റെ അരങ്ങേറ്റം. “മറ്റാരും എനിക്കുവേണ്ടി തട്ടുപിടിക്കണ്ട.‘

കേട്ടപ്പോൾ മനസ്സു തുടിച്ചു. എങ്കിലും ഉള്ളിന്റെയുള്ളിൽ കുറ്റബോധത്തിന്റെ അലിയാത്ത സാന്ദ്രത, “ഈ കുഴിമാടങ്ങളിൽ വീണുറങ്ങുന്ന മോഹങ്ങളുടെ ശാന്തതയിൽ ഇനിയും നാം കല്ലെടുത്തിടുന്നതു തെറ്റല്ലെ?”

“സ്നേഹിക്കുന്നതു തെറ്റാണോ?” ഒരു മറുചോദ്യമാണവളുടെ നാവിൽ നിന്നുതിർന്നത്.

ആണോ? ആണോ? മണ്ണടിഞ്ഞ പിതൃക്കളുടെ ചീഞ്ഞളിഞ്ഞ ശരീരം ആഹാരമായി വലിച്ചെടുത്ത് ആഹന്തയോടെ തലയുയർത്തി നിൽക്കുന്ന മുത്തങ്ങപ്പുല്ലുകളിൽ ചവിട്ടി നിന്നപ്പോൾ ആശങ്കയുടെ ഗുഹാമുഖങ്ങളിൽ പ്രതിദ്ധ്വനികളുണ്ടായി.

"ഉത്തരം പറഞ്ഞില്ലല്ലോ - സ്നേഹിക്കുന്നതു തെറ്റാണോ?"

'ഏതു കൊള്ളരുതായ്മക്കും സ്നേഹത്തിന്റെ തീരെ യോജിക്കാത്ത പശ്ചാത്തലം വരച്ചു പിടിപ്പിക്കാവുന്ന സാഹചര്യത്തിൽ വ്യക്തമായ നിർവ്വചനം വേണം.

ആഹാരമായി വലിച്ചെടുത്ത് അമരിയാക്കാരന്റെ സ്നേഹം.

"ഏതൊരു ക്രിസ്ത്യാനിയുടെയും മുഖമുദ്രയാണല്ലോ അത്."

"എങ്കിൽ, ലീനയുടെ കണ്ണുകളിൽ ആശയുടെ തിളക്കം, 'കാലത്തിന്റെ കുളമ്പടി താളത്തിൽ മയങ്ങിക്കൊണ്ടുള്ള യാത്രയിൽ, പ്രായത്തിന്റെ ഏകാന്തമായ വഴിത്തിരിവിൽ വച്ച് ഞാനാക്രമിക്കപ്പെട്ടിരിക്കുന്നു. വിലപ്പെട്ട എന്റെ മനശ്ശാന്തിയും സ്വസ്ഥതയും കളവുപോയിരിക്കുന്നു. അസ്വസ്ഥമായ രാവിന്റെ ഒടുവിലത്തെ യാമങ്ങളിൽ ആതിരനിലാവും പുലർകാലതാരയും പിണങ്ങി നിൽക്കുമ്പോൾ, ഏകാന്തതയുടെ വിങ്ങുന്ന മുറിവുകളിൽ എണ്ണയും വീഞ്ഞും പകരാനൊരു സമരിയാക്കാരൻ യാദൃശ്ചികമായി ആ വഴി കടന്നു പോയി.'

"ഏല്യാസ് ശരിക്കും കേൾക്കണുണ്ടോ?" ലീന മനോഹരമായ കണ്ണുകളുയർത്തിക്കൊണ്ടു ചോദിച്ചു.

'ങ്..ഉം..'

"ആദ്യദിനങ്ങളിൽ പ്രത്യേകിച്ചൊന്നും തോന്നിയില്യാട്ടോ," മനസ്സിന്റെ അന്തർധാരകളിൽ രൂപമെടുക്കുന്ന നീർച്ചാലിന്റെ മർമ്മരവും, കുമിളകൾ പൊട്ടുന്ന ശബ്ദവും അനുദിന ജീവിതത്തിന്റെ ബഹളത്തിൽ ശ്രദ്ധയിൽപ്പെട്ടില്ല. പക്ഷേ, അസ്വസ്ഥതയേറുന്ന രാത്രികളൊന്നിൽ, യാമങ്ങളുടെ ഇലകൾ പലതും രാക്കോഴി കൊത്തിയിട്ടും ഉറങ്ങാതെ വാശിപിടിച്ചു കരയുന്ന നക്ഷത്രത്തെ ആതിരനിലാവ് ഉമ്മവച്ചുറക്കാൻ ശ്രമിക്കുമ്പോൾ 'കപ്പലണ്ട്യേ' യെന്നുള്ള വിളി ഏഴു രാഗങ്ങളിൽ പ്രതിധ്വനിക്കുന്നു. കപ്പലണ്ടി സഞ്ചി ഏഴു വർണ്ണങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ഗതി കാണാതെ അലഞ്ഞുതിരിഞ്ഞ ആത്മാവ് കണ്ടെത്തിയ ആവാസഗേഹം പോലെ ആശ്രയമറ്റ മോഹങ്ങൾക്ക് ചേക്കേറാൻ ഊഷ്മളമായൊരു കൂട്..

"അന്നു തൊടങ്ങി കാണണോന്നാശിച്ചതാ. അങ്ങനെ ഇന്നാണ്, ഇന്ന്... " എങ്കിൽ, അമൂല്യമായി കരുതിയിരുന്ന തന്റെ വിശുദ്ധിയുടെ പളുങ്കുപാത്രത്തിൽ പൊട്ടുവീണിരിക്കുന്നു.

മനസ്സിൽ വ്യാപിക്കുന്ന ദുർബ്ബലമായൊരു നീറ്റലിന്റെ അലകൾ.

തന്റെ അപ്പനുമമ്മക്കും ഒരു തെറ്റിനാൽ നഷ്ടപ്പെട്ട പറുദീസ നേടിക്കൊടുക്കേണ്ടതിനു പകരം, അവരുടെ ലക്ഷ്യം തെറ്റിയ പാദമുദ്രകളെ പിഞ്ചെല്ലുകയാണോ ഞാൻ മനസ്സിന്റെ തൊലിപ്പുറത്ത് വടുക്കളുണ്ടാക്കിക്കൊണ്ട്

ഇഴയുന്ന പാമ്പിൻ കുഞ്ഞുങ്ങൾ.

"സ്നേഹത്തിന്റെ പേരിൽ ആവർത്തിക്കാൻ പോകുന്ന ആദിപാപത്തിലേക്കുള്ള ആദിചുവടുകൾ വേദനയോടെയെങ്കിലും നമുക്കിവിടെ നിർത്താം ലീനേ," പറയാൻ കഴിയുംമുമ്പ്,

"വേദന കിനിയുന്ന എന്റെ മുറിവുകളിൽ സ്നേഹവും വീഞ്ഞും പകരു ഏല്യാസ്; ഈ വിജനതയിൽ നിന്നെന്നെ ഒരു വഴിയമ്പലത്തിന്റെ ഊഷ്മളതയിലേക്കു നയിക്കൂ!

ലീനയുടെ നനവുറ്റ കൺപീലികളിൽ നോക്കി സ്വയം മറക്കുമ്പോൾ - ഒരു പാദപതനം; ആരോ സിമത്തേരിയിലേക്കു നടന്നടുക്കുന്ന ശബ്ദം. ലീന പെട്ടെന്ന് കുരിശുകളുടെ ഇടയിലൂടെ കുഴിമാടങ്ങൾ ചവിട്ടി പിന്തിരിഞ്ഞു പോയപ്പോൾ, ഒന്നും അറിയാത്ത ഭാവത്തിൽ, ഏഴു രക്തസാക്ഷികളുടെ മണ്ഡപത്തിനടുത്തേക്കു നടന്നു.

വലിയൊരു കുരിശു താങ്ങിക്കൊണ്ട് ഒരു മാലാഖ രാപകൽ കാവൽ നിൽക്കുന്ന രക്തസാക്ഷികളുടെ കല്ലറ.

അമ്പത്തൊമ്പതിലെ വെടിവയ്പ്പിൽ കൊല്ലപ്പെട്ടവർ, കമ്യൂണിസത്തിനെതിരായി പടപൊരുതി വീരമൃത്യു വരിക്കാൻ അയൽ ഗ്രാമങ്ങളിൽ നിന്നെത്തിയവർ. "ദെ വെയർ ദി പാർട്ടിസിപ്പന്റ്സ് ഒഫെ പീസ്ഫുൾ പ്രൊസഷൻ ലെഡ് എഗെൻസ്റ്റ് ദി കമ്യൂണിസ്റ്റ് മിസ് റൂൾ.

കല്ലറയിലെ അടിക്കുറിപ്പ്.

കമ്മ്യൂണിസ ദുർഭരണത്തിനെതിരെ സമാധാനപൂർവ്വം നയിക്കപ്പെട്ട ജാഥാംഗങ്ങൾ!

അഭിമാനം തോന്നി.

നിരീശ്വര മേധാവിത്വത്തിനെതിരെ, ജീവൻ പണയം വച്ചും അടരാടാൻ തന്റെ നാട്ടിലും ആളുണ്ടായല്ലൊ.

ഒരടക്കിയ വിലാപം......

സ്വർഗ്ഗത്തിലെ കട്ടുറുമ്പായി കയറിവന്ന വയസ്സിത്തള്ള ചിതലുപിടിച്ച് അസ്ഥികൾ വെളിപ്പെട്ട ഒരുകുരിശിനു മുമ്പിൽ മുട്ടുകുത്തിയിരുന്നു കണ്ണീരൊഴുക്കുന്നു.

ഒപ്പം തുഴഞ്ഞ് അക്കര പറ്റാറായപ്പോൾ കാൽ കുഴഞ്ഞുപോയ ജീവിത പങ്കാളിയാവാം. ജീവിതമോഹങ്ങൾ മുഴുവനർപ്പിക്കപ്പെട്ട ഏക മകനാകാം. ബന്ധത്താൽ വരിഞ്ഞുകെട്ടപ്പെട്ട ആരുമാകാം. "എന്നെ ഒറ്റക്കിട്ടൂണ്ട്നേരത്ത്യങ്ങട് പോയി? എല്ലാരും പോയി. എന്നെ മാത്രം കാലനും വേണ്ട കരിക്കും വേണ്ട." ആ വല്യമ്മയുടെ മുഖത്ത് കാലം കോറിയ ഒഴവു ചാലിലൂടെ കണ്ണീര് ഒലിച്ചിറങ്ങുന്നതു കണ്ടപ്പോൾ സഹതാപം തോന്നി.

ദാക്ഷിണ്യമില്ലാത്ത മരണം ഒരിക്കലും വിവേചനബുദ്ധിയും കാട്ടാറില്ലല്ലോ. ജീവിതം തിരഞ്ഞെടുത്തവരേയേ, മൃത്യുവിനും വേണ്ടൂ!

ഓരോ വിരഹവും ഒരായിരം ദുഃഖവുമായി ഉയർന്നുനിൽക്കുന്ന കുരിശുകൾ, വീണടിഞ്ഞ ഓരോ മോഹത്തിനും കാവൽ നിൽക്കുന്നു. കുഴിമാടങ്ങ

ളുടെ രോമാഞ്ചമായി വളർന്നുനിൽക്കുന്ന ഈ മുത്തങ്ങാ പുല്ലുകൾക്ക് പൂർണ്ണ സമ്മതത്തോടെ ജീവായോധനം അടിയറവച്ചവർ ആരാണുള്ളത്? ഓരോ ജീവിത കണികയേയും മരണത്തിന്റെ സ്മരണ ഞടുക്കുന്നു. ഈ ഞെട്ടലി നെതിരായുള്ള മുൻകരുതൽ ജീവന്റെ ഓരോ ചലനത്തിനും രൂപം നൽകുന്നു, കൗമാരത്തിന്റെ എല്ലാം മറന്നുള്ള ചാപല്യത്തിൽ വരെ!

ജാഗരൂകനായ പടയാളി സശ്രദ്ധം കാവലിരിക്കുന്ന സത്രത്തിലെത്തപ്പെട്ട സമാധാനത്തോടെ, നിർവൃതിയോടെ ലീന പോയിരിക്കുന്നു; ലജ്ജയുടെ ഒളിവിൽ അഭയം തേടുന്ന ദീപ്ത നയനങ്ങളോടെ!

എന്നാൽ സ്വന്തം അപ്പനെപ്പോലും നാട്ടിൽ നിന്നോടിച്ചു കളഞ്ഞ നിർഭാ ഗ്യവാനായ തനിക്കല്ല ഒരു സത്രത്തിന്റെ സുരക്ഷ കൂടുതലാവശ്യം?

അവഗണനയും ക്രൂരതയും പൊരിവെയിലെറിയുന്ന മരുഭൂമിയിലെ വിജ നതയിൽ; കാലത്തിന്റെ ഒട്ടകപ്പുറത്തു നിന്നും വീണു പോയ തനിക്ക്, ഒന്നിരുന്നാശ്വസിക്കാനുള്ള സ്നേഹത്തിന്റെ മരുപ്പച്ചയാണോ ഇത്?

നൂലറ്റ പട്ടത്തെപ്പോലെ പിടിവിട്ട് മനസ്സിന് ചേക്കേറാൻ സ്വസ്ഥതയുടെ ഒരു പൂമരക്കൊമ്പ്.........

“സ്നേഹിക്കുന്നതു തെറ്റാണോ?” ദാഹിച്ചു തൊണ്ട് വറ്റിയ മനസ്സ് ശുദ്ധ തയുടെ പളുങ്കുപാത്രത്തോടു ചോദിച്ചു.

പളുങ്കുപാത്രം ലജ്ജയോടെ എന്നാൽ അതീവ ശ്രദ്ധയോടെ തലകുനിച്ചു.

കറതീർന്ന മൗനം.

സമ്മത ലക്ഷണമാവാം.

കുറ്റബോധത്തിന്റെ നേരിയ നൊമ്പരങ്ങൾക്കുമീതെ, ഏതോ കുളുർമ്മ വടു കെട്ടിയപ്പോൾ, മനസ്സിൽ വിലക്കപ്പെട്ട അനുഭൂതികളുടെ നേരിയ അല കൾ അരിച്ചു നടന്നു; താടിരോമങ്ങൾ കടത്തി ഒട്ടകം എല്ലിന്റെ സൂചിക്കുഴ വലുതാക്കുകയായിരുന്നു.

ഹൃദയഭാഗത്തെ വാരിയെല്ലിൽ നിന്നും കരുപ്പിടിപ്പിക്കപ്പെട്ട ഒരു ഹവ്വാ കൂടി പറുദീസായിൽ പിറന്നുവീണു – ഏകാന്തതയിൽ അലഞ്ഞുനടന്ന ആദ ത്തിന് കൂട്ടായി.

ഉള്ളിന്റെയുള്ളിൽ മനസ്സാക്ഷി മന്ത്രിച്ചു, “ഏദൻ തോട്ടത്തിന്റെ നടുക്കു നിൽക്കുന്ന നന്മതിന്മയുടെ അറിവിന്റെ കനി മാത്രം നീ ഭുജിക്കരുത്!”

# പതിമൂന്ന്

അപ്പന്റെ അതിരു കവിഞ്ഞ വാത്സല്യം പൗലോസിനെ വഷളാക്കുകയായിരുന്നു അനുദിനം. തന്നോടുള്ള വിദ്വേഷവും അമ്മയോടുള്ള വൈരാഗ്യവും പൗലോസിനോടുള്ള പ്രത്യേക സ്നേഹമായി അപ്പൻ പ്രകടിപ്പിച്ചു.

ചോദ്യം ചെയ്യാൻ അമ്മക്കുപോലും അവകാശമില്ലായിരുന്നു. പിന്നെ വീട്ടിൽ ഒരധികപ്പറ്റായി, വിധിയുടെ ഔദാര്യത്തിൽ മാത്രം കഴിയുന്ന തനിക്കെന്തു ചെയ്യാൻ!

ലോഭമന്യേ അപ്പൻ കൊടുത്ത് കാശ് കൂട്ടുകൂടി അവൻ ധൂർത്തടിച്ചു. എന്നിട്ടും കാശുപോരാതെ വന്നപ്പോൾ.

ക്രാഫ്റ്റ് ഫീസ്.

ടൈം ടേബിൾ ബുക്ക്.

ഡിൽ ബുക്ക്.

അപ്പനൊരിക്കലും ചോദ്യം ചെയ്തില്ല. എല്ലാം സന്തോഷത്തോടെ നല്കി. സ്വന്തം മകൻ പഠിച്ചുയരാൻ, എന്നിട്ട് മുണ്ടൻ ചേട്ടനെ വെല്ലുവിളിക്കാൻ! അപ്പനെപ്പോഴും പറയുന്നതു കേൾക്കാം. "അവനെന്റെ മോനാ. അവനെ എത്ര വേണെങ്കിലും ഞാൻ പഠിപ്പിക്കും.'

ഒൻപതിലെത്തേണ്ട പൗലോസ് ഇപ്പോഴും ആറാം ക്ലാസ്സിൽത്തന്നെ കിടക്കുന്നത് അവന്റെ അശ്രദ്ധകൊണ്ടാണെന്ന് അപ്പന് വിശ്വാസമില്ല, 'സാറന്മാരുടെ വൈരാഗ്യം കൊണ്ടാ.'

സമയത്തിനു ഫീസു കൊടുക്കാനാവാതെ താൻ ക്ലാസ്സിനു വെളിയിൽ നിൽക്കുമ്പോൾ പൗലോസും കൂട്ടുകാരും ചാർമിനാർ വലിച്ചു പഠിച്ചു. പ്യാരീസ് മിഠായി നുണഞ്ഞുകൊണ്ട് കൃഷ്ണൻ നായരുടെ മുറുക്കാൻ കടയിലിരുന്ന് പെൺകുട്ടികളെ കമന്റടിച്ചു.....

അത്യാവശ്യത്തിനുപോലും കാശു ചോദിക്കാൻ അപ്പൻ തന്റെ ആരാണ്? ഒരിക്കൽ അവസാന തീയതി കഴിഞ്ഞും ഫീസടക്കാനാവാതെ അപ്പനോടു ചോദിച്ചപ്പോൾ അപ്പൻ ഗർജ്ജിച്ചു. "നീ അമ്മയെ കൂട്ടിച്ചെന്ന് ആ കുറുങ്ങാടൻ മത്തായിയോടു ചോദിക്കെടാ."

ഒരീറ്റപ്പുലിയെപ്പോലെ അമ്മ ചെറുക്കുമെന്നു കരുതി. ഒന്നുമുണ്ടായില്ല. ഒടുവിൽ അപ്പൻ പോയിക്കഴിഞ്ഞ് പടിഞ്ഞാറേതിൽ നിന്നും കടംവാങ്ങി ഫീസ് തരുമ്പോൾ നിറഞ്ഞ നയനങ്ങളോടെ, ഇടഞ്ഞ സ്വരത്തിൽ അമ്മ പറഞ്ഞു: "മോന്റെ അപ്പനെവടുാന്ന് മോനൊന്ന് അന്വേഷിച്ച് കണ്ടുപിടി.

നമുക്ക് രണ്ടാക്കും അങ്ങേരുടെ കൂടെപ്പോവാം."

താനോടിച്ചു കളഞ്ഞ തന്റെയപ്പനെ ലോകത്തിന്റെ ഏതു മൂലയിൽച്ചെന്നാണ് തിരയുക!

കുറുങ്ങാടൻ മത്തായിയെ കണ്ടുകിട്ടാതെ അമ്മക്ക് സ്വസ്ഥത കിട്ടില്ലെന്നു തോന്നി.

അനുദിനം ദുർബ്ബലമാവുന്ന അമ്മയുടെ ശബ്ദത്തിന് പിടിച്ചുനിൽക്കാൻ ഒരു താങ്ങിന്റെ അനിവാര്യത മനസ്സിലാക്കാതെയല്ല.

മത്തായിയെ കണ്ടുകിട്ടിയാൽ ഒരുപക്ഷെ കഴുത്തിൽ കിടക്കുന്ന താലി പൊട്ടിച്ചെറിഞ്ഞ് കൂടെ പോകാൻ കൂടി അമ്മ തയ്യാറായേക്കും.

എന്നാലും വിശ്വത്തെ മുഴുവൻ തുണ്ടുകളാക്കി മുറിക്കുന്ന ഊടുവഴികളിൽ ഏതാണ് തന്റെയപ്പൻ സ്വീകരിച്ചതെന്ന് എങ്ങിനെയറിയും?

എത്സിയെ കുളിപ്പിക്കുമ്പോഴും ഊട്ടുമ്പോഴും ജോലി ചെയ്യുമ്പോഴും അമ്മയുടെ ചിന്ത കൂടുതെറ്റിയ പക്ഷിയെപ്പോലെ അലഞ്ഞുനടന്നു.

കുളിപ്പിക്കുമ്പോൾ സോപ്പിടാൻ മറന്നപ്പോൾ എത്സിയാണോർപ്പിച്ചത്,

ചോറുരുള ചെറുതാക്കി ഉരുട്ടി കയ്യിൽ വച്ചുകൊണ്ട് അമ്മ ഓർമ്മകളിൽ മുങ്ങിപ്പൊങ്ങിയപ്പോൾ എത്സി വീണ്ടും, "മ്മേ തോറ്."

താലികെട്ടിയ ഭർത്താവ് ജീവിച്ചിരിക്കെത്തന്നെ ഒരകാലവിധവയുടെ പരിവേഷം എടുത്തണിഞ്ഞ് പൊയ്പ്പോയ ഓർമ്മകളുടെ ഉടഞ്ഞ കുപ്പിച്ചില്ലുകൾകൊണ്ട് സ്വയം മുറിവേല്പിച്ച് ആനന്ദിക്കെ, വഴിതെറ്റുന്ന പൗലോസിനെ നേരെയാക്കാൻ അമ്മക്കെവിടെ നേരം?

അപ്പനെന്നും അമ്മയെ ഓർപ്പിക്കുന്നതും അതാണല്ലോ "നീ കുറുങ്ങാടൻ മത്തായീടെ കൂടെ പോടി. എന്തിനാ ഇവടെ നിക്കണെ?" ഒരുപക്ഷെ അപ്പൻ അമ്മയെ ചവിട്ടി പുറത്താക്കാത്തത് വീട്ടുപണിക്ക് ആളില്ലാത്തതുകൊണ്ടാവാം. പൗലോസിനേയും എത്സിയേയും നോക്കാൻ ഒരാളുവേണ്ടേ?

അനുജനും ജ്യേഷ്ഠനും തമ്മിലുള്ള ബന്ധത്തിൽനിന്നും ഈ ചെറിയ കാലയളവുകൊണ്ട് ഞങ്ങളും എത്രയോ അകന്നിരിക്കുന്നു.

പരോക്ഷമായെങ്കിലും ഒരധികപ്പറ്റെന്ന നിലയിലാണ് പൗലോസ് തന്നെ വീക്ഷിക്കുന്നതെന്നറിയാം.

സത്യവും അതാണല്ലൊ.

അപ്പനവനു സമ്മാനിച്ച ബഹുവർണ്ണക്കുപ്പായം, ജ്യേഷ്ഠാവകാശം കൊണ്ട് തട്ടിയെടുക്കാനും ഉദ്ദേശിക്കുന്നില്ല. അതിനു ജ്യേഷ്ഠൻ തന്നെയായിട്ടു വേണ്ടേ?

ശിക്ഷിക്കാൻ തനിക്കധികാരമില്ല, ഉപദേശിക്കാനവകാശവുമില്ല.

എന്നിട്ടും പരോക്ഷമായൊരു വെല്ലുവിളി കണക്കെ അവൻ സ്വയം നശിക്കുന്നതു കാണുമ്പോൾ.....

ഒന്നും കണ്ടില്ല കേട്ടില്ല എന്നു നടിച്ചു. നന്നായി തിരിച്ചറിവു വന്നവൻ. മേൽചുണ്ടിനു മീതെ പ്രകൃതി വാരിത്തേച്ച് കൺമഷി.

പക്ഷേ വെല്ലുവിളി തന്റെ നേരെ തിരിയുന്നുണ്ടോയെന്നു ഭയന്നു.....

രക്തസാക്ഷികളുടെ കല്ലറ സിംഹാസനമാക്കി, സെമിത്തേരിയിലെ കുരിശുകളെ നെയിം ബോർഡുകളാക്കി നിത്യശാന്തിയുടെ ആശുപത്രിയിൽ നിരനിരയായി വിശ്രമിക്കുന്നവരെ അടക്കിവാഴുന്ന ഒരുനാൾ തന്റെ രാജകുമാരിക്ക് ലഭിച്ച ആപൽസൂചന ആശങ്കയോടെ തന്നെയറിയിച്ചു. "ഒര് ചെറുക്കനെന്നെ വല്ലാണ്ട് നോക്കണ്."

"നോക്കിക്കോട്ടേന്നേ. ലീനയെക്കണ്ടോ ആരാണ് ഒന്നുകൂടി നോക്കാണ്ടിരിക്ക്യാ?" ആദ്യം തമാശയാണു തോന്നിയത്.

'അങ്ങനത്തെ വെറും നോട്ടല്ല. എനിക്ക്..... എനിക്ക് പേട്യാവണു.

"ആരാണ്?"

"ആരാന്നറിയില്ല. വൈകീട്ട് സ്കൂളിന്ന് പോണവഴി ആ കുന്നിൻ ചരിവില് ആരാണ്ട് ഒളിച്ച് നിക്കണപോലെ....

നട്ടെല്ലിന്റെ സുഷുമ്നയിലൂടെ കിരുകിരുപ്പിന്റെ ഒരു തരംഗം മേലോട്ടു ഇഴഞ്ഞുകയറി.

സിമിത്തേരിയുടെ ശാന്തതയിൽ ജീവിതത്തിന്റെ ബഹളങ്ങൾ ഇറക്കി വച്ചാശ്വസിക്കുന്ന മരിച്ചവരോടൊപ്പം പങ്കിടുന്ന ഈ നിമിഷങ്ങളിൽ കൈവെക്കാൻ ഇതുവരെ മറ്റാരും കടന്നുവന്നിട്ടില്ല.

ഒന്നുകാണാൻ വേണ്ടി, ഒൻപതു 'ബി' ക്ലാസ്സിനു മുന്നിലൂടെ താൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ, ചുണ്ടിൽ പടരുന്ന പുഞ്ചിരി ഇടതു കയ്യിന്റെ പുറംകൊണ്ട് ലീന തൂത്തുകളയുന്നതും ആരും ഇന്നേവരെ കണ്ടിട്ടുണ്ടാവില്ല.

പിന്നെ പതിനഞ്ചുവർഷം നീണ്ട തന്റെ ജീവിതത്തിൽ ഓർമ്മിക്കാനായി ലഭിച്ച ഈ ഏതാനും നിമിഷങ്ങളിൽ കയ്യിട്ടുവാരാൻ വന്നതെന്തിനാണ്?

തോമാസച്ചനും ഒരുദിവസം പള്ളിമേടയിൽ വച്ച് ഓർപ്പിച്ചു. "ഈ ജീവിതത്തിൽ ഏല്യാസിനു വളരെയധികം നേടാനുണ്ട്. ദൈവം വളരെ വലിയ ജോലികൾ ഏല്യാസിനെ ഏല്പിച്ചിരിക്കുന്നു. അതു മറന്ന് പ്രവർത്തിക്കരുത്.'

കേട്ടിരുന്ന മറ്റൊരച്ചൻ തടഞ്ഞു, "എന്തിനാ അച്ചോ വലിയ ആദർശം അടിച്ചേൽപ്പിച്ച് ആ കൊച്ചന്റെ ജീവിതം കൂടി പാഴാക്കുന്നത്? വലിയ മോഹങ്ങളൊന്നുമില്ലാതിരുന്നാ ഉഴുതു കെളച്ചിട്ടാണെങ്കിലും ആർക്കും ഒരു സംതൃപ്ത ജീവിതം നയിക്കാം.

"അങ്ങനെ എല്ലാവരും ഒരു സംതൃപ്ത ജീവിതത്തിനെറങ്ങിത്തിരിച്ചിരുന്നെങ്കി ഒരു ഫ്രാൻസീസ് അസ്സീസ്സിയേയോ, ഒരഗസ്റ്റിനെയോ ലോകത്തിനു ലഭിക്കുമായിരുന്നോ?" തോമസച്ചൻ തിരിച്ചടിച്ചു.

പക്ഷേ അവരുടെ ജീവിതം ഒരിക്കലും സമാധാനപരമായിരുന്നില്ല; സംതൃപ്തമായിരുന്നില്ല. സമകാലീനർ അവരെ ഒരിക്കലും അംഗീകരിച്ചിട്ടില്ല."

"സമ്മതിച്ചു. പക്ഷെ ചരിത്രം അവരെ അംഗീകരിക്കുന്നുണ്ടോ? നാമവരെ വാഴ്ത്തുന്നുണ്ടോ? ചിന്തിക്കുന്ന ആർക്കും ഈ ജീവിതത്തിൽ ആശ്വാസം

കണ്ടെത്താനാവില്ല. എന്തോ, ഇനിയും കണ്ടെത്താനുണ്ടെന്ന വിശ്വാസം, എന്തൊക്കെയോ നേടിയെടുക്കാനുണ്ടെന്ന പ്രതീക്ഷ; അതോടൊപ്പമുള്ള പ്രയത്നം അതാണീ ജീവിതത്തെ ജീവിതമാക്കുന്നത്. മനുഷ്യന് ഇത്രയും പുരോഗതി നേടിക്കൊടുത്തത് ഈ അസ്വസ്ഥതയാണ്. കുറച്ചു ജോലി ചെയ്ത് കുറേ തിന്ന് ജീവിക്കുന്നവന് മൃഗങ്ങളിൽനിന്നും എന്തു വ്യത്യാസമാണുള്ളത്?

"എന്നിട്ട് എത്ര പേരാണ് ലക്ഷ്യം കണ്ടെത്തിയ സംതൃപ്തിയോടെ മരിച്ചിട്ടുള്ളത്? ക്രിസ്തുപോലും കുരിശിൽ കിടന്നുകൊണ്ട് തൊണ്ട പൊട്ടുന്ന ദാഹത്തോടെയല്ലെ മരിച്ചത്?"

"അതെ ശരിയാണ്. ഒരു ജീവിതവും അതിനാൽത്തന്നെ പൂർത്തിയാവുന്നില്ല. ക്രിസ്തുവിന്റെ ആ ദാഹം നമ്മളാണ് ശമിപ്പിക്കേണ്ടത്. ചിന്തിക്കുന്ന എല്ലാവരും ആ വിപാസക്കുള്ള തണുത്ത ജലം തേടുകയാണ് വിവിധ മാർഗ്ഗങ്ങളിലൂടെയെങ്കിലും."

എന്നിട്ട് മറ്റേയച്ചൻ പരിഹാസദ്യോതകമായി ചിരിച്ചു."വർഷം രണ്ടായിരമായല്ലൊ! ഇതുവരെ ഉറവ കണ്ടെത്തിയോ ആരെങ്കിലും?"

"ഇല്ല, പക്ഷേ, തോമസ്സച്ചൻ ഉറപ്പിച്ചുതന്നെ പറഞ്ഞു. "ഉറവയുള്ളയിടം കണ്ടെത്തിക്കഴിഞ്ഞു; അവിടം കുഴിച്ചുകൊണ്ടിരിക്കയാണ് എല്ലാവരും കൂടി."

"ഒടുവിൽ വെള്ളം കണ്ടില്ലെങ്കിലോ?"

'ചുവന്ന നനവു കണ്ടുകഴിഞ്ഞല്ലോ. സംശയമുണ്ടെങ്കിൽ ലോകത്തിന്റെ പല ഭാഗത്തേക്കും കണ്ണോടിച്ചു നോക്കൂ! ഒരു ചുവന്ന വെളിച്ചം ഉദിക്കുന്നതു കാണാം."

"അച്ചൻ പറഞ്ഞുവരുന്നത്?" മറ്റേയച്ചന്റെ മുഖത്തു സംശയഭാവം.

'ഏല്യാസിന്റെ കാര്യം തന്നെ, തോമസ്സിൻ പുഞ്ചിരിച്ചു കൊണ്ടു തുടർന്നു. "അവന് പലതും ചെയ്യാൻ കഴിയും.

കനത്തിൽ മൂളിക്കൊണ്ട് മറ്റേയച്ചൻ എഴുന്നേറ്റു പോയപ്പോൾ തോമാസ്സച്ചനോടു ചോദിച്ചു. "ഞാനെന്തു നേടാനാണച്ചോ? വീട്ടിലും നാട്ടിലും ആർക്കും വേണ്ടാത്ത എനിക്കെന്തു ചെയ്യാൻ പറ്റുമെന്നാ അച്ചൻ പറയുന്നെ?'

"ചുങ്കക്കാരേയും മുക്കുവരേയും മാത്രമേ ക്രിസ്തു, ശിഷ്യന്മാരായി തെരഞ്ഞെടുത്തുള്ളൂ. എല്ലാവരും ഉപേക്ഷിച്ചു കളഞ്ഞ കല്ലാണ് മൂലക്കല്ലായി തിരഞ്ഞെടുക്കപ്പെട്ടത്. നിന്റെയീ എളിമയാണ് നിന്റെ ഏറ്റവും വലിയ യോഗ്യത."

ഉപേക്ഷിക്കപ്പെടുന്ന എല്ലാ കല്ലുകളും മൂലക്കല്ലായിത്തീരുമെന്ന് എന്തുകൊണ്ടോ വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്തായാലും അച്ചൻ തുടങ്ങിക്കൊണ്ടുവന്ന കാര്യം മാറിപ്പോയതിൽ ആശ്വാസം തോന്നി. വിലകുറഞ്ഞ പ്രേമത്തിൽ കുരുങ്ങി ജീവിതം നശിപ്പിക്കരുതെന്നല്ലേ അച്ചൻ ആദ്യം ധ്വനിപ്പിച്ചത്? ആരാണ് അച്ചനോടിക്കാര്യം പറഞ്ഞുകൊടുത്തത്?

തന്റെ ജീവിതത്തിൽ ഇനി പറിച്ചുമാറ്റാൻ കഴിയാത്തവിധം ലീനയുമായി അടുത്തു പോയിരിക്കുന്നു. അവളെ ഒരുനോക്കു കാണാതെ, അവളുടെ കാത

രമായ ശബ്ദം കേൾക്കാതെ ഒരു ദിവസം പോലും തള്ളി നീക്കാനാവില്ലെന്നായിട്ടുണ്ട്.

അടുക്കാവുന്നിടത്തോളം അടുത്തിട്ടും പോരാ പോരായെന്നുള്ള വിചാരമാണു മനസ്സിൽ. എത്ര കണ്ടിട്ടും വീണ്ടും കാണാനുള്ള മോഹമാണു കണ്ണുകൾക്ക്. കാണുമ്പോൾ സ്നിഗ്ധമായ ആ സൗന്ദര്യം ആദ്യമായി കാണുന്ന ആർത്തിയാണ്.

തന്റെ ഹൃദയം സ്പന്ദിക്കുന്നതുതന്നെ ലീന, ലീനയെന്നല്ലേ? ശ്വാസകോശം ഉച്ഛ്വസിക്കുന്ന വായുവിൽ ലീനയോടുള്ള സ്നേഹത്തിന്റെ ചൂട് നിറഞ്ഞിരിക്കുന്നു. ഞാൻ ജീവിക്കുന്നതു തന്നെ എന്റെ ലീനക്കു വേണ്ടിയല്ലെ? ലീന എന്റെ മാത്രം ലീന!

ആ കാതരമായ മിഴികളുടെ ആഴങ്ങളിൽ ഈ ജീവിതകാലം മുഴുവൻ ആണ്ടുമുങ്ങിക്കിടക്കാൻ കഴിഞ്ഞെങ്കിൽ.....

അവൾ ദർശനത്തിൽനിന്നു മറയുമ്പോഴെല്ലാം നഷ്ടബോധത്തിന്റെ അന്ധകാരംകൊണ്ട് ലോകം അദൃശ്യമാവുന്നു.

പ്രത്യാശയുടെ ഏക കൈത്തിരി അവളാണ്; അവൾ മാത്രമാണ്, എന്റെ ലീന.

ദൈവം അവൾക്കു ജന്മം കൊടുത്തത് എനിക്കു വേണ്ടിയാണ്, എനിക്കു വേണ്ടി മാത്രം.

അനുദിനം, താൻ പിടിച്ചുകൊടുക്കുന്ന തട്ടിനുമീതെ, നേർമ്മയേറിയ ഇളം ചുവപ്പു നാവുനീട്ടി, ലീന ദിവ്യകാരുണ്യം സ്വീകരിക്കുന്ന നിമിഷത്തിൽ തന്റെ ദിവസം മുഴുവൻ നിറഞ്ഞിരിക്കുന്നു; തന്റെ ജീവിതലക്ഷ്യം മൂർത്തീഭവിക്കുന്നു.

ഏഴു രക്തസാക്ഷികളുടെ കല്ലറ സിംഹാസനമാക്കി, കുരിശു പിടിച്ചു നിൽക്കുന്ന മാലാഖയുടെ കാവലിൽ സെമിത്തേരിയിലെ അലൗകിക ശാന്തത പങ്കിടുന്ന നിമിഷങ്ങളിൽ ഞങ്ങൾ ത്രിഭുവനങ്ങളും അടക്കി ഭരിക്കുന്നു.

എന്നിട്ടും ഏതാനും ദിവസമായി, ലീനയുടെ കണ്ണുകളിലെ നഷ്ടപ്പെട്ട തിളക്കം; അവളുടെ പ്രവൃത്തിയിലെ നിർവ്വികാരത എന്തോ ദുസ്സൂചന തരുന്നതുപോലെ! തന്നെ ബോധിപ്പിക്കാൻ മാത്രം അവൾ കുർബ്ബാനയുൾക്കൊള്ളുന്നതുപോലെ; സെമിത്തേരിയിലേക്കു വരുന്നതുപോലെ.

അതിന്റെ ആത്യന്തികഫലത്തെക്കുറിച്ചോർത്തപ്പോൾ ഞെട്ടി. ഹൃദയം അസ്വസ്ഥമായി. ലീനയില്ലാത്ത ജീവിതം – ഇല്ല തനിക്കത് സങ്കൽപ്പിക്കാനേ ആവില്ല. ഉറക്കം നഷ്ടപ്പെട്ട രാവുകളിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു.

പക്ഷേ യാഥാർത്ഥ്യം അതാണെങ്കിൽ – അവൾക്ക് തന്നെ മടുത്തോ?

അത്തരം സംശയങ്ങൾക്ക് ഇടയില്ലാത്ത വിധം ദൃഢമാണ് ഞങ്ങളുടെ സ്നേഹബന്ധം.

എങ്കിലും..... എങ്കിലും.... സ്ത്രീയുടെ മനസ്സ് ചപലമാണെന്നു കേട്ടിട്ടുണ്ട്. കാറ്റത്താടുന്ന ഞാങ്ങണപോലെയാണ് സ്ത്രീ മനസ്സെന്ന് ആരോ പറഞ്ഞിട്ടുണ്ടല്ലൊ.

വളർന്നുവന്ന അസ്വസ്ഥത, ഉള്ളിൽ മറയ്ക്കാൻ കഴിയാത്ത ആകാരം പൂണ്ടപ്പോൾ മടിച്ചു മടിച്ചാണെങ്കിലും, ഒരുനാൾ സെമിത്തേരിയിൽ വച്ച് തുറന്നുതന്നെ ചോദിച്ചു, “ലീനക്കെന്നോട്.... ഇഷ്ടമാണോ?”

പെട്ടെന്നവൾ വികാരം കൊണ്ടെന്നപോലെ തന്റെ മുഖം അവളുടെ കൈകളിൽ കോരിയെടുത്ത് നേർത്ത ചുണ്ടുകൾ തന്റെ ചെവിയോടു ചേർത്തു വച്ച് വികാരപാരവശ്യയായി ലീന മന്ത്രിച്ചു, “ഞാൻ സ്നേഹിക്കുന്നു!

“ഞാൻ സ്നേഹിക്കുന്നു,” അവളുടെ വാക്കുകളിലെ ഊഷ്മളതയിൽ പ്രപഞ്ചത്തിന്റെ ചൈതന്യം പെട്ടെന്ന് വന്നുനിറഞ്ഞു.

സിമിത്തേരിയിലെ കുരിശുകളുടെ ചുണ്ടുകളനങ്ങുന്നു, കുഴിമാടങ്ങൾ സ്പന്ദിക്കുന്നു. “ഞാൻ സ്നേഹിക്കുന്നു.”

“ഞാൻ സ്നേഹിക്കുന്നു,” അവളുടെ വാക്കുകൾ ഉരുവിട്ടു മനഃപ്പാഠമാക്കിക്കൊണ്ട് പ്രകൃതിപോലും മന്ത്രിക്കുന്നു. “ഞാൻ സ്നേഹിക്കുന്നു.

ആദിയിലുണ്ടായിരുന്ന വചനം, ദൈവത്തോടൊപ്പമുണ്ടായിരുന്ന വചനം, ദൈവമായിരുന്ന വചനം ഇതല്ലേ? – “ഞാൻ സ്നേഹിക്കുന്നു, ഞാൻ സ്നേഹിക്കുന്നു...”

ഈ സ്നേഹത്തിന്റെ ഈർപ്പഭരിത ചൂടിൽനിന്നും പ്രപഞ്ചം പൊട്ടിമുളച്ചു; ഈ സ്നേഹത്തിന്റെ പൂർത്തീകരണമായി ജീവൻ പിറന്നു.

സ്നേഹത്തിന്റെ സൃഷ്ടിയിലൂടെ ഉരുവായ പ്രപഞ്ചം സ്പന്ദിക്കുന്നു. “ഞാൻ സ്നേഹിക്കുന്നു.”

കാലത്തിന്റെ വിന്യാസത്തിലൂടെ സ്പന്ദിച്ചു തുടങ്ങിയ ചൈതന്യം പ്രഖ്യാപിക്കുന്നു. “ഞാൻ സ്നേഹിക്കുന്നു.”

പ്രകാശവേഗത്തിലൂടെ അനന്തതയിലേക്കു വ്യാപിക്കുന്ന പ്രകൃതിയും പ്രക്ഷേപണം ചെയ്യുന്നു. “ഞാൻ സ്നേഹിക്കുന്നു.”

കല്ലുകൾക്കുള്ള അസ്തിത്വവുമായി, സസ്യങ്ങളുടെ ജീവൻ പങ്കിട്ട്, മൃഗങ്ങൾക്കുള്ള പഞ്ചേന്ദ്രിയങ്ങളുപയോഗിച്ച്, മാലാഖമാർക്കുള്ള ആത്മാവിനാൽ ഉത്തേജിതയായി, ഈ പ്രപഞ്ചം മുഴുവൻ സൂക്ഷ്മമായി ഉൾക്കൊണ്ട് ലീന ഇച്ഛാവബോധത്തോടെ പ്രഖ്യാപിക്കുകയാണ്. “ഞാൻ സ്നേഹിക്കുന്നു... ഞാൻ സ്നേഹിക്കുന്നു.”

മരിച്ചു മണ്ണടിഞ്ഞവർ പോലും അതുകേട്ട് കോൾമയിർ കൊള്ളവേ, ആ അനന്തസ്നേഹത്തിന്റെ പാരാവാരത്തിൽ ഉൾക്കുളിരോടെ മുങ്ങിപ്പതിക്കാനല്ലെ എനിക്കു കഴിയൂ!

പൊക്കിൾത്തണ്ടു മുറിച്ചെറിഞ്ഞ നിമിഷം മുതൽ, തനിക്കു നിഷേധിക്കപ്പെട്ട സ്നേഹം, അതിന്റെ പൂർണ്ണ അളവിൽ ചൊരിഞ്ഞുതരുന്ന ലീനയോടുള്ള എന്റെ കടപ്പാട് ഒരിക്കലും തീരുന്നതല്ല.

തിരിച്ചു നീന്താനാവാത്തവിധം ഒഴുക്കിന് ശക്തിയേറിയിരിക്കുന്നു.

എങ്കിലും, ലീനയുടെ ഈ സ്നേഹത്തിൽ എന്റെ അപകർഷതാബോധം മുഴുവൻ ഉരുകി വീഴുന്നു. വീട്ടിലെ തന്റെ വേദനകൾ മുഴുവൻ ആ സ്നേഹ

സാമീപ്യത്തിൽ നിമിഷം കൊണ്ടലിഞ്ഞു തീരുന്നു.

ഈ പ്രപഞ്ചത്തെ ധന്യമാക്കുന്നത് സ്നേഹമാണ്; ജീവിതത്തിന് അർത്ഥ മേകുന്നതും ഈ നിസ്വാർത്ഥതയാണ്. പൂക്കളെ വിരിയിക്കുന്ന, ശലഭങ്ങളെ പാറിപ്പറത്തുന്ന, കിളികളെ പാടിക്കുന്ന ഈ സ്നേഹത്തിൽ, പ്രപഞ്ചത്തിന്റെ അപൂർണ്ണത ഉരിഞ്ഞുകളഞ്ഞ്, ഇന്ദ്രിയങ്ങളുടെ നിയന്ത്രണങ്ങൾ ഭേദിച്ച്, കാല ദേശങ്ങളുടെ ചതുർമാനങ്ങൾ ഉല്ലംഘിച്ചു പറക്കുമ്പോൾ മനസ്സിലാവുന്നു; മനുഷ്യനിലെ ദൈവികത, ബാഹ്യപ്രകൃതിയേക്കാൾ എത്രയോ ഉയരത്തിൽ നിൽക്കുന്നുവെന്ന്; സർവ്വചരാചരങ്ങളേയും ആന്ദോളനം ചെയ്യിക്കുന്ന ആ അദൃശ്യപ്രകാശം ഈ സ്നേഹത്തിലൂടെ അനുഭവവേദ്യമാകുന്നു; അതെ സ്വന്തം സ്നേഹത്തിന്റെ ചൈതന്യത്തിലാണ് മനുഷ്യനെ ദൈവം സൃഷ്ടി ച്ചത്!

സ്വന്തം സ്നേഹത്തിന്റെ ഛായയിൽ സൃഷ്ടിച്ചുതന്ന ദൈവത്തോടുള്ള കൃതജ്ഞതയാൽ മനുഷ്യഹൃദയം മുകളരൂപം പൂണ്ടു

സ്നേഹത്തിനുള്ള ദാഹം കൊണ്ട് മനസ്സിന്റെ തൊണ്ട വറ്റിച്ചു തന്ന സ്രഷ്ടാവിനോടുള്ള കടമ, ഈ സ്നേഹത്തിലൂടെ ഞാൻ തീർക്കുന്നു.

ലോകാരംഭം മുതൽ അവസാനം വരെ തുടർന്നു പോകുന്ന നിതാന്ത സ്നേഹത്തിന്റെ ബലമുള്ള ചങ്ങലയിലെ നിസ്സാരമായൊരു കണ്ണിയാണല്ലൊ താനും.

വളർച്ചയുടെ തിരിവിൽ പ്രായം കരളിൽ കുത്തിത്തുറന്ന സ്നേഹത്തിന്റെ ഈ അമൂല്യഭണ്ഡാരത്തിൽ നിറഞ്ഞിരിക്കുന്ന ഇന്ദ്രനീലക്കല്ലുകളുടെ കൂട്ട ത്തിലേക്ക്, വിധവയുടെ കൊച്ചു കാശുപോലെ തന്റെ വിഹിതവും പൂർണ്ണമന സ്സോടെ ഞാൻ നിക്ഷേപിക്കട്ടെ!

# പതിനാല്

"അറിഞ്ഞില്ലേ?" പള്ളിയിൽ നിന്ന് വീട്ടിലേക്ക് പോകുന്ന വഴി എതിരെ വന്ന പലരും പരസ്പരം കണ്ണുകൾ കൊണ്ട് ചോദിക്കുന്നു.

"നീയറിഞ്ഞില്ലേ? അറിഞ്ഞില്ലേ?"

"എന്താണ്? എന്താണ്?" വെപ്രാളപ്പെട്ടു മനസ്സു ചോദിച്ചു.

പക്ഷേ ആരോടാണു ചോദിക്കുക? എന്താണു സംഭവം?

ഈ തുറന്നുചോദിക്കാൻ മാത്രം, അടുത്ത കൂട്ടുകാരെ ആരേയും കണ്ടില്ല. ഒറ്റയായും പെട്ടയായും വഴിയിലൂടെ പോകുന്നവരിൽ സൗഹൃദത്തിന്റെ പരിവേഷമുള്ളവരാരുമില്ല.

എന്തോ അത്യാഹിതം നടന്നിരിക്കുന്നു, പക്ഷേ എന്താണ്?

ലീനയുടെ പള്ളിയിലെ ഇന്നത്തെ അഭാവവും ആളുകളുടെ അടക്കംപറച്ചിലും തമ്മിലെന്തെങ്കിലും ബന്ധം?

ഇന്നവൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ വന്നിട്ടില്ല.

സെമിത്തേരിയിൽ, ഏഴുരക്തസാക്ഷികളുടെ കല്ലറയിൽ അവളുടെ സിംഹാസനം ഒഴിഞ്ഞുകിടന്നു. രാജകുമാരിയുടെ അസാന്നിദ്ധ്യത്തിൽ സിമിത്തേരിയിലെ പ്രജകൾ അസ്വസ്ഥരായി.

എന്തെങ്കിലും അസൗകര്യം കൊണ്ടാവുമെന്നു കരുതി. അല്ലെങ്കിൽ അധികം പഠിക്കാനുണ്ടാവും! എങ്കിലും ഉള്ളിലൊരു ഭീതി. വരാൻ പറ്റാത്ത ദിവസം അവൾ മുൻകൂട്ടി അറിയിക്കുന്നതായിരുന്നു.

മനസ്സിൽ തലപൊക്കിയ ആശങ്കയോടെ കഞ്ഞി കുടിച്ചു കുടിച്ചില്ലെന്നു വരുത്തി വീട്ടിൽനിന്ന് ധൃതിയിൽ ഇറങ്ങി.

നിമിഷംകൊണ്ട് സ്കൂളിലെത്താനുള്ള മോഹമായിരുന്നു. സ്കൂളിലേക്കു നടക്കുന്ന കുട്ടികളുടേയും പെരുമാറ്റങ്ങളിൽ എന്തോ രഹസ്യം ഒളിഞ്ഞുകിടക്കുന്നില്ലേ?

സ്കൂളിൽ കുട്ടികൾ വന്നുതുടങ്ങുന്നതേയുള്ളു. പന്തു കളിക്കുന്നതും നോക്കി കുറച്ചുനേരം നിന്നു. കളിയിൽ മനസ്സുറക്കാതെ വന്നപ്പോൾ ഗ്രൗണ്ടിലെല്ലാം അലഞ്ഞുനടന്നു. പരിചയമുള്ള ഒരു മുഖം തേടി.

ഫസ്റ്റുബെല്ലിന്റെ ഝണഝണാരവം മനസ്സിൽ ആളിപ്പടർന്നപ്പോൾ ഒൻപതു 'ബി'യിലേക്കോടി. പെൺകുട്ടികളുടെ ഭാഗത്ത് മുമ്പിൽ നിന്ന് രണ്ടാമത്തെ ബഞ്ചിലെ ആദ്യസ്ഥാനം – ഒഴിഞ്ഞുകിടക്കുന്നു!

ഒരിക്കലും പതിവില്ലാത്തതാണ്. തന്റെ നോട്ടം ഏറ്റുവാങ്ങി അതുപു

ഞ്ചിരിയായി പരിവർത്തനം ചെയ്യാൻ ലീന എന്നും നേരത്തെ എത്താറുള്ളതാണ്. ഇന്നെന്തേ പറ്റി?

ക്ലാസ്സിലെ അസാധാരണ ശാന്തതയും അവളുടെ അസാന്നിദ്ധ്യവും തമ്മിലെന്തെങ്കിലും ബന്ധം? അവാച്യമായൊരു വേദന ഹൃദയത്തിലാകെ നീറിപ്പടർന്നു.

വീണ്ടും ഗ്രൗണ്ടിലൂടെ, വ്യഥിതമായൊരു മനസ്സോടെ അലഞ്ഞുനടന്നു.

സെക്കന്റ് ബെല്ല്.... വീണ്ടും ഓടി.

ഇല്ല; ചുണ്ടിലൂടെ ഊറിപ്പരക്കുന്ന പാൽപ്പുഞ്ചിരി ഇടതു കൈപ്പുറം കൊണ്ട് തൂത്തുകളയാൻ അവൾ വന്നെത്തിയിട്ടില്ല.

തളർന്ന മനസ്സോടെ സ്വന്തം ക്ലാസ്സിൽ കയറുമ്പോൾ, പതിവിനു വിപരീതമായി മുഖത്തു പാറിവീഴുന്ന ഡസൻ കണക്കിനു നയനങ്ങൾ. അവയും ചോദിക്കുന്നു.

"അറിഞ്ഞില്ലേ?"

മനസ്സിന്റെ വിഹ്വലത മുഖം ഒറ്റിക്കൊടുക്കുന്നുണ്ടോ? ഹൃദയത്തിന്റെ വേദന കാഴ്ചയിൽ പടരുന്നുണ്ടോ?

തല താഴ്ത്തി ക്ലാസ്സിൽ വന്ന് സ്വന്തം സീറ്റിലിരുന്നപ്പോൾ അടുത്തിരുന്ന സിദ്ധിക്കാണ് പറഞ്ഞത്. "ഏല്യാസ് അറിഞ്ഞാ, ഒൻപതു 'ബി'യിലെ ലീനയെ ഇന്നലെ ആരോ മാനഭംഗപ്പെടുത്തി!"

വിശ്വസിച്ചില്ല.

പക്ഷേ, നിമിഷങ്ങളുടെ തേരുരുൾച്ചയിൽ സിദ്ധിക്ക് പറഞ്ഞതിലെ സാദ്ധ്യത ലീനയുടെ അസാന്നിദ്ധ്യവുമായി ബന്ധപ്പെടുത്തിയപ്പോൾ ഹൃദയം ത്രസിച്ചു. ഭീകരമായതെന്തോ നടന്നതുപോലെ എല്ലാവരും പെരുമാറുന്നു.

കേട്ടത് അസത്യമാണെന്ന് ഉറപ്പുവരുത്താൻ വേണ്ടി, ദയനീയമായി അടുത്തിരുന്ന വേണുവിനെ നോക്കി.

വേണുവും ക്രൂരമായി തലയാട്ടുന്നു.

ഭീകരമായൊരു ചുഴലിക്കൊടുങ്കാറ്റ് ഒരു കശുമാവിൻ ചുവട്ടിലേക്ക് ചുഴറ്റിയിറങ്ങി.

പച്ചിലകൾ ഒരു ജീവന്മരണ പോരാട്ടത്തിനുശേഷം, ഞെട്ടറ്റ് ഊതിപ്പറന്നു.

കശുമാവിൻ ചുവട്ടിലെ അടക്കാമണിയച്ചെടികൾ പിശാചുബാധിച്ച പെൺകുട്ടികളെപ്പോലെ മുടിയഴിച്ചിട്ടാടി.

കാറ്റിൽ, അടക്കാമണിയപ്പൂക്കളുടെ മോഹങ്ങൾ കരിഞ്ഞ ഗന്ധം.

കാറ്ററുത്തിട്ട് അടക്കാമണിയത്തിന്റെ തല നിലത്തു കിടന്നു പിടഞ്ഞു.

കൊത്തിപ്പറിക്കപ്പെട്ട പൂവിതളുകൾ –

അലങ്കോലപ്പെട്ട മുടിയിഴകൾ –

കവർച്ച ചെയ്യപ്പെട്ട ആത്മാഭിമാനം –

എന്നിട്ട് കൊടുങ്കാറ്റെന്തു നേടി?

കുട്ടികളെല്ലാം എഴുന്നേറ്റപ്പോൾ എഴുന്നേറ്റുനിന്നു . സൗദാമിനി ടീച്ചർ ക്ലാസ്സെടുക്കാൻ വന്നിരിക്കുന്നു.

എല്ലാവരും ഇരുന്നപ്പോൾ ഒപ്പമിരുന്നു.

ക്ലാസ്സിലെ സംഭവങ്ങളെല്ലാം ദൂരെ ഒരു കുന്നിൻചരുവിൽ നടക്കുന്നതു പോലെ. അവയുടെ ദുർബ്ബലമായ ശബ്ദതരംഗം മാത്രം ഉള്ളിലേക്കരിച്ചു വരുന്നു. തൊട്ടടുത്ത ദൃശ്യങ്ങൾ പോലും അകലെ വളരെയകലെ നടക്കുന്ന പ്രതീതി.

എല്ലാം നഷ്ടപ്പെട്ട ഒരു പെൺകുട്ടിയുടെ വിലാപം മാത്രം ഉള്ളിൽ നിറഞ്ഞുനിന്നു. അവളുടെ നിറഞ്ഞ കണ്ണുകളിൽനിന്ന് ചുടുബാഷ്പങ്ങൾ ആത്മാവിൽ വീണു ചിതറിയപ്പോൾ പുളഞ്ഞുപോയി.

ഒരു ബലാൽസംഗം കാട്ടുന്ന കാരുണ്യത്തോളമേ, ശുദ്ധതക്ക് ആയുസ്സുള്ളോ?

ഒരു ചെറിയ കല്ലിന്റെ കാരുണ്യത്തിലാണോ പോറലേല്ക്കാത്ത പളുങ്കു പാത്രം മന്ദഹസിക്കുന്നത്?

ആരോ ഹാജരുപുസ്തകം നിവർത്തി പേരു വിളിക്കുന്നു.

“ഏല്യാസ് ഏ.പി.‘

ഓ! ആദ്യത്തെ പേര് തന്റേതാണ്.

‘പ്രസന്റ്’ എഴുന്നേറ്റു നിന്നുകൊണ്ടു പറയാനാശിച്ചു. പക്ഷേ കണ്ഠത്തിലെ കിളിയുടെ കഴുത്ത് ആരോ ഞെരിച്ചു പിടച്ചിരിക്കുന്നു. വീർപ്പുമുട്ടിയ ഒരു രോദനം മാത്രമേ പുറത്തുവരുന്നുള്ളു.

തൊണ്ടയിൽ ദുസ്സഹമായ വേദന. എന്താണ് കുരുങ്ങിപ്പോയത്? വായിൽ വച്ചു വലിച്ച് ബലൂൺ കുമിളയുണ്ടാക്കാനുള്ള ശ്രമത്തിൽ പൊട്ടിപ്പോയ ബലൂൺ തുണ്ടോ? അകത്തേക്ക് ശ്വാസമെടുക്കാൻ പോലും ഇത് പ്രയാസമെന്താണ്!

ടീച്ചർ ഹാജർ ബുക്കിൽ നിന്നും കണ്ണെടുത്തു നോക്കി.

“എന്ത്! ഏല്യാസ് കരയുന്നോ?” ടീച്ചറെഴുന്നേറ്റ് അടുത്തേക്കു വന്നു. “എന്തുപറ്റി കുട്ടീ? പറയൂ. ഇത് വിമ്മിക്കരയാൻ മാത്രം എന്തുണ്ടായി?” ഒരു നിമിഷത്തിന്റെ ക്രൂരതയിൽ എരിഞ്ഞടങ്ങിയത് തന്റെ സർവ്വസ്വവുമായിരുന്നെന്ന് ടീച്ചറെങ്ങാനും അറിഞ്ഞുവോ?

“ഇതു ജീവിതമാണു കുട്ടീ. ജീവിതത്തിൽ അപ്രതീക്ഷിതമായി പലതും പ്രതീക്ഷിക്കണം.” പറയുമ്പോൾ ടീച്ചർ സ്വന്തം ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുകയായിരുന്നോ? തിരിഞ്ഞു നടക്കുമ്പോൾ ടീച്ചർ കൂട്ടിച്ചേർത്തു. “ജീവിത വിജയത്തിന്റെ അനിവാര്യ ഘടകം നിസ്സംഗതയാണു കുട്ടീ. അതിനുമുമ്പിൽ തോൽക്കാത്ത ഒരു ശത്രുവുമില്ല. നമ്മുടെ ജീവിത ലക്ഷ്യത്തിൽ നിന്നും വ്യതിചലിപ്പിക്കാൻ ശ്രമിക്കുന്ന ശത്രുക്കളെ അതിജീവിക്കാൻ ഇതൊരു മാർഗ്ഗമേയുള്ളു. ഏല്യാസ് ഇരിക്കൂ!

ഇരുന്നു.

ടീച്ചർ ഹാജർ വിളിച്ചു.

പിന്നീട് ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ക്ലാസ്സെടുത്തു.

പക്ഷെ ടീച്ചറുടെ ചാരനിറമാർന്ന കണ്ണുകളിലെ സ്ഥായിയായ വിഷാദ

ഭാവം മൂർത്തിമദ്ഭാവം കൈക്കൊണ്ടിരിക്കുന്നു. ആ മിഴികളിൽ വേദനാജന കമായ സജലത. അവർ പുഞ്ചിരിയുടെ നാലതിരുകൾ ഉല്ലംഘിക്കുന്നത് ആരും കണ്ടിട്ടില്ല; അതുപോലെ മനോനിയന്ത്രണം നഷ്ടമാവുന്നതും.

ടീച്ചർ എന്തൊക്കെയോ പറയുന്നു. കറുത്ത ബോർഡിൽ മനോഹരമായി അക്ഷരങ്ങൾ വരക്കുന്നു.

ആരെപ്പറ്റിയാണ്?

അച്ഛനെ വകവരുത്തി, ജ്യേഷ്ഠന്മാരെ ജയിലിലടച്ച് അധികാരം പിടിച്ചെ ടുത്ത മുഗൾ ചക്രവർത്തിയെപ്പറ്റിയോ?

സീസറിനെക്കൊന്ന് അധികാരം പിടിച്ചെടുത്ത ബ്രൂട്ടസിനെപ്പറ്റിയോ?

സാമ്രാജ്യത്വമോഹം കൊണ്ട് ലോകത്തെ ചുട്ടുപൊട്ടിച്ച് ഹിറ്റ്ലറെപ്പറ്റിയോ?

എല്ലാം ഒരേ ജീവിതത്തിന്റെ വിവിധ മുഖങ്ങൾ.

ഇങ്ങനെ ക്രൂരനാകാൻ മനുഷ്യനെങ്ങിനെ കഴിയുന്നു.

ക്ലാസ്സു കഴിഞ്ഞ് പോകുമ്പോൾ തന്നെ വിളിച്ചുനിർത്തി ഒരിക്കൽ കൂടി ടീച്ചറുപദേശിച്ചു. “ഇത്തരം ചെറിയ കാര്യങ്ങളിൽ വെറുതെ മനസ്സു പുണ്ണാക്ക രുത്. എസ്.എസ്.എൽ.സി. പരീക്ഷയാണടുത്തു വരുന്നത്. ഞാൻ റാങ്കു പ്രതീക്ഷി ക്കുന്നു.

ആർക്കു വേണ്ടിയാണു ഞാനിനി കഷ്ടപ്പെട്ടു പഠിക്കുക? എന്തുനേടാൻ വേണ്ടി?

നേടണമെന്നാശിച്ചവയെല്ലാം നഷ്ടമാക്കിയ ആ സംഭവം വേണുവാണ് വിവരിച്ചു തന്നത്. ഓർക്കാൻ കഴിയുന്നുണ്ട്.

മറ്റു കൂട്ടുകാരികളെപ്പിരിഞ്ഞ് ലീന ഏകയായി കുന്നിൻ മുകളിലേക്കുള്ള ഊടുവഴിത്തിരിവിൽ വച്ച് ചാടി വീഴുന്ന വേടൻ!

രക്ഷപ്പെടാനുള്ള വ്യഥയിൽ ചിതറിത്തെറിക്കുന്ന പുസ്തകങ്ങൾ, നുറുങ്ങി വീഴുന്ന വളപ്പൊട്ടുകൾ; അലങ്കോലമാവുന്ന മുടി.

നിമിഷങ്ങൾ നീണ്ട കീഴടക്കലിൽ, വലിച്ചു കീറപ്പെടുന്ന ബ്ലൗസിനുള്ളിൽ നിന്നും വെളിയിലിറങ്ങുന്ന കൂമ്പിയ മാറിടങ്ങളിൽ ആഴ്ന്നിറങ്ങുന്ന നഖക്ഷത ങ്ങൾ..... കൊണ്ടുകേറുന്ന ദന്തക്ഷതങ്ങൾ....

വലിച്ചിറക്കുന്ന പാവാട.

ഒടുവിൽ, കന്യാത്വത്തിന്റെ കാവലാളായ നേരിയ പാടയുടെ മാറിൽ ആഞ്ഞിറങ്ങുന്ന കത്തി; കിനിഞ്ഞിറങ്ങുന്ന രക്തം.

തലയറ്റു വീണ കന്യാത്വം, തകർന്നുവീണ വളപ്പൊട്ടുകൾക്കൊപ്പം കിടന്നു പിടഞ്ഞു.

കീറിപ്പറിഞ്ഞ വസ്ത്രവുമായി, താളുകൾ അറ്റുപോയ പുസ്തകങ്ങൾ മാറി ലടുക്കി, ചവിട്ടിക്കുഴച്ച മണ്ണുപോലെ നടന്നുപോകുന്ന ലീനയുടെ ദയനീയത ഭാവനയിൽ കാണാൻ കഴിയുന്നുണ്ട്.

പരുന്തുമായുള്ള അവിരാമ യുദ്ധത്തിൽ കുഞ്ഞുങ്ങളെയെല്ലാം ഒന്നൊന്നായി നഷ്ടപ്പെട്ട പിടക്കോഴിയുടെ വിഹ്വലത മനസ്സിലാവുന്നുണ്ട്.

മാനഹാനിയുടെ നഷ്ടബോധത്തിൽ എന്തെങ്കിലും അവിവേകം? ഓർത്ത

പ്പോൾ അറിയാതെ ഞെട്ടി. പിന്നെ സ്വയം ആശ്വസിക്കാൻ ശ്രമിച്ചു. ഇല്ല എന്റെ ലീന കടുംകൈ ചെയ്യില്ല. ജീവിതത്തിലെ അപ്രതീക്ഷ പ്രതിസന്ധി കളെ അതിജീവിക്കാനുള്ള തന്റേടം അവൾക്കുണ്ടല്ലോ!

അടുത്ത ക്ലാസ്സുകളിലും ഒന്നും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. വിളറിപിടിച്ചൊരു കുതിരയെപ്പോലെ അലറിപ്പായുകയായിരുന്നു മനസ്സ്.

കാലവർഷത്തിൽ, ആഴം കുറഞ്ഞൊരു കാട്ടുചോലയെപ്പോലെ കൂലം കുത്തിയൊഴുകുകയായിരുന്നു ചിന്തകൾ.....

“ആരായിരിക്കും?

“ആരായിരിക്കും ഈ കടുംകൈ ചെയ്തത്?’

ആരായിരുന്നാലും അവനെ കയ്യിൽ കിട്ടിയെങ്കിൽ കഴുത്തിനു പിടിച്ചു ഞെരിക്കാൻ കൈകൾ തരിച്ചു. നിലത്തു തള്ളിയിട്ട് ആഞ്ഞാഞ്ഞു തൊഴി ക്കാൻ കാലുകൾ പെരുത്തു.

എന്തായാലും സംഭവം സ്കൂളിലാകെ പടർന്നിരിക്കുന്നു. സാറന്മാരാരും തുറന്നു പറയുന്നില്ലെങ്കിലും എല്ലാ ക്ലാസ്സുകളിലും ഘനീഭവിച്ചു നിൽക്കുന്ന മ്ലാനത അതാണ് വെളിവാക്കുന്നത്.

സ്വയം മുറിവേല്പിക്കുന്ന ചിന്താശരങ്ങളേറ്റുകൊണ്ട് അധികസമയം ക്ലാസ്സിലിരിക്കാനായില്ല. മൂന്നാമത്തെ പിര്യേഡ് കഴിഞ്ഞ് ജനൽ ചാടി.

നാട്ടിലാകെ ആ വാർത്ത തീ പോലെയാണ് പടർന്നുപിടിച്ചത്. പോലീസ് ജീപ്പ് ലീനയുടെ വീട്ടിലേക്ക് പോകുന്നതു കണ്ടു. വല്യവീട്ടിലെ പെൺകുട്ടി ഉപദ്രവിക്കപ്പെട്ടാൽ പോലീസിന് അടങ്ങിയിരിക്കാനാവുമോ?

ഇപ്പോൾ ലീന എവിടെയായിരിക്കും? വല്ല ആശുപത്രിയിലും ചികിത്സ യിലായിരിക്കുമോ?

ലീനയുടെ വീടിനു മുമ്പിലുള്ള വഴിയിലൂടെ നീങ്ങാൻ കാലുകൾ തരിച്ചു. വേണ്ട, താനും ലീനയുമായുള്ള ബന്ധം ആരെങ്കിലുമറിഞ്ഞാൽ പിന്നെ അതു മതി.

എന്നാലും, ജീവിതത്തിൽ വിലപ്പെട്ടതെല്ലാം നഷ്ടപ്പെട്ട് ഹതാശയായി കിടക്കുന്ന ആ നിഷ്ക്കളങ്കയായ പെൺകുട്ടിയെ ഒരുനിമിഷം ആശ്വസിപ്പി ക്കാൻ ഏറെ കൊതിച്ചു.

ഇത്തരം പ്രതിസന്ധികളിലാവില്ലേ സ്നേഹിക്കുന്നവരുടെ സാമീപ്യം ഏറെ കൊതിക്കുന്നത്?

തന്റെ ഒരു സാന്ത്വനത്തിനുവേണ്ടി ആ തുടുത്ത കപോലങ്ങൾ ഇപ്പോൾ ഏറെ ദാഹിക്കുന്നുണ്ടാവില്ലേ?

പല പ്രാവശ്യം അവൾ സൂചിപ്പിച്ചതാണ് സ്കൂളിൽ നിന്നും അവളുടെ വീട്ടി ലേക്കുള്ള വിജനമായ വഴിയിലെ അപകടത്തെക്കുറിച്ച്. പക്ഷെ തനിക്കെന്തു ചെയ്യാൻ കഴിയുമായിരുന്നു?

സ്കൂളിലേക്കും തിരിച്ചും ലീനയെ താൻ അനുയാത്ര ചെയ്താൽ തന്റെ വീട്ടിൽ ഉണ്ടാകുന്ന ഭൂകമ്പത്തെക്കുറിച്ചറിവുള്ള ലീന തന്നെയായിരുന്നല്ലോ അതിൽനിന്നും പിന്തിരിപ്പിച്ചത്. അവളുടെ വീട്ടിലുള്ളവരും തങ്ങളുടെ ഈ

ബന്ധത്തെക്കുറിച്ചറിഞ്ഞാൽ അടങ്ങിയിരിക്കുമോ?.....

എന്നിട്ടെന്തുണ്ടായി?

എല്ലാം പോയില്ലേ! ഇനിയെങ്ങിനെ എന്റെ ലീനയെ ഒന്ന് കാണാനൊക്കും! പള്ളിയിലെ തട്ട് അവൾ ഉൾക്കൊള്ളുന്ന കുർബ്ബാനക്കുവേണ്ടി പിടിക്കപ്പെടാൻ മോഹിച്ചു നടന്നു.

സെമിത്തേരിയിലെ രക്തസാക്ഷികളുടെ സിംഹാസനവും പ്രജകളുടെ കുഴി മാടങ്ങളും രാജ്ഞിയുടെ ദർശനം കാത്തുകിടന്നു.

അറ്റം കെട്ടി പുറകിലേക്കെറിഞ്ഞ നീണ്ടമുടി ഒരുനോക്കു കൂടി കാണാൻ.... ആ നൂപുര ശിഞ്ജിതമൊന്നു കൂടി കേൾക്കാൻ!

# പതിനഞ്ച്

എസ്.എസ്.എൽ.സി ബുക്കിലെ മാർക്ക് ലിസ്റ്റിലൂടെ കണ്ണോടിച്ചുകൊണ്ട് തോമസ്സച്ചൻ അഭിനന്ദിച്ചു, "ഏല്യാസിനിത്രയും ഉയർന്ന മാർക്കുകൾ കിട്ടുമെന്ന് ഞാനൊരിക്കലും പ്രതീക്ഷിച്ചില്യാട്ടോ.'

പക്ഷേ നിരാശയായിരുന്നു മനസ്സിൽ. ഒരു റാങ്കെങ്കിലും നേടിയെടുക്കണമെന്നു കരുതി പടിക്കലെ തെരുവു വിളക്കിന്റെ കീഴിൽ നീണ്ടയാമങ്ങൾ തള്ളിനീക്കിയത് വിഫലമായിരിക്കുന്നു. സ്കൂളിലെ ടീച്ചർമാരെല്ലാം കഴിവതും സഹായിച്ചു. പ്രത്യേകിച്ച് സൗദാമിനി ടീച്ചർ.

പരീക്ഷാഫലം പുറത്തായദിവസം അവരുടെയെല്ലാം കണ്ണുകൾ റാങ്കു നേടിയ വിദ്യാർത്ഥികളുടെ ഫോട്ടോകളിലൂടെ അരിച്ചുനടന്ന് നിരാശപൂണ്ടിരിക്കും.

ഒരു ലാഭവും പ്രതീക്ഷിച്ചല്ല അവർ തനിക്കുവേണ്ടി കൂടുതൽ പ്രയത്നിച്ചത്. എന്നിട്ടും അവരുടെ ആത്മാർത്ഥതയോടു നീതി പുലർത്താൻ തനിക്കു കഴിയാഞ്ഞതെന്ത്യേ!

ഫസ്റ്റ് ക്ലാസ്സിൽനിന്നും അല്പം ഉയർന്ന ശതമാനത്തിലുള്ള മാർക്ക് ലിസ്റ്റ് തന്നെ നോക്കി കൊഞ്ഞനം കുത്തി നിന്നപ്പോൾ സ്വന്തം കഴിവിലുള്ള വിശ്വാസം നഷ്ടപ്പെടുകയായിരുന്നു.

എന്തേ മാർക്കുകൾ ഇത്രയും കുറഞ്ഞുപോകാൻ! മോളിയേക്കാളും പിന്നിൽ! കടുത്ത ആത്മനിന്ദ തോന്നി.

അല്ലെങ്കിൽത്തന്നെ ജീവിതത്തിൽ എന്താണ് ഇച്ഛാനുസരണം നടന്നിട്ടുള്ളത്? പരമാവധി പ്രവർത്തിച്ചാലും പ്രതിഫലം തരുന്നയാൾ വേറെയാണല്ലൊ!

ഭാഗ്യത്തിന്റെയും വിധിയുടെയും പാരലൗകിക വേടന്മാർ കർമ്മഫലങ്ങളെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കെ, ലക്ഷ്യം വച്ചുള്ള കഠിനാദ്ധ്വാനത്തിൽ എന്തർത്ഥമാണുള്ളത്?

സൗദാമിനി ടീച്ചറെ നേരിടാനായിരുന്നു ഏറെ ബുദ്ധിമുട്ട്. മറ്റു സാറന്മാരിൽനിന്നും ലഭിച്ച നികൃഷ്ടമായ നോട്ടം മനസ്സിനെ തളർത്തിക്കളഞ്ഞു. ഇക്കണക്കിന് സൗദാമിനി ടീച്ചർ തന്നെ ആട്ടിപ്പുറത്താക്കിയേക്കുമെന്ന് ന്യായമായും ഭയന്നു. അവർക്കതിനുള്ള അവകാശവുമുണ്ട്.

ഉയർന്ന ഫീസുകൊടുക്കാമെന്നു പറഞ്ഞിട്ടും മറ്റു കുട്ടികൾക്കു ട്യൂഷനെ

ടുക്കാൻ വിസമ്മതിച്ച ടീച്ചർ, അർഹതയുടെ പേരിൽ തനിക്ക് പ്രത്യേകമായി ശിക്ഷണം തന്നത് സൗജന്യമായിരുന്നല്ലോ!

എത്രയോ പ്രാവശ്യം ടീച്ചർ എനിക്കുവേണ്ടി സ്കൂൾ ഫീസു കൊടുത്തു. എത്ര ബുക്കുകളവർ വാങ്ങിത്തന്നു.

എന്നിട്ടും.....

ഒരു വെല്യമ്മയോടൊപ്പം ഒറ്റക്കു കഴിയുന്ന ടീച്ചറിന്റെ ഒതുക്കമുള്ള വീടിന്റെ മുറ്റത്തേക്ക്, മരപ്പടി കവച്ചു കടക്കുമ്പോൾ പേരറിയാത്തൊരു ഭയാശങ്ക മനസ്സിനെ പൊതിഞ്ഞുനിന്നു.

വാതിലിൽ മെല്ലെ മുട്ടിയിട്ട് ഒതുക്കിൽ മാറിനിന്നു.

നേർത്ത പാദപതനങ്ങൾ...

സാരി ഉലയുന്ന ശബ്ദം...

ടീച്ചറായിരുന്നു.

പെട്ടെന്നു തന്നെ കണ്ടപ്പോൾ ആ കണ്ണുകളിലെ വിഷാദാത്മകത ഉരുകി വീണതുപോലെ. ആ ചുണ്ടുകൾ ഒരുനിമിഷം ഒരു നേർത്ത പുഞ്ചിരിക്ക് ജന്മം കൊടുത്തു. "ഏല്യാസോ, വരൂ വരൂ!"

ടീച്ചറിന്റെ പഠനമേശയ്ക്കൽ, ഒരു കസേര കൂടി വലിച്ചിട്ട് തന്നെ ഒപ്പമിരു ത്തിക്കൊണ്ട് ടീച്ചർ പറഞ്ഞു. "ഫസ്റ്റുക്ലാസ്സു വാങ്ങിയല്ലെ, മിടുക്കൻ! എന്റെ അഭിനന്ദനങ്ങൾ!

ടീച്ചറുടെ വാക്കുകൾ മുഖവിലക്കെടുക്കാൻ കഴിഞ്ഞില്ല. ഒരു കൊടുങ്കാ റ്റിന്റെ മുന്നോടിയാണെന്നു കരുതി.

മുഖം ഒറ്റിക്കൊടുത്ത ആശങ്കാഭാവം കണ്ടാകണം ടീച്ചർ തിരക്കി. "ങ്ഉം, എന്താ ഏല്യാസിനൊരു വല്ലായ്മ?"

കുറ്റബോധത്തോടെ തലതാഴ്ത്തി അറിയിച്ചു. "ക്ഷമിക്കണം ടീച്ചർ, എനിക്ക് റാങ്ക്....."

"വിടു കുട്ടീ, ഭൂതകാലത്തെ അതിന്റെ വഴിക്ക്. വിഷമിച്ചിരുന്നാൽ ഇനി റാങ്ക് കിട്ടുമോ? നമ്മുടെ സ്കൂളിൽ ആകെ ലഭിച്ച മൂന്നു ഫസ്റ്റുക്ലാസ്സുകളിൽ ഒന്നിന്റെ ഉടമ ഏല്യാസായതിൽ ആനന്ദിക്ക്. ജീവിതത്തെ അതിന്റെ അധികഭാഗം കൊണ്ടു കാണൂ. ന്യൂന ഭാഗം കൊണ്ട് കണ്ടാൽ, നഷ്ടങ്ങളുടെ കണക്കേ ജീവിതത്തിലുണ്ടാവൂ. ജനനം തുടങ്ങി, വിലപ്പെട്ടതെല്ലാം ഒന്നൊ ന്നായി നമുക്ക് നഷ്ടമാവുകയല്ലേ? അതേക്കുറിച്ചെല്ലാം ഓർക്കാൻ തുടങ്ങിയാൽ കരഞ്ഞു തീർക്കാനേ ഈ ജീവിതത്തിൽ നേരം കാണൂ.

ടീച്ചർ അടുക്കളയിലേക്ക് നോക്കി വിളിച്ചു. "മറിയച്ചേടത്തീ, രണ്ടുകപ്പ് കാപ്പി."

ശരിയാണ്, കരയാനൊരു കാരണം തേടുകയായിരുന്നെങ്കിൽ, ഭിത്തിയിൽ ഒരിക്കലും വാടാത്ത ഇലഞ്ഞിപ്പൂമാല അലങ്കരിക്കുന്ന ഭർത്താവിന്റെ ഫോട്ടൊ നോക്കി, എന്നും ടീച്ചറിനു കരയാമായിരുന്നു; എപ്പോഴും വിധിയെ പഴിക്കാ മായിരുന്നു.

മറിയച്ചേടത്തി എല്ലാം പറഞ്ഞുതന്നിട്ടുണ്ട്.

നിറപറയും നിലവിളക്കും സാക്ഷിയാക്കി, കഴുത്തിൽ മംഗല്യസൂത്രം അണിയിച്ചുതന്ന പുരുഷനോടൊപ്പം അരകല്ലിൽ ചവുട്ടിക്കൊണ്ട്. “ഈ അരകല്ലു പോലെ ജീവിതം മുഴുവൻ ഞാനങ്ങയോടു ചേർന്നു കിടക്കുമെന്ന്” പൂജാരിയേയും, സർവ്വബന്ധുക്കളേയും സാക്ഷിയാക്കി പ്രഖ്യാപിച്ച ടീച്ചറെ, വിധി മാത്രം അതിനനുവദിച്ചില്ല.

അല്ലെങ്കിൽ ആനന്ദകരമായ ദാമ്പത്യജീവിതത്തിന് രണ്ടാഴ്ചയുടെ ആയുസ്സെത്തും മുമ്പ് മിലിട്ടറിയിലേക്കദ്ദേഹത്തെ തിരിച്ചു വിളിച്ചുകൊണ്ട് ടെലിഗ്രാം വരേണ്ടതില്ലായിരുന്നു.

അനുനിമിഷം മുന്നേറുന്ന ചൈനക്കെതിരെ ഉറയുന്ന തണുപ്പിൽ, ത്രിവർണ്ണ പതാക പ്രതിരോധം ഉറപ്പിക്കവേ, എത്രയോ തപ്തനിശ്വാസങ്ങളും, നീണ്ട പ്രാർത്ഥനകളും അദ്ദേഹത്തിന്റെ സുരക്ഷക്കായി ദേവസന്നിധിയിലേക്കുയർന്നു.

ദാമ്പത്യത്തിന്റെ ഇടക്കു മുറിഞ്ഞുപോയ സ്വപ്നങ്ങൾ ഉടനെ മുറിക്കൂട്ടാൻ വേണ്ടി താരുണ്യം പൂത്തുലഞ്ഞ ഒരു യുവതി, എത്രയോ സോമയാഗങ്ങൾ കഴിച്ചു!

പക്ഷേ!

വിജനതയിൽ വച്ച് ഉടമസ്ഥൻ മരിച്ചുപോയ നായയുടെ വിശ്വസ്തത പോലെ, നാഥനില്ലാതെ തിരിച്ചുവന്ന വലിയ തകരപ്പെട്ടിയിൽ നിന്നു കിട്ടിയ, ഭാര്യക്കായി എഴുതി പകുതിയാക്കിയ, സ്നേഹം വചനമായി മാറിയ എഴുത്തിലൂടെ നയനങ്ങൾ അരിച്ചു നീങ്ങുമ്പോൾ ഒരിക്കലും ടീച്ചറുടെ കരങ്ങൾ വിറച്ചില്ലത്രേ! മനസ്സിന്റെ നിയന്ത്രണവും നഷ്ടമായില്ല.

സജലങ്ങളായ മിഴികൾ അക്ഷരങ്ങളെ അവ്യക്തമാക്കിയപ്പോൾ, ഇറുകെയടച്ച നയനങ്ങളിൽനിന്ന് രണ്ട് നീർത്തുള്ളികൾ ഇറ്റുവീണ് കത്തിലെ സ്നേഹത്തിന്റെ അക്ഷരങ്ങളെ ചാലിച്ചു.

അത്രമാത്രം!

വർഷങ്ങളുടെ മറവിൽ, പലരും വിവാഹാഭ്യർത്ഥനയുമായി ചെന്നിട്ടും വീട്ടുകാരുടെ നിർബ്ബന്ധത്തിന് ടീച്ചർ വഴങ്ങിയില്ല, “വില കുറഞ്ഞ കുറേ ആനന്ദകരമായ നിമിഷങ്ങൾക്ക് ജീവിതത്തിന്റെ ഉയർന്ന ലക്ഷ്യങ്ങൾ അടിയറ വെക്കാൻ ഞാനൊരുക്കമല്ല.”

ഒടുവിൽ, ടീച്ചറിതാ, ഈ സ്കൂളിൽ വന്നിരിക്കുന്നു, അദ്ധ്യാപനത്തിലൂടെ ജീവിതലക്ഷ്യം നേടാൻ.

“എന്റെ ക്ലാസ്സുകൾ എന്റെ കുടുംബമാണു കുട്ടീ, എന്റെ വിദ്യാർത്ഥികൾ എന്റെ മക്കളാണ്. നിങ്ങളുടെ വിജയം എന്റെ വിജയമാണ്.‘

വളരെ ഉയർന്നുനിൽക്കുന്ന ടീച്ചറുടെ കാൽക്കൽ വീണു നമസ്ക്കരിക്കാൻ തോന്നി. മുറ്റത്തെ മണലിൽ മുല്ലമരം വിതറിയിട്ട് മുല്ലപ്പൂക്കൾ കൈക്കുടന്നയിൽ നിറച്ചെടുത്ത് ടീച്ചറിന്റെ കാൽക്കൽ അർച്ചിക്കാൻ തോന്നി... “ഏല്യാസിന്റെ അടുത്ത ഉദ്ദേശ്യമെന്താണ്?” കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോൾ ടീച്ചർ ചോദിച്ചു.

എന്തുത്തരം പറയാനാണ്?

തുടർന്നു പഠിക്കണമെന്ന് അതിയായ ആഗ്രഹമുണ്ട്. പക്ഷേ ഫീസ്, പുസ്തകങ്ങൾ, ചിലവുകൾ, അപ്പന്റെ ചിന്താഗതി....

“കോളേജിൽ ചേർന്നു പഠിക്കൂ. അല്പസഹായം ഞാനും ചെയ്യാം.”

“വേണ്ട ടീച്ചർ. ഇപ്പോൾത്തന്നെ തിരിച്ചടക്കാൻ കഴിയാത്തവിധം ടീച്ചറിനോട് ഞാൻ കടപ്പെട്ടിരിക്കുന്നു.

“അതു ഞാനല്ലെ തീരുമാനിക്കേണ്ടത്? ബാലിശമായ പ്രതിബന്ധങ്ങളിൽ തട്ടി വീണുപോകേണ്ടതല്ല ജീവിതം.

അതുതന്നെ തോമാസ്സച്ചനും ആവർത്തിക്കുന്നു,

“പഠിക്കൂ. തുടർന്നു പഠിക്കൂ. പഠിച്ചുയരൂ!! എന്തുസഹായവും....”

പക്ഷേ തന്റെ കുടുംബസ്ഥിതി ആരാണു മനസ്സിലാക്കുന്നത്.

കാത്തിരിപ്പിൽ കാലം കഴിക്കുന്ന അമ്മ; ഉള്ളതെല്ലാം വിറ്റു കുടിക്കുന്ന അപ്പൻ! ഉഴപ്പി നടക്കുന്ന പൗലോസ്, തിരിച്ചറിവു വരാത്ത എത്സി.

കുടുംബം അന്യം നിൽക്കാതിരിക്കണമെങ്കിൽ തന്റെ ഉയർന്ന മോഹങ്ങളെ മെതിച്ചു ചേർക്കേണ്ടിയിരിക്കുന്നു.

“തടസ്സങ്ങൾ തീർച്ചയായുമുണ്ടാവും. അവയെ മറികടക്കുന്നതിലാണു മേന്മ. അല്ലാതെ ചെറുകാറ്റിൽ ഒടിഞ്ഞുവീഴുന്നതിലല്ല.”

എന്തെളുപ്പമാണു പറയാൻ. വീട്ടിലെ കൊടുങ്കാറ്റിനെപ്പറ്റി അച്ചനെന്തറിയാം. ഒരധികപ്പറ്റെന്ന നിലയിൽ ചിലവിനു തരുന്ന തന്റേതല്ലാത്ത അപ്പനെപ്പറ്റി അച്ചനെന്തു മനസ്സിലാക്കി?

ഇനി പഠിപ്പിക്കാനൊക്കില്ലെന്ന് അപ്പൻ തീർത്തുപറഞ്ഞിരിക്കുന്നു. “ഒന്നുകില് എവ്ടേലും ജോലി തേടിപ്പിടി. അല്ലെങ്കി, കാളവണ്ടി തെളിച്ച് മരക്കച്ചോടം നടത്ത്. അവന്റ്യാര് കോളേജുകുമാരൻ!

ഒരു നനഞ്ഞ പ്രഭാതത്തിൽ, കുർബ്ബാനക്കു കൂടിക്കഴിഞ്ഞ് അച്ചന്റെ മുറിയിലിരിക്കുമ്പോഴാണ്, തോമസച്ചൻ വീണ്ടും തന്റെ പഠനത്തിന്റെ കാര്യം എടുത്തിട്ടത്. “കോളേജുകളിലെ അഡ്മിഷൻ കഴിയാറായി. എന്നിട്ടും ഏല്യാസിനൊരു ചൂടുമില്ലല്ലോ?”

തന്റെ നീണ്ടുനിന്ന മൗനം അച്ചനെ അത്ഭുതപ്പെടുത്തുകയായിരുന്നു, “ഏല്യാസ് തുടർന്നു പഠിക്കുന്നത് അപ്പനിഷ്ടമല്ലേ?”

“അതിന് എന്റെ അപ്പനാണെങ്കിലല്ലേ!” പറഞ്ഞുകഴിഞ്ഞാണ് വെളിപ്പെടുത്തപ്പെട്ട രഹസ്യത്തിലെ ഭീകരത തന്നെത്തന്നെ നടുക്കിയത്.

“പിന്നെ?” അച്ചന്റെ മുഖത്ത് അവിശ്വാസ്യത.

‘പറയൂ, തുറന്നുപറയൂ.’

തന്റെ നികൃഷ്ട ജന്മത്തിനു പിന്നിലെ ശാപകഥകൾ മുഴുവൻ അച്ചന്റെ മുമ്പിൽ കുമ്പസാരിച്ചു. മത്തായിയും അമ്മയും തമ്മിൽ വിവാഹം കഴിക്കാൻ നിശ്ചയിച്ചിരുന്നതും, അമ്മൂമ്മയുടെ ആത്മഹത്യയുടെ ഭീഷണിക്കു മുമ്പിൽ അമ്മയ്ക്ക് അപ്പനെ കല്യാണം കഴിക്കേണ്ടി വന്നതും എല്ലാം.... തുറന്നു

പറഞ്ഞു.

എല്ലാം കേട്ടുകഴിഞ്ഞ് തോമാസ്സച്ചൻ ചോദിച്ചു. "ഏല്യാസ് അമ്മയെ വെറുക്കുന്നുണ്ടോ?"

"അമ്മയുടെ ആ ദുർബ്ബല നിമിഷങ്ങളാണ് എന്റെ ഏറ്റവും വലിയ ദുഃഖം."

"പക്ഷേ ആ ദുർബ്ബല നിമിഷങ്ങൾക്കമ്മ അടിമയാവാതിരുന്നെങ്കിൽ ഏല്യാസ് എന്നെങ്കിലും ജനിക്കുമായിരുന്നോ? ഇന്നിവിടെ ഇങ്ങിനെ നിൽക്കുമായിരുന്നോ?"

കേട്ട് ഞെട്ടിത്തരിച്ചിരുന്നത് ഇന്നലെയെന്നോണം ഓർക്കുന്നു....

"പറുദീസായിലെ വിലക്കപ്പെട്ട കനികൾ വന്ദിക്കപ്പെടേണ്ടവയാണ്, അച്ചൻ തുടർന്നു,' "അതുകൊണ്ടാണല്ലോ ലോകത്തിൽ മനുഷ്യരുത്ഭവിച്ചതും, അങ്ങനെ മനുഷ്യപുത്രൻ അവതരിച്ചതും."

പുതിയ അറിവു വാരിയെറിഞ്ഞ പ്രകാശരേണുക്കളുടെ നേരെ മിഴിച്ചു നിന്നു.

തനിക്കു ജന്മമേകിയ അമ്മയുടെ പാപം; താൻ കരുപ്പിടിപ്പിക്കപ്പെട്ട വിലക്കപ്പെട്ട നിമിഷങ്ങൾ - രണ്ടിനും സ്തുതി പറയാൻ തോന്നി.

അസ്തിത്വം ഒരു പൂർണ്ണതയാണെങ്കിൽ, അതിനു വഴിയൊരുക്കിയ തെറ്റ് ഒരപൂർണ്ണതയാവുന്നതെങ്ങനെ? ചീത്ത വൃക്ഷത്തിൽനിന്നും ഒരിക്കലും നല്ല ഫലങ്ങൾ കായ്ക്കില്ലല്ലൊ.

എനിക്കു പിറവിയേകിയ ജന്മപാപമേ, എന്നെ നയിക്കുന്ന കർമ്മപാപങ്ങളേ നന്ദി. ഓരോ കർമ്മപാപവും, ജന്മപാപത്തിന്റെ ഗ്രഹണമേകിക്കൊണ്ട്, പുതിയ പുതിയ മനുഷ്യപുത്രന്മാർക്ക് അവതാരമൊരുക്കുന്നുണ്ടല്ലോ! പാപത്തോടുള്ള ചായ്‌വ്.

നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം, ഭക്ഷണരൂപത്തിൽ വരുന്ന സാത്താന്റെ പരീക്ഷണം.

ആത്മാവ് ഒരുക്കമുള്ളതെങ്കിലും ബലഹീനമായ ശരീരം.

വീണ്ടെടുപ്പായി ക്രിസ്തുവിന്റെ ക്രൂശുമരണമുണ്ടല്ലൊ. പാപമോചനത്തിന് കുമ്പസാരവും!

തന്നിഷ്ടത്തിന് ഇറങ്ങിപ്പോയ ധൂർത്തപുത്രൻ മടങ്ങിവന്നപ്പോൾ കൊഴുത്ത കാളക്കുട്ടിയെ പിതാവ് കൊല്ലിച്ചു.

അല്ലെങ്കിൽത്തന്നെ പാപത്തിനും പുണ്യത്തിനും ഇടക്കുള്ള നേർത്ത അതിർവരമ്പെവിടെയാണ്?

"ഇതൊന്നും പാപമല്ല ഏല്യാസ്, പാപലക്ഷണം മാത്രമാണ്. "പിന്നെ യഥാർത്ഥ പാപം എന്താണച്ചോ?"

"അയൽക്കാരനെ പിട്ടിണിക്കിട്ടിട്ട് ഛർദ്ദി ഗേഹങ്ങൾ കെട്ടിപ്പൊക്കുന്നത്. ഈ ചെറിയവരിൽ ഒരുത്തനോടു ചെയ്യുന്നത് തന്നോടാണു ചെയ്യുന്നതെന്ന്

---

*വയർ നിറയെ ഭക്ഷണം കഴിച്ചിട്ട് ഛർദ്ദിച്ചുകളഞ്ഞ് വീണ്ടും വീണ്ടും കഴിക്കാൻ വേണ്ടി പുരാതനകാലത്ത് ഉണ്ടാക്കിയിരുന്ന ഭക്ഷണശാലകൾ.

ക്രിസ്തു അഖണ്ഡമായി പ്രഖ്യാപിച്ചില്ലേ?"

ശരീരത്തിൽ ആത്മാവു നിലനില്ക്കത്തക്കവിധം മാത്രം ആഹാരം കഴിച്ച് ലളിതജീവിതം നയിക്കുന്ന തോമാസ്സച്ചൻ, ഒരു ചെറിയവനെ ആശുപത്രിയിൽ കൊണ്ടുപോകാൻ വേണ്ടിയാണല്ലോ ആകെയുണ്ടായിരുന്ന ട്രാൻസിസ്റ്റർ കൂടി വിറ്റത്.!

എത്രയോ നിർദ്ധനരായ കുട്ടികളെ അച്ചൻ ഏറ്റെടുത്തു പഠിപ്പിക്കുന്നു.!

"ഈ ചെറിയവരിലൂടെ അവതാരമെടുത്ത ക്രിസ്തു നമുക്കു ചുറ്റും പട്ടിണി കിടക്കുന്നിടത്തോളം കാലം, നമുക്കെങ്ങനെ നിറച്ചുണ്ണാൻ കഴിയും?

നിരക്ഷനായി അവിടുന്ന് ചൂഷണം ചെയ്യപ്പെടുന്നിടത്തോളം കാലം നമുക്കെങ്ങനെ വിദ്യാസമ്പന്നരെന്ന് അഹങ്കരിക്കാൻ കഴിയും?

"അതുകൊണ്ടാണ് ഞാൻ പറയുന്നത് - ഏല്യാസ് പഠിക്കണം - പഠിച്ചുയർന്ന് പാവപ്പെട്ടവരിലെ ക്രിസ്തുവിനെ ഉദ്ധരിക്കണം.

'പക്ഷേ അപ്പന്റെ സമ്മതം....."

"അതു ഞാൻ വാങ്ങിത്തരാം. പോരേ?"

ഒരു സാമ്രാജ്യം വെട്ടിപ്പിടിച്ച സന്തോഷമായിരുന്നു.

വിദ്യാഭ്യാസത്തിന്റെ അടഞ്ഞിരുന്ന കൂമ്പുകൾ ഇതാ വീണ്ടും തളിർക്കാൻ പോകുന്നു.

പണ്ട് മുതൽ ഒരു സ്വപ്നമായിരുന്ന കോളേജ് കവാടം, ഇതാ തന്റെ കൺമുമ്പിൽ!!

# പതിനാറ്

അറിവിന്റെ വൻ കവാടങ്ങൾക്കു മുമ്പിൽ അന്തിച്ചുനിന്നുപോയി.

ആധുനിക വിജ്ഞാനത്തിനു മുമ്പിൽ ഒരു കുഞ്ഞായി, പരമാണുവായി ചുരുങ്ങിച്ചുരുങ്ങിപ്പോകുന്നതറിഞ്ഞു.

അല്ലെങ്കിൽത്തന്നെ ദീപ്തിവർഷങ്ങൾക്കുപോലും നിലയില്ലാത്ത അനന്ത വിശാല പ്രപഞ്ചത്തിൽ തന്റെ പ്രസക്തിയെന്താണ്? മില്യൺ കണക്കിൽ എണ്ണപ്പെടുന്ന ഭൂമിയുടെ പുരുഷായുസ്സിൽ, കേവലം പതിനാറു വർഷങ്ങൾ എന്തുള്ളു!

ബ്രഹ്മാണ്ഡകടാഹത്തിന്റെ അനുസ്യൂത പ്രയാണത്തിന് ദൈവം ഒരുക്കിക്കൊടുത്ത സൂക്ഷ്മമായ പ്രകൃതിനിയമങ്ങൾ. പ്രപഞ്ചനിയമങ്ങളുടെ പ്രഹേളികയെ മറനീക്കി അവയെ സ്വന്തം ആവശ്യത്തിനൊത്തു വളക്കാൻ കഴിഞ്ഞ മനുഷ്യബുദ്ധി.

കാലത്തിന്റെ കൊടുങ്കാറ്റിനെതിരെ അത്യാഗ്രഹം കൊണ്ട് ചിലന്തിവലകൾ കെട്ടിപ്പൊക്കിയ എത്രയോ ചക്രവർത്തിമാർ വിശ്വസ്ഥരുടെ വാൾമുനകളാൽ വിധിക്ക് കീഴടങ്ങി!

ലോകത്തെ മോഹിപ്പിച്ച എത്രയോ വിശ്വസുന്ദരിമാർ അനശ്വരമെന്നു കരുതിയ തങ്ങളുടെ ചീഞ്ഞളിഞ്ഞ ശരീരംകൊണ്ട് മണ്ണിനടിയിൽ തപ്തനിശ്വാസങ്ങളോടെ കഴിഞ്ഞുകൂടുന്നു!

സ്ഥലകാലത്തിന്റെ അതിരുകളെ ഉല്ലംഘിക്കുന്ന അറിവേതാണ്?

നിത്യമായി നിൽക്കുന്ന സൗന്ദര്യമേതാണ്?

ആധുനിക വിജ്ഞാനത്തിന്റെ ഈറ്റില്ലം തേടി പല ഗ്രാമങ്ങളിൽനിന്നും ഒരുമിച്ചു കൂടിയ യുവാക്കളോടൊപ്പം, യുവതികളോടൊപ്പം ക്ലാസ്സിൽ നിന്നു ക്ലാസ്സിലേക്കു നടക്കുമ്പോൾ സ്വന്തം അല്പത്വം കൂടുതൽ വെളിപ്പെടുകയായിരുന്നു.

വിലകൂടിയ ഉടുപ്പുകളണിഞ്ഞ്, സമ്പത്തിന്റെ ഗർവ്വ് ആലസ്യമായി പടർന്നു കിടക്കുന്ന കണ്ണുകളോടെ ഒഴുക്കൻ മട്ടിൽ ഇഴഞ്ഞുനീങ്ങുന്ന, ഉറക്കെ പൊട്ടിച്ചിരിക്കുന്ന യുവതീയുവാക്കൾക്കിടയിൽ, രക്തബന്ധം പോലുമില്ലാത്ത ഒരു വൈദികന്റെ കനിവിൽ മാത്രം കോളേജിന്റെ ഒതുക്കുകൾ ചവിട്ടിക്കയറിയവർ കാണില്ലല്ലോ!

സ്വന്തം അപ്പനെ നാട്ടിൽ നിന്നോടിച്ചു കളഞ്ഞിട്ട്, യാഥാർത്ഥ്യമറിഞ്ഞപ്പോൾ വിഹ്വലതയോടെ തേടി നടക്കുന്നവരും മറ്റാരുമുണ്ടാവില്ല.

സ്വന്തം ഗ്രാമത്തിന്റെ ലോലമായ അതിർത്തി വരമ്പുകൾ ചവിട്ടിക്കടന്ന് ഈ വൻനഗരത്തിൽ ആദ്യമായി കാലുകുത്തിയപ്പോൾ മുതൽ കണ്ണുകളുഴറിയത് തന്റെ അപ്പനുവേണ്ടിയാണ്-താനോടിച്ചുകളഞ്ഞ മത്തായിക്കുവേണ്ടി.

ഒരുപക്ഷെ ഒരു ചുമട്ടുകാരനായി, ഒരു കൂലിയായി, തെരുവിലലയുന്ന തെണ്ടിയായി, പൊയ്പ്പോയ തപ്തസ്മരണകളും അയവിറക്കി, എന്റെയപ്പൻ ഈ വൻനഗരത്തിന്റെ ദുർഗ്ഗന്ധം ശ്വസിക്കുന്ന ചാലുകളിൽ അഭയം തേടിയിരിക്കാം!

കോളേജിലേക്കാദ്യമായി തോമാസ്സച്ചനോടൊപ്പം ഇറങ്ങുമ്പോൾ ചാണകം മെഴുകിയ വരാന്തയിൽ തൂണും ചാരിനിന്നുകൊണ്ട് അമ്മ നോക്കിയ ദയനീയനോട്ടം തലേരാത്രി രഹസ്യമായി പറഞ്ഞ വാക്കുകളെ ഓർപ്പിക്കുകയായിരുന്നില്ലേ?" പോവുന്നിടത്തൊക്കെ ഒരു കണ്ണ് വേണോട്ടോ മോനേ, മോന്റപ്പൻ..."

നനഞ്ഞ പപ്പടം അതീവ സ്നേഹത്തോടെ തനിക്കു നീട്ടിത്തന്നെ തന്റെയപ്പൻ പകരം താൻ.....

ഇല്ല, മത്തായിയെ കണ്ടുകിട്ടാതെ അമ്മക്കു നഷ്ടപ്പെട്ട പറുദീസ കണ്ടു കിട്ടുമെന്ന് തോന്നുന്നില്ല. ഈ ജീവിതത്തിലതു സാദ്ധ്യമാവുമോ?

അതോ, ഈ ജീവിതത്തിലെ പ്രയാണങ്ങൾക്കത്രയും ലക്ഷ്യം കണ്ടെത്തുന്നത് മരണത്തിലൂടെ മാത്രമാണോ? അനന്തമായ തേടലുകൾ ജീവിതത്തെ ഒരു വഴിയാത്രയാക്കിയിരിക്കുന്നു!

ഇടക്ക് അല്പമൊന്നിരുന്നണക്കാൻ ഒരു കീറു സ്നേഹത്തിന്റെ മരത്തണൽ കൂട്ടുപിരിയുമ്പോൾ അല്പായുസ്സുള്ള സുഹൃദ്ബന്ധങ്ങളുടെ മുഖത്ത് വിരഹവേദന; കൂടുതൽ ഭാരത്തോടെ മിടിക്കാൻ തുടങ്ങുന്ന ഹൃദയം!

അതെ, ഈയിടെയായി എല്ലാ ചിന്തകളും തന്നെ നയിക്കുന്നതവിടേക്കാണ്.

രക്തത്തുള്ളികൾ തെറിച്ചുവീണ അടക്കാമണിയപ്പൂക്കൾ ഇപ്പോഴും കാറ്റിൽ നൃത്തമാടുന്നുണ്ടാവുമോ?

'കപ്പലണ്ടിക്കാരാ, കപ്പലണ്ടിക്കാരാ.... രണ്ടണ്ടിക്ക് കപ്പലണ്ടി,' ഒരു പൂമ്പൊടിയുടെ പ്രസരിപ്പോടെ കശുമാവിൻ ചുവട്ടിൽ വിളിച്ചു പറഞ്ഞ നനുത്ത ശബ്ദത്തിന്റെ അണുരണനം പോലും നിലച്ചിട്ടുണ്ടാവും!

അതീവരഹസ്യമായി താൻ വച്ചു പൂജിച്ചിരുന്ന ചാരനിറമാർന്ന ആ കശുവണ്ടികൾ പോലും എങ്ങനെയോ പൗലോസ് കണ്ടെത്തി ചുട്ടുതല്ലിപ്പൊട്ടിച്ച് തിന്നിരിക്കുന്നു!

പരിപ്പു കവർച്ച ചെയ്യപ്പെട്ട തോടായി, കത്തിക്കരിഞ്ഞ ആ കശുവണ്ടികൾ ഇപ്പോൾ ഏതു ചാരക്കുഴിയിലാണ് കണ്ടെത്താൻ കഴിയുക!

ഒരു നനഞ്ഞ ദീപനാളം കണക്കെ, വേദനയിൽ മുനിഞ്ഞു കത്തുന്ന ആ നിഷ്ക്കളങ്ക പുഞ്ചിരിപോലും കുറേനാളായി കാണാതിരുന്നപ്പോൾ മനസ്സിലായിരിക്കുന്നു – ആ പ്രകാശം കൂടാതെ തനിക്ക് ജീവിക്കാനാവില്ലെന്ന്!

നീരദങ്ങൾ നിറഞ്ഞ മാനത്ത് വിളറിവെളുത്തുനിൽക്കുന്ന സൂര്യനെപ്പോലെ

വേദന നിറഞ്ഞതെങ്കിലും ആ തൂമന്ദഹാസം ഒരിക്കൽക്കൂടി കാണാൻ!

പെറുക്കിക്കൂട്ടിയ ഓർമ്മയുടെ വളപ്പൊട്ടുകൾ മനസ്സിന്റെ മർമ്മഭാഗത്തു നിനക്ക് തന്നെ തറഞ്ഞുകയറുന്നു.

വലിയ മുറിവിലൂടെ ശരീരത്തിലെ രക്തം മുഴുവനും ചോർന്നുപോയ യോദ്ധാവിന്റെ ദാഹമായിരുന്നു മനസ്സിന്.

അറ്റം കെട്ടി പുറകിലേക്കെറിഞ്ഞ നിഴലുമായി ശാലീനതയോടെ നിൽക്കുന്ന ആ അടക്കാമണിയപ്പൂവിന്റെ വേദന നിറഞ്ഞ സുഗന്ധം ആത്മാവു നിറയെ ഒരിക്കലെങ്കിലും നുകരാൻ....

പള്ളിയിൽ പോലും ലീനയെ കാണാൻ കിട്ടാതെയായിരിക്കുന്നു. കുർബ്ബാനക്കു കൊടുക്കുന്ന അച്ചന്റെ കൂടെ തട്ടുപിടിച്ചുകൊണ്ട് പെണ്ണുങ്ങളുടെ ഭാഗത്തെത്തുമ്പോൾ, കടിഞ്ഞാണൂരിയ നയനങ്ങൾ നാലുപാടും പാഞ്ഞു. ഞായറാഴ്ച കുർബ്ബാന പോലും അവൾക്കു നിഷേധിക്കപ്പെട്ടിരിക്കയാണോ?

ഏഴുരക്തസാക്ഷികളുടെ സിംഹാസനം, നഷ്ടപ്പെട്ട വസന്തങ്ങളെ ഓർത്ത് നിശ്വാസങ്ങളുതിർത്തു.

അപ്രത്യക്ഷയായ രാജ്ഞിയുടെ പുനരാഗമനത്തിനുവേണ്ടി കൈവിരിച്ചുപിടിച്ച് പ്രാർത്ഥിക്കുന്ന പ്രജകൾ – സെമിത്തേരിയിൽ.

കുഴിമാടങ്ങളെ പൊതിഞ്ഞ കാട്ടുപുല്ലുകളിൽ പോലും ദുഃഖത്തിന്റെ കണ്ണീർത്തുള്ളികൾ തൂങ്ങിക്കിടന്നു.

കാത്തിരിപ്പിന്റെ ഭാരം താങ്ങാനാവാതെ, ഒന്നുകാണണമെന്ന മോഹം അടക്കാനാവാതെ വന്നപ്പോൾ, തെക്കോട്ടുള്ള വഴിയിലൂടെ നടന്ന് കുന്നുകയറി

ചില്ലകൾ ഒടിഞ്ഞു തൂങ്ങി വികൃതമായിക്കിടക്കുന്ന, കശുമാവിന്റെ ചുവട്ടിൽ കരിയിലകൾ നിറഞ്ഞുകിടന്നു. അവിടവിടെ പിച്ചിപ്പറിക്കപ്പെട്ട അടക്കാമണിയച്ചെടികൾ.

ഇതിനുമുമ്പ് എത്രയോ പ്രാവശ്യം ആ വീടിന്റെ വാതിലുകൾ തള്ളിത്തുറന്ന് അകത്തുചെല്ലാൻ മനസ്സു വെമ്പിയതാണ്. പക്ഷേ, എന്തുകാരണം പറഞ്ഞാണ് ലീനയുടെ വീട്ടിലേക്കു കയറിച്ചെല്ലുക?

എങ്കിലും അടഞ്ഞുകിടക്കുന്ന അവളുടെ പടിക്കലൂടെ കടന്നുപോവുമ്പോൾ നിരാശയോടെ ഓർത്തു. ലീനയുടെ ഹൃദയവാതിലുകളും...... തനിക്കെതിരെ കൊട്ടിയടച്ചുവോ?'

ലീനക്കതു സാദ്ധ്യമല്ല. ചുരുങ്ങിയ നാളുകൾക്കുള്ളിൽ ഈ ഹൃദയബന്ധം അത്ര സുദൃഢമായതാണ് – ജീവനുള്ള കക്കാപ്പാളികളെപ്പോലെ!

എന്നാലും.... എന്നാലും ബലാൽസംഗം ചെയ്യപ്പെട്ട പെൺകുട്ടിക്ക് ആണുങ്ങളോടെല്ലാം തീർത്താൽ തീരാത്ത പകയുണ്ടാവുമോ?

വെറുതെയാണെന്ന വ്യാജേന പല സായാഹ്നങ്ങളിൽ തെക്കോട്ടുള്ള വഴിയിലൂടെ നടന്ന് കുന്നുകയറി.

അടഞ്ഞുകിടക്കുന്ന ആ വലിയ വീടിന്റെ വാതായനങ്ങളൊന്നു തുറന്നു കാണാൻ!

മൂടിക്കിടക്കുന്ന ജനൽക്കർട്ടനുകളൊന്നുലഞ്ഞു മാറാൻ!

ഏതു ജനലിനു പിന്നിലായിരിക്കും, വ്യണപ്പെട്ട ഹൃദയം മുറിക്കൂടുന്നതും കാത്ത് വിങ്ങുന്ന വേദനയോടെ എന്റെ ലീനയിരിക്കുക!

അടിയൊഴുക്കുകളും ചുഴികളും അന്തർഭാഗത്തെകലുഷമാക്കുന്ന ശാന്ത സമുദ്രത്തിന്റെ ഉപരിപ്ലവശാന്തതയോടെ ആരെയായിരിക്കും അവളിപ്പോൾ ധ്യാനിച്ചിരിക്കുക!

കോളേജിലെ സുഹൃത്തായ സുരേഷിന്റെ അനുഭവപാഠമാണ് തന്നെ തളർത്തിക്കളയുന്നത് – "ആദ്യചുംബനവും ബലാൽസംഗവും ചെയ്യുന്ന പുരുഷനെയും ഒരിക്കലും ഒരു സ്ത്രീക്ക് മറക്കാനാവില്ലെന്ന്"

അപഹരിക്കപ്പെട്ട സീതാദേവിയുടെ ദൗർബ്ബല്യവും അതായിരുന്നല്ലൊ.

തടവിലെങ്കിലും സർവ്വ സുഖൈശ്വര്യങ്ങളോടെ ലങ്കയിൽ വാണപ്പോൾ സീതയുടെ ഹൃദയത്തിലെ പ്രബലസ്ഥാനം ആരായിരുന്നു കയ്യടക്കിയിരുന്നത്?

രാജകൊട്ടാരത്തിലെ ഐശ്വര്യങ്ങളോടൊപ്പം, വർഷങ്ങളായി കാട്ടിലെ മരവരിയും, ദർഭപ്പുല്ലുകളും അവളുടെ മൃദുല പാദങ്ങൾക്കുമുമ്പിൽ വിതറിപ്പോന്ന ശ്രീരാമനോ?

അതൊ, രാക്ഷസീയ ശക്തിയുടെ പ്രതീകമായി ഒരു ബലാൽക്കാരത്തിന്റെ പരിവേഷത്തോടെ, പുഷ്പകവിമാനത്തിലെ വായുവേഗയാത്രയുടെ കുളിരാർന്ന അനുഭൂതി സീതയെ കാപ്പണിയിച്ച രാവണനോ?

ഗർഭിണിയായി, ശ്രീരാമന്റെ കൊട്ടാര ഉദ്യാനത്തിലിരിക്കെ, തോഴിയുടെ നിർബ്ബന്ധ പ്രകാരം, ഓർമ്മയിൽ തറഞ്ഞുനിൽക്കുന്ന രൂപമായി ചിത്രപ്പലകയിൽ സീത പകർത്തിയ രൂപം ആരുടേതായിരുന്നു?......

"ഇതു ജീവിതമാണു കുട്ടീ." ടീച്ചറുടെ വാക്കുകളാണ് ഓർമ്മയിൽ മുഴങ്ങുന്നത്.

മുൻപിൽ ചിന്തയില്ലാത്ത ഒരു താന്തോന്നിയുടെ, വരും പോരായ്മകൾ നോക്കാത്ത വികൃതികൾ മാത്രമാണ് ജീവിതത്തിന്റെ ആകെത്തുകയെങ്കിൽ ഒരു സാങ്കല്പിക ലക്ഷ്യത്തിനുവേണ്ടി ജീവിത സുഖങ്ങൾ ടീച്ചർ പരിത്യജിക്കുന്നതെന്തിന്?

ആരോരുമല്ലാത്ത തന്റെ വിദ്യാഭ്യാസ ബാദ്ധ്യതകൾ മുഴുവൻ തോമാസ്സച്ചൻ ഏറ്റെടുക്കുന്നതെന്തിന്?

തനിക്കുവേണ്ടി തോമാസ്സച്ചൻ പള്ളിക്കമ്മറ്റിയിൽ നേരിടുന്ന വിമർശനങ്ങളെപ്പറ്റി കേട്ടപ്പോൾ വല്ലാത്ത വിഷമം തോന്നി.

അവരുടെ വാദവും ശരിയല്ലെ? പള്ളിയിലെ സമ്പത്തിന് ഇടവകയിലെ എല്ലാവരും ഒരുപോലെ അർഹരാണ്. ഒരു തന്തയില്ലാത്തവനുവേണ്ടി മാത്രം അതു ചിലവഴിക്കുന്നത്?

ഏല്യാസിനേക്കാളും അർഹതയുള്ള ഒരാളെ നിങ്ങൾ കാട്ടിത്തരൂ. അയാളുടെ എല്ലാ ചിലവുകളും ഞാൻ നിർവ്വഹിച്ചോളാം.

അച്ചന്റെ ഉത്തരം അവരുടെ ചോദ്യങ്ങൾക്ക് കുരുക്കിട്ടെങ്കിലും, ചാരത്തിനടിയിലെ കനൽക്കട്ടപോലെ പുതഞ്ഞുകിടക്കുന്ന വിദ്വേഷത്തിന്റെ ചൂട് അവ

രുടെ നയനങ്ങളിൽത്തന്നെ കാണാം.

തോമാസ്സച്ചന്റെ വ്യാസമുളക്കാനാവാത്ത ഔദാര്യത്തെക്കുറിച്ചോർത്തപ്പോൾ മനസ്സു തുടിച്ചു. ഏതുവിധത്തിലാണ് തനിക്ക് അച്ചനോടുള്ള കൃതജ്ഞത പ്രകടിപ്പിക്കാനാവുക!

പക്ഷേ അച്ചനതംഗീകരിക്കാൻ തയ്യാറല്ലെന്നുമാത്രം! “കൃതജ്ഞത നേടത്തക്കവിധം ഞാനെന്തു ചെയ്തതെന്നാണ്? എന്റെ കടമ ഞാൻ ചെയ്യുന്നു.! വളർന്നു വരുമ്പോൾ ചെറിയവരോടുള്ള കടമ ഏല്യാസും മറക്കാതിരുന്നാൽ മതി....”

ളോഹയുടെ കീശയിലേക്കച്ചൻ കയ്യിടുകയായി. “ഇന്നല്ലെ ഫീസടക്കുന്നതിന്റെ അവസാനദിവസം?”

അല്ലെങ്കിൽ.

“ബസ്സുകൂലിക്കുള്ള കാശു തീർന്നില്ലേ?”

“ഏതെങ്കിലും പുസ്തകം ഇനി വാങ്ങാനുണ്ടോ?”

യാന്ത്രികമായി കൈ നീളുമ്പോൾ വിലങ്ങുകൾ സ്വയം ക്ഷണിച്ചു വരുത്തുന്ന ദുഃഖമായിരുന്നു മനസ്സിൽ.

ഈ കടപ്പാടുകളിലൂടെ സ്വാതന്ത്ര്യത്തിന്റെ വാതിലുകൾ മെല്ലെ അടയുന്നതറിഞ്ഞു.

അല്ലെങ്കിൽത്തന്നെ അസ്വതന്ത്രരായി ജനിച്ചവർക്ക് എന്തു സ്വാതന്ത്ര്യം?

സ്വന്തമായി ഒരു തീരുമാനമെടുക്കാൻ പോലും പ്രാപ്തിയില്ല. സാഹചര്യങ്ങൾ നയിക്കുന്ന വഴിക്ക് ഇഴയുകയല്ലാതെ.

എന്നിട്ടും ചുറ്റുപാടുകൾ ചൂണ്ടുന്ന ലക്ഷ്യത്തിന്റെ വിദൂരദൃശ്യം കണ്ണിൽപ്പെട്ടപ്പോൾ ഒന്നു പകക്കാതിരുന്നില്ല.

ഇതാ മൂന്നാം പ്രാവശ്യവും തോമാസ്സച്ചൻ സൂചിപ്പിച്ചിരിക്കുന്നു. “വിളവു വളരെ, എന്നാൽ കൊയ്ത്തുകാർ ചുരുക്കം. വയലിന്റെ ഉടമസ്ഥന്റെ ഉൾവിളിക്കുവേണ്ടി ഏല്യാസ് കാതോർക്കാറുണ്ടോ?”

എന്താണുത്തരം പറയുക!

തന്റെ ചെറുപ്പത്തിലേ, അമ്മ നേർന്ന നേർച്ച മകനെ വൈദികനാക്കിക്കൊള്ളാമെന്ന്.

അവസരം കിട്ടുമ്പോഴെല്ലാം അമ്മയതോർപ്പിക്കുന്നു. “മോനെ, നേർച്ച”

അൾത്താരയിൽ ഇരുകൈകളും വിടർത്തി തന്നെ നോക്കുന്ന ക്രിസ്തുവും മൂകമായി അരുളിച്ചെയ്യുന്നതെന്താണ്?

‘എന്റെ ചെമ്മരിയാടുകളേയും, എന്റെ പെണ്ണാടുകളേയും, കുഞ്ഞാടുകളേയും നീ നയിക്കുക’യെന്നാണോ?

ആശങ്കയുടെ കാർമേഘങ്ങൾ മുഖത്തു പടരുന്നതു കണ്ടാകണം, അച്ചൻ സമാധാനിപ്പിച്ചു, “ഇപ്പോൾ പഠിക്കേണ്ട സമയമാണ്. ഏല്യാസ് നന്നായി പഠിക്കൂ. പക്ഷേ ഇടക്കിടെ ഉള്ളിലുയരുന്ന ഉൾവിളികൾ അവഗണിക്കരുതെന്നു മാത്രം!”

“ഏല്യാസ്.... ഏല്യാസ് ദൈവം വിളിക്കുന്നതെപ്പോഴാണ്?

നിദ്രയുടെ താളാത്മക ശ്വാസോച്ഛ്വാസങ്ങൾക്കിടയിൽപ്പോലും കാതോർത്തു. കാത്തിരുന്നു മടുത്തപ്പോൾ മന്ത്രിച്ചു. "സംസാരിക്കൂ ദൈവമേ, അവിടുത്തെ ദാസൻ കേൾക്കുന്നു."

ഒരു വരദാനമായി നല്കിയ ഈ ജീവിതം അപ്പാടെ അവിടത്തെ സേവക്കു ഴിഞ്ഞു വെക്കണമോ?

എങ്കിലിതാ, ഞാൻ തയ്യാറാണ്.

എല്ലാ ഭൃത്യരേക്കാളും വലിയ യജമാനനെ സേവിക്കാൻ,

ചെറിയവരുടെ വിശപ്പ് അഞ്ചപ്പവും രണ്ടു മത്സ്യവും കൊണ്ടു ശമിപ്പിക്കാൻ,

കുഷ്ഠരോഗികളെ സൗഖ്യരാക്കാൻ; എനിക്കു വരദാനമേകൂ!

ചെങ്കുത്തായ സ്ഥലങ്ങൾ സമഭൂമിയാക്കാൻ, നിമ്നഭാഗങ്ങൾ വെട്ടി നിക ത്തിയെടുക്കാൻ, അവിടുത്തെ സ്നേഹത്തിന്റെ ഒരുപകരണമായി എന്നെ സ്വീകരിക്കൂ!

കുർബ്ബാനയ്ക്ക് കൂടുമ്പോഴെല്ലാം അപ്പത്തിന്റെ രൂപത്തിൽ മറഞ്ഞിരിക്കുന്ന ക്രിസ്തുവിനോട് മനസ്സിൽ യാചിച്ചു: എന്റെ ദൈവവിളി എനിക്കു

വെളിവാക്കിത്തരൂ! ആത്മാക്കൾക്കുവേണ്ടിയുള്ള അവിടത്തെ ദാഹം ശമിപ്പിക്കാൻ കഴിയുമാറ് എനിക്കു ജ്ഞാനം പകരൂ!

എന്നിട്ടും കുർബ്ബാനക്കു കൊടുക്കാൻ തട്ടെടുക്കുമ്പോഴെല്ലാം ഹൃദയത്തിന്റെ താളം തെറ്റി; കൈവിറച്ചു.

ദിവ്യകാരുണ്യം കൊടുത്തുകൊണ്ട് സ്ത്രീകളുടെ ഇടയിലേക്കു കടക്കു മ്പോൾ ഉച്ചത്തിലാവുന്ന ശ്വാസോച്ഛ്വാസം!

കടിഞ്ഞാരിയ കണ്ണുകൾ മേച്ചിൽപ്പുറം തേടിപ്പാഞ്ഞു.

അടക്കാമണിയപ്പൂക്കളുടെ ഗന്ധം പ്രസരിക്കുന്നതെവിടെനിന്നാണ്?

വിടർന്ന നയനങ്ങളും മെലിഞ്ഞ ദേഹവുമുള്ള മുഗ്ദ – മനോഹരിയായ പെൺകുട്ടി മകരമാസത്തിന്റെ നനവുള്ള ചുണ്ടുകളോടെ മുട്ടിന്മേൽ നിശ്ച ലയായി നിന്നു പ്രാർത്ഥിക്കുന്നതെവിടെയാണ്?

എല്ലാം തോന്നലായിരുന്നു.

ശവക്കോട്ടയിലാകട്ടെ എല്ലാം മൃതവുമാണ്, വിടർന്നുനിൽക്കുന്ന ശവം നാറിപ്പൂക്കളൊഴികെ!

മരിച്ചവർക്ക് കൊട്ടാരമൊരുക്കുന്ന മാർബിൾ കല്ലറകൾ മണ്ണടിഞ്ഞ മോഹങ്ങ ളേയും പൂട്ടി മുദ്രവച്ചിരിക്കുന്നു.!

രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി, രാജ്ഞിയെ അപഹരിച്ചുകൊണ്ടുപോയ കൊട്ടാരത്തിൽ ഒഴിഞ്ഞു കിടക്കുന്ന സിംഹാസനങ്ങളിൽ നിറഞ്ഞമരാൻ ഇനി ആരാ വരിക!

വഴിയും സത്യവും ജീവനോടെ തറക്കപ്പെട്ട കുരിശുകൾ സിമത്തേരിയിലെ ങ്ങും എഴുന്നു നിന്നു.

പുനരുത്ഥാനം കാത്തു നീണ്ടുനിവർന്നു കിടക്കുന്ന പ്രേതകുടീരങ്ങളാ ണെങ്ങും.

അസ്ഥിക്കുഴിയിൽ കൈകളും കാലുകളും തലയോട്ടികളും പരസ്പരം ആശ്വസിപ്പിച്ചുകൊണ്ടു കെട്ടിപ്പിടിച്ചു കിടന്നു.

മൃതദേഹങ്ങളിൽ പൂശാൻ എന്നും കൊണ്ടുവരുന്ന മീറായും സുഗന്ധദ്രവ്യങ്ങളും അപ്പാടെ കയ്യിലിരിക്കുന്നു.

മനസ്സിൽ മരണത്തിന്റെ വിലാപം,

ഞാനുയർപ്പിച്ച ലാസറെവിടെ?

എന്റെ കയ്യാൽ സൗഖ്യമാക്കപ്പെട്ട കുഷ്ഠരോഗികളെവിടെ?

ഞാനപ്പം പങ്കുവച്ച അയ്യായിരവും ഏഴായിരവുമെവിടെ?

എനിക്കോശാന പാടാൻ കല്ലുകൾ പോലുമില്ലല്ലൊ ഇവിടെ!

എന്റെ മോഹങ്ങളുടെ കല്ലറ വാതുക്കൽ ഉരുട്ടിവച്ച്, വലിയ കല്ലുരുട്ടി മാറ്റാൻ ഒരു മാലാഖയെങ്കിലും ഇനി എന്നേ വരിക!

ഹൃദയമിടിപ്പിന്റെ താളം ഇഴയുന്ന നിമിഷങ്ങൾ നീട്ടിവലിച്ച് ദിനങ്ങളാക്കി ഏച്ചുകെട്ടി മാസങ്ങളാക്കി കാത്തു.

ഒടുവിൽ ഒരു ഞായറാഴ്ച ദിനം.

അത്യുഗ്രമായൊരു ഇടിനാദത്തിൽ ആകാശം പൊട്ടിപ്പിളർന്നു.

അതിശക്തമായൊരു ഭൂമികുലുക്കത്തിൽ ലോകം ഞെട്ടിവിറച്ചു.

പാറകൾ പൊട്ടിപ്പിളർന്നു

നീർച്ചാലുകളിലെ ജലനിരപ്പുകളുയർന്നു...

മഞ്ഞുപോലെ വെട്ടിത്തിളങ്ങുന്ന വെള്ള വസ്ത്രമണിഞ്ഞ മാലാഖ ഒരു മിന്നൽപ്പിണറിന്റെ രൂപത്തിൽ, സിമത്തേരിയിലെ രക്തസാക്ഷികളുടെ കല്ലറ വാതുക്കൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

എന്റെ മൃതചിന്തകൾക്ക് പുനരുസ്ഥാനമായി;

മണ്ണടിഞ്ഞ മോഹങ്ങൾക്ക് ഉയിർത്തെഴുന്നേല്പായി!!

അടക്കാമണിയത്തിന്റെ വിത്തുകൾ ആസന്നമായ കാഹളനാദം പാർത്ത് ഭൂമിക്കടിയിൽ ശ്വാസമടക്കിക്കിടന്നു, പുതിയൊരാകാശത്തിനും പുതിയ ഭൂമിക്കും വരവേല്പ്പു നല്കാൻ.

പക്ഷേ –

ജീവനമായി കാഹളനാദം പെയ്തിറങ്ങിയില്ല.

കല്ലറയുടെ വാതിൽക്കലെ കല്ലുകൂടി ഉരുട്ടിമാറ്റാതെ, ഊഷരഭൂമിയിലൂടെ, പുച്ഛം കലർന്ന മുഖങ്ങൾക്കിടയിലൂടെ മാലാഖ നടന്നകലുന്നതു കണ്ടപ്പോൾ മനം തേങ്ങി.

സാരി വാരിപ്പുതച്ച് തലതാഴ്ത്തി തന്നെ കടന്നുപോയപ്പോൾ ആ നയനങ്ങളും നിറഞ്ഞൊഴുകിയിരുന്നോ? ചുണ്ടുകൾ വിറച്ചിരുന്നോ?

എങ്കിലും എന്റെ ലീനേ,

മെല്ലെ ആ നിഷ്ക്കളങ്ക മുഖമൊന്നുയർത്താമായിരുന്നു;

നനഞ്ഞതെങ്കിലും സ്നേഹം നിറഞ്ഞ ഒരു നോട്ടം നിനക്കയക്കാമായിരുന്നു..

ഒരുവാക്ക് നിനക്കുച്ചരിക്കാമായിരുന്നു.

എങ്കിൽ, അനേക മാസങ്ങൾ നീണ്ട എന്റെയീ കാത്തിരിപ്പിന് എത്രയോ ധന്യാത്മകമായ പ്രതിഫലമാകുമായിരുന്നു!

നിന്റെ വിതുമ്പുന്ന ഓർമ്മകൾ, തലയിണയിൽ ഉപ്പുരസം കലർത്തിയ എത്രയോ രാത്രികൾ നിദ്രാവിഹീനമായി ഞാൻ തള്ളിനീക്കി!

വളപ്പൊട്ടുകൾ കുത്തിക്കയറി, ചലമൊലിക്കുന്ന മനസ്സിലെ വ്രണങ്ങളിൽ ആർക്കുന്ന വേദനയുടെ ഈച്ചകളെ വ്യർത്ഥമായി ആട്ടിക്കളയാൻ ഞാനെത്രയോ ശ്രമിച്ചു!

ഒന്നിനെ ആട്ടിക്കളഞ്ഞപ്പോൾ നൂറീച്ചകൾ വന്നിരുന്നു;

നൂറിനെ ആട്ടിയപ്പോൾ ആയിരം വന്നു.

പിടക്കോഴി കുഞ്ഞുങ്ങളെ തന്റെ ചിറകിൻ കീഴിലൊളിക്കുന്നതുപോലെ നിന്റെ കോമള ഹൃദയത്തെ എന്റെ കരവലയത്തിൽ കാത്തുകൊള്ളുവാൻ ഞാനെത്രയോ കൊതിച്ചു!

എങ്കിലും, ലീനേ, മരിച്ചവരുടെ കുരിശുകൾ സാക്ഷിയാക്കി നാമൊരുമിച്ചെടുത്ത ശപഥങ്ങൾ ഇത്രവേഗം നിനക്ക് മറക്കാൻ കഴിഞ്ഞുവെന്നോ? ജീവിക്കാൻ നീയും പഠിച്ചുവെന്നോ?

സെമിത്തേരിയിലെ മണൽ വിരിച്ച് നടപ്പാതയിൽ, ലീനയുടെ മൃദുല പാദങ്ങളുപേക്ഷിച്ച ചുംബന മുദ്രകൾ തെളിഞ്ഞുകിടന്നു. മുട്ടുകുത്തി കുനിഞ്ഞു ചുംബിക്കാൻ തോന്നി.

ലീന കടന്നുപോയ വായുവിൽ പോലും അടക്കാമണിയപ്പൂക്കളുടെ ശാലീന സൗരഭ്യം – ആഴത്തിൽ ശ്വാസമെടുത്ത് ഗദ്ഗദം നിയന്ത്രിക്കാൻ പാടുപെടുമ്പോൾ മനസ്സിലായി.

അറ്റംകെട്ടി പിന്നിലേക്കെറിഞ്ഞ നിന്റെ നിഴലിൽ നിന്നും ഈ ജന്മം എനിക്കു വിമുക്തനാവാനൊക്കില്ല.

നിനക്കും അങ്ങനെയെന്നാണല്ലൊ, മരിച്ചവരെ സാക്ഷിയാക്കി അന്നു നീ സത്യം ചെയ്തത്.

അടക്കാമണിയപ്പൂക്കളുടെ മാദകത്വം നിറഞ്ഞ നിന്റെ ഗന്ധം, ശ്വസിക്കുന്ന വായു മണ്ഡലങ്ങളിലെല്ലാം ഞാൻ മുകരുന്നു.

നിനക്കും അങ്ങനെയെന്നാണല്ലോ മരിച്ചവരെ സാക്ഷിയാക്കി അന്നു നീ സത്യം ചെയ്തത്.

അമ്പലക്കുളത്തിന്റെ നെഞ്ചകം പിളർന്ന് സ്വയമൊളിച്ചു കളഞ്ഞ എന്റെ കൊച്ചുകളിത്തോഴിയുടെ പുനർജ്ജന്മമായി, വേദന നിറഞ്ഞ കൊച്ചു കൊച്ചു അടക്കാമണിയപ്പൂക്കളുടെ ഗന്ധത്തിന് ഒരു നവീനാർത്ഥം നല്കിക്കൊണ്ട് എന്റെ ജീവിതമാകെ നീ നിറഞ്ഞുനിന്നു.

നിന്റെ നൂപുരശിഞ്ജിതം വിരസമായ എന്റെ ജീവിതത്തിന് താളമേകി.

ആഴമളക്കാനൊക്കാത്ത നിന്റെ കണ്ണുകളിലെ കയങ്ങളിൽ എന്റെ ജീവിത ലക്ഷ്യം പ്രതിഫലിക്കുന്നതു ഞാൻ കണ്ടു.

സെമിത്തേരിയിലെ ഏഴു രക്തസാക്ഷികളുടെ മണ്ഡപം സിംഹാസനങ്ങളാക്കിനാം പങ്കിട്ടപ്പോൾ,ലോകത്തിലേക്കും വലിയ ഭാഗ്യവാനായി,പമ്പര

വിഡ്ഢിയായ ഞാൻ കണക്കുകൂട്ടി.

ശവം നാറിപ്പൂക്കളുടെ നഗരമാണോ ഞാൻ ഭരിക്കാൻ തിരഞ്ഞെടുത്തത്? അല്ലെങ്കിൽ, ഒരു ബലാൽസംഗത്തിന്റെ നിലയില്ലാത്ത അമ്പലക്കുളത്തിൽനിന്ന് നീന്തിയെങ്കിലും നിനക്ക് രക്ഷപ്പെടാമായിരുന്നില്ലേ?

അതോ നിന്നെ രക്ഷിക്കാനായി ചാടാനൊരുങ്ങിയെ എന്നിൽ നിന്റെയമ്മയും തീണ്ടൽക്കുറ്റം കണ്ടെത്തിയെന്നോ?

നിനക്കറിയോ ലീനേ,

വേദനയുടെ നിലയില്ലാത്ത മറ്റൊരമ്പലക്കുളത്തിൽ എന്നെ തള്ളിയിട്ടുകൊണ്ടാണ് നീയീ കടന്നുപോയത്.

മരിച്ച മോഹങ്ങളുടെ ശ്വാസം മുട്ടിക്കുന്ന ഓർമ്മകൾ മനസ്സിന്റെ കഴുത്തുഞെരിക്കുമ്പോൾ, ദൈവവിളിക്കുവേണ്ടി, ആത്മാർത്ഥതയോടെ എങ്ങനെ പ്രാർത്ഥിക്കാനാവും!

നിരാശയുടെ ഒരായിരം ബലിക്കാക്കകൾ അനുനിമിഷം 'കാകാ'യെന്നു കരയുമ്പോൾ ആന്തരിക ചോദനയുടെ മന്ത്രനാദം എങ്ങനെ ശ്രവിക്കാനാണ്.

വർഷങ്ങൾ നീണ്ട പ്രളയത്തിനുശേഷം മൃതദേഹങ്ങൾ ചീഞ്ഞളിഞ്ഞു കിടക്കുന്ന വിസ്തൃത ഭൂമിയിലേക്ക് സ്വതന്ത്രമായി വിട്ടയക്കപ്പെട്ട കാക്ക, ഒലീവിന്റെ ചില്ല കൊക്കിലൊതുക്കി, ഇടുങ്ങിയ പേടകത്തിലേക്ക് തിരിച്ചുവരുമെന്ന് എങ്ങനെ കരുതാനാണ്

കാടൻ യാഥാർത്ഥ്യങ്ങൾ ഭാവനകളെ ഒന്നൊന്നായി വേട്ടയാടുന്ന ഈ ഏകാന്തദ്വീപിൽ നിന്നൊരു മോചനത്തിനുള്ള വിപാസയായിരുന്നു മനക്കാമ്പു നിറയെ.

പരുന്തുകളോടുള്ള അവിരാമയുദ്ധത്തിൽ കോഴിക്കുഞ്ഞുങ്ങളെ ഒന്നൊന്നായി നഷ്ടപ്പെട്ട പിടക്കോഴിയുടെ വിഹ്വലതയിൽ നിന്നുള്ള മുക്തി....

എന്റെ ദുഃഖങ്ങളെ ഇറക്കിവച്ച് ആശ്വസിക്കാനുള്ള കശുമാവിന്റെ തണലെവിടെ?

# പതിനേഴ്

“അവളോട് കുറുക്കുവഴി നോക്കി നരകത്തിൽ പോകാൻ പറയെടാ!! എന്താ അവളു മാത്രേ ഈ ഭൂവനത്തില് പെണ്ണായിട്ടൊള്ളാ?

സുരേഷിന്റെ ശബ്ദത്തിൽ ആത്മാർത്ഥതയേക്കാളുപരി ആത്മരോഷം മുഴങ്ങിനിന്നു, “എന്താ, നീ ജനിച്ചത് അവളെ കണ്ടിട്ടാണോ? നീ വളർന്നത് അവൾ പറഞ്ഞിട്ടാണൊ?”

അല്ലെന്ന് തലയാട്ടേണ്ടി വന്നു.

“ഒടുവിൽ സ്ത്രീയുടെ യഥാർത്ഥമുഖം കാണിച്ച് ചൂണ്ടക്കൊളുത്തിൽ നിന്നും അവൾ രക്ഷനേടിയപ്പോൾ ഒരു മോഹഭംഗക്കാരന്റെ കാഷായ വസ്ത്രവും നീ സ്വീകരിച്ചു. വിഡ്ഢി!”

വേറെ എത്രയോ സ്ത്രീകൾ ഈ ഭൂതലത്തിലുണ്ട്. അവർക്കെല്ലാമുണ്ട് നിറഞ്ഞ മാറും ഒതുങ്ങിയ അരക്കെട്ടും!

ഒരു പുരുഷന് അതിൽ കൂടുതലെന്തു വേണം?

സ്നേഹിക്കാനുള്ളവരല്ല പെണ്ണുങ്ങൾ – അവർക്ക് വ്യക്തിത്വമേയില്ല! പിതാവിന്റെയോ ഭർത്താവിന്റെയോ വ്യക്തിത്വത്തിലെ പരാന്ന ഭോജികളാണവർ. ഇനിയെങ്കിലും നീ കണ്ണുതുറന്ന് യാഥാർത്ഥ്യം മനസ്സിലാക്ക്.

ഒരു ചുണ്ടെലി കുണ്ടിൽ ചാടിയെന്നു കരുതി ആകാശം ഇടിഞ്ഞുവീഴുമോ? തല കടലാസുപൊതിയിൽ കുടുങ്ങിക്കിടക്കുമ്പോൾ അങ്ങനെയൊക്കെ തോന്നുമെന്നു മാത്രം!

സങ്കല്പങ്ങളുടെ നിലാവിൽ മാത്രം കഴിയുന്നവർക്ക് യാഥാർത്ഥ്യത്തിന്റെ ഇളംവെയിൽപോലും ആദ്യം ക്രൂരമായി തോന്നും.”

“പക്ഷേ എന്റെ ലീന...”

“അവളോട് കുറുക്കു വഴിക്ക് നരകത്തിൽ പോകാൻ പറ ലെറ്റ് ഹേർ ഗോറ്റു ഹെൽ ദി ഷോട്ട് കട്ട്. സുരേഷിന്റെ പ്രസംഗം അനന്തമായി നീണ്ടുപോവുമെന്നു തോന്നി.

അപ്പോഴേക്കും ഫിസിക്സ് പ്രൊഫസർ ക്ലാസ്സെടുക്കാൻ വന്നതു ഭാഗ്യം. ഓരോ ബലത്തിനും ഉള്ള പ്രതിബലങ്ങളിൽ ന്യൂട്ടൻ കണ്ടെത്തിയ പ്രകൃതി നിയമങ്ങളെപ്പറ്റി പ്രൊഫസർ ക്ലാസ്സെടുക്കുമ്പോഴും മനസ്സ് സുരേഷിന്റെ വാക്കുകളിലൂടെ ഉഴറി നടന്നു.

നഗരത്തിലെ വലിയ ബിസിനസ്സുകാരനായ ഡാഡി.

സൊസൈറ്റി ലേഡിയായ മമ്മി.

ആഡംബരങ്ങളുടെ മടിത്തട്ടിൽ എല്ലാ വാത്സല്യങ്ങളും നുകർന്നുകൊണ്ട് കളിച്ചുവളർന്ന ഏകമകൻ സുരേഷ് എത്രയോ ഭാഗ്യവാനാണെന്നു തോന്നി.

പെൺകുട്ടികളെ വിദഗ്ധമായി പാട്ടിലാക്കിയതിന്റെ എത്രയെത്ര കഥകൾ അവൻ തന്നെ പറഞ്ഞിരിക്കുന്നു!

മെരുങ്ങാത്ത എത്രയെത്ര ആനകളെ, മെരുക്കിയെടുത്ത് രതിലീലകളുടെ കൊടും വനങ്ങളിലൂടെ നിർഭയനായി സുരേഷ് സവാരി ചെയ്തിരിക്കുന്നു!

"പക്ഷേ വ്യഭിചാരം ചാവുദോഷമല്ലേ?"

തന്റെ നിഷ്ക്കളങ്കത കണ്ട് അവൻ പൊട്ടിച്ചിരിച്ചു.

എങ്കിൽ ഞങ്ങളുടെ ശ്രീകൃഷ്ണ ഭഗവാനെ പതിനാറായിരത്തെട്ടു വട്ടം കല്ലെറിഞ്ഞു കൊല്ലേണ്ടതായിരുന്നല്ലൊ!

നിങ്ങളുടെ പഴയ നിയമത്തിലെ എല്ലാ തലയെടുപ്പുള്ള പിതാക്കളേയും ജീവനോടെ ചിതയിലെരിച്ചു കൊല്ലേണ്ടതായിരുന്നല്ലൊ!

മനുഷ്യനു വിശപ്പും ദാഹവും നൽകിയത് നിയന്ത്രിക്കപ്പെടാനല്ല. വിവേചനശക്തിയില്ലാത്ത മൃഗങ്ങളാണ് നന്മതിന്മയുടെ മാനദണ്ഡം. അവയെ സഹജവാസനകളാണല്ലോ പൂർണ്ണമായും നിയന്ത്രിക്കുന്നത്.!

"ദാ, മോഹനുണ്ടല്ലൊ," അടുത്ത ബഞ്ചിലിരുന്ന ഒരു കൂട്ടുകാരനെ ചൂണ്ടി കാട്ടിക്കൊണ്ട് സുരേഷ് മെല്ലെപ്പറഞ്ഞു, "അവനാദ്യമായി നിരോധ് പരീക്ഷിച്ചതെവിടെയാണെന്നറിയോ? – അവന്റെ സ്വന്തം ചേച്ചിയിൽ!"

തളർന്നിരുന്നുപോയി – ഇത്ര മ്ലേച്ഛമോ ഈ ലോകം?

ഈ സദാചാര രഹിത വിശ്വാസ പ്രമാണങ്ങളുമായി യോജിക്കാൻ കഴിഞ്ഞില്ലെങ്കിലും, ഏകാന്തതയുടേയും ആത്മനിന്ദയുടേയും കള്ളിമുള്ളുകളിൽ ഉടക്കിക്കിടന്ന തനിക്ക്, സുരേഷിന്റെ സൗഹൃദം വലിയൊരു സഹായമായിരുന്നു.

അപരിചിതമായ നഗരത്തിലെ പ്രശസ്ത കോളേജിൽ ആർത്തിരമ്പുന്ന സമ്പന്നതയുടെ നടുവിൽ തിക്കുമുട്ടിയ തന്നെ പിടിച്ചുയർത്താൻ അവന്റെ സഹായഹസ്തം മാത്രമേ നീണ്ടുവന്നുള്ളല്ലോ!

അവന്റെ സാമീപ്യം തന്നെ വലിയൊരാശ്വാസമായിരുന്നു.

അതുകൊണ്ടുതന്നെയാണ്, ലീനയുമായുള്ള ബന്ധത്തിന്റെ വിഴുപ്പുനാറ്റം നിറഞ്ഞ ഭാണ്ഡം അവന്റെ മുമ്പിൽ തുറന്നത്.

മൂക്കു പൊത്തിക്കൊണ്ടവനോടുമെന്നാണു കരുതിയത്.

പക്ഷേ, തന്റെ തോളിൽ കൈവച്ചുകൊണ്ടവൻ ആത്മരോഷത്തോടെ പറഞ്ഞു. "അവള് കുറുക്കുവഴി നോക്കി നരകത്തിൽ പോകട്ടെടാ എന്താ അവളു മാത്രേ ഈ ഭൂവനത്തില് പെണ്ണായിട്ടൊള്ളാ?'

തന്റെ അന്തർമുഖതയും ആത്മനിന്ദയുമായിരുന്നോ സുരേഷിന്റെ സഹതാപം പിടിച്ചുപറ്റിയിരുന്നത്?

അതോ തന്റെ നയനങ്ങളിലെഴുതപ്പെട്ട ദുഃഖകാവ്യമോ?

അറിയില്ല.

വിഷാദാത്മകതയിൽ ചാലിച്ച ചിന്തയിൽ താൻ മുഴുകിയിരിക്കുന്നതു

കാണുമ്പോഴൊക്കെ, ചിരിച്ചു കൊണ്ട് സുരേഷ് വന്ന് തന്റെ തോളിൽ തട്ടുമായിരുന്നു. “എന്താടോ തന്റെ ലീനയെ ഇനിയും തനിക്കു വലിച്ചെറിയാൻ കഴിഞ്ഞില്ലേ? ദേ നോക്ക്, അവളേക്കാൾ സുന്ദരികളായ എത്ര ചരക്കുകളെ തനിക്ക് വേണം? പറയ്!

ഓർമ്മകളുടെ ശവപ്പറമ്പിൽ നിന്നും അടയ്ക്കാമണിയപ്പൂക്കളുടെ ഗന്ധം വീശിയകറ്റാൻ എത്രയോ വട്ടം താൻ ശ്രമിച്ചതാണ്!

സെമിത്തേരിയിലെ കുരിശുകളിൽ നിന്നു ആണികൾ വലിച്ചൂരി ചാടിയിറങ്ങിപ്പോരാൻ എത്രവട്ടം വേദന കടിച്ച് കുതറിയതാണ്.

കഴിയണ്ടെ?

തന്റെ നിസ്സഹായാവസ്ഥ കണ്ട് സുരേഷ് പൊട്ടിച്ചിരിക്കുമ്പോൾ അസൂയ തോന്നിയിരുന്നു. ഭാഗ്യവാൻ! അവനു ജീവിതം ചിരിച്ചു തള്ളാൻ കഴിയുന്നു.

മോട്ടോർ സൈക്കിളിൽ കോളേജിൽ വരികയും പോവുകയും ചെയ്യുന്ന സുരേഷിന്റെ സൗഹൃദം നേടാൻ ക്ലാസ്സിലെ പെൺകുട്ടികൾ മത്സരിക്കുന്നതുപോലെ, തന്റെ പരുപരുത്ത ഗ്രാമത്തിലേക്കു പോകാൻ ബസ്സു കാത്തു മുഷിഞ്ഞു നിൽക്കുന്ന വൈകിയ വേളകളിൽ, മിനിയെ പുറകിലിരുത്തി സുരേഷ് മോട്ടോർ സൈക്കിളിൽ പാഞ്ഞുപോകുന്നത്, പലപ്പോഴും മാറി നിന്നു കണ്ടിട്ടുണ്ട്.

ചിലപ്പോൾ ജോളിയാവും ജീൻസ് ധരിച്ച് മോട്ടോർ സൈക്കിളിന്റെ സീറ്റിൽ കവച്ചിരുന്ന് സുരേഷിന്റെ തോളിലൂടെ കയ്യിടുക; ചിലപ്പോൾ മേഴ്സിയും.

ജീവിത വസന്തം ചുരത്തുന്ന നവയൗവ്വനത്തിന്റെ അനുഭൂതി നുകർന്നു കഴിയുന്നവർ.

ഇങ്ങനെ പോയാൽ എവിടെച്ചെന്നിതവസാനിക്കും? നഗരസംസ്കാരത്തിന്റെ ജഘന്യമെവിടെയാണ്?

സൂചിപ്പിച്ചപ്പോൾ സുരേഷ് തന്നെ തുറന്നുപറഞ്ഞു: ‘നാളെ നാം കൊഴിഞ്ഞു വീഴും. ഇന്നലെ നാം വിടർന്നിരുന്നില്ല,’ ഇന്ന്, ഇതൾ വിടർന്ന സൂനങ്ങളായി, യുവത്വത്തിന്റെ ആരാമത്തിൽ നിറഞ്ഞ താരുണ്യത്തിന്റെ മധുചഷകം ഉള്ളിലൊതുക്കി സൂര്യസ്നാനം ചെയ്യുമ്പോൾ, ഇളം വെയിലിന്റെ സ്വർണ്ണതംബുരുവിൽ പ്രഭാതം താളം മീട്ടുമ്പോൾ, മരിച്ചുപോയ ഇന്നലെകളെയും ജനിക്കാത്ത നാളെകളെയും കുറിച്ച് എന്തിനു നാം നിശ്വാസം പൊഴിക്കണം?

യഥാർത്ഥത്തിൽ ജീവിക്കാനാവുന്നത് ഇന്നുമാത്രം;

സത്യം – ഈ നിമിഷങ്ങളിൽ മാത്രം നിറഞ്ഞുനിൽക്കുന്നു.

ഭാവിയും ഭൂതവും വെറും ഭാവനകളും ഓർമ്മകളും മാത്രം’ –

വിടർന്നിരിക്കുമ്പോൾ ആവുന്നത്ര വർണ്ണശബളിമയോടെ മിനുങ്ങുക!

കഴിയുന്നത്ര ശലഭങ്ങളെ ആകർഷിക്കുക!

പറയുമ്പോൾ, വർത്തമാനത്തോടുള്ള ആസക്തിയേക്കാളുപരി, ഭൂതകാലത്തെ അവഗണിക്കാനുള്ള ആർത്തി സുരേഷിന്റെ നയനങ്ങളിൽ കത്തി നിന്നു.

ബസ്സ്സ്റ്റാന്റിൽ നിന്നും കോളേജിലേക്കുള്ള വഴി, താൻ നടക്കുന്നതു കണ്ടാൽ, സുരേഷ് എപ്പോഴും ലിഫ്റ്റ് തന്നിരുന്നു.

പലപ്രാവശ്യം അടുത്തുള്ള അവന്റെ വീട്ടിലേക്ക് തന്നെ ക്ഷണിച്ചിട്ടുണ്ട്; കുറഞ്ഞവട്ടം അടുത്ത ഹോട്ടലിൽ കയറി ഒരു കാപ്പി കുടിക്കാനെങ്കിലും! ഓരോ കാരണം പറഞ്ഞ് ഒഴിയുകയായിരുന്നു പതിവ്.

മൊസേക്കിട്ട തറയിൽ ചവുട്ടാൻ വാസ്തവത്തിൽ ഭയമായിരുന്നു. വീട്ടിലെ ചാണകം മെഴുകിയ, പൊളിഞ്ഞ ഇറയത്ത് നഗ്നപാദനായി നടന്നുനേടിയ എന്തോ നഷ്ടപ്പെടുമെന്ന ഭയം.

രാത്രിയുടെ നിശ്ശബ്ദതയിൽ പടിക്കൽ കൺതുറന്നു നിൽക്കുന്ന, തെരുവുവിളക്കിന്റെ കീഴെയിരുന്നു നേടിയെടുത്ത ഏകാന്തതയുടെ വാത്മീകം തകരുമോയെന്നുള്ള ഭീതി.

അവിടത്തെ ഏകാന്തതയും, ചുറ്റും പരക്കുന്ന ഇരുട്ടും കൂടി കടയുമ്പോഴാണല്ലോ സ്വന്തം വ്യക്തിത്വം ഏഴുവർണ്ണങ്ങളിൽ കത്തിവിരിയുന്നത്.

പോരെങ്കിൽ, എല്ലാ വിധത്തിലും തന്നേക്കാൾ എത്രയോ ഉയർന്നു നിൽക്കുന്ന സുരേഷ്, മറ്റു കൂട്ടുകാരേക്കാളധികമായി തന്റെ കൂട്ടുപിടിക്കുന്നത് സഹതാപം കൊണ്ടുമാത്രമാണോ?..

സമരവും കരിങ്കല്ലുകളും കൊണ്ട് തെരുവു ഭരിച്ച് ആനുകൂല്യങ്ങൾ നേടിയെടുക്കാൻ വിദ്യാർത്ഥികൾ തുനിഞ്ഞിറങ്ങിയ ഒരു സുപ്രഭാതത്തിൽ സുരേഷിന്റെ നിർബ്ബന്ധത്തിനു വശംവദനാകേണ്ടി വന്നു.

വെളിച്ചങ്ങളെ വിദഗ്ധമായി തടവിലാക്കി, നേർത്ത ഇരുട്ടിന്റെ മുടിയഴിച്ചിട്ട ഹോട്ടലിന്റെ തണുപ്പരിക്കുന്ന മുറിയിലിരിക്കുമ്പോൾ മദ്യഗ്ലാസ്സിനു പിന്നിൽ സുരേഷിന്റെ ഓർമ്മകൾ നുരഞ്ഞുയർന്നു.

'ഏല്യാസിന് ജീവിതത്തിൽ പ്രതീക്ഷകളുണ്ടോ?" ഏറെനേരം കെട്ടിക്കിടന്ന നിശ്ശബ്ദതക്ക് അവൻ ഓടകീറി.

പ്രതീക്ഷകളുടെ താരുകൾ യാഥാർത്ഥ്യത്തിന് വളവും വെള്ളവും വലിച്ചു നൽകുന്നില്ലായിരുന്നെങ്കിൽ, തന്റെയീ എന്നേ കടപുഴകി വീണേനെ! അമൂർത്തമെങ്കിലും ഉള്ളിന്റെയുള്ളിൽ മുരളുന്ന ആ ആത്മഭാവമാണ് എപ്പോഴും തന്നെ നയിക്കുന്നത്.

"ഭാഗ്യവാൻ" കേട്ടതു വിശ്വസിക്കാനായില്ല. സുരേഷ് തന്നെ പ്രകീർത്തിക്കുന്നു. അഭിശപ്തമായ തന്റെ ജന്മത്തെക്കുറിച്ച്, താൻ നാട്ടിൽനിന്നും പലായനം ചെയ്യിച്ച തന്റെ പിതാവിനെക്കുറിച്ചറിഞ്ഞിരുന്നെങ്കിൽ, സുരേഷിതു പറയുമായിരുന്നോ? ലീനയുടെ വേർപാടു മാത്രമാണ്, അവന്റെ കണ്ണിൽ തന്റെ ഏറ്റവും വലിയ വേദന.

'ജീവിതമാണെന്റെ ദുഃഖം!'

'ആവശ്യത്തിലധികം പണവും പ്രശസ്തിയും ഡാഡിയുണ്ടാക്കിക്കഴിഞ്ഞു. പിന്നെ നേടാൻ എനിക്കെന്താണുള്ളത്? ഞാനെന്തിനാണ് ജീവിക്കുക? ഒരു മരണാനന്തര സ്വർഗ്ഗത്തെ മെനഞ്ഞുണ്ടാക്കി കാത്തിരിക്കാൻ ഞാനീശ്വര വിശ്വാസിയുമല്ല,' സുരേഷിന്റെ ദുഃഖം ആരംഭിക്കുന്നത് തന്റെ ഭാവന അവ

സാനിക്കുന്നിടത്തുനിന്നാണ്.

“ഏല്യാസിനറിയ്യോ?” സുരേഷ് ഗ്ലാസ്സ് കാലിയാക്കി കൈവെള്ളയിൽ തലയർപ്പിച്ചുകൊണ്ട് മെല്ലെപ്പറഞ്ഞു, “പിറന്നിട്ട് രണ്ടുമാസം തികച്ച് ഞാനമ്മിഞ്ഞയുണ്ടില്ല - മമ്മിയുടെ മുലയിൽ പാലില്ലാഞ്ഞിട്ടല്ല, മമ്മിയുടെ സൗന്ദര്യം കുറഞ്ഞുപോകുമെന്ന ഭയത്താൽ.

മമ്മിക്കെപ്പോഴും സൊസൈറ്റിയാണു വലുത്.

ഡാഡിക്ക് ബിസിനസ്സും.

വേലക്കാരിൽ നിന്നും വിലക്കുവാങ്ങിയ സ്നേഹംകൊണ്ട് ഏതു ശിശുവിന് തൃപ്തിയടയാൻ കഴിയും?”

വ്യത്യസ്ത കാരണങ്ങൾ കൊണ്ടാണെങ്കിലും തന്റേയും സുരേഷിന്റെയും ദുഃഖങ്ങളുടെ സാമ്യം ആശ്ചര്യജനകമായിരുന്നു.

അഥവാ ലോകത്തിലെ എല്ലാ ശിശുക്കളും, ജനിച്ചുപോയി എന്ന ഒറ്റക്കാരണംകൊണ്ട് മാതാപിതാക്കളുടെ ക്രൂരതക്കെല്ലാം ഇരയാവുകയാണോ? “ഇനി പറഞ്ഞിട്ടെന്താ! പോവാം.”

കൗണ്ടറിൽ ബില്ലുതീർത്ത് പുറത്ത് ചൂടിന്റെ അമ്പുകളെയ്യുന്ന വെയിലിലേക്കിറങ്ങുമ്പോൾ സുരേഷ് വീണ്ടും കയ്യിൽ പിടിച്ചു. “ഇന്നു വീട്ടിൽക്കൂടി പോയിട്ടുപോകാം. സമയം ഉച്ചയല്ലെ ആയുള്ളൂ!”

നിഷേധിച്ചില്ല.

ബൈക്കിന്റെ രാജകീയ സ്വരം കേട്ട്, ഭീകരനായ അൽസേഷൻ ഉറക്കെക്കുരച്ചുകൊണ്ട് പടിക്കലേക്കു ചാടി വന്നു; പിന്നെ വാലാട്ടിക്കൊണ്ടു പിറകെ വന്നു.

ഉദ്യാനവും, മണൽ വിരിച്ച മുറ്റവും അതിരിടുന്ന വൻ സൗധം, പണത്തിനു കയ്യെത്തിച്ചു പിടിക്കാവുന്ന ആഡംബരങ്ങളെയെല്ലാം തൊട്ടുകാണിച്ചു.

പോർച്ചിൽ വിദേശ കാറ്...

മൊസേക്കിട്ട് തറയിൽ ശ്രദ്ധിച്ചു ചവുട്ടി, തെന്നി വീണാലോ!

കുഷന്റെ മൃദുലതയിൽ അമർന്നിരിക്കുന്ന കുലീന സ്ത്രീ, ഇംഗ്ലീഷ് മാസികയിൽനിന്നും കണ്ണുകളുയർത്തി നോക്കി.

സുരേഷിന്റെ അമ്മയാവാനുള്ള പ്രായം ഈ സുന്ദര സ്ത്രീക്കുണ്ടെന്ന് ആരും പറയില്ല. ലിപ്സ്റ്റിക്കിട്ടു ചുവപ്പിച്ച ചൊടികളും കലാമിൻ തടവി ആരക്തമാക്കിയ കപോലങ്ങളും കൊണ്ട് കാലത്തിന്റെ വെല്ലുവിളിയെ അവർ അതിജീവിച്ചിരിക്കുന്നു.

ആ കണ്ണുകളിലെ സ്ഥായിയായ വികാരം ആലസ്യമാണ്.

അവഗണന ചുവയ്ക്കുന്ന മുഖം വെട്ടിച്ച് അകത്തേക്കു കടന്നുപോകുന്ന മകനെക്കണ്ട് വേദന കലർന്നൊരു ചിരിയോടെ അവർ തന്റെ നേരെ തിരിഞ്ഞു.

“എന്താ പേര്?”

പേരു പറഞ്ഞു.

“സുരേഷിന്റെ കൂട്ടുകാരനാ അല്ലേ?”

'അതെ'

"അവനൊര് പ്രത്യേക സ്വഭാവാ മോനേ, മമ്മീം ഡാഡീം അവന് അന്യരാ. അവന്റെ വിചാരം ഞങ്ങളവനെ സ്നേഹിക്കുന്നില്ലെന്നാ. ആ ബൈക്കു തന്നെ അവൻ പറയാതെയാ ഞങ്ങള് വാങ്ങിക്കൊടുത്തു. എന്നിട്ടും..."

മകനെപ്പറ്റിയുള്ള അവരുടെ പരാതി അനന്തമായി നീളുന്ന ലക്ഷണം കണ്ടപ്പോൾ ഒഴിവു പറഞ്ഞ് മെല്ലെ തലയൂരി.

"മമ്മീടെ സാരോപദേശം മുഴുൻ കേട്ടോ?" മുറിയിൽ ചെന്നുകയറിയ പാടെ സുരേഷ് ചൊടിച്ചു. "ആരെ കിട്ടിയാലും മമ്മിക്കിതു തന്നെയാ പണി. എന്നെപ്പറ്റിയുള്ള കംപ്ലയിൻസ്.'

"അത് സുരേഷിനോടു സ്നേഹമുണ്ടായിട്ടല്ലേ?"

സുരേഷിന്റെ പുച്ഛം കലർന്ന ചിരിയിൽ മുള്ളുകൾ."ശരിയാ, മമ്മിക്ക് എല്ലാവരോടും അതിരറ്റ സ്നേഹമാ!"

അമ്മക്കും മകനും ഒരേ മച്ചിനുകീഴെ കഴിയുന്നതിൽക്കവിഞ്ഞ ബന്ധമില്ലെന്നു തോന്നി.

അല്ലെങ്കിൽത്തന്നെ ഏതു കുടുംബത്തിലെ ആർക്കാണ് മറ്റൊരാളെ പൂർണ്ണമായി മനസ്സിലാക്കാനാവുക!

പതിനാറു വർഷങ്ങൾ ഒരുമിച്ചു കഴിഞ്ഞിട്ടും ഇന്നും അമ്മ തനിക്കൊരു പ്രഹേളികയാണല്ലൊ.

അപ്പൻ മനസ്സിലാക്കാനാവാത്ത കടംകഥയാണല്ലൊ.

എന്നിട്ടും ജീവിതമെന്ന വൻ പ്രഹേളിക മറ്റെല്ലാ സമസ്യകളേയും പരസ്പരം ഇണച്ചു നിർത്തുന്നു. ഭൂകേന്ദ്രീകരണം പോലെ.

സുരേഷിനോടും മമ്മിയോടുമൊപ്പം ഉണ്ണാനിരിക്കുമ്പോഴും, അവരുടെ മനസ്സുകൾ പിണങ്ങിനിൽക്കുന്നത് മനസ്സിലായി മോരിൽ മുതിരയുടെ ലയനംപോലെ.

താൻ നിർബ്ബന്ധിച്ചതുകൊണ്ടു മാത്രമാണല്ലൊ, സുരേഷ് അവന്റെ മമ്മിയോടൊപ്പം ഉണ്ണാനിരുന്നതുതന്നെ!

വിലപിടിച്ച ഉപകരണങ്ങൾ നിറഞ്ഞ ഊട്ടുമുറിയിലെ മാർബിൾ മേശയിൽ, തനിക്കു സ്വപ്നം കാണാനൊക്കാത്ത തരത്തിലുള്ള വിശിഷ്ട ഭോജ്യങ്ങൾ പളുങ്കു പാത്രങ്ങളിൽ അണിനിരന്നു.

ഇടക്കിടെ രണ്ടുപേരും തന്നോടു സംസാരിക്കുന്നതൊഴിച്ച്, മുറിയിൽ നിശ്ശബ്ദത നിറഞ്ഞൊഴുകി. ഹോട്ടലുകളിലെ മേശയിൽ യാദൃശ്ചികമായി ഒരുമിച്ചു കൂടുന്ന അന്യർക്കിടയിൽപ്പോലും ഇത്ര അപരിചിതത്വം നിഴലിച്ചു കണ്ടിട്ടില്ല.

മാതൃപുത്രബന്ധം ഇത് ശിഥിലമോ?

അതേപ്പറ്റി സൂചിപ്പിച്ചപ്പോൾ സുരേഷ് പറഞ്ഞു എനിക്ക് മാസാമാസം പോക്കറ്റുമണി ഡാഡി തരുമ്പോൾ, പിന്നെ ഞാനെന്തിനാ മമ്മീടെ അഹങ്കാരം സഹിക്കുന്നത്?

ഡാഡിയേം അനുസരിക്കേണ്ട കാര്യമില്ല. എനിക്ക് ജന്മം തന്നതുവഴി അവ

രേറ്റെടുത്ത ഉത്തരവാദിത്വമാണല്ലോ എന്റെ ചിലവു മുഴുവൻ സഹിച്ചോളാമെന്ന്. അല്ലെങ്കി ജന്മം തരരുതായിരുന്നു.

സാമ്പത്തിക സ്വാതന്ത്ര്യം ഓരോ വ്യക്തിക്കും കൊടുത്താൽ എല്ലാ കുടുംബങ്ങളും ഇതുപോലെ ശിഥിലമാവുമോ?

തന്റെ കുടുംബവും ഇതുപോലെയാണല്ലോ - പുഴുക്കുത്തേറ്റ് ഉള്ള മുഴുവൻ ദ്രവിച്ച വൻ മരംപോലെ.

അല്പം ശക്തമായൊരു കാറ്റ് - അതിഭീകരമായൊരു പതനത്തിന്റെ ശബ്ദംകൊണ്ട് എട്ടുദിക്കും കാതുപൊത്തും.

കൂടെപ്പൊറുക്കുന്നവരെ മറന്ന്, വിട്ടുപോയവരെ കാത്തിരിക്കുന്ന അമ്മ. ഭാര്യയാൽ വഞ്ചിക്കപ്പെട്ട് നിരാശയുടെ അഗാധഗർത്തത്തിൽ പതിച്ച് നാടൻ മദ്യത്തിൽ നീന്തിപ്പതക്കുന്ന അപ്പൻ.

തോന്നിയ പോലെ നടക്കുന്ന പൗലോസ്. പറക്കമുറ്റാത്ത എത്സി.

ഇവർക്കിടയിൽ നഷ്ടബോധത്തിന്റെ ദന്തക്ഷതങ്ങളേറ്റ് കാറ്റുപോയ മനസ്സിന് എത്രത്തോളം ഉയരാനൊക്കും?

ശരിക്കും ഓർത്തുനോക്കിയാൽ എന്തുനേടാനുണ്ട് തനിക്ക്?

ബലാൽസംഗം ചെയ്യപ്പെട്ട ലീനയോ?

അതേ! വരുംവരായ്കകൾ നോക്കാത്തവരേ ജീവിതം ആസ്വദിക്കുന്നുള്ളൂ. ആദർശം ഭാവനയാണ്, ജീവിതം യാഥാർത്ഥ്യവും!

സാങ്കല്പികമായ ഏതോ മൂല്യത്തിനുവേണ്ടി യൗവ്വനത്തിന്റെ ലഹരി മുഴുവൻ മണലിൽ തൂവിക്കളഞ്ഞിട്ട്, അന്വേഷിച്ചു നടന്ന ജലശേഖരം വെറും മുഗതൃഷ്ണയാണെന്നു ബോദ്ധ്യം വരുമ്പോഴത്തെ നിരാശ എത്ര കഠിനമായിരിക്കും!

മരുഭൂമിയിലെ മഴപോലെ, ആകെ വീണുകിട്ടിയ ഈ ജീവിതം ആദർശത്തിന്റെ ചുക്കിട്ടു കാച്ചിക്കളയണമോ?

തെളിവുകൾ, പ്രതീക്ഷകൾക്കെതിരാണ്;

യാഥാർത്ഥ്യം ഇതുവരെ മനസ്സിലാക്കിയതിൽനിന്നും വിഭിന്നമാണ്. ഏതുവഴിയാണ് ഞാൻ സ്വീകരിക്കേണ്ടത്?

ദിവസങ്ങളായിട്ട് ഒരു ദശാസന്ധിയിലാണു മനസ്സ്.

# പതിനെട്ട്

ദൈവം മരിച്ചുപോയി!!

ആദിമ മനുഷ്യൻ ദൈവത്തെ ഒളിച്ചുവച്ചിരുന്ന പ്രകൃതി നിഗൂഢതകൾ ആധുനിക ശാസ്ത്രം വെട്ടിത്തുറന്നപ്പോൾ ശ്വാസം മുട്ടി ദൈവം മരിച്ചു.

പരസ്പര വൈരുദ്ധ്യാത്മകതയുടെ ഇഴുകിയ പടവുകളിൽ ദൈവം കാലിടറി വീണു.

ഒരു 'പൊട്ടിത്തെറി' സിദ്ധാന്തത്തിൽ, ദൈവാസ്തിത്വം പൊട്ടിത്തകർന്നു.

സ്ഥലകാലങ്ങളുടെ നാലാംമാനത്തിൽ ദൈവത്തിന്റെ അനന്തതക്ക് അതിർ വരമ്പുകളുണ്ടായി....

തെളിയിക്കപ്പെടാത്ത സങ്കല്പങ്ങളിൽ എന്തിനു നാം വിശ്വസിക്കണം?

വിശ്വാസങ്ങളുടെ മണലിൽ പൂഴ്ത്തിയ തല നിങ്ങൾ പുറത്തെടുക്കൂ; എന്നിട്ട് സ്വതന്ത്രമായി ചിന്തിക്കൂ – ഭൗതികവാദത്തിൽ നിങ്ങളെത്തിച്ചേരുന്നതു കാണാം.

'അല്ലെങ്കിൽ, ഈ ഭൗതിക ലോകത്തിനതീതമായുള്ള ഏതെങ്കിലും ശക്തിയെ ആരെങ്കിലും തെളിയിച്ചു തരൂ! ഒരു ലക്ഷം രൂപ ഇനാമായി ഞാന യ്യാൾക്കു നൽകാം,' ജനലക്ഷങ്ങൾ തിങ്ങിക്കൂടിയ വൻ സദസ്സിനു മുമ്പിൽ നിന്നുകൊണ്ടു നിരീശ്വരനായ പ്രൊഫസർ പ്രഖ്യാപിച്ചു.

പത്രങ്ങളിൽ വൻ തലക്കെട്ടോടെ ആ വെല്ലുവിളി വന്നു.

വൈദികർ ആ വാക്കുകൾ കേട്ടില്ലെന്നു നടിച്ചു;

പള്ളി സ്വന്തം മതകാര്യങ്ങളുടെ തടിച്ച പുതപ്പെടുത്ത് തലവഴി വാരിപ്പു തച്ച് ഉറക്കം തുടർന്നു.

പെരുകിവന്ന സംശയങ്ങളുടെ തിങ്ങൽ ഒതുക്കാനാവാതെ, ഒരുദിവസം തോമാസച്ചനോടു ചോദിച്ചു. "പത്രത്തിൽ വന്ന പ്രൊഫസറുടെ വെല്ലു വിളി?...."

തോമാസ്സച്ചൻ രൂക്ഷമായൊന്നു നോക്കി, "അറബിക്കടലിലെ ജലം മുഴു വൻ കൈക്കുമ്പിളിലൊതുക്കാമെന്ന് വ്യാമോഹിക്കുന്ന പ്രൊഫസറോട് പള്ളി

എന്തുപറയാനാ?'

അപ്പോൾ, യാഥാർത്ഥ്യത്തെ മതങ്ങൾക്കു ഭയമാണോ?

കോളേജിലെ ആനിവേഴ്സറിക്ക് വന്ന ഭൗതീകവാദിയായ പ്രൊഫസറുടെ പ്രസംഗത്തിന് ബലമായാണ് സുരേഷ് തന്നെ കൊണ്ടുപോയത്.

പ്രൊഫസറുടെ നീണ്ട പ്രസംഗം കേട്ടപ്പോൾ ആദ്യം ഞെട്ടലാണുണ്ടായ

ത്. പക്ഷേ ആ ഞെട്ടലിൽനിന്ന് യാഥാർത്ഥ്യത്തിന്റെ തകരകൾ മുളച്ചുവരുമ്പോലെ!

പ്രൊഫസർ പറഞ്ഞതുപോലെ, യാഥാർത്ഥ്യത്തെ മതങ്ങൾക്കു ഭയമാണോ? ശാസ്ത്രം മതത്തിന്റെ എതിരാളിയാണോ?

ശാസ്ത്രവും മതവും ഒരേ ദൈവത്തിന്റെ സൃഷ്ടിയെങ്കിൽ, രണ്ടും പരസ്പരം വിഘടിക്കുന്നതെങ്ങനെ?

ശാസ്ത്രം യാഥാർത്ഥ്യമാണെന്ന് എല്ലാവർക്കുമറിയാം.

അപ്പോൾ ശാസ്ത്രം നിരാകരിക്കുന്ന മതം...... വെറും സങ്കല്പമാണ്; ദൈവം മനുഷ്യസൃഷ്ടിയാണ്.

ദൈവത്തിന്റെ അസ്തിത്വം അഖണ്ഡിതമായി ആർക്കാണിതുവരെ തെളിയിക്കാൻ കഴിഞ്ഞിട്ടുള്ളത്?

സ്ഥല-കാലങ്ങൾ ഊടും പാവുമാക്കി മെനഞ്ഞെടുക്കപ്പെട്ട അസ്തിത്വമേ ദൈവത്തിനുള്ളുവെങ്കിൽ, ഒരു പരിപൂർണ്ണത അവിടത്തേക്കെങ്ങനെ അവകാശപ്പെടാൻ കഴിയും!

ജ്വലിക്കുന്ന അഗ്നിയിലേക്കു വലിച്ചെറിയപ്പെട്ട ഗെലീലിയോ!

നീണ്ടവടിയിൽ ബന്ധനസ്ഥയാക്കി ജീവനോടെ ചിതയിലെരിക്കപ്പെട്ട ഴാങ്ദാർക്ക്.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട് കല്ലെറിഞ്ഞു കൊല്ലപ്പെട്ട മാർപ്പാപ്പാ!

പരസ്പരം മഹറോൻചൊല്ലി, ഭൗതിക സുഖങ്ങൾക്കുവേണ്ടി സഭയെ ഒറ്റിക്കൊടുത്ത പൊന്റിഫുമാർ!

ക്രിസ്തു ജീവിച്ചിരുന്ന സ്ഥലം കയ്യടക്കാൻ വേണ്ടി ആയിരമായിരം ജീവിക്കുന്ന ക്രിസ്തുമാരെ കുരിശിലേറ്റിയ കുരിശുയുദ്ധങ്ങൾ.

കൊച്ചുകാശിനു വിൽക്കപ്പെടുന്ന ദണ്ഡവിമോചനങ്ങൾ.

മഹറോൻ ചൊല്ലപ്പെട്ട മാർട്ടിൻ ലൂഥറന്മാർ!

ക്രിസ്തു നയിക്കുന്ന തിരുസ്സഭയെവിടെ?

മാർപ്പാപ്പയുടെ തെറ്റാവരമെവിടെ?

എന്റെ പ്രതീക്ഷകളുടെ പൂർത്തീകരണമായി നിലനിൽക്കാമെന്നാശിച്ച പള്ളിയെവിടെ?

അവസാനനാളുകളുടെ ലക്ഷണങ്ങൾ പൂർത്തിയാവുന്നുണ്ടെങ്കിലും അന്തിക്രിസ്തുമാരെ എങ്ങും പ്രത്യക്ഷപ്പെടുന്നുള്ളൂ.

ഈ സങ്കല്പസൃഷ്ടികൾക്കുവേണ്ടി എന്തിനു ഞാനെന്റെ സുന്ദരസ്വപ്നങ്ങളുടെ ഇതളുകളെ നിർമ്മാല്യമാക്കണം?

എന്തിനു ഞാൻ സത്യത്തെ മിഥ്യയാക്കി, ജീവിതത്തിൽനിന്നും ഒളിച്ചോടണം?

അല്ലെങ്കിൽത്തന്നെ, ഒട്ടകത്തോലുടുത്ത് കാട്ടുകനികളും കാട്ടുതേനും കഴിച്ച് ഈ മരുഭൂമിയിലെനിക്കെന്താണ് വിളിച്ചുപറയാനുള്ളത്?

എനിക്കു പിന്നിൽ അഗ്നിയും പരിശുദ്ധാത്മാവും കൊണ്ട് മാമ്മോദീസ നൽകുന്ന ഒരു ക്രിസ്തുവും ഇനി വരാനില്ലല്ലൊ!

ആ പ്രൊഫസറും ഒരിക്കൽ വൈദികവിദ്യാർത്ഥിയായിരുന്നത്രേ!

പഠിപ്പിക്കുന്നതൊന്നും യുക്തിചിന്തക്കു നിരക്കാത്തതായപ്പോൾ സത്യം തേടി അദ്ദേഹം സെമിനാരി വിട്ടു.

പുസ്തകങ്ങളിലും പ്രകൃതി ജ്ഞാനങ്ങളിലും നടത്തിയ നീണ്ട തപസ്യ യുടെ ഫലമായി, ഒടുവിലിതാ, അദ്ദേഹം തികഞ്ഞ ഭൗതികജ്ഞാനത്തിന്റെ ചിറകുകൾ നേടിയിരിക്കുന്നു.

ഇത്രയും അറിവുള്ള അദ്ദേഹം ഒടുവിൽ എത്തിപ്പിടിച്ച ഈ യുക്തിചിന്ത, വൈദികശ്രേഷ്ഠന്മാർ മൗനം പൂണ്ടു നിൽക്കുന്നിടത്തോളം കാലം, എങ്ങനെ തെറ്റാണെന്നു ധരിക്കാനാണ്?

ഇല്ല, സങ്കല്പങ്ങൾക്ക് എന്റെയീ ജീവിതം അടിയറവെക്കാൻ ഞാനൊരു ക്കമല്ല.

പാരമ്പര്യ വിശ്വാസങ്ങളുടെ പൊക്കിൾക്കൊടി അറുത്തുകളയാൻ ഒരുനി മിഷം ആശിച്ചു.

അന്ധവിശ്വാസങ്ങളുടെ വിലങ്ങുകൾ തകർക്കാനുള്ള കരുത്ത് കരങ്ങളിൽ ഊറിക്കൂടി.

സാങ്കല്പിക പാപങ്ങളെ ഭയന്ന് ആകെയുള്ള ഈ ജീവിതം, വിരക്തി യുടെ മൺപുറ്റിൽ ഞാൻ പൊതിഞ്ഞു വെക്കണമൊ?

എന്നിട്ടൊടുവിൽ ആരെ, എന്തുനേടാനാണ്? എന്നോ ക്രൂശിക്കപ്പെട്ടുപോയ ക്രിസ്തുവിനേയോ?

എന്റെ വീതം എനിക്കു വിട്ടു തരൂ!

എന്റെ ജന്മസ്വാതന്ത്ര്യം!!

അതു വിറ്റുകൊണ്ട് എല്ലാ നിയന്ത്രണങ്ങളുടെയും വേലിക്കെട്ടുകൾ തകർത്ത് അകലെയുള്ള നഗരത്തിൽ പോയി സഹജവാസനകളോടൊപ്പം ഞാൻ ആനന്ദിക്കട്ടെ!

അവിടെ എന്റെ യുവത്വം ഞാൻ പങ്കുവക്കും.

താരുണ്യത്തിന്റെ മനോഹര പൂക്കളിലെ മധുകലശങ്ങളെ ഞാനുമ്മവക്കും. എന്റെ മധുശാലയിലേക്ക് മാധുര്യത്തിന്റെ വിരുന്നുണ്ണാൻ ശലഭങ്ങളെ ഞാൻ ക്ഷണിക്കും.

തന്റെ മനസ്സിൽ പ്രകാശകിരണങ്ങൾ വീഴുന്നതുകണ്ട് സുരേഷാണ് ഏറ്റവും സന്തോഷിച്ചത്, എടോ, ഒരു ലീന പോയാൽ ഒമ്പതു ലീനമാർ വരും. ജീവിതത്തിന്റേയും പ്രേമത്തിന്റേയും വിജയാടിസ്ഥാനം ഒന്നുമാത്രമാണ്.

പണം!

പണം മാത്രം!

ശരിയാണെന്നു തോന്നി. പണത്തിന്റേയും പ്രതാപത്തിന്റേയും മുമ്പിൽ കുമ്പിടാത്ത ആദർശങ്ങളില്ല; മൂല്യങ്ങളില്ല.

സുരേഷിന്റെ വീട്ടിലെ അനന്തമായ സ്വത്ത് അവരുടെ എല്ലാ പോരായ്മ കളെയും മൂടി വയ്ക്കുന്നു.

നാടു മുഴുവൻ അവരെ ബഹുമാനിക്കുന്നു.

സുരേഷിന്റെ വീട്ടിൽ കടന്നുചെല്ലുമ്പോഴെല്ലാം വേലക്കാർ എത്ര ആദരവോടെയാണ് തന്നോടു പെരുമാറുന്നത്. 'സാറെ'യെന്നേ വിളിക്കൂ!

മൊസേക്കിട്ട് തറയിൽ ചവുട്ടിതെന്നി നീങ്ങുമ്പോൾ, ഒന്നും നഷ്ടപ്പെടുകയായിരുന്നില്ലെന്നറിഞ്ഞു.

മറിച്ച് എന്തോ നേടുകയായിരുന്നു. ഒരു പുരുഷാർത്ഥം മുഴുവൻ പണയം വച്ചാലും തന്റെ കുടുംബത്തിനു കണികാണാനൊക്കാത്ത ആഡംബരത്തിന്റെ മിനുമിനുത്വം!

അതേ, താനുയരുകയായിരുന്നു, ആധുനികജീവിതത്തിന്റെ പളപളപ്പിലേക്ക്; ജീവിതമെന്ന യാഥാർത്ഥ്യത്തിലേക്ക്.

ആദർശങ്ങളുടെ ആകാശക്കോട്ടകൾ അസ്ഥിവാരമില്ലാതെ എവിടെ പോയെങ്കിലും ഉയർന്നുനിൽക്കട്ടെ!

മൂല്യങ്ങളുടെ ചവറ്റുകൊട്ട എവിടെയെങ്കിലും തട്ടിമറിയട്ടെ!

തൃഷ്ണ നിറഞ്ഞ ഈ വസുന്ധരയിൽ, വിരുന്നുവന്ന വസന്തത്തിന്റെ ഈ അപൂർവ്വ നിമിഷങ്ങളാണ് യാഥാർത്ഥ്യം!

ഇന്നലെയോ മരിച്ചുപോയി, നാളെയോ പിറന്നിട്ടില്ല.

പിന്നെ സ്വസ്ഥമായി വീണുകിട്ടുന്ന ഇന്നിന്റെ സൗവർണ്ണ നിമിഷങ്ങളെ ആവോളം ഞാൻ സ്വന്തമാക്കട്ടെ!

നാളെ, ഒരുപക്ഷെ എല്ലാം നഷ്ടപ്പെട്ട്, ഏതെങ്കിലും ഗുഹയിൽ അഭയം തേടുമ്പോൾ ഈ നിമിഷങ്ങളുടെ ഇന്ദ്രനീലക്കല്ലുകളേ, ഓർമ്മയുടെ പിച്ചച്ചട്ടിയിൽ നിന്നും പെറുക്കിയെടുത്ത് താലോലിക്കാൻ കാണുകയുള്ളുവെങ്കിലോ!

സുരേഷിന്റെ സഹായത്തോടെ പാപചിന്തകളും, സാങ്കല്പിക മനസ്സാക്ഷിയും മനസ്സിൽനിന്ന് ചുരണ്ടിക്കളഞ്ഞ് സഹജാവബോധത്തെ ഇക്കിളിയിട്ടുണർത്തുവാൻ ശ്രമിക്കുമ്പോൾ;

പാരമ്പര്യത്തിന്റെ പനയോലകൾ പൊട്ടിച്ചുകീറി യുക്തിയുടെ കാറ്റിൽപ്പറത്തിക്കളയുമ്പോൾ, ഉള്ളിന്റെയുള്ളിൽ മന്ത്രമുഗ്ദമായി യുവത്വം മന്ദഹസിച്ചു; താരുണ്യം ശക്തമായ മുളകളോടെ മണ്ണിനു മേലേക്ക് ചുഴറ്റിക്കയറി. നൂതനമായൊരു ലോകം കൺമുമ്പിൽ പൊട്ടിവിടരുകയായി...

അവിടെ ദാഹം മുറ്റിയ പ്രകൃതി, ഋതുമതിയായ പ്രഭാതത്തിന് വരവേല്പു നൽകി;

കാറ്റിനരികിൽ വൃക്ഷങ്ങൾ ഉടുതുണിയുരിഞ്ഞു.

ഡാലിയാപ്പൂക്കളുടെ നാണം, ശലഭങ്ങൾ സ്വന്തം ശരീരംകൊണ്ടു മറച്ചു.

പാവാടപ്രായമായ മേഘങ്ങളെ സൂര്യൻ ആകാശത്തിന്റെ വിജനതയിൽ വച്ച് ബലാത്സംഗം ചെയ്തപ്പോൾ കട്ടരക്തം ചക്രവാളത്തിലാകെ ഒഴുകിപ്പടർന്നു...

പക്ഷികളുടെ കരച്ചിൽ ദാഹം പൂണ്ടവയാണ്.

മൃഗങ്ങളുടെ മുരൾച്ച മോഹം മുറ്റിയതാണ്.

ലോകത്തിന്റെ ദാഹത്തിന് പാറയിടുക്കുകളിൽനിന്നും മദജലം ചാടുന്നു.

എത്ര കുടിച്ചാലും ദാഹം തീരാത്ത കുളുർ ജലം.

താരുണ്യമാർന്ന പ്രകൃതി ഉൾപ്പുളകത്താൽ മദിച്ച്, രതിമൂർച്ഛയിൽ മയങ്ങുമ്പോൾ പാൽനിലാവ് ഭൂമിയിൽ ചുരന്നൊഴുകി.

ക്രമേണ സുരേഷിന്റെ മമ്മിയുടെ ആലസ്യമാർന്ന നയനങ്ങളിൽ പുതിയ അർത്ഥങ്ങൾ വിരിയുന്നതു കണ്ടു. മകന്റെ കൂട്ടുകാരനെന്ന നിലക്കാണോ അവര് താല്പര്യം തന്നോടു കാണിക്കുന്നത്? അതോ മമ്മിയേയും മകനേയും ബന്ധിപ്പിക്കാൻ ശ്രമിക്കുന്ന കണ്ണിയെന്ന നിലയിലോ?

സുരേഷിനിഷ്ടമല്ലെന്നറിഞ്ഞിട്ടും ആവശ്യമില്ലാതെ അവരതുമിതും തന്നോടു സംസാരിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്?

അടുത്തിരിക്കുമ്പോൾ തന്റെ ശരീരത്തിലെല്ലാം അവരുടെ നയനങ്ങളെന്തോ പരതുന്നു. കാലം കരിച്ചു കഴിഞ്ഞ മേൽച്ചുണ്ടിനു മേലെ; വിരിഞ്ഞു തുടങ്ങുന്ന തന്റെ വിരിമാറിൽ...

അവരെന്താണ് തന്നിൽനിന്നും പ്രതീക്ഷിക്കുന്നത്?

അവരുടെയടുത്തിരിക്കുമ്പോൾ, സ്ത്രീയുടെ മാദകഗന്ധം മനസ്സിൽ നിറയുമെങ്കിലും ഒരു പരിഭ്രമം മോഹങ്ങൾക്കു മീതെ പാടകെട്ടി.

സ്നിഗ്ധമായ അവരുടെ ഒടിവുകളിൽ ഒട്ടിനിൽക്കാതെ കണ്ണുകളെ നിയന്ത്രിച്ചു – എന്തെങ്കിലും സംഭവിച്ചാൽ സുരേഷ് തന്നോടു ക്ഷമിക്കില്ല.

എന്നിട്ടും സുരേഷിന്റെ വീട്ടിൽ പോവാതിരിക്കാൻ കഴിയുമായിരുന്നില്ല. കോളേജിൽ ആകെയുള്ള ഉറ്റ സുഹൃത്തിന്റെ ക്ഷണം എങ്ങനെ നിരസിക്കാനൊക്കും; വീട്ടിലെ കൊടും ദാരിദ്ര്യത്തിന്റെ ഗുരുത്വവും, തന്റെ ഏകാന്തതയും അല്പമെങ്കിലും ലഘൂകരിക്കപ്പെടുന്നത് ഇവിടത്തെ ഊണുമേശക്കൽ വച്ചാണല്ലൊ!

എല്ലാറ്റിനുമുപരി, സുരേഷിന്റെ ആത്മാർത്ഥ സൗഹൃദത്തിൽനിന്ന് പെറുക്കിയെടുക്കാൻ കഴിയുന്ന ഏതാനും നിമിഷങ്ങളും!

ഇണപിരിയാനൊക്കാത്ത സൗഹൃദംപോലെ, സുരേഷുമായി അത്രയടുത്ത നാളുകളൊന്നിൽ അവൻ ക്ലാസ്സിൽ വന്നില്ല; അടുത്തദിവസവും കണ്ടില്ല; പിന്നത്തെ ദിവസവും.

ചോദിച്ചപ്പോൾ മിനിക്കറിയില്ല; സിമ്മിക്കറിയാൻ താല്പര്യവുമില്ല. ഒരു സുരേഷ് പോയാൽ വേറെ എത്രയോ സുരേഷുമാർ വരും!

ബൈക്കിൽ പാഞ്ഞുപോകുമ്പോൾ വല്ല അപകടവും? ഓർത്തപ്പോൾ ഞെട്ടി. ഹൃദയങ്ങൾ പരസ്പരം തുറന്നുകാണിക്കുന്ന ഏക സുഹൃത്താണ്. ഉച്ചകഴിഞ്ഞുള്ള ക്ലാസ്സുകൾ കട്ട് ചെയ്ത് സുരേഷിന്റെ വീട്ടിൽ ചെന്നു.

ഡ്രോയിംഗ് റൂമിൽ ഏതോ ഇംഗ്ലീഷ് മാഗസിൻ വായിച്ചുകൊണ്ടിരുന്ന മമ്മിയുടെ കണ്ണുകളിൽ പ്രകാശം–തന്നെ പ്രതീക്ഷിച്ചിരിക്കുമ്പോലെ!

“രണ്ടുദിവസമായി സുരേഷിനെ കണ്ടില്ല.” മമ്മിയുടെ അടുത്ത് സെറ്റിയിലിരുന്നുകൊണ്ടു പറഞ്ഞു.

“അതിനെന്താ, കാണിച്ചു തരാലോ,” വായിച്ചുകൊണ്ടിരുന്ന പുസ്തകം സെറ്റിയിലേക്കെറിഞ്ഞ് അവരെഴുന്നേറ്റു, “വാ ചായ കുടിക്കാം. എന്നിട്ടു

സംസാരിക്കാം.”

ആശ്വാസം തോന്നി; സുരേഷിന് ആപത്തു വന്നിരുന്നെങ്കിൽ ഇവരിങ്ങനെ ഇരിക്കുമായിരുന്നോ?

ഊണുമുറിയിലെ കസേരയിൽ തന്നെ പിടിച്ചിരുത്തിക്കൊണ്ട് അവർ വിളിച്ചുപറഞ്ഞു. “നാണീ ചായ‘

എണ്ണക്കറുപ്പുള്ള കൊഴുത്തപെണ്ണ് ചായയും പലഹാരങ്ങളും നിരത്തുന്നത് നോക്കിയിരുന്നു.

മനപ്പൂർവ്വം മറന്ന സോപ്പും തോർത്തും, ഈ പെണ്ണിനെക്കൊണ്ടു വരുത്തിച്ച് കുളിമുറിയിൽ പങ്കിട്ട മാദകനിമിഷങ്ങളെക്കുറിച്ച് സുരേഷ് എത്രവട്ടം പറഞ്ഞിരിക്കുന്നു!

എന്നിട്ട് ചായ കൂട്ടുന്ന നാണിയുടെ ഈ നില്പ് കണ്ടാൽ പച്ചപ്പാവമാണെന്നേ തോന്നു ഒന്നും അറിയാത്തപോലെ!

അല്ലെങ്കിൽത്തന്നെ, അഭിനയത്തിൽ ആരാണിവിടെ പിന്നോക്കം?

“കഴിക്കൂ!‘

കഴിച്ചു.

ദിവസങ്ങളായി പിറുപിറുത്തുകൊണ്ടിരുന്ന വയർ ശാന്തമാവുകയായിരുന്നു. വെള്ളം മേലെ നിൽക്കുന്ന കഞ്ഞി മാത്രമാണല്ലോ വീട്ടിൽ മൂന്നുനേരവും! അപ്പന് കുടുംബത്തിലെ താല്പര്യം അസ്തമിച്ചതുപോലെ; അമ്മയ്ക്ക് ജീവിതമോഹങ്ങളെ നഷ്ടപ്പെട്ടിരിക്കുന്നു.

പിന്നെയാരാണ് വീടു തള്ളിക്കൊണ്ടുപോവുക!

പൗലോസിനും എത്സിക്കും വേണ്ടി വെക്കുന്ന കഞ്ഞിയിൽ ഒരുഭാഗം തനിക്കും; അല്ലാതെ വീട്ടിലാർക്കും വിശപ്പില്ലല്ലൊ.

അടുത്ത ബന്ധുക്കളുണ്ടായിരുന്നെങ്കിൽ പോയി താമസിക്കാമായിരുന്നു. പക്ഷേ ഒരു കുഞ്ഞു ജനിച്ചതോടെ ഇളയമ്മക്കും തന്നിലുള്ള താല്പര്യം നഷ്ടമായിരിക്കുന്നു.

എവിടെയെങ്കിലും പോയാൽത്തന്നെ എത്ര നാളേക്കെന്നു കരുതിയാണ് താമസിക്കുക? ആജീവനാന്തമോ? അടുത്തെങ്ങും വീട്ടിലെ നില ഉയരുന്ന ലക്ഷണമില്ല.

അല്ലെങ്കിൽ അച്ചനാകാൻ പോകണം. വിരക്തമെങ്കിലും അല്ലലില്ലാതെ ജീവിക്കാം. തോമാസ്സച്ചന് തൃപ്തിയാവും. അമ്മയുടെ നേർച്ചയും നിറവേറ്റാൻ കഴിയും.

പക്ഷേ എന്തുകൊണ്ടോ മനസ്സു സമ്മതിക്കുന്നില്ല.

യൗവ്വനത്തിന്റെ സുന്ദരഭാവങ്ങൾ ഭാവനയിൽ ആനന്ദം ചുരത്തുമ്പോൾ, എങ്ങനെ സാങ്കല്പികമായൊരു ലക്ഷ്യത്തിനുവേണ്ടി ആകെയുള്ള ജീവിതം ചുട്ടുപൊട്ടിക്കും!

എങ്ങിനെ ആകെ കിട്ടിയ ഈ യൗവ്വനത്തിന്റെ നറും പാലിൽ ചുക്കിട്ട് കാച്ചും!

“എന്താ സ്വപ്നം കാണുന്നത്?”

ഞെട്ടിയുണർന്നു നോക്കുമ്പോഴുണ്ട്, കൈപ്പത്തിയിൽ താടിയമർത്തി സുരേഷിന്റെ മമ്മി തന്നെ കൗതുകത്തോടെ നോക്കിയിരിക്കുന്നു.

വശ്യതയാർന്ന അവരുടെ ചിരിയിൽ ഒരു മാതൃഭാവത്തിന്റെ നറും പാൽ ചുരന്നു വരുന്നുണ്ടോ?

സുരേഷിന്റെ മമ്മിയുടെ മുഖത്തേക്ക് നോക്കി പുഞ്ചരിക്കാൻ ശ്രമിച്ചപ്പോഴാണ് അറിയാതെ കണ്ണുകൾ പാളിപ്പോയത്. അവരുടെ തോളിൽനിന്നും താഴേക്ക് ഊർന്നുപോയ സിൽക്ക് സാരി.

ഇറക്കിവെട്ടിയ ബ്ലൗസിനുള്ളിൽ തിങ്ങിവിങ്ങുന്ന സ്തനങ്ങൾ!

ബ്ലൗസിനുള്ളിലേക്ക് ആണ്ടിറങ്ങുന്ന സ്തനങ്ങൾക്കിടയിലുള്ള ഗർത്തത്തിലേക്ക് വിരൽ വണ്ണമുള്ള സ്വർണ്ണമാല ആണ്ടിറങ്ങിപ്പോകുന്നു.

പെട്ടെന്ന് പരിസരബോധം വീണ്ടെടുത്ത് അവരുടെ മുഖത്തേക്ക് തന്നെ നോക്കിയപ്പോൾ എല്ലാം മനസ്സിലാക്കിയ ഭാവത്തിൽ 'കൊച്ചുകള്ളാ'യെന്നുള്ള ചിരി.

വേഗം എഴുന്നേറ്റ് കൈകഴുകി.

"വരൂ," സുരേഷിന്റെ മമ്മി എഴുന്നേറ്റ് സാരി തോളിൽ നേരെയിട്ട് നടന്നു. പിറകെ ചെന്നു.

പരിചയമില്ലാത്ത ഇടനാഴിയിലൂടെയാണവർ നയിച്ചത്.

സുരേഷിന്റെ മുറി ഇവിടേക്ക് മാറ്റിയോ? അല്ലെങ്കിൽ എന്താണിവരുടെ ഭാവം?

അടഞ്ഞുകിടന്നിരുന്ന ഫ്ളഷ് ഡോറവർ തള്ളിത്തുറന്നപ്പോൾ പേരറിയാത്തൊരു മാദക സൗരഭ്യം മൂക്കിലേക്കിഴഞ്ഞുകയറി.

അവർ ഒരു സ്വിച്ച് ഞൊടിച്ചപ്പോൾ മുറിയിൽ പൊട്ടിവീണ ചുവന്ന വെളിച്ചത്തിൽ കണ്ടു, ചുവന്ന പരവതാനി വിരിച്ച് തറയിൽ ചേർത്തിട്ടിരിക്കുന്ന ഡബിൾക്കട്ടിൽ.

ചുളിവു വീഴാത്ത ചെംപട്ടിന്റെ കിടക്കവിരി.

ഭിത്തിയിൽ റോസ് നിറത്തിലുള്ള ഡിസ്റ്റംബർ.

മുറിക്കകത്തെ ഉപകരണങ്ങൾക്കെല്ലാം ചുവപ്പുനിറം.

ആകെക്കൂടി രക്തവർണ്ണത്തിൽ വിരചിക്കപ്പെട്ട ഒരു മായാലോകം.

വാതിൽക്കൽ പകച്ചു നിൽക്കുമ്പോൾ അവർ കയ്യിൽ കടന്നുപിടിച്ചു. "കടന്നു വരൂ!"

അവരുടെ ബലത്തിന് വശംവദനായി സ്പോഞ്ചുകിടക്കയിലേക്കിരിക്കുമ്പോൾ മനസ്സാന്നിദ്ധ്യം വീണ്ടെടുത്ത് ചോദിച്ചു. "സുരേഷെവിടെ?"

എന്നു "ഞാനൊന്ന് കുളിച്ചിട്ടുവന്നിട്ട് നമുക്ക് സുരേഷിനെ കാണാം. പോരെ?" കിടപ്പുമുറിയോടു ചേർന്നുള്ള കുളിമുറിയിൽ സുരേഷിന്റെ മമ്മി കയറി വാതിലടച്ചപ്പോൾ മനസ്സിലെ വിഭ്രമങ്ങളുടെ അലകളടങ്ങി.

ആശ്വാസത്തോടെ മുറിയിലെ ചുവരുകളെ അലങ്കരിക്കുന്ന വിലകൂടിയ കലാശില്പങ്ങളിലൂടെ കണ്ണുകളോടിച്ചു. മഹാന്മാരായ കലാകാരന്മാരുടെ സർഗ്ഗവാസനകൾ ഉരുക്കഴിച്ചു കാട്ടിയ കലാശില്പങ്ങൾ ഇവിടെയിതാ ഒരു

കിടപ്പുമുറിയെ അലങ്കരിക്കാൻ മാത്രം.....

പെട്ടെന്ന് കുളിമുറിയുടെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു."ഇതിന്റെ ഹുക്കഴിക്കാൻ പറ്റുന്നില്ല, ഏല്യാസ് ഇതൊന്നഴിച്ചു തരാമോ?"

കാലിന്റെ പെരുവിരലിൽ നിന്നും ഒരു പെരുപെരുപ്പ് മുകളിലേക്ക് അരിച്ചു കയറുന്നതറിഞ്ഞു... അതനുസരിച്ച് ശരീരം ചൂടുപിടിക്കുന്നതറിഞ്ഞു...

പേരറിയാത്തൊരു വികാരം മനസ്സിനെ പൊതിയുന്നതറിഞ്ഞു... മിടിക്കുന്ന ഹൃദയത്തോടെ എഴുന്നേറ്റു ചെന്നപ്പോൾ കണ്ടു

ആധുനികമായി സജ്ജീകരിച്ച കുളിമുറിയിൽ കടഞ്ഞെടുത്ത രതിശില്പം പോലെ പുറംതിരിഞ്ഞു നിൽക്കുന്ന സുരേഷിന്റെ മമ്മി..

അടിപ്പാവാടയും ബ്രേസിയറും മാത്രം അണിഞ്ഞിരുന്ന അവരുടെ ശരീര വടിവ് അത്യാകർഷകമായിരുന്നു ഏതൊരു സന്യാസിയുടേയും മനമിളക്കാൻ പോന്ന മാദകശരീരം!

അവർ പുറകിലേക്ക് കൈകൾ വളച്ച് ബ്രേസിയറിന്റെ പുറത്തെ ഹുക്ക് വിടുവിക്കാൻ ശ്രമിക്കുകയായിരുന്നു.

നോക്കിനിൽക്കേ സ്വന്തം ഹൃദയമിടിപ്പുകൾ താളം തെറ്റുന്നതറിഞ്ഞു. ദീർഘദൂരം ഓടിവന്നവനെപ്പോലെ ശ്വാസഗതി ഉച്ചത്തിലായി.

ശരീരത്തിലെ ശൂന്യമായ ഉള്ളറകളിൽ മുഴുവൻ ചൂടുള്ള രക്തം ഒഴുകി നിറയുന്നതറിഞ്ഞു.

വിറക്കുന്ന കരങ്ങൾ കൊണ്ട് ബ്രേസിയറിന്റെ ഹുക്കുകൾ അഴിച്ചപ്പോൾ വിരലുകൾ അവരുടെ മാദകമായ ശരീരത്തിൽ സ്പർശിച്ച് അദൃശ്യമായ അഗ്നിസ്ഫുലിംഗങ്ങൾ ചിതറി.

ഒരുനിമിഷം...

കൂട്ടിൽനിന്നും തൽക്ഷണം അഴിച്ചു വിടപ്പെട്ട രണ്ട് വന്യമൃഗങ്ങളെപ്പോലെ അവരുടെ വക്ഷോജങ്ങൾ വെല്ലുവിളികളോടെ വിജംഭിച്ചുനിന്നു. തലയുയർത്തിനിന്ന ഗിരിശൃംഗങ്ങളിൽ ഓരോ തുള്ളി ഇരുട്ട് ഘനീഭവിച്ചു കിടന്നു.

ദാഹം മുറ്റിയ കണ്ണുകളോടെ, തൊണ്ടിപ്പഴം പോലെ ചുവന്ന ചുണ്ടുകളോടെ അവർ തന്റെ നേരെ തിരിഞ്ഞപ്പോൾ സത്യത്തിൽ ഭയം തോന്നി.

പിന്തിരിഞ്ഞു പോരാൻ തിരിഞ്ഞതായിരുന്നു. പെട്ടെന്നാണവർ തന്റെ കയ്യ് കവർന്നെടുത്ത് മൃദുലമായ അവരുടെ മാറിൽ ചേർത്തമർത്തിയത്;

തനിക്കെന്തെങ്കിലും ചെയ്യാനാവും മുമ്പ് ശക്തമായവർ തന്നെ കെട്ടിപ്പുണർന്നത്;

ഇവരുടെയുള്ളിൽ ഇത്രമാത്രം ശക്തി പതിഞ്ഞുകിടപ്പുണ്ടെന്നോർത്തില്ല.

ഇവരിലെ മോഹങ്ങൾ ഇത്ര ആഴത്തിൽ വേര് പാഞ്ഞിരുന്നെന്നറിഞ്ഞില്ല.

ഏറ്റവും വിലകൂടിയ സാറ്റിനേക്കാളും മൃദുലമാണവരുടെ പൂമേനി എന്നും മനസ്സിലായിരുന്നില്ല.

തന്റെ ശരീരത്തിലെമ്പാടും അവരുടെ ഈർപ്പഭരിതമായ ചുണ്ടുകൾ എന്തോ തേടിനടന്നു.

പതുപതുപ്പാർന്ന കാർപെറ്റിലേക്ക് തന്നെ തള്ളിയിട്ട്, പളപളപ്പുള്ള അവരുടെ മാറിടം ഉറച്ചുവരുന്ന തന്റെ നെഞ്ചിൽ ഉരസി ചൂടുപിടിപ്പിച്ചുകൊണ്ട് ദ്രുതഗതിയിലുള്ള ശ്വാസത്തിനിടയിൽ അവർ പുലമ്പി – "എന്നെ സ്നേഹിക്കൂ ഏല്യാസ്; എന്നിട്ടെന്നെ കീഴടക്കൂ!'

ആ നിമിഷം അവരെ തള്ളി മാറ്റി ഓടിപ്പോകാൻ സത്യമായും ആശിച്ചു.

പക്ഷേ തന്റെ കാലുകൾക്ക് തളർവാതം പിടിച്ചിരിക്കുന്നു.

തന്റെ തലച്ചോറിന്റെ നിയന്ത്രണം മറ്റാരോ ഏറ്റെടുത്തിരിക്കുന്നു.

തന്റെ ശരീരത്തെയാകെ നിയന്ത്രിക്കുന്നത് ക്രമം തെറ്റിയ ഹൃദയമിടിപ്പുകളും പൂവൻ കോഴിയുടെ നീണ്ടുനിൽക്കുന്ന കൊക്കുമാണല്ലൊ!

ഒന്നുവിളിച്ചുകൂവാൻ – തന്റെ ചുണ്ടുകളെ അവരുടെ ചുണ്ടുകൾക്കുള്ളിൽ ബന്ധനസ്ഥമാക്കിയിരിക്കുകയാണല്ലൊ!

തന്റെ ദേഹത്ത് മാംസളമായ തിരികല്ലുകൾ കയറ്റിവച്ചിരിക്കുകയാണല്ലൊ! ആയിരം കുതിരശക്തിയോടെ, ആയിരം കരങ്ങൾ നീട്ടി തന്നെ പൊതിഞ്ഞ അവരുടെ മാംസപുഷ്പത്തിന്റെ മൃദുലതയിൽ, സ്വന്തം ശ്വാസത്തിന്റെ താളം പോലും നഷ്ടമാവുകയായിരുന്നു.

ക്രമേണ സ്വന്തം മനസ്സിന്റെ കടിഞ്ഞാൺ, അവരുടെ മാറിലെ ചൂടിൽ ഉരുകി വീഴുന്നതറിഞ്ഞു.

സിരകളിൽ രക്തം കൂലംകുത്തിയൊഴുകുമ്പോൾ ഹൃദയസ്പന്ദനത്തിന്റെ താളം വീണ്ടും മുറുകി.

എല്ലാം, അബോധാവസ്ഥയിൽ കാണുന്ന സ്വപ്നം പോലെ കുത്തഴിഞ്ഞുപോകുന്ന ഉടുമുണ്ട്; പറിഞ്ഞുപോകുന്ന അടിവസ്ത്രങ്ങൾ – ഏതോ അദൃശ്യ പ്രേരണയാൽ ഒന്നും തടുക്കാൻ കഴിഞ്ഞില്ല.

ഏതോ ലഹരിയിൽ, സ്വന്തം ശരീരത്തിന്റെ നിയന്ത്രണങ്ങൾ പൊങ്ങിക്കിടന്നു;

സഹജവാസന മനസ്സാക്ഷിയുടെ വാപൊത്തി.

ഇരുണ്ട താഴ്വരയിലെ ചുവന്ന പുഷ്പം കറുത്ത മധുപനു വേണ്ടി പനിനീരൊഴുക്കി.

ഇര വശംവദനാകുന്തോറും വേടന്റെ ശക്തിയേറുകയായിരുന്നു; കീഴടങ്ങാത്തതെല്ലാം കീഴടക്കാൻ, വഴിയിൽ തടയുന്നതെല്ലാം കടിച്ചു പറിക്കാൻ! വാരിയെല്ലിന്റെ ഭാഗത്തെ മാംസമായിരുന്നു ഏറ്റവും രുചികരമായി തോന്നിയത്.

ഒരു മത്സരത്തിന്റെ അന്ത്യത്തോടടുക്കുന്തോറും അനുനിമിഷം ഏറിവരുന്ന വാശി.

പ്രോത്സാഹിപ്പിക്കുന്ന കാണികൾ; വിസിലടിക്കുന്ന ശ്രോതാക്കൾ; ആർത്തട്ടഹസിക്കുന്ന കുട്ടികൾ.

ശരീരത്തിനേൽക്കുന്ന നഖക്ഷതങ്ങളും, ദന്തമർദ്ദനങ്ങളും കിനിയുന്ന രക്തവും വാശി വർദ്ധിപ്പിച്ചതേയുള്ളു;

വിജയമായിരുന്നു ലക്ഷ്യം; ഓടിയെത്തുന്നതിലെ പ്രാഥമികത; മത്സര

ത്തിന്റെ പരിസമാപ്തി. കിതപ്പ് അതിനുള്ള ആക്കം കൂട്ടിയതേയുള്ളു; ശ്വാസവേഗത്തിനനുസരിച്ച് കുതിപ്പുകളുടെ ആവേഗവും കൂടി; ആവേശം പതിന്മടങ്ങായി.

അതാ, അതാ, മൂർദ്ധന്യത്തിന്റെ രജത രേഖ കാണാനാവുന്നു;

ആത്മവിസ്മൃതി സ്പർശിക്കാൻ കഴിയുന്നു;

സംതൃപ്തിയുടെ പാരമ്യത അനുഭവവേദ്യമാകുന്നു!

അനുഭൂതിയുടെ മലമടക്കുകൾ ഒന്നൊന്നായി ഇതൾ വിടരുന്നു!!

ഒന്ന്......... രണ്ട്........ മൂന്ന്......... നാല്....... അഞ്ച്.........

ഏതാനും നിമിഷങ്ങൾ മാത്രം!

ആരവങ്ങൾ നിലച്ചു; ആവേശം മരിച്ചുവീണു; എല്ലാം കെട്ടടങ്ങി.

കുതിച്ചെത്തിയ നനഞ്ഞ പൂഴിമണ്ണിൽത്തന്നെ തളർന്നുകിടന്നു.

എങ്ങും ശൂന്യതയുടെ അന്ധകാരം മാത്രം നിറഞ്ഞുനിന്നു.

നഷ്ടബോധത്തിന്റെ ഊർന്നു പോകുന്ന താളങ്ങൾ മാത്രം, അമ്പേറ്റ് മരിച്ചു വീണ കുരുവിയുടെ കഴുത്തിലെ ഗദ്ഗദം പോലെ, അപ്പോഴും ഉള്ളിൽ ബാക്കിനിന്നു.

ശ്വാസകോശത്തിന്റെ വികാസത്തിനൊത്ത് നാസാരന്ധ്രങ്ങൾ കൊക്കു തുറക്കാൻ വിസമ്മതിച്ചപ്പോൾ വായ് തുറന്നു ശ്വസിച്ചു; ഹൃദയസ്പന്ദനശക്തിയിൽ ശരീരമാകെ കുലുങ്ങി...

എന്റെ ചുംബനങ്ങൾ അടർന്നു പോയിരിക്കുന്നു!

കാതലായതെന്തോ എന്നിൽ നിന്നൊഴുകിപ്പോയിരിക്കുന്നു!

എന്റെ ചാരിത്ര്യം എനിക്ക് നഷ്ടമായിരിക്കുന്നു;

ഒരു വൻ തളർച്ചയുടെ നിലയില്ലാക്കയത്തിലേക്ക് എന്റെ ആത്മാവും ശരീരവും ആഴ്ന്നുപോയിരിക്കുന്നു....

അമ്മേ, എന്റെയമ്മേ!

എന്നോടു ക്ഷമിക്കൂ.

യൗവ്വനത്തിന്റെ ലഹരിക്കുവേണ്ടി ജീവിതലക്ഷ്യം ഞാനിവിടെ അടിയറ വച്ചു.

ഒടുവിൽ കൈനീട്ടി വാങ്ങാൻ കിട്ടുന്നത് ഈ നഷ്ടബോധമാണെന്നു ഞാനറിഞ്ഞില്ല. ഒരു വൈദികനാകാനുള്ള അർഹത ഞാനിവിടെ നഷ്ടപ്പെടുത്തി.

ശരീരത്തിലെവിടെയോ ശൂന്യതാബോധത്തിന്റെ വേദന നീറിപ്പിടിച്ചപ്പോൾ താങ്ങാനാവാത്ത ആത്മനിന്ദ തോന്നി.

ഈ നിമിഷത്തിന്റെ അഭിശപ്തതക്കു വേണ്ടിയാണോ യൗവ്വനം എന്നിൽ സൗരഭ്യം ചുരത്തിയത്? ഏതു പരമോന്നത ലഹരിയുടെയും അന്ത്യം ഇതാണോ?

അന്തരാളത്തിൽനിന്നും അറിയാതെ ഉയർന്നുപൊന്തിയ തന്റെ തേങ്ങൽ കേട്ട്, സായാഹ്നസൂര്യന്റെ ചെറുചൂടിൽ നിർലീനയായ ഭൂമിയെപ്പോലെ, സംതൃപ്തിയുടെ മന്ദഹാസത്തോടെ മമ്മി തന്നെ നോക്കി!

തൊഴിച്ചകറ്റാനാണു തോന്നിയത്.

ഇതായിരുന്നോ ഇവരുടെ ഉദ്ദേശ്യം?

തന്റെ മാറിൽ ഒരുമ്മ കൂടി തന്നിട്ട് അവർ ചോദിച്ചു. "എന്തുപറ്റിയെന്റെ കുട്ടന് ചെല്ല്, ചെന്നു കുളിക്ക്. ബാത്ത് റൂമിൽ സോപ്പും ടവ്വലുമുണ്ട്.

എഴുന്നേറ്റ് വസ്ത്രങ്ങൾ വാരിയെടുത്ത് തളർന്ന കാൽവെയ്പ്പുകളോടെ ബാത്തുറൂമിലേക്കു നടന്നു.

ഷവർ നിർദ്ദയം വാരിയെറിഞ്ഞ സൂചിമുനകൾ ശരീരത്തിൽ തുളഞ്ഞുകയറിയപ്പോൾ കരഞ്ഞുപോയി,

"ദൈവമേ ഞാൻ പാപം ചെയ്തുപോയി. ക്ഷമിക്കൂ!"

മേലാകെ നഖക്ഷതങ്ങളുടേയും ദന്തക്ഷതങ്ങളുടേയും നീറ്റലുകൾ... മനസ്സിനെ നിയന്ത്രിച്ച് ശരീരം തുവർത്തി വസ്ത്രമണിഞ്ഞ് കടന്നുചെല്ലുമ്പോൾ സുരേഷിന്റെ മമ്മിയെഴുന്നേറ്റിരുന്നില്ല. നഗ്നത മറക്കാൻ കൂടി ശ്രമിച്ചിരുന്നില്ല. നഷ്ടബോധത്തിന്റെ താളം വീണ്ടും മിടിക്കാൻ തുടങ്ങിയപ്പോൾ അറപ്പാണു തോന്നിയത്. സ്ത്രീയുടെ ഈ നഗ്നവൈരൂപ്യത്തിൽ ലോകത്തിന് എങ്ങനെ സൗന്ദര്യം കണ്ടെത്താൻ കഴിയുന്നു.

കാൽപ്പെരുമാറ്റം കേട്ട് ആലസ്യം തളം കെട്ടിയ കണ്ണുകൾ പകുതി തുറന്ന് അവർ വീണ്ടും പുഞ്ചിരിച്ചു.

"ഞാൻ പോണു." നോട്ടം വല്ലിടത്തേക്കും എറിഞ്ഞുകൊണ്ടു പറഞ്ഞു. "അപ്പോൾ സുരേഷിനെ കാണണ്ടേ?"

"നിങ്ങൾ കാണിച്ചു തന്നല്ലോ!"

ശബ്ദമില്ലാതെ അവർ വീണ്ടും ചിരിച്ചു. "ഇതിലെന്താ ഇത്ര കെറുവിക്കാൻ ആദ്യം എല്ലാവർക്കും ഈ വേദന കാണും. ഉള്ളിലേക്ക് കത്തി ആഴ്ന്നിറങ്ങിയപ്പോൾ ഞാനും പൊട്ടിക്കരഞ്ഞു ആദ്യം. പിന്നെപ്പിന്നെ ഇതൊരനുഭൂതിയായി; ഒഴിച്ചുകൂടാനാവാത്ത ആത്മനിർവൃതിയായി." ഉലഞ്ഞ സാരികൊണ്ട് നഗ്നത മറച്ച് അവരെഴുന്നേറ്റു, "സുരേഷാശുപത്രിയിലാ."

"ങേ?"

'സാരമില്ല. ചെറിയൊരു പനി. വൈറൽ ഫിവറാണ്. വൈകിട്ട് ചെല്ലണമെന്ന് കരുതിയിരിക്കുകയായിരുന്നു. നമുക്കൊന്നിച്ചു കാറിൽ പോവാം."

"വേണ്ട, ഞാനൊറ്റക്കു പൊയ്ക്കൊള്ളാം. സ്ഥലം പറഞ്ഞുതന്നാൽ മതി."

ഒറ്റക്ക് ആശുപത്രിയിലേക്കു നടക്കുമ്പോൾ മനസ്സിലാകെ തൊടലിമുള്ളുകൾ പടർന്നു കിടന്നു. താൻ ചെയ്ത തെറ്റ് ഏതു സുഹൃത്താണു പൊറുക്കുക? അതും രോഗിയായിക്കിടക്കുമ്പോൾ.

ചാരിത്ര്യത്തിന്റെ പളുങ്കുപാത്രം എത്രവേഗമാണു പൊട്ടിത്തകർന്നത്. ഭാവനയിൽക്കണ്ട് യൗവ്വനത്തിന്റെ മാദകലഹരിയിൽ ഒന്നും ഈ കരാളവശം മാത്രം കണ്ടിരുന്നില്ല.

എന്നാലും നഷ്ടപ്പെട്ട കന്യാത്വത്തിന്റെ വിടവു നികത്താൻ ഒരു യുക്തി ചിന്തക്കുമായില്ല.

സുരേഷ് മയങ്ങുകയായിരുന്നു.

പാദപതനം കേട്ട് സുരേഷ് ഞെട്ടിയുണരുന്നതു കണ്ട് ഉള്ളിലെ ഗദ്ഗദത്തിന്റെ കഴുത്തിൽ കയറിട്ടു മുറുക്കി.

"ഇപ്പഴെങ്കിലും ഇങ്ങെത്താൻ തോന്നീലോടാ," സുരേഷിന്റെ വരണ്ടചുണ്ടുകളിൽ ഉണങ്ങിയ പുഞ്ചിരി.

"പൊന്നളിയാ, ഞാനറിയണ്ടേ? ക്ലാസ്സിലൊക്കെ അന്വേഷിച്ചു. ആർക്കുമറിയില്ല. പിന്നെ ഇന്നു വീട്ടിച്ചെന്നു."

"ആരാണിങ്ങോട്ടു പറഞ്ഞുവിട്ടത്?"

സ്വന്തം ഹൃദയത്തിന്റെ താളം തെറ്റുന്നതു മനസ്സിലായി. സ്വരത്തിൽ ആവുന്നതും സ്വാഭാവികത വരുത്തി പറഞ്ഞു. "മമ്മിയായിരുന്നു. കൂടെപ്പോരാൻ പോയതാ. ഞാൻ തടഞ്ഞു."

"നന്നായി. ഇന്നലെ അവരിവിടെ വന്നിരുന്നു. ഞാൻ ഗറ്റൗട്ടടിച്ചു."

അതുതന്നെ അവസരമെന്നു കരുതി ചോദിച്ചു. "സുരേഷിനെന്താണ് മമ്മിയോടിത്ര വെറുപ്പ്?"

ചോദ്യം ആവർത്തിച്ചപ്പോൾ, ഒരു നിമിഷത്തെ നിശ്ശബ്ദതക്കു ശേഷം സുരേഷ് പറഞ്ഞു. "എനിക്കവരെ ഒരിക്കലും സ്നേഹിക്കാൻ കഴിയില്ല. എന്റെ ഡാഡിയേയും."

"പക്ഷേ, സുരേഷിനെ പത്തുമാസം ചുമന്ന് പ്രസവിച്ചതല്ലെ അവർ നമ്മുടെ അസ്തിത്വത്തിന് ഏറ്റവും കടപ്പെട്ടിരിക്കുന്നത് മാതാപിതാക്കളോടല്ലേ?"

"അതുകൊണ്ടുതന്നെയാണ് എനിക്കവരോട് ഒരിക്കലും ക്ഷമിക്കാനാവാത്തത് "

"കാരണം?"

"എനിക്കീ ജന്മം തരാൻ അവർക്കെന്താണവകാശം?

പുതിയ ചോദ്യത്തിനു മുമ്പിൽ തരിച്ചിരുന്നുപോയി.

"ശരിയല്ലെ?" സുരേഷ് വീണ്ടും ചോദിച്ചു. "ഒരാളെ ഈ ജീവിത ദുഃഖത്തിലേക്കു വലിച്ചിഴക്കാൻ ഏതു മാതാപിതാക്കൾക്കാണവകാശം?

"ഒരാളെ കൊല്ലുന്നതിനുമുമ്പ് മൂന്നുപ്രാവശ്യം ചിന്തിക്കുന്ന, നാം ഒരാൾക്ക് ജന്മം കൊടുക്കുന്നതിനുമുമ്പ് മുപ്പതുപ്രാവശ്യം ചിന്തിക്കണം. ആരെങ്കിലും ഒരു പ്രാവശ്യമെങ്കിലും ചിന്തിക്കുന്നുണ്ടോ? കൊലപാതകത്തിന് കൊടുക്കുന്ന ശിക്ഷയുടെ പത്തിരട്ടി ജനിപ്പിക്കുന്നവർക്ക് കൊടുക്കണം. എന്നാലേ ആളുകൾ പഠിക്കൂ!" സുരേഷിന്റെ ചോദ്യം കേട്ട് ഞെട്ടിത്തരിച്ചിരുന്നത് ഇന്നലെയെന്നോണം ഓർക്കുന്നു.

പക്ഷേ വിവാഹം ചെയ്യുന്നത് പ്രകൃതിനിയമമല്ലെ? മനുഷ്യരെ സൃഷ്ടിക്കുന്നത് ദൈവമല്ലെ?"

"എങ്കിൽ പ്രകൃതിദത്തമായ രോഗങ്ങളെയും പ്രകൃതിക്ഷോഭങ്ങളെയും എന്തിന് മനുഷ്യർ നിയന്ത്രിക്കണം? ദൈവത്തെ മനുഷ്യൻ സൃഷ്ടിച്ചതുതന്നെ അവന് സൃഷ്ടിയുടെ ഉത്തരവാദിത്വങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കാനാണ്.

വെളുത്ത തലമുണ്ടിട്ട് കന്യാസ്ത്രീ മരുന്നുകൾ വച്ച് ട്രേയും കൊണ്ടു വന്നു. “അധികം സംസാരിക്കരുതെന്ന് ഡോക്ടർ പറഞ്ഞതല്ലേ?”

“ങും” രോഗി പുച്ഛത്തോടെ മൂളി. “മനുഷ്യനെ നന്നാക്കാൻ കുറേ മനുഷ്യരും നിയമങ്ങളും.

“ഞാൻ നാളെ വരാം.” സുരേഷ് മച്ചിലേക്കു നോക്കി ആലോചനയിൽ മുഴുകിയപ്പോൾ പുസ്തകങ്ങളെടുത്തുകൊണ്ട് പുറത്തിറങ്ങി.

ഗേറ്റു കടന്നപ്പോഴാണോർത്തത് സുരേഷിന്റെ രോഗകാരണം മാത്രം ചോദിച്ചില്ല; പ്രിഡിഗ്രി ഫൈനൽ പരീക്ഷയുടെ ടൈംടേബിൾ വന്നതും പറഞ്ഞില്ല.

ഇനി നാളെ പറയാം

സുതാര്യമായ നേർത്തൊരു സ്ഫടികച്ചില്ലുപോലെ മനസ്സിൽ തറഞ്ഞിരിക്കുന്ന കുറ്റബോധവുമായി സുരേഷിനെ തൽക്കാലം അഭിമുഖീകരിക്കാൻ വയ്യ!

എങ്കിലും സമയത്തിന്റെ കുളിർ കാറ്റേറ്റ്, ശൂന്യതാബോധത്തിന്റെ നൊമ്പരത്തിന് നേർമ്മത കൈവരുന്നതറിഞ്ഞു.

ക്രമേണ ആ കുറ്റബോധവും യുക്തി ചിന്തയിലലിഞ്ഞപ്പോൾ സുതാര്യമായൊരു പാടപോലെ, ചുവന്ന ലോകത്തിലെ അനുഭൂതികൾ മാത്രം മനസ്സിനെ പൊതിഞ്ഞുനിന്നു.

ഒരു ഓട്ടമത്സരത്തിന്റെ അരങ്ങേറ്റം ഹൃദയത്തിൽ.

ആ പന്തയത്തിന്റെ ആവേശത്തിൽ ഞരമ്പുകൾ വലിഞ്ഞു മുറുകിയപ്പോൾ, സിരകളിൽ ഓടുന്ന രക്തത്തിന് ഓർമ്മയുടെ മത്തു പിടിച്ചപ്പോൾ ആശിച്ചുപോയി – ആ മാംസപുഷ്പത്തിന്റെ മൃദുല പരിലാളനയിൽ ഒരിക്കൽക്കൂടി സ്വന്തം ഹൃദയമിടിപ്പിന്റെ താളം തെറ്റിയെങ്കിൽ!

ആത്മനിർവൃതിയുടെ ലഹരിയിൽ ഒരിക്കൽക്കൂടി നീന്തിപ്പതക്കാൻ കഴിഞ്ഞെങ്കിൽ!

ശൂന്യതയിലേക്കു ചുറ്റിവളഞ്ഞ കൊമ്പാകട്ടെ അധാർമ്മികതക്കുവേണ്ടി മുറവിളിക്കൂട്ടിക്കൊണ്ടേയിരുന്നു...

# പത്തൊമ്പത്

“ഈ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ എന്തു മെച്ചമാണുള്ളത്?” തോമാസച്ചൻ മൂന്നാം പ്രാവശ്യവും ഓർമ്മിപ്പിച്ചപ്പോൾ പകച്ചു.

പ്രിഡിഗ്രി കഴിഞ്ഞിട്ടും ദൈവവിളിക്ക് അനുകൂലമായ പ്രതികരണമൊന്നും തന്നിൽനിന്നും കാണാഞ്ഞിട്ടാണോ?

അതോ കറുത്ത പുഷ്പങ്ങളിൽ താൻ ജീവിത യാഥാർത്ഥ്യം കണ്ടെത്തിയ വസ്തുത അച്ചൻ അറിഞ്ഞിരിക്കുന്നൊ?

ഏതായാലും തന്നിൽ നട്ടുവളർത്തിയ അച്ചന്റെ മോഹങ്ങൾ പലതും വാടി യിരിക്കുന്നെന്നു തോന്നി. ഒരു ക്ലാസ്സുപോലുമില്ലാതെയാണ് പ്രീഡിഗ്രി കട ന്നുകൂടിയത്.

താൻ ഡിഗ്രിക്കു ചേർന്ന വിവരമറിഞ്ഞപ്പോൾ തോമാസ്സിന്റെ മുഖഭാവം മെല്ലെ മങ്ങിയില്ലെ?

അഥവാ തോമാസ്സച്ചൻ കൈ കഴുകിയാലും തന്റെ ഉപരിപഠനത്തിനു വേണ്ട എല്ലാ ചിലവും സുരേഷിന്റെ മമ്മി എടുക്കാമെന്നേറ്റിരിക്കുന്നു. പിന്നെ എന്തിനു ഭയപ്പെടണം?

മാനുഷിക തൽപ്പരത ഏതെല്ലാം വിധത്തിലാണ് വെളിവാവുക!

ധാർമ്മികരുടെ സ്വാർത്ഥത മരിച്ചവരുടെ പ്രസാദാത്മകതയുമായി താദാത്മ്യം പ്രാപിക്കുമ്പോൾ, സുരേഷിന്റെ മമ്മി, ചെയ്തുതരുന്ന സഹായ ത്തിന്റെ പേരിൽ സ്വയം ആളിപ്പടരുവാനുള്ള അഗ്നിക്കുവേണ്ടി തന്റെ നേരെ കൈക്കുമ്പിൾ നീട്ടുന്നെന്നു മാത്രം.

പൂർണ്ണചന്ദ്രന്റെ രക്തത്തിൽ എത്രയോ വട്ടം ഞങ്ങൾ നഗ്നരായി സ്നാനം ചെയ്തിരിക്കുന്നു, ഇതിനകം!

കറുപ്പിലൂടെ, വെളുപ്പിലൂടെ ഞങ്ങൾ യാത്ര ചെയ്തു; അന്ത്യങ്ങളെ മുറിച്ചാ യാത്രകൾ കടന്നുപോയി.

എന്നിട്ടും കൂട്ടുചേർന്ന് പഠിക്കാനുള്ള സൗകര്യത്തിന്, സൗഹൃദത്തിന്റെ നിഷ്ക്കളങ്കതയിൽ ഒരു രാത്രികൂടി തങ്ങാൻ സുരേഷ് നിർബന്ധിക്കുമ്പോ ഴെല്ലാം മനസ്സ് തുള്ളി.

അവനുമായുള്ള തന്റെ സൗഹൃദത്തിൽ ഒരു പോറൽ പോലും വീഴാൻ സുരേഷിന്റെ മമ്മി സമ്മതിക്കാത്തതുതന്നെ, ആ കൂട്ടിനു പിന്നിൽ, തന്റെ യുവചേതന കാർന്നെടുക്കാനായിരുന്നല്ലൊ!

അല്ലെങ്കിൽ ഡിഗ്രിക്ക് സുരേപ്പെടുത്ത വിഷയങ്ങൾ തന്നെ തന്നെയും കൊണ്ടെടുപ്പിക്കാൻ അവർക്കെന്തായിരുന്നു ഇത്ര നിർബ്ബന്ധം?

തേൻ നുകരുന്ന വണ്ട് പകരം പൂവിനെ ഫലപുഷ്ടമാക്കുന്നതുപോലെ, നിദ്രാഭംഗത്തിന്റെ ചുളിവുകൾ വീണ മമ്മിയുടെ രാത്രിക്ക് നിർവ്വേദത്തിന്റെ ഗ്രഹണമേകാൻ താനും കടപ്പെട്ടവനാണെന്ന ബോധം മനസ്സിലെ കുറ്റബോധങ്ങൾക്ക് തീ കൊളുത്തുന്നു.

പലപ്പോഴായി അവരോടു പറ്റുന്ന തടിച്ച സംഖ്യകളുടെ കണക്കുകൾ മറ്റേതു വിധത്തിൽ എഴുതിത്തള്ളാനാണ്!

അടുത്തമുറിയിൽ കിടക്കുന്ന സുരേഷിന്റെ താളമൊപ്പിച്ചുള്ള ശ്വാസത്തിന് കാതോർത്തു കിടക്കുമ്പോൾ, തല പെരുത്തു പൊട്ടുമെന്നു തോന്നി. സങ്കങ്ങളുടെ ഭാരം നിറഞ്ഞ തേരിന്റെ കടിഞ്ഞാണും പറിച്ചുകൊണ്ട് മനസ്സ് ചുവന്ന മുറിയിൽ പാഞ്ഞുകയറുമ്പോൾ ഒഴുക്കുവെള്ളത്തിലേക്ക് ചാഞ്ഞ കൈതച്ചെടിപോലെ ചുവന്ന പട്ടിൽ സുരേഷിന്റെ മമ്മി കിടന്നുലയുന്നുണ്ടാവും!

നിമിഷങ്ങൾക്കുള്ളിൽ നിശ്ചയങ്ങൾക്ക് ചിറകുവച്ചു.-

“നിന്റെ ശരീരത്തെ എന്റെ ചുണ്ടോടു ഞാനിന്നു വലിച്ചമർത്തും.

നിന്റെ മുഖത്തെ, നിന്റെ ചുണ്ടുകളെ, നിന്റെ മുലകളെ, നിന്റെ നാഭിയെ ഞാൻ ചുംബിക്കും.

നിന്റെ ശരീരത്തിലെ ഓരോ കണികയിലേക്കുമുള്ള രക്തസഞ്ചാരം ഞാൻ ത്വരിതപ്പെടുത്തും. എന്നിട്ടതിന്റെ കൂർത്തമുനകളിൽ മൃദുവായി ഞാൻ ഉമ്മ വെയ്ക്കും.

കോളിളക്കമുള്ള കടലിൽ നങ്കൂരമിട്ട് കപ്പലിനെപ്പോലെ, എന്റെ ഭാരത്തിനടിയിൽ നീ ചലിക്കുമ്പോൾ നിന്നിലെ നങ്കൂരത്തെയും പിഴുതെറിഞ്ഞുകൊണ്ട് അനുഭൂതിയുടെ അജ്ഞാത മേഖലകളിലേക്ക് നിന്നെ ഞാൻ കൊണ്ടുപോകും.

‘നീ എന്നിലെ ശരീരത്തോടും സംഗീതമുതിർക്കുന്ന എന്റെ ഹൃദയത്തോടും പറ്റിച്ചേർന്നിരിക്കും. നിന്റെ രഹസ്യകലകളെ കറുത്ത സംഗീതംകൊണ്ടു ഞാൻ നിറയ്ക്കും.....’

രാത്രിയുടെ നിഴലുകളെ സുരേഷിന്റെ താളാത്മകമായ ശ്വാസോച്ഛ്വാസം തേടിയിറങ്ങുമ്പോൾ, ഇരുട്ടിലേക്കു തുഴയുന്ന കറുത്ത വള്ളങ്ങളിലെ സഞ്ചാരിയായി നിദ്രാടനക്കാരനെപ്പോലെ ഇടനാഴിയിലൂടെ സഞ്ചരിക്കുമ്പോൾ, സുരേഷിന്റെ മമ്മിയുടെ മുറിയിൽ അരണ്ട ചുവന്ന വെളിച്ചം....

സുഹൃത്തിനെ വഞ്ചിക്കുന്നത് ഉറ്റവരെ ഉപദേശിക്കുന്നത്ര സുഖപ്രദമായി ക്രമേണ അനുഭവപ്പെടുകയായിരുന്നു.

ചുവന്ന ചന്ദ്രന്റെ രക്തം മഞ്ഞായി പൊഴിയുന്ന കടവിൽ ഒരു യാത്രക്കാരി നഷ്ടപ്പെട്ട നങ്കൂരവും തേടിയിരിക്കുന്നതു കണ്ടു.

ഏതോ വിദേശ നഗരത്തിലെ താരകൾ പതിച്ച ഹോട്ടലിൽ, മണിക്കൂറുകൾ വിലക്കുവാങ്ങി ഭാര്യയെ വഞ്ചിക്കുന്ന സുഖത്തിൽ ഒരു ഭർത്താവു

തളർന്നു മയങ്ങുന്നത് സങ്കല്പിക്കാനൊക്കും.

ഇവിടെ ചുവന്ന വെളിച്ചങ്ങളുടെ തടവറയിൽ അടക്കപ്പെട്ട ഭാര്യയാവട്ടെ, ഒരു തടവുകാരനെക്കൂടി വിലക്കുവാങ്ങി വഞ്ചനയ്ക്കു പകരം വീട്ടുന്നു.

ഈ പ്രതികാരമാണല്ലോ ഇവിടെ ദാമ്പത്യജീവിതത്തെ സമ്പുഷ്ടമാക്കുന്നത്.

നിമിഷങ്ങൾക്കുള്ളിൽ, എന്റെ കവിതകൾ ഒരു മിന്നാമിനുങ്ങായി സുരേഷിന്റെ മമ്മിയുടെ കണ്ണുകളിൽ നിറയുന്നതു കണ്ടപ്പോൾ, സ്വാതന്ത്ര്യം ഒരു സംഗീതം കണക്കെ എന്നിൽ ഉറവയെടുത്തു; കമിതാക്കൾക്കുമാത്രം ഒരു തെറ്റിന്റെ വ്യുൽപ്പത്തിയിൽ പങ്കിടാവുന്നതെല്ലാം ഞങ്ങളനുഭവിച്ചു.

അഭിമാനത്താൽ തലയുയർത്തിയ സുരേഷിന്റെ മമ്മിയുടെ വക്ഷോജങ്ങൾ എന്റെ കൈകൾക്കുള്ളിൽ ജ്വലിച്ചു.

കാലങ്ങളുടെ ഉത്ഭവവുമായി വരുന്ന കാറ്റുകളുടെ ഇണചേർച്ചപോലെ ഞങ്ങൾ സ്നേഹിച്ചു.

അവരുടെ നാവ് എന്നിലെ രാത്രിയിൽ വേട്ടക്കാരന്റെ രൂപമണിഞ്ഞു.

എന്നിലെ അവയവങ്ങൾ അവർക്ക് വേട്ടമൃഗങ്ങളായി.

എങ്കിലും കറുത്ത കുന്നുകളിൽ രാത്രിയിലെ മഴ പാടുകളവശേഷിപ്പിക്കാത്തതുപോലെ എന്റെ ശരീരം സുരേഷിന്റെ മമ്മിയിലൊരു കളങ്കവും വരുത്തുകയില്ല...

കേവലം സഹജവാസനകളുടെ സംപൂർത്തീകരണത്തിനുവേണ്ടി മാത്രം തമ്മിലടുത്തുപോയ ഞങ്ങളുടെ ഈ സ്നേഹത്തേക്കാൾ സരളമായതും; ഈ നിശാഗന്ധികളേക്കാൾ യാഥാർത്ഥ്യമായതും ലോകത്തിൽ ഒന്നുമില്ലല്ലൊ!

താഴ്വരകളിലേക്കൊഴുകിയിറങ്ങുന്ന ജലപാതംപോലെ, മുറ്റത്തെ പൈൻ മരങ്ങൾ പൊഴിച്ച മർമ്മരത്തിൽ സീൽക്കാരത്തിന്റെ നനവ്...

ചൂളം വിളിച്ചുകൊണ്ട് ഊഷരമായ മരുഭൂമിയിൽ നിന്നും കിളിർത്തുവന്ന തീവണ്ടിയെഞ്ചിന്റെ കടകട ശബ്ദം ഞങ്ങൾക്കു വീണ്ടും താളമേകി.

ഒടുവിൽ, പാതിരാത്രിയുടെ ഹൃദയമിടിപ്പു പെട്ടെന്നു നിലച്ചപ്പോൾ മുറിവേറ്റ നഗരം വിളറിയ വെളിച്ചത്തിൽ കിടന്നു പിടച്ചു.

ഉദ്യാനത്തിനുപുറത്ത് നിത്യശിക്ഷയിൽപ്പെട്ടുഴലുന്ന വെളുത്ത ഭൂതത്തിന്റെ ശോകഗാനം കേട്ട് കറുത്ത നിഴലുകൾ കണ്ണീരൊഴുക്കി.

ആത്മവിസ്മൃതിയുടെ പടവുകളിൽ പാതിയടഞ്ഞ കണ്ണുകളോടെ തളർന്നു കിടക്കുമ്പോൾ, ചുവന്ന ഭിത്തികളിൽ അപരിചിതരായ മനുഷ്യർ നൃത്തം ചെയ്തു. ഒരു ഭീകരനൃത്തത്തിന്റെ പശ്ചാത്തല സംഗീതത്തിൽ ചേതന മയങ്ങിക്കിടന്നു – ഏറെനേരം.

എവിടെയോ ഒരു പാമ്പിന്റെ ചൂളംവിളി..

ഇണയുടെ കഴുത്തിൽ സ്വയം പിണച്ചുമുറുക്കുന്ന വിഷപ്പാമ്പിന്റെ ആവേശത്തെക്കുറിച്ചോർമ്മ വന്നപ്പോൾ, രക്തം നിറഞ്ഞ സ്വന്തം പത്തിയുടെ അരികുകൾ വിടർന്നുനിന്നു.

വിഷസഞ്ചികളിൽ ഇളം മഞ്ഞനിറമുള്ള വിഷം – ഒഴുകി നിറഞ്ഞ് വീർപ്പു

മുട്ടി.

നഗ്നതയുടെ മഹത്വം ഒരിക്കൽക്കൂടി ഞങ്ങളനുഭവിച്ചറിഞ്ഞു.

ഞരമ്പുകളിലൂടെ ഒഴുകുന്ന രക്തത്തിന്റെ സംഗീതത്തിൽനിന്നും ഞങ്ങൾ ആവേശം കവർന്നെടുത്തു.

എന്റെയാശ്ലേഷത്തിൽ, മമ്മിയിലെ സ്ത്രീത്വം ഓരോ അണുവിലും ഒരു തീക്ഷ്ണസൗരഭമായി ശോഭിച്ചു. ചലനമായി, സമ്മർദ്ദമായി, താളമായി, ലഹരിയായി പതഞ്ഞുയർന്ന് നിർവൃതിയിൽ ഒരിക്കൽക്കൂടി ഞങ്ങൾ ലയിച്ചു ചേർന്നു.

ആ ലയത്തിൽ, തന്റെ മാറിലൂടെ ഒഴുകി വീഴുന്ന മമ്മിയുടെ നീണ്ടുലഞ്ഞ മുടിയിലൂടെ വിരലോടിക്കുമ്പോൾ, കണ്ണുകിളുന്തിയ കിളിക്കുഞ്ഞിനെപ്പോലെ കണ്ടു – കിഴക്കേ ജനലിൽ പ്രഭാതത്തിന്റെ പടയോട്ടം.

സുരേഷെങ്ങാൻ തന്നെയന്വേഷിച്ചാൽ!

വേഗം സ്വന്തം വസ്ത്രങ്ങൾ വാരിക്കൂട്ടി പഴയ മുറിയിലേക്ക് ഓടുമ്പോൾ നീണ്ടുനിൽക്കുന്ന രാത്രിയെക്കുറിച്ചു പാടാൻ തോന്നി.

പ്രകാശം വെട്ടിയിട്ട് നിന്റെ ജഡത്തെ നോക്കി പകലുകളിൽ നിശ്വാസം പൊഴിക്കാനല്ലാതെ പ്രിയ രജനീ, ഒരു ഫീനിക്സിന്റെ പുനർജ്ജന്മം തരാൻ എനിക്കാവില്ലല്ലൊ.

കോപാന്ധനായ സൂര്യഭഗവാന്റെ ചിറകില്ലാത്ത രഥത്തിൽ പൂട്ടിയ കുതിരകളുടെ ജീനി അറുത്തുകളയത്തക്ക നീളം എന്റെ വാളിനില്ലാതെ പോയി. മദ്ധ്യാഹ്നത്തിന്റെ ഭാരം പേറി തളർന്ന ഇലകളും പൂക്കളും സ്വാതന്ത്ര്യം നിറഞ്ഞ രാവിനെ സ്വപ്നം കാണുന്നു.

അവർക്കുമറിയാം. തന്നത്താൻ ഉയർത്തുന്ന ആരും താഴ്ത്തപ്പെടാതിരുന്നിട്ടില്ല.

അഹങ്കാരത്തിന്റെ സ്വന്തം തലയോട്ടി കുന്തമുനയിലുയർത്തിയ സൂര്യൻ സമനില തെറ്റി കോവണിച്ചുവട്ടിൽ തകർന്നുവീഴുമ്പോൾ, നമുക്കു വീണ്ടും സന്ധിക്കാം;

നിന്റെ മേൽ സവാരി ചെയ്യുന്ന അഹങ്കാരിയായ പ്രകാശത്തെ അപ്പോൾ നമുക്കു കുടഞ്ഞിടാം.

സൂര്യനെപ്പോലെ, കിഴക്കുദിക്കുന്ന അന്ധകാരമേ, നിന്റെ മുടിയഴിച്ചിട്ട് പകലിന്റെ കണ്ണുകൾ മൂടു!

കാരണം പകലിഴയുന്ന എന്റെ നിഴലുമായി ഇനിയും ഞാൻ പൊരുത്തപ്പെട്ടിട്ടില്ല;

വർണ്ണങ്ങൾ വിതറുന്ന മാരിവില്ലുകളാവട്ടെ യാഥാർത്ഥ്യത്തിന്റെ വന്ധ്യകൾ മാത്രമായിപ്പോയി.

ഇവിടെ ഈ നഗരത്തിൽ പകൽ മുഴുവൻ നിലാവെളിച്ചമാണ്. ഇവിടത്തെ ദിനവേല പരമോന്നതിയിലെത്തുന്നത് നിഴലില്ലാത്ത പ്രകാശം പരത്തുന്ന രാത്രിയിലെ താളാത്മക താഡനത്തിലാണല്ലൊ!

അനശ്വരതയുടെ കാഹളവുമായി വരുന്ന രാത്രിയിൽ കറുത്ത അമ്പിളി

യുടെ കാമം പങ്കിടാൻ, ചുവന്ന വിളക്കുകളും തെളിച്ച് സുരേഷിന്റെ മമ്മി കാത്തിരിക്കുന്നു.

നീണ്ടുനിൽക്കുന്ന ഒരു ബലാൽസംഗത്തിന്റെ ഒടുവിൽ, ഇന്നും നിന്റെ കേന്ദ്രബിന്ദുവിന് ഞാൻ അവകാശം ഉന്നയിക്കും.

ഈയിടെ, എന്റെ രാവുകൾ സായൂജ്യമടയുന്നത് എന്റെ നിശ്വാസവും നിന്റെ നിശ്വാസവും ഇണചേരുന്ന യാമങ്ങളുടെ ഒടുവിലാണല്ലൊ.

നിന്റെ നിശ്വാസത്തിൻ കീഴിൽ നിന്നും ഞാൻ ശ്വസിക്കുമ്പോഴെല്ലാം; ഒരു കുഞ്ഞായി നിന്റെ മാറിടം നുണയുമ്പോഴെല്ലാം, പ്രിയമമ്മീ, ഈ ജന്മത്തിൽ കണികാണാനൊക്കാത്ത മാതൃസ്നേഹം ഞാൻ കവർന്നെടുക്കുകയാണ്.

നിന്നിലെ താഴ്വരയിലെ ആഴങ്ങളെ, പുരുഷഗർവ്വിഷ്ഠം കൊണ്ടു നിറക്കുമ്പോൾ ഞാനുമൊരു പുരുഷനായിത്തീരുകയാണ്.

എന്നെപ്പെറ്റെടുത്ത, എന്റെ പൊക്കിൾക്കൊടി വേരായി ആഴ്ന്നുപോയ, എന്റെ വീടിനേക്കാളും ഹൃദ്യത, നഗരത്തിലെ ഈ വീട്ടിൽ ഞാൻ പങ്കിടുന്നു. അല്ലെങ്കിൽത്തന്നെ, ഈ ലോകത്തിലെ പ്രവാസിയായ എനിക്ക് സ്വന്തമായൊരു വീടെവിടെയാണുള്ളത്? എനിക്കു സ്വന്തമല്ലാത്ത ഇടവും എങ്ങുമില്ല. പുരുഷനവകാശമില്ലാത്ത പേലവാംഗങ്ങൾ, ഏതു സ്ത്രീക്ക് എവിടെയാണുള്ളത്?

എന്നിട്ടും, ഞാനവകാശമുന്നയിച്ച് കേന്ദ്രബിന്ദുക്കളെ, കൂടുതൽ ശക്തനായൊരുവൻ കീഴടക്കുന്ന രാത്രികളിൽ, സ്വന്തം വീട്ടിലെ ചാണകം പൊട്ടിപ്പൊളിഞ്ഞ വരാന്തയിൽ വിരിച്ച് കീറപ്പായിൽ, ചുവന്ന ലോകത്തെ സ്വപ്നം കണ്ടുകൊണ്ട് കിടക്കുമ്പോഴെല്ലാം പൊഴിഞ്ഞുവീണ ഇല്ലിയിലയുടെ നഷ്ടബോധം തോന്നി. എണ്ണപ്പെട്ട താരുണ്യത്തിന്റെ രാത്രികളിൽ ഒന്ന്....

അതേ ഋതുവിനാൽ സ്പർശിക്കപ്പെട്ട് ഒരു നഗരത്തിൽ സുരേഷിന്റെ മമ്മിയും ഉറങ്ങാതെ കിടപ്പുണ്ടെന്നറിയാം. ഞങ്ങളുടെ ഇടയിലെ കുറ്റങ്ങളുടെ നദിക്ക് പോയൊളിക്കാൻ രഹസ്യമായൊരു മുൾക്കാടുണ്ടല്ലൊ!

സുരേഷായിരുന്നു ഞങ്ങൾക്ക് ഏറ്റവും വലിയ ഭീഷണി; ബിസിനസ്സ് ടൂറിനിടയ്ക്ക് ഇടക്കിടെ നാട്ടിൽ മടങ്ങിയെത്തുന്ന അവന്റെ ഡാഡിയും.

മമ്മിയെന്ന തന്റെ വിളി, പലതിനും മറപിടിച്ചു തരുന്നു; സുരേഷിന്റെ വിശ്വാസത്തിനെതിരെയുള്ള പലതിനും.

എങ്കിലും ഭയമായിരുന്നു മനസ്സിൽ. അറിവിന്റെ ഗളച്ഛേദം നടത്താൻ എപ്പോഴും നുണയുടെ വാളിന് മൂർച്ചയുണ്ടായെന്നു വരില്ല. അതുകൊണ്ട് ആവുന്നതും സൂക്ഷിച്ചു, ഞാനും സുരേഷിന്റെ മമ്മിയും.

പല രാത്രികളിലും സ്വന്തം വീട്ടിൽ ചെല്ലാൻ കഴിയാഞ്ഞതിന് പറഞ്ഞ സമാധാനം അമ്മപോലും വിശ്വസിക്കുന്നില്ല.

എങ്കിലും നാട്ടിൽ നിന്നോടിപ്പോയ മത്തായിയെത്തേടി തന്റെ നയനങ്ങൾ പരതുകയായിരുന്നെന്ന് ഉറപ്പിച്ചു പറയുമ്പോൾ ഒരു ചുടുനിശ്വാസം അമ്മയിൽ നിന്നടർന്നു വീഴുന്നു. “നിന്റപ്പനെ കണ്ടിട്ട് എനിക്ക് കണ്ണടക്കാൻ കഴിയോടാ?”

“കഴിയും അമ്മേ കഴിയും. അന്നേ എനിക്കും മനഃസമാധാനം ലഭിക്കൂ.”

ശരിയായിരുന്നു. സുരേഷുമായി അലഞ്ഞുനടന്നിടത്തെല്ലാം യാന്ത്രികമായി തന്റെ കണ്ണുകളലഞ്ഞു. ഏതൊരു തൃഷ്ണക്കും മീതെ താൻ മൂലം പറുദീസ നഷ്ടപ്പെട്ട സ്വന്തം അപ്പന്റെ ഓർമ്മ ഒരു പാടയായി കെട്ടിനിന്നു.

ഇടത്തരം ഹോട്ടലുകളിൽ മുറിയെടുക്കുമ്പോൾ സുരേഷിന്റെ കണ്ണുവെട്ടിച്ച് താൻ പരതുമായിരുന്നു, ഹോട്ടലിലെ താഴ്ന്ന ജോലിക്കാർക്കിടയിൽ എവിടെയെങ്കിലും തന്റെ അപ്പൻ...

നിരാശ പൂണ്ട് കണ്ണുകൾ പിൻവലിയുമ്പോൾ, മദ്യത്തിൽ നുരച്ചുയർന്ന ആത്മനിന്ദ, വാടകക്കെടുത്ത മാംസപുഷ്പത്തിലേക്കൊഴുക്കാൻ ശ്രമിച്ചു.

സ്നേഹിച്ച എന്റെ ആദ്യസ്ത്രീ നീയല്ല.

നിന്റെ ആദ്യപുരുഷൻ ഞാനുമല്ല.

എന്നിട്ടും, നാലു ചുമരുകൾക്കുള്ളിലെ മടുപ്പിക്കുന്ന മണം കനിഞ്ഞനുഗ്രഹിച്ച ഈ ഏകാന്തതയിൽ വച്ചു കണ്ടുമുട്ടിയപ്പോൾ നമ്മുടെ ശരീരങ്ങൾ വിറച്ചു; തരിച്ചു; ഒരു തെറ്റിനതീത പ്രവൃത്തിയിലേക്ക് നാം യാത്രയായി.

നിന്റെ കേശഭാരം എന്റെ വിരലുകൾക്കിടയിലൂടെ ഒഴുകി;

എന്റെ കൈകൾക്കുള്ളിൽ നിന്റെ മുലകൾ വിജൃംഭിച്ചുനിന്നു ഒരു വീർത്ത ബലൂൺ കണക്കെ.

നിന്റെ കൊച്ചുമാറിൽ പ്രകൃതി ഈ ദാർഢ്യതയൊളിപ്പിച്ചു തന്നത് എന്റെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യാനാണല്ലൊ.

ഒരു പുതിയ സൂര്യനെപ്പോലെ ഏറ്റവും മൃദുലമായി നിന്നിൽ ഞാനലിഞ്ഞുചേർന്നപ്പോൾ, ഉടഞ്ഞ സംഗീതങ്ങളുടെ ദളങ്ങളിൽ നിർമ്മിച്ച് വനപുഷ്പം പോലെ, നിർഭയയായി, നിരങ്കുശയായി, ഈർപ്പഭരിതയായി നീയെന്നെ പൊതിഞ്ഞു...

നനവുറ്റ ഈ മൺപുറ്റിൽ, കാലവും ദേശവും മറന്നുള്ള ഈ പരസ്പരലയനത്തിൽ നാം അനുഭവിച്ചതാണല്ലോ, സ്വാർത്ഥത പുരളാത്ത സ്നേഹം! ഞാൻ നിന്നിലെത്തിയപ്പോൾ നാം പങ്കുവച്ച സ്നേഹചുംബനങ്ങൾ, നാം വിഭജിച്ച ശരീരോഷ്മാവുകൾ; നിന്റെ കണ്ണിൽ രുദ്രനൃത്തം ചെയ്യുന്ന മിന്നാമിനുങ്ങുകൾ, എല്ലാം ഞാനും നീയും മറന്നേക്കാം; കാരണം ഞാൻ നിനക്കോ, നീ എനിക്കോ ആദ്യത്തേയോ സ്ഥായിയോ അല്ലല്ലൊ!

പക്ഷേ, തളർച്ചയുടെ അന്ത്യയാമങ്ങളിൽ, കുളിമുറിയിൽ ആലസ്യം നനച്ചു പിഴിഞ്ഞുകളഞ്ഞ്, ഉറങ്ങുന്ന പുസ്തകങ്ങൾ ഉണരാതെ, മെല്ലെ അടക്കിയെടുത്ത് നടക്കുമ്പോൾ, ഒരുവൾ മൃദുവായി തന്നെ കൈത്തണ്ടയിൽ പിടിച്ചു.

“പണം മുഴുവൻ സുരേഷ് തന്നല്ലോ.”

“അതല്ല.” ബ്ലൗസിനുള്ളിൽനിന്ന് അവളൊരു ഫോട്ടോ എടുത്തു നീട്ടി. “ഇദ്ദേഹത്തെയറിയുമോ?” – ഇരുനിറമുള്ള തടിച്ച ചെറുപ്പക്കാരൻ.

ഫോട്ടോയിൽ സൂക്ഷിച്ചുനോക്കി, “ഇല്ലല്ലൊ, എന്തിനാ?”

അവളുടെ നീണ്ടിടം പെട്ട നയനങ്ങളിൽ വിഷാദാത്മകത നിഴൽ വിരിച്ചു.

'ഈ ആന്റണിയാണ് എന്നെയീ നഗരത്തിൽ കൊണ്ടുവിട്ടത്.

"നിന്റെയാരാണ്?

ഓർമ്മയുടെ ചെപ്പു തുറന്നപ്പോൾ ചെറു രത്നങ്ങളുടെ പ്രകാശമേറ്റ് വിളങ്ങിയ അവളുടെ മുഖം ഒരുനിമിഷം നാണത്താൽ കുനിഞ്ഞു.

"ഓ! കാമുകനായിരിക്കും!

"വിവാഹം ചെയ്യാമെന്നു വാക്കു തന്നിരുന്നു," ഒരുനിമിഷം കഴിഞ്ഞവൾ തുടർന്നു, "എന്നെങ്കിലും ഒരു സ്ത്രീയെത്തേടി അറിയാതെ അദ്ദേഹം എന്റെ അരികിൽ വരും. അന്നു ഞാൻ പൊട്ടിക്കരഞ്ഞുകൊണ്ടാ കാൽക്കൽ വീഴും. നിന്നെപ്പോലെ ഒത്തിരി വിശ്വാസികളെ കണ്ടിട്ടുണ്ട് കുട്ടീ, പറയണമെന്നു തോന്നി. വേണ്ട, അതവളുടെ പ്രതീക്ഷക്കു മങ്ങലേല്പിക്കും. ഒരു ജീവിതത്തിനുകൂടി അകാലത്തിൽ എന്തിന് അസ്തമയം നൽകുന്നു.

താനും വന്ധ്യമായ ഒരന്വേഷണത്തിലാണല്ലോ. അല്ലെങ്കിൽത്തന്നെ പ്രതീക്ഷയില്ലാത്ത ആരാണുള്ളത്? ജീവിതത്തിന്റെ തിളങ്ങുന്ന ഭാഗം പ്രതീക്ഷയുടേയും ഓർമ്മയുടേയും വിദൂരദൃശ്യങ്ങൾ മാത്രമാണല്ലോ!

കൊടുങ്കാറ്റടിയുടെ ഈ ഭീകര നിമിഷങ്ങൾക്കുശേഷം ഉദയം കൊള്ളാനിരിക്കുന്ന മഴവില്ല്; ഈ അസ്വസ്ഥ മാത്രകൾക്കുശേഷം ഉയർന്നു കേൾക്കാനിരിക്കുന്ന കാഹളധ്വനി; ഇരുണ്ടയാമങ്ങൾക്കുശേഷം ഉദിക്കുന്ന ചന്ദ്രതാരകൾ. സഹസ്രാബ്ദങ്ങൾ ഭരിക്കാൻ വേണ്ടി വാനമേഘങ്ങളിൽ, ഇടിവാളിന്റെ മിന്നലോടെ പ്രത്യക്ഷപ്പെടാനിരിക്കുന്ന ക്രിസ്തു.

ആളുകൾ തിന്നുകൊണ്ടും കുടിച്ചുകൊണ്ടും ഇരിക്കുന്നു; പ്രളയത്തെ സമയരഹിത ഉടമ്പടിയുടെ മാരിവില്ല് വിഴുങ്ങിക്കളയുന്നു; സോദോയും ഗമോറായും ആവർത്തിക്കപ്പെടുന്നെങ്കിലും അഗ്നിയും ഗന്ധകവും ചക്രവാളത്തിന്റെ അരിവാൾ ചരിവിൽ പുതഞ്ഞുകിടക്കുന്നു.

പ്രസവത്തിനുമുമ്പുള്ള ആദ്യവേദനപോലെ, അടുത്ത് നടക്കുന്ന യുദ്ധത്തിന്റെ കാഹളവും അകലെനിന്നുള്ള കലഹവാർത്തയും ദിവസേന മനസ്സിനെ കിടിലം കൊള്ളിക്കുന്നു. വ്യാജപ്രവാചകരും കള്ളസാക്ഷികളും പലരേയും വഴിതെറ്റിക്കുന്നു; രക്ഷയുടെ വാഗ്ദാനം കൊണ്ട് അവതരിക്കുന്നവരെല്ലാം ആറുകൾ തലയിൽ വഹിച്ച അന്തിക്രിസ്തുമാരാണ്.

ലോകം കിടുക്കുന്ന മേഘഗർജ്ജനവും, ഭീകരമായ കടലിരമ്പലും, നിത്യപരിചയംകൊണ്ട് താളമായിക്കഴിഞ്ഞു; ഭൂകമ്പമാകട്ടെ ഊർജ്ജം കണ്ടെത്തലിന്റെ പുതിയ ഉറവിടവും.

പിന്നെ, നിനക്കുവേണ്ടി പ്രതികാരം ചെയ്യാൻ, നിന്നിലെ ദുഃഖങ്ങളുടെ പട്ടടക്കു തീകൊളുത്താൻ, ഏതു ന്യായാധിപനെയാണ് കുട്ടി, നീ കാത്തിരിക്കുന്നത്? വാനമേഘങ്ങളിൽ പ്രതിധ്വനിക്കുന്നത് കാഹളധ്വനിയല്ല; ജറ്റ് വിമാനത്തിന്റെ ഇരമ്പലാണ്.

ലോകത്തിൽ നടക്കുന്ന അനീതിക്കും അക്രമങ്ങൾക്കുമുള്ള ശിക്ഷയായി നാട്ടിലാകെ നടമാടുന്നത് കള്ളക്കർക്കിടകം പെരുമ്പറ കൊട്ടി ആനയിച്ച പട്ടിണി മാത്രമാണ്.

ഇല്ലികളെല്ലാം പൂത്ത് ഇല്ലിയരികൊണ്ടു രുചികരമായ കഞ്ഞിയുണ്ടാക്കിക്കുടിച്ചപ്പോൾ, ആസന്നമായ ദാരിദ്ര്യത്തെക്കുറിച്ച് അമ്മ പ്രവചിച്ചതിതാ ശരിയായിരിക്കുന്നു.

കാലം തെറ്റി പെയ്ത മഴ – ഒടുവിലിതാ പ്രളയവും!

വെട്ടുകിളികളെപ്പോലെ മേഘമായി പറന്നിറങ്ങിയ ചാഴികൾ – നെല്ലിന്റെ പാലു നിറഞ്ഞ ഉദരത്തിലേക്ക് നീണ്ട കൊമ്പു കുത്തിയിറക്കി.

ഒടുവിൽ, മെലിഞ്ഞു നീണ്ട നെൽക്കതിരുകൾ അരിവാളിനു കീഴടങ്ങിയപ്പോൾ അപ്പടി പതിര്!

അല്ലെങ്കിലും വർഷങ്ങളായി വീട്ടിൽ ദാരിദ്യ ദേവതക്ക് സ്ഥിരം പ്രതിഷ്ഠയുണ്ടല്ലൊ. മരംവെട്ടിലെ താത്പര്യം കുറഞ്ഞ് അപ്പൻ പട്ടച്ചാരായത്തിൽ സ്വയം മറക്കാൻ തുടങ്ങിയ അന്ന് ഐശ്വര്യദേവത വീടുവിട്ടിറങ്ങിയതാണ്. അപ്പന്റെ വാദവും ശരിയല്ലെ. “ഞാനാര്ക്ക് വേണ്ട്യാ പണിയണ്ടേ? ഒരു മോളൊള്ളതുകൂടി വലുതാവുമ്പോ വല്ലവന്റേം കൂടെ ഒളിച്ചോടി പോവുല്യേ ?

അപ്പോഴും താൻ പുറത്തുതന്നെ.

കള്ളവാറ്റുകാരൻ വറുതുണ്ണി കള്ളക്കണക്കെഴുതി കടം പെരുക്കി രണ്ടു കാളകളെക്കൂട്ടി കാളവണ്ടി തെളിച്ചുകൊണ്ടുപോയപ്പോൾ അപ്പൻ കുഴഞ്ഞ വാക്കുകളോടെ വറുതുണ്ണിയെ തെറി പറയുകയായിരുന്നു.

വീട്ടിൽ ആകെയുള്ള വരുമാനമാർഗ്ഗം കൂടി ഉരഞ്ഞുപോകുന്നതു കണ്ടപ്പോൾ അമ്മ മുറുമുറുത്തു. “ഒര് മോളൊള്ളന് എങ്ങനെ ഇറ്റുവെള്ളം കൊടുക്കും ദൈവമേ!”

അപ്പനെതിരിട്ടു – “നീ നെന്റെ മോനേം കൊണ്ട് മത്തായീഴ്ത്ത് പോഴീ. എന്റെ മോളെ ഞാന് പൊന്നുപോലെ വളർത്തും.”

നടക്കല്ലിൽ നിന്നെഴുന്നേറ്റ് തലയിലെ കെട്ടഴിച്ചു കുടഞ്ഞു തോളിലിട്ടുകൊണ്ട് അപ്പൻ വീണ്ടും പടിയിറങ്ങിപ്പോയത് മരോട്ടിച്ചോട്ടിലേക്കുതന്നെയായിരുന്നു, വറുതുണ്ണിയുടെ വാറ്റു വ്യാപാര കേന്ദ്രത്തിലേക്ക്.

ഗോതമ്പുകുറുക്കിനു മേലെ ഇരുണ്ട വെള്ളമായി ഒലിച്ചിറങ്ങിയ ശർക്കര മാത്രം വിരൽ കൊണ്ടു തൊട്ടുനക്കി എത്സി കിണ്ണം നീക്കിവച്ചു – “എനിക്കി വേണ്ടാമ്മേ, വെശപ്പില്യ.”

പെണ്ണ് വല്യ കോളേജ് കുമാരിയായിപ്പോയി. ഇക്കൊല്ലം നാലാം ക്ലാസ്സിലേക്കാണ് ജയിച്ചിരിക്കുന്നത്. വില കുറഞ്ഞതെങ്കിലും ചേലുള്ള ഉടുപ്പണിഞ്ഞ് സ്ലേറ്റും പുസ്തകവും മഷിത്തണ്ടും പിടിച്ച് സർക്കാർ സ്കൂളിലേക്ക് എത്സി നടന്നുപോകുന്ന ഗമ കാണണം. വീട്ടിലെ അവളുടെ ദാരിദ്ര്യത്തെ, സ്കൂളിൽ കൊടുക്കുന്ന ഉച്ചഭക്ഷണം കൊണ്ട് സർക്കാര് ആവുന്നതും നികത്തുന്നു.

കോട്ടിക്കുത്തിയ പ്ലാവില കയ്യിൽ പിടിച്ചുകൊണ്ട് ഗോതമ്പുകുറുക്ക് നിറച്ച കിണ്ണത്തിനു മുമ്പിലിരുന്ന് അമ്മ നിശ്വാസം പൊഴിച്ചു.

ആദ്യമെല്ലാം ആർക്കും ഒന്നും കഴിക്കാൻ തോന്നിയില്ല. പക്ഷേ ദിവസ

ങ്ങൾ കഴിയുന്തോറും ഗോതമ്പു കുറുക്കിൽ രുചി കണ്ടെത്തേണ്ടി വന്നു. പിന്നെപ്പിന്നെ ശർക്കരയിടാതെ തന്നെ കഴിക്കാനൊത്തു.

ഈ കുറുക്കുകൂടി ഇല്ലാതാവുമോ എന്ന ഭയമായപ്പോൾ, ഗോതമ്പിന് അരിയേക്കാൾ രുചി! വിശപ്പിന്റെ ഒരു മായാജാലം!

തിരഞ്ഞുതിന്നാൻ ഇക്കൊല്ലം പച്ചക്കപ്പകൂടി കുത്തിയിട്ടില്ല. അമ്മക്ക് വല്ല വീട്ടിലും പണിക്കു പോകാമെന്നു വച്ചാൽ ഒരു തോർച്ച കണ്ടിട്ടുവേണ്ടേ?

സുരേഷിന്റെ വീട്ടിൽ തങ്ങാൻ കഴിയാത്ത ദിവസങ്ങളിൽ സ്വയം ശപിച്ചുകൊണ്ട്, അവിടേയും ഇവിടേയും ചോരുന്ന വീട്ടിൽ ഗോതമ്പുകുറുക്ക് കഴിച്ച് ചുരുണ്ടുകൂടി.

നെല്ലിന് വില കുതിച്ചു കയറുകയായിരുന്നു. പറക്ക് പതിനഞ്ചുരൂപ! കാശുകൊടുത്ത് ആർക്കാണ് നെല്ലു വാങ്ങാൻ കഴിയുക?

റേഷൻ കടയിൽ എന്നു ചെന്നാലും ഗോതമ്പേയുള്ളു; അരിയെല്ലാം വലിയവരുടെ ഗോഡൗണുകളിൽ ഒളിച്ചിരിക്കുന്നു.

“രണ്ടു പറക്കെങ്കിലും നെലമുണ്ടായിരുന്നെങ്കി...” അമ്മയുടെ വാക്കുകൾ തിരിമുറിയാത്ത മഴ വിഴുങ്ങിക്കളഞ്ഞു. മോഹങ്ങളെല്ലാം ചിറകു നേടിയിരുന്നെങ്കിൽ എന്നേ വീട് കുബേരമായേനെ!

തികച്ചും അനിശ്ചിതമായൊരു ഭാവിയാണു മുമ്പിൽ. നെല്ലിനോടൊപ്പം ഗോതമ്പിന്റെ വിലയും ഉയരുകയാണ്. വിൽക്കാൻ കഴിഞ്ഞതെല്ലാം വിറ്റു. ഇനി എന്തുകൊടുത്താണ് കഴിക്കാനെന്തെങ്കിലും വാങ്ങുക! ഇരിക്കുന്ന വീടും പറമ്പും വിൽക്കാമെന്നു പറഞ്ഞിട്ടും ആർക്കും വേണ്ട.

പഞ്ഞപ്പുല്ലും, പയറിന്റെ ഇലയും ചേമ്പിന്റെ താളും ഏതാനും നേരം തള്ളിനീക്കാൻ അമ്മയെ സഹായിച്ചു.

‘ഇനി? ഇരുണ്ടുനിൽക്കുന്ന മാനത്തോട് നിസ്സഹായയായ ഭൂമി ചോദിച്ചു: ഉത്തരമായി മാനം മുരണ്ടു.

# ഇരുപത്

മാനം തെളിയുകയായിരുന്നു, നീണ്ടകാലവർഷത്തിനുശേഷം.

അരിച്ചരിച്ചു വന്ന വെയിലിന്റെ ഊഷ്മളതയിൽ മയങ്ങിക്കിടന്നിരുന്ന പ്രകൃതി മെല്ലെയുണർന്നു, സൗഗന്ധികതയുടെ പുതുമയുള്ള സൗരഭ്യവും വഹിച്ചുകൊണ്ട്.

ഭൂമിയുടെ ഉപരിതലങ്ങളിൽ പുതുമയുടെ വാഗ്ദാനങ്ങളുമായി പുതിയ കുന്ദളങ്ങൾ.

വൃക്ഷങ്ങളിൽ കിനുകിനുത്ത തളിലിരകൾ...

കിരുകിരുത്ത വേരുകൾ പുതിയ സ്രോതസ്സുകൾ തേടി ആഴങ്ങളിലേക്ക് പാഞ്ഞു.

താൻ നീട്ടിയ നൂറിന്റെ നോട്ടുകൾ കൈനീട്ടി വാങ്ങുമ്പോൾ അപ്പന്റെ കൈകൾ വിറച്ചിരുന്നു. ആദ്യമായിട്ടാണല്ലോ അപ്പൻ അത്രയും നോട്ടുകൾ ഒന്നിച്ചുകാണുന്നത്!

ആ വിറക്കുന്ന കൈകൊണ്ടുതന്നെ ചേർത്തുപിടിച്ചിട്ട് അപ്പൻ തേങ്ങി, “അപ്പൻ ഒരുപാട് വെഷമിപ്പിച്ചിട്ടുണ്ട്. മോൻ ക്ഷമിക്ക്.... ഇനി മോൻ വേണം ഈ കുടുംബം മുമ്പോട്ട് കൊണ്ടുപോവാൻ... കണ്ണുതുടച്ചുകൊണ്ട് അപ്പൻ വീണ്ടും പോയത് വാറ്റുകേന്ദ്രത്തിലേക്ക് തന്നെയായിരുന്നു...

മദ്യത്തിന്റെ ലഹരിയിലെങ്കിലും, ജീവിതത്തിലാദ്യമായി ഒരപ്പൻ മകനോട് കാണിച്ച സ്നേഹപ്രകടനം കണ്ട് അമ്മ ആനന്ദത്തിന്റെ കണ്ണീരൊഴുക്കി.

മകൻ അദ്ധ്വാനിച്ചു കൊണ്ടുവന്ന പണത്തെക്കുറിച്ച് അമ്മയുടെ അഭിമാനം വിജ്രംഭിച്ചു.

ഫീസിനുവേണ്ടി അനിയൻ പൗലോസും കൈനീട്ടി. ഫീസിനു വേണ്ടിയ ല്ലെന്നറിയാം. എന്നിട്ടും കൊടുത്തു, ചേട്ടനെന്നുള്ള അധികാരം ഉറപ്പിക്കാൻ വേണ്ടിത്തന്നെ!

മിഠായി വാങ്ങാൻ ലഭിച്ച നാണയം കയ്യിൽ വച്ചുകൊണ്ട് എത്സി കുടുകുടെ ചിരിച്ചു, കൊച്ചുമനസ്സിലെ വലിയ സന്തോഷം വിളിച്ചറിയിച്ചുകൊണ്ട്. കൊച്ചു ഫ്രോക്കിട്ട്, പുസ്തകവും സ്ലേറ്റുമടങ്ങുന്ന സഞ്ചിയും തൂക്കി കള്ളിപെണ്ണ് സ്കൂളിലേക്ക് തുള്ളിച്ചാടി പോകുന്നതു കാണാൻ തന്നെ എന്തു ശേലാണ്. ഒരു ചിത്രശലഭം കണക്കെ....

കുടുംബത്തിലെ അംഗമായി അപ്പൻ തന്നെ അംഗീകരിച്ചതായിരുന്നല്ലോ ഏറ്റവും വലിയ കാര്യം – ഓർമ്മവച്ചകാലം മുതൽ എന്റെ ഏറ്റവും വലിയ

സ്വപ്നമായിരുന്നല്ലോ അത്!

വീട്ടിൽ പണ്ടത്തെ ചീത്തവിളിയും ശാപവാക്കുകളുമില്ല. ചെറുപ്പം മുതൽ അന്യമായിരുന്ന കുടുംബസമാധാനം വീട്ടിൽ വിരുന്നു വന്നിരിക്കുന്നു.

ഇതിനെല്ലാം കാരണക്കാരിയായ സുരേഷിന്റെ മമ്മിയോട് എങ്ങനെയാണ് നന്ദി പറയേണ്ടത്?

ഞങ്ങളുടെ രഹസ്യ സമാഗമത്തിന് ഗ്രഹണമേകാൻ നഗരത്തിലെ അവരുടെ എക്സ്പോർട്ടിംഗ് കമ്പനിയിൽ എനിക്കൊരു ഉയർന്ന ജോലി അവർ തന്നുവല്ലൊ?

തരിമണൽ അതിരിടുന്ന അവരുടെ മുറ്റത്തു തന്നെയുള്ള ഔട്ട് ഹൗസിൽ കമനീയമായൊരു മുറിയും അവർ എനിക്കുവേണ്ടി ഒരുക്കിയല്ലൊ!

എന്നും കോളേജ് വിട്ടാൽ നേരെ എക്സ്പോർട്ടിംഗ് കമ്പനി ഓഫീസിലെത്താനായിരുന്നു ഓർഡർ.

ഓഫീസിൽ ഫയലുകൾ നോക്കിക്കഴിഞ്ഞ് സുരേഷിന്റെ വീട്ടിലെത്തുമ്പോൾ വിഭവ സമൃദ്ധമായ സദ്യയൊരുക്കി സുരേഷിന്റെ മമ്മി കാത്തിരിപ്പുണ്ടാവും – ദശാബ്ദങ്ങൾ നീണ്ട വറുതിയുമായി!

എന്നാലെന്താ, അര കോട കൊണ്ടു തന്നെ അവരിലെ ആയിരം വേനലിന്റെ വറുതി ശമിപ്പിക്കാൻ തന്നെക്കൊണ്ടാവുന്നുണ്ടല്ലൊ....

എന്നാലും ഭയമായിരുന്നു മനസ്സിൽ. കമ്പനിയിൽ സുരേഷിന്റെ മമ്മിയെനിക്ക് ജോലി തന്നതുതന്നെ സുരേഷിന്റെ നിർബന്ധം കൊണ്ടാണെന്ന് വരുത്തിത്തീർക്കാൻ സുരേഷിന്റെ മമ്മി വിരുതു കാണിച്ചെങ്കിലും എല്ലാവരേയും എല്ലാക്കാലവും കബളിപ്പിച്ചുകൊണ്ടിരിക്കാനാവില്ലല്ലൊ.

സുരേഷെങ്ങാൻ സത്യമറിഞ്ഞാൽ....

എന്റെ ഭയാശങ്ക കേട്ടപ്പോൾ സുരേഷിന്റെ മമ്മി പൊട്ടിത്തെറിച്ചു. 'ഗായത്രി എക്സ്പോർട്ട്സ്' എന്റെ പേരിലാണ്. ഞാനാണതിന്റെ ഉടമസ്ഥ. ഞാനാണ് നിനക്ക് ജോലി തന്നത്. അവനോട് പോകാൻ പറ.'

എന്നിട്ടും ഞാൻ സൂക്ഷിച്ചു. സുരേഷ് വീട്ടിൽ കയറാതെ ഉഴപ്പി നടക്കുകയാണെങ്കിലും അവൻ വീട്ടിലുള്ളപ്പോഴെല്ലാം ചുവന്ന മുറിയിലേക്കുള്ള സന്ദർശനങ്ങൾ ആശ ആവുന്നതും ഒഴിവാക്കി.

എന്നാലും പുളയുന്ന സ്വർണ്ണനാഗത്തിന്റെ സീൽക്കാരം ഫണമുയർത്തുന്ന രാവുകളിൽ ബന്ധനസ്ഥനായ കുഞ്ഞാടിന്റെ അസ്വസ്ഥതയായിരുന്നു മനസ്സിൽ. ആസക്തിയുടെ കൊടുങ്കാറ്റിനാൽ എടുത്തെറിയപ്പെട്ട് സുരേഷിന്റെ മമ്മി അപ്പോഴേക്കും ഔട്ട് ഹൗസിൽ എത്തപ്പെട്ടിട്ടുണ്ടാകും.

സഹജവാസനകളെ സദാചാര സംഹിതകൾ കൊണ്ടു കീഴടക്കാൻ ശ്രമിക്കുന്നത്, വെളിച്ചത്തെ മുറംകൊണ്ടു മറയ്ക്കാൻ ശ്രമിക്കുന്നതുപോലെ അർത്ഥരഹിതമാണെന്ന് ഞങ്ങൾക്കുറപ്പുണ്ടല്ലൊ.

പൂക്കളെ നെഞ്ചോടു ചേർക്കുന്ന ആർദ്രമായ പ്രണയം പോലെ കാറ്റിനൊപ്പം വന്ന മകിടിയുടെ സംഗീതത്തിൽ ഞങ്ങളുടെ നിഴലുകൾ ഇണ ചേർന്നു.

പർവ്വതക്കാറ്റ് അലറിയടുക്കുന്ന അവരുടെ തുടുത്ത ഞരമ്പുകളിൽ ഞാനുമ്മവച്ചു.

വരണ്ടു നിൽക്കുന്ന അവരുടെ പേലവാംഗങ്ങളിൽ ഈർപ്പം പകർന്നു. ഒടുവിൽ വർഷങ്ങൾ നീണ്ട വറുതിക്കുശേഷം കോരിച്ചൊരിയുന്ന പുതുമഴയായി അവരിൽ ഞാൻ പെയ്തിറങ്ങി.

ഓരോ പുതുമഴയിലും കിളിർക്കുന്ന തകരപോലെ, ഞങ്ങളുടെ ഓരോ ഇണചേർച്ചയിലും അവരിൽ നാമ്പെടുക്കുന്ന ഈ ആലസ്യത്തിന്റെ പുതുനാമ്പുകൾക്കു വേണ്ടിയാണല്ലൊ അവരെനിക്ക് കമ്പനിയിൽനിന്ന് തടിച്ച ശമ്പളവും അലവൻസുകളും തന്നുകൊണ്ടിരിക്കുന്നത്.

കോളേജ് പഠനത്തോടൊപ്പം വലിയ കമ്പനിയിൽ ഉയർന്ന ഉദ്യോഗം വഹിക്കുന്ന വിദ്യാർത്ഥിയെ സഹപാഠികൾ ആദരവോടെ നോക്കി.

സഹപാഠിനികൾ ആരാധനയോടെ ഏറുകണ്ണിട്ടു.

അദ്ധ്യാപകർ വാത്സല്യത്തോടെ ചിരിച്ചു.

നാട്ടുകാർ തൊഴുതുകൊണ്ട് ദൂരെ മാറിനിന്നു.

ഒരിക്കൽ, എക്സ്പോർട്ട് അവാർഡ് ലഭിച്ചതിന് ഗായത്രി എക്സ്പോർട്ട്സ് ഒരുക്കിയ വിരുന്നു സൽക്കാരത്തിൽ, പ്രത്യേക ക്ഷണിതാക്കളായി എത്തിയ അപ്പനും അമ്മയും സഹോദരങ്ങളും കമ്പനിയുടെ വലുപ്പവും കമ്പനിയുടമസ്ഥ തന്നോട് കാണിക്കുന്ന വാത്സല്യവും കണ്ടുണ്ടായ അമ്പരപ്പിൽ, അപ്പൻ കെട്ടിപ്പിടിച്ചുകൊണ്ട് "നീയാണെടാ എന്റെ പൊന്നുമോൻ' എന്നുപറഞ്ഞു തേങ്ങിയത് ഇന്നലെയെന്നോണം ഓർക്കുന്നു....

വീട് തെളിയുകയായിരുന്നു. കുടുംബാംഗങ്ങളുടെ മനങ്ങൾക്കൊപ്പം.

നാട്ടിൽ കുടുംബത്തിന്റെ അന്തസ്സുയർന്നു.

വാറ്റു ചാരായത്തിനിപ്പം സ്റ്റാൻഡാർഡ് പോരാ, അപ്പനിപ്പം വിദേശ മദ്യമേ കഴിക്കൂ!

അതെ എന്റെ എല്ലാ കുറവുകളേയും വലിയ കമ്പനിയിലെ ഉയർന്ന ഉദ്യോഗം നികത്തുന്നു.

അല്ലെങ്കിൽത്തന്നെ പണവും അധികാരവും നികത്താത്ത കുറവുകൾ മനുഷ്യനിലെന്താണുള്ളത്!

അമ്മയും കാലത്തിനൊപ്പിച്ച് കോലം കെട്ടിയെങ്കിലും ആരും കേൾക്കുന്നില്ലെന്നു ബോദ്ധ്യം വരുത്തി മെല്ലെയോർപ്പിച്ചു. "മോനേ നെന്റെയപ്പൻ...." "ഓർമ്മയുണ്ടമ്മേ."

ഇന്നിന്റെ പ്രസക്തിയിൽ ഇന്നലെകളും നാളെകളും അലിഞ്ഞുപോയി. ഈ നിമിഷത്തിലെ രതിമൂർച്ചയിൽ ഇതിനായി പെട്ടപാടുകളും കഴിച്ച ത്യാഗങ്ങളും എല്ലാവരും വിസ്മരിച്ചു.

വരാനുള്ള നിമിഷങ്ങൾ - അവയാരുടേയും കൈപ്പിടിയിലല്ലല്ലോ. പിന്നെങ്ങനെ അവർക്കുത്തരമേകാൻ കഴിയും

തോമസ്സച്ചൻ മാത്രം മുഷിപ്പിക്കുന്ന ആ ആവർത്തന ചോദ്യം സ്ഥിരമായി ചോദിച്ചു കൊണ്ടേയിരുന്നു. "ഈ ലോകം മുഴുവൻ നേടിയാലും നിന്റെ

ആത്മാവ് നശിച്ചാൽ....?

എന്താണുത്തരം പറയുക?

വീട്ടിലാണെങ്കിൽ പുത്തൻ പ്രതീക്ഷകളാണ് അനുദിനം നാമ്പെടുക്കുന്നത്. “ഈ ചോർന്നൊലിക്കുന്ന വീടൊന്ന് പൊളിച്ചു വാർക്കണം. അതിന് മോൻ തന്നെ മനസ്സിരുത്തിയാലേ നടക്കൂ. അപ്പൻ തന്നെ അണച്ചുപിടിച്ചുകൊണ്ടു പറഞ്ഞു.

“അതിനീ ജോലി പോരാ അപ്പാ. ഞാൻ ഗൾഫിൽത്തന്നെ പോകേണ്ടി വരും.”

“മോൻ വിചാരിച്ചാ ഗൾഫിലും പോവാൻ പറ്റൂലാ.” അപ്പൻ ദൃഢവിശ്വാസത്തോടെ പറഞ്ഞു.

“ദൈവമേ ഒരു പെണ്ണാള്ളത് ഇരുന്നിട്ടെണീകണ മാതിരിയാ വളരണം. എങ്ങന്യാ അവളെ ഒന്ന് എറക്കി വിടണം!” അമ്മയുടെ വക പരിവേദനം.

എത്സിയെ കെട്ടിക്കാനുള്ള വകയും ഞാൻ തന്നെ കണ്ടെത്തണമെന്ന സൂചന.

അതെ. ഓരോ പ്രതീക്ഷയും ഓരോ ഭാരമാണ്. മഴത്തുമ്പികളെക്കൊണ്ട് കല്ലെടുപ്പിക്കുന്നതുപോലെ മക്കളുടെ മനസ്സിൽ ഏറ്റിക്കൊടുക്കുന്ന പ്രതീക്ഷകൾ!

ചെറിയ പ്രതീക്ഷ നിറവേറ്റിക്കഴിയുമ്പോൾ അതിലും വലുത് ഏറ്റിക്കൊടുക്കുന്നു.

അതും ഭാരപ്പെട്ട് ചുമന്നെത്തിച്ചു കഴിയുമ്പോൾ കുറച്ചുകൂടി വലുതൊന്ന്.

ഒടുവിൽ പ്രതീക്ഷയുടെ ഭാരംകൊണ്ട് കുനിഞ്ഞ ജീവിതവുമായി മരണം വരെ കഴിയാനാണല്ലോ എല്ലാ മക്കളുടേയും വിധി!

ഏറെ അന്വേഷിച്ച ശേഷമാണ് നാട്ടിൽ ഒരുപാടുപേർക്ക് ഗൾഫിൽ ജോലി വാങ്ങിക്കൊടുത്തിട്ടുള്ള റിക്രൂട്ടിംഗ് ഏജന്റ് ബ്രോക്കറിനെ കണ്ടെത്താനായത്. കാര്യങ്ങൾ പറഞ്ഞപ്പോൾ തനിക്ക് ഗൾഫിൽ വലിയൊരു ജോലി ബ്രോക്കർ വാഗ്ദാനം ചെയ്തു. വിസയുടെ വിലയും, യാത്രക്കൂലിയും സർവ്വീസ് ചാർജ്ജുമായി വലിയൊരു തുക കൊടുക്കേണ്ടി വന്നു.

എന്നാലെന്താ, വലിയ ശമ്പളത്തിൽ ഗൾഫിൽ ജോലി, എയർ കണ്ടീഷന്റ് താമസം, ഓഫീസിൽ സഹായിക്കാൻ ഭൃത്യന്മാർ, യാത്ര ചെയ്യാൻ എയർകണ്ടീഷൻഡ് കാർ!

വിവരമറിഞ്ഞപ്പോൾ അപ്പൻ പ്രോത്സാഹിപ്പിച്ചു. “വേഗം പോകാൻ നോക്ക്.

അല്ലെങ്കിൽത്തന്നെ സുരേഷിന്റെ മമ്മിക്ക് തന്നിലുള്ള പ്രതിപത്തി എത്ര കാലം നീണ്ടുനിൽക്കുമെന്ന് ആർക്കറിയാം! തനിക്ക് മുമ്പേ ഗായത്രി എക്സ്പോർട്ട്സിൽ പ്രമുഖരായ പലരും ഓരോരോ സുപ്രഭാതങ്ങളിൽ ആരുമല്ലാതാകുകയായിരുന്നല്ലോ!

അടുത്ത ഊഴം തന്റെയാണെന്നറിയാം. സുരേഷിന്റെ മമ്മിക്ക് പുതിയൊരിരയെ കിട്ടിയാൽ തന്റെ വിധിയും വ്യത്യസ്ഥമാവില്ല.

അതിനകം കൂടുതൽ സുരക്ഷിതമായൊരു അഭയസ്ഥാനം കണ്ടെത്തേണ്ടിയിരിക്കുന്നു.

മാത്രമല്ല നല്ലപ്പഴേ നിറുത്തുന്നതാണല്ലോ പാട്ടിന്റെയൊരു ഭംഗി....

സൗകര്യവും സാഹചര്യവും ഒത്തുവന്ന സാഹചര്യത്തിൽ തന്റെ വീട്ടിൽ കൂടിവരുന്ന പ്രാരബ്ധങ്ങളെക്കുറിച്ചും ഗൾഫിൽ ജോലിക്കുവേണ്ടി ശ്രമിക്കുന്നതിനെക്കുറിച്ചും സുരേഷിന്റെ മമ്മിയോട് സൂചിപ്പിച്ചു.

കേട്ടിരിക്കുമ്പോൾ സുരേഷിന്റെ മമ്മിയുടെ വെളുത്ത മുഖത്ത് കെറുവിന്റെ നിഴലുകൾ. ആദ്യത്തെപ്പോലെ ഒരു കർത്തവ്യബോധത്തോടെ അവരുടെ രാവുകൾ താൻ പങ്കിടാൻ ചെല്ലാറില്ലല്ലോ!

രാത്രി ഉണ്ണാനിരുന്നപ്പോൾ പണ്ടത്തെപ്പോലെ ഗൂഢസ്മിതത്തോടെ സുരേഷിന്റെ മമ്മി തന്നെ നോക്കിയില്ല. പകരം ഏതോ ചിന്തയിലാണ്ട് യാന്ത്രികമായി ചലിപ്പിക്കുന്ന സ്പൂണും ഫോർക്കും കണ്ടപ്പോൾ തോന്നി, റൂഷിട്ട് ചുവപ്പിച്ച ആ തൊണ്ടിപ്പഴങ്ങളിൽ അപ്പോൾത്തന്നെ അമർത്തി ഒരു ചുംബനം കൊടുത്താലെന്തെന്ന്.

യാതൊരെതിർപ്പും കൂടാതെ കാലം മൂത്തു നരച്ചെങ്കിലും, വസന്തർത്തുവിൽ വിളങ്ങിനിന്ന കേസരങ്ങളെ കൈവെടിയാത്ത സുരേഷിന്റെ മമ്മീ, നിന്റെ മാറിൽ സാഗരത്തിന്റെ നിശബ്ദത ഞാൻ കണ്ടെത്തും;

കാലത്തിന്റെ നരച്ച ശാഖകൾ ചൂഴ്ന്നു നിൽക്കുന്ന നിന്റെ മനസ്സിൽ ഞാൻ തീ കൊളുത്തും!

നിന്നിൽ അല്പനേരം പ്രകാശിക്കുന്ന ആ ജ്വാലയിൽനിന്ന് ഈ മരുഭൂമിക്ക് തീപിടിക്കും. ബ്യൂട്ടിപാർലറിലെ മിസ്. റോഷ്നിയുടെ വൈദഗ്ധ്യം വരച്ചുകാട്ടുന്ന മാംസളമായ ഒടിവുകൾ കണ്ടപ്പോൾ മനസ് മന്ത്രിച്ചു.

ഓർമ്മയുടെ വിത്തുകൾക്ക് ശ്രദ്ധാപൂർവ്വമായ പരിചരണം ലഭിച്ചപ്പോൾ ഏകാന്തതയിലേക്കുയർന്ന ശിഖരം സ്വാതന്ത്ര്യത്തിനുവേണ്ടി അലമുറയിട്ടു. രാത്രിയുടെ സ്വാതന്ത്ര്യം പിറവിയെടുക്കുന്നതുവരെ സ്വയം നിയന്ത്രിച്ചു.

“ഏല്യാസിനെന്താ ഇവിടെ കുറവ്?” സുരേഷിന്റെ മമ്മി ചുവന്നലോകത്തെ സ്വകാര്യതയിൽ തന്റെ നെഞ്ചിൽ കരതലം വച്ചുകൊണ്ട് ചോദിച്ചു. “എന്തിനാ വെറുതെ ഗൾഫിലെ മരുഭൂമിയിൽ ഈ ജീവിതം കരിച്ചുകളയുന്നെ?”

മറുപടിയായി അവരെ ഗാഢഗാഢം ചുറ്റിപ്പിടിച്ചു കിടന്നപ്പോൾ എന്റെ ചുണ്ടുകളിൽ കുരുത്തോലയുടെ മാർദ്ദവമുള്ള കവിളിണയമർത്തി വികാരപാരവശ്യത്തോടെ സുരേഷിന്റെ മമ്മി കെഞ്ചി, “നിനക്ക് പോണെങ്കിൽ എന്നെ കൊന്നേച്ചു പോ.”

ചുവന്ന ആലക്തിക പ്രഭയിൽ സുരേഷിന്റെ മമ്മിയുടെ കെട്ടിവച്ച കാർകൂന്തലഴിഞ്ഞു. നെഞ്ചിലെ കച്ചയഴിഞ്ഞു. ഇളം ചുവപ്പുവെളിച്ചത്തിൽ അവരുടെ കണ്ണുകളിൽ ആഴക്കടലിലെ തിരമാലകൾ ഇളകി. കാറ്റും കോളും നിറഞ്ഞ കടലിൽക്കിടക്കുന്ന കപ്പലിനെപ്പോലെ എന്റെ നങ്കൂരത്തിന് കീഴിലവർ കിടന്നുലഞ്ഞു, ഏറെനേരം....

ഒടുവിൽ, വേർപാടിന്റെ ഒടുവിലത്തെ യാമങ്ങളിൽ, വേർപാടിന്റെ ആ

ദുഷിച്ച നിമിഷങ്ങളിൽ ഒരു പർവ്വതക്കാറ്റിന്റെ ശക്തിയോടെ തന്നിലാഞ്ഞടിച്ചുകൊണ്ട് സുരേഷിന്റെ മമ്മി കേണു, "ഏല്യാസേ നീയെന്നെ കൈവിട്ടു പോകുമോ? എത്ര പണം വേണമെങ്കിലും തരാം."

"ഇല്ല, സുരേഷിന്റെ മമ്മീ, അസാന്മാർഗ്ഗീകതയുടെ രണനിലങ്ങളിൽ എന്നെ പിച്ചവയ്പിച്ച് നിങ്ങളെ എനിക്കെങ്ങനെ മറക്കാൻ കഴിയും!

സുരേഷിന്റെ മമ്മിക്കതു വിശ്വാസമായിരുന്നില്ല. അവർ വെറും സ്ത്രീ സഹജമായി മൂക്കുപിഴിഞ്ഞു കരഞ്ഞപ്പോൾ മെല്ലെ എഴുന്നേറ്റു പുറത്തു കടന്നു. അവരുടെ ഭയം ശരിയായിരുന്നു. സുരേഷിന്റെ മമ്മിയിലെ തന്റെ താല്പര്യം അനുദിനം കുറയുകയായിരുന്നു.

ഇളം മാംസമുള്ള കുഞ്ഞാടുകൾ എത്ര വേണമെങ്കിലും ഉള്ളപ്പോൾ, നരച്ച കാലത്തിന്റെ ഉണങ്ങിയ ശിഖരങ്ങളിൽ തീകൊളുത്തി എന്തിനു ഞാൻ സ്വയം ഹോമിക്കണം!

പോരെങ്കിൽ എം.എ. ക്ലാസ്സിൽ ഒപ്പം പഠിക്കാനെത്തുന്ന ശാലിനിയുടെ നീണ്ട നയനങ്ങളുടെ മൂർച്ച തന്റെ ഹൃദയത്തിൽ അസ്വസ്ഥതയുടെ മുറിവേൽപ്പിക്കാൻ തുടങ്ങിയിട്ട് കുറച്ചു കാലമായല്ലൊ!

വലിയ രാഷ്ട്രീയ നേതാവിന്റെ പുന്നാര മോള്. നാല് ആങ്ങളമാരുടെ ഏക പെങ്ങൾ....

പക്ഷേ അവൾക്ക് തന്നോട് മാത്രം തോന്നുന്ന ഈ അടുപ്പത്തിനു കാരണമെന്താണ്?

നിഷ്ക്കളങ്കത ഒളിവിതറുന്ന ക്രമതയാർന്ന ആ മുഖം തന്നെ കാണുമ്പോഴെല്ലാം നമ്രമാവുന്നതെന്താണ്?

അവളെ കടന്നുപോവുമ്പോൾ തിരിഞ്ഞുനോക്കാതെ തന്നെ മനസ്സിലാക്കാം, ഒരു മാൻ കുട്ടിയുടേതെന്ന പോലെ തന്നെ പിന്തുടരുന്ന ആകാംക്ഷ നിറഞ്ഞ ആ നോട്ടം.

വെളുത്തു മെലിഞ്ഞ ശാലിനിയുടെ ശാലീനമാർന്ന രൂപം എന്തുകൊണ്ടോ, മറ്റു സ്ത്രീരൂപങ്ങളിൽനിന്നു വേറിട്ട് മനസ്സിൽ ഉയർന്നു നിൽക്കുന്നു.

ഉദിച്ചുവരുന്ന കറുത്ത സൂര്യന്മാരുടെ കറുത്ത വെളിച്ചത്തിൽ ആ നയനങ്ങളുടെ ആഴമാർന്ന കയത്തിൽ കോളിളക്കം.

തന്റെ സാമീപ്യത്തിൽ തൽക്ഷണം വിരിഞ്ഞ കുമ്പാളപോലെ പൊട്ടിത്തരിക്കുന്ന ആ മനോജ്ഞതയെ ചൂഴ്ന്നുനിൽക്കുന്ന നിശബ്ദത, പൂപ്പാത്രത്തിൽ നിന്നു വീഴുന്ന ജലകണങ്ങളെപ്പോലെ പനൂപനുപ്പുള്ളതാണ്...

കാത്തിരുന്ന് കാത്തിരുന്ന്, ലൈബ്രറിയിൽ വച്ചാണ് ശാലിനിയെ ഒറ്റക്കു കണ്ടുകിട്ടിയത്. ഞാൻ അടുത്തേക്ക് ചെല്ലുന്നതു കണ്ടവൾ എഴുന്നേറ്റുനിന്നു. ആ മുഖം തൽക്ഷണം വിരിഞ്ഞ കുമ്പാളയായി.

ആ കണ്ണുകളിൽ ഒരായിരം നക്ഷത്രങ്ങൾ ഒന്നിച്ചു മിന്നി.

"ശാലിനി,"

'എന്തോ," വിധേയത്വഭാവത്തോടെയുള്ള വിളി കേൾക്കൽ!

ഈ അനുസരണയും വിധേയത്വഭാവവുമാണ് സ്ത്രീയുടെ മന്ത്രമുഗ്ദമായ

സൗന്ദര്യം. ആ നീണ്ട നയനങ്ങളിലെ ലജ്ജ ഏതൊരു പുരുഷനേയും സഹൃദയനാക്കുന്നു.

അതാരംഭമായിരുന്നല്ലോ....

പിന്നീട് ലൈബ്രറിയിൽ പുസ്തകങ്ങൾ തീർത്തു തന്നെ തടവറയിലെ ഏകാന്തത അത് നാം പങ്കിട്ടപ്പോൾ, ആരാണ് ശാലിനീ, പുറത്തെ മഴയുടെ ചിനുചിനിപ്പിൽ നിന്റെ പേരെഴുതിയത്?

കടൽത്തീരത്തെ മാരിവില്ലിന്റെ മനോജ്ഞതയിൽ നിന്റെ സാമിപ്യം ഏഴു നിറങ്ങൾക്കും സാന്ദ്രതയേറ്റി.

ചക്രവാളത്തിന്റെ അരിവാൾ ചരിവിൽ പ്രകാശ രശ്മികൾ കവിത രചിച്ചു.

ഇഞ്ചിപ്പുല്ലു മണക്കുന്ന നിന്റെ ശ്വാസം കടൽക്കാറ്റിനുപോലും സൗരഭ്യം പകരുന്നു.

പിന്നീടുള്ള രാത്രികളിൽ, സ്വപ്നത്തിലെ നിറക്കൂട്ടിൽ ചാലിച്ച് ഭാവനയുടെ ബ്രഷുപയോഗിച്ച് മനസ്സിന്റെ ക്യാൻവാസിൽ വരച്ച ചിത്രം പ്രിയേ, നിന്റേതായി.

നിന്റെ ഉച്ഛ്വാസവായു ചിത്രത്തിന് ജീവനേകി.

നിന്നിലെ താരുണ്യം ചിത്രത്തിന്റെ പശ്ചാത്തലമായി; ആ ചിത്രത്തിലെ നിലാവ് ഞാനും നിഴൽ നീയുമായി.

കോളേജിനടുത്തുള്ള ഇടിഞ്ഞുപൊളിഞ്ഞ ആ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾക്കിടയിലാണല്ലോ നമ്മുടെ സമയത്തിന്റെ മണൽക്കൂമ്പാരം നാം കൂട്ടിയത്.

അവിടെ നമ്മുടെ സ്നേഹത്തെപ്പറ്റി നാം പ്രഖ്യാപിച്ചു.

പിന്നീട് കാറ്റിന്റെ മർമ്മരത്തിൽ നാമും പങ്കുചേർന്നപ്പോൾ സ്വാതന്ത്ര്യം ഒരു നദിയായ് നമ്മിൽ ഉറവയെടുത്തു. ഓർമ്മകൾ അതിന്റെ കൈവഴികൾ തുറന്നു.

ഒരു ചാറ്റൽ മഴയുടെ മർമ്മരമായി എന്നെയാകർഷിച്ച നിന്റെയോർമ്മയുടെ പാദമുദ്രകൾ തേടി എത്രയോ അപരിചിത ഊടുവഴികളിലൂടെ ഞാൻ നീങ്ങി.

ഒരിക്കലും നിലത്തു പതിക്കാത്ത ഒരു ഒരിക്കമഴയുടെ നിശ്ശബ്ദതയോടെയാണല്ലോ ശാലിനീ, നീ വന്നത്.

ഒരിക്കലും പ്രകാശിക്കാത്ത വെയിൽ നാളമായി, അറിയാത്ത വാക്കുകൾ പുലമ്പുന്നതുപോലെ നീ വന്നു.

നിന്റെ കണ്ണുകളിലെ തിളക്കത്തിൽ എന്റെ വാക്കുകൾ കവിതകളായി.

ആ കവിതകൾ സ്നേഹത്തിന്റെ ലക്ഷണങ്ങളെ പൂർണ്ണമായുൾക്കൊണ്ടു.

പക്ഷേ ഒന്നു പറയട്ടെ, എന്നിലെ കിരാതമായ ദുഃഖം കൊണ്ട് എനിക്കു നിന്നെ സ്നേഹിക്കാനാവൂ!.....

“എന്തെങ്കിലും പറയുന്നേ! ഈ നിശ്ശബ്ദത എന്നെ ശ്വാസം മുട്ടിക്കുന്നു.” കാറ്റിൽ പാറുന്ന സമുദ്രജലത്തിൽ കോൾമയിർ കൊണ്ടപ്പോൾ മറൂൺ സാരി വാരിപ്പുതച്ചുകൊണ്ടു ശാലിനി പറഞ്ഞു.

അവളുടെ കണ്ണുകളിൽ അസ്തമയ സൂര്യന്റെ പ്രതിഫലനം.

"നിന്നിലെ ഓരോ സ്നേഹകണികയേയും എങ്ങനെ ഉന്മാദം കൊണ്ടു നിറക്കാമെന്നു ഞാൻ ചിന്തിക്കയായിരുന്നു."

"ഛേ, നാണമില്ലല്ലൊ വൃത്തികേടുകൾ ചിന്തിക്കാൻ." അവളുടെ കണ്ണുകളിൽ ലജ്ജ പുരണ്ട ഈർച്ച.

"ഇതു വൃത്തികേടാണോ? ഏതൊരു സ്നേഹത്തിന്റേയും ആത്യന്തിക ലക്ഷ്യം ഇതാണ്."

"അതെല്ലാം നേരം വെളുത്തിട്ട് ഇപ്പോ പിള്ള മൂടിപ്പുതച്ചൊറങ്ങ്."

"ആ സൂര്യനുദിക്കില്ല മോളേ!" – കോഴി കൂകിത്തുടങ്ങിയിട്ട് യുഗങ്ങളേറെയായല്ലോ – ഈ അന്ധകാരമാണ് നിത്യം; ലൈംഗീകദാഹത്തിലും പാരവശ്യത്താലും വലിയ ചിറകുകളടിച്ചു കരയുന്ന ഈ കറുത്ത കടലിന്റെ അലർച്ചയാണു യാഥാർത്ഥ്യം!

ഒരു സ്വപ്നത്തിനൊ, ഒരു നിമിഷത്തിന്റെ ദുഃഖത്തിനൊ ഇടയില്ലാതെ ഇനി വരാത്ത ഓരോ ദിവസവും ആസ്വദിക്കുന്ന ശലഭങ്ങളെ കണ്ടുപഠിക്ക്.

ഉദയത്തിനുമുണീറ്റു പോയവരുടെ കാൽപ്പാടുകളേ ചരിത്രത്തിന്റെ കടൽത്തീരത്തു പതിഞ്ഞു കിടപ്പുള്ളല്ലോ!...

"എന്താ കവിത എഴുതാറുണ്ടോ?" ആ നുണക്കുഴികളിൽ കുസൃതി.

"സത്യം പറയുന്നതു കവിതയാണെങ്കിൽ, ഞാനൊരു കവിയാണ്.

പക്ഷേ സൗന്ദര്യവുമായി വിദൂരബന്ധം പോലുമില്ലെന്നു മാത്രം."

"യാഥാർത്ഥ്യം സുന്ദരമാണെന്നാരു പറഞ്ഞു?" വിശ്വാസങ്ങളുടെ ഹിംസ്രജന്തുക്കൾ സഹജവാസനകളെ വേട്ടയാടുന്ന കാടൻ വിജനത തിങ്ങുന്ന ഹൃദയത്തിൽ ആർക്കണിവിടെ സൗന്ദര്യം കണ്ടെത്താനാവുക? ശാസ്ത്രീയ സൗന്ദര്യത്തിന്റെ ഉറവിടം എവിടെയാണെന്നറിയ്യോ മോളേ – തേരട്ടയിലാണ്..."

"നമുക്ക് പരസ്പരം മനസ്സിലാവുന്ന വല്ലതും പറയാം." ശാലിനി പിന്തിരിഞ്ഞു.

"ശരി. ഞാനിന്നു രാത്രി നിന്റെ വീടിന്റെ പിന്നിൽ വരട്ടെ?"

ശാലിനിയുടെ കണ്ണുകളിൽ ഞെട്ടലുണ്ടായി; മുഖത്ത് ഭാവഭേദങ്ങളുണ്ടായി.

"വേണ്ട... വേണ്ട"

എന്തേ, നിനക്കെന്നെ വിശ്വാസമില്ലേ?"

"വിശ്വാസമില്ലെങ്കിൽ ഞാനിവിടെ വരുമായിരുന്നോ? പക്ഷേ അതു തെറ്റാണ്. ചാവുദേഷമാണ്."

ഒരു കൂദാശകൊണ്ട് ആർക്കെങ്കിലും ഒരു ചാവുദോഷത്തെ പുണ്യമാക്കാനൊക്കുമോ പെണ്ണേ?"

"എനിക്കതൊന്നുമറിയില്ല. ഞാൻ വരില്ല." ആ മുഖത്ത് കെറുവ് തിരയടിച്ചു കയറി.

"നീ വരും. വരണം." ഉറച്ച സ്വരത്തിൽ ഞാനാജ്ഞാപിച്ചു.

"ഇല്ല, ഞാൻ വരില്ല, അതു തെറ്റാണ്." ശാലിനി കെഞ്ചി.

"എന്നാൽ വേണ്ട. പരോക്ഷമായി എഴുന്നേറ്റ് യാത്രപോലും പറയാതെ മണലിൽ പാദമുദ്രകളുപേക്ഷിച്ച് നടന്നു, പിന്നിലുയർന്ന വിളികൾ അവഗ

ണിച്ചുകൊണ്ട്.

കുറച്ചുകഴിഞ്ഞപ്പോൾ കുളുർമ്മയുള്ളൊരു കരം മൃദുവായി തോളിൽ പതിഞ്ഞു, ജിപ്സികൾ നൃത്തം ചെയ്യുന്ന കൺഗോളങ്ങളുമായി മുമ്പിൽ ശാലിനി. “ഞാൻ വരാന്നേ! അപ്പഴത്തേക്കും പെണങ്ങ്യോ?”

“വേണ്ട. വരണ്ട. നിനക്കെന്നോട് സ്നേഹമില്ലാഞ്ഞിട്ടല്ലേ?” - വീണ്ടും പിണങ്ങുന്ന മട്ടിൽ പുറംതിരിഞ്ഞു.

അവൾ വീണ്ടും തന്റെ കയ്യിൽ പിടിച്ചുകൊണ്ടു കെഞ്ചി. “ഞാൻ വരാന്നേ.... ഞാൻ വരാന്നേ....

മനസ്സിനെ കനപ്പിച്ചുതന്നെ നിറുത്തി. വിദൂരതയിൽ ദൃഷ്ടിയുറപ്പിച്ചു.

ഒരു തേങ്ങൽ, “തീർച്ചയായിട്ടും ഞാൻ വരാന്നേ! തീർച്ച തീർച്ച!”..

ശാലിനിയുടെ നനവുറ്റ കണ്ണുകൾ കണ്ടപ്പോൾ വിദൂരതയിൽ നിന്നും നോട്ടം വലിച്ചെടുത്തു, “തീർച്ചയാണോ?’

“തീർച്ച.“

“ശരി പോകാം. നടക്ക്.”

ഒപ്പം മടങ്ങുമ്പോൾ ചെല്ലേണ്ടിടവും സമയവും അടയാളങ്ങളും അവൾ പറഞ്ഞുതന്നു.

എന്നിട്ട് ഒടുവിൽ കണ്ണീരിലൂടെയവൾ യാചിച്ചു. “അല്പം ദയകാട്ടു ! നമ്മുടെ വിവാഹം വരെയൊന്നു ക്ഷമിക്കൂ! ഇതെങ്ങാൻ എന്റെ അപ്പച്ചനും ചേട്ടന്മാരുമറിഞ്ഞാ.... എന്നെ കുഴിച്ചുമൂടും.”

പക്ഷേ വിവാഹം വെറുമൊരാചാരമാണു മോളേ. നാട്ടുകാർക്ക് തിന്നുകുടിച്ച് ഉന്മത്തരാവാൻ അന്യന്റെ ചിലവിൽ ഒരവസരം.

മനസ്സിന്റെ ഈ ഇണചേർച്ചയാണ് പരമ പ്രധാനം. അതു നമ്മൾ തമ്മിലുണ്ടല്ലൊ.

ശാലിനിയുടെ കണ്ണുകളിൽനിന്ന് നീണ്ടുവരുന്ന പരശ്ശതം നൂലുകൾ മനസ്സിലെ ഉറച്ചവിഗ്രഹങ്ങളെ ചുറ്റി വലിച്ചിളക്കുമെന്നു ഭയന്നപ്പോൾ ദൂരെ, പരിക്കുപറ്റി നിലംപൊത്തിയ വെളിച്ചത്തിൽ കണ്ണയച്ചുകൊണ്ട് നടന്നു...

സൂര്യന്റെ കറുത്ത മുറിവിൽ നിന്നും കത്തിപ്പടരുന്ന കറുത്ത പുകപടലം ഭൂമിയിൽ നിറയാൻ തുടങ്ങിയിരിക്കുന്നു.

എവിടെയോ കാലത്തിന്റെ തേരുരുൾച്ചയിൽ ഞെരിഞ്ഞമർന്ന അടക്കാമണിയപ്പൂക്കളുടെ ക്രൂരഗന്ധം ഓർമ്മയുടെ കാറ്റിൽ ഒഴുകിയെത്തി.

പൊട്ടിയ വളകൾ എവിടെയോ ചിതറിക്കിടന്നു.

സിമിത്തേരിയിലെ ഉയർന്നു നിൽക്കുന്ന കുരിശുകൾ ഉപദേശിച്ചു, അന്ധകാരത്തിന്റെ സാഗരത്തിൽ ഒരു പൊങ്ങുതടിയായി ചാഞ്ചാടാൻ, അവസരത്തിന്റെ വേലിയേറ്റം ഒരിക്കലേ വരൂ!.

ഒരിക്കൽ മാത്രം!

# ഇരുപത്തൊന്ന്

പ്രതികാരദാഹിയായ ചന്ദ്രന്റെ പാദപതനം.

രാത്രി വിവസ്ത്രയാക്കിയ താരകളുടെ ജ്വലിക്കുന്ന നയനങ്ങൾ. കടലിന്റെ കരുത്തുറ്റ കരവലയത്തിൽ ഞെരിയുന്ന ഭൂമിയുടെ വിലാപം.

അങ്ങകലെ കടലിൽ തകരുന്ന കപ്പലിന്റെ ചൂളംവിളി.

ഇവിടെ വരുംവരായ്കകളെക്കുറിച്ച് ഉല്ക്കണ്ഠപ്പെടാത്തവരേ ജീവിതം ആസ്വദിക്കുന്നുള്ളൂ; യാമിനിയും ചന്ദ്രികയും കാമം അടക്കുന്നു...

അധികം കാത്തുനിൽക്കേണ്ടിവന്നില്ല.

നീലച്ചിറകുള്ള പൂമ്പാറ്റയെപ്പോലെ അരിച്ചിറങ്ങുന്ന നിലാവിൽ, രാത്രിക്ക് കാവൽ നില്ക്കുന്ന ഇരുട്ടിന്റെ ഭീകരഭൂതങ്ങൾക്കിടയിലൂടെ അടിവച്ചടി വച്ച് ശാലിനി വന്നു – നീർത്തുള്ളികളാൽ തിളങ്ങുന്ന നയനങ്ങളോടെ.

"ശാലിനീ"

"എന്തോ" നനഞ്ഞ വിളി കേൾക്കൽ.

ഒരു നിമിഷം –

ഒരു വെല്ലുവിളിയോടെ നമ്മുടെ കണ്ണുകളേറ്റുമുട്ടി. നമ്മുടെ മുഖങ്ങളൊന്നായി. നിന്റെ വേണിയുടെ അന്ധകാരം എന്റെ കരങ്ങൾ നിറച്ചു - ഒരു രഹസ്യസംഗമത്തിൽ നമ്മുടെ ശരീരങ്ങൾ ഉയിർകൊണ്ടു.

ഇന്നലെ വരെ, തൊടാൻ പോലും ഭയന്നിരുന്ന നീ, ഒടുവിൽ നിന്നിലെ വികാരങ്ങളുടെ സമ്മർദ്ദങ്ങളോടെ എന്നിലലിഞ്ഞു – ലജ്ജയുടെ നഷ്ടപ്പെട്ട ശതാബ്ദങ്ങൾക്കുശേഷം.....

ഒരു ചുഴലിക്കൊടുങ്കാറ്റായി ആഞ്ഞടിക്കുന്ന എന്റെ സ്വപ്നങ്ങളുടെ പൂർത്തീകരണത്തിനൊപ്പം നിന്റെ ചുട്ടുപഴുത്ത ശരീരത്തിൽ നിന്നുതിർന്ന നിശ്വാസവും പങ്കുചേർന്നു.

നിന്റെ നാഭിയിലേക്കെന്റെ നാവു ചുഴറ്റിയിറങ്ങി തീജ്വാലകൾ പേറി നടക്കുന്ന നിന്റെ താരുണ്യത്തിന്റെ സിരകളിൽ ഒരു പർവ്വതക്കാറ്റിന്റെ ശക്തിയോടെ ആസക്തിയുടെ അലകൾ ആഞ്ഞടിച്ചു.

ഒരു തരുണനും തരുണിയും താരുണ്യം പൂക്കുന്ന നിമിഷങ്ങളിൽ സ്വയം മറന്നു...

നിന്റെ മൃദുലമായ ശരീരത്തോടു പറിച്ചു മാറ്റാനാവാത്തവിധം ഞാൻ പറ്റിച്ചേർന്നു.

എന്റെ നിശ്വാസത്തിന്റെ നിഴലിൽനിന്നു നീ ശ്വസിച്ചു.

ഞാൻ നിന്നിൽ പ്രവേശിക്കുമ്പോൾ എന്റെ രക്തപ്രവാഹത്തെ തടുക്കാൻ നിന്നിൽ ഒരു വാതിലുമില്ലല്ലൊ!

നിന്റെ മാറിടം പൊതിഞ്ഞുനിന്ന നിലാവ് – ചക്രവാളത്തിലെ കറുത്ത പൊട്ടുകളെ ചെത്തിമിനുക്കി – മാനത്തെ ഒറ്റപ്പെട്ട മേഘങ്ങളിൽ ദന്തക്ഷതങ്ങൾ!

പുതിയതായി വിരിഞ്ഞ ചുവന്ന മുറിവുകളിലൂടെ അന്ധകാരം ഒന്നാകുമ്പോൾ കാറ്റ് സ്ഫടികച്ചീളുകളായി പിളർന്നു.

രക്തം രാവിന്റെ കടവായിലൂടെ ഒഴുകിയിറങ്ങി ഭൂമിയെ നനച്ചു.

ഒടുവിൽ, മുറിവേറ്റ നിതംബങ്ങളിൽ ആലസ്യമാർന്നു വീഴുമ്പോൾ നീ വീണുപോയ സൂര്യനെ ഓർത്തുകരഞ്ഞു.

കാർമേഘങ്ങൾ ബലാൽസംഗം ചെയ്തിട്ടുപോയ ചന്ദ്രനുവേണ്ടി നീ കണ്ണീരൊഴുക്കി – പക്ഷേ അവ ഇന്നത്തെ മാത്രം ദുഃഖങ്ങളല്ലല്ലൊ.

എനിക്ക് എന്റെ പിതാവുതന്ന വാളും, നിനക്ക് നിന്റെ മാതാവു സമ്മാനിച്ച പരിചയും പരസ്പരം കീഴടക്കാൻ വേണ്ടിയുള്ളതാണ്.

ഈ യുദ്ധത്തിൽ ആരെങ്കിലും തോൽക്കാതിരിക്കാൻ നിവൃത്തിയില്ലല്ലൊ.

ഓരോ ദിവസവും എത്രയോ കറുത്ത കോട്ടകളുടെ ചുവന്ന കവാടങ്ങൾ കീഴടക്കപ്പെടുന്നു!

ജിപ്സി നദിയാകട്ടെ, സ്വന്തം മടിയിൽ കിളുർത്തു വന്ന വനപുഷ്പങ്ങളിലൂടെ അനുസ്യൂതം പാഞ്ഞലറുന്നു.

കാർ നിഴലുകൾ പരന്നുകിടക്കുന്ന ചക്രവാളം സ്വന്തം ഏകാന്തതയുടെ കാഠിന്യത്തെക്കുറിച്ച് അലറിക്കരഞ്ഞു.

ഏതോ ഒരപരിചിത കുന്നിന്റെ താഴ്വരയിൽ ഇരുളിന്റെ ഖഡ്ഗം തോളിലേന്തിക്കൊണ്ട് മരണം മുറുമുറുത്തു –

കാൽതെറ്റി മരത്തിൽനിന്ന് നിലംപതിച്ച് നിഴലുകളുടെ പിടച്ചിൽകണ്ട് സംശയം തോന്നി ഏതോ ചലനങ്ങൾ; എവിടെയോ മർമ്മരം.

പർവ്വതക്കാറ്റിന്റെ സംഗീതമാണോ? ശാലിനിയുടെ ചുണ്ടുകൾക്ക് സ്വാതന്ത്ര്യം കൊടുത്ത് ചോദിക്കാൻ നാവുയർത്തുമ്പോഴേക്കും അന്തരീക്ഷത്തിലേക്കുയർന്നു കണ്ട ഒരു കുറുവടി തടയാൻ കഴിയുംമുമ്പ് പുറത്തു വന്നു പതിച്ചു.

ക്രമേണ കൂടുതൽ കുറുവടികൾ കൽമഴയായി ദേഹത്തേക്കു ശക്തമായി പെയ്തുവീണു ഡസൻ കണക്കിന്.

വടികളിൽ വച്ച് എറിഞ്ഞ കവിണിയേറുകൊണ്ട് തല മരവിച്ചപ്പോൾ മലർന്നുകിടന്ന് ചുരുണ്ടുകൂടി.

കാലുകൾ മടക്കി വയറിനു കാവൽ നിന്നു.

കൈകൾ തലയുടെ കാവൽക്കാരായി.

ദേഹത്തു വീഴുന്ന ഓരോ അടിയുടേയും പ്രതിദ്ധ്വനി എന്റെ അലർച്ചയോടൊപ്പം രജനിയിൽ വ്യാപിച്ചു.

ശരീരത്തിലാകെ ചുവന്ന നനവു പടർന്നുകയറി. ലലാടവും ശിരസ്സും രക്ത

ത്തിന്റെ കുത്തൊഴുക്കിൽ ഒന്നായി.

ആഴമുള്ള മുറിവുകളിൽ അന്ധകാരം നീറിപ്പിടിച്ചു. ദേഹത്തുനിന്ന് ഉരുകിയൊലിച്ച് രക്തം ഭൂമിയിലെ പുല്ലുകളിൽ പൂക്കളായി വിടർന്നുനിന്നു.

അപ്പോഴും ചുറ്റും നില്ക്കുന്ന നിഴലുകൾ ആഞ്ഞാഞ്ഞു ചലിപ്പിക്കുന്ന കനത്ത വടികളുടെ, എല്ലിന്മേലുള്ള ശക്തമായ പതനത്തിന്റെ മാറ്റൊലി തുടർച്ചയായി രജനിയിൽത്തട്ടി പ്രതിധ്വനിച്ചു.

തടുക്കാൻ കഴിയുന്നതിനും പരിധിയുണ്ടായിരുന്നു.

ആ സൗമിത്രരേഖയും കുറുവടികൾ ലംഘിച്ചപ്പോൾ ഇന്ദ്രിയങ്ങൾ വിശ്രമിച്ചു;

മനസ്സ് ഏതോ തണുതണുത്ത താഴ്വരയിൽ ഏകയായി അലഞ്ഞുനടന്നു.

തന്റെ ദേഹത്തുവന്നുവീഴുന്ന അടികൾ വിദൂരതയിലെ ഏതോ ശക്തമായ കവചത്തിൽ തട്ടുന്ന ശബ്ദം മാത്രമായി ചേതനയിലേക്കരിച്ചുവന്നു.

മരവിപ്പിനു മുകളിലെ വെറും ആന്ദോളനമായി ആ അടികളെ ശരീരം സ്വീകരിച്ചു വായിൽ രക്തം ചുമച്ചതു മാത്രം ഓർമ്മയുണ്ട്.

അങ്ങനെ ചേതനയറ്റു കിടക്കുമ്പോൾ പക്ഷേ, അന്തരാളത്തിന്റെ ഇരുണ്ട ഗുഹക്കുള്ളിൽ, ഇരുട്ടിന്റെ ഖഡ്ഗങ്ങളണിഞ്ഞ് പാഞ്ഞടുക്കുന്ന മരണത്തിന്റെ കുളമ്പടി ശബ്ദം കേട്ടു ഞെട്ടി!

ചെവിയിൽ മരണം ഉച്ചത്തിൽ ചൂളംവിളിച്ചു.

അന്തരാത്മാവ് താനേ ഉയർന്നു പോകുന്നതുപോലെ.

എന്നിട്ട് ഏതോ നീലമലയിൽനിന്ന് അത്യഗാധതയിലേക്ക് പെട്ടെന്ന് ഊളിയിട്ടിറങ്ങുന്ന പ്രതീതി!

എവിടെയോ ഒരു ചിലമ്പൊലി - ഒരലർച്ചയായതു വളർന്നു..

പെട്ടെന്നതൊരു മുഴക്കമായി മാറി; ഭീകരമായൊരു ആരവം!!

അനേകം ചങ്ങലകൾ നിലത്ത് ഒരുമിച്ചിഴയുന്ന ഭീതിദ ശബ്ദം!

ഒരായിരം തീവണ്ടികൾ ഇരുമ്പിന്റെ പാളങ്ങളിൽ ആഴത്തിൽ ഉരഞ്ഞുപോകുന്നതുപോലുള്ള അസഹ്യമായ വിസ്ഫോടന ശബ്ദം.

ആകാശത്തിലെമ്പാടും പാഞ്ഞുനടക്കുന്ന മേഘങ്ങളിൽ ശതക്കണക്കിന് നിർജ്ജരികൾ ഒന്നിച്ചലറുന്ന പോലെ പൊട്ടിപ്പടരുന്ന അലൗകിക ശബ്ദം! അനുനിമിഷം അന്ധകാരത്തിന് സാന്ദ്രതയേറി പൊട്ടിച്ചിതറി തൊട്ടാൽ മുറിയുന്ന ചീളുകളായി!

കഠിനമായ ഇരുട്ട് കടഞ്ഞെടുത്ത ചുവപ്പുപ്രകാശം പൊള്ളുന്ന പൊന്നീച്ചകളായി കൺഗോളങ്ങൾ കുത്തിത്തുളച്ച് തലച്ചോറിനുള്ളിൽ തൂളിക്കയറി.

ഏതോ അതിസങ്കുചിതമായ തുരങ്കത്തിലൂടെ തന്നെ തള്ളിവിടുന്നതുപോലെ - തലയിലാരോ ചവണയിട്ടു പിടിച്ചു ശക്തിയായി ഞെരുക്കുന്നു;

നെഞ്ചിലേതോ ക്രൂരനായ കാട്ടാനയുടെ മുൻകാലുകൾ; കീഴ്വയറ്റിലേതോ ബൂട്ട്സിട്ട കാലുകൾ ചവിട്ടിക്കലക്കുന്നു.

അതിശക്തമായൊരു മർദ്ദത്തിന്റെ തരംഗം ശരീരത്തിലൂടെ അനുസ്യൂതം മിന്നിപ്പാഞ്ഞു -

ശ്വാസനാളങ്ങൾ ഞെരിഞ്ഞുചേർന്ന് വല്ലാതെ ശ്വാസംമുട്ടിയപ്പോൾ കൺഗോളങ്ങൾ തുറിച്ചുവന്നു;

പുറത്തേക്കു തള്ളിയ നാക്കിൽ ആഞ്ഞുകടിച്ചു. അസഹ്യമായ വേദനയും; കത്തിയുടെ അതിമൂർച്ചയുള്ള അലകിനെ പൂളുന്ന വിഹ്വലതയും.

ഒരു നിമിഷം!

പഴം ഉരിഞ്ഞെടുത്ത് വലിച്ചെറിയപ്പെട്ട പഴത്തൊലികണക്കെ ഞാൻ പുറത്തേക്ക് തെറിച്ചുവീണു.

ഭാരം നഷ്ടപ്പെട്ട്, ഒരിളം കാറ്റിനാൽ അടിച്ചുപറത്തപ്പെടുമ്പോൾ ദർശിച്ചു; എണ്ണമറ്റ മുറിവുകൾ പരസ്പരം ചാലുകീറി ഒന്നിപ്പിക്കുന്ന, രക്തം കൊണ്ട ഭിഷിക്തമായ ശരീരം.

അടികൊണ്ടു വികൃതമായ ജഡം തല്ലിക്കൊല്ലപ്പെട്ട പേപ്പട്ടിയെപ്പോലെ ചലനമറ്റു കിടക്കുന്നു.

അതീവ വേദനയിൽ കടിച്ചു മുറിച്ചിരുന്ന നാക്കിലെ രക്തംകണ്ട്; തുറിച്ചു നില്ക്കുന്ന കണ്ണുകളിലെ ഏകാന്തത കണ്ടു മനസ്സിലായി – ഈ ജഡം എന്റേതാണ്; വർഷങ്ങളായി എന്റെ മനസ്സിന്റെ നഗ്നതയെ പൊതിഞ്ഞിരുന്ന ഇല വസ്ത്രം.

കൊടുംവിഷമുള്ള പാമ്പിനെ തല്ലിക്കൊന്നിട്ടെന്നപോലെ എന്റെ ജഡത്തിനു ചുറ്റും ജേതാക്കൾ നിലത്തു വടികുത്തിപ്പിടിച്ചുകൊണ്ടുനിന്നു.

താങ്ങാനാവാത്ത വേദന തോന്നി – തൽക്ഷണം ജനിച്ച കുഞ്ഞിന്റെ നിസ്സഹായത.

എന്റെ ഹൃദയമിടിപ്പിന്റെ താളം നഷ്ടപ്പെട്ടിരിക്കുന്നു!

എന്റെ ശ്വാസോച്ഛ്വാസം നിലച്ചിരിക്കുന്നു!

പഞ്ചേന്ദ്രിയങ്ങളെന്നെ കൈവിട്ടിരിക്കുന്നു!

എന്റെ ഇച്ഛാശക്തിയുടെ ദാർഢ്യത അലന്നുപോയിരിക്കുന്നു!!

എന്നിലെന്തൊക്കെയോ രാസപരിണാമങ്ങൾ രൂപംകൊള്ളുന്നു.

എന്റെ വ്യക്തിത്വത്തിന്റെ തൊങ്ങലുകൾ പാമ്പിന്റെ പടംപോലെ ഒന്നൊന്നായി പൊഴിഞ്ഞുവീഴുന്തോറും, എന്നിലെ അസ്തിത്വത്തിന്റെ കാതൽ അനുനിമിഷം വിജ്രംഭിച്ചു വന്നു!

ജീവിതത്തിൽ ആകെ നേടിയ സുഖദുഃഖങ്ങളുടെ, നന്മതിന്മകളുടെ സമ്മിശ്രഫലവുമായി ആ ചേതന അനുനിമിഷം വിടർന്നുവന്നു...

ഞാൻ ഇരുളിന്റെ മറവിൽ ചെയ്ത ലജ്ജാകര പ്രവൃത്തികളുടെ നഗ്നതയിൽ, സ്വയം ഉരുകിയൊലിക്കുമ്പോൾ, എവിടെയെങ്കിലും കയറി ഒളിക്കാൻ വേണ്ടി ഒരിലയുടെ മറവിനു വേണ്ടിയെങ്കിലും ദാഹിച്ചു...

അങ്ങനെ, എന്റെ തിന്മകളുടെ കൊടുംനഗ്നതയിൽ നിന്നുയർന്ന വിഹ്വലതയിൽ സ്വയം വെന്തുനീറുമ്പോൾ –

ഒരു കാന്തിപ്രളയം!!

ഒരു അഭൗമ തേജസ്സ്!!

ഒരു കോടി സൂര്യന്മാർ ഒന്നിച്ചു ജ്വലിച്ചാലെന്നപോലത്തെ അതിസാന്ദ്ര

മാർന്ന ധവളപ്രഭ!!

പ്രപഞ്ചത്തിലെ നക്ഷത്രങ്ങളെല്ലാം ഒന്നുചേർന്ന് ജ്വലിക്കുമ്പോഴത്തെയത്ര ധൂസരമായ ഒളിപ്രസരം!!

അനേകായിരം ഇടിമിന്നലുകൾ ഒന്നിച്ചു മിന്നിയാലെന്നപോലുള്ള പ്രഭാസഞ്ചയം!

സ്പർശിക്കാനാകുംവിധം സാന്ദ്രമായ തേജപുഞ്ജം!!

ആ പ്രകാശസാന്ദ്രത എന്റെയോരോ അണുവിലും തുളിച്ചുനിന്നപ്പോൾ, ഇളം ചൂടുവെള്ളത്തിൽ കുതിർന്ന സ്പോഞ്ചുപോലെ, അത്യധികം സുഖകരമായൊരാലസ്യത്തിൽ എന്റെ ചേതന മൂടിക്കിടന്നു.

ഒരു സത്താപരിണാമത്തിലൂടെ ഞാനാ പ്രകാശസഞ്ചയത്തിലേക്ക് ക്രമേണ ആഗിരണം ചെയ്യപ്പെട്ട്, ആ തേജ്പുഞ്ജത്തിന്റെ ഭാഗമായി!

അനന്തസ്നേഹം ഉരികിയൊലിച്ച് രൂപം കൊണ്ട് തേജോരൂപം!

ആ അനുപമസ്നേഹത്തിന്റെ നിരുപമലഹരിയിൽ ഞാനറിയാതെ മുങ്ങിപ്പൊങ്ങി.

ചുറ്റിലും, ചാരത്തും ഓരത്തും എല്ലാം സച്ചിദാനന്ദമയികളായ വ്യക്തികൾ പരമമായ ആ ആനന്ദത്തിന്റെ ദീപ്തിയിൽ ആമഗ്നരായിക്കിടന്നു.

സ്നേഹം ഘനീഭവിച്ച് പ്രകാശമായിത്തീർന്ന കാന്തിപ്രസരത്തിന്റെ ചെറു അമ്പിളികളായിത്തീർന്ന അവരിൽനിന്നും മായികമായ ദർപ്പണങ്ങൾ കണക്കെ ആ അനന്തസ്നേഹത്തിന്റെ കുതിച്ചൊഴുക്ക് എന്നിൽ ആളിപ്പടർന്നപ്പോൾ പേരറിയാത്ത, അത്യുംഗമമായൊരു അനുഭൂതിയിൽ ഞാൻ ലയിച്ചുചേർന്നു.

ഞാനും സ്വയം സ്നേഹമായിത്തീർന്നു; ആനന്ദമായിത്തീർന്നു.

ഇതാണോ പരിശുദ്ധതയുടെ പരിശുദ്ധത?

ഇതാണോ സ്നേഹാധിക്യത്തിന്റെ സ്നേഹാധിക്യം?

അതോ ഇത് ആനന്ദാതിരേകത്തിന്റെ ആനന്ദാതിരേകമാണോ?

ഇതുപോലൊരു മനോജ്ഞദർശനം ഭൂമിയിൽ ഒരിക്കലും ഞാൻ കണ്ടിട്ടില്ല!

ഇത്രയും അത്യുൽകൃഷ്ടമായൊരു സുഖപാരമ്യത്തിൽ; ഇത്രമാത്രം അത്യനന്തമായൊരനുഭൂതിയിൽ ജീവിതത്തിൽ ഒരിക്കലും ഞാൻ നീന്തിപ്പതച്ചിട്ടില്ല!

ഇത്തരമൊരു സുഖം ഭൂമിയിൽ ഒരു മനുഷ്യനും ഒരിക്കലും അനുഭവിച്ചിട്ടില്ല – അനുഭവിക്കാനൊക്കില്ല – തീർച്ച! തീർച്ച!!

ഈ ആത്മീയമൂർഛയുടെ പാരമ്യതയെ വർണ്ണിക്കാൻ ഒരു കവിക്കും കഴിവില്ല; ഒരു ഭാഷയിലും വാക്കുകളുമില്ല..

ഈ അത്യനന്തസ്നേഹത്തിന്റെ പാരാവാരം അളക്കാൻ പറ്റുന്ന ഒരു മാനദണ്ഡവും ഭൗതികലോകത്തിൽ നിർമ്മിക്കപ്പെട്ടിട്ടില്ല!

ഈ അതിരറ്റ സ്നേഹവുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൗതീകമായ അനന്തതക്ക് എത്രയോ ഇടുങ്ങിയ അതിർവരമ്പുകളാണുള്ളത്.

ഈ അവസ്ഥയെയാണോ സ്വർഗ്ഗമെന്ന് മതങ്ങൾ വിവക്ഷിക്കുന്നത്?

ഇവിടെ, ഈ സദ്ചിദാനന്ദമനുഭവിക്കുന്നത് നിയന്ത്രിക്കാൻ ശരീരത്തിന്റെ പരിമിതികളില്ലല്ലൊ - ചതുർമാനങ്ങളുടെ ഇടുങ്ങിയ തലങ്ങളുമില്ലല്ലൊ!.....

എന്നിട്ടും എന്നിൽ എന്തോ കുറവുപോലെ.....!

ഇല്ല, ഈ ആനന്ദാതിരേകത്തിന്റെ അനുഭൂതിയെ പൂർണ്ണമായി ഉൾക്കൊള്ളാൻ എന്നിലെ ശുഷ്കവ്യക്തിത്വത്തിന് ദീർഘസമയം കഴിയുന്നില്ല!

ക്രമേണ....

ജനനം മുതൽ ഞാൻ ചെയ്ത മുഴുവൻ പ്രവൃത്തികളും ഒരു ത്രിമാന ദൃശ്യത്തിലെന്നോണം എന്റെ ചേതനക്കുള്ളിൽ ക്രൂരമായി ഉരുക്കഴിഞ്ഞു വന്നു.

ഞാൻ ജീവിതത്തിൽ ചെയ്ത നന്മകളും, നീതിക്കുവേണ്ടി കഴിച്ച പാടുകളും, ജീവിതത്തിലനുഭവിച്ച ദുരിതങ്ങളും അവയുടെ സൂക്ഷ്മഭാവത്തിൽ എന്റെ ചേതനയുടെ അധികാംശമായി പ്രസരിച്ചുനിന്ന തേജ്പുഞ്ജത്തോട് ആഭിമുഖ്യം പുലർത്തി.

മറിച്ച്, ഞാൻ ജീവിതത്തിൽ മനഃപൂർവ്വം ചെയ്ത അനീതികളും, മനുഷ്യ സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ സഹജീവികളോട് കാട്ടിയ വിവേചനവും അവരുടെ വ്യക്തിത്വങ്ങളിൽ ഞാൻ നടത്തിയ കയ്യേറ്റങ്ങളും എന്റെ വ്യക്തിത്വത്തിലെ കറുത്ത പാടുകളായി സാന്ദ്രതയേറ്റി തേജ്പുത്തോട് വിമുഖത പുലർത്തി.

നന്മതിന്മകൾ, നിലാവും നിഴലുമായി ഇടകലർന്നു കിടന്ന എന്റെ ജീവിതത്തിൽ നന്മയുടെ നിലാവിനെ കൊത്തി വിഴുങ്ങി ഭീമാകാരം പൂണ്ട തിന്മയുടെ നിഴലുകളായിരുന്നല്ലൊ ഏറിയകൂറും ഭരണം നടത്തിയിരുന്നത്!

നന്മകളേക്കാൾ തിന്മകൾക്കായിരുന്നല്ലൊ അവിടെ ഏറെ പ്രാമുഖ്യം!

എന്നിലെ തെറ്റുകൾ, ഞാൻ ചെയ്ത അക്രമങ്ങൾ ക്രമേണ നിഴലുകളുടെ രൂപം പൂണ്ട്, മറ നീക്കി പുറത്തുവന്ന് എന്റെ ചേതനയെ പൊതിയുന്നത് എനിക്കനുഭവപ്പെട്ടു.

ജനനം മുതൽ ഞാൻ ചെയ്ത തിന്മകൾ ഒന്നിച്ചു ചേർന്ന് എനിക്കെതിരായി ഒരു ദൂഷിത-കാന്തിക മണ്ഡലം രൂപപ്പെടുകയായിരുന്നു.

ജീവിച്ചിരുന്നപ്പോൾ മറ്റു വ്യക്തിത്വങ്ങളെ കീഴടക്കാൻ ഞാൻ ചെയ്ത കുടിലവൃത്തികൾ; അവരുടെ ജീവിക്കാനുള്ള അവകാശത്തെ നിഹനിക്കാൻ ഞാൻ ചെയ്ത അധർമ്മങ്ങൾ, എല്ലാം ശാപങ്ങളുടെ ഋണചേതന പൂണ്ട് എനിക്കെതിരെ സാക്ഷി പറഞ്ഞു.

ഈ ചെറിയവരോട് ചെയ്തപ്പോൾ എന്നോടുതന്നെയാണ് ചെയ്തത് എന്നാണല്ലോ ഈ ഋണുവായ പ്രപഞ്ചത്തിൽ അടിസ്ഥാനമാക്കപ്പെടുന്ന വിധിയുടെ മാനദണ്ഡം!

കേവലമായ അസ്തിത്വത്തിനും മൃഗങ്ങളുടേതുപോലുള്ള സഹജാവബോധത്തിനും അതീതമായി മാനവികതയുടെ മാറ്റുരക്കുകയാണല്ലോ, വിധി മനുഷ്യ ജീവിതത്തിലൂടെ!

നന്മതിന്മയുടെ അറിവ് ഇവിടെ വിധിനിർണ്ണയത്തിനുള്ള അടിസ്ഥാനവാരമിടുന്നു!

അതെ, ഭൗതികലോകത്തിൽ ചെറിയവരോടു ഞാൻ ചെയ്ത അനീതികൾ എന്റെ വ്യക്തിത്വത്തിന്റെ ഈ ഭ്രൂണാസ്തിത്വ സ്ഥിതിയിൽ, അധിക ഭാവം പൂണ്ട് എന്റെ അന്തരാത്മാവിനെ.........

പക്ഷേ, സമയം കഴിഞ്ഞുപോയി.

കിഴിഞ്ഞുപോയ ബലൂൺ പോലെ പശ്ചാത്തപിക്കാനുള്ള കഴിവുപോലും നഷ്ടപ്പെട്ടിരിക്കുന്നു!!

ക്രമേണ എന്റെ തെറ്റുകളുടെ വികർഷണത്തിൽ, ആഞ്ഞടിച്ച റബ്ബർപന്ത് അതേ ശക്തിയോടെ പിന്നോക്കം തെറിക്കുന്നതുപോലെ, സ്വന്തം അസ്തിത്വം ആ വെൺതേജസ്സിൽനിന്നും ക്രമേണ വിദൂരസ്ഥമാവുന്നത് നിസ്സഹായനായി മനസ്സിലാക്കാനേ കഴിഞ്ഞുള്ളൂ.

ചതുപ്പുനിലത്തെ ചെളിയിൽ, നീന്താനുള്ള കഴിവു നഷ്ടപ്പെട്ട് മുങ്ങിപ്പോകുമ്പോഴുള്ള നിസ്സഹായതയായിരുന്നു.

സൗരയൂഥത്തിന് സൂര്യനെന്നപോലെ, നിശ്ശരീരിയായ അന്തരാത്മാവിന് അനിവാര്യമായ, ഊഷ്മളമായ ആ ദീപ്തി പ്രളയം ക്രമേണ ദർശനത്തിൽ നിന്നു ദൃഷ്ടിമറയുന്നത് അങ്ങേയറ്റത്തെ വിഹ്വലതയോടെ ഞാനനുഭവിച്ചറിഞ്ഞു.

ഒടുവിൽ, ആ ദിവ്യതേജസിന്റെ ശുദ്ധസാമിപ്യം അനുദൃഷ്ടിപഥത്തിന് ദർശനാതീതമായപ്പോൾ താങ്ങാനാവാത്ത വേദന തോന്നി; ഒടുങ്ങാത്ത നിരാശയെന്നെ മഥിച്ചു.

അഭൗമമായൊരു ചുഴിയിലെന്നോണം അകപ്പെട്ട് എങ്ങോ ഒഴുകി നീങ്ങുമ്പോൾ കൈകാലുകളില്ലാതെ, പൊങ്ങുതടി കണക്കെ അലൗകികമായൊരന്ധകാരത്തിൽ മുങ്ങിപ്പതയുന്ന കോടിക്കണക്കിന് വ്യക്തികളെ ഞാൻ കണ്ടു. എല്ലാവരുടേയും ആത്മമണ്ഡലങ്ങളിൽ വിജനതയുടെ വിജനതയിൽ വീണുപോയ കൈക്കുഞ്ഞിന്റെ നിസ്സഹായത!!

അവരിൽ, കാലചക്രത്തിന്റെ വർത്തുളതകളിൽ ലോകത്തെ വിറപ്പിച്ച ചക്രവർത്തിമാരേയും, സമകാലികരായ പ്രശസ്തവ്യക്തികളേയും, പരിചയമുള്ളവരേയും ഞാൻ തിരിച്ചറിഞ്ഞു.

സ്ഥലകാലമാനങ്ങൾക്കതീതമായ ഈ അവസ്ഥയിൽ, ഭൂമിയിൽ പണ്ടു മരിച്ചവരേയും ഇനി ജനിച്ചു മരിക്കാനിരിക്കുന്നവരേയും എനിക്ക് ദർശിക്കാനൊത്തു.

അവരുടെ അസ്തിത്വങ്ങൾ അതികഠിനമായ നിരാശകൊണ്ടും, കൊടും ദുഃഖംകൊണ്ടും അങ്ങേയറ്റം വികൃതമായിരുന്നു. ഇത്ര നിരാശ നിറഞ്ഞവരെ, ഇത്ര ദുഃഖിക്കുന്നവരെ ജീവിതത്തിൽ ഞാനൊരിക്കലും കണ്ടിട്ടില്ല.!!

നിതാന്തമായി ഉരുകുന്ന ഈ ദുഃഖവും, അലകിന്റെ മൂർച്ചയുള്ള ഈ നിരാശയും, ചീളുകളായി പിളരുന്ന ഈ വിഹ്വലതയുമായി താരതമ്യപ്പെടുത്തുമ്പോൾ ജീവിത വിഷമങ്ങൾ എത്രയോ നിസ്സാരമാണ്; ഭൂമിയിലെ കഷ്ടാനുഭ

വങ്ങൾ എത്രയോ ക്ഷണികമാണ് – അവക്ക് ഭൗതീകശരീരങ്ങളുടേയും സ്ഥല കാലമാനങ്ങളുടേയും പരിമിതികളുണ്ടല്ലൊ!

ഓരോരുത്തരും കാലദേശത്തിനതീതരായി ഭൂമിയിലെ മനുഷ്യരുടെ വിഡ്ഢിത്തങ്ങളെ സംവീക്ഷണം ചെയ്തുകൊണ്ടും നന്മചെയ്യാനുള്ള അവ സരങ്ങൾ ദുരുപയോഗപ്പെടുത്തി, തിന്മകൾ മൂലം സഹജീവികളുടെ ശാപം ഋണോർജമായി സ്വന്തം അന്തരാത്മാവിനെ നിറച്ചു പോയതിൽ അങ്ങേയറ്റം വ്യസനിച്ചുകൊണ്ടും, നിത്യതയുടെ മാത്രകളിൽ നിസ്സഹായരായി അങ്ങനെ കുരുങ്ങിക്കിടന്നു.

സ്വന്തം ലജ്ജാകര പ്രവൃത്തികൾ തുറിച്ചുനില്ക്കുന്ന ഈ പൂർണ്ണനഗ്ന തയിൽ നിന്നും വ്യക്തിത്വത്തെ വാരിപ്പുതപ്പിക്കാനിവിടെ ശരീരമില്ലല്ലൊ!

പ്രവൃത്തിചെയ്യാൻ അവയവങ്ങളില്ല; ആശയം പകരാൻ ഊർജ്ജമില്ല.

ജീവിതത്തിൽ സ്ഥലകാലങ്ങളുടേയും, പഞ്ചേന്ദ്രിയങ്ങളുടേയും പരിമിത മാനങ്ങൾ മറച്ചിരുന്ന അനന്തജ്ഞാനം മാത്രം ഇപ്പോൾ അനുഭവവേദ്യമായി എങ്ങും ദർശനം പകരുന്നു, ഏതിരുട്ടുമുറിയിലെ കാഴ്ചയും ദർശിക്കാനാ വുന്നു.

കെണിയിലകപ്പെട്ടുപോയ ജന്തു, അതേ കെണിയിലേക്ക് തന്റെ ഇണയും വന്നു വീഴുന്നതു കാണുമ്പോഴത്തെ വിഹ്വലതയോടെ, ഒരു പേക്കിനാവിലെ അരക്ഷിത ബോധത്തോടെ ഭൂമിയിലെ അനീതികൾ അലൗകികമായൊരു ശക്തിവിശേഷത്താൽ എല്ലാവരും സംവീക്ഷണം ചെയ്തുകൊണ്ടിരുന്നു.....

നിത്യതയുടെ ആന്ദോളനങ്ങളിൽപ്പെട്ടു ചാഞ്ചാടിച്ചാഞ്ചാടി, അവരിലൊ രാളായി, ഞാനും മാറിക്കൊണ്ടിരിക്കുകയാണെന്ന ചിന്ത പറഞ്ഞറിയിക്കാ നാവാത്ത തരത്തിലുള്ള കഠിനവ്യഥയായി എന്റെ ഓരോ ആത്മതന്മാത്ര യിലും ഉരുണ്ടുകൂടി നൊമ്പരപ്പെട്ടു!

എന്റെയീ നിസ്സഹായാവസ്ഥയുടെ ദുഃഖം എങ്ങനെ എനിക്ക് വിനിമയം ചെയ്യാനാവും!!

എന്റെയീ കൊടുംനിരാശ ആരെ ഞാൻ ഉദ്ബോധിപ്പിക്കും?

ഒരു ആശയവും ഒരനുഭവത്തോടും നീതി പുലർത്തുന്നില്ലല്ലൊ!

ആത്യന്തികമായി അനശ്വരതയിലേക്ക് എന്റെ വ്യക്തിത്വത്തെ സംശ്ലേ ഷണം ചെയ്യാനുള്ള സാദ്ധ്യതയായി, അലൗകിക പരിണാത്മകതയുടെ ആത്യന്തികമായ അവസ്ഥ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, ചിലന്തിവല യിൽപ്പെട്ടുപോയ ചെറുപ്രാണി, എട്ടുകാലി അടുത്തുവരുന്നതു കാണുമ്പോ ഴത്തെ വിഹ്വലതയോടെ അതികഠിനമായൊരു ദുഃഖത്തിൽ എന്റെ അസ്തി ത്വം പൂണ്ടുകിടന്നു!

അതിഘോര നൈരാശ്യത്തിൽ എന്റെ ആത്മസത്ത ആഴ്ന്നുപോയി.

പെട്ടെന്ന്, അപ്രതീക്ഷിതമായി, അതിഭൗതീകതയുടെ വർത്തുളമായൊരു ചുഴലിക്കാറ്റെന്നെ അടിച്ചുപറത്തി!

എന്റെ മുന്നോട്ടുള്ള അവസ്ഥാന്തരങ്ങളിൽനിന്നും വ്യക്തമായ വ്യതിയാനം എനിക്കനുഭവവേദ്യമായി!

അങ്ങനെ ആ പരമമായ മരണത്തിന്റെ അഭൗമീക സീമ തല്ക്കാലം പക്ഷേ, ഞാനുല്ലംഘിക്കാനുള്ളതല്ലെന്നറിഞ്ഞപ്പോൾ എന്നിൽ കുരുത്തുപൊങ്ങിയ ആശ്വാസം!

മൃത്യുവിന്റെ ഈ സൈ്ഥരീകരണപരീക്ഷണത്തിൽനിന്നും നിയതി എനിക്കു വിടുതൽ തന്നിരിക്കുന്നു.....

മറികടന്നുവന്ന പരിവർത്തികളിലൂടെ തന്നെ ഞാൻ പിന്തിരിഞ്ഞു യാത്രയായി; അനുഭവങ്ങളുടെ നിധിശേഖരം ഒതുക്കിപ്പിടിച്ചുകൊണ്ട്...

ഒടുവിൽ മറികടന്ന അവസ്ഥാന്തരങ്ങളുടെയെല്ലാം സങ്കീർണ്ണതകളെ തിരികെ കടന്ന് മരണത്തിന്റെ പ്രാഥമികാവസ്ഥയിൽ വന്നപ്പോഴുണ്ട്, മോർച്ചറിയിൽ പോസ്റ്റുമോർട്ടം കാത്തുകിടക്കുന്ന ശവങ്ങളുടെ ഇടയിലതാ എന്റെ ജഡവും!...

അതിന്റെ മുഖത്തെ രക്തംപുരണ്ട വെള്ളത്തുണിയൊന്ന് സംസ്പർശനം ചെയ്ത് ഉയർത്തിമാറ്റാൻ എത്ര കിണഞ്ഞു ശ്രമിച്ചിട്ടും കഴിഞ്ഞില്ല. പ്രവൃത്തിക്കുള്ള ഊർജ്ജമില്ലാത്തിടത്തോളം കാലം, ശുദ്ധജ്ഞാനത്തിന് എവിടുന്ന് ശക്തിയുണ്ടാവാനാണ്!

ഒടുവിൽ, അവബോധതയുടെ അടിയൊഴുക്കിൽ, ഒരു നിശ്വാസമായി സ്വന്തം ജഡത്തിനുള്ളിലേക്ക് ആഗിരണം ചെയ്യപ്പെട്ടപ്പോൾ, മുഷിഞ്ഞു നാറിയിട്ട് പറിച്ചു കളഞ്ഞിരുന്ന വസ്ത്രം വീണ്ടുമെടുത്തണിയുന്ന അസ്ക്കിത!

പഞ്ചേന്ദ്രിയങ്ങളുടെ പതുപതുത്ത പരിമിതികൾ ആത്മബോധത്തെ ദത്തെടുത്തു.

സ്ഥലകാലങ്ങളുടെ നിയന്ത്രണങ്ങൾ അസ്തിത്വത്തെ വാരിപ്പുണർന്നു.

പരിവീക്ഷണങ്ങളും നിദർശനങ്ങളും അനന്തനീലിമയിൽ അലിഞ്ഞു ചേർന്നു.

അനന്തതയിലൂടെ, അത്യഗാധഗർത്തത്തിലേക്കുള്ള ഒരു പാളിവീഴ്ച മാത്രം അന്തരാളത്തിൽ, അബോധതലത്തിലെ നിലക്കാത്ത ആന്തലായി അപ്പോഴും അനുഭവപ്പെട്ടു...

പിന്നെ നിശൂന്യത....

നിശൂന്യത........

“മോനേ, എന്റെ പൊന്നു മോനേ!!”

പരിചയമുള്ള തേങ്ങൽ, മൺഭരണിയിലേക്കെന്നപോലെ ഉപബോധമണ്ഡലത്തിലേക്ക് ചികഞ്ഞിറങ്ങിയപ്പോൾ കണ്ണുകൾ മെല്ലെ ചിമ്മി, കൺപോളകൾ തള്ളിത്തുറന്നുവച്ചു.

എല്ലാം മറന്നുള്ള ഗാഢനിദ്രക്കുശേഷം ഉണരുന്ന ഉണർച്ചപോലെ ഓർമ്മശക്തി തിരിച്ചുവന്നപ്പോൾ ഇന്ദ്രിയങ്ങൾ പ്രവർത്തനനിരതങ്ങളായി. ശരീരത്തിൽ അമർന്നുകിടന്ന വ്രണങ്ങൾ പല്ലിളിച്ചുകൊണ്ട് ബോധമണ്ഡലത്തെ കൊത്തിപ്പറിക്കാൻ തുടങ്ങി.

ഇരുട്ടാർന്ന മുറിയിൽ എരിഞ്ഞു കത്തുന്ന മെഴുകുതിരി വെളിച്ചത്തിൽ അമ്മയുടെ കണ്ണുകളിലെ നീർത്തുള്ളികൾ വൈഡൂര്യങ്ങളായി.

ആശ്വാസം പടരുന്ന മുഖങ്ങളിലൂടെ കണ്ണുകൾ അരിച്ചുനടന്നു. അപ്പൻ, എത്സി, പൗലോസ്, കാൽക്കൽ നിർവ്വേദനായി നില്ക്കുന്ന തോമാസ്സച്ചൻ, പിന്നെ പരിചിതമായ ഡസൻ കണക്കിന് മുഖങ്ങളും.

പതുക്കെ എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ എല്ലാവരും വിലക്കി. അതിനുമുമ്പ് ശരീരമെങ്ങും വെട്ടിപ്പിടിച്ച വേദന വിലക്കി.

അപ്പോഴാണു ശ്രദ്ധിച്ചത്. ദേഹമാകെ ഒരു പൊതിക്കെട്ടുമാത്രം കയ്യിലും കാലിലും നെഞ്ചിലും പ്ലാസ്റ്റർ;

തണുത്ത കാറ്റടിച്ച് മെഴുകുതിരി നാളം പതറുന്നു - വല്ലാതെ.

തലകീഴായി തൂക്കിയിട്ട് കുപ്പിയിൽ നിന്നും ഒഴുകിയിറങ്ങുന്ന രക്തത്തോടൊപ്പം തണുപ്പിന്റെ കുഞ്ഞലകളും സിരകളിലൂടെ അരിച്ചുനടന്നു.

പെട്ടെന്ന്, മെഴുകുതിരി വെളിച്ചത്തെ നിഷ്പ്രഭമാക്കിക്കൊണ്ട് മുറിയിലെ ട്യൂബ്ലൈറ്റ് കൺമിഴിച്ചു.

വെളുത്ത പ്രകാശരേണുക്കൾ മുറിയിലാകെ ഒഴുകിപ്പരന്നു.

പങ്ക, നീണ്ട ചിറകുകൾ ആട്ടി വീശി.

മരണാനന്തര ചിറകുകളിൽ താനന്നനുഭവിച്ച അത്യാനന്ദത്തിന്റെയും അതിപീഡനത്തിന്റെയും വിഭ്രമാത്മകമായ ഓർമകളുടെ പൊഴികളിലൂടെ മനസ്സ് ഭ്രമണം ചെയ്യുന്നതിനിടെ ദിനരാത്രങ്ങൾ ഒന്നൊന്നായി പൊഴിഞ്ഞുവീണു. പ്ലാസ്റ്ററുകൾ ഒന്നൊന്നായി വെട്ടി.

സുരേഷിന്റെ മമ്മി ഇന്റിമേറ്റിന്റെ മണം ചുറ്റിലും പ്രസരിപ്പിച്ചുകൊണ്ട് പട്ടുസാരിയിൽ രോഗവിവരങ്ങളന്വേഷിക്കാൻ വന്നു; അപ്പോഴെല്ലാം അവരുടെ തടിച്ച പഴ്സ് ഉദാരമായി തുറന്നടഞ്ഞു...

ഇടയ്ക്കിടെ ഇൻക്വസ്റ്റുമായി പോലീസുകാർ കയറിവന്നു. ആരാണ് തന്നെ കൊലപ്പെടുത്താൻ ശ്രമിച്ചതെന്ന് വീണ്ടും വീണ്ടും ചോദിച്ചറിയാൻ വേണ്ടി...

അപ്പോൾ യഥാർത്ഥ കാരണം ആർക്കും അറിയില്ല; യഥാർത്ഥ പ്രതികളേയും!

അതെ ആരും ഒന്നും അറിയണ്ട; അവരോടെല്ലാം എപ്പഴേ ഹൃദയപൂർവ്വം ക്ഷമിച്ചിരിക്കുന്നു!!

അല്ലെങ്കിൽ തന്നെ വീണ്ടുമൊരു ദാനമായി കിട്ടിയ ഈ ജന്മത്തിൽ ആരോടാണ് ഞാനിനി പകരം വീട്ടേണ്ടത്?

പോസ്റ്റ്മോർട്ടം ചെയ്യാൻ തുടങ്ങിയ ഒരു ശവം അനങ്ങുന്നതു കണ്ട് വീണ്ടെടുത്ത് കൊണ്ടുവന്ന് പരിചരിച്ച് ജീവൻ ഉയർപ്പിച്ചെടുത്ത കേസ് ഷീറ്റ് ഏതൊരാശുപത്രിയിലെയും ചരിത്രത്തിൽ തന്നെ വിരളമായിരിക്കുല്ലോ.

ഇടക്കിടെ ശരീരമാകെ വേദനയുടെ എട്ടുകാലി വലയാൽ പൊതിയപ്പെട്ടപ്പോൾ, സാന്ത്വനത്തിന്റെ ഇളംതണുപ്പാർന്ന സ്റ്റെതസ്കോപ്പുമായി ഡോക്ടർ വന്നു.

ആ വെണ്മയാർന്ന കോട്ടിനുള്ളിൽ നിന്ന് അദ്ദേഹം പുഞ്ചിരിച്ചപ്പോൾ മരണത്തിന്റെ ഭീതി എന്നെ വിട്ടുപോയി.

ഒരായിരം മരണങ്ങൾ ഒളിച്ചിരിക്കുന്ന മരണഭീതിയുടെ നിലയങ്ങളാണല്ലോ

ആശുപത്രികൾ!

മരണഭയവുമായി കഴിയുന്ന രോഗികൾക്ക്, ജീവിതത്തിലേക്ക് തിരിച്ചു കയറാനുള്ള പിടിവള്ളികളാണല്ലോ സ്റ്റെതസ്കോപ്പണിഞ്ഞ ഡോക്ടർമാരും, കിന്നരി തലപ്പാവു വച്ച് നഴ്സുമാരും!!

ഞരക്കങ്ങളുടെ ഇടയിലൂടെ അവർ ഓടിനടന്നു, വേദനയുടെ ഉണക്കിലകൾക്കു മേലേ കിടക്കുന്നവർക്ക് സാന്ത്വനമേകിക്കൊണ്ട്.....

അവരുടെ സാന്ത്വനമാർന്ന കണ്ണുകൾ എന്നിലെ വേദനയുടെ വേരുകൾ ഒന്നൊന്നായി പിഴുതെടുത്തു.

ഒടുവിൽ, പ്രവചനവരമുള്ള ഡോക്ടർ പറഞ്ഞു. “രണ്ടുദിവസം കഴിഞ്ഞു പോകാം.”

ആശുപത്രിയിൽ അനേകം നാൾ കിടന്നെന്നു തോന്നി.

സൂര്യന്റെ ദിനചര്യകളല്ല, വേദനയുടെ രാത്രികളും ആശ്വാസത്തിന്റെ ദിനങ്ങളുമാണല്ലൊ ആശുപത്രിക്കിടക്കയിലെ ദിനരാത്രങ്ങളെ വ്യതിരിക്തമാക്കുന്നത്.

അതുകൊണ്ടു ചോദിച്ചു. “എത്ര നാളായമ്മേ നമ്മൾ വന്നിട്ട്?”

“നാളെക്ക് തൊണ്ണൂറ്റിരണ്ട് ദിവസമാവും. ആശുപത്രി ബില്ലടക്കാൻ കാശിനു വേണ്ടി അപ്പൻ ഓടി നടക്കാണ്. നീ നിന്റെ കമ്പനി ഉടമസ്ഥയോടു ചോദിച്ചാ...”

“അത് വേണ്ടാമ്മേ....അത് ശരിയാവില്ല. നമുക്ക് കടം വാങ്ങി ബില്ലടക്കാം”

എന്തുകൊണ്ടൊ ഇനി സുരേഷിന്റെ മമ്മിയുടെ ഔദാര്യം പറ്റാൻ മനസ്സനുവദിക്കുന്നില്ല.

എന്തായാലും ഇനിയിവിടെ നിന്നാൽ ശരിയാവില്ല. സുരേഷിന്റെ മമ്മിയെ ഇനി അഭിമുഖീകരിക്കാൻ വയ്യ!

# ഇരുപത്തി രണ്ട്

"മോനേ, ഒരു നേർച്ച നെറവേറ്റാനുണ്ട്. അതാദ്യം കഴിക്കണം." ആദ്യ മായി കിടക്കയിൽ നിന്നെഴുന്നേറ്റ് ദിവസം അമ്മ വീണ്ടും ഓർമ്മിപ്പിച്ചു.

"എവിടെയാണമ്മേ?"

"വല്ലാർപാടത്തമ്മയുടെ മുറ്റമടിക്കാമെന്ന്. ആ അമ്മയാണ് നിന്നെ രക്ഷി ച്ചത്."

"അതിനെന്താ പോവാലോ!

അറിഞ്ഞപ്പോൾ അപ്പന് താല്പര്യം കാണിച്ചില്ല - നേർച്ച നേർന്നിട്ടാ യാലും പ്രാർത്ഥിച്ചിട്ടായാലും രോഗം ഭേദമായല്ലൊ. ഇനിയൊന്നും ചെയ്തി ല്ലെങ്കിലെന്താണ്!

അപ്പനിപ്പം ദൈവവിശ്വാസം വളരെ കുറഞ്ഞിരിക്കുന്നു. പണ്ട് എങ്ങനെ ജീവിച്ചിരുന്നെങ്കിലും പള്ളിയിൽ പോകുമായിരുന്നു. ഒടുവിൽ അമ്മയുടെ പിടിവാശിക്ക് അപ്പൻ വഴങ്ങി.

ചുറ്റിലും സമുദ്രജലം ഒഴുകുന്ന ദ്വീപിൽ, തെങ്ങുകൾ പിടിച്ചുതന്നെ പച്ച ക്കുട ചൂടി, തീർത്ഥാടകരിലൊരാളായി നടപ്പാത പങ്കിടുമ്പോൾ പുതിയൊരു ജീവിതത്തിന്റെ ആരോഗ്യമാർന്ന മുകുളങ്ങൾ ഉള്ളിൽ കുനുത്തുവരുന്നത റിഞ്ഞു. പുതിയ ദൃഢനിശ്ചയങ്ങളുടെ പ്രതിമകൾ മനസ്സിലുറച്ചു.

വലിയൊരു വെള്ളിക്കുരിശിനു കീഴെ, സാരിയിൽ മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ വിശ്വാസം ദർശിച്ചപ്പോൾ മനം തേങ്ങി - "ദൈവമേ, എന്റെ ദൈവമേ, ഞാൻ പാപം ചെയ്തുപോയി. ഇനി മകനെന്നു വിളിക്കപ്പെടാൻ ഞാൻ യോഗ്യനല്ല. അവിടുത്തെ വേലക്കാരിൽ ഒരുവനായെങ്കിലും....."

വിശുദ്ധകുർബ്ബാനയ്ക്കുശേഷം അമ്മയുടെ നിർദ്ദേശപ്രകാരം ഈർക്കി ലിച്ചൂലെടുത്ത് പള്ളിമുറ്റമടിച്ച് മുന്നേറുമ്പോഴാണ് പെട്ടെന്ന്!

മനസ്സിന്റെ ഇടനാഴിയിൽ വീണ്ടും എന്തൊക്കെയോ ഇടിഞ്ഞുവീഴുന്നത റിഞ്ഞു.

ദൈവത്തിന്റെ ദാസ്യം സംപ്രേഷണം ചെയ്തുകൊണ്ട് തന്റെ തൊട്ടുമു മ്പിൽ മുറ്റമടിച്ചുകൊണ്ട് മുന്നേറുന്നതാരാണ്?

ലോകപ്രശസ്തനായ ഭൗതികശാസ്ത്രജ്ഞൻ; ഭൗതികവാദത്തിൽ തന്റെ ഗുരുവായിരുന്ന യുക്തിവാദി, അലൗകികമായി എന്തെങ്കിലും തെളിയിച്ചു കൊടുത്താൽ ഒരുലക്ഷം രൂപ ഇനാമായി നല്കാമെന്നു പ്രഖ്യാപിച്ച ആ പ്രൊഫസർ!!

മാനസികമായി മാത്രം ബോദ്ധ്യപ്പെടുന്ന അലൗകീകത, അസ്തിത്വം ഉൾപ്പെട്ടിരിക്കുന്ന അഭൗമികത, അതിന്ദ്രീയതയിൽ നിന്നും ഊറ്റിയെടുത്ത് പരീക്ഷണനാളിയിലാക്കി ആർക്കെങ്കിലും ഈ പ്രൊഫസറുടെ മുമ്പിൽ ഹാജരാക്കാൻ കഴിഞ്ഞോ?

അറിയില്ല.

മുറ്റമടിച്ചുകഴിഞ്ഞ് കയ്യിലെ ചൂൽ ചെങ്കോലായി പിടിച്ചുകൊണ്ടുതന്നെ വളഞ്ഞു കുത്തിയ നട്ടെല്ലിൽ കൂനി നിന്നുകൊണ്ട് പ്രൊഫസർ മർമ്മരം പൊഴിക്കുന്നത് ശരിക്കും കേട്ടു – "നീയെന്റെ ആജന്മ ശത്രുവാണ്; നിനക്കെതിരായി ആജന്മം ഞാൻ പടപൊരുതി; നിന്നിൽ വിശ്വസിച്ചിരുന്നവരെയെല്ലാം ഞാൻ ചിതറിച്ചു; ഒടുവിൽ, ഒടുവിലിതാ യുദ്ധത്തിൽ കീഴടക്കപ്പെട്ട രാജാവിനെപ്പോലെ, നിന്റെ മുമ്പിൽ ഞാൻ നില്ക്കുന്നു; എന്റെ തെറ്റ് ഞാനേറ്റെടുക്കുന്നു; എന്റെ തോൽവി ഞാൻ സമ്മതിക്കുന്നു – ജയിച്ചത് ദൈവമേ, നീയാണ്!

ചെവികൾ കേട്ടത് വിശ്വസിക്കാനാവാതെ, അല്പനേരം നിർന്നിമേഷനായിനിന്നു. കുറച്ചുകഴിഞ്ഞ് മെല്ലെ പ്രൊഫസറുടെ ഒപ്പമെത്തി ചോദിച്ചു – "സർ, അങ്ങല്ലെ, ലോകപ്രശസ്തനായ യുക്തിവാദി എന്നിട്ട് ഇത്?"

"ഇതാണ് ആത്യന്തിക നിരീശ്വരത്വം; ഇതാണ് നാസ്തികൃത്തിന്റെ സ്ഥരീകരണം. കൂടുതൽ ചോദ്യങ്ങൾ നേരിടാനുള്ള വൈമനസ്യം കൊണ്ടെന്നപോലെ, ഭാര്യയോടൊത്ത് പ്രൊഫസർ ജനക്കൂട്ടത്തിൽ ലയിച്ചുചേർന്നപ്പോഴും, ഉദയത്തിനു മുമ്പെണീറ്റുപോയ അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ കാൽപ്പാടുകൾ സമുദ്രകിനാരത്തിൽ പുതഞ്ഞുകിടന്നു.

പ്രൊഫസറുടെ ദൃഢമായ ചുവടുവെയ്പ്പുകൾക്ക് ദിശാമാറ്റം വരുത്താൻ ഏതു സംഭവത്തിനാണു കഴിഞ്ഞത്?

പക്ഷേ, പ്രൊഫസർ വഴിതെറ്റിച്ചവരുടെ തെറ്റായ ചിന്താഗതികൾ ഇപ്പോഴും കാറ്റിൽപ്പറത്തിയ തൂവൽ പോലെ കേരളം മുഴുവൻ ചിതറിക്കിടക്കുന്നു.

നേർച്ച നിറവേറ്റിയ സംതൃപ്തിയോടെ മടങ്ങുമ്പോൾ ചെറുതിരമാലകളെ മൃദുലമായി ഉമ്മവച്ചുകൊണ്ട് തെന്നിത്തെറിച്ചു നീങ്ങുന്ന ബോട്ടിലിരുന്ന് മെല്ലെ വിളിച്ചു – "അമ്മ"

'എന്താ മോനേ" കായലിന്റെ നിശ്ചലതയിൽ സ്വയം മറന്നിരുന്ന അമ്മ നയനങ്ങൾ പിൻവലിച്ചു.

"അമ്മേ ഞാൻ ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യാൻ പോകട്ടെ?"

കായലിൽ ഓളം വെട്ടുന്ന ജലബിന്ദുക്കളിൽ ഒരായിരം സൂര്യന്മാർ ഈറനോടെ ജ്വലിച്ചു മറഞ്ഞു. തിരമാലകൾ ബോട്ടിന്റെ ഇക്കിളിയിൽ പുളകം കൊണ്ട് ഇളകി മറിഞ്ഞു. കാറ്റ് തരംഗമാലകളെ ഉമ്മവച്ചു കടന്നുപോയി.

അമ്മയുടെ കണ്ണുകളിൽ അസാമാന്യ തിളക്കം, "വർഷങ്ങളായി നിന്റെ നാവിൽനിന്നും കേൾക്കാൻ ഞാനേറ്റവും കൊതിച്ചിരുന്നതിതാണു മോനേ. നിനക്കറിയാലൊ, ഈ ജീവിതവും സ്വത്തും എത്ര അർത്ഥശൂന്യമാണെന്ന്!"

പരിസരം മറന്ന് അമ്മ തന്നെ അണച്ചുപിടിച്ച് നെറുകയിൽ മുകർന്നു.

വീട്ടിലെ പൊട്ടിത്തെറി പ്രതീക്ഷിച്ചതായിരുന്നു.

വില്ലുപോലെ വളഞ്ഞ പുരികത്തിനു കീഴെ ജ്വലിക്കുന്ന നയനങ്ങളോടെ അപ്പനലറി, "അവന്റൊര് കത്തനാര്" ഇത്രേം നാള് ഈ കാശൊക്കെ മൊടക്കി പഠിപ്പിച്ചിട്ട് ഫലം കിട്ടാറായപ്പോ അവന് മിഷ്യന് പോണോന്ന്!! ആശുപത്രീല് ഇന്നലെ കണക്കുതീർത്തത് എത്ര ആയിരാന്നറിയോ നിനക്ക്?"

പൗലോസു പറഞ്ഞു. "ചേട്ടൻ കാശു കൊടുത്തേൽപ്പിച്ചിരുന്ന വിസ എനിക്കടിച്ചു തന്നിട്ടുണ്ട്. ഞാൻ സൗദി അറേബ്യയിൽ ചെന്നാലുടൻ ചേട്ടന് വിസ അയച്ചു തരാം. ഈ ജീവിതം വെറുതെ പാഴാക്കി കളയല്ലേ!"

എത്രവർഷം കൂടി ഈ ജീവിതം ആനന്ദിക്കാം? അങ്ങേയറ്റം അറുപതു കൂടി. അതും കഴിഞ്ഞാൽ?.....

തന്റെ നിശ്ചയത്തിന്റെ പ്രതിമകളെ വലിച്ചിളക്കാൻ വാക്കുകൾക്കു ബലമില്ലെന്നുകണ്ട് അപ്പനും പൗലോസും മെല്ലെ പിന്മാറി. പക്ഷേ അപ്പൻ അമ്മക്കു കൊടുത്ത താക്കീത് ശരിക്കും കേട്ടു: "എന്റെ കാശുംകൊണ്ട് പഠനമൊക്കെ കഴിഞ്ഞിട്ട് നിന്റെ മോൻ കത്തനാരാവാൻ പോണത് എനിക്കൊന്ന് കാണണം."

എന്റെ ഭാവി തിരഞ്ഞെടുക്കാൻ എനിക്ക് അവകാശമില്ലെന്നോ?

പോകേണ്ട സെമിനാരിയുടെ പേരും അഡ്രസ്സും തോമാസ്സച്ചൻ കുറിച്ചു തന്നുകൊണ്ടു പറഞ്ഞു. "ക്രിസ്തു ഇന്നും പുൽക്കൂട്ടിൽ കിടന്ന് തണുപ്പുകൊണ്ടു വിറയ്ക്കുകയാണ്; നമ്മുടെ ഇടയിലെ ഈ ചെറിയവനായി. അതൊരിക്കലും മറക്കാതിരുന്നാൽ മതി. ദൈവം കൈവിടില്ല.

സമ്മാനമായി ഒരു ചെറിയ കുരിശും തന്നു.

പള്ളിയിൽച്ചെന്ന് ദൈവവിളിയുടെ സ്ഥിരീകരണത്തിനുവേണ്ടി ഏറെനേരം പ്രാർത്ഥിച്ചു.

തിരിച്ചെത്തുമ്പോൾ വിജനമായ വീട്. സാധാരണ വീട്ടിലുണ്ടാവാറുള്ള വേലക്കാരിത്തള്ള കൂടി എങ്ങോ പോയിരിക്കുന്നു. അമ്മ?

അമ്പരപ്പോടെ സ്വന്തമുറിയുടെ വാതിൽ തുറന്നപ്പോൾ, എന്റെ കട്ടിലിൽ കിടക്കുന്ന സുന്ദരിയായ പെൺകുട്ടി. മരണം എല്ലാറ്റിന്റേയും അന്ത്യമായിക്കരുതിയിരുന്ന കാലത്തായിരുന്നെങ്കിൽ എത്രയെളുപ്പം ഇവളുടെ കണ്ണുകളിൽ പുളയുന്ന മാദകമോഹങ്ങളുമായി ഞാൻ ഇണചേർന്നേനെ! ഈ ചുണ്ടുകളിലെ ചെംപഴുക്കകൾ ഞാൻ കടിച്ചീമ്പിയേനെ!

തന്നെക്കണ്ടവൾ ചാടിയെഴുന്നേറ്റ്, വശ്യമധുരമായൊരു മന്ദഹാസത്തോടെ അടുത്തേക്കു വന്നപ്പോൾ കഴിയുന്നതും നിർവ്വികാരനായി ചോദിച്ചു. "എന്തു വേണം?"

"ഞാൻ, ഞാനങ്ങയെ ആനന്ദിപ്പിക്കാൻ വന്നതാണ്." വികാരത്താൽ തരളിതയായി ഇറക്കിവെട്ടിയ ബ്ലൗസിലേക്ക് കടക്കണ്ണെറിഞ്ഞുകൊണ്ടവൾ ക്ഷണിച്ചു.

"ആരാണ് പറഞ്ഞയച്ചത്?"

"അങ്ങയുടെ അപ്പനും അനുജനും."

അപ്പോൾ വീട്ടിലെ വിജനത യാദൃശ്ചികമായിരുന്നില്ല. എല്ലാവരുംകൂടി കരുതിക്കൂട്ടിയാണ്. ഒരു സ്ത്രീയെക്കണ്ടാൽ അലിഞ്ഞുപോകുന്ന മഞ്ഞിൻക ട്ടയാണ് തന്റെ നിശ്ചയമെന്നാണോ അവർ കരുതിയത്? അമ്മപോലും.....

ഓർത്തപ്പോൾ രക്തത്തിന് ചൂടുപിടിക്കുകയായിരുന്നു. എരിതീയാ ണോർമ്മയിൽ വന്നത്. ഓടിച്ചെന്ന് അടുപ്പിൽ എരിയുന്ന വിറകുകൊള്ളി യെടുത്ത് കുത്താനായി ഓങ്ങിക്കൊണ്ടു ചെന്നപ്പോൾ അലറിവിളിച്ചുകൊണ്ട് ആ പെൺകുട്ടി ഓടി രക്ഷപ്പെട്ടു.

ആ വിറകുകരികൊണ്ടുതന്നെ നിലത്തു കുരിശുവരച്ച്, മുട്ടുകുത്തി വലി യൊരു പരീക്ഷണത്തിൽനിന്നു രക്ഷിച്ച ദൈവത്തോടു നന്ദി പറഞ്ഞു.

പരീക്ഷണങ്ങളുടെ ആരംഭമായിരുന്നു അത്.

ആ പെൺകുട്ടിയാണത്രെ പറഞ്ഞുണ്ടാക്കിയത്. "അയാൾക്ക് ഭ്രാന്താ!"

സുന്ദരിയായൊരു പെൺകുട്ടി സ്വയമർപ്പിച്ചുകൊണ്ടു മുന്നോട്ടു വരുമ്പോൾ ഭ്രാന്തില്ലാത്ത ഏതു യുവാവാണു പിന്മാറുക!

വീട്ടിൽ എന്തിന്റെയൊക്കെയോ ഒരുക്കം. ആരൊക്കെയോ വരുന്നു, പോകു ന്നു. എന്താണെന്നു ചോദിച്ചിട്ട് ആരും ഒന്നും പറയുന്നില്ല. തന്നെ എല്ലാവരും എന്തോ ഒളിക്കുന്നു.

വീടു പെയിന്റു ചെയ്യുന്നതെന്തിനാണ്? പുതിയ ജനൽകർട്ടനുകൾ മാറ്റു ന്നത് ആരെ എതിരേല്ക്കാനാണ്?

താനറിയാതെ തന്റെ വിവാഹം നടത്തിക്കാനാണോ അപ്പന്റെ പുറപ്പാട്? ഓർത്തുനോക്കിയപ്പോൾ വീട്ടിലധികം നില്ക്കുന്നതു പന്തിയല്ലെന്നു തോന്നി. വിചാരിക്കുന്ന കാര്യം നടത്താൻ ഏതുമാർഗ്ഗം സ്വീകരിക്കുന്നതിലും മടിയുള്ള കൂട്ടത്തിലല്ല അപ്പൻ.

അത്യാവശ്യസാധനങ്ങളും അവശ്യസർട്ടിഫിക്കറ്റുകളും മാത്രമെടുത്ത് പെട്ടി യിലടുക്കുമ്പോഴാണ് വാതിൽ പുറത്തുനിന്നടച്ചു തഴുതിട്ട് പൂട്ടുന്ന ശബ്ദം. തിരിഞ്ഞുനോക്കിയപ്പോൾ ജനാലക്കൽ ജേതാക്കളായ അപ്പന്റെയും പൗലോസിന്റെയും മുഖങ്ങൾ.

ഡോക്ടർ കൊടുത്തിരുന്ന ഉപദേശം അപ്പൻ സ്വാർത്ഥപരമായി ഉപയോ ഗിക്കുകയായിരുന്നു – "തലച്ചോറിന് ക്ഷതം സംഭവിച്ചതാണ്, സൂക്ഷിക്കണം."

ഒന്നുരണ്ടു ദിവസങ്ങൾ കഴിഞ്ഞും സ്വാതന്ത്ര്യം ലഭിക്കാഞ്ഞപ്പോൾ വെളി ച്ചത്തെ ഇരുമ്പഴികൾക്കുള്ളിലാക്കിയ മുറിയിൽക്കിടന്നുകൊണ്ടറി "എനിക്കു ഭ്രാന്തില്ല, എന്നെ തൊറന്നു വീടാനേ!"

വീട്ടിലെ ഇരുട്ടു പതിയിരിക്കുന്ന മുറികളിൽ ആ ശബ്ദം മുഴങ്ങി. ജനാല യ്ക്കൽ അമ്മയുടെ നിറഞ്ഞ നയനങ്ങൾ. പക്ഷേ മുറി പൂട്ടിയ താക്കോൽ അപ്പന്റെ അരയിലാണല്ലൊ മണികിലുക്കം സൃഷ്ടിക്കുന്നത്. എന്നിട്ടു വീട്ടിൽ വരുന്നവരോടെല്ലാം വരുത്തിക്കൂട്ടിയ ദുഃഖത്തോടെ അപ്പൻ പറഞ്ഞു. "എന്തു ചെയ്യാം! തലക്ക് നല്ല ക്ഷതം സംഭവിച്ചിട്ടുണ്ട്. സ്ഥിരബുദ്ധിയിപ്പോൾ കുറവാ." ദുഃഖം അഭിനയിക്കാൻ പൗലോസും അപ്പനെ അനുകരിക്കുന്നു.

“എനിക്ക് ഭ്രാന്തുണ്ടോ അമ്മേ?” ഭരണിയിൽ നിന്നെന്നപോലെ മുഴങ്ങുന്ന ശബ്ദത്തോടെ അമ്മയോടു ചോദിച്ചു.

“ഇല്ല മോനേ. ഭ്രാന്തുള്ള ലോകത്തിന് അതില്ലാത്തവരെകാണുമ്പോൾ ഭ്രാന്തരായി തോന്നും.” ഒരുനിമിഷം കഴിഞ്ഞ് അമ്മ തുടർന്നു. –“മോനറിഞ്ഞാ നാളെകഴിഞ്ഞ് പൗലോസിന്റെ വിവാഹമാണ്.”

“എന്നെക്കൂടി അറിയിക്കാതെ ഇത് പെട്ടെന്ന്?”

“അവന് ഗൾഫിൽ പോകാനുള്ള കാശൊപ്പിക്കാനാ ഇത്ര പെട്ടെന്ന് കെട്ടുന്നത്.

“പെണ്ണാരാണ്?” എന്റെ അനുജത്തിയാവാൻ പോകുന്ന പെൺകുട്ടിയെക്കുറിച്ചറിയാൻ എനിക്കവകാശമുണ്ടല്ലൊ!

ഘോരമായൊരു യുദ്ധം അമ്മയുടെ മനോതലത്തിൽ നടക്കുന്നതറിഞ്ഞു. എന്നിട്ടൊടുവിൽ ഒരു കുറ്റസമ്മതമെന്നോണം പതിഞ്ഞ സ്വരത്തിൽ അമ്മ പറഞ്ഞു – “നിന്റെ ലീന.”

ഒരുനിമിഷം

സിമത്തേരിയിൽ തലയുയർത്തി നില്ക്കുന്ന കുരിശുകൾ തട്ടിമറിച്ചിട്ടു കൊണ്ട് മരിച്ചവരുയർത്തെഴുന്നേറ്റ് കയ്യിലെ അസ്ഥികളുയർത്തി പ്രതിഷേധം മുഴക്കി.

ഇടിവെട്ടേറ്റ ഒരു കശുമാവിന്റെ പച്ചിലകൾ കരിയുന്ന മണം വായുവിൽ – തരുതരുത്ത നാവുകൾ അടക്കാമണിയത്തിന്റെ ഉണങ്ങിനിന്ന തലകൂടി കടിച്ചെടുത്ത് ചവച്ചുതുപ്പുന്നു!

ഈ ലോകത്തിൽ എന്തിനാണൊരു നിശ്ചയമുള്ളത്? അനിശ്ചിതത്വത്തിന്റെ അച്ചുതണ്ടിലാണല്ലോ പ്രപഞ്ചം കറങ്ങുന്നതുതന്നെ. പ്രപഞ്ചത്തിനൊപ്പം മനുഷ്യരും കറങ്ങുന്നു – പാവം മനുഷ്യൻ അവർക്കെന്തു ചെയ്യാനാവും. – മനസ്സിന്റെ പ്രചോദനത്തിനെതിരായി?

ഓർത്തപ്പോൾ ചിരിക്കാനാണ് തോന്നിയത്.

ചിരിച്ചു,

ഉറക്കെയുറക്കെ...

നീണ്ടുനിന്ന ചിരിയുടെ ഒടുവിലാണ് ആ ചോദ്യം ദഹിക്കാത്ത കനിയായി തൊണ്ടയിൽ മുഴച്ചുവന്നത്. അപ്പോൾ ലീനയെ അന്ന് ബലാൽസംഗം ചെയ്തത് പൗലോസായിരുന്നോ?

എന്നിട്ടിപ്പോൾ സ്ത്രീത്വത്തെ ബലംകൊണ്ട് വിലപേശിയവന് സ്വയം അടിയറവെക്കാൻ ലീനയും മുമ്പോട്ടു വന്നുവെന്നോ?

ഓർത്തപ്പോൾ ഗദ്ഗദം തൊണ്ടയിൽ മുള്ളുകൊണ്ട് കോറി.

ചോദ്യത്തിനുത്തരം തരാൻ അമ്മ പോലും തടവുമുറിയുടെ ജനലഴികളിൽ മുഖം ചേർത്തു നില്പ്പില്ലായിരുന്നു.

പണത്തിന്റെ അപ്രതിരോധ്യത്തോട് പയറ്റാൻ ആർക്കാണു കഴിയുക? – സ്വയം സമാധാനിക്കാൻ ശ്രമിച്ചു.

ചായംതേച്ച ചുമരുകളും വിരിയിട്ട ജനാലകളും തീർത്തുതന്നെ തടവുമു

റിയിൽ ഏകാന്തത എപ്പോഴും ചെവിയിൽ മൂളി – മൂളക്കം അസഹ്യമായപ്പോൾ വിളിച്ചുകൂവി, "എന്നെ അഴിച്ചു വിടാനേ... എനിക്കു ഭ്രാന്തില്ലാന്നേ!"

ശബ്ദംകേട്ട് കൊച്ചുകുട്ടികളുടെ അമ്പരപ്പാർന്ന നിഷ്ക്കളങ്കമുഖങ്ങൾ ജനാലയ്ക്കൽ പ്രത്യക്ഷപ്പെട്ടു. ഇടക്കിടെ വലിയവരും ഏതോ വന്യജന്തുവിനെ നോക്കുമ്പോലെ സുരക്ഷിതമായ അകലത്തിൽ നിന്നുകൊണ്ട് ജനലിലൂടെ തുറിച്ചുനോക്കി.

എല്ലാവരോടും ചോദിച്ചു. "എനിക്കു ഭ്രാന്തുണ്ടോ? ഞാൻ ഭ്രാന്തനാണോ?"

മൗനംകൊണ്ട് അംഗീകരിച്ച് സഹതാപാർഹമായ മുഖത്തോടെ ഓരോരുത്തരും പിൻതിരിഞ്ഞുപോകുന്നതു കണ്ടപ്പോൾ തന്റെ സംശയം ബലമാവുകയായിരുന്നു ഒരു ഭ്രാന്തന് ഭാന്തുണ്ടോയെന്ന് സംശയം!!

ഓർത്തപ്പോൾ ചിരിപൊട്ടി വീണ്ടും ചിരിച്ചു.– ഉറക്കെയുറക്കെ–

കല്യാണത്തിനെത്തിയ വിരുന്നുകാരും ജനലഴികളിലൂടെ എത്തിനോക്കി. അപ്പനും പൗലോസും തിരക്കുപിടിച്ച് ഓടിനടന്നു.

സ്വീകരണമുറിയിൽ നീണ്ട് കുപ്പികൾ തട്ടുന്ന ശബ്ദം. പൊട്ടിച്ചിരികൾ മൊസൈക്കിട്ട് തറയിൽ വീണുടഞ്ഞു–ഉറക്കെയുള്ള സംസാരങ്ങൾ മുറികളിലൂടെ ഇഴഞ്ഞു നടന്നു.

ഒരു അമ്മ മാത്രം ജനാലയ്ക്കൽ മുഖം ചേർത്ത് എപ്പോഴും ചോദിച്ചു. "മോന് വെശക്കണുണ്ടോ, ദാഹിക്കണുണ്ടോ?"

അപ്പനില്ലാത്തപ്പോൾ അമ്മ പൗലോസിനോടു യാചിച്ചു. "ഒന്നു തൊറന്നു വിടടാ, നിന്റെ ചേട്ടനല്ലേ."

"ഇല്ലമ്മേ. അപ്പൻ പറഞ്ഞത് തുറന്നുവിടരുതെന്നാ." എത്ര അനുസരണയുള്ള മകൻ!

ഇവനല്ലേ പണ്ടു കയ്യോങ്ങിയ അപ്പനോട് "ഇനിയുമടിച്ചാൽ ഇനി അപ്പനാണെന്നുള്ള കാര്യം മറക്കുമെന്നു പറഞ്ഞത്?

ലീനയുടെ കാര്യത്തിൽ എന്റെ അനുമതി ലഭിക്കുമെന്നു കരുതിയാണോ എന്നെ അവരീ ബന്ധനത്തിൽ തളച്ചിട്ടത്? അതോ വൈദികനാകാനുള്ള എന്റെ ദൃഢനിശ്ചയം ഉരുക്കിക്കളയാമെന്നു കരുതിയോ?

ആവശ്യത്തിന്റെ ഉതകലിലാണ് മാതൃസ്നേഹത്തിന്റെ മാറ്റുരക്കാൻ കഴിയുക. ബന്ധനസ്ഥനായ മകനെ സ്വതന്ത്രനാക്കാൻ അമ്മയുടെ കരങ്ങളിൽ ശക്തി ഉറഞ്ഞുകൂടുകയായിരുന്നു അനുദിനം.

ലീനയുമായുള്ള പൗലോസിന്റെ കല്യാണത്തിന്റെ തലേവൈകിട്ടുള്ള ആ അത്താഴമൂട്ടിന് എല്ലാവരും പന്തലിൽ സദ്യയുണ്ടു കൊണ്ടിരിക്കെയാണ് വളകൾ കിലുങ്ങുന്ന കരങ്ങളിൽ കോടാലിയേന്തിക്കൊണ്ട് അമ്മ വന്നത് –

പൂട്ടപ്പെട്ട വാതിലിൽ ആഞ്ഞാറ്റ വെട്ട്!!

രണ്ടുപാളികളായി തുറന്നുപോയ വാതിൽ വിജാഗിരികളിൽക്കിടന്നു ഇളകിയാടി.

ആമപ്പൂട്ട് നിലത്തു തെറിച്ചുവീണു തലയറഞ്ഞു കരഞ്ഞു.

സ്വാതന്ത്ര്യത്തിന്റെ വെളിമ്പറമ്പിലേക്കു കാലെടുത്തു വെക്കുമ്പോൾ

മുമ്പിൽ, അടക്കിയ തേങ്ങലോടെ, എനിക്കസ്തിത്വമേകിയ എന്റെയമ്മ–

"അമ്മേ! എന്റെയമ്മേ!"

ഒരിക്കൽ കൂടി ഒരു കൊച്ചുകുഞ്ഞായി, വാത്സല്യം വഴിഞ്ഞൊഴുകുന്ന ആ മാറിലേക്കൊട്ടിച്ചേരുമ്പോൾ ചുണ്ടുകൾ വിതുമ്പി. "ജീവിതത്തിന്റെ ഊടുവഴികളിലൂടെ എന്നെ പിച്ചനടത്തിയ അവിടത്തോടുള്ള എന്റെ കടപ്പാടുകൾ ഒരിക്കലും തീരുന്നതല്ലമ്മേ."

പെട്ടെന്ന് ഓടിയടുക്കുന്ന പാദപതനങ്ങൾ കർണ്ണങ്ങൾക്ക് മുന്നറിയിപ്പു തന്നപ്പോൾ അമ്മയിൽ നിന്നും സ്വയം പറിച്ചെടുത്ത് വീടിനു പുറകിലുള്ള പറമ്പിലൂടെ ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട് പാഞ്ഞു –അങ്ങകലെയുള്ള പ്രകാശം ലക്ഷ്യമാക്കി.

# ഇരുപത്തി മൂന്ന്

പ്രപഞ്ചത്തിലെ ഓരോ വസ്തുവിന്റെയും ഓരോ കാര്യത്തിന്റെയും പരസ്പര ബന്ധിതമായ കാരണങ്ങളിലൂടെ ഉത്ഭവം തേടി പിന്തിരിഞ്ഞു ചികഞ്ഞുനോക്കുമ്പോൾ എല്ലാറ്റിന്റെയും ആദികാരണമായ ആ ഉത്ഭവശക്തി സ്വയം പ്രകാശിക്കുന്നു. 'കൗസാപ്രീമാ'

പരമാണുവിലുള്ള ഇലക്ട്രോണിന്റെ വിഭാവനാതിവേഗതയിലുള്ള ചലനം മുതൽ ഗ്രഹങ്ങളും നക്ഷത്രങ്ങളും ക്വാസറുകളും വരെ സ്വന്തം ഭ്രമണപഥങ്ങളിൽ മൈക്രോൺ ഇടവ്യത്യാസം പോലും വരാതെ ചലിച്ചുകൊണ്ടേയിരിക്കുന്നു. നിശ്ചേതന വസ്തുക്കൾക്ക് സ്വയം ചാലകശക്തിയില്ല. അപ്പോൾ എല്ലാ ചലനങ്ങളേയും നിയന്ത്രിക്കുന്ന ആ ആദി ചാലകൻ ഇവിടെ സ്വയം ചുണ്ടുകൾ ചലിപ്പിക്കുന്നു. 'പ്രീമൂസ് മോത്തോ.'

പ്രപഞ്ചത്തിന്റെ നിലനില്പ്പിന് അനിവാര്യമല്ലാത്ത എത്രയോ വസ്തുക്കളുണ്ട്. ഭൂമിയിൽ ജീവികളില്ലെങ്കിലും സൂര്യൻ കിരണങ്ങളുതിർത്തുകൊണ്ടേയിരിക്കും. ഗ്രഹങ്ങളില്ലെങ്കിലും നക്ഷത്രങ്ങൾ ചലിച്ചുകൊണ്ടേയിരിക്കും. അപ്പോൾ അനിവാര്യമല്ലാത്ത ഈ വസ്തുക്കളിലൂടെ ഇവക്ക് നിദാനമായ അനിവാര്യത സ്വയം പ്രകടമാവുന്നു. 'എൻസ് കൊന്തിഞ്ചെൻസ് എത്ത് എൻസ് നെസ്സസ്സാരിയും.'

ഓരോ ജീവിയിലുള്ള പരിപൂർണ്ണതയ്ക്കുവേണ്ടിയുള്ള അബോധപൂർവ്വമായ ദാഹം. സസ്യത്തിന്റെ സൂക്ഷ്മഗ്രാഹിയായ ഭ്രൂണത്തിൽനിന്നും സ്വയമറിയാതെ വളർന്നുവരുന്ന അതേ വൃക്ഷം! ഒരു പ്രത്യേക ജന്തുവിനു മാത്രം പിതൃത്വമേകുന്ന ബീജം. എന്നിട്ടും അവയുടെ പരിപൂർണ്ണതയിലേക്കുള്ള പരിണാമത്തിനു വഴിയൊരുക്കിക്കൊണ്ട് സ്വയം പ്രകടമാവുന്ന ആത്മജ്ഞാനം –'അ പേർഫെക്സിയോണേ എൻസിയും.'

പരസ്പരാശ്രയത്തിലൂടെ അസ്തിത്വത്തിന് അസ്ഥിവാരമിടുന്ന ആപേക്ഷികങ്ങൾ നിറഞ്ഞ പ്രപഞ്ചത്തിലൂടെ, ആപേക്ഷികമല്ലാത്തതും പരാശ്രയമില്ലാത്തതുമായ ആ കേവല നിഷ്ഠതയിലേക്കു 'എൻസെപെർസ് സുപ്സിസ്തേൻസേ'യുടെ യുക്തിചിന്ത വിരൽ ചൂണ്ടിയപ്പോൾ മതവിശ്വാസത്തിന്റെ യുക്തി മനസ്സിൽ ആഴത്തിൽ വേരോടുകയായിരുന്നു.

യാഥാർത്ഥ്യം മാത്രം ആശയങ്ങളുടെ അടിസ്ഥാനങ്ങൾക്ക് ജന്മമേകുമ്പോൾ എല്ലാ ആശയങ്ങൾക്കും നിദാനമായി എന്തെങ്കിലും 'കാണാതിരിക്കില്ല. എല്ലാ സംസ്കാരങ്ങളുടേയും വിഭിന്നതകൾക്കുപരി, എല്ലാ ജനങ്ങ

ളിലും കാണപ്പെടുന്ന മൂർത്തമായ ദൈവത്തെക്കുറിച്ചുള്ള അവബോധംതന്നെ അമൂർത്തനായ ദൈവത്തിനുള്ള പ്രത്യക്ഷ ലക്ഷണമാണ് – തൽക്ഷണം ജനിച്ച പശുക്കുട്ടി പാലിനുവേണ്ടി പശുവിന്റെ അകിട്ടിലേക്ക് പ്രാഞ്ചിനടക്കുന്നതു പോലെ; വന്ധ്യയുടെ പുത്രദാഹംപോലെ.......

വിശാലമായ കടലിനെ നിദർശനമാക്കിയ സെമിനാരിയിൽ ജീവിതത്തിന്റെ ലക്ഷ്യം പുതിയ മാനത്തിൽ തേടുന്നവരുടെ കൂട്ടത്തിൽ ഒരു ജലബിന്ദുവായി അലിഞ്ഞുചേരാൻ തനിക്കും കഴിഞ്ഞിരിക്കുന്നു.

സമയപ്പട്ടികയുടെ കൊന്തമണികൾ പോലെ ഘടിപ്പിച്ച് അനുദിന പ്രവൃത്തികളിൽ സജീവമായി മുഴുകി, ദിനങ്ങളെ ആവുന്നതും സമ്പന്നമാക്കി കടത്തിവിടുമ്പോൾ മുമ്പൊരിക്കലും അനുഭവിക്കാനൊക്കാത്ത ഒരാത്മശാന്തി മനസ്സിനെ ചൂഴ്ന്നു നിന്നു.

ഓരോ ദിനവും മുമ്പേ ചിട്ടപ്പെടുത്തിയ കാര്യങ്ങളാകയാൽ ധൃതിയില്ലാതെ എല്ലാം ചെയ്യാനാവുന്നു പൂർണ്ണതയോടെ തന്നെ.

പ്രാർത്ഥനയുടെയും മറ്റു ദൈനീക അദ്ധ്വാനങ്ങളുടെയും ആസന്നസമയത്തെ വിളിച്ചറിയിച്ചുകൊണ്ട് ഇടക്കിടെ ‘പുൾസാത്തോർ’ മുഴക്കുന്ന കാഹളനാദത്തിൽ, സെമിനാരിജീവിതത്തിന്റെ പ്രശാന്തത മുഴുവൻ, പരന്നു കിടക്കുന്നു.

പ്രാർത്ഥന എല്ലാ പ്രവൃത്തികളേയും സമ്പുഷ്ടമാക്കി–അനുനിമിഷം മിടിക്കുന്ന ഹൃദയത്തിന്റെ ജോലിവരെ. ഏതിന്റെയും ലക്ഷ്യം, മരണാനന്തര ആനന്ദം മാത്രമാണല്ലോ. ഇവിടത്തെ ജീവിതത്തിൽ ഈശോയും സജീവമായി പങ്കെടുക്കുന്നു.

വിശുദ്ധിക്ക് മുൻതൂക്കം കൊടുത്തുകൊണ്ട്, മാനുഷിക ബലഹീനതകൾക്കെതിരെയുള്ള യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന അനേകം കുരിശുയുദ്ധക്കാർ....

ഇവിടെ പ്രാർത്ഥനയും ജോലിയും പഠനവും കൊണ്ട് ജീവിതത്തിന്റെ നിമിഷങ്ങളെ അർത്ഥംകൊണ്ടു നിറച്ചു.

വിശ്വാസവും ശരണവും പ്രതീക്ഷയും തകർന്നുപോയ ആത്മീയ ജീവിതത്തിന് പുതിയ അടിസ്ഥാനമേകി.

ദാരിദ്ര്യവും കന്യാവ്രതവും അനുസരണയും ഈ സന്യാസജീവിതത്തിന്റെ മൂലക്കല്ലുകളായി.

ശരീരവും ലോകവും പിശാചും കൂടി തന്നിൽ വരുത്തിയ അധഃപതനത്തെക്കുറിച്ച് ബോധവാനായപ്പോൾ പ്രായശ്ചിത്തവും ഉപവാസവും പശ്ചാത്താപവും കൊണ്ട് പാപത്തിന്റെ നിഴലുകളെ ഒന്നൊന്നായി ഉരുക്കിക്കളഞ്ഞു.

പൊറുക്കപ്പെടാത്ത തെറ്റുകളില്ല; ക്ഷമിക്കപ്പെടാത്ത പാപങ്ങളും. എങ്കിലും ദണ്ഡവിമോചനം കാത്തു പതിഞ്ഞു കിടന്ന അവയുടെ കുറ്റബോധം ഇടക്കിടെ പത്തിയുയർത്തി പൗരോഹിത്യത്തിന്റെ ധാർമ്മിക കടമകൾ നിർവ്വഹിക്കാൻ തക്കവിധം ധിഷണാപരമായ വ്യുൽപ്പത്തി ഞാൻ നേടിയിട്ടുണ്ടോ?

നിശ്ശബ്ദമായ അന്തരീക്ഷത്തിൽ, ദിവ്യനാഥൻ എഴുന്നള്ളിയിരിക്കുന്ന

സക്രാരിയിൽ മിഴിനട്ടുകൊണ്ട് 'പ്രിദ്യു'വിൽ* മുട്ടുകുത്തി നില്ക്കുമ്പോൾ പുതിയൊരാത്മവിശ്വാസവും പ്രേഷിത ചൈതന്യവും മനസ്സിൽ വിടർന്നുവരുന്നതറിഞ്ഞു. ഒരു മാംസത്തിനും നേടിത്തരാനൊക്കാത്ത അഭൗതികമായൊരാത്മശാന്തി ഹൃദയത്തെ ചൂഴ്ന്നുനിന്നു.

ദൈവവുമായി കെട്ടിയുറപ്പിക്കുന്ന ഒരു പ്രേമബന്ധത്തിന്റെ ആദ്യപടികളാണ് സെമിനാരി ജീവിതം ജീവിതയാഥാർത്ഥ്യങ്ങളിലെ ഇടുങ്ങിയ വാതിലുകൾ മാത്രം തെരഞ്ഞെടുക്കാനുള്ള അങ്കത്തട്ട്!

എങ്കിലും, ആദ്ധ്യാത്മിക ജീവിതത്തിന്റെ താഴ്ന്ന വിതാനത്തിൽ ചവിട്ടി നില്ക്കുമ്പോൾ അയോഗ്യതയുടെ ഓർമ്മകൾ ഒരു കൊടുങ്കാറ്റായി ആഞ്ഞടിച്ചപ്പോൾ ഭയാശങ്കനായി ഞാൻ യഥാർത്ഥത്തിൽ വിളിക്കപ്പെട്ടവനാണോ? വിളിക്കപ്പെട്ടെങ്കിലും തെരഞ്ഞെടുക്കപ്പെടാതിരിക്കുമോ?

പഠിക്കാൻ മിടുക്കനായിരുന്നു. കളികളിലും മോശമല്ലായിരുന്നു. ദാഹിക്കുന്ന ക്രിസ്തുവിനുവേണ്ടി എന്തെങ്കിലും നേടിയെടുക്കണമെന്ന് ആത്മാർത്ഥ ആഗ്രഹവുമുണ്ട്. എന്നിട്ടും ദൈവവിളിയിലെ സ്ഥിരീകരണത്തിനുവേണ്ടി വിളവുകളുടെ ഉടമസ്ഥനോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. "വിളവുകളേറെയാണ് ദൈവമേ; കൊയ്ത്തുകാരോ ചുരുക്കം. അയോഗ്യനെങ്കിലും എന്റെ കയ്യിൽ കൂടി ഒരരിവാളേകൂ!!

ദിനങ്ങളും മാസങ്ങളും വർഷങ്ങളും കൃത്യബഹുലമെങ്കിലും സംഭവരഹിതമായി കടന്നുപോകുന്ന സെമിനാരി ജീവിതത്തിന്റെ ഉപരിപ്ലവശാന്തതയിൽ, അന്തർപ്രവാഹത്താൽ രൂപംകൊള്ളുന്ന അദൃശ്യചുഴികളിൽ സഹപാഠികൾ പലരും വിഴുങ്ങപ്പെടുന്നതുകണ്ടപ്പോൾ ഞെട്ടലാണനുഭവപ്പെട്ടത്... ഒടുവിൽ താനുമിങ്ങനെ.....

സ്വന്തം ശ്രേഷ്ഠതയുയർത്തിക്കാട്ടാൻ വേണ്ടി, ചില വൈദികാർത്ഥികൾ താനടക്കം, മറ്റുള്ളവരുടെ തെറ്റുകളുടെ വിഴുപ്പുഭാണ്ഡം സുപ്പീരിയറച്ചന്റെ മുമ്പിൽ തുറന്നപ്പോൾ, തെറ്റിദ്ധാരണകളുടെ മുമ്പിൽ നെടുവീർപ്പിടാനേ കഴിഞ്ഞുള്ളൂ. താനും നോട്ടപ്പുള്ളിയായിരിക്കുന്നു.

എങ്കിലും സർവ്വജ്ഞനായ ദൈവത്തിന് എല്ലാം വിട്ടുകൊടുത്തു – എന്നിലെ ആരോപണങ്ങളെ കാലം തിളച്ച എണ്ണയിൽ മുക്കട്ടെ എന്റെ തലനാരുകൾ വരെ എണ്ണപ്പെട്ടിട്ടുണ്ടല്ലോ.

മൂടിക്കെട്ടിയ സായാഹ്നങ്ങളിൽ ഇരുണ്ടുവരുന്ന ചക്രവാളങ്ങളെ ലക്ഷ്യമാക്കി പക്ഷികൾ ചിലച്ചുകൊണ്ട് ചിറകുവിരിച്ചു പറക്കുമ്പോൾ അകലങ്ങളിൽ നിന്നൊരു ഗാനം ഒഴുകിവരുമ്പോൾ വീടിന്റെ ഓർമ്മയിൽ മനസ്സ് അസ്വസ്ഥമായി...

സ്നേഹനിധിയായ അമ്മയുടെ സ്ഥിതി..... പല എഴുത്തുകളയച്ചിട്ടും മറുപടികളൊന്നും വരുന്നില്ല. വീടിന്റെ ആന്തരികസ്ഥിതി, തോമാസ്സച്ചനെങ്ങനെയറിയാനാണ്? ലീനയേയും കൂട്ടിയാണോ പൗലോസ് സൗദി അറേ

ബ്യക്കു പോയത്? ഒന്നുമറിയില്ല. അഥവാ അറിഞ്ഞാൽത്തന്നെ എന്തു വിശേഷം?

എങ്കിലും ഇടക്കിടെ വീട്ടിൽ പോകണമെന്നൊരാൾ ഒരു നൊമ്പരം കണക്കെ മസ്സിൽ ഊറിക്കൂടി.

കലപ്പയിൽ കൈവച്ചുകഴിഞ്ഞു. ഇനി തിരിഞ്ഞുനോക്കി, നേടിയ അർഹത നഷ്ടപ്പെടുത്താനാവില്ല. വിളിക്കപ്പെട്ട ഏതാനും മുക്കുവരിൽ താനും ഉൾപ്പെട്ടല്ലോ!

ദൈവം എന്നിൽ നിന്നാവശ്യപ്പെടുന്നതെല്ലാം ചെയ്തുകഴിഞ്ഞാൽ, അവയുടെ നല്ലതോ ചീത്തയോ ആയ ഫലങ്ങളെക്കുറിച്ച് എന്തിന് ആകുലപ്പെടണം? എപ്പോഴും, മനസ്സിന്റെ നെറ്റിയിൽ വെയ്ക്കപ്പെട്ട വെണ്ണയായി കാന്തി പ്രളയത്തിന്റെ അരുന്ധതിയുണ്ട്; അല്പസമയം കൊണ്ടനുഭവിക്കാൻ കഴിഞ്ഞ പരമാനന്ദവും, കൊടും നിരാശയുമുണ്ട് ഓർമ്മയിൽ അമൂല്യരത്നങ്ങളായി.

നിശ്ശബ്ദത ഉറഞ്ഞുകിടക്കുന്ന ദിനങ്ങളുടെ ഭൂരിഭാഗവും ആത്മപരിശോധനയിലും ധ്യാനത്തിലും, ജീവിതത്തിന്റെ അവഗാഹതയിൽ മുങ്ങിത്തപ്പുമ്പോൾ, ആ തേജപുഞ്ജം ഒരു വാൽനക്ഷത്രമായുയർന്നു നിന്ന് വഴികാട്ടി. ബാഹ്യശബ്ദങ്ങൾ കെട്ടടങ്ങിയപ്പോഴെല്ലാം ആന്തരികജീവിതത്തിന്റെ ഒരു കുരുവി ഉള്ളിൽ പാടാൻ തുടങ്ങി.

അതെ, നിശ്ശബ്ദത ദൈവികതയുടെ മുൻരുചി തരുന്നു. ധൃതി പിടിച്ചോടി നടന്ന് എല്ലാം പണയപ്പെടുത്തുന്ന ബാഹ്യജീവിതത്തിൽ നിന്ന് വിഭിന്നമാണീ ആദ്ധ്യാത്മികജീവിതം.

പ്രാർത്ഥനയുടേയും ധ്യാനത്തിന്റേയും വിജാഗിരികളിൽ ഉറച്ചുനിന്ന ജീവിതം, ക്രിസ്തുവിന്റെ ഭൗതീകശരീരവുമായി ഒന്നാവാനുള്ള ഇടനല്കുകയായിരുന്നു. ക്രമേണ ജീവിതത്തിൽ, അതീതശക്തിയുടെ കരങ്ങൾ നേരിട്ടിടപെടുന്നത് അനുഭവപ്പെട്ടു. സംഭവിക്കുന്നതെല്ലാം തന്റെ ആത്യന്തിക നന്മക്കുവേണ്ടിയാണ് എന്ന ബോധം കൈവന്നതോടെ പുതിയൊരു ചൈതന്യം മുളയെടുക്കുകയായിരുന്നു. ഇല്ല – ദൈവം തന്നെ കൈവിടില്ല. അല്ലെങ്കിൽ, സങ്കല്പസ്വാതന്ത്ര്യത്തിൽ മുഴുകി ജീവിതം പതച്ചുതീർത്ത തനിക്ക് ഒരു രക്തത്തിന്റെ മാമ്മോദീസയിലൂടെ പുതിയ ജന്മം ദൈവമെനിക്ക് തരുമായിരുന്നോ?

സ്നേഹത്തെ എത്രയോ വിധത്തിലിവിടെ അറിയാനും ജീവിതത്തിൽ പകർത്താനും കഴിയുന്നു.

ദൈവേച്ഛയെ മാനിക്കുകയും സേവിക്കുകയും ചെയ്യുന്ന സ്നേഹം;

അയൽക്കാരിൽ ക്രിസ്തുവിനുവേണ്ടി പ്രാവർത്തികമാക്കിയ സ്നേഹം..

ആരാധനാക്രമങ്ങളിലൂടെയും ധ്യാനത്തിലൂടെയും കർത്താവിനെ ആരാധിക്കുന്ന സ്നേഹം..

സൗഹൃദത്തിന്റെ പ്രതീകമായി അന്യന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം ചെയ്യുന്ന സ്നേഹം..

സ്നേഹത്തിന്റെ ഈ ബഹുമുഖ പര്യായങ്ങളാൽ ഹൃദയത്തിന്റെ ഓരോ സ്പന്ദനം പോലും അങ്ങേയറ്റം അർത്ഥവത്തായി തോന്നി.

അതേ ജീവിതത്തിന്റെ അർത്ഥം സ്നേഹത്തിലൂടെ ഇവിടെ ഇതൾ വിരിയുന്നു.

ധ്യാനത്തിലൂടെ സ്വാസ്ഥ്യത്തിന്റെ മടിത്തട്ടിലിരിക്കുമ്പോഴെല്ലാം ദൈവത്തെപ്പറ്റി ചിന്തിക്കുക ഏറ്റവും ആനന്ദകരമായി. പ്രപഞ്ചത്തിലെ ഓരോ വസ്തുവിലൂടെയും ദർശിക്കാനൊക്കുന്ന ആ അദൃശ്യകരങ്ങൾ ബോധമണ്ഡലത്തിൽ ചെലുത്തുന്ന സ്വാധീനം അനുദിനം വർദ്ധിക്കുകയായിരുന്നു.

നടക്കാനിറങ്ങുന്ന ബ്രസ്പ്പതിവാര സായാഹ്നങ്ങളിൽ അനന്തവിശാലവും അത്യഗാധവുമായ ബംഗാൾ കടലിന്റെ തീരത്തുകൂടി, ആഞ്ഞലറുന്ന തിരമാലകളിൽ ദൃഷ്ടിയുറപ്പിച്ച് മുന്നോട്ടു നീങ്ങുമ്പോൾ, ലോകത്തിലെങ്ങും പ്രതിബിംബിക്കുന്ന ആ ആദിതശക്തമായ അദൃശ്യകരങ്ങളിൽ ചിന്ത ഉയർന്നു നിന്നു.

ഉണ്മയുടെയും ഇല്ലായ്മയുടെയും പരസ്പരവൈരുദ്ധ്യാത്മികതയുടെ ഊടും പാവും ചേർത്ത് നെയ്തെടുക്കപ്പെട്ട പ്രപഞ്ചം. കാലവും ദേശവും നിയന്ത്രിക്കുന്ന ഉണ്മയേക്കാൾ എത്രയോ ശ്രേഷ്ഠവും പ്രസക്തവുമാണ് കാലദേശങ്ങൾക്കതീതമായ ഇല്ലായ്മ!!

നിലനില്ക്കാത്തതൊന്നുമില്ല - പക്ഷേ അവ ഉണ്മയുടെ അസ്തിത്വവശത്ത്, കാലദേശങ്ങളുടെ ബന്ധനത്തിൽ രൂപം പൂണ്ടോ, ഇവക്കെല്ലാം അതീതമായി ഇല്ലായ്മയിൽ അമൂർത്തമായോ നിലനില്ക്കുന്നതെന്ന വ്യത്യാസം മാത്രമാണിവിടെ ചോദ്യചിഹ്നം.

സ്വയം കേന്ദ്രീകൃതമായൊരു അസ്തിത്വവും അതിനെ ചൂഴ്ന്നു നിൽക്കുന്ന ഇല്ലായ്മയുടെ ഒരു *സൂക്ഷ്മപ്രപഞ്ചവും കൂടിച്ചേരുമ്പോഴാണ് ഏതൊരു വസ്തുവും നിലനിൽക്കുക; അതിൽ അസ്തിത്വത്തിന്റേയും നാസ്തിത്വത്തിന്റേയും പ്രഭാവമനുസരിച്ചാണ് ഒരു വസ്തു ഉള്ളതാണൊ ഇല്ലാത്തതാണോ എന്ന് നിർണയിക്കപ്പെടുന്നത്.

എന്നാൽ, മനുഷ്യാസ്തിത്വത്തിന്റെ കാര്യത്തിൽ ഉണ്മയുടെ ശാരീരികാസ്തിത്വത്തോടൊപ്പം ഇല്ലായ്മയുടെ ആത്മീയ പ്രഭാവവും ഒരേസമയം പ്രകടമാവുന്നു. മനുഷ്യനിലെ അന്തരാത്മാവ് ജീവിതത്തിന്റെ അസ്തിത്വഭാവത്തിലും ഈ ക്ഷണിക ലോകത്തിന്റെ പ്രതിച്ഛായ ഉൾക്കൊള്ളുന്നു.

പ്രകാശവേഗത്തിലധികം കുതിച്ചു പായാനുള്ള മനസ്സിന്റെ കഴിവും കാലത്തിൽ മുൻപിൻ സഞ്ചരിക്കാനുള്ള ഭാവനാ- ഓർമ്മകളുടെ കഴിവും ഒരിക്കലും നികത്താനാവാത്ത മനസ്സിലെ ശൂന്യതയും അന്തരാത്മാവിന്റെ ഇല്ലായ്മയുടെ ഭാവത്തെയാണല്ലൊ ചൂണ്ടിക്കാണിക്കുന്നത്.

മനുഷ്യനിലെ ഇച്ഛാശക്തിയാകട്ടെ, അസ്തിത്വത്തിനും നാസ്തിത്വത്തിനും അതീതമായി നിരസ്തിത്വമെന്ന മററൊരവസ്ഥയെയാണ് ദ്യോതിപ്പിക്കുന്നത്.

എന്നാൽ, മനുഷ്യനിലെ ഈ വിവിധ ഭാവങ്ങളെ ജീവിതകാലത്ത് പൂർണ മായി പ്രകടിപ്പിക്കുന്നതിൽ നിന്ന് ശരീരത്തിന്റെ അസ്തിത്വപ്രഭാവവും പഞ്ചേന്ദ്രി യങ്ങളും തടയുന്നു.

ഈ അമൂർത്തതയിൽനിന്ന് ഉണ്മയിലേക്കും, ഉണ്മയിൽനിന്ന് ഇല്ലായ്മയി ലേക്കുമുള്ള കടത്തുവഞ്ചികൾ മാത്രമാണിവിടെ ജനനവും മരണവും. ജനന ത്തിന്റെ മുഹൂർത്തത്തിൽ, ഇല്ലായ്മയിൽ വിലയിച്ചുകിടന്ന ചേതന പ്രവൃത്തി യാൽ സ്വയം സമ്പുഷ്ടമാക്കുന്നതിനുവേണ്ടി, ഊർജ്ജത്തിന്റെ ഉറവിടം തേടി, അസ്തിത്വത്തിന്റെ അധികഭാഗത്തേക്കു വരുന്നു.

സമയദൂരങ്ങളുടെ പരിമിതിയുണ്ടെങ്കിലും ഊർജ്ജത്തിന്റെ സാന്നിദ്ധ്യ ത്തിൽ, പ്രവർത്തിക്കാനുള്ള കഴിവ് അസ്തിത്വത്തിന്റെ ഏറ്റവും വലിയ അനുഗ്ര ഹമാണ്.

മനുഷ്യന്റെ മാത്രം വരദാനമായ ഈ ഇച്ഛാശക്തിയാകട്ടെ, സ്വന്തം പ്രവൃത്തി കളുടെ പൂർണ ഉത്തരവാദിത്വം അവനിൽ തന്നെ അടിച്ചേൽപ്പിക്കുന്നു.

മനുഷ്യനിലെ ദൈവത്തിന്റെ പ്രതിച്ഛായ രൂഢമൂലമാക്കുന്നത്, അവനിലെ ഈ ഇച്ഛാശക്തിയുടെ സാന്നിദ്ധ്യം മൂലമാണ്.

പ്രാർത്ഥനകളുടേയും അനുഗ്രഹങ്ങളുടേയും രൂപത്തിൽ ഈ ആത്മീയോ ർജ്ജം പകർന്നുകൊടുത്ത് അന്തരാത്മാവുകൾക്ക് പരസ്പരം ഊർജ്ജ സ്വലമാക്കാൻ അസ്തിത്വങ്ങളുടെ അധികസ്ഥിതിയും ഋണസ്ഥിതിയും തമ്മിലുള്ള അവസ്ഥാന്തരങ്ങൾ ബാധകമല്ല.

എന്നാൽ, മരണശേഷം മരണാനന്തര പരിവർത്തികളിലൂടെ, പരിണമിച്ച് ചേതനയെത്തപ്പെടുന്ന ഋണികലോകത്തിൽ, ഒരു വ്യക്തിക്ക് ജീവിത ചേഷ്ട കളുടെ പ്രതിക്രിയകളിൽ പൊങ്ങി ചാഞ്ചാടാനേ ആവൂ!

കേവലസമയം നിശ്ശേഷ്ടമായ, കേവലദൂരം അപ്രസക്തമായ ഇല്ലായ്മ യുടെ ആ ലോകത്തിൽ സർവ്വതും ഋണമായി ഭവിക്കുന്നു. അസ്തിത്വ ലോകത്തിലാകട്ടെ സകലതും ആപേക്ഷികവും!

ഒരു സ്പൂൺ പദാർത്ഥത്തിന് ദശലക്ഷം ടൺ ഭാരമുള്ള 'ശ്യാമഗഹ്വരങ്ങ' ളിൽ,(1) കുടുങ്ങിപ്പോയ പ്രകാശത്തെപ്പോലും വർത്തുളമാക്കി കാലത്തെ ദൂരവുമായി ബന്ധിപ്പിക്കുന്ന ഊർജ്ജവും, പ്രകാശത്തിന്റെ കുഞ്ഞിച്ചിറകു കളിലേറി സമയത്തെ കീഴടക്കുന്ന വേഗതയും, കാലദേശങ്ങളിൽ അടി സ്ഥാനം പണിത അസ്തിത്വത്തിന്റെ പരിമിതികളെയാണല്ലോ കുറിക്കുന്നത്. അതുകൊണ്ടുതന്നെ ദൈവത്തിന് പരിമിതികളുള്ള അസ്തിത്വമുണ്ടാകുക സാദ്ധ്യമല്ല.

അതുപോലെ തന്നെ, ഒരു ദിവസം ആയിരം വർഷവും, ആയിരം വർഷം ഒരു നിമിഷവുമായ ഇല്ലായ്മയുടെ മറുലോകാവസ്ഥയിൽ നിശ്ചതനയായി കഴിയാനും പരിപൂർണ്ണനായ ദൈവത്തിനു കഴിയില്ല.

ഇലക്ട്രോണിനേയും പ്രോട്ടോണിനേയും നിയന്ത്രിക്കുന്ന ന്യൂട്രോൺ

---

1. **Black holes (caused due to the death of large stars);** തമോഗർത്തം

കണക്കെ, അധികസംഖ്യകളേയും ന്യൂനസംഖ്യകളേയും തുല്യമായി വിഭജിച്ച് അവയെ പരിപൂർണ്ണമായി, ഭരിക്കുന്ന പൂജ്യം പോലെ, അസ്തിത്വത്തേയും നാസ്തിത്വത്തേയും ഒരുപോലെ നിയന്ത്രിക്കുന്ന നിരസ്തിത്വമാണ് ദൈവം! ഉണ്മയുടേയും ഇല്ലായ്മയുടേയും ഉത്ഭവം, ഈ നിരുണ്മയിൽ നിന്നാണ്. അസ്തിത്വ-അനസ്തിത്വ ഘടകങ്ങളടങ്ങിയ പ്രപഞ്ചത്തിന്റെ നിയന്താവ് സ്വയംഭൂവായ ഈ ഇച്ഛാശക്തിയാണ്. ഉണ്മയിലും ഇല്ലായ്മയിലും ഈ തന്നാൽ താനായ ദൈവികസത്തയുടെ നിരുണ്മ ഒരുപോലെ വിലയം കൊണ്ടിരിക്കുന്നു. ഒരു വിജാഗിരി പോലെ അസ്തിത്വത്തേയും നാസ്തിത്വത്തേയും നിരസ്തിതനായ ദൈവം പൂർണ്ണേച്ഛശക്തിയാൽ നിയന്ത്രിക്കുന്നു.!

കടലിലെ ശക്തമായ തിരമാലകളായി; കാറ്റിന്റെ രൂപത്തിൽ സർവ്വവ്യാപിയായി, ഇടിമിന്നലിന്റെ ആകൃതിയിൽ പ്രകാശമായി, പ്രപഞ്ചത്തെ നയിക്കുന്ന കാന്തിക തരംഗങ്ങളായി, ഊർജ സ്രോതസുകളായ ഫോട്ടോണുകളായി, വന്ധ്യയുടെ പുത്രദാഹമായി, ദാഹത്തിനുള്ള ശമനമായി അവിടുന്ന് പ്രകൃതിയുടെ സഹജാവബോധത്തിലൂടെ ഉണ്മയും ഇല്ലായ്മയുംകൊണ്ട് മുഖരിതമായ ലോകത്തെ ഇച്ഛാശക്തിയാൽ നിലനിറുത്തുന്നു.

ഈ പൂർണ്ണമായ അവബോധനയാൽ ദൈവം സ്വയമറിയുന്നു; സർവ്വജ്ഞതയാൽ സർവ്വതുമറിയുന്നു. അവിടുത്തെ ആന്തരികവും ബാഹ്യവുമായ ഈ ജ്ഞാനം, തന്നാൽ താനിലും, സ്വതന്ത്രനുമായ ഒരു വ്യക്തിയായിത്തീരത്തക്കവിധം അത്രമാത്രം യാഥാർത്ഥ്യവും സാന്ദ്രവും പൂർണ്ണവുമാണ്. ജ്ഞാനം വചനമായിത്തീർന്ന ഈ വ്യക്തി സ്ഥലകാലത്തിനതീതമായ പരിശുദ്ധജ്ഞാനത്തെപ്പോലെ അനന്തമില്ലാത്തവനാണ്.

അനന്തമായ ജ്ഞാനം രൂപം പൂണ്ട വ്യക്തി അവിടുന്ന് വിലയം കൊണ്ടിരിക്കുന്ന പ്രപഞ്ചവുമായുള്ള സ്നേഹം, മറ്റൊരു വ്യക്തിത്വമായി ഉരുവെടുക്കത്തക്കവിധം അത്രമാത്രം പൂർണ്ണവും യാഥാർത്ഥ്യവുമാണ്. അനന്തമായ സ്നേഹം അതിരില്ലാതെ നില്ക്കുന്നതുപോലെ, സ്നേഹം മൂർത്തരൂപം കൊണ്ട് ദൈവവും കാലദേശങ്ങൾക്കതീതനാണ്. സ്നേഹവും, ജ്ഞാനവും രൂപം പൂണ്ട് ഉരുവാക്കപ്പെട്ട വ്യക്തികൾ തന്നാൽ താനായ ഇച്ഛാശക്തിയിൽനിന്ന് സ്വതന്ത്രരും, എന്നാൽ ഒരുപോലെ നിർലീനരുമാണ്.

പക്ഷേ എങ്ങനെയിതു സാദ്ധ്യമാവും?

ത്രിത്വത്തിന്റെ ഈ അവഗാഹരഹസ്യത്തിന്റെ ഉരുക്കഴിക്കലിൽ സ്വയംമറന്ന് കടൽത്തീരത്തുകൂടി മുന്നോട്ടു നീങ്ങുമ്പോഴുണ്ട്, മുമ്പിലൊരു കുട്ടി സമുദ്രതീരത്തെ മണലിൽ കുഴിയുണ്ടാക്കി, കക്കത്തോടുകൊണ്ട് കോരിയൊഴിച്ച് സമുദ്രജലം വറ്റിക്കാൻ ശ്രമിക്കുന്നു!!

ചൈതന്യവാനായ ശിശുവിന്റെ ബാല്യജ്ഞാനത്തിൽ കൗതുകം തോന്നി. യാഥാർത്ഥ്യത്തിന്റെ, ഗഹനപ്രശ്നങ്ങളുടെ ചിപ്പികൾ കടലിനടിയിലെ നാഴികകളാക്കാനാവാത്ത ആഴത്തിൽ മുത്തുകൾ മെനയുമ്പോൾ, തിരകൾ തള്ളിക്കൊണ്ടിട്ട് ആ കക്കത്തോടിനെക്കുറിച്ചുപോലും ആ കുട്ടി ചിന്തിച്ചുവോ?

കടലെന്തിനലറുന്നുവെന്ന് ആ നിഷ്കളങ്ക ശിശു ഒരിക്കലും ആലോചി

ച്ചിട്ടുണ്ടാവില്ല.

കാറ്റെവിടെ നിന്നടിക്കുന്നുവെന്നവൻ ശ്രദ്ധിച്ചിട്ടുണ്ടാവില്ല.

ബാല്യത്തിന്റെ നിഷ്കളങ്കത, കണ്ടതുകൊണ്ട് കളിക്കാൻ മാത്രം അവനെ പ്രേരിപ്പിക്കുന്നു.

കൗതുകപൂർവ്വം ചോദിച്ചു "ഹേ പില്ലാ തുമേ കോണോ കൊരുത്തൊ?"(1)

സമുദ്രം വറ്റിക്കുന്ന ജോലിയിൽ നിർവിഘ്നം വ്യാപൃതനായിക്കൊണ്ടവൻ മറുപടി തന്നു - "യേ പാണിസൊബു, ഗൊഥാരേ പൊക്കായിക്കിരി സൊമുദ്രൊ ശുക്കായിബാക്കു ചേഷ്ട കൊരുച്ചു."(2)

ഉറക്കെ ചിരിക്കാനാണു തോന്നിയത്. പക്ഷേ കുട്ടിക്കെന്തറിയാം? ഈ സമുദ്രം ഉൾക്കൊള്ളുന്ന ജലത്തിന്റെ കണക്ക് ഘനയടിയിൽ പറഞ്ഞുകൊടുത്താൽ, ഉൾക്കൊള്ളത്തക്ക വ്യാസംപോലും ഈ കൊച്ചു തലച്ചോറിനില്ല. എങ്കിലും പറഞ്ഞു - "സമുദ്രജലം മുഴുവൻ കക്കത്തോടുകൊണ്ട് വറ്റിക്കാമെന്നു വ്യാമോഹിക്കുന്നത് വിഡ്ഢിത്തമല്ലേ - കുട്ടീ?"

"എങ്കിൽ," കുട്ടി പ്രത്യുത്തരിച്ചു, "അങ്ങയുടെ ചെറുതലകൊണ്ട് ദൈവികരഹസ്യങ്ങൾ വെളിപ്പെടുത്താമെന്നു വ്യാമോഹിക്കുന്നത് അതിലും വിഡ്ഢിത്തമല്ലേ?"

കുട്ടിയുടെ യൗക്തിക മറുപടി കേട്ട് തരിച്ചുനിന്നത് ഇന്നലെയെന്നപോലെ ഓർക്കുന്നു. മനുഷ്യബുദ്ധിയുടെ പരിമിതിയെപ്പറ്റി മനസ്സിലായപ്പോൾ തല താഴ്ത്തി മുന്നോട്ടു നടന്നു.

അല്പം കഴിഞ്ഞ് തിരിഞ്ഞുനോക്കിയപ്പോൾ ആ ബാലനിരുന്നിടം കൂടി ശൂന്യമായിരുന്നു. ആ കക്കത്തോടുമാത്രം, തന്റെ ബുദ്ധിഹീനതയെ ഓർപ്പിച്ചുകൊണ്ട് നനഞ്ഞ മണ്ണിലെ ചെറുകുഴിയിൽ അമർന്നുകിടന്നു. തിരികെച്ചെന്ന് ആ കക്കത്തോടെടുത്തുകൊണ്ട് സെമിനാരിയിലേക്ക് നടന്നു, ഒരമൂല്യനിധി കിട്ടിയ സന്തോഷത്തോടെ.

ദൈവമേ, എന്റെ ദൈവമേ, എന്റെയീ വഴിതേടലിൽ നീയാണെന്റെ പാതയും പ്രകാശവും. എനിക്ക് ജന്മം തരാൻ സർവ പ്രപഞ്ചവസ്തുക്കളേയും സൂക്ഷ്മ ഭാവത്തിൽ എന്നിൽ നീ കരുപ്പിടിപ്പിച്ചു. നിന്റെ സൃഷ്ടികളിൽ ഏറ്റവും മഹോന്നതമായ മനുഷ്യജന്മം നൽകി എന്നോടുള്ള അളവറ്റ സ്നേഹം നീ പ്രഖ്യാപിച്ചു.

ദൈവമേ, എന്റെ ദൈവമേ, ഒരു ധൂർത്തപുത്രനായി എന്നിട്ടും ഞാൻ അധഃപതിച്ചപ്പോൾ, ഒരു ശിക്ഷയിലൂടെ എന്റെ മനസ്സിൽ വീണ്ടും കരുപ്പിടിപ്പിച്ച സ്നേഹത്തിൽ നീയെനിക്കൊരു പുനർജ്ജന്മമേകി. ഒരു മരണാനന്തര വെളിപാടിലൂടെ (3)ഭൗതീകതക്കപ്പുറം, അഭൗതീക, അതിഭൗതീക തലങ്ങൾ നീ വെളിപ്പെടുത്തിത്തന്നു. ഈ സ്നേഹമാണു ദൈവമേ, അന്ധരേയും

---

1. കുഞ്ഞേ, എന്താണു നീ ചെയ്യുന്നത് ?
2. ഈ വെള്ളം മുഴുവൻ കുഴിയിലൊഴിച്ച് സമുദ്രം വറ്റിക്കാൻ ശ്രമിക്കയാണ്. (ഒറിയഭാഷ)
3. **Natural, Preternatural, Supernatural.**

കുഷ്ഠരോഗികളേയും സൗഖ്യരാക്കിയത്; ഈ വിശ്വാസമാണ് കടലിനു മേലേക്കൂടി നടന്നത്...

ഇവ ഇന്നലത്തെ മാത്രം അത്ഭുതങ്ങളല്ലല്ലൊ!

മനുഷ്യനിലെ നന്മയുടെ പ്രതിഫലനമാണ്, മനുഷ്യസൃഷ്ടിയിലേക്ക് ദൈവത്തെ നയിച്ചതുതന്നെ. ഈ സ്നേഹത്തിന്റെ അവഗാഹതയിൽ ബലഹീനനായ മനുഷ്യന്റെ പാപത്തിനു പരിഹാരമായി, ദൈവം സ്വന്തം വ്യക്തിത്വഘടകത്തെ തന്നെ നരബലിയായി കുരിശിലുയർത്തി ഇവ ഇന്നലത്തെ മാത്രം ത്യാഗമല്ലല്ലൊ!.....

സെമിനാരിയിലെ വാർഷികപ്പരീക്ഷ കഴിഞ്ഞപ്പോൾ മുതൽ ഒരാധിയിൽ മനസ്സുകരിഞ്ഞ് മനസ്സമാധാനം പുകയാൻ തുടങ്ങി – ഞാൻ തെരഞ്ഞെടുക്കപ്പെടുമോ? അതോ തിരിച്ചയക്കപ്പെടുമോ?

മേലധികാരികളുടെ നിശ്ചയത്തിലൂടെ വെളിവാകുന്ന തന്റെ ദൈവവിളി അധികരൂപത്തിലാവാൻ അഹോരാത്രം പ്രാർത്ഥിച്ചു; കഠിനപ്രായശ്ചിത്തങ്ങൾ ചെയ്തു.

എങ്കിലും എന്റെ പിതാവേ, എന്റെയിഷ്ടമല്ല – അവിടുത്തെ അഭീഷ്ടം!

പ്രീഫെക്ടിനെ വിട്ട് വിളിപ്പിച്ചപ്പോൾ വല്ലാതെ മിടിക്കുന്ന ഹൃദയത്തോടെയാണ് റെക്ടറച്ചന്റെ ഓഫീസിലേക്ക് ചെന്നത്. നിറഞ്ഞ നയനങ്ങളുമായി തളർന്ന ഹൃദയത്തോടെ പുറത്തിറങ്ങിപ്പോയ പലരുടേയും ഓർമ്മ ഒരു വിഹ്വലതയായി മനസ്സിൽ തളംകെട്ടിക്കിടന്നു.

സെമിനാരി നിയമങ്ങളെല്ലാം ശരിയായനുസരിച്ചിട്ടുണ്ട്; മറ്റുള്ളവരെ ബോധിപ്പിക്കണമെന്നതിലുപരി ആത്മാർത്ഥതയോടെയായിരുന്നു ഓരോന്നും ചെയ്തിട്ടുള്ളത്. ആരേയും പ്രീതിപ്പെടുത്താൻ ശ്രമിക്കാത്ത തനിക്കെതിരെ വളരെയധികം ആരോപണങ്ങൾ ചെന്നിട്ടുണ്ടെന്നറിയാം. അങ്ങനെ ലഭിച്ചിട്ടുള്ള മുൻവിധിയോടെയാണ് റെക്ടറച്ചൻ ഒരു തീരുമാനമെടുക്കുന്നതെങ്കിൽ.....

റെക്ടറച്ചൻ ചൂണ്ടിക്കാട്ടിയ കസേരയിലേക്ക് യാന്ത്രികമായി ഇരുന്നു...

വൈദികാന്തസ്സും വിവാഹജീവിതവും തമ്മിലുള്ള വടംവലിയായിരുന്നില്ല – പലരും ഭ്രാന്തെന്നു വിശേഷിപ്പിച്ച ഒരു വെളിപാടിലൂടെ തനിക്കു ലഭിച്ച ജീവിതലക്ഷ്യവും അതിനെ വെല്ലുവിളിക്കുന്ന സാഹചര്യങ്ങളും തമ്മിലുള്ള ദ്വന്ദ്വയുദ്ധമായിരുന്നു.

ഇവിടെ തന്റെ ഒരു ചുവടുപിഴച്ചാൽ, ശരിയെന്ന് അനുഭവപ്പെട്ടിരുന്ന പല ധാരണകളും തിരുത്തിക്കുറിക്കേണ്ടിവരും. പുച്ഛത്തോടെ തന്നെ വീക്ഷിക്കുന്ന ജനങ്ങളെ, അതിലും പുച്ഛത്തോടെ അവഗണിക്കാം. ഈ സെമിനാരിയിൽ ചിലവഴിച്ച നീണ്ട വർഷങ്ങളേയും അവഗണിക്കാം..

പക്ഷേ, സങ്കീർണ്ണമായ, വർഷങ്ങൾ നീണ്ടുനിന്ന ഒരു പ്രക്രിയയിലൂടെ തന്നിൽ കരുപ്പിടിപ്പിക്കപ്പെട്ട ആദർശങ്ങളെ ബലികഴിക്കേണ്ട വേദനയായിരുന്നു.

പ്രായശ്ചിത്തത്തിലൂടേയും, പരിത്യാഗ പ്രവൃത്തികളിലൂടേയും മെരുക്കിയെടുത്ത മനസ്സിന്റെ തപോബലം വൃഥാവിലായിപ്പോകുമോയെന്നുള്ള ഭീതി!

വർഷങ്ങൾ നീണ്ടുനിന്ന പെറ്റി സെമിനാരി ജീവിതവും, സ്പിരിച്ച്വാലിറ്റി കോഴ്സും ഫിലോസഫി പഠനങ്ങളും കൊണ്ട് നേടിയെടുത്ത വിശ്വാസ ചൈതന്യം തുലാസിലാടുന്ന സന്ദർഭം!

"ബ്രദർ ഏല്യാസ്!

പെരുപെരുക്കുന്ന തലയോടെ റെക്ടറച്ചന്റെ മുഖത്തേക്ക് ഉറ്റുനോക്കി. തന്റെ പരീക്ഷാക്കടലാസുകളിലൂടെയും, ക്യാരക്ടർ സർട്ടിഫിക്കറ്റുകളിലൂടെയും ദീർഘനേരം അച്ചന്റെ കണ്ണുകൾ പരതി നടന്നു.

ഒടുവിൽ തന്റെ വിധിന്യായം അദ്ദേഹം പ്രസ്താവിച്ചു, "യു ഹാവെ സൗണ്ട് വൊക്കെയ്ഷൻ ഐ ബിലീവ്. യൂ വിൽ ഹാവ് റ്റു ഗോറ്റു സ്പെയിൻ ഫോർ യുവർ ഹയർ എക്ലേസിയാസ്റ്റിക്കൽ സ്റ്റഡീസ്."(1)

കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ കൈകൂപ്പി – "ദെയോ ഗ്രാസിയാസ് എത് തുവൊ പാത്രെ."(2)

---

1. നിങ്ങൾക്ക് നല്ലൊരു ദൈവവിളിയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. വൈദീക ഉപരിപഠനങ്ങൾക്കു വേണ്ടി നിങ്ങൾക്ക് സ്പെയിനിൽ പോകേണ്ടി വരും.

2. ദൈവത്തിനും, പിതാവേ, അങ്ങേയ്ക്കും നന്ദി. (ലാറ്റിൻ)

# ഇരുപത്തി നാല്

ജീവിതത്തിലെ പ്രഥമ വിദേശയാത്ര!

കപ്പലിൽ കയറുമ്പോൾ, മാതൃഭൂമിയോടു വിടപറയുന്ന ദുഃഖത്തിന്റെ ചിത മനസ്സിൽ എരിഞ്ഞുനിന്നു.

ഭാരതാംബേ വിട! എനിക്കു ജന്മം തന്ന എന്റെ നാടേ യാത്ര!

സൂയസ്തോട് അടച്ചിരിക്കുന്നതുകൊണ്ട്, നല്ല മോഹങ്ങളുടെ മുനമ്പു കൂടി ആഫ്രിക്ക ചുറ്റി ഇരുപത്തൊന്നു ദിവസം കൂടുതലുള്ള യാത്ര!

ആദ്യം കടൽച്ചൊരുക്ക് തൊണ്ടയിൽ കൈയിട്ട് കുറേ ഛർദ്ദിപ്പിച്ചു. ക്രമേണ ഇക്കണോമിക് ക്യാബിനിലിരിക്കുമ്പോൾ സ്വന്തം മുറിയിലിരിക്കുന്നതു പോലെ ഹൃദ്യത തോന്നി. അനന്തമായ അറ്റ്ലാന്റിക് പാരാവാരത്തിൽ ഒരു ചെറുദ്വീപായി മുന്നോട്ടു കുതിക്കുന്ന കപ്പലിന്റെ ഒരേ ഈണത്തിലുള്ള എഞ്ചിൻ ശബ്ദം മാത്രം ചെവിയിൽ മുഴങ്ങിനിന്നു.

സമുദ്രം ഉറങ്ങുന്ന പെൺകുട്ടിയെപ്പോലെ പ്രശാന്തമായിരുന്നു. പറക്കും മത്സ്യങ്ങൾ കൂട്ടത്തോടെ കടലോപരിതലത്തിൽ സർക്കസ് കാട്ടി.

ജിബ്രാൾട്ടർ കടലിടുക്കിലേക്ക് കപ്പൽ കടക്കുമ്പോഴാണ് പെട്ടെന്നൊരു കൊടുങ്കാറ്റുയർന്നത്. വാനം എങ്ങും ഇരുണ്ട കയത്തിന്റെ നിറമണിഞ്ഞു. വലിയ ആനകളുടെ ഉയരത്തിൽ വന്ന തിരമാലകൾ തുമ്പിക്കൈകളിൽ കപ്പലിനെ എടുത്തെറിഞ്ഞു. ക്യാബിനിലെ വസ്തുക്കൾ ഒന്നൊന്നായി എടുത്തെറിയപ്പെട്ടു. പ്രേതബാധയുള്ള വീട്ടിലെപ്പോലെ അവ സ്വയം ചലിച്ചു.

ഒന്നുരണ്ടു തവണ നിലത്തുവീണു. നീണ്ടുനിന്ന ഛർദ്ദിയിൽ സ്വന്തം കുടൽ വരെ വായിലൂടെ പുറത്തുവരുമെന്നു തോന്നി. എന്നിട്ടും ദയയില്ലാത്ത ഒരമ്മയെപ്പോലെ കപ്പൽ വീണ്ടും വീണ്ടും എടുത്തെറിഞ്ഞു. കപ്പൽ ഒരു കടലാസുവഞ്ചിയെപ്പോലെ വല്ലാതെ ചാഞ്ചാടുകയായിരുന്നു.

ഒന്നുരണ്ടുവട്ടം കപ്പൽ മറിഞ്ഞു പോവുമെന്നുവരെ ഭയന്നു. ക്യാബിനിലെ കുഴലിൽക്കൂടി വന്ന ക്യാപ്റ്റന്റെ നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശക്തികൂടി ചോർന്നുപോയിരുന്നു.

ഈ പ്രകൃതിയുടെ രൗദ്രതയിൽ എന്റെ ലക്ഷ്യങ്ങൾ കടലിലെ ഉപ്പായി അലിഞ്ഞുപോവുമോ?

കണ്ണീരിന്റെ പടിവാതിലെന്ന് ഈ കടലിടുക്കിന് ആരോ നല്കിയ പേര് തികച്ചും അന്വർത്ഥമാണെന്നുതോന്നി.

എത്രയോ എസ്.ഓ.എസ് വിളികൾ ഇവിടന്നുയർന്നിരിക്കുന്നു!

എത്രയോ മോഹത്തിന്റെ മുനമ്പുകളെ അടിച്ചലറുന്ന ഈ ഭീകരതിരമാലകൾ കുഴിച്ചുമൂടിയിരിക്കുന്നു.

നീണ്ടുനിന്ന കോളിളക്കത്തിന്റെ ഒടുവിലത്തെ ശാന്തതയിൽ ഡെക്കിൽ ഒരുമിച്ചുകൂടിയ വിഭിന്നജനങ്ങളുടെ ഹൃദയങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ പട്ടുനൂലിഴകൾ!

അതെ, സഹനത്തിൽ ലോകം ലോകം ഐക്യവും സൗഹൃദവും കണ്ടെത്തുന്നു; മറ്റെന്തിനേക്കാളുമുപരി......

ലോകത്തിന്റെ എല്ലാഭാഗത്തും നിന്നെത്തിയ എല്ലാ ജനവിഭാഗങ്ങളേയും പ്രതിനിധീകരിക്കുന്ന വൈദിക വിദ്യാർത്ഥികൾ, വലൻസിയായിലെ ലോക പ്രശസ്ത പൊന്തിഫിക്കൽ സെമിനാരിയിൽ മാരിവില്ലു സൃഷ്ടിച്ചു.

ഏഴുനിറങ്ങളിലുള്ള മനുഷ്യർ;

ഏഴുതരത്തിലുള്ള ചിന്താധാരകൾ;

ഏഴു വിഭിന്ന സംസ്കാരങ്ങളുടെ ഉടമകൾ.

ധാർമ്മികചിന്തയുടെ പച്ചപ്പുല്ലുതേടിയെത്തിയ ഇടയച്ചെറുക്കന്മാർ, ഒരാട്ടിൻ കൂട്ടവും ഒരിടയനുമായിത്തീരാനുള്ള സാർവ്വലൗകികതയുടെ നിദർശനം ഉയർത്തിപ്പിടിച്ചു - മനുഷ്യരെല്ലാം ഒന്നാണ്; ഒരേ ദൈവത്തിന്റെ മക്കളാണ്. ഒരേപോലെ ജീവിക്കാനവകാശമുള്ളവരാണ്.

സെമിനാരിയിലെ ജീവിതവും അങ്ങനെയുള്ളതായിരുന്നു. ദേശീയവർണ്ണചിന്തകൾക്കതീതമായി എല്ലാവരുടേയും ലക്ഷ്യം സ്വയം പൂർണ്ണതയായിരുന്നു. പ്രാർത്ഥനയിലൂടെ, ത്യാഗത്തിലൂടെ, പഠനത്തിലൂടെ, പൂർണ്ണതയിലേക്കുള്ള പ്രയത്നത്തിലൂടെ ദിനങ്ങൾ എത്രപെട്ടെന്നാണ് വഴുതിപ്പോകുന്നത്!. ലത്തീൻ പഠിച്ചിരുന്നതുകൊണ്ട് എസ്പാഞ്ഞോൾ ഭാഷ എത്രയെളുപ്പം നാവിനു വഴങ്ങിത്തന്നു!......

ഞായറാഴ്ച ദിനങ്ങളിൽ അടുത്തുള്ള പള്ളികളിൽ പ്രസംഗത്തിനുപോയി. കുട്ടികളെ വേദോപദേശം പഠിപ്പിച്ചു. ഇടക്കിടെ ആളുകളുടെ വീടുകളിലും സന്ദർശനം നടത്തി. ക്രമേണ സാധാരണക്കാരുടെ സ്ഥിതി തന്റെ ശ്രദ്ധയാകർഷിക്കുകയായിരുന്നു.

കാലാവശേഷമായിപ്പോയ ഫ്യൂഡൽ വ്യവസ്ഥിതിയുടെ എച്ചിൽക്കഷ്ണങ്ങൾ ഇപ്പോഴും രാജാധികാരത്തിന്റെ കൊടിക്കീഴിൽ കിടന്നു നാറുന്നത് തെല്ലൊരത്ഭുതത്തോടെ നോക്കിനിന്നു.

ഇന്നും എസ്പ്പാഞ്ഞായെ ഭരണവ്യവസ്ഥിതിയുടെ കാര്യത്തിൽ യൂറോപ്പിലെ മ്യൂസിയമാക്കി മാറ്റാനാണോ എല്ലാവരും ശ്രമിക്കുന്നത്? പ്രോവിൻസു തലസ്ഥാനങ്ങളൊഴിച്ച് താഴ്ന്ന നിലവാരത്തിൽ നില്ക്കുന്ന സാക്ഷരത!

ദാരിദ്ര്യത്തിന്റെ അനുഗ്രഹാശ്ശിസുകളോടെ നിർദ്ധനതയുടെ സുരക്ഷിതത്വത്തിൽ അവരവരെത്തന്നെ കയ്യേല്പിച്ചിരിക്കുന്ന പാവപ്പെട്ടവർ.

അഭിമാനികളും ദേശസ്നേഹികളുമായ എസ്പ്പാഞ്ഞിയർ ഈ പിന്നോക്കാവസ്ഥയെ എങ്ങനെ സഹിക്കുന്നുവെന്നതാണത്ഭുതം! അതും തന്നെപ്പോലെ അയൽക്കാരനെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന ക്രിസ്തുമതം ദേശീ

യമതമായ ദേശത്ത്.

ഇല്ല, ഒരു റോമാചക്രവർത്തിയുടെ അംഗീകാരവും ക്രിസ്തുമത്തിന്റെ അന്തസത്തയെ ക്യാറ്റക്കുമ്മനുകളിൽ നിന്നും കരകയറ്റിയിട്ടില്ല. വിശ്വാസം ഒരു ജീവിതമാർഗ്ഗമാവുന്ന നിമിഷം, അതിലെ മൂല്യങ്ങൾ ചോർന്നുപോകുന്നു, ലക്ഷ്യങ്ങൾ മാറിപ്പോവുന്നു.

ഒരപരിചിതനായി കടൽത്തീരത്ത് തിരകൾ തള്ളിക്കൊണ്ടിട്ട ക്രിസ്തുവിനെ മാത്രം ആരും കണ്ടില്ല. അഹങ്കാരവും സ്വാർത്ഥതയും ചേർന്ന് കാരാഗൃഹത്തിലടച്ച ക്രിസ്തുവിന്റെ വിലാപങ്ങൾക്ക് പുളയുന്ന ചാട്ട ഉത്തരമേകി.

ഓരോരുത്തരും ചോദിച്ചു.

എനിക്ക് സഹായിക്കാൻ ജറുസലേമിൽനിന്ന് ജറീക്കോയിലേക്കു പോകുന്ന ആ മനുഷ്യനെവിടെ? ഇവിടെ ചുറ്റും രോഗികളും പട്ടിണിപ്പാവങ്ങളും മാത്രം!

എനിക്കാരാധിക്കാനൊരു ക്രിസ്തുവെവിടെ? ഇവിടെ നരകിക്കുന്ന മനുഷ്യർ മാത്രം.

കാട്ടുകനികളും തേനും കഴിച്ച് മരുഭൂമിയിൽ എനിക്കെന്താണു വിളിച്ചു പറയാനുള്ളത്? അനുപമമായ നൃത്തത്തിന്റെ ലഹരിയിൽ സ്വയം മറന്നു കൊടുത്ത വാഗ്ദാനം നിറവേറ്റപ്പെടുവാൻ, താലത്തിൽ വെട്ടി വെയ്ക്കപ്പെട്ട ഒരു തലയും എനിക്കില്ലല്ലൊ!

കുരിശുണ്ടാക്കിയ മരമേ ഇന്നുള്ളൂ; കുരിശ് കഷ്ണങ്ങളാക്കി വലിയവരുടെ മൃതദേഹങ്ങളോടൊപ്പം കുഴിച്ചു മൂടിയിരിക്കുന്നു.

കുഞ്ഞാടുകൾക്ക് അയവിറക്കാൻ ആവശ്യമുള്ള ആത്മീയകാര്യത്തെപ്പറ്റി രാജ്യത്തിന്റെ അധികാരികൾ എപ്പോഴും ബോധവാന്മാരായിരുന്നു അസഹനീയ ദാരിദ്ര്യത്തിന് പുറമെയുള്ള എന്തിലേക്കെങ്കിലും അവരുടെ ധാർമ്മിക രോഷം തിരിച്ചുവിടണം. അപ്പോൾ എല്ലാം ഭംഗിയായിരിക്കും. സമാധാനം എങ്ങും കളിയാടും.

അതിനുള്ള വക എത്രവേണമെങ്കിലും ഉണ്ടായിരുന്നല്ലൊ–

ബാസ്ക്കിന് അവകാശപ്പെട്ട, പൈതൃകസംസ്ക്കാരത്തിന്റെ ഉയർത്തിപ്പിടിക്കലാവാം; നിരോധിക്കപ്പെട്ട ഫോൾക്ക് ഡാൻസുകൾ അരങ്ങേറുന്നതിലാവാം.

അല്ലെങ്കിൽ സ്പെയിനിനവകാശപ്പെട്ട ജിബ്രാൾട്ടർ പ്രോവിൻസ്, ബ്രിട്ടൻ അകാരണമായി വച്ചുകൊണ്ടിരിക്കുന്നതിലെ അമർഷം, ഞായറാഴ്ച്ചക്കുർബ്ബാനയിലെ പള്ളി പ്രസംഗങ്ങളിലൂടെ പ്രസരിപ്പിക്കാം. എസ്പ്പാഞ്ഞിയാർക്കുവേണ്ടി ഫ്രാൻസിനോട് യുദ്ധം ചെയ്യാൻ ബ്രിട്ടന് കാലുറപ്പിക്കാൻ അനുവദിച്ചയിടം യുദ്ധം കഴിഞ്ഞെങ്കിലും ബ്രിട്ടൻ തിരിച്ചേല്പ്പിക്കേണ്ടതല്ലേ?

പക്ഷേ, അക്കണക്കിൽ, എസ്പ്പാഞ്ഞിയോയിലെ ക്യാത്തലോനിയയുടെ മേലുള്ള ബ്രിട്ടന്റെ അവകാശവാദത്തിന് ബധിരമായൊരു ചെവിയേ എല്ലാവരും നല്കിയുള്ളൂ.

ഇരുപത്തിനാലു കാരറ്റുള്ള സ്വർണ്ണത്തിന്റെ വാച്ചുകെട്ടിയ വൈദികർ, ദാരി

ദൃത്തിന്റെ മഹത്വത്തെപ്പറ്റി പാവങ്ങളെ ഉദ്ബോധിപ്പിച്ചു.

ഒരു രാജകുമാരനായി, എല്ലാ സുഖൈശ്വര്യങ്ങളോടും ആഡംബരങ്ങളോടും കൂടി അരമനയിൽ വാഴുന്ന മെത്രാൻ, ക്യാഡിലാക്ക് കാറിലിരുന്നു കൊണ്ട്, മുൻഗാമികളായ മുക്കുവരെപ്പറ്റി അഭിമാനം കൊണ്ടു.

രാജാവ് എസ്പ്പാഞ്ഞായുടെ ഭൗതികാധികാരിയായിരുന്നു. എന്നാൽ പള്ളി, സ്വർഗ്ഗത്തിലേയും ശുദ്ധീകരണസ്ഥലത്തേയും അധികാരങ്ങളിലൂടെ ഭൂമിയേയും പിടിച്ചെടുത്തു – ഒപ്പം ദേശത്തെ ഗണ്യമായൊരു ശതമാനം ഒലീവുതോട്ടങ്ങളും; ആപ്പിൾ തോട്ടങ്ങളും; മുന്തിരിത്തോപ്പുകളും.

ബാക്കിസ്ഥലത്തെ മുഴുവൻ ധാന്യങ്ങളും വിളവുകളും വലിയ "പാരഡോറേകൾ"ക്കുള്ളിലെ(1), ഉറപ്പുള്ള കളപ്പുരകളിൽ നിറച്ച്, പ്രഭുക്കന്മാർ, വേശ്യാഗൃഹങ്ങളും വൊമിറ്റോറിയങ്ങളും തീർത്തു.

പ്രഭുകുമാരന്മാർ, ഷെവലിയർമാരായി തിളങ്ങുന്ന വാളുകൾ അരയിൽ തൂക്കി, കുരിശു സംവഹിക്കുന്ന പരിചയണിഞ്ഞ് മനുഷ്യമനസ്സുകളിൽ ഭയത്തിന്റെ കുളമ്പടികൾ സൃഷ്ടിച്ചുകൊണ്ട് പ്രതികാരം ചോദിക്കാൻ അന്യായം തേടി ഊടുവഴികളിലൂടെ പാഞ്ഞുനടന്നു...

ഏകയായിപ്പോയ "സെഞ്ഞോരിറ്റി'കളും (2) വേലചെയ്യുന്ന അവരുടെ സെഞ്ഞോറ'കളും(3) ഷെവലിയർമാരുടെ വാൾമുനകൾക്കു കീഴെ വിജനതയിൽ ഉടുതുണിയഴിച്ചു – ഒരു പീരോപ്പോ അഭിസംബോധനയോടെ.

ആ പരിചയിൽ തൊട്ട് ഒരു ദ്വന്ദ്വയുദ്ധം ക്ഷണിച്ചുവരുത്താൻ തക്ക പരിശീലനമോ ധാർമ്മികശക്തിയോ സാധാരണക്കാർക്കില്ലായിരുന്നല്ലൊ.

സന്ധ്യാരാഗത്തിന്റെ വിതുമ്മിക്കരച്ചിലിൽ കോട്ടകൾക്കകത്തെ വിസ്തൃത പാർലറിൽ നിരന്നു കത്തുന്ന ദീപാവലിയിൽ അൽ സെയ്സിലെ മുന്തിയ ആപ്പിളുകളും ഫ്രാൻസിലെ കോഞ്ഞാക്കും വിലകൂടിയ പാത്രങ്ങളിൽ നിരന്നു. ലഹരിക്ക് ചിറകു മുളച്ചപ്പോൾ ഒരു സമൂഹനൃത്തത്തിൽ പങ്കാളികൾ പരസ്പരം അരയിൽ കൈചുറ്റി.

കോട്ടകളിൽ പ്രവേശനം നിഷേധിക്കപ്പെട്ട സാധാരണക്കാർ ശതാബ്ദങ്ങളുടെ കഥകളയവിറക്കുന്ന കഫേകളിലെ പഴയ ബഞ്ചുകളിലിരുന്ന് ഒരു 'തെർത്തുലിയ'യിൽ(4), സൂര്യനു കീഴെയുള്ള സകല ചരാചരങ്ങളേയും കുറിച്ച് ചൂടോടെ ചർച്ചചെയ്തു – അല്ലെങ്കിൽ ഒരു ചാത്തയോ'യുടെ(5) കുറഞ്ഞ ചൂടിൽ ബിയറിന്റെ "കാഞ്ഞാസ്'(5) മൊത്തി നുണഞ്ഞുകൊണ്ട് സർക്കാരിനെ രഹസ്യമായി ചീത്ത പറഞ്ഞു.

തെരഗാനയുടേയും ജൂബിലിയാനോസിന്റേയും മാതൃസ്നേഹം സ്ഫുരിക്കുന്ന ലത്തീൻ കവിതകൾക്ക് പുളിച്ച വീഞ്ഞിന്റെ ചാത്തോ'(6)യിൽ നിന്നും ചിറകുമുളച്ചു; നീറോയുടെ ഗുരുവായിരുന്ന സെനക്കയുടെ ഇബേരിയൻ (7) ഉത്ഭവവും അവരെ പുളകം കൊള്ളിക്കുന്നതായിരുന്നു.

---

1.പഴയ കൊട്ടാരങ്ങളോ, കോട്ടകളോ. 2.പെൺകുട്ടി 3.സ്ത്രീ 4.സായാഹ്നങ്ങളിലെ ഒരുമിച്ചു കൂടൽ 5.Hearth (മുറിയുടെ നടുക്ക് ചൂടിനു വേണ്ടി കത്തിക്കുന്ന കൽക്കരിയടുപ്പ്) 6.ചെറിയ ക്യാൻ 7.സ്പെയിനും പോർച്ചുകലും ചേർന്ന ഭൂവിഭാഗം.

വീഞ്ഞോ, മറ്റു ലഹരിപദാർത്ഥങ്ങളോ കൂടാതെതന്നെ ലഹരിയുണർത്തുന്നതാണല്ലോ, വി. ജയിംസിന്റെ പുരാതനമായ ആഗമനം. അല്ലെങ്കിൽ അരവയറോടെ സൂര്യസ്നാനം ചെയ്യുമ്പോൾ എക്ലേസിയായുടെ (1) മഹത്വത്തെയോർക്കാം!

അജ്ഞതയുടെ അനുഗ്രഹാശിസ്സുകളാണല്ലോ ഇവിടത്തെ ഏറ്റവും വലിയ കൈമുതൽ! ഒരു ഇബേരിയൻ കുടുംബനാമം ഉയർത്തിപ്പിടിച്ച്, മെഡിറ്ററേനിയൻ സംസ്കാരത്തിൽ അഭിമാനംകൊണ്ട്, ഇവയെയെല്ലാം അതതു സ്ഥാനങ്ങളിലുറപ്പിക്കുന്ന മതത്തെ എല്ലാം മറന്ന് 'സെഞ്ഞോറു'കൾ (2) പിന്താങ്ങി. അപ്പോഴും ഹോമിക്കാൻ ബലിയാടുകളെ ലഭിക്കാതെ യാഗാഗ്നി ജഠാരങ്ങളിൽ അമർന്നുകത്തി.

അമ്മമാരുടെ, അമ്മിഞ്ഞ വറ്റിയ മുലകൾ നാക്കുകൊണ്ടുതള്ളിക്കളഞ്ഞ് സ്വന്തം കാൽവിരലുകൾ ഈമ്പിക്കൊണ്ട് കുഞ്ഞുങ്ങൾ ചെറുകട്ടിലിൽ മലർന്നുകിടന്നു.

നെപ്പോളിയന്റെ കുറുകിയ പാദങ്ങൾ നടത്തിയ ജൈത്രയാത്രയിൽ, ഉണങ്ങിപ്പോയ പുല്ലുകൾ ഇനിയും കിളുർക്കാൻ നേരമായിട്ടില്ലല്ലോ! കുള്ളതയുടെ അപകർഷതാബോധത്തിൽ നിന്നുയർന്ന സാമ്രാജ്യാതിമോഹത്തിൽ എരിഞ്ഞടങ്ങിയ ഇവിടത്തെ ഐശ്വര്യത്തിൽ നിന്നും ഇതുവരെ ഒരു ഫീനിക്സ് പറന്നുയർന്നിട്ടില്ല. ദാരിദ്ര്യത്തിന്റെ ഈ താണ്ഡവമാട്ടത്തിൽ നിന്നും ഉയർത്തെഴുന്നേറ്റത് - ചൂഷണം മാത്രം.

ഒട്ടകങ്ങളെപ്പൂട്ടി നിലമുഴുമ്പോൾ കൊഴു ഉയർത്തിക്കൊണ്ടുവരുന്നത് തലയോട്ടികളും; മനുഷ്യാസ്ഥികളുമാണ്. നെപ്പോളിയന്റെ അധീനതയിൽനിന്നും തലയൂരാൻ വേണ്ടി, ഒരു സെഞ്ഞോർ മറ്റൊരു സെഞ്ഞോറിന്റെ നേരെ കുറ്റപത്രമുൾക്കൊള്ളുന്ന വിരൽ ചൂണ്ടി - മകൻ അപ്പനെതിരായും മകൾ അമ്മയ്ക്കെതിരായും ഉടവാളുയർത്തി; രാജ്യത്തെ അടക്കിഭരിക്കുന്ന വിദേശശക്തികൾക്കെതിരെയുള്ള ഊറ്റം കൊള്ളലിൽ, ഉദിച്ചുയർന്ന രാജ്യസ്നേഹത്തിന്റെ പേരിൽ ഉറ്റവരുടേയും ഉടയവരുടേയും രക്തംകൊണ്ട് ഉടവാളിനവർ തിലകം ചാർത്തി.

'കപടമായ ഈ രാജ്യസ്നേഹത്തിന്റെ പേരിൽ കൊയ്തെറിയപ്പെട്ട പിതൃക്കളുടെ തലകൾ ഒഴവുചാലിൽ ഉയിർത്തുവരുമ്പോൾ എങ്ങനെ ഒരു നാടിന് ഐശ്വര്യത്തിലേക്ക് ജൈത്രയാത്ര നടത്താനാവും?' വർഷങ്ങൾ നീണ്ടുനിന്ന യുദ്ധത്തിന്റെ ഭീതിദ ഓർമ്മയിൽ മഥിക്കപ്പെടുമ്പോൾ ഗാർസിയ ലുവേത്തയുടെ കണ്ണുകളിൽ ഭയം രൂപംകൊണ്ടു. രക്തത്തിന്റെ കറ ഇപ്പോഴുമുണ്ടോയെന്നദ്ദേഹം ചിലപ്പോഴൊക്കെ സ്വന്തം കൈവെള്ളയിലേക്ക് അറിയാതെ സൂക്ഷിച്ചു നോക്കി.

സ്വന്തം വിധിയേയും അധികാരികളുടെ ദുർമ്മോഹങ്ങളേയും കുറിച്ച് വിലപിച്ചുകൊണ്ട് ദിനങ്ങൾ തള്ളിനീക്കുന്ന ഗാർസിയാ, സാധാരണക്കാരുടെ വേദ

---

1. കത്തോലക്കപ്പള്ളി
2. സ്പാനിഷ് പുരുഷന്മാർ

നകൾക്ക് ഉത്തമ ദൃഷ്ടാന്തമായിരുന്നു.

പക്ഷേ ഒരു വിദേശിയായ ഞാനാ അധിക്ഷേപത്തിൽ പങ്കുകൂടി ഗവൺമെന്റിനെ വിമർശിച്ചപ്പോൾ, അദ്ദേഹം വിരോധിച്ചു; എന്നിൽ ഒരു കുർസിലേറിയാ'യുടെ(1) മുകുളങ്ങൾ അദ്ദേഹം കണ്ടെത്തി.

ചെറിയ അന്യായങ്ങൾക്കുപോലും എതിരായി വാളുയർത്തുന്ന എസ്പ്പാഞ്ഞാക്കാർ, രാജ്യത്തെ ഈ വൻ അനീതിക്കെതിരെ നിശ്ശബ്ദത പൂണ്ടുനില്ക്കുന്നത് അതിശയകരമായിരിക്കുന്നു!. രാജാവും മതവും കൂടി, ഒരു വിപ്ലവത്തിൽ നാടിനെ പുനരുദ്ധരിക്കാമെന്നുള്ള ആത്മവിശ്വാസം സാധാരണക്കാരിൽനിന്നും ചോർത്തിക്കളഞ്ഞിരിക്കുന്നു.

അതോ, "എൻസിഡി"ന്റെ(2) രണ്ടാം ആഗമനത്തെ ഇവർ പാർത്തിരിക്കുന്നോ?

ആദ്യകാലങ്ങളിൽ വിദേശിയെന്നുള്ള വിലയിരുത്തലിൽ, തെർത്തുലിയകളിലേയും, ചാത്തെയോകളിലേയും ചാർച്ചകളിൽ, രാഷ്ട്രീയവിമർശനത്തിൽ ഞാനിടപെട്ടപ്പോൾ, സെഞ്ഞോറുകളുടെ മുഖഭാവം കാണണം – അവന്റെ ശവമടക്കിൽ, ആരും ഒരു മെഴുകുതിരിയവനു നല്കാതിരുന്നെങ്കിൽ – എന്ന ഭാവം.

പോരെങ്കിൽ പരമദരിദ്രരായ ഇൻഡ്യക്കാർ ഇവിടെ വന്ന് ഉദ്ധരിക്കുന്നതിന് മുമ്പ് സ്വന്തം ഇൻഡ്യയെ ഉദ്ധരിക്കട്ടെ എന്ന ആര്യഭാവം!

എങ്കിലും സമയങ്ങളുടെ കുതിരപ്പാച്ചിലിൽ, ചെറിയ പല പ്രശ്നങ്ങളും നിയമപരമായിത്തന്നെ പരിഹരിച്ചു കൊടുക്കാൻ സഹായിച്ചപ്പോൾ ശ്രദ്ധാത്മകമായൊരു ചെവിയവർ വട്ടം പിടിച്ചു തന്നു.

എസ്പാഞ്ഞായുടെ ഇന്നത്തെ ദുരിതാവസ്ഥയ്ക്ക് പ്രായോഗികമായ പ്രതിവിധിയറിയാനും പ്രാവർത്തികമാക്കാനും എനിക്കുള്ള ഉത്ക്കണ്ഠ ഞാൻ മനസ്സിലാക്കിക്കൊടുത്തപ്പോൾ, അടുത്തുള്ള ഇടവകകളിൽ എന്റെ ഞായറാഴ്ച പ്രസംഗങ്ങളിൽ പ്രായോഗിക ജീവിതത്തിന് കൂടുതൽ ഊന്നൽ കൊടുത്തപ്പോൾ എന്റെ അഭിപ്രായങ്ങൾക്ക് സാധാരണക്കാർ കൂടുതൽ ഗൗരവം നല്കി.

ബാല്യത്തിൽ ഞാനനുഭവിച്ചിരുന്ന പട്ടിണിയും കഷ്ടപ്പാടുകളും ഈ ചെറിയവരുടെ ദുരിതങ്ങളെ പൂർണ്ണമായുൾക്കൊള്ളാനുള്ള മാനദണ്ഡമായിരുന്നു. എന്റെ ചെറുപ്പത്തെ കൊത്തിപ്പറിച്ച യാതനകൾ, ഗവൺമെന്റിന്റെ ശക്തമായ അടിച്ചമർത്തലുകളിൽ ശ്വാസം മുട്ടിക്കഴിയുന്ന സാധാരണക്കാരുടെ നിസ്സഹായാവസ്ഥയെക്കുറിച്ച് മനസ്സിലാക്കാനുള്ള അവസരം തന്നു.

ഈ വൻചൂഷണത്തിൽനിന്നും എസ്പ്പാഞ്ഞായുടെ എൺപതുശതമാനം വരുന്ന പാവപ്പെട്ടവരെ ഉദ്ധരിക്കാനുള്ള ജോലി, ഒട്ടും എളുപ്പമല്ലെന്ന് ആലോചിക്കുന്നവർക്കെല്ലാം അറിയാം.

എങ്കിലും ഈ ചെറിയവരുടെ മുഖങ്ങളിൽ രക്തം ഇറ്റിനിൽക്കുന്ന മുഖത്തെ വിയർപ്പുതുള്ളികളിൽ തൂവാലയുമായി അടുത്തുചെല്ലുന്ന വേറോനി

---

1. കപടഭക്തി തുടങ്ങിയ സാമൂഹിക കുറ്റം
2. സ്പെയിനിൽ മദ്ധ്യശതകങ്ങളിൽ ജീവിച്ചിരുന്ന ഐതീഹ്യപുരുഷൻ.

ക്കയുടെ പ്രതിരൂപം!

അവിടുന്ന് മൗനമായി ആവശ്യപ്പെടുന്നു. വിശക്കുന്നു – എനിക്കാഹാരം തരൂ!

ദാഹിക്കുന്നു – എനിക്ക് പാനീയം തരൂ!

ഞാൻ കാരാഗൃഹത്തിലാണ് – കൺതുറന്നു കാണൂ!

ഇവിടത്തെ സാഹചര്യങ്ങൾ വെളിപ്പെടുത്തി എഴുതിയ കത്തിനുള്ള മറുപടിയിൽ തോമാസ്സച്ചനും അതുതന്നെയാണല്ലോ ഊന്നിപ്പറഞ്ഞത് –

"ക്രിസ്തു ഒരിക്കലും ധനികരുമായി തന്നെത്തന്നെ സമന്വയപ്പെടുത്തിയിട്ടില്ലെന്നോർക്കുക!

പക്ഷേ പള്ളി ക്രിസ്തുവിനെ തെറ്റിദ്ധരിച്ചിരിക്കുന്നു. പലരും ആഡംബരത്തിൽ കുടുങ്ങിപ്പോയിരിക്കുന്നു.

എനിക്കറിയാം, ഏല്യാസിനൊരു പൂമെത്തയല്ല ദൈവം ഒരുക്കിയിരിക്കുന്നത്. പക്ഷെ, ഈ ചെറിയവരിലെ യേശുവിനെ പിന്തുടരാൻ അതേ ഒരു മാർഗ്ഗമുള്ളൂ.

ഗാഗുൽത്തായിലേക്ക് കൂർത്ത കല്ലുകളും മുൾപ്പടർപ്പുകളും നിറഞ്ഞ വഴിയേയുള്ളൂ.....'

ഇപ്പോഴെന്റെ രക്തപ്പുഴകൾക്ക് ഒഴുകാനൊരു താഴ്‌വര കണ്ടെത്തിയിരിക്കുന്നു. ഇവിടം കണ്ടെത്താൻ ഞാൻ വളരെ പാടുപെട്ടു; വളരെ ദിനങ്ങൾ ആലോചിച്ചു. ഇനി ലക്ഷ്യം കണ്ടെത്താതെ, ഞാനിവിടന്ന് പോവില്ല – എരിയുന്ന കുറ്റിയിലേക്കെന്നെ* നയിച്ചോളൂ!

എന്റെ കയ്യിലെ അസ്ഥികൾ ബലഹീനമാണെന്നറിയാം. എങ്കിലും താഴെയിട്ടാൽ പാമ്പാവുന്ന വടിയും കൊടുത്താണല്ലോ ബലഹീനരായ മോശമാരെ ഫറവോന്റെയടുത്തേക്ക് ദൈവം യാത്രയാക്കുന്നത്.

പ്രകൃതി വസന്തോത്സവത്തിന് ഒരുക്കമായുള്ള നീണ്ട ധ്യാനത്തിന്റെ മൺപുറ്റിലേക്ക് ചുരുണ്ടിറങ്ങുകയായിരുന്നു. ഋതുപരിണാമത്തിന്റെ ആദ്യ വീചികളുമായി ചക്രവാളത്തിൽ നിന്നടിച്ചു കയറുന്ന കാറ്റുകൾ സൂര്യകിരണങ്ങളെ മേഘങ്ങൾ കൊണ്ടു മറച്ചു. തണുപ്പിന്റെ മരവിച്ച കരങ്ങൾ കിനാവള്ളിയുടെ ഊർച്ചയുള്ള കരങ്ങളായി എങ്ങും അരിച്ചുകയറി.

ദിനങ്ങളുടെ നീളം അമ്പരപ്പിക്കുന്നവിധം ചെറുതാവുകയായിരുന്നു.

ഭൂമിക്കുമേലെ തണുപ്പിന്റെ കട്ടിയേറിയ മൂടി വന്നടിഞ്ഞു.

സൂര്യൻ ഒരു സ്വപ്നം മാത്രമായവശേഷിച്ചു.

നഗ്നരായ മാസ്റ്റിക് മരങ്ങളും ഓക്കു വൃക്ഷങ്ങളും ഒലീവ് ശാഖകളും പൊഴിഞ്ഞുവീണ മഞ്ഞിന്റെ വെളുത്ത വസ്ത്രങ്ങൾ കൈനീട്ടി സ്വീകരിച്ചു. സെമിനാരി തോട്ടത്തിലെ ബാൾസവും, ഡാലിയായും, സീനിയായും, റ്റ്യൂലിപ്പും, മസ്കരേഡ് റോസും കട്ടിയായി പെയ്ത മഞ്ഞിന്റെ കവചത്തിൽ ശ്വാസംമുട്ടി മരിച്ചു.

---

***stake;** ഴാങ്ദാർക്ക് പോലുള്ള അവിശ്വാസികളെ പള്ളിയധികൃതർ കൊല്ലാൻ വിധിച്ചിരുന്ന മാർഗം; കുറ്റിയിൽകെട്ടിയെരിക്കൽ.

ഭൂമി ചെയ്ത എല്ലാ പാപങ്ങളേയും പ്രകൃതി വെള്ളതേച്ചു വെളുപ്പിച്ചു....

വസന്തം പുനർജ്ജന്മം കൊണ്ടുവരുന്നു.

ഗ്രീഷ്മകാലം ഊഷ്മളതയും വളർച്ചയും തരുന്നു.

ശരത് കണ്ണഞ്ചിക്കുന്ന വർണ്ണങ്ങളും കൊയ്ത്തുത്സവങ്ങളുമായെത്തുന്നു.

എന്നാൽ ശിശിരമോ, കടുത്ത ശൈത്യവും ആഹാരദൗർലഭ്യതയുംകൊണ്ട് യുവത്വത്തിനും വാർദ്ധക്യത്തിനും ക്ഷീണിതർക്കും ഒരുപോലെയുള്ള വെല്ലുവിളിയാണ്.

ജീവികൾ അനന്തമായൊരുറക്കത്തിന്റെ പതുപതുത്ത മെത്തയിലേക്ക് ആണ്ടിറങ്ങുന്നു.

ഹേമന്തത്തിന്റെ കൈപിടിച്ചു വന്ന മഴയും കോടക്കാറ്റും സ്ഥിതി വഷളാക്കിയതേയുള്ളൂ. സെമിനാരി സ്വീകരണമുറിയിൽ വച്ച് തെർമോമീറ്ററിലെ രസവിതാനം മൈനസ് പത്തിലേക്കു താണു.

ദിവസം മുഴുവൻ വീടുകളുടെ മേൽക്കൂരകളും വൃക്ഷശിഖരങ്ങളും ഭൂമിയും വെളുത്ത മഞ്ഞിൽ പുതഞ്ഞുകിടന്നു. എങ്ങും, എവിടെ നോക്കിയാലും ധവളിമ മാത്രം. കൽക്കരിയിട്ടു കത്തിക്കുന്ന വലിയ ഹാർത്തിനുമുമ്പിലിരുന്നിട്ടും താടി വല്ലാതെ തട്ടി. ശരീരത്തിലൂടെ അനുസ്യൂതം ഒഴുകുന്ന കുളിരിന്റെ തരംഗത്തിൽ ശരീരം കിടുകിടുത്തു. കയ്യുറ ഇട്ടിരുന്നിട്ടും കയ്യുകൾ തണുത്തു മരവിച്ചിരുന്നു.

ശരീരത്തിന്റെ അഭിലാഷങ്ങളെ നിഹനിക്കാൻ ഏറ്റവും നല്ല അവസരമായിരുന്നു. ഇടയ്ക്കിടെ പത്തിവിരിച്ചുയരുന്ന ചുവന്ന ലോകത്തിന്റെ ഓർമ്മയിൽ ഏകാന്തതയിലെ മരക്കൊമ്പ് വളഞ്ഞു ചുറ്റിയുയർന്നപ്പോൾ കയ്യുറകൾ ഒന്നൊന്നായി ഊരി മാറ്റി; കമ്പിളി വസ്ത്രങ്ങൾ ഒന്നൊന്നായി അഴിച്ചു മാറ്റി. ഉറയുന്ന തണുപ്പിൽ വീണുരുണ്ടു. മരത്തിന്റെ പലകയിൽ ചരലുകൾ വിതറി അതിൽ കിടന്നുറങ്ങി. അങ്ങനെ, ശരീരത്തിന്റെ ഒരു കോച്ചിവലിയലിൽ ലൗകികമോഹങ്ങൾ ഒന്നൊന്നായി പുറത്തുചാടി.

ഇല്ല, എന്റെ പരമശത്രുവായ ഈ ശരീരത്തിന്റെ ഒരഭിലാഷവും നിറവേറ്റാൻ എനിക്കാവില്ല.

ഉചിതമായ ആഹാരപദാർത്ഥങ്ങളില്ലാതെ, ഉള്ള ഹാർത്തിലിടാൻ കല്ക്കരിയില്ലാതെ തണുത്തു മരവിക്കുന്ന ആയിരങ്ങളെപ്പറ്റി ബോധവാനായിരുന്നു. മഞ്ഞിൽ പുതഞ്ഞ് മരിച്ചുവീണവരെപ്പറ്റി പത്രങ്ങളും രാജവൃത്തങ്ങളും മൗനം പൂണ്ടു.

വിശപ്പിന്റെയൊപ്പം, വരണ്ട തണുപ്പും രോഗവും കൈചേർത്തുള്ള ആക്രമണം. മതവും തലയിൽ ചാരമിട്ട് സ്വന്തം ചാക്കുവസ്ത്രത്തിലേക്ക് ചുരുണ്ടുകൂടി.

പവിത്രത തൂകുന്ന ശാന്തത നിറഞ്ഞ രാവിൽ പിള്ളത്തൊട്ടിയിൽക്കിടത്തി കച്ചവസ്ത്രങ്ങൾ പൊതിഞ്ഞുകിടന്ന ശിശു മുരണ്ടു.

‘എനിക്ക് വിശന്നു, നിങ്ങളെനിക്ക് ആഹാരം തന്നില്ല,

എനിക്ക് ദാഹിച്ചു, നിങ്ങളെനിക്ക് കുടിക്കാൻ തന്നില്ല;

ഞാൻ രോഗിയായിരുന്നു, നിങ്ങളെന്നെ വന്നുകണ്ടില്ല.'

ചോദിച്ചു, "കർത്താവേ എപ്പോൾ?"

"ഈ ചെറിയവരോടു ചെയ്തപ്പോഴെല്ലാം എന്നോടാണു നീ ചെയ്തത്.

എനിക്കു ചുറ്റും ഈ ചെറിയവരിൽ ഒരുത്തനായി അവതരിച്ച ഈശോ. തണുപ്പിൽ മരവിക്കുന്ന അവിടുത്തെ സേവിക്കാനാഗ്രഹമുണ്ടായിരുന്നു.

സുപ്രീരിയറച്ചനോട് അനുവാദം ചോദിച്ചു.

പക്ഷേ, അഭിഷിക്തതയ്ക്കു മുമ്പ് സേവനം സെമിനാരി നിയമങ്ങളിലുൾപ്പെടുന്നില്ല.

സ്വന്തം ഇച്ഛാശക്തിയെ അർച്ചിക്കുന്ന അനുസരണ, ആത്മബലിയേക്കാൾ മഹത്തരമാണല്ലൊ.

അനുസരിച്ചു.

അപ്പോഴും അങ്ങകലെ, വളഞ്ഞ ചക്രവാളത്തിൽ ഒരു അരിവാളിന്റെ ആകൃതിയിൽ മനോജ്ഞമായ മഴവില്ല് പാവങ്ങളോടുള്ള ഉടമ്പടിയുമായി ഉയർന്നു വരുന്നതു കണ്ടു.

എവിടെയോ ഒരു നെരൂദ വിപ്ലവത്തിന്റെ കാഹളമൂതുന്നു....

# ഇരുപത്തി അഞ്ച്

**പു**രാതന റോമാക്കാരുടെ, കാർത്തജീനിയക്കാർ നിലംപരിശാക്കിയ മഹത്വത്തിന്റെ പ്രതീകമായി കല്ലിന്മേൽ കല്ലു ശേഷിക്കാത്ത സാഗുന്തും'(1) രണ്ടാം പ്യൂണിക്ക് യുദ്ധത്തിന്റെ ഭീതിദ ഓർമ്മകളെ അയവിറക്കിക്കൊണ്ടു കിടക്കുകയാണെന്നുതോന്നി.

പൂപ്പലുകൾ പിടിച്ച ഈ കരിങ്കല്ലുകൾക്ക് എത്രയോ ശതാബ്ദങ്ങളുടെ കഥകൾ അയവിറക്കാനുണ്ടാകും!

പുരാതന ക്രിസ്ത്യാനികളുടെ രക്തം, എത്രയോ വട്ടം ഈ ആംഫിതിയേറ്ററിലെ പൂഴിമണ്ണിൽ, സിംഹത്തിന്റെ കൂർത്ത പല്ലിലൂടെ ഇറ്റുവീണു!.

എത്രയോ യുവാക്കളുടെ തല മത്സ്യത്തിന്റെ മുദ്ര(2) ആരോപിക്കപ്പെട്ട് ഇവിടെ വീണുരുണ്ടു!

എത്രയോ യുവതികളുടെ ചാരിത്ര്യം സർവ്വതാപതിയായ ചെങ്കോൽ ഇവിടെ കടിച്ചീമ്പി.

ഒടുവിൽ ബാൽദേവന്റെ ശുദ്ധതയിൽ നിന്നുകൊണ്ട്, സോണിക്ക സാഗുന്തുമിന്റെ മുരത്ത മതിൽക്കെട്ടിനു മുകളിലൂടെ, ഫിനീഷ്യൻ കുതിരപ്പടയുടെ ആഗമനം വരുന്നതുകണ്ട നിമിഷം വരേയും, റോമാക്കാരുടെ പരമാധികാരം വെല്ലുവിളിക്കപ്പെടാനാവില്ലെന്നായിരുന്നല്ലോ ധാരണ.

സ്ത്രീകളുടെ അലമുറ ബാൽദേവന്റെ സന്നിധിയിലേക്കുയർന്നപ്പോൾ മരണം ഏറ്റുവാങ്ങാൻ തയ്യാറായ പുരുഷന്മാരുടെ തണുത്ത വാളുകൾ അരയിൽ കിടന്നു കിടുങ്ങി.

നീണ്ടുനിന്ന ഘഡ്ഗീയ വിനോദത്തിൽ, കാലം ഒരു കുഞ്ഞായി തീരത്തു കളിച്ചിരുന്ന കാട്ടരുവിക്ക് ഗർവ്വിഷ്ഠയായ റോം സ്വന്തം രക്തത്തിന്റെ നിറം കൊടുത്തു. അന്ന് ചരിത്രത്തിന് ചെറുപ്പമായിരുന്നു; അനുഭവങ്ങൾ ബാലിശങ്ങളുമായിരുന്നു.

ഭാവനയുടെ കൊത്തളങ്ങൾ റോമിന്റെ അധികാരത്തിന് നിറംപിടിപ്പിക്കുമെന്ന് ഇനി കരുതാനാവില്ല. നഷ്ടപ്പെട്ട പ്രതാപങ്ങളുടെ, സ്വർണ്ണത്തിന്റേയും കുങ്കുമത്തിന്റേയും മേൽക്കട്ടി, എസ്പ്പാഞ്ഞാ മുഴുവൻ ഇളക്കി മറിച്ചാലും ഇനി കണ്ടെത്താനാവില്ല.

സന്തോഷജനകവും അഭിവൃദ്ധിപരവുമായ ഗ്രീക്ക് ജീവിതത്തെ പെലനേപ്പേഷ്യൻ യുദ്ധത്തിലെ തോൽവി തത്വചിന്താപരതയിലേക്കു നയിച്ചതു പോലെ പ്യൂണിക്ക് യുദ്ധം റോമിനെ സത്യത്തിന്റെ തുറമുഖത്തേക്കു നയിക്കുമെന്നു കരുതിയെങ്കിൽ തെറ്റി.

---

1. സ്പെയ്നിലെ പഴയ ആംഫി തിയേറ്റർ
2.ക്രിസ്ത്യാനികളുടെ രഹസ്യചിഹ്നം

കാലത്തിന്റെ ചെറുകാറ്റിൽ പൊട്ടിത്തകരുന്ന, മനുഷ്യസ്വാർത്ഥതയുടെ ചിലന്തിവലകളിൽ കണ്ണുനട്ടുകൊണ്ടിരിക്കെയാണ് ബ്രദർ തുത്തുവോള സ്വത സിദ്ധമായ വേദനാജനകം പുഞ്ചിരിയുമായി അടുത്തുവന്നത്.

ഈയിടെയായി സെമിനാരിയിൽ നിന്നും സായാഹ്നസവാരിക്ക് പോകു മ്പോൾ എന്നും തന്നോടൊപ്പം ഇദ്ദേഹവും വരാറുണ്ടല്ലോ. എന്തോ, എന്റെ കൂട്ടത്തിൽ ബ്രദർ തുത്തുവോളം കൂടുതൽ ഗൃഹസ്ഥനാവുന്നു.

വിനോദങ്ങളിലും, പ്രവൃത്തികളിലും, പഠനങ്ങളിലും, പ്രാർത്ഥനയുടെ ഐക്യത്തിലും ദേശഭാഷകൾ മറന്ന് എല്ലാ വൈദികവിദ്യാർത്ഥികളും പര സ്പരം മാനസികമായി അടുത്തു. എന്നിട്ടും നിശ്ശബ്ദതയുടെ ചെറുകാറ്റടി ക്കുമ്പോൾ, ഐക്യം സൃഷ്ടിച്ച മതത്തിന്റെ നങ്കൂരങ്ങളെ പിഴുതെറിഞ്ഞ് ചിന്ത യുടെ പായ്ക്കപ്പൽ ഓരോ വഴിക്കും തിരിഞ്ഞു; വിഭിന്ന സംസ്ക്കാരങ്ങളുടെ അന്തർപ്രവാഹങ്ങൾ ചിന്താഗതിയെ നയിച്ചു.

ഒടുവിൽ എത്തപ്പെട്ടതോ, ഏകാന്തതയുടെ തുരുത്തിലും! ഈ തുരുത്തിൽ, ഹൃദയം തുറക്കാനൊരു പങ്കാളിയില്ലാതെ ഏറ്റവും ദുഃഖിതനായി കാണപ്പെ ട്ടത് അമേരിക്കയിൽ നിന്നെത്തിയ ബ്രദർ തുത്തുവോളയായിരുന്നു. കറുത്ത നിറവും, തടിച്ചുമലർന്ന ചുണ്ടും, സ്പ്രിംഗുപോലെ ചുരുണ്ട മുടിയും അദ്ദേ ഹത്തിലെ ആഫ്രിക്കൻ വംശജനെ ഒറ്റിക്കൊടുത്തു. കറുപ്പിലും വെളുപ്പിലും ഒരേ മനുഷ്യനെ കണ്ടെത്താൻ കഴിയാത്ത ലോകത്തിൽ ബ്രദർ തുത്തുവോള ഏകനായിരുന്നു. വെളുത്തവരുടെ ദൈവം കറുത്തവരുടേതിനേക്കാൾ ശ്രേഷ്ഠനായതു കൊണ്ടാവാം.

യൂറോപ്പിലെ ഇന്ത്യക്കാരുടെ ദുഃഖവും, സൂര്യവികിരണത്തിൽ ആവശ്യ ത്തിലേറെ പരക്കുന്ന മെലാനിൽ പിഗ്മെന്റാണല്ലോ.

കറുത്തവർക്കേ കറുത്തവരുടെ ദുഃഖം പൂർണ്ണമായി മനസ്സിലാവൂ!

ഏകാന്തതയുടെ തുരുത്തുകൾ തമ്മിലടുത്തപ്പോൾ ഇടക്കുള്ള ഗർത്ത ത്തിന്റെ ആഴംകുറഞ്ഞു.

സ്നേഹത്തിന്റെ അർത്ഥം തേടി, ക്രിസ്തുമതത്തിലെ യാഥാർത്ഥ്യം തേടി ഇറങ്ങിപ്പുറപ്പെട്ട പാവം മനുഷ്യൻ.

കേൾക്കാൻ താല്പര്യം കാണിച്ചപ്പോൾ, സാഗന്തുവിന്റെ ഇടിഞ്ഞുവീണ കല്ലുകളിൽ ഉറപ്പിച്ചു നിർത്തിയ ബ്രദറിന്റെ കണ്ണുകളിൽ ആഫ്രിക്കയിലെ സ്വസ്ഥജീവിതം ഒരു നിറംമങ്ങിയ സ്വപ്നമായി മയങ്ങിക്കിടക്കുന്നതു കാണാനൊത്തു.

നട്ടുച്ചക്കുപോലും സൂര്യനെത്തിനോക്കാത്ത കോംഗോ വനാന്തരങ്ങളിൽ മരഞ്ചാടികളെപ്പോലെ സ്വതന്ത്രരായി നനഞ്ഞ ചില്ലകളിൽ തൂങ്ങിയാടി, വിഷം പുരട്ടിയ അമ്പും വില്ലുമുപയോഗിച്ച് മൃഗങ്ങളെ വേട്ടയാടി പുല്ലുമേഞ്ഞ കുടിലുകളിൽ ജീവിക്കെയാണ് ഒരു കയ്യിൽ വാളും മറുകയ്യിൽ കുരിശുമായി,

സുവിശേഷം പ്രസംഗിച്ചുകൊണ്ട് വെള്ളക്കാരെത്തിയത്.

കോംഗോ നദിയിൽ മുക്രയിടുന്ന ഹിപ്പൊക്കുഞ്ഞുങ്ങളെപ്പോലെ, വെള്ളക്കാരുടെ സഹോദരസ്നേഹം കൗതുകമുണർത്തി. പക്ഷേ, ദേഹത്തു വീണു ഞെരിക്കാൻ അവസരം പാർത്ത് വലിയ മരങ്ങളുടെ മുകളിൽ പതുങ്ങിക്കിടക്കുന്ന ആസന്നഭാവിയുടെ കരിന്തണ്ടൻ പാമ്പുകളെ ദർശിക്കാനുള്ള ബുദ്ധി ആദിവാസികൾക്കില്ലാതെപോയി.

വെള്ളക്കാർ കൗശലമായിരുന്നു. അവന്റെ മതംകൊണ്ട് ഇരുണ്ട ഭൂഖണ്ഡത്തിലേക്ക് പാദപതനം കേൾപ്പിക്കാതെ സമാധാനപൂർവ്വം അവർ വന്നു. അവൻ പ്രസംഗിക്കുന്ന വിഡ്ഢിത്തത്തിൽ രസം തോന്നി കൂടെ താമസിക്കാനനുവദിച്ചു. അങ്ങനെ അവൻ ഞങ്ങളുടെ സഹോദരങ്ങളെ നേടിക്കൊണ്ട് ഞങ്ങളുടെ ഗോത്രങ്ങളെ പിളർന്നു.

എങ്കിലും അവർ ജലംകൊണ്ടു മാത്രം മാമ്മോദീസ നല്കുന്ന ശുദ്ധാത്മാക്കളായിരുന്നു.

അഗ്നികൊണ്ട് മാമ്മോദീസ നല്കുന്നവർ പിന്നീടാണു വന്നത്...

അഗ്നിയുതിർക്കുന്ന തോക്കിൻകുഴലിന്റെ മുനയിൽ ഗ്രാമത്തിലെ ശക്തരായ യുവാക്കളെയെല്ലാം, കോംഗോ നദിയിൽ നങ്കൂരമുറപ്പിച്ചിരുന്ന കപ്പലിലേക്ക് അവസാനമായി നയിക്കുമ്പോൾ, ഏകമകനെ നഷ്ടപ്പെടുന്ന ദുഃഖം ഘനീഭവിച്ച് പ്രതിമയായിപ്പോയ വിധവയും വൃദ്ധയുമായ അമ്മ, നദിതീരത്തെ പാറയിടുക്കിലിരുന്ന് നിശ്ശബ്ദം കണ്ണീരൊഴുക്കി.

ഒരു ഹുങ്കാരത്തോടെ കപ്പൽ ചലിച്ചുനീങ്ങിയപ്പോൾ പുറകോട്ടു മറിഞ്ഞ ആ ശരീരം എന്നേക്കുമായി നിശ്ചലമാവുകയായിരുന്നു– കണ്ണു തുറന്നിരുന്നെങ്കിലും സാഹോദര്യം പ്രസംഗിക്കുന്ന മതത്തിലെ സ്നേഹത്തിന്റെ അന്തർധാര അവർ കണ്ടില്ല; കാതു തുറന്നിരുന്നിട്ടും കേട്ടില്ല.

കാലുകളിൽ ചങ്ങലയും കൈകളിൽ വിലങ്ങുമായി കപ്പലിന്റെ ഇരുണ്ട അടിത്തട്ടിൽ ബന്ധിതരായ അനേകരിൽ ഒരുത്തനായി, ദിനരാത്രങ്ങളില്ലാതെ അലറുന്ന അറ്റ്ലാന്റിക് കടലിന്റെ കോപത്തിനെതിരെ പേപ്പട്ടിയെപ്പോലെ അണച്ചുകൊണ്ട് ഭാരിച്ച തണ്ടു വലിക്കുമ്പോൾ താളം ഒരല്പം തെറ്റിയാൽ, ഹിപ്പൊപ്പൊട്ടാമസിന്റെ തോൽകൊണ്ടുണ്ടാക്കിയ ചാട്ട പുറത്തു പുളഞ്ഞു കളിച്ചു....

ശരിയാംവണ്ണം ആഹാരവും ജലവും ലഭിക്കാതെ രോഗം പിടിപെട്ട് അവശരായി, ഒടുവിൽ ചമ്മട്ടിയുടെ ഗർജ്ജനത്തോടുപോലും പ്രത്യുത്തരിക്കാതെ തളർന്നുവീണവരെ കടലിന്റെ ആഴങ്ങളിലേക്ക് ബന്ധനവിമുക്തരാക്കിവിട്ടു. അവരുടെ സ്ഥാനം പുതിയതായി കീഴടക്കപ്പെട്ടവർ ഏറ്റെടുത്തു – ഒടുവിൽ കടലിന്റെ അഗാധങ്ങളിൽ വച്ച് സ്വതന്ത്രരാവാൻ!

അപ്പോഴും മനുഷ്യന്റെ തുല്യതയേയും ക്രിസ്തുവിന്റെ സ്നേഹത്തേയും കുറിച്ച് കപ്പലിലെ മേൽത്തട്ടിൽ പ്രസംഗിച്ച പൊൻകുരിശണിഞ്ഞ വൈദികശ്രേഷ്ഠരിൽനിന്നും വെള്ളക്കാരായ യജമാനന്മാർ ഭക്തിയോടെ വിശുദ്ധ കുർബ്ബാന ഉൾക്കൊണ്ടു.

കപ്പൽത്തണ്ടു വലിച്ച് ശേഷിയറ്റവരെയായിരുന്നു അമേരിക്കയിലെ അടിമ മാർക്കറ്റുകളിൽ കയറ്റിയിരുന്നത്. യുദ്ധത്തിൽ പിടിക്കപ്പെട്ട തടവുപുള്ളികളെപ്പോലെ കൈകാലുകൾ ബന്ധിക്കപ്പെട്ടിരുന്ന ഈ ചെറിയവരിൽ ഒരുത്തന്റേയും തല ഉയർന്നിരുന്നില്ല. ശരീരത്തിൽ അപ്പോഴും അവശേഷിച്ചിരുന്ന ശേഷിക്കനുസരിച്ച് ശരീരത്തിലെ വൃണങ്ങളുടെ കുറവനുസരിച്ച് ഉയർന്നു സ്റ്റേർലിംഗിൽ അവർ വിപണനം ചെയ്യപ്പെട്ടു.

ചെന്നിടത്തെല്ലാം ചുഴറ്റുന്ന ചാട്ട നിഴൽ പോലെ അവരെ പിന്തുടർന്നു. സ്വന്തം നിഴലിനെപ്പോലും അവർ ഭയന്നു. തൊണ്ടുകളയാതെ വേവിച്ച ഉരുളക്കിഴങ്ങുമാത്രം ആഹാരം.

എന്നിട്ടും മണലുരുകുന്ന വെയിലിലും ജലമുറക്കുന്ന തണുപ്പിലും അവർ അദ്ധ്വാനത്തിന്റെ വിത്തുവിതച്ചു. ഇടയ്ക്കു ലഭിക്കുന്ന ഏതാനും നിമിഷങ്ങൾ നീണ്ട വിശ്രമത്തിന്റെ കറുത്ത ശംഖിന്റെ തോടിനുള്ളിലെ ഉതിർമണികളായി പുതിയ പുതിയ അടിമകൾ പിറന്നുവീണു – അനുദിനം വളരുന്ന ആപ്പിൾത്തോപ്പുകളിലും, നിലക്കടലപ്പാടങ്ങളിലും ഓറഞ്ചുതോട്ടങ്ങളിലും മാതളനാരകക്കൊടികളിലും ജോലി ചെയ്യാൻ കൂടുതൽ അടിമകൾ!

ഒരന്യദേശത്തിന്റെ നെറ്റിയിൽ സ്വന്തരക്തംകൊണ്ട് അവർ ഐശ്വര്യത്തിന്റെ മുദ്രചാർത്തി വരവേയാണ് അമേരിക്കയിലെ റെഡിൻഡ്യാക്കാർക്ക് ആത്മാവുണ്ടോയെന്നു പര്യന്വേഷിക്കാൻ സ്പാനിഷ് ഗവൺമെന്റ് ഒരു സംഘത്തെയയച്ചത്.

അവരുടെ മദ്ധ്യഅമേരിക്കയിലേക്കുള്ള യാത്രാമദ്ധ്യേ വാഷിംഗ്ടണ്ണിലെ പോർട്ട് ഏഞ്ചൽസിൽ പരന്നുകിടക്കുന്ന ഗോതമ്പുവയലിൽ വിയർപ്പൊഴുക്കുന്ന അടിമ ജോലിക്കാർക്ക് ഉരുളക്കിഴങ്ങു പുഴുങ്ങുന്ന അടിമപ്പെണ്ണിന്റെ മലർന്നുതടിച്ച ചുണ്ടിൽ, പര്യടന സംഘത്തിലെ ഒരംഗം സൗന്ദര്യം കണ്ടെത്തി.

തീറ്റികൊടുത്തു വളർത്തുന്ന മൃഗങ്ങളെ അതിന്റെ യജമാനന്മാരിലൊരുത്തൻ എന്തു ചെയ്താലെന്തു കുറ്റമാണതിലുള്ളത്? ആർക്കാണതിൽ ഒരു പാപദോഷം പോലും കണ്ടെത്താൻ കഴിയുക?

“യോ നൂൺ കാഹെ വിസ്തോർ നുമെ അബുഏലൊ. വി അബുഏല, നൊതേനിയ കൊണോസർ സു നൊമ്രം”(1) ബ്രദർ തുത്തുവോളയുടെ കണ്ണുകൾ നിറഞ്ഞു.

ഒടുവിലിതാ, സ്വന്തം അപ്പൂപ്പനെ കണ്ടെത്താൻ, അമ്മൂമ്മയുടെ ആഗ്രഹപ്രകാരം തുത്തുവോള സ്പെയ്നിൽ എത്തിയിരിക്കുന്നു.

താനും, തന്റെ പിതാവിനെ തേടിയുള്ള അവസാനിക്കാത്ത ഒരന്വേഷണത്തിലാണല്ലോ! അല്ലെങ്കിൽത്തന്നെ സ്വന്തം ഉത്ഭവത്തിന്റെ ഉറവിടം തേടി തീർത്ഥയാത്ര നടത്താത്തവർ ആരാണുള്ളത് – മനുഷ്യരിൽ?

---

1. ഞാനെന്റെ അപ്പൂപ്പനെ ഒരിക്കലും കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ പേരറിയാൻ പോലും എന്റെ അമ്മൂമ്മയ്ക്ക് അവകാശമില്ലായിരുന്നു.

സെമിനാരി ജീവിതത്തിന്റെ അനന്തപാരാവാരത്തിൽ വർഷങ്ങൾ നീണ്ട യാത്രയുടെ അന്ത്യം കാണായി. നീണ്ടുനിന്ന തപസ്യയുടെ സമാധിദശ സമാപിക്കുകയായിരുന്നു. വൈദീക ജീവിതത്തിന്റെ ശുഭ്രമായ ചിറകുകൾ ലഭിക്കുന്നതിനു മുമ്പുള്ള ധ്യാനം!

ധ്യാനപ്രസംഗത്തിനായെത്തിയത് ബാസ്ക്കിൽനിന്നുള്ള ഒരു യുവവൈദികനായിരുന്നു – പാദ്രെ ലെയൊനാർദ്! പുരോഗമനാശയക്കാരനായ അദ്ദേഹത്തെ ക്ഷണിച്ചതിൽ യാഥാസ്ഥിതികരായ പല വൈദികർക്കുമെതിർപ്പുണ്ടായിരുന്നു.

ആരു വന്നാലെന്താണ്? എത്രയോ വിപ്ലവകാരികളും പുരോഗമനാശയക്കാരും ഇതുവരെ തിരുസ്സഭയിൽ മിന്നിത്തിളങ്ങി, കെട്ടടങ്ങി കടന്നുപോയിരിക്കുന്നു!

എന്നിട്ടും ഈ ചെറിയവരുടെ എണ്ണം വർദ്ധിച്ചിട്ടേയുള്ളൂ. ഒന്നു മയങ്ങിയുണരുമ്പോൾ സ്വാർത്ഥത വീണ്ടും വെല്ലുവിളിക്കുന്നു. "മനുഷ്യാ, നിനക്കെന്നെ ഒന്നും ചെയ്യാവാനില്ല.'

ചെറിയൊരു കാറ്റൂതുന്നതുപോലെ നിശ്ശബ്ദമായാണദ്ദേഹം അൾത്താരയിലേക്ക് കടന്നുവന്നത്. ഒരു ഹ്രസ്വപ്രാർത്ഥനയ്ക്കുശേഷം പരിശുദ്ധമറിയം കൈകൾ നീട്ടിനില്ക്കുന്ന പ്രതിമക്കു കീഴെയുള്ള കസേരയിൽ മൃദുവായലിഞ്ഞുചേരുന്നത് ഞങ്ങൾ നിർന്നിമേഷം നോക്കിയിരുന്നു. നീലക്കണ്ണുകളും സ്വർണ്ണത്തലമുടിയും ഗോതമ്പിന്റെ നിറമുള്ള ശരീരവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു.

ഒരു കാട്ടരുവിയൊഴുകുന്നതുപോലെ തുടങ്ങിയ പ്രസംഗം! മെല്ലെ ശക്തിപ്രാപിക്കുന്ന ഒഴുക്കായതു രൂപാന്തരപ്പെട്ടു. സ്വയം ചുറ്റിക്കറങ്ങി ആണ്ടുപോകുന്ന ചുഴികളും പൊട്ടിവിടരുന്ന മലരികളുമായി കുത്തിയൊഴുകാൻ തുടങ്ങിയ ആശയങ്ങളിൽ ക്രമേണ ഞങ്ങളുടെ നില നഷ്ടപ്പെടുകയായിരുന്നു.

സ്വന്തം അസ്തിത്വത്തിന്റെ പൊങ്ങുതടികളിലൊട്ടിയിരുന്ന്, അദ്ദേഹം വെട്ടിതുറന്ന ചാലിലൂടെ ഞങ്ങളൊഴുകി. ആശയങ്ങളുടെ കുത്തിയൊഴുക്ക് വാക്കുകളുടെ പ്രവാഹത്തിൽ ശക്തമായി.

ആ വാക്കുകളുടെ മുഴക്കം ഒരു കൊടുങ്കാറ്റായി തലച്ചോറിൽ ആഞ്ഞടിച്ചു. ഒരു ചുഴലിക്കൊടുങ്കാറ്റായി പഴയ വിശ്വാസങ്ങളെ അദ്ദേഹം ചുഴറ്റിപ്പറത്തി. പഴയ മനുഷ്യനെ ഉരിഞ്ഞെറിഞ്ഞ് ഒരു ശിശുവിന്റെ നിഷ്കളങ്കത സ്വീകരിച്ചുകൊണ്ട് ഒരു പുതിയ ആകാശവും ഭൂമിയും വാർത്തെടുക്കാനുള്ള ആഹ്വാനം!

അഞ്ചു ശതമാനം ആളുകൾ ഉല്പാദനത്തിന്റെ അറുപതുശതമാനം വിനിയോഗിക്കുന്ന ഒരു രാജ്യത്തു നിന്നുകൊണ്ട്, ഈ ചൂഷണത്തിനെതിരായൊരു വെല്ലുവിളി അദ്ദേഹം നടത്തി. ധനികരുടെ ഉപദേഷ്ടാവായി വർത്തിക്കുന്ന ഒരു മതത്തിൽ കാലൂന്നി നിന്നുകൊണ്ട് സമത്വവും, സ്വാതന്ത്ര്യവും സാഹോദര്യവും കൈകോർത്തിണക്കുന്ന സമ്പദ്വ്യവസ്ഥിതിയിലേക്ക്, രക്തം ചൊരിഞ്ഞുള്ള ഒരു പന്ഥാവ് ആ വൈദികൻ വെട്ടിത്തുറന്നു.

ഈ ചെറിയവരിലൂടെ അവതരിക്കുന്ന ക്രിസ്തുവിനെ കണ്ടെത്താൻ വിപ്ല

വത്തിന്റെ വഴിയേ ശേഷിച്ചിട്ടുള്ള പല വിശ്വാസപ്രമാണങ്ങളും തിരുത്തിയെഴുതേണ്ടതുണ്ട്; അധികാരക്കസേരകളും തട്ടിത്തെറിപ്പിക്കേണ്ടതുണ്ട്.

സഹോദരസ്നേഹം ജീവിതമാർഗ്ഗമാക്കുന്നതിലുപരി ജീവിതം സാഹോദര്യത്തിനുവേണ്ടി നിലനില്ക്കുമ്പോൾ ക്രിസ്തു മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. സ്വന്തം നന്മയ്ക്കുവേണ്ടി, അപരന്റെ ജീവിതാർച്ചന ആവശ്യപ്പെടുന്നവരേക്കാളും, മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ആത്മബലിയുടെ തീക്കുണ്ഡം ഒരുക്കിയ ക്രിസ്തു കുരിശിൽ എത്രയോ ഉയർന്നുനില്ക്കുന്നു!

സ്വാർത്ഥതയാണ് ഈ ക്രൂശാരോഹണത്തിനുള്ള ഏറ്റവും വലിയ വിലങ്ങുതടി. ദീർഘവീക്ഷണമുള്ള ഈ സ്വാർത്ഥത ഒറ്റിക്കൊടുക്കുന്നതിൽനിന്നും യൂദാസ്ക്കറിയാമാരെ പിന്തിരിപ്പിക്കുന്നു. കോഴി കൂകും മുമ്പ് മൂന്നുവട്ടം തള്ളിപ്പറയുന്നതിൽ നിന്നും പത്രോസുമാരെ വിലക്കുന്നു; രക്തത്തിൽ കൈകഴുകുന്നതിൽ നിന്നും പിലാത്തോസുമാരെ തടുക്കുന്നു. കുരിശിനുള്ള തടി വെട്ടാൻ മരംപോലും വിസ്സമ്മതിക്കുന്നു. മരത്തിൽ കൂടുകെട്ടിയ പറവകൾ കരയുന്നു.

മനുഷ്യന് ലഭിച്ചിരിക്കുന്ന ഏറ്റവും മൂല്യമുള്ള വരദാനം, സ്വന്തം വിധി സ്വന്തം കയ്യിലെടുക്കാനുള്ള ഇച്ഛാശക്തിയാണ്. ഈ കഴിവ് കയ്യിലെടുത്തുകൊണ്ട് കുരിശിലേറുമ്പോഴേ വലതുവശത്തു തൂങ്ങിയ കള്ളന് പറുദീസ വാഗ്ദാനം ചെയ്യാൻ കഴിയൂ!

ഈ ആത്മബലിയിലൂടെയേ മനുഷ്യന് ഉയരാൻ കഴിഞ്ഞിട്ടുള്ളൂ; സ്വയം അർച്ചിക്കുന്ന ഈ നരബലിയിലൂടെയേ അന്തർലീനമായ ദൈവികതയെ മനുഷ്യന് തെളിയിക്കാനാവൂ.

അപ്പോഴേ പരിശുദ്ധാത്മാവിന്റെ ആലയത്തിൽ സ്വാർത്ഥതയുടെ ക്രയവിക്രയം ചെയ്യുന്നവരെ ചമ്മട്ടികൊണ്ടടിച്ച് പുറത്താക്കാൻ പറ്റൂ; അവരുടെ നാണയമേശകൾ തട്ടിമറിച്ചിടാനാവൂ!

എന്നിട്ട് നിങ്ങൾക്കു പ്രഖ്യാപിക്കാം– "തലമുറകളുടെ കുറ്റാന്വേഷകരേ, പ്രസൂന നിഗ്രഹരേ, എന്റെ അധികാരത്തിൽ നിങ്ങൾക്കു സംശയമുണ്ടെങ്കിൽ ഈ ആലയം നിങ്ങൾ തകർക്കൂ; മൂന്നുദിവസം കൊണ്ട് ഞാനതു പണിതുയർത്തും.....

ദൈവത്തിനസാദ്ധ്യമായിഒന്നുമില്ലപക്ഷേസംസാരിക്കാൻപോലുംവിക്കുള്ള സാധാരണ മനുഷ്യർക്കോ? ഞങ്ങളുടെ മനസ്സിലെ വിചാരഗതി ധ്യാനഗുരു മനസ്സിലാക്കിയെന്നു തോന്നി.

എന്റെ നേരെ വിരൽ ചൂണ്ടിക്കൊണ്ടു അദ്ദേഹം ചോദിച്ചു– "ദൈവം സീനായ്മലയുടെ മുൾപ്പടർപ്പിൽ വച്ച് മോശക്കുകൊടുത്ത പത്തു പ്രമാണങ്ങളിൽ ആദ്യത്തേതേതാണ്?"

"യോസോയ് ദിയോസ് വോസ്ത്രോ" ഞാൻ മുരണ്ടു . "വോസ് നോ തേനിയ ഓസ്ത്രോസ് ദിയോസ്."(1)

---

1. നിന്റെ ദൈവം ഞാനാകുന്നു; മറ്റൊരു ദൈവം നിനക്കുണ്ടാകരുത്..

എല്ലാവരും ആവർത്തിക്കൂ!

പള്ളിയിൽ ഒരുമിച്ചു കൂടിയിരുന്ന മുപ്പത്താറ് വൈദികാർത്ഥികൾ മന്ത്രിച്ചു. – യോസോയ് ദിയോസ് വോസ്ത്രോ. ”

“പരസ്പരം പറയൂ! ലോകത്തെ ഉറ്റുനോക്കിക്കൊണ്ടു പറയൂ!!”

എല്ലാവരും അന്യോന്യം നോക്കിക്കൊണ്ട് പറഞ്ഞു – “നിന്റെ ദൈവം ഞാനാകുന്നു, നിന്റെ ദൈവം ഞാനാകുന്നു..... ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാവരുത്.”

പുതിയൊരാത്മശക്തി ഞങ്ങളിൽ പൊട്ടിത്തരിക്കുകയായിരുന്നു. പുതിയൊരു ലോകം കൺമുമ്പിൽ ഇതൾ വിരിയുകയായിരുന്നു. കാണുന്ന ഓരോ വസ്തുവിനേയും നോക്കി ഞങ്ങളുരുവിട്ടു – “നിന്റെ ദൈവം ഞാനാകുന്നു.... ഞാനാകുന്നു നിന്റെ ദൈവം.”

മനസ്സിന്റെ ശക്തി വാക്കുകളിലൂടെ കൂലംകുത്തിയൊഴുകി. ആ ഒഴുക്കിൽ പാറകളെ അടിയോടെ പറിച്ചു മാറ്റി; മണൽ വകഞ്ഞിട്ട് വക്കുകൾ ഇടിച്ചിട്ടു കൊണ്ട് മുന്നോട്ടു പാഞ്ഞു...

ദൈവശക്തി കണ്ണഞ്ചിക്കുന്ന ഇടിമിന്നലായി, ലോകത്തെ നടുക്കുന്ന ഇടിവെട്ടായി ഭൂമിയിലിറങ്ങിവെട്ടി.

മനസ്സു മന്ത്രിച്ചു – “നിന്റെ ദൈവം ഞാനാകുന്നു.”

ദൈവശക്തിയുൾക്കൊണ്ട് കൊടുങ്കാറ്റ് വൻമരങ്ങളെ നിസ്സാരമായി പിഴുതെറിഞ്ഞു.

ഭീകര തിരമാലകൾ കടലിനു മേലേക്കൂടി ആഞ്ഞടിച്ചു.

അപ്പോഴും മനസ്സ് പറഞ്ഞു – “നിന്റെ ദൈവം ഞാനാകുന്നു.”

മനസ്സിന്റെ അനന്തശക്തി പഞ്ചേന്ദ്രിയങ്ങളിലൂടെ കൂലംകുത്തിയൊഴുകി.

വൻമലകളെ വേരോടെ പുഴക്കിയെടുത്ത് കടലിലെറിയത്തക്ക വിശ്വാസം മനസ്സിൽ ഊറിക്കിടന്നു; നിമിഷനേരം കൊണ്ട് ഭൂമിയെ കടുകുപോലെ ചുട്ടു പൊട്ടിക്കത്തക്ക ശക്തി ബുദ്ധിയിൽ മന്ദിച്ചുകിടന്നു.

പ്രകാശവേഗത്തിലധികം ആയത്തിൽ നക്ഷത്രങ്ങളിൽനിന്ന് നക്ഷത്രങ്ങളിലേക്ക് പായാനുള്ള സാദ്ധ്യതകൾ ഭാവനയിൽ പൂണ്ടുകിടന്നു.

എന്റെ മുമ്പിൽ തല വണങ്ങിനിന്ന പ്രപഞ്ചത്തെ ഇടതുവിരൽ ചൂണ്ടിക്കൊണ്ടു ഞാൻ പ്രഖ്യാപിച്ചു – “നിന്റെ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.”

എനിക്കു പ്രകാശം തരാൻ വേണ്ടി ജ്വലിക്കുന്ന ആദിത്യൻ; എന്നെ ദിക്കറിയിക്കാൻ മിന്നിത്തിളങ്ങുന്ന താരകൾ; എന്നെ വഴിനടത്താൻ പ്രകാശം ഗർഭത്തിലൊതുക്കി തപസ്സിരിക്കുന്ന അമ്പിളി.

ഈ ഭൂമി കറങ്ങുന്നതെനിക്കു വേണ്ടിയാണ്; പ്രസൂനങ്ങൾ വിരിയുന്നതെനിക്കാനന്ദം പകരാനാണ്; കാറ്റുകൾ വീശുന്നതെന്നെ തഴുകാനാണ്; മഞ്ഞുപൊഴിയുന്നതെന്നെ കുളുർപ്പിക്കാനാണ്. എന്നെ ഉയർപ്പിന്റെ മഹത്വം മുന്നറിയിക്കാൻ വസന്തം പൊട്ടിവിടരുന്നു; എന്നിൽ ഉറങ്ങിക്കിടക്കുന്ന ശക്തികളെ തൊട്ടുണർത്താൻ ഗ്രീഷ്മം അലറിയടുക്കുന്നു.

എല്ലാറ്റിന്റേയും ദൈവം ഞാനാണ്...

എന്റെ ശാരീരികാസ്തിത്വത്തിന്റെ അവതാരത്തിനുവേണ്ടി മാതാപിതാക്കൾ വിവാഹം ചെയ്തു; എന്റെ സുരക്ഷക്കും വിനോദത്തിനുമായി ബന്ധുക്കൾ സൃഷ്ടിക്കപ്പെട്ടു.

സർക്കാരുകൾ രാജ്യം ഭരിക്കുന്നതെന്റെ നന്മയ്ക്കുവേണ്ടിയാണ്. എനിക്കു സമാധാനം ഉറപ്പുവരുത്താൻ കണ്ണുകെട്ടിയ പ്രപഞ്ചനിയമങ്ങൾ വിധി ന്യായത്തിന്റെ ത്രാസ്സ് കയ്യിലേന്തി.

ഈ പ്രപഞ്ചത്തിന്റെ കേന്ദ്രം ഞാനാകുന്നു;

സൗരയൂഥങ്ങൾ എന്നെ ചൂഴ്ന്ന് ഭ്രമണം ചെയ്യുന്നു.

എനിക്കായി ഒരുക്കപ്പെട്ട ആപേക്ഷികതയുടെ പുൽക്കൂട്ടിൽ അനാദിയായ സ്ഥലകാലങ്ങളെ ഊടും പാവുമാക്കി എന്റെ അസ്തിത്വത്തെ ഞാൻ മെന ഞ്ഞെടുത്തു.

എന്റെ ബാല്യത്തിന്റെ കക്കത്തോടുകൊണ്ട് കളിക്കാനുള്ള കളിപ്പൊയ്ക യായി മെഡിറ്ററേനിയൻ കടൽ സൃഷ്ടിക്കപ്പെട്ടു.

സഹാസ്തിത്വംകൊണ്ട് എന്നിലെ ത്രിത്വത്തെ പങ്കിട്ട, ഈ ചെറിയവരിൽ ഒരുത്തൻ തനതായ വ്യക്തിത്വത്തോടെ സമൂഹത്തിന്റെ രക്ഷക്കുവേണ്ടി മനു ഷ്യപുത്രരായി ഭൂമിയിലവതരിച്ചു. അവരിലെ മനുഷ്യത്വമിതാ ചൂഷണം ചെയ്യപ്പെടുന്നു; അവരുടെ ബലഹീനതയുടെ തോളിൽ ഭാരമേറിയ നുകംവെക്ക പ്പെട്ടിരിക്കുന്നു. ഓർത്തപ്പോൾ, പരീക്ഷിക്കപ്പെടാത്ത ഇച്ഛാശക്തി ആദ്യമായി പൂട്ടപ്പെട്ട ഒഴവുകാളയെപ്പോലെ തലകുലുക്കി.

അതെ, മനുഷ്യനിലെ ദൈവികതയുടെ പ്രതിച്ഛായ ഈ മനോബലമാണ്!

ഒഴുക്കിനെതിരെ നീന്താനും, സഹജവാസനകളെ മറികടക്കാനും സ്വന്തം വിധി കയ്യിലെടുക്കാനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഈ മനഃശക്തി യാണ്.

ആ മനോബലത്തോടെ ഇച്ഛിച്ചപ്പോൾ വൻമലകൾ കടലിൽ പോയിവീണു..

ആ ഇച്ഛാശക്തിയോടെ കൽപ്പിച്ചപ്പോൾ രോഗികൾ സൗഖ്യരായി എഴു ന്നേറ്റു നടന്നു..

ആ ഇച്ഛാശക്തിക്കനുസൃതമായി മരിച്ചവർ ഉയിർത്തെഴുന്നേറ്റു വന്നു.

ഭൗതീക ശരീരവും പഞ്ചേന്ദ്രിയങ്ങളും ഈ ഭൗതീക ലോകത്തിൽ പരിമിതി കൾ കുറിക്കുന്നുണ്ടെങ്കിലും മനുഷ്യനിലെ ദൈവീക പ്രതിച്ഛായയുടെ ഏറ്റവും മഹത്തായ പ്രഭാവം ഈ ഇച്ഛാശക്തി തന്നെയാണ്!

ആ മഹാ ഇച്ഛാശക്തിയുടെ ആജ്ഞക്കനുസൃതമായി പ്രപഞ്ചശക്തികൾ ഉരുത്തിരിഞ്ഞു;

ആ മഹേച്ഛയുടെ ആജ്ഞാനുവർത്തികളായി പ്രപഞ്ചക്രമങ്ങൾ നിലവിൽ വന്നു...

ഈ മഹാപ്രപഞ്ചം നിലനിൽക്കുന്നതു തന്നെ ആ മഹാശക്തിയുടെ ഇച്ഛക്കനുസൃതമായാണ്.

ഈ പ്രപഞ്ചം സൂക്ഷ്മനിലയിൽ ഉൾക്കൊള്ളുന്ന മനുഷ്യനും അതുകൊ

ണ്ടു തന്നെ സ്വന്തം ഇച്ഛാശക്തിയുടെ ആർജവം കൊണ്ടാണ് നിലനിൽപ് പൂർണമാക്കുന്നത്.

*ഞാൻ ഇച്ഛിക്കുന്നു, അതുകൊണ്ട് ഞാൻ നിലനിൽക്കുന്നു.

അസ്തിത്വത്തിന്റെ ഭൗതികലോകത്തും, അനസ്തിത്വത്തിന്റെ ഋണിക ലോകത്തും നിരുണ്മയുടെ നിരസ്തിത്വലോകത്തും മാറ്റങ്ങളില്ലാതെ നിലനിൽക്കുന്നത് ഈ ഇച്ഛാശക്തി മാത്രമാണ്.

മനുഷ്യന്റെ ഈ ഇച്ഛാശക്തിയെ വിശ്വാസത്തിലൂടെയും, പ്രർത്ഥനയിലൂടേയും, അർപ്പണത്തിലൂടേയും പ്രോജ്വലിപ്പിക്കുമ്പോൾ മനുഷ്യ ദൈവങ്ങൾ അവതരിക്കുന്നു; മരിച്ചു കിടക്കുന്നവരെ വരെ നിയന്ത്രിച്ചു കൊണ്ട് അവർ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു...

അങ്ങനെ, നാലു സഹസ്രാബ്ദങ്ങളായി മഞ്ഞിനടിയിൽ മരവിച്ചുകിടന്ന വസന്ത ഋതുവിന്റെ ആഗമനം കുറിക്കുന്ന കാറ്റുകൾ, ഋതുക്രമങ്ങളുടെ ഇച്ഛാനുസരണം ഒടുവിൽ ബന്ധന വിമുക്തമായി.

ഒടുവിലിതാ, മിന്നിമിന്നി നിന്ന പ്രഭാതതാരയെ സാക്ഷിയാക്കിക്കൊണ്ട് വസന്തം പുലർന്നു.

ലജ്ജാഭരിതയായ കന്യകയെപ്പോലെ അവനമ്രമുഖിയായി, പച്ചവസ്ത്രവും വർണ്ണാഭമായ മുടിയിഴകളുംകൊണ്ട് പ്രപഞ്ചത്തെ അനശ്വരമാക്കാൻ വസന്തം വന്നെത്തി.

ഭൂമിക്കുമേലെ കമഴ്ത്തിയ കട്ടിമേഘങ്ങളുടെ മൂടി, കാറ്റു നീട്ടിയ അദൃശ്യ ദണ്ഡിന്റെ സ്പർശനത്തിൽ ഉരുകിവീണു.

ഉയിർത്തെഴുന്നേറ്റ സൂര്യനെ ലോകം ആരാധനാഭാവത്തോടെ, തളിരിട്ട ആനന്ദത്തോടെ നോക്കിനിന്നു.

മാസങ്ങളായി ശ്വാസം മുട്ടിച്ചിരുന്ന മഞ്ഞിന്റെ കനത്ത വിലങ്ങുകൾ, സൂര്യൻ നിമിഷങ്ങൾ കൊണ്ട് തകർത്തെറിഞ്ഞപ്പോൾ സ്നേഹത്തിന്റെ ഊഷ്മളതയിൽ സ്വയം മറന്ന പ്രപഞ്ചം പൊട്ടിത്തരിച്ചു...

വസന്തത്തിന്റെ നഗ്നപാദങ്ങൾ ഭൂമിയെ തൊട്ടു–ഭൂമി വയലറ്റും സ്വർണ്ണവും നിറങ്ങൾ കൊണ്ടു മൂടപ്പെട്ടു. നീലനിറം നദികളിലൂടെ സാന്ദ്രത പൂണ്ടൊഴുകി. ആ മൃദുല നിശ്വാസം രോഗികളുടെ തലയിണകളെ തണുപ്പിച്ചു. ജനൽ വിരികളെ അസ്വസ്ഥമാക്കി; ചെറുകാറ്റിന്റെ ഉച്ഛ്വാസവായുവിനുപോലും ഊഷ്മളത!!

വിശക്കുന്ന എലികളും തണുപ്പുള്ള മുയലുകളും മെലിഞ്ഞ നത്തുകളും പ്രകാശം പൊഴിക്കുന്നത് ഋതുവിലാണ്.

കുട്ടിക്കുറക്കന്മാർ ഓരിയിട്ടുകൊണ്ട് നഗരത്തിലേക്കു വരുന്നതും ഈ സമയത്താണ്.

നീലത്താഴ്വരകളിൽ പ്രായമാകാത്ത പ്രഭാതം, വീശിയെറിയുന്ന കാറ്റിന്റെഭാരം കുറയുന്നു.

---

1. I will, hence I exist

2. ഋതുചക്രത്തിൽ നാലാമത്തേതാണ് വസന്തം. പഴയ നിയമത്തിലെ ആദിപിതാക്കൾ നാലായിരം വർഷം കാത്തിരുന്ന ശേഷമാണ് ക്രിസ്തു പിറന്നത്.

മരവിച്ച പക്ഷികൾ സന്ധ്യകൂടാരങ്ങളിലിരുന്ന് ഗാനം പൊഴിക്കുന്നു.

ജീവികൾ മരണത്തെ വേട്ടയാടാനിറങ്ങുന്നത് ഇപ്പോഴാണ്. നരച്ച നിഴലുകൾ നൃത്തം ചെയ്യുന്നു, പൈൻമരങ്ങളോടൊപ്പം.

കുതിരകൾ ചുറ്റിക പോലെ നിലത്തു കാൽ കുത്തുന്നു. ഗാനങ്ങളുടെ ചുവന്ന ചാട്ടകൾ വായുവിൽ ചുഴറ്റുന്നു.

മന്വന്തരങ്ങളായി മഞ്ഞിനടിയിൽ പുതഞ്ഞുകിടന്ന വിത്തുകളിൽ മുളകൾ തലനീട്ടി.

വിതക്കപ്പെട്ട വിത്തും പറയപ്പെട്ട വാക്കുകളും വെറുതെയിരിക്കുന്നില്ലല്ലൊ. അനുയോജ്യനിമിഷത്തിലവ ശക്തിയായ നാമ്പുകളായി വളർന്നുയരുന്നു; ഒരു തണൽ കാത്തു പറന്നുകുഴയുന്ന പറവകൾക്ക് ഉറപ്പുള്ള അഭയം വാഗ്ദാനം ചെയ്തുകൊണ്ടവ വാനത്തിന്റെ അതിർത്തികളെ കീഴടക്കുന്നു.

അതുകൊണ്ടുതന്നെ ഭാവിപ്രേഷിത പരിപാടികളെക്കുറിച്ച് തീരുമാനിക്കാൻ കൂടിയ സെമിനാറിൽ എന്റെ ഊഴം വന്നപ്പോൾ ഞാനും അഭിപ്രായം പറഞ്ഞു –

“ഈ ചെറിയവരിൽ ഒരുത്തനായി അവതരിച്ച ക്രിസ്തുവിന്റെ പ്രതിനിധികൾ ഈ ചെറിയവർക്കു വേണ്ടി പൊരുതണം. അവരുടെ അവകാശങ്ങൾക്കു കാവൽ നില്ക്കണം. കൂടെ ജീവിക്കുന്ന സഹോദരന്മാരെ സ്നേഹിക്കാതെ, എങ്ങനെ മറഞ്ഞിരിക്കുന്ന ദൈവത്തെ സ്നേഹിക്കാനാവും?

ഇന്നത്തെ സാഹചര്യത്തിൽ, പാവപ്പെട്ടവരോടു, തന്നെത്തന്നെ താദാത്മ്യപ്പെടുത്താൻ തിരുസ്സഭയ്ക്ക് ഒരേ ഒരു വഴിയേയുള്ളൂ – ഓരോ കത്തോലിക്കാ വൈദികനും ഓരോ കമ്യൂണിസ്റ്റുകാരനായിരിക്കണം!” ഞാൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചു.

അതുകേട്ട്, വൈദികശ്രേഷ്ഠന്മാരുടെ നേർത്ത പുരികങ്ങൾ വില്ലുപോലെ വളഞ്ഞുകുത്തി; സഹവൈദികാർത്ഥികളുടെ കണ്ണുകളിൽ ചോദ്യചിഹ്നം.

ഏതാനും ദിവസങ്ങൾക്കകം ഡയാക്കനൈറ്റ് പട്ടം സ്വീകരിച്ച് ആദ്യ കുർബ്ബാന ചൊല്ലേണ്ടതാണ്.

കൊടും തപസ്സിന്റെ ചാരം തലയിലിട്ട്, പ്രായശ്ചിത്തങ്ങളുടെ ചാക്കുവസ്ത്രങ്ങളണിഞ്ഞ്, ഒരു പുതിയ ജന്മത്തിനൊരുങ്ങേണ്ട സമയമാണ് ആ ജീവനാന്തമായി എടുക്കാൻ പോകുന്ന ദാരിദ്ര്യം, കന്യാവ്രതം, അനുസരണ എന്നീ വ്രതങ്ങളോട് നീതി പുലർത്താനുള്ള ത്യാഗസന്നദ്ധത ഒരുക്കൂട്ടേണ്ട സന്ദർഭം.

പിഞ്ചെല്ലേണ്ടത് ക്രിസ്തുവെന്ന മനുഷ്യപുത്രനെയാണ് – മറ്റുള്ളവർക്കു വേണ്ടി കുരിശിലേറിയ ഈശോയെ, വിശക്കുന്ന, ദാഹിക്കുന്ന, കാരാഗൃഹത്തിൽ കിടക്കുന്ന ഈശോയെ!...

അതെ, ഈ മനുഷ്യപുത്രന്മാരുടെ ജീവന് വിശപ്പ് മൂക്കുകയറിടുന്നിടത്തോളം കാലം മനുഷ്യസ്വാതന്ത്ര്യം ഒരു മിഥ്യയാണ്, അഭിമാനം മരീചികയാണ്.

വാനത്തിന്റെ വിസ്തൃതിയിലൂടെ നാഴികകളോളം കാറ്റ് പ്രയാണം ചെയ്യു

മ്പോൾ, കേസരങ്ങൾ പറക്കാതെ ദലങ്ങൾ കോട്ടകെട്ടി.

സ്വാതന്ത്ര്യത്തിന്റെ സുവിശേഷം ചിറകുകളാക്കി പറന്നുവന്ന ശലഭങ്ങളെ, പൈൻമരച്ചില്ലകളിൽ തൂങ്ങുന്ന എട്ടുകാലിവല കുരുക്കി; വിടരുന്ന പ്രഭാതം അവയ്ക്ക് ഒരു സ്വപ്നം മാത്രമായി.

ദൈനംദിന പ്രതിസന്ധികളും പേറി കുരിശിന്റെ വഴിയിലൂടെ വേച്ചുവേച്ചു പോകേണ്ട സമയമായിരിക്കുന്നു. അന്ത്യം ഒരു കുരിശാരോഹണമാണെന്ന റിയാം – എങ്കിലും പ്രതിവിധിയായി ആ ഉയിർപ്പുണ്ടല്ലോ – നിത്യജീവനിലേ ക്കുള്ള പടിവാതിൽ

ഭൂമിയുടെ നെറുകയിൽ, ഉയർന്നു നില്ക്കുന്ന കുരിശിനെ കേന്ദ്രമാക്കിയ ചക്രവാളത്തിന്റെ അരിവാൾ ചരിവിൽ ഒരു വാൽനക്ഷത്രം മിന്നിയുയരുന്നത് ഇപ്പോഴേ കാണാം –

"ഞാൻ വിതക്കാൻ വന്നത് സമാധാനമല്ല; എനിക്ക് നടാനുള്ളത് വാളെന്ന വൻവൃക്ഷത്തിന്റെ കടുകുമണിയാണ്, മകൻ അപ്പനും മകൾ അമ്മക്കും എതി രായി ഉയർത്തുന്ന അസമാധാനത്തിന്റെ വാൾ!...........

# ഇരുപത്തിയാറ്

കമനീയമായി അലംകൃതമായ അൾത്താരയിൽ, പ്രദക്ഷിണമായി കൊണ്ടുവന്ന മെഴുകുതിരികൾ അർപ്പിച്ച് സാഷ്ടാംഗം പ്രണമിക്കുമ്പോൾ ഗായകൻ മന്ദ്രമധുരമായി, ലുത്തിനിയേ ഒമ്നിബുസ് സാംക്തോരിബൂസ്'(1) പാടി. ദൈവത്തിന്റെ പാദപീഠത്തിൽ നമസ്കരിച്ചുകൊണ്ട് ഓരോ വിശുദ്ധനേയും രക്തസാക്ഷിയേയും വേദപാരംഗതനേയും വിളിച്ചുകൊണ്ട് യാചിച്ചു 'ഓരാ പ്രൊനോബിസ്.'(2)

ക്രിസ്തുവിനോടുള്ള ആജീവനാന്ത വാഗ്ദാനത്തിന്റെ പ്രതീകമായി തലയിൽനിന്നും മുറിച്ചെടുക്കപ്പെട്ട തലമുടിയിഴകൾ, പ്രതിഫലമായി ക്രിസ്തുവിന്റെ പ്രതിപുരുഷൻ കയ്യിൽ പൂശിയ സൈത്ത്, അഭിഷേകം കൊണ്ടു നനഞ്ഞ നെറ്റി; നീണ്ടുനില്ക്കുന്ന പ്രാർത്ഥനകൾ; ആരാധനാ ക്രമങ്ങൾ.

അഭിഷേകം ചെയ്യപ്പെട്ട്, പരിശുദ്ധമായൊരു ശുഭ്രവസ്ത്രത്താൽ ബന്ധിതമായ കരങ്ങളുമായി അൾത്താരയിൽ നില്ക്കുമ്പോൾ, പൊട്ടിയെരിയുന്ന മെഴുകുതിരിയെപ്പോലെ ഹൃദയവും പൊട്ടിത്തരിച്ചു. നൂതനമായൊരാത്മശാന്തി, ഒരു ദൃഢാവബോധം മനസ്സിലങ്കുരിച്ചു. ക്രിസ്തുവിന്റെ പ്രതിപുരുഷനായി ഞാനുമിതാ അഭിഷിക്തനായിരിക്കുന്നു!

"ആൾത്തർ ക്രിസ്തുസ്, ഊനൂസ് സാച്ചർ ദോസ്, പൊന്തിഫെക്സ് ഇന്തർദിയോ എത്ത് ഹോമിനിസ്. എവാഞ്ചലിസാരെ പാവുപരിബൂസ് മിസിത് വോസ്ത്രൂം."(3) ഞങ്ങളെയെല്ലാം അഭിസംബോധന ചെയ്തുകൊണ്ട് മെത്രാനച്ചൻ നടത്തിയ പ്രസംഗം അർത്ഥവത്തായിരുന്നു.

ദശവർഷങ്ങൾ നീണ്ട ഒരുക്കത്തിന്റെ പൂർത്തീകരണമായി ഞങ്ങൾ പ്രവേശിച്ച് പൗരോഹിത്യത്തിന്റെ പാവനതയേയും കടമകളേയും കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ.

ലേവിയുടെ ഗോത്രത്തിലേക്ക് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട മുപ്പത്തിയാറു വൈദികർ വിശുദ്ധവസ്ത്രങ്ങളണിഞ്ഞ് ശുദ്ധതയുടെ ശുദ്ധതയിൽ, പട്ടം തന്ന മെത്രാനോടൊപ്പം അണിനിരന്നപ്പോൾ ഗായകർ വീണ്ടും പാടി –

---

1. സർവ്വ വിശുദ്ധരോടുമുള്ള ലുത്തിനിയ

2. ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കൂ!

3. മറ്റൊരു ക്രിസ്തു ഒരു സദുപദേശകൻ; ദൈവത്തേയും മനുഷ്യനേയും കൂട്ടിയിണക്കുന്ന പാലം; പാവങ്ങളോടു സുവിശേഷം പ്രസംഗിക്കുവാൻ അവിടുന്ന് നിങ്ങളെ അയച്ചിരിക്കുന്നു.

“ക്രേദോ ഇൻ ഊനും ദേവും...” (1)

കിന്നരം ലയത്തിന്റെ അദൃശ്യചിറകുകളടിച്ച് കത്തീഡ്രലിൽ പറന്നുനടന്നു. ഹാർപ്പിന്റെ ഹൃദയതന്ത്രികൾ ത്രസിച്ചു.

വിശുദ്ധധൂപം അനർഗ്ഗളമായി സ്വർഗ്ഗത്തിലേക്കുയരെ അടിമത്തത്തിൽ നിന്നുള്ള പുറപ്പാടിന് ഒരുക്കൂട്ടലായി ഇസ്രായേൽ ജനത തയ്യാറാക്കിയ പെസ ഹായുടെ ഓർമ്മപ്പെരുന്നാൾ ഒരിക്കൽ കൂടി അരങ്ങേറി.

പുളിക്കാത്ത അപ്പത്തിന്റെ പെരുന്നാൾ!

ആദ്യജാതനായ ആട്ടിൻകുട്ടിയുടെ കഴുത്തിൽ നിന്നും കുമിഞ്ഞൊഴുകിയ രക്തം, കട്ടിളപ്പടിയിൽ തെറിച്ചു വീണതുകണ്ട് മരണത്തിന്റെ മാലാഖ തിള ങ്ങുന്ന ഖഡ്ഗവുമായി അവരെക്കടന്നുപോയി. ബലികഴിക്കപ്പെട്ട കുഞ്ഞാ ടിന്റെ മാംസം പുളിക്കാത്ത അപ്പത്തോടും കാട്ടുചീരയോടും കൂടെ ഒരു ദീർഘ യാത്രക്കെന്നവണ്ണം ഒരുങ്ങി, അരമുറുക്കി കയ്യിൽ വടിപിടിച്ചുകൊണ്ട് തിന്നാ നായിരുന്നല്ലൊ യഹോവയുടെ ആജ്ഞ.

ആ ബലിയുടെ മൂല്യം ആദ്യജാതന്മാരുടെ മൃത്യുവിൽനിന്നും ഇസ്രാ യേൽക്കാരെ രക്ഷിച്ചു. പ്രഥമസന്താനങ്ങളുടെ മരണദുഃഖത്തിൽ ഫറവോനും കൂട്ടരും വ്യഥപൂണ്ടു കണ്ണീരൊഴുക്കെ ഇസ്രായേൽക്കാർ യഹോവക്ക് നന്ദി പറയുകയായിരുന്നു.

ഈ ബലിയാണല്ലോ അവരുടെ കാനാൻ ദേശത്തേക്കുള്ള പുറപ്പാടിന് ഫറവോനെക്കൊണ്ടു സമ്മതിപ്പിച്ചത്.സ്വാതന്ത്ര്യത്തിലേക്കുള്ള ഈ പെസ ഹായുടെ ഓരോ ആവർത്തനവും ആരുടെയെങ്കിലും പുറപ്പാടിന് വഴിയൊ രുക്കുന്നു.

ഒടുവിൽ ഒരു കുഞ്ഞാടായി, രക്തബലികൾക്കു വിരാമമിട്ടുകൊണ്ട് അഞ്ചു മുറിവുകളിലൂടെ ഒഴുകിപ്പരത്തിയ സ്വന്തരക്തം തളിച്ച് ഒരു ജനതതിയാകെ നേടിയെടുക്കത്തക്കവിധം ശക്തനായ ക്രിസ്തു സ്വന്ത ശരീര-രക്തങ്ങളെ, അനശ്വരമായ കുരിശിലെ ആത്മബലിയിൽ പിളർന്നു.

“ഇതെന്റെ ശരീരമാകുന്നു - നിങ്ങൾ ഭക്ഷിക്കൂ!”

“ഇതെന്റെ രക്തമാകുന്നു, നിങ്ങളുടെ രക്ഷയ്ക്കായി ചിന്തപ്പെട്ട രുധിരം- പകർന്നു കുടിക്കൂ‘

തിരുവോസ്തിയും വീഞ്ഞും വാഴ്ത്തിക്കൊണ്ട് അൾത്താരയിൽ നിൽക്കെ, ആദ്യമായി സ്വന്തം അപ്പനെയാണോർമ്മ വന്നത്., സ്വന്തം രക്തത്തിലും മാ ംസത്തിലും നിന്ന് പിളർന്നെടുത്ത മകനെയൊന്ന് കൈകളിലെടുക്കുവാനോ ഉമ്മ വെക്കാനോ ഭാഗ്യം കിട്ടാത്ത മത്തായി.

അർക്കവാളിനെ പശ്ചാത്തലമാക്കി, സ്വന്തം നെഞ്ചുവിരിച്ചുകൊണ്ട് എന്റെ യപ്പൻ നീട്ടിത്തന്ന നനഞ്ഞ പപ്പടം - “മകനേ, ഇതാ എന്റെ ശരീരം. വാങ്ങി ഭക്ഷിക്കൂ!”

---

1. ഒരു ദൈവത്തിൽ വിശ്വസിക്കുന്നു.

അന്ന് ആ നനഞ്ഞ പപ്പടത്തിന്റെ മൂല്യം കണ്ടെത്താൻ കഴിഞ്ഞില്ല. അതു കൊണ്ടാണല്ലോ, പിന്നീട് ഒരു മിഥ്യാഭിമാനത്തിന്റെ പേരിൽ സ്വന്തം അപ്പനെ ഒറ്റിക്കൊടുത്തതും.”

ആ പെരുംമഴയത്ത് അപ്പൻ ജീവരക്ഷാർത്ഥം ഓടിയ ഓട്ടമോർക്കുമ്പോൾ, ദണ്ഡവിമോചനമില്ലാത്തൊരു കുറ്റബോധത്തിന്റെ ഭീകര കൊടുങ്കാറ്റിൽ, ഹൃദയത്തിലെ മുൾച്ചെടി ആഞ്ഞുലയുന്നു.

ചെയ്തുപോയ കൊടുംപാപങ്ങളുടെ വൻനിര അട്ടഹാസത്തോടെ മനസ്സിൽ പ്രദക്ഷിണം വെക്കുന്നു. താൻ മൂലം വഴിപിഴച്ച പെൺകുട്ടികളുടെ ഓർമ്മ ആത്മനിന്ദയായി മനസ്സിൽ നുരച്ചുപൊന്തി.

എല്ലാറ്റിലും വലിയ വിഹ്വലത, ജന്മം തന്ന അപ്പന്റെ വിരഹദുഃഖമാണ്. എവിടെയാണെന്റെ അപ്പൻ ഇപ്പോഴെന്തു ചെയ്യുകയാവും?

തന്നെ തേടിയെത്തുന്ന അമ്മയുടെ കത്തിലെ സ്ഥിരയാചന–“മോനേ, നിന്റെയപ്പനെയൊന്ന് കണ്ടിട്ട് കണ്ണടക്കാൻ കഴിഞ്ഞാ.....

ആദ്യബലിയർപ്പണത്തിൽ സുനിശ്ചിതമായി നിറവേറ്റപ്പെടുന്ന ആദ്യ അപേക്ഷയായി ക്രിസ്തുവിനോടു യാചിച്ചു. “മനസ്സുണ്ടെങ്കിൽ, എന്റെയപ്പനെ കണ്ടെത്താൻ അമ്മക്കിട കൊടുക്കൂ! എന്റെയീ ജീവിതം ധന്യമാക്കൂ!”

ആദ്യകുർബ്ബാനയുടെ അന്ത്യത്തിൽ ആയിരക്കണക്കിന് മൈലുകൾ അകലെനിന്നുകൊണ്ടെങ്കിലും വീട്ടിലും നാട്ടിലുമുള്ള ഓരോരുത്തരേയും ഹൃദയപൂർവ്വം ആശീർവ്വദിച്ചു; എവിടെയാണെന്നറിയില്ലെങ്കിലും സ്വന്തം അപ്പനേയും – ഗ്രാസിയാ ദേയി സിത് സേംപർ വോബിസ്കും: ഇൻ നോമിനെ പാതർ, എത് ഫീലി എത് സ്പിരിത്തൂസ് സാംക്തൊ.....”

തിരുവസ്ത്രങ്ങൾ അഴിച്ചുവച്ച് പള്ളിക്ക് പുറത്തു കടക്കുമ്പോൾ അഭിനവ വൈദികരെ അഭിനന്ദിക്കാനും കൈമുത്തുവാനും, പള്ളിയങ്കണത്തിലും പാരിഷ്ഹാളിലും ആർത്തിരമ്പുന്ന ജനസാഗരം.

അഭിനന്ദനങ്ങളുടെ പൂമാലകൾ കഴുത്തുമൂടിയപ്പോൾ, ഫ്ളാഷ് ക്യാമറകൾ മിന്നിപ്പൊലിഞ്ഞു. വൈദികശ്രേഷ്ഠരുടേയും കന്യാസ്ത്രീകളുടേയും മുഖങ്ങളിൽ കൃതാർത്ഥത. അവർക്കെല്ലാം എന്നെ ഞാനാക്കിത്തീർത്തതിൽ പങ്കുണ്ടല്ലോ. അല്ലെങ്കിൽത്തന്നെ, സമൂഹത്തിന്റെ സഹായം കൂടാതെ ഒരു വ്യക്തിക്ക് എന്താണ് നേടിയെടുക്കാൻ കഴിയുക?

വർഷങ്ങൾ നീണ്ട യജ്ഞത്തിന്റെ ഫലപ്രാപ്തി!!

ജീവിതസമാധിയിൽ പിന്നിട്ട് നീണ്ട യുഗങ്ങൾക്കുശേഷം ലഭിച്ച മഹത്വത്തിന്റെ പൂമ്പാറ്റാച്ചിറകുകളിൽ സ്വച്ഛന്ദം പാറിനടക്കുമ്പോൾ മനസ്സിലായി കോളേജു ജീവിതത്തിൽ കൂത്താടിക്കളിച്ചിരുന്ന വൈഷയികസുഖത്തിൽ നിന്നും വിഭിന്നമെങ്കിലും, ഈ ജീവിതത്തിലും ഇറ്റുവീഴുന്ന ആനന്ദത്തിന്റെ തേൻകണികകൾ സാന്ദ്രതയിൽ ഒട്ടും പിന്നോക്കമല്ലെന്ന്. അലൗകികമായൊരു നിർവൃതിയിൽ ഇന്ന് മുങ്ങിത്തപ്പുമ്പോൾ ആന്തരികാത്മാവ് പണ്ടത്തെപ്പോലെ പിണങ്ങി നില്ക്കുന്നതിനു പകരം, ആത്മാർത്ഥതയോടെ ഹസ്തദാനം ചെയ്തുകൊണ്ട് മുന്നോട്ടുവരുന്നു.

അതെ വിഷാദസ്പർശമില്ലാത്ത ‘ഗോർദോ’യുടെ പ്രഭാവം ഈ ആത്മനി

യന്ത്രണത്തിൽ നിന്നും ചുരന്നൊഴുകുന്നു. തേൻകണികകൾ ബിന്ദുവായി ആത്മാവിൽ കിനിഞ്ഞിറങ്ങുന്നു.

ഹർഷോന്മാദത്താൽ ശരീരം കോരിത്തരിച്ചു.

തത്സമയം ഉയർന്നെഴുന്നേറ്റ് ക്രിസ്തുവിന്റെ തേജസ്സ് പ്രതിഫലിപ്പിച്ചു കൊണ്ട് സൂര്യൻ ഭൂമിയുടെ നെറുകയിൽ.

ഒരു രൂപാന്തരത്തിന്റെ അടിയൊഴുക്ക് മനസ്സിൽ രൂപപ്പെടുന്നതറിഞ്ഞു. മഞ്ഞുപോലെ വെണ്മയേറിയ കാസിനുള്ളിൽ ആത്മാവ് പ്രഭാവപ്പെടുക യായിരുന്നു.

ഒരദൃശ്യഗിരിയുടെ മുകളിൽ നിന്നുകൊണ്ട് ക്രിസ്തു പ്രഭാഷണം ചെയ്യു ന്നതുപോലെ തോന്നി - നീതിക്കുവേണ്ടി വിശപ്പും ദാഹവും സഹിക്കുന്ന വർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവർ ദൈവത്തിന്റെ മക്കളെന്നു വിളിക്ക പ്പെടും...

തന്നെ അനുമോദിക്കാൻ ചുറ്റും കൂടിയവരെ നോക്കി-തന്റെ സേവനങ്ങളും വാക്കുകളുംകൊണ്ട് ഞാൻ നേടിയെടുത്ത പാവപ്പെട്ടവർ, എനിക്കുചുറ്റും ആർത്തിരമ്പുന്നു. മറ്റു മുപ്പത്തഞ്ചു വൈദികർക്ക് ചുറ്റും ആകെ കൂടിയവ രിലും അധികം. എന്റെ ചുറ്റുമുള്ള ജനബാഹുല്യം കണ്ട് മറ്റുള്ള വൈദി കരും വൈദികശ്രേഷ്ഠന്മാരും അസൂയപ്പെടുന്നുണ്ടാവണം.

ഈ എസ്പാഞ്ഞ ദേശത്തുവന്നിട്ട് ഞാനാകെ നേടിയെടുത്തത് ഇത്രയും ഹൃദയങ്ങളാണല്ലോ. അവരുടെ സന്തോഷത്തിലും സങ്കടത്തിലും ദുരിത ത്തിലും ഒരുപോലെ പങ്കുകൊള്ളാൻ കഴിഞ്ഞതിന്റെ ലാഭം. ഇപ്പോഴിതാ എന്റെ വിജയത്തിൽ എന്നെ അനുമോദിക്കാൻ അവർ തിക്കിത്തിരക്കുന്നു.

മുത്താനായി, അഭിഷിക്തമായ തന്റെ കരം നീട്ടിക്കൊടുക്കുമ്പോൾ; ഈ ചെറിയവരുടെ നിഷ്ക്കളങ്ക സ്നേഹം സ്ഫുരിക്കുന്ന അഭിനന്ദനം ഒരു പുഞ്ചി രിയോടെ ഏറ്റുവാങ്ങുമ്പോൾ സഹതാപം തോന്നി.

തേയ്പുപെട്ടിയുടെ ചൂടറിഞ്ഞിട്ടില്ലാത്ത പഴയ കോട്ടുകളും, ഫ്രോക്കു കളും അവിടവിടെ പിഞ്ചിയിരുന്നു.

അവരുടെ മുഖത്തെ രക്തപ്രസാദത്തെ ദാരിദ്ര്യം നക്കിത്തുടച്ചിരുന്നു.

അനുദിന റൊട്ടിക്കും നാടൻ വീഞ്ഞിനും വേണ്ടി ചിന്തുന്ന വിയർപ്പുചാലു കൾക്ക് ഒഴുകിയിറങ്ങാൻ, പ്രകൃതി അവരുടെ മുഖത്ത് ചാലുകൾ കീറിയി രുന്നു.

യുവതികളുടേയും യുവാക്കളുടേയും മുഖത്ത് അകാലത്തിൽ വാർദ്ധക്യം ചേക്കേറിത്തുടങ്ങിയിരിക്കുന്നു.

അഭിനന്ദനത്തിന്റെ കൊച്ചുകാശായി അവർ നീട്ടിത്തന്നെ കൈവെള്ളകളിൽ തയമ്പിന്റെ പാറക്കെട്ടുകൾ!

ഒരല്പം അപ്പത്തിനും വീഞ്ഞിനും ഏതാനും പെസത്തക്കും വേണ്ടി, അവർ അവരവരെത്തന്നെ ദിവസേന വില്ക്കുകയായിരുന്നല്ലോ.

ഒരു ദിവസത്തെ പ്രയത്നം വെടിഞ്ഞും തന്നെ അനുമോദിക്കാൻ ചെറു സമ്മാനങ്ങളുമായി കൂടിയിരിക്കുന്ന പാവങ്ങളെക്കണ്ട് മനസ്സലിഞ്ഞു.

പക്ഷേ സ്വർണ്ണവും വെള്ളിയും എനിക്കില്ല; അപ്പം വർദ്ധിപ്പിക്കാൻ ദിവ്യ കഴിവുകളുമില്ല.

പിന്നെ, എനിക്കെന്തേ ഈ ചെറിയവർക്കുവേണ്ടി ചെയ്യാനാവുക!

ലോകാവസാനങ്ങളിലെ, തേജപുഞ്ജത്തിന്റെ നിദർശനത്തിൽ വളരുന്ന നിഴൽ ഓർമ്മയിലൂടെ ഇടിമിന്നിപ്പൊലിഞ്ഞു – "എനിക്ക് വിശന്നു; എനിക്കു ദാഹിച്ചു; ഞാൻ രോഗിയുമായിരുന്നു. എന്നിട്ട് നിങ്ങളെന്തു ചെയ്തു?

എല്ലാ ആഘോഷങ്ങളും അഭിനന്ദനങ്ങളും കഴിഞ്ഞ് പ്രൊവിൻഷ്യലച്ച നുമായി സംസാരിച്ചിരിക്കെ പറഞ്ഞു – "പാർദൊനെമെ പാദ്രെ, ദെസ്കൊ ക്വേഒർനോസ് ഊനാ ആഞ്ഞൊ മാസ് എൽ എസ്പ്പാഞ്ഞാ."(1)

"മീരേ," സുപ്പീരിയറച്ചന്റെ മുഖത്ത് അമ്പരപ്പ്, "സൂ അസിയേന്തോ എസ്താ റെസെർവാദൊ പാർ ആവിയോൺ അ എന്ത്യ."(2)

"അറിയാം പാദ്രെ, പക്ഷേ ഇവിടത്തെ ജനങ്ങൾ എന്റെ സേവനം ആവ ശ്യപ്പെടുന്നു.

"നിങ്ങൾക്കെന്തു ചെയ്യാനാണ് ഉദ്ദേശ്യം?"

"മാർഗ്ഗം വ്യക്തമായിട്ടില്ല. ദൈവപരിപാലനം എല്ലാം നടത്തിത്തരു മെന്നാശിക്കുന്നു.

"ഒരു വിപ്ലവത്തിലൂടെ, അനേകം നാശനഷ്ടങ്ങളിലൂടെ, കൂട്ടക്കൊലകളി ലൂടെ എല്ലാവർക്കും ഐശ്വര്യം കൈവരുത്താമെന്നു കരുതുന്നതു ശുദ്ധ വിഡ്ഢിത്തമാണ് എന്റെ മനോഗതി മനസ്സിലാക്കിയിട്ടാവണം പ്രൊവിൻ ഷ്യൽ തുടർന്നു, "ലക്ഷ്യത്തെപ്പോലെ മാർഗ്ഗവും സംശുദ്ധമായിരുന്നാലെ, പ്രവൃത്തിയുടെ സദ്ഫലം ആസ്വദിക്കാനാവൂ. ഒരു ക്രിസ്ത്യാനിയും കമ്മ്യൂ ണിസ്റ്റുകാരനും തമ്മിലുള്ള പ്രധാന വ്യത്യാസമതാണ്. ഒരു ക്രിസ്ത്യാനി മറ്റുള്ളവരുടെ നന്മക്കു വേണ്ടി സ്വയം അർച്ചിക്കുമ്പോൾ, ഒരു കമ്മ്യൂണി സ്റ്റുകാരൻ സ്വന്തം നന്മക്കു വേണ്ടി മറ്റുള്ളവരുടെ അർച്ചന ആവശ്യ പ്പെടുന്നു."

അച്ചന്റെ ആശയങ്ങളെ അംഗീകരിച്ചുകൊണ്ടുതന്നെ, ഒരു വിപ്ലവത്തിന്റെ അനിവാര്യതയെക്കുറിച്ചു ബോദ്ധ്യപ്പെടുത്തിയപ്പോൾ, ആ വിപ്ലവത്തിൽ കത്തോലിക്കാ വൈദികർക്കുള്ള ഉത്തരവാദിത്വത്തെപ്പറ്റി ബൈബിളിലൂടെ തെളിയിച്ചപ്പോൾ, എനിക്കു വേണ്ടി കൊള്ളാവുന്ന ചില നേതാക്കന്മാരുടെ ശുപാർശ എത്തേണ്ടിടത്ത് എത്തിയപ്പോൾ പ്രൊവിൻഷ്യലിൻ അർദ്ധസമ്മതം മൂളി.

അതാരംഭമായിരുന്നു. പലരുടേയും എതിർപ്പു പ്രതീക്ഷിച്ചതായിരുന്നു.

ഒരു ദിവ്യശിശുവിന്റെ രക്ഷക്കുവേണ്ടി രണ്ടായിരം മാതൃഹൃദയങ്ങളിലൂടെ പുത്രദുഃഖത്തിന്റെ കൊടുവാൾ പൂണ്ടിറങ്ങിയില്ലേ?

ഇസ്രായേൽ ജനത്തെയാകെ മോചനത്തിലേക്കു നയിച്ച് മോശക്ക് കീലു തേച്ച തൊട്ടിയിൽ നീല നദിയിലൂടെ ഒഴുകി നടക്കേണ്ടിവന്നില്ലേ?

---

1. ക്ഷമിക്കണം അച്ചോ, ഒരു വർഷം കൂടി സ്പെയിനിൽ താമസിക്കാൻ ഞാനാഗ്രഹിക്കുന്നു.
2. നോക്കൂ; നിങ്ങളുടെ ഇന്ത്യയിലേക്കുള്ള വിമാനടിക്കറ്റുവരെ റിസർച്ചു ചെയ്തുകഴിഞ്ഞു.

സത്യത്തിനെന്നും രോമങ്ങളുടെ വ്യത്യാസത്തിനേ രക്ഷനേടാനാവൂ. എങ്കിലും നേത്രത്തെ രക്ഷിക്കുമ്പോൾ പുരികത്തിനു വെട്ടേൽക്കാതെ വയ്യ. ഒരു ഹേറോദേസും ജനിക്കാൻ പോകുന്ന രാജശിശുവിനെ വെറുതെ വിടാ നാശിച്ചിട്ടില്ല. പക്ഷേ ആത്മരക്ഷാർത്ഥമുള്ള പലായനത്തിൽ രാജശിശുവിനു വേണ്ടി ഒരെട്ടുകാലി ഗുഹാമുഖത്ത് വലനെയ്തുതരുന്നു.

കീൽ തേച്ച് തൊട്ടി വെള്ളത്തിൽ ഒഴുകി നടക്കുമ്പോൾ ഒരു ഫറവോൻ പുത്രി കുളിക്കാനെത്തുന്നു.

സത്യം സ്വതന്ത്രമാണ്;

യാഥാർത്ഥ്യം മനസ്സിലാക്കിയ മനുഷ്യൻ സ്വതന്ത്രനാണ്.

ആരെല്ലാം എതിർത്താലും എത്ര പീഡനങ്ങളേല്ക്കേണ്ടിവന്നാലും അവൻ സ്വതന്ത്രനാവുകതന്നെ ചെയ്യും. കാരണം സ്വതന്ത്രനായി ജനിച്ച മനുഷ്യർക്ക് സ്വതന്ത്രരായിത്തന്നെ ജീവിക്കണം.

ചിന്താ സ്വാതന്ത്ര്യവും ജീവിതസൗകര്യങ്ങളും ഈ സ്വർണ്ണനാണയത്തിന്റെ ഇരുവശങ്ങളാണ്.

ഈ ജീവിതാവകാശങ്ങൾക്കുവേണ്ടിയുള്ള നിതാന്ത സമരത്തിൽ എല്ലാവ രും തുല്യരായ പടയാളികളാണ്. പടനായകർ, 'പ്രീമൂസ് ഇന്തർ പാരേസ്'(1) മാത്രം. ശത്രു ഇണങ്ങാത്ത പരിതസ്ഥിതികളാണ്; മനുഷ്യജീവിതത്തെ വെല്ലു വിളിക്കുന്ന സാഹചര്യമാണ്.

മനുഷ്യരൊറ്റക്കെട്ടായി നിന്ന് ഈ വൈരുദ്ധ്യാത്മക പ്രതിസന്ധികളെ, സമഞ്ജസമായി സമ്മിളനം ചെയ്യിക്കുന്നതിനു പകരം പടനായകൻ പട യാളികളോട് തിരിഞ്ഞേറ്റുമുട്ടുന്നു. അധികാരത്തിന്റെ പിൻബലത്തോടെ; പണത്തിന്റെ സ്വാധീനത്തോടെ.

മനസ്സാക്ഷി ഇവിടെ കൈകാൽ തളർന്നു വീഴുന്നു;

സ്നേഹം ഓടി രക്ഷപ്പെടുന്നു.

ബലമുള്ള കൊക്കുകളും നീണ്ടുകൂർത്ത നഖങ്ങളുമായി പറന്നടുക്കുന്നത് സ്വാർത്ഥത മാത്രം – മരിച്ചു മരവിച്ച മനുഷ്യത്വത്തിന്റെ തലച്ചോറ് കൊത്തി ച്ചിതറിക്കാൻ;

കാഴ്ചനല്കുന്ന കൺഗോളങ്ങൾ കൊത്തിപ്പൊട്ടിക്കാൻ!

അല്ലെങ്കിൽത്തന്നെ സത്യത്തിനും നീതിക്കും എന്നാണ് ഭൂഗർഭഗുഹ(2)ക ളിൽനിന്നും പുറത്തുവരാൻ കഴിഞ്ഞിട്ടുള്ളത്?

സ്നേഹത്തിന്റെ മെഴുകുതിരി വെളിച്ചത്തിൽ, അവിടെ എന്നും നടക്കുന്ന ബലിയർപ്പണത്തിൽ, ചിന്തപ്പെടുന്ന ശരീരരക്തങ്ങൾ വിശക്കാത്ത ആഹാര വും, ദാഹിക്കാത്ത പാനീയവുമാണ്.

ഏതു മർദ്ദകന്റെയും കുന്തമുനയെ നേരിടാൻ അതു ശക്തി നല്കി. അയ്യാ യിരം പേർ ആ അഞ്ചപ്പത്തിൽനിന്നും രണ്ടുമത്സ്യത്തിൽ നിന്നും ഭുജിച്ചു തൃപ്തിയായപ്പോൾ കൂടുതൽ ശ്രദ്ധയോടെ, സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള

1. തുല്യർക്കിടയിലെ പ്രഥമർ
2. റോം പണിയപ്പെട്ടിരിക്കുന്ന ഏഴുകുന്നുകളിലെ (ക്യാറ്റക്കുമൻസ്) ഗുഹകൾ.

ആഹ്വാനം അവർ ചെവിക്കൊണ്ടു.

അങ്ങനെ, "ലുച്ചാ ദെല ലിബർത്താദ്" എന്ന മഹാപ്രസ്ഥാനം ഈ ചെറിയ വരുടെ മോചനത്തിനുവേണ്ടി അവതാരമെടുത്തു.

നരച്ച കണ്ണുകളിൽ പ്രത്യാശയുടെ തിളക്കം;

നീ വിളർച്ച വറ്റിച്ചിരുന്ന മുഖങ്ങളിൽ പ്രതീക്ഷയുടെ തുടുപ്പു കണ്ടപ്പോൾ ആവേശം കൂടി.

ഏതു മാർഗ്ഗത്തിലൂടെയായാലും നേടിയെടുക്കേണ്ട അവകാശങ്ങളിലേക്ക് വിരൽ ചൂണ്ടിക്കാട്ടി.

വേണ്ടി വന്നാൽ യുദ്ധത്തിൽ ഏതു മാർഗവുമാകാമെന്ന് തോമാസ്സച്ചൻ അനുവാദവും തന്നിട്ടുണ്ടല്ലോ!

ക്രൈസ്തവവിശ്വാസം പ്രാവർത്തികമായിരുന്നെങ്കിൽ, ഈ രണ്ടായിരം വർഷങ്ങൾക്കകം എത്രയോ വിപ്ലവാത്മക പരിണാമങ്ങൾ ലോകത്തിൽ നട ന്നേനെ! ഒരു കമ്യൂണിസം ഉടലെടുക്കേണ്ട ആവശ്യമേ വരില്ലായിരുന്നു.

ഏതാനും കുരിശുയുദ്ധങ്ങൾക്കല്ലാതെ, ഈ ചെറിയവരുടെ വിശപ്പുമാറ്റാൻ പ്രവൃത്തിയിൽ തുനിഞ്ഞിറങ്ങാത്ത ക്രിസ്തുമതം, ഇനി ഒരു വിപ്ലവത്തിന് രൂപം കൊടുക്കുമെന്ന് ആശിക്കാൻ വയ്യ!

പ്രവൃത്തിയില്ലാതെ ചേതനയറ്റ് വിശ്വാസം സ്വാർത്ഥതയുടെ കുളിർകാറ്റേറ്റ് മരവിച്ചു പോയിരിക്കുന്നു.! ഏതാനും ആചാരങ്ങളുടെ വിലങ്ങുകളിൽ അവർ സ്വയം ബന്ധിതരായിരിക്കുന്നു.

ദർശനം മേലോട്ടാണ്, ഒരു വാൽനക്ഷത്രം പ്രത്യക്ഷപ്പെടുന്നതും കാത്ത് – ഇനിയും പിറക്കാതിരിക്കുന്ന ദിവ്യശിശുവിന് അർപ്പിക്കാൻ മീറയും, സ്വർണ്ണ വും, കുന്തിരിക്കവും കൈകളിലേന്തി, കിഴക്കുനിന്നുള്ള ജ്ഞാനികളുടെ നീണ്ട് കുപ്പായങ്ങളും ഒഴുകിയിറങ്ങുന്ന താടിമീശകളും അവരെടുത്തണി ഞ്ഞിരിക്കുന്നു.

ക്രിസ്ത്യാനികൾതന്നെ ക്രിസ്തുമതത്തെ ഭൂഗർഭഗുഹകളിലേക്കാഴ്ത്തി ക്കളഞ്ഞിരിക്കുന്നു; സ്വാർത്ഥലാഭത്തിനുവേണ്ടി, സ്വന്തം ഉയർച്ചക്കുവേണ്ടി തലനാരിഴകളെ കീറിയുള്ള തർക്കത്തിൽ, അവർ ക്രിസ്തുവിന്റെ ഭൗതീക ശരീരത്തെ പിളർന്നു പീരുമോണ്ടിലെ ആൽപൈൻ മലമുകളിൽനിന്നും ഉരുട്ടിയിട്ടുകൊന്ന അമ്മയുടെ മാറിൽ പറ്റിച്ചേർന്നിരുന്ന ഉണ്ണിയീശോ അപ്പോഴും ഊർദ്ധശ്വാസം വലിച്ചുകൊണ്ടാണെങ്കിലും ജീവിച്ചു.

അനുദിനം അനുയായികളുടെ എണ്ണം പെരുകുകയായിരുന്നു. ഒപ്പം ജോലി ചെയ്യാൻ ബാസ്ക് ദേശത്തുനിന്നും, വിപ്ലവത്തിന്റെ കൈത്തിരി കണ്ട് ആളു കൾ വന്നു. പ്രകാശം കണ്ട് പറന്നണയുന്ന നിശാശലഭങ്ങൾ കണക്കെ!

മിന്നാമിനുങ്ങുകളായി, വിപ്ലവത്തിന്റെ ആവേശം ജഠരങ്ങളിലൊതുക്കി അവർ എസ്പാഞ്ഞായുടെ നാലതിരുകളിലേക്കും പറന്നുപോയി–ഓൾഡ് ആൻഡ് ന്യൂകാസിലുകളുടെ പീഠഭൂമികളിലേക്ക്; വടക്ക് പിരണീസിലേക്ക്; തെക്ക് സയരനവദയിലേക്ക്. കോസ്തോബ്രാവയുടേയും, കോസ്ത ദെൽസോളിന്റെയും, ബലേറിക്ക് ദ്വീപുകളായ് മജോർക്കയുടെയും മിനോർക്ക

യുടെയും തീരത്തടിക്കുന്ന തിരമാലകളിൽ വരെ ആ വിപ്ലവവീര്യം പ്രകടമായിരുന്നു.

ഒരേ മെഴുകുതിരിയിൽ നിന്നും പകർന്നു കത്തുന്ന ആയിരം തിരികളായി, ഝടിതിയിൽ കത്തിപ്പടരുന്ന ഒരു നവചൈതന്യധാരയിൽ എസ്പാഞ്ഞാ ദേശം മുഴുവൻ സ്പന്ദിക്കുന്നത് ഉൾത്തുടിപ്പോടെ നോക്കിനിന്നു.

അതെ, നെപ്പോളിയന്റെ അധിനിവേശത്തിനെതിരായി യുദ്ധം ചെയ്തു തളർന്ന എസ്പാഞ്ഞ ദാരിദ്ര്യത്തിന്റെ കൊടും വറുതിയിൽ, ഒരു മാറ്റത്തിനുവേണ്ടി ദാഹിച്ച് തൊണ്ട വറ്റുകയാണ്; ആ ദാഹത്തിനുള്ള വറ്റാത്ത ഉറവയായി, സൈനികായുധങ്ങളും, സാമ്പത്തിക സഹായവും രഹസ്യമായി മോസ്കോയിൽ നിന്നൊഴുകിവന്നു. ആ ഒഴുക്ക് കാത്തലോണിയയിലും, വലൻസിയായിലും ബിൽബാവോയിലും, വിറ്റോറിയായിലും, ഗ്വെർണിക്കയിലും ഒരുപോലെ പരന്നു.

ഈ ചലനത്തിന്റെ ചൈതന്യത്തിൽനിന്നും വീര്യം പകർന്ന് എടുത്ത 'ഏവുസ്ക്കാദി ഏത് അസാത്തുസാന'(1); അക്കാദമീയ ദേല ലെംഗ്വാസ്ക്ക്യു(2) തുടങ്ങിയ പ്രസ്ഥാനങ്ങൾ കൂടുതൽ ഉത്തേജിതമായി, രഹസ്യത്തിലെങ്കിലും പിന്തുണ പ്രഖ്യാപിച്ചു.

ബിൽബോവോയിലെ മെത്രാൻ, ബാസ്ക്ക് ഭാഷയേയും സംസ്ക്കാരങ്ങളേയും ഗവൺമെന്റ് നിരോധിച്ചിരിക്കുന്നതിനെ തുറന്നുതന്നെ വിമർശിച്ചു; പ്യൂബ്ലോയിലെ ജനങ്ങൾ തുറന്ന സ്റ്റേജുകളിൽ അവരുടെ നിരോധിക്കപ്പെട്ട ഫോക്ലോർ ആഘോഷങ്ങൾ കൊണ്ടാടി പാരമ്പര്യഗാനങ്ങളുടെ കൈപിടിച്ച് നൃത്തം ചെയ്തു; ഒടുവിൽ രക്തത്തിൽ കുളിച്ച് താഴെവീണു.

അതെ, ഈ സംഘർഷം അനിവാര്യമാണ്; ജനങ്ങളും സർക്കാരും തമ്മിലുള്ള അക്രമപരമായ ഈ ഏറ്റുമുട്ടൽ നേരത്തെ പ്രതീക്ഷിച്ചിരുന്നതായിരുന്നല്ലൊ.

നീല യൂണിഫോമണിഞ്ഞ കനത്ത തൊപ്പിയുള്ള പട്ടാളക്കാർ ഉതിർത്തിയ വെടിയുണ്ടകൾക്കെതിരെ ഒലീവ് മരങ്ങൾ പോലും നെഞ്ചുവിരിച്ചു കാട്ടി. പട്ടാള ജീപ്പുകളുടേയും കനത്ത ബൂട്ടുകളുടേയും കുളമ്പടികേട്ട് മുന്തിരിയിലകൾപോലും വിറച്ചില്ല.

മഹത്തായ സ്വാതന്ത്ര്യപ്രസ്ഥാനത്തെ അടിച്ചമർത്താനുള്ള ആദ്യശ്രമങ്ങൾ ദയനീയമായി പരാജയപ്പെട്ടപ്പോൾ, ഗവൺമെന്റ് അടിയൊന്നു മാറ്റിച്ചവിട്ടി. ഈ വിപ്ലവത്തിനു നേതൃത്വം കൊടുക്കുന്നവരെയാക്കി വേട്ടയാടൽ. അന്തോണിയോ അൻവെരസിന്റേയും, ജോവാനോസ് മിനോരയുടേയും, ഫെർണാണ്ടസ് ലുവേരയുടേയും, തോമസ് വില്ലെസാന്തോയുടേയും ബഞ്ചമിൻ ഉർബെനേഞ്ഞയുടേയും പാദ്രെ ലെയാനാർദിന്റേയും തലകൾക്കൊപ്പം പാദ്രെ അലിയാസ് എലിഞ്ഞിക്കലിന്റേയും തലക്ക് വില വീണിരിക്കുന്നു – പതിനായിരം പെസേത്ത വീതം–

---

1. ബാസ്ക്ക് ദേശവും സ്വാതന്ത്ര്യവും (ബാസ്ക്ക് ഭാഷ)
2. ബാസ്ക്ക് ഭാഷാ അക്കാദമി (ഫ്രഞ്ച്)

ഞങ്ങളിലാരെയെങ്കിലും കണ്ടാൽ ഉടൻ പിടിച്ചുകെട്ടി, രാജസന്നിധിയിലെത്തിക്കണമെന്നാണല്ലോ ആജ്ഞ. പതിനായിരം പെസേത്തയും ഒരു പ്രൊമോസിയോണും (1) പ്രതീക്ഷിച്ച്, – നീല യൂണിഫോമണിഞ്ഞ പോലീസുകാർ പാഞ്ഞുനടക്കുകയാണെന്നറിയാം.

അതിർത്തിയിലെ "ഇരുണിൽ" ഞങ്ങളെ തടഞ്ഞുവെക്കാൻ ഇപ്പോഴേ ആജ്ഞ ചെന്നിട്ടുണ്ടാവും. 'സമോര'(2) യിലെ ജയിലിൽ ഒരു മുറി ഇപ്പോഴേ എനിക്കായി ഒഴിച്ചിട്ടുണ്ടാവും!

എന്നിട്ടും കുലുങ്ങിയില്ല. ഒട്ടിയ വയറുകളും കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമാണ് ആത്മവീര്യം പകർന്നുകൊണ്ടിരിക്കുന്നത്.

എന്നെയന്ന് ഇൻഡ്യക്ക് തിരിച്ചയക്കാതിരുന്നതിൽ, പ്രവിൻഷ്യാലച്ചൻ അങ്ങേയറ്റം പശ്ചാത്തപിക്കുന്നുണ്ടാവും. പക്ഷേ, ക്രിസ്തുവിന്റെ പ്രതിനിധികളായ ഈ ചെറിയവർ പീഡിപ്പിക്കപ്പെടുമ്പോൾ, ഒരു കത്തോലിക്കാ വൈദികന് എങ്ങനെ മിണ്ടാതിരിക്കാനാവും!

പ്രഭുക്കന്മാരുടെ കോട്ടകളും, മാഡ്രിദിലെ രാജകൊത്തളങ്ങളും ഞങ്ങളുടെ അറസ്റ്റിന്റെ വാർത്തക്കുവേണ്ടി ആകാംക്ഷയോടെ കാത്തിരിപ്പുണ്ടെന്നറിയാം. സ്നേഹമുള്ള പലരും മുന്നറിയിപ്പുതന്നു. എന്നിട്ടും കലപ്പയിൽ വച്ച കയ്യെടുത്ത് പിന്തിരിഞ്ഞുനോക്കാൻ മനസ്സനുവദിച്ചില്ല.

പൂച്ചക്കുട്ടികളെ, തള്ളപ്പൂച്ച ഇല്ലം മാറ്റുന്നതുപോലെ അവർ ഞങ്ങളെ അനുദിനം ഇടം മാറ്റിത്താമസ്സിപ്പിച്ചു.

പതിനായിരം പെസേത്തയേക്കാളും ഭാസുരമായൊരു ഭാവിയെ വിലമതിക്കുന്ന ചെറിയവരുടെ മരക്കുടിലുകളിൽ ഞങ്ങളുടെ തല കഴുത്തിനുമീതെ സുരക്ഷിതമാണല്ലൊ!!

---

1. ഉദ്യോഗക്കയറ്റം
2. വൈദികർക്കുവേണ്ടി പ്രത്യേകം നിർമ്മിച്ച് ജയിൽ

# ഇരുപത്തിയേഴ്

അതൊരു കാഹളനാദമായിരുന്നു –

‘അദ്ധ്വാനിക്കുന്നവരേ, ഭാരം ചുമക്കുന്നവരേ, എന്റെയടുക്കൽ വരൂ, ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം.‘

അവർ ആയിരങ്ങളായി വന്നു; പതിനായിരങ്ങളായി വളർന്നു.

ഒറ്റയും പെട്ടയുമായി ഉത്ഭവിച്ച് അവർ ഒരാൾക്കൂട്ടമായി ചേർന്നൊഴുകി; ഒടുവിലതൊരു മനുഷ്യസമുദ്രമായി.

ദിനങ്ങളുടെ പരിചംക്രമണം പടുത്തുയർത്തിയ ‘ലുച്ചാ ദെല ലിബർത്താദ്’ എന്ന മഹാപ്രസ്ഥാനത്തിന്റെ ശിരസ്സിൽ കിരീടമായി പാറിനിന്ന ശോണിമ യാർന്ന പതാക, ഒരു സമയരഹിത ഉടമ്പടിയുടെ മഴവില്ലായി ചക്രവാളത്തിന്റെ അരിവാൾ ചരിവിൽ ഉയർന്നുനിന്നു.

അനുദിനം വർദ്ധിച്ചുവന്ന അവരുടെ സംഖ്യ ‘ലുച്ചാ ദെല ലിബർത്താദി’ന്റെ പ്രസിഡന്റായ വാസ്കൊ ബനഞ്ഞയെപ്പോലും അത്ഭുതപ്പെടുത്തു കയായിരുന്നു.

‘ലുച്ചാ ദെല ലിബർത്താദി’ന്റെ ശോണിമയാർന്ന പതാകയിലെ ‘അരിവാൾ ചുറ്റിക നക്ഷത്രത്തി’ന്റെ ദർശനം അവരുടെ മുഖത്ത് പ്രയത്നം കീറിയ ഒഴവു ചാലിലൂടെ പ്രത്യാശയുടെ കിരണങ്ങളൊഴുക്കി.

ഒട്ടിയ കവിളുകളിൽ ആത്മവിശ്വാസത്തിന്റെ ആരക്തത പടർന്നു. കുഴിഞ്ഞ കണ്ണുകളിൽ ദൃഢനിശ്ചയത്തിന്റെ നെയ്ത്തിരി!!

തേനും പാലുമൊഴുകുന്ന ഒരു കാനാൻ ദേശത്തേക്ക് ഈ ദാരിദ്ര്യത്തിന്റെ അടിമത്തത്തിൽനിന്നുള്ള ആസന്നമായ യാത്ര! അവിടെ, അടിസ്ഥാന ജീവിത സൗകര്യങ്ങളോടോപ്പം സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും സ്വച്ഛ ന്ദമായൊഴുകുന്നു.

വിപ്ലവത്തിന്റെ മരുഭൂമിയിലൂടെയുള്ള ഏക പന്ഥാവേയുള്ളൂ; എന്നാ ലെന്താ, ക്രെംലിനിൽ നിന്നുള്ള അരിവാളിന്റെ ആകൃതിയുള്ള ചന്ദ്രിക രാത്രിയിലും; ചുവന്ന പതാക പകലും പാത തെളിയിക്കുന്നുണ്ടല്ലോ.

അടിമകളാക്കി, ജോലിചെയ്യിച്ച് മേലനങ്ങാതെ ഭുജിക്കുന്ന പ്രഭുക്കൾ ഈ ഇസ്രായേൽ ജനത്തെ അവരുടെ ദൈവത്തിന് സേവ ചെയ്യാൻ പത്തുബാധ കളുടെ നിർദ്ദേശം കൂടാതെ വിടില്ലെന്നറിയാം.

എന്നിട്ടും ശ്രമിച്ചു....

പക്ഷേ, എസ്പാഞ്ഞാ രാജ്യമാകെ ആളിപ്പടർന്ന ജഠരാഗ്നിയുടെ ബലി

യാടുകൾ സാധാരണക്കാർ മാത്രമായിപ്പോയി.

വസന്തത്തിലെ വിളവെടുപ്പിൽ എല്ലാ ഗോതമ്പും, ബജ്റയും, യവവും, ബാർലിയും വലിയ കളപ്പുരകൾക്കുള്ളിലാക്കി കോട്ടകളെ വലയം ചെയ്യുന്ന തോടിന്റെ മുകളിലെ തടിപ്പാലം പ്രഭുക്കന്മാർ അകത്തേക്കു വലിച്ചെടുത്തി രിക്കുന്നു.

രാജകൊട്ടാരത്തിലെ ധാന്യഅറകളും സ്വർണ്ണശേഖരങ്ങളും നിറഞ്ഞു തുളുമ്പുന്നു – രാജപ്രഭൃതികളുടെ വീഞ്ഞുഗ്ലാസ്സുകൾ പോലെ.

കൊട്ടാരത്തിൽ സ്വർണ്ണത്തലമുടിയഴിച്ചിട്ട് നടനമാടുന്ന ഫ്രഞ്ചുസുന്ദരി മാരുടെ മോഹനനൃത്തത്തിൽ മതിമറന്നിരിക്കുമ്പോൾ കോട്ടമതിലിനു പുറത്തുള്ള ദാരിദ്ര്യത്തെപ്പറ്റി ആരറിയാനാണ്!!

രാവിലത്തെ കുർബ്ബാന കഴിഞ്ഞ് ആളുകളെ പുറത്താക്കി സന്യാസിമഠ ങ്ങളും പള്ളികളും വാതിലുകളടച്ച് പ്രാർത്ഥനയിൽ ദൈവത്തോടുള്ള സ്നേഹം അരക്കിട്ടുറപ്പിച്ചു – വിശക്കുന്ന അയൽക്കാരെ കാണാതെ.

മനുഷ്യരെ പിടിക്കുന്ന മുക്കുവരുടെ പിൻഗാമികൾ, ശ്വാസത്തിനായി പിട യുന്ന മത്സ്യങ്ങളെ കരയിൽ വിട്ടുകൊണ്ട്, സുഭിക്ഷമായ സദ്യക്കുശേഷം, ഒരു 'സിയേസ്ത'(1)യിൽ വിലയം കൊണ്ടു.

വിശക്കുന്നവരുടെ ദൈവം അപ്പമാണ്; ജഠരാഗ്നിയിൽ ഹോമിക്കേണ്ട നിവേദ്യം റൊട്ടിയാണ്. ദാഹിക്കുന്നവന് ജലമാണ് മതം; രോഗിയുടെ പ്രതീ ക്ഷ – ആരോഗ്യവും.

ദിവസം മുഴുവൻ തൂകിയ വിയർപ്പിന് കൂലിയായി ലഭിച്ച ഏതാനും പെസേ ത്തകൾ ഒട്ടിയ വയറുകൾക്കാശ്വാസം പകർന്നില്ല. ഒട്ടകം വലിക്കുന്ന കലപ്പ യുടെ പിടിയിൽ അമർത്തിപ്പിടിച്ചുകൊണ്ട് സാറുകൾ നല്ലൊരു ഭാവിക്കു വേണ്ടി ജേസുവിനോട് മുട്ടിപ്പായി പ്രാർത്ഥിച്ചു തുടങ്ങിയിട്ട് നാളേറെ യായല്ലോ.

ദാരിദ്ര്യം തഴുകിയണച്ച ഭാഗ്യത്തിൽ അവകാശപ്പെട്ട സ്വർഗ്ഗത്തെ ഓരോ ദിവസവും അവർ സ്വപ്നം കണ്ടു. അപ്പോഴും രണ്ടുമാനം യവത്തിനുവേണ്ടി അവരുടെ സൊരിറ്റകൾ പ്രഭുകുമാരന്മാരുടെ ഭാരത്തിൻകീഴിൽ ശ്വാസം മുട്ടിപ്പിടയുകയായിരുന്നു;

മെലിഞ്ഞ നാണയസഞ്ചികൾ അരയിൽ തൂക്കി സെഞ്ഞാറുകൾ റൊട്ടി ക്കടയിലും മാംസക്കടകളിലും തികയാത്ത സെന്തിമോസിനു(2)വേണ്ടി കണ ക്കു പറയുകയായിരുന്നു. ഏതാനും കാൾദെരില്ലകളിൽ(3) കൂടുതൽ, അവ രുടെ നാണയസഞ്ചികൾ ഒന്നിച്ചു കണ്ടിട്ടില്ലല്ലോ.

എന്നിട്ടും ആവശ്യങ്ങളുടേയും ലഭ്യതയുടേയും രണ്ടറ്റങ്ങൾ രണ്ടു കാന്ത ങ്ങളുടെ സജാതീയ ധ്രുവങ്ങളെപ്പോലെ എപ്പോഴും പിണങ്ങിത്തന്നെ നിന്നു. പരാതി കേൾക്കാനാരുണ്ട് – ചിബോറിയത്തിലെ(1) നിശ്ശബ്ദനായ ക്രിസ്തു

---

1. ഉച്ചകഴിഞ്ഞ് സ്പാനീഷുകാർക്ക് പതിവുള്ള മയക്കം
2. പെസേത്തയിൽ താഴ്ന്ന നാണയം, ചില്ലറ
3. ഒരു പെത്തയിൽ കുറഞ്ഞ നാണയങ്ങളുടെ തുക.

വല്ലാതെ!

അപര്യാപ്തതകളുടെ വേദനകളും പൊരിയുന്ന വയറിന്റെ പരാതികളും ചൂഷണവ്യവസ്ഥിതിയോടുള്ള വൈരാഗ്യമായി മനസ്സിൽ മുട്ടിത്തിരിഞ്ഞു - എല്ലാം കരിക്കുന്ന ഗ്രീഷ്മ ജ്വാലകളുമായി സ്വേച്ഛാധിപത്യം നടത്തുന്ന സൂര്യന്റെ ചൂടിൽ ആശ കരിഞ്ഞ ഭൂമിയുടെ നിശ്വാസംപോലെ.

പക്ഷേ ഏതൊരു കൊടും വേനലിനും ഒരറുതിയുണ്ട് - പ്രപഞ്ചസീമകളിൽ ഒരു തണുപ്പുകാലം കുടിയിരിക്കുന്നു. ഏതൊരു മർദ്ദനത്തിൽ നിന്നും രക്ഷനേടാനുള്ള വഴി മർദ്ദിതരിൽ തന്നെ ഒളിഞ്ഞുകിടക്കുന്നു.

അർത്തേമീസ് ദേവതയുടേയും ബാൽ ദേവന്റേയും കണ്ണിൽപ്പെടാതിരിക്കാനാണല്ലൊ ആദിമ ക്രിസ്ത്യാനികൾക്ക് റോമിലെ ക്യാറ്റക്കുമ്മനുകൾ പ്രകൃതി തീർത്തുകൊടുത്തത്.

ആംഫിതിയേറ്ററുകളിൽ വിശക്കുന്ന സിംഹവും ആത്മരക്ഷക്കുവേണ്ടി ദാഹിക്കുന്ന മനുഷ്യനും തമ്മിലുള്ള മൽപ്പിടുത്തം കണ്ട് നീറോ ആനന്ദിച്ചിരിക്കുമ്പോൾ ആസന്നമായ മരണത്തിന്റെ പാദപതനം കാതോർത്തിരുന്ന ക്രിസ്ത്യാനികൾ ജയിലുകളിലിരുന്നു പാടി; ആ പാട്ടു കേട്ട് ഇരുമ്പഴികളുടെ തുരുമ്പുപോലും രോമാഞ്ചമണിഞ്ഞു.

അന്ത്യമല്ലാത്തിടത്തോളം കാലം മരണം എന്നും ആഹ്ലാദപ്രദമാണ് - വിരഹത്തിന്റെ ചെറുദുഃഖം അതുൾക്കൊള്ളുന്നെങ്കിലും!

ഒരു വസന്തം ഏതു ഹേമന്തത്തിനും പിന്നിലുണ്ടല്ലോ...

ആംഫിതിയേറ്ററിൽ കൊമ്പുയർത്തി നില്ക്കുന്ന കാളക്കൂറ്റന്റെ സവിധത്തിലേക്കു നയിക്കപ്പെടുന്നതുവരെ, കല്ലറകൾ അതിരുകുറിക്കുന്ന ക്യാറ്റക്കുമ്മനുകളിലെ മെഴുകുതിരി വെളിച്ചത്തിൽ അർപ്പിക്കപ്പെടുന്ന അനുദിന ബലിയിൽ നിന്നുൾക്കൊണ്ട് പ്രചോദനത്തിൽനിന്ന്, ഏതു മർദ്ദനത്തിലും വീണുപോകാതിരിക്കാനുള്ള ശക്തി സംഭരിക്കുകയായിരുന്നല്ലൊ. ഈ ത്യാഗസന്നദ്ധതയോടെ, ഗുഹാമുഖത്ത് ഖഡ്ഗമണിഞ്ഞുനില്ക്കുന്ന റോമാപ്പടയാളിയുടെ കണ്ണുവെട്ടിച്ച്, രാവിന്റെ മറവിൽ പുറത്തിറങ്ങാൻ കഴിഞ്ഞ ഓരോ നിമിഷവും ഓരോ പുതിയ ക്രിസ്ത്യാനിയെ നേടാനാവുന്നു.

എരിയുന്ന മെഴുകുതിരിപോലുള്ള ത്യാഗോജ്ജ്വലത തന്നെ ഗിരിമുകളിലെ വിളക്കാണ് - ഒരിക്കലും മറഞ്ഞിരിക്കാനാവില്ല.

മരണത്തെ തൃണവൽക്കരിച്ചുകൊണ്ടുള്ള വിശ്വാസം അർത്ഥസമ്പുഷ്ടമാണ്. രക്തസാക്ഷിയുടെ ഓരോ തുള്ളി രുധിരവും വളമാണ്. അതുകൊണ്ടു തന്നെ, അരിവാളിന്റെ ആകൃതിയിൽ വളഞ്ഞ മത്സ്യത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നു നിന്ന ചുറ്റികാകൃതിയിലുള്ള ചുവന്ന കുരിശ് അതിവേഗം വളർന്നു.

റോമാനഗരത്തിന്റെ അടിസ്ഥാനശിലകളെ നക്കിത്തോർത്തിക്കൊണ്ട് മോലോട്ടുയർന്ന അഗ്നിയുടെ സൗന്ദര്യംകണ്ട് മതിമറന്നു പാടിപ്പോയ ഗാനത്തിന്റെ ഓരോ ഈരടിയും സ്വന്തം വിഗ്രഹസാമ്രാജ്യത്തിന്റെ തായ്വേരിലാണ് ചെന്നലക്കുന്നതെന്ന് അന്ന് നീറോ അറിഞ്ഞില്ല.

ഏതു പാമ്പും അളമുട്ടിയാൽ തിരിഞ്ഞുകടിക്കും;

ഏത് അനീതി നിറഞ്ഞ വ്യവസ്ഥിതിയും ഒരു വിപ്ലവത്തിലേക്ക് ചാലുകീറാതിരുന്നിട്ടില്ലല്ലോ – അല്പം വൈകിയിട്ടാണെങ്കിലും!

സ്വതന്ത്രമായ കാറ്റിനെ തോൽക്കുടങ്ങളിൽ ഞെരിച്ചമർത്താൻ ശ്രമിക്കുമ്പോൾ തോൽക്കുടത്തിന്റെ തുന്നലുകളല്ലേ വിട്ടുപോവുക?

ആപ്പിൾ മരങ്ങളുടെ, പുഴുക്കുത്തുവീണ ഇലകൾ തൂവലുകളെപ്പോലെ എഴുന്നുനിന്ന ഒരു സായംസന്ധ്യയിൽ, മുന്തിരിയിലകൾ മഞ്ഞപ്പൊട്ടുകൾ നെറ്റിയിലണിയാൻ ഒരുങ്ങുമ്പോഴാണ്, സീക്കാമോർ മരത്തിന്റെ നിഴലിൽ പതുങ്ങിക്കിടന്ന ഇരുട്ടിനോടൊപ്പം കാത്തുകാത്തിരുന്ന ശരത്കാലം കടന്നു വന്നത്.

പരിഗണനയിലവൾ ധൂർത്തയാണ്. സ്വർണ്ണനിറമുള്ള ചന്ദ്രന്റെ അരിവാളവൾ ഭൂമിക്കു നേരെ ഓങ്ങി ആഞ്ഞാഞ്ഞു വെട്ടിയപ്പോൾ, ഹൃദയരക്തം ചീറ്റിയടിച്ച കാറ്റിൽ ലോകം വർണ്ണാഭമായി.

വാനമദ്ധ്യത്തിലെ വാർമേഘങ്ങൾ തുള്ളിയുറയുന്ന എറിക്കോ*യെപ്പോലെ മുടിയഴിച്ചുവീശി.

മെഡിറ്ററേനിയൻ തീരത്തെ പവിഴപ്പുറ്റുകളെ, ഇരുണ്ട തിരമാലകൾ പൊയ്‌വായ് തുറന്നു വിഴുങ്ങി.

നിമിഷനേരംകൊണ്ട് രൗദ്രഭാവം എടുത്തണിഞ്ഞ തരംഗമാലകളുടെ പോർവിളി കോസ്താ ദെലലുസ് മുതൽ വടക്കോട്ട് മുഴങ്ങിക്കേട്ടു.

എടുത്തെറിയുന്ന കൊടുങ്കാറ്റിൽ, പഴുത്തിലകൾ പാറിപ്പറന്നു. അത്തികളും ചേദാർ മരങ്ങളും, ഒലീവിന്റെ ശാഖകളും ആടിയുലഞ്ഞു. ഐവിച്ചെടികൾ ആശ്രയമറ്റ് നിലത്തു കുഴഞ്ഞുവീണു; അവയുടെ വിത്തുകൾ ചുവന്ന കാറ്റിൽ പാറിപ്പറന്നു – വിരഹദുഃഖത്തോടെ.

ചുവന്ന മണ്ണ് ഒരു സ്തംഭമായി ചുരുണ്ടുയർന്ന് വലിയ കൂണായി വിരിഞ്ഞു നിന്നു.

പ്രതാപപൂർവ്വം ഭരണം നടത്തിയിരുന്ന സൂര്യനെതിരെ പ്രപഞ്ചം സടകുടഞ്ഞെഴുന്നേറ്റു. മേഘങ്ങൾ ഒന്നുചേർന്ന് അലറി വിളിച്ചുകൊണ്ടെടുത്തപ്പോൾ ആസന്നമായ പരാജയം കണ്ട സൂര്യൻ വിളറിവെളുത്തു.

അതിശക്തമെന്നു വിശ്വസിച്ച സൗധങ്ങളുടെ വരെ അടിത്തറയിളകി. സർവ്വശക്തയായ ശരത്ക്കാലം, കോപിഷ്ഠയായൊരു ദുർദേവതയെപ്പോലെ എങ്ങും സംഹാരതാണ്ഡവം നടത്തി.

തോർ, ഇടിവാളിന്റെ ചാട്ട ചുഴറ്റിയടിച്ചപ്പോൾ, പ്രപഞ്ചമാകെ ഒരു പെരുമഴയുടെ ആരവത്തിൽ ആണ്ടുപോയി.

അത്‌ലാന്റിക്കിന്റേയും മെഡിറ്ററേനിയന്റെയും സംഗമത്തിൽ തിരകൾ തമ്മിൽ തലയിടിച്ചു പൊട്ടിച്ചിതറി.

ഭീകരമായ ഒരടിയൊഴുക്കിൽ, സർഗാസോ കടലിലെ വേരറ്റ കടൽച്ചുണ്ടികൾ, ആവാസഗേഹം നഷ്ടപ്പെട്ട പെരുംഭൂതങ്ങളെപ്പോലെ കടലിൽ അലഞ്ഞു നടന്നു.

തുലോം ശാന്തമായ ഉപരിതലത്തിനു കീഴെ ശക്തമായൊരു അടിയൊഴുക്ക് രൂപപ്പെടുകയായിരുന്നു. ആ അന്തർധാരയുടെ വർത്തുളതയിൽ, രാജാധികാരത്തെ കേന്ദ്രമാക്കി, ഒരു ചുഴിക്കുത്തെടുത്തു.

രണ്ടാംലോകമഹായുദ്ധത്തിൽ സ്വന്തം സിംഹാസനത്തിന്റെ ഉറപ്പിനു വേണ്ടി ഹിറ്റ്ലർക്ക് സ്വന്തം രാജ്യത്തേയും പ്രജകളേയും അടിയറവച്ച് ആ രാഷ്ട്രീയാധികാരത്തിന്റേയും മതനേതൃത്വത്തിന്റേയും പാരമ്പര്യത്തിനെതിരെ ഒരിക്കൽക്കൂടി ജനരോഷം ഉയർന്നുപൊങ്ങി.

പ്രപഞ്ചത്തിൽ ക്രമേണ ഊറിക്കൂടിയ നിശ്ചലത, ആസന്നമായൊരു കൊടുങ്കാറ്റിനാണ് വഴിമരുന്നിടുന്നതെന്ന് ഒട്ടെല്ലാവർക്കും ബോദ്ധ്യമായിക്കഴിഞ്ഞിരുന്നു. ശരത്കാലത്തിന്റെ സംഹാരതാണ്ഡവത്തിൽ നിന്നും പകർന്നെടുത്ത വീര്യം ഓരോരുത്തരിലും തിളച്ചുപൊങ്ങി. എല്ലാം തൂത്തെറിയുന്ന കൊടുങ്കാറ്റിൽ നിന്നും ആത്മവിശ്വാസം അവർ കോരിയെടുത്തു.

എണ്ണിച്ചുട്ട അപ്പം പോലെ ലഭിക്കുന്ന ഏതാനും പെസത്തകൾക്കുവേണ്ടി സെഞ്ഞോറുകൾ അവരവരെത്തന്നെ വിറ്റില്ല. അവരുടെ ഒട്ടകങ്ങളും കാളകളും കോവർക്കഴുതകളും പ്രഭുക്കന്മാരുടെ അറ്റം കാണാത്ത തരിശുവയലുകളിൽ യഥേഷ്ടം മേഞ്ഞുനടന്നു.

പ്രഭുകുമാരന്മാർ കുതിരപ്പുറത്തും കാറുകളിലും പൊരി വയറുള്ള സെഞ്ഞോരിറ്റകളെ തേടിനടന്നു നിരാശരായി. തൊഴിലാളികൾ പണിക്ക് ചെല്ലുന്നതും കാത്തിരുന്ന ധനികരുടെ കണ്ണുകുഴച്ചു. ദിവസങ്ങളും മാസങ്ങളും പട്ടിണി കിടക്കുമ്പോൾ ഒട്ടിയ വയറുമായി പാവപ്പെട്ടവൻ തിരിച്ചു ചെല്ലുമെന്നായിരുന്നല്ലോ അവരുടെ കണക്കുകൂട്ടൽ.

പക്ഷേ കാനാൻ ദേശത്തെ നദികളിലെ കുളിർ ജലംപോലെ മോസ്കോയിൽനിന്നും കെ. ജി. ബി മാർ രഹസ്യമായി ഒഴുക്കിവിട്ടുകൊണ്ടിരുന്ന റൂബിളുകൾ എല്ലാവരുടെയും കണക്കുകൂട്ടലുകളിൽ അത്യാവശ്യമായ പൂജ്യങ്ങൾ ചേർത്തു. വരുവാനിരിക്കുന്ന നറും പ്രഭാതങ്ങളുടെ അരുണിമ ആ ഒഴുക്കിൽ പ്രതിഫലിക്കുന്നുണ്ടായിരുന്നല്ലോ.

രോമം അറുക്കപ്പെടാൻ വിസമ്മതിച്ച് ചെമ്മരിയാടുകളാകട്ടെ, എസ്പ്പാഞ്ഞായുടെ ഓരോ നാഷനാലേയിലും ഇരുട്ടിന്റെ ഭൂഗർഭങ്ങളിൽ ഒരുമിച്ചുകൂടി വരുവാനിരിക്കുന്ന പുലർച്ചയ്ക്കായുള്ള പൂങ്കോഴികളുടെ കാഹളനാദം ആവേശത്തോടെ ശ്രവിക്കുകയായിരുന്നു; സൈനികോപകരണങ്ങൾ കൈകാര്യം ചെയ്യാൻ പഠിക്കുകയായിരുന്നു.

ഭാരം പേറി ഒടിഞ്ഞുതൂങ്ങിയ നമ്മുടെ തോളുകളിൽനിന്ന് നിരാശയുടെ ഈ വന്മല തള്ളി താഴെയിടാൻ നമുക്കെന്തു വിലകൊടുക്കേണ്ടിവരും?

ഇന്നു നിശൂന്യമായ നമ്മുടെ നയനങ്ങളെ, അശ്രുബിന്ദുക്കളിലധികമായി എന്തെങ്കിലും കൊണ്ടുനിറക്കാൻ; വേദനാനിർഭരമായ ഒരേ സ്വരത്തിലുള്ള നമ്മുടെ ശബ്ദത്തിൽ ഒരു കവിതയുടെ വസന്തംകൊണ്ടു നിറക്കാൻ നമുക്കെന്തു ചിലവുവരും?

അടഞ്ഞിരിക്കുന്ന കൈവെള്ള തുറക്കുമ്പോലെ ലളിതമാണോ ഇത്?

നമ്മുടെ വ്യക്തിത്വങ്ങളുടെ ഉടഞ്ഞുപോയ കഷണങ്ങളെ അതിന്റെ പൂർണ്ണതയിൽ നിന്നും വിരമിപ്പിക്കുന്ന ഈ മർക്കടമുഷ്ടിയുടെ ബലത്തെ കീഴടക്കാൻ ആ കൈവെള്ളയിൽ പൂണ്ടുകയറി രക്തമൊലിപ്പിച്ചാലേ, നമുക്ക് പൂർണ്ണതയിലേക്ക് മടങ്ങാനാവൂ!

എനിക്ക് ഞാനായിരിക്കാനുള്ള സ്വാതന്ത്ര്യം തടയാൻ ഈ ലോകത്ത് ഒരു വ്യക്തിക്കും സാദ്ധ്യമല്ല. നമ്മുടേതായിട്ടുള്ള ഈ സ്വാതന്ത്ര്യത്തിനു വേണ്ടിയാണ് നാമെന്നും അടരാടുന്നത്.

നമ്മുടെ വ്യക്തിത്വം നിലനിർത്താനുള്ള അവകാശം നമ്മുടെ ജന്മസ്വാതന്ത്ര്യമാണ്.

എന്റെ അസ്തിത്വമാണ് എനിക്കേറ്റവും പ്രധാനം - ഈ പ്രപഞ്ചത്തിലെ മറ്റെന്തിനേക്കാളും ആരേക്കാളുമുപരി!..

രാജ്യം ഭരിക്കുന്നവർ, പ്രജകളുടെ സുരക്ഷയ്ക്കു വേണ്ടി മാത്രം നിയമിതരാണ്. രാജ്യത്തെ പിതൃസ്വത്തായി അവർ കയ്യാളുന്നു; പ്രജകളെ ഏതാനും സെന്തിമോകൾ കൊടുത്ത് അവർ വിലയ്ക്കു വാങ്ങുന്നു.

പ്രജകളുടെ നിലനില്പിനെ ചോദ്യം ചെയ്യുന്നവർ രാജ്യദ്രോഹികളാണ്. ചെങ്കോൽ അവരിൽനിന്നും തിരിച്ചെടുത്ത് സത്യസന്ധമായി ഭരിക്കുന്നവർക്ക് നല്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു;

ഫലം കായ്ക്കാത്ത വൃക്ഷത്തിന്റെ കടക്കൽ കോടാലി വെക്കേണ്ട സമയം ഇതാ വന്നിരിക്കുന്നു.

നമ്മുടെ മുന്തിരിത്തോട്ടത്തിൽ നാം നിയമിച്ചിരിക്കുന്ന കാവൽക്കാർ, വിളവെടുപ്പിനായി നാമയച്ച ജോലിക്കാരെ കല്ലെറിയുകയും കൊല്ലുകയും ചെയ്തിരിക്കുന്നു.

ഒടുവിലയക്കപ്പെട്ട നമ്മുടെ മകന്റെ രക്തമിതാ കാനറി ദ്വീപുകളിൽ പ്രതികാരത്തിനായി മുറവിളികൂട്ടുന്നു. ഈ കഴിഞ്ഞ ഏതാനും മാസങ്ങൾക്കകം തന്നെ, നൂറുകണക്കിന് പ്രജകളാണല്ലോ, വിപ്ലവത്തിന്റെ രാജ്യദ്രോഹം ചുമത്തപ്പെട്ട് വെടിവച്ചു കൊല്ലപ്പെട്ടത്. നമ്മുടെ എണ്ണപ്പെട്ട നേതാക്കളിലൊരാളായ ജോവാനോസ് മിനോ പോലും നടുറോഡിൽ പട്ടാളക്കാരുടെ ബൂട്ട്സിന്റെ ഭാരത്താൽ കണ്ഠം തകർന്ന് രക്തം തുപ്പിയാണ് പിടച്ചിൽ നിറുത്തിയത്....

ഒരു വിപ്ലവത്തിന്റെ അനിവാര്യതയിൽ, സ്വാതന്ത്ര്യം കാത്ത് നാടൊട്ടുക്കുള്ള ജയിലുകളിൽ കഴിയുന്ന സ്വാതന്ത്ര്യസേനാനികളുടെ എണ്ണം നാലക്കങ്ങളെ ഭേദിച്ചുകഴിഞ്ഞിരിക്കുന്നു. നേതാക്കളുടെ താവളം ചോർത്താതിരിക്കാൻ അവരനുഭവിക്കുന്ന യാതനകൾ അനുദിനം വർദ്ധിക്കുകയാണ്.

മനുഷ്യൻ ബലഹീനനാണ്; എപ്പോഴെങ്കിലും.....

പട്ടാളക്കാരുമായി ദിവസേനയുണ്ടാകുന്ന ഏറ്റുമുട്ടലിൽ പിടഞ്ഞുവീഴുന്ന മനുഷ്യരുടെ എണ്ണം അനുദിനം കൂടിവരുന്നു.

സ്വാതന്ത്ര്യസമരസേനാനികളുടെ താവളം തേടൽ, പട്ടാളം ഊർജ്ജിതമാക്കിയിരിക്കുന്നു. ഈ നില തുടർന്നുകൊണ്ടുപോയാൽ ഒരിക്കലും ഒരു

സ്വാതന്ത്ര്യസമരം ഉണ്ടായെന്നുവരില്ല.

അതുകൊണ്ട് പിരണീസിന്റെ ഒളിവിൽ ലുച്ചാ ദെല ലിബർത്താദ്' എന്ന മഹാപ്രസ്ഥാനത്തിന്റെ എല്ലാ പ്രധാനപ്പെട്ട നേതാക്കളും ഒന്നിച്ചുകൂടിയ പ്രധാനപ്പെട്ടൊരു മീറ്റിംഗിൽ ഞാൻ പറഞ്ഞു – "തേങ്കമോസ് പ്രിസ്" *

എല്ലാവരും തലകുലുക്കി.

സമരമുന്നേറ്റങ്ങളുടേയും, ആക്രമണങ്ങളുടേയും ചർച്ചയിൽ ആ യോഗം അർദ്ധരാത്രിവരെ നീണ്ടു. സമര മുന്നേറ്റങ്ങളുടെയെല്ലാം കടിഞ്ഞാൺ 'ലുച്ചാ ദെല ലിബർത്താദി'ന്റെ പ്രസിഡന്റായ വാസ്ക്കൊ ബനേഞ്ഞയെ ഏൽപ്പിച്ചു.

തുടർന്ന് പിരണീസ് മലയുടെ ഓരത്തിൽ ഒരു ഗുഹയിൽ ഒരുക്കി വച്ചിരുന്ന അൾത്താരയിൽ പാദ്രേ ലിയനാർദോയും ഞാനും കൂടി ചൊല്ലിയ കുർബാനയിൽ, എല്ലാ നേതാക്കളും ഭക്തിയോടെ പങ്കെടുത്ത് ഈ വിപ്ലവ മുന്നേറ്റത്തിന്റെ വിജയം പ്രധാന നിയോഗമായി വച്ചു.

പിന്നീട് ഓരോരുത്തരും അവസാന ഒരുക്കങ്ങൾക്കുവേണ്ടി, ഓരോ പ്രൊവിൻസിലേക്കും പോയപ്പോൾ, എഴുന്നള്ളിച്ചു വച്ചിരിക്കുന്ന ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ഞാൻ മുട്ടുകുത്തി ആ വിശുദ്ധ നിശ്ശബ്ദതയിൽ ഹൃദയം അറിയാതെ തുറന്നു.

'ഈശോ, എന്റെയീശോ, വിഷമതകൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ അവിടുന്ന് ഞങ്ങളെ നയിക്കൂ! സ്വാതന്ത്ര്യത്തിലേക്കുള്ള ഈ യാത്രയിൽ അവിടുന്ന് വഴികാട്ടൂ. ഒരു സായുധവിപ്ലവത്തിന്റെ കല്ലും മുള്ളും നിറഞ്ഞ ഈ മാർഗ്ഗമേയുള്ളൂ, ദേവാലയത്തിലെ കച്ചവടക്കാരെ ആട്ടിയിറക്കാൻ. തെറ്റാണെങ്കിൽ മാപ്പുതരൂ.......

എത്രസമയം അങ്ങനെ മുട്ടുകുത്തി നിശ്ചലനായി നിന്നെന്നറിഞ്ഞില്ല. കിഴക്ക് വെള്ള വീശിയപ്പോഴാണ് പുറത്തുകടന്നത്. മലഞ്ചെരുവുകളെ തഴുകിയിറങ്ങുന്ന കുളിർക്കാറ്റ്; നല്ല തണുപ്പുതോന്നി. കണ്ണുകളിൽ നിദ്രാഭാരം. പക്ഷേ മണവാളൻ മണിയറയിലിരിക്കുന്നിടത്തോളം കാലം മണവറക്കാർക്കുറങ്ങാൻ കഴിയുമോ?.

എന്റെ കഴുത്തിൽ വെയ്ക്കപ്പെട്ട ഈ നുകം വളരെ ഭാരമേറിയതാണ്; എപ്പാഞ്ഞാക്കാർ ഒരു വിദേശിയേയും ഏല്പിക്കാത്ത നേതൃത്വചുമടിന്റെ ഒരുഭാഗം എന്റെ തലയിൽ വച്ചുതരണമെങ്കിൽ, ഈ കടന്നുപോയ വർഷങ്ങളിലൂടെ, എന്റെ ത്യാഗസന്നദ്ധതയും ആത്മാർത്ഥതയും അവരുടെ വിശ്വാസം എത്രമാത്രം നേടിയിരിക്കണം!

'പ്രതിസന്ധിയുടെ ഈ ഏതാനും ദിനങ്ങൾ കൂടി വിജയകരമായി തരണം ചെയ്യാൻ കഴിഞ്ഞെങ്കിൽ!' മനസ്സ് വീണ്ടും ഗുഹയിലേക്കോടിക്കയറി സക്രാരിയുടെ മുമ്പിൽ സാഷ്ടാംഗം വീണു.

# ഇരുപത്തിയെട്ട്

കൊബാദോങ്കാ ഗുഹയുടെ കവാടത്തിലായിരുന്നു ഒരുവിഭാഗം ജനങ്ങളെ, മഹത്തായ സ്വാതന്ത്ര്യത്തിലേക്കുള്ള നീക്കത്തിനു മുമ്പായി, അഭിസംബോധന ചെയ്തത്.

ആവേശത്താൽ ആർത്തിരമ്പുന്ന ജനസഹസ്രങ്ങളുടെ ശബ്ദം അങ്ങകലെ പിരണീസ് മലകളെ പൊതിയുന്ന മഞ്ഞുപാളികളെ സ്പർശിച്ചു തിരിച്ചുവന്നു. ആ അലർച്ചയിൽ വാനമേഘങ്ങൾ ഞടുങ്ങിവിറച്ചു. വൻമരങ്ങൾ ആ ശബ്ദംകേട്ട് തരിച്ചുനിന്നു. മെഡിറ്ററേനിയൻ പോലും ഒരുനിമിഷം തിരകളെ ശാന്തമാക്കി.

ആർത്തലക്കുന്ന ജനസമുദ്രത്തെ ശാന്തമാക്കാൻ എല്ലാവർക്കും വളരെ പാടുപെടേണ്ടിവന്നു. ഒടുവിൽ ഇലയുടെ മർമ്മരം പോലും കേൾക്കത്തക്ക വിധം ജനം ശാന്തമായപ്പോൾ, ബാസ്ക് ദേശത്തുനിന്നുള്ള പാദ്രെ ലിയനാർദോ പത്തു പ്രമാണങ്ങളുടെ കല്പലകയെടുത്തു ജനങ്ങളെ കാണിച്ചുകൊണ്ട് അഞ്ചാംപ്രമാണം ചൂണ്ടി ആവശ്യപ്പെട്ടു.

"ലജിത്തേ" (1)

നൂറായിരം കൈകളിലെ തോക്കുകളും യന്ത്രത്തോക്കുകളും ഒന്നിച്ചുയർത്തിക്കൊണ്ടവർ ഉരുണ്ടുകയറുന്ന തിരമാലകൾ പോലെ, ജനം ഒന്നിച്ചലറി – "നോ മാതാർ" (2)

'അതെ, കൊല്ലരുത്', – നിങ്ങൾ കൊല്ലപ്പെടാതിരിക്കുന്നിടത്തോളം കാലം! പക്ഷേ നിയമത്തിന്റെ പിൻബലത്തോടെ പണത്തിന്റെ സ്വാധീനത്തോടെ ഇഞ്ചിഞ്ചായി അവർ നിങ്ങളെ കൊല്ലുമ്പോൾ നിങ്ങൾ മാത്രം അഞ്ചാം പ്രമാണം ഉയർത്തിപ്പിടിച്ചുകൊണ്ടിരിക്കുന്നതിൽ എന്തർത്ഥമാണുള്ളത്? മറ്റുള്ളവരുടെ ജീവിതത്തേക്കാൾ നിങ്ങളുടെ ജീവിതമാണല്ലോ നമുക്ക് ശ്രേഷ്ഠം! വീണ്ടും ഏഴാം പ്രമാണത്തിലേയ്ക്ക് അദ്ദേഹം വിരൽ ചൂണ്ടിയപ്പോൾ വീണ്ടും ഗർജ്ജിക്കുന്ന തോക്കുകൾ ആകാശത്തേയ്ക്കുയർന്നു; എസ്പ്പാഞ്ഞയെ ഞടുക്കുന്ന അലർച്ച വീണ്ടും, "നോ ഹർതാർ" (3)

---

1. വായിക്കൂ
2. കൊല്ലരുത്
3. മോഷ്ടിക്കരുത്

'അതെ മോഷ്ടിക്കരുത്'; നിങ്ങൾ കവർച്ച ചെയ്യപ്പെടാതിരിക്കുന്നിടത്തോളം കാലം. പക്ഷേ ജീവിതാവകാശങ്ങളിൽ കൈവെക്കപ്പെട്ട്, നിങ്ങൾക്കവകാശപ്പെട്ട മുതലുകൾ അവർ പകൽക്കൊള്ള നടത്തുമ്പോൾ, നിങ്ങൾ മാത്രം ഈ പ്രമാണം കെട്ടിപ്പിടിച്ചുറങ്ങുന്നതിൽ എന്തർത്ഥമാണുള്ളത്? മറ്റുള്ളവരുടെ ജീവിതത്തേക്കാൾ നിങ്ങളുടെ ജീവിതം നമുക്ക് ശ്രേഷ്ഠമാണല്ലൊ.

അവർ അടിച്ചുവീഴ്ത്തിയ നിങ്ങളുടെ പല്ലിനു പകരം അവരുടെ പല്ല് നിങ്ങൾ അടിച്ചെടുക്കുക. അടിക്കാൻ വരുന്നവർക്കെല്ലാം തിരിച്ചും മറിച്ചും കാണിച്ചുകൊടുക്കാൻ നിങ്ങൾക്കാകെയുള്ള രണ്ടു കപോലങ്ങളും നിറയെ ഇപ്പോഴേ വിരൽപ്പാടുകൾ തിണർത്തുകിടക്കുകയാണല്ലൊ.

അതുകൊണ്ട് സ്വയരക്ഷക്കുവേണ്ടി നിങ്ങളുടെ ശത്രുക്കളെ കൊല്ലൂ! കവർച്ചചെയ്യപ്പെട്ട നിങ്ങളുടെ മുതലുകളെല്ലാം തിരിച്ചെടുക്കൂ!!

അതിനുള്ള ഏകപോംവഴി സജീവമായൊരു വിപ്ലവമാണ്. ദശാബ്ദങ്ങൾ നീണ്ടുനിന്ന സഹനസമരംകൊണ്ട് എന്തു നേടിയെന്നുള്ളതിന് നിങ്ങളുടെ ഒട്ടിയ വയറുകളും കുഴിഞ്ഞ കവിളുകളും സാക്ഷി പറയുന്നുണ്ടല്ലൊ.

അതുകൊണ്ട് നിങ്ങളുടെ ജൈത്രയാത്ര തുടങ്ങൂ; വിജയം നിങ്ങൾക്കുള്ളതാണ്.

തൊണ്ടപൊട്ടുമാറുച്ചത്തിൽ അദ്ദേഹം അലറി

"പോകൂ"

"എതിർക്കുന്നതിനെയെല്ലാം തകർക്കൂ!! "

അതിഭീകരമായൊരു കൊടുങ്കാറ്റിന്റെ ശക്തിയിൽ പാതകൾ തിങ്ങിക്കവിഞ്ഞുകൊണ്ട് ആഞ്ഞടിച്ച ജനങ്ങൾ തോക്കുകളുയർത്തിക്കൊണ്ടലറി – അവർ അലറിയടിക്കുന്ന പിശറുകളായി; എസ്പാഞ്ഞാ ദേശമാകെ ഉരുണ്ടു മറിഞ്ഞു.

ക്യാത്തലോണിയയിലെ ആപ്പിൾത്തോപ്പുകളിലും വലൻസിയായിലെ സാഗുന്തുമിന്റെ അവശിഷ്ടങ്ങൾക്കിടയിലും, ഗ്വെർണിക്കയിലെ ഓക്കുമരങ്ങൾ നിറഞ്ഞ താഴ്വാരങ്ങളിലും വിറ്റോറിയായിലെ മുന്തിരിത്തോപ്പുകളിലും, ബീൽബാവോയിലെ വിളവൊഴിഞ്ഞ വയലുകളിലും ആ അലർച്ച ഒരേസമയം മുഴങ്ങി –

"വിപ്ലവം ജയിക്കട്ടെ.....
കമ്യൂണിസം വളരട്ടെ....."

അകലെനിന്നുള്ളവർ മോട്ടോർ വാഹനങ്ങളിലും അടുത്തുനിന്നുള്ളവർ കുതിരപ്പുറത്തും, കാൽനടയായും ഒറ്റ ഒഴുക്കായി അണമുറിയാതെ തോക്കുകളുയർത്തിപ്പിടിച്ചുകൊണ്ട് മാദ്രിദ് ലക്ഷ്യമാക്കി പാഞ്ഞു.

അഗ്നിയുടെ ജ്വലനശേഷിയുള്ള, കൊടുങ്കാറ്റിന്റെ ആവേഗശക്തിയുള്ള മലവെള്ളപ്പാച്ചിലിൽപ്പെട്ട് പ്രഭുക്കന്മാരുടെ തകർന്നുവീണ കോട്ടകളിൽ നിന്ന് ഒരായിരം ആർത്തനാദങ്ങൾ ഒന്നിച്ചുയർന്നു. തകർന്നുവീണ ജയിലുകളിൽ നിന്ന് മോചനം നേടിയ ഒരായിരം സ്വാതന്ത്ര്യസേനാനികൾ കൂടെ ചേർന്നപ്പോൾ ജനക്കൂട്ടത്തിന്റെ ആവേശം പതിന്മടങ്ങായി!

വഴിക്കുകണ്ട വൻസൗധങ്ങളെല്ലാം ഒരുപിടി ഭസ്മത്തിന്റെ കുടത്തിലേക്ക് ചുരുണ്ടിറങ്ങി. സംശയിക്കപ്പെട്ട രാജകീയ രക്തങ്ങളും കുലീന രക്തങ്ങളും

നീലരക്തങ്ങളും ചേർന്ന് തെരുവീഥികളിൽ പുതിയ നദികളുറവയെടുത്തു. പ്രതികാരം ചോദിക്കാൻ അന്യായം തേടി നടന്നിരുന്ന പ്രഭുകുമാരന്മാരുടെ തലകൾ മറ്റൊരു ന്യായത്തിൻ കീഴിൽ വഴികളിൽ വീണുരുണ്ടു.

മരം ഒന്നിച്ചുകൂടിയ ജനക്കൂട്ടം, തലച്ചോറില്ലാത്ത ഒരു വൻമൃഗമാണ്. മുൻപിൻ ചിന്തയില്ലാത്ത അതിനെ ശബ്ദം അല്പം കൂടുതലുള്ള ഏതൊരു വിഡ്ഢിക്കും ഇഷ്ടവഴിക്ക് നയിക്കാം, എന്തസാദ്ധ്യകാര്യവും ചെയ്യിക്കാം.

ആയിരങ്ങളുടെ ഒത്തൊരുമയിൽ, അടക്കിവച്ചിരുന്ന പ്രതിലോമ താല്പര്യങ്ങൾ വൻശക്തിയോടെ പുറത്തേക്കൊഴുകുന്നു. ആവേശത്താൽ അന്ധത ബാധിച്ച യുക്തിയും മനഃസാക്ഷിയും ഉപബോധമനസ്സിലേക്ക് ചുരുണ്ടിറങ്ങുന്നു.

അല്ലെങ്കിൽ, ഏകരായിരുന്നപ്പോൾ കൊലയേയും കൊള്ളിവെയ്പിനേയും പറ്റി കേട്ട് ഞെട്ടിയിരുന്ന നിഷ്കളങ്കജനങ്ങൾ ഈ കടുംകൈകൾക്ക് യാതൊരു ദാക്ഷിണ്യവുമില്ലാതെ മുന്നിട്ടിറങ്ങില്ലായിരുന്നല്ലോ; ഏകനായ മനുഷ്യന് ഇത്രയും നിർഭയനാവാൻ ഒരിക്കലും കഴിയില്ല.

ജീവനുവേണ്ടി പരക്കംപായുന്ന മുയൽക്കുട്ടികൾ നായാട്ടുകാരുടെ വെടിയുണ്ടയിൽ പിടഞ്ഞുവീഴുന്നതുപോലെ, കാണുന്ന ധനികരെയെല്ലാം തോക്കിൻ കുഴലിനു നേരെ നിർത്തി കാഞ്ചിവലിച്ചു.

ഒരായിരം വെടിയുണ്ടകൾ ഒരേസമയം ഏറ്റുവാങ്ങി, മനുഷ്യശരീരങ്ങൾ ജീവൻ കൈവിടുന്നതിനു മുമ്പേ ചിതറിത്തെറിച്ചു. ഒരു നായാട്ടുകാരനും ഇത്രയധികം ഇരകളെ ഒന്നിച്ചു കിട്ടിയിട്ടുണ്ടാവില്ല.

ഒരിക്കലും വിശപ്പുമാറാത്ത അഗ്നി കാണുന്നതെല്ലാം വാരിവിഴുങ്ങി. അഗ്നിസ്തംഭങ്ങൾ ജനക്കൂട്ടത്തിന്റെ ഈ ജൈത്രയാത്രയിലെ വഴികാട്ടികളായി; പിന്നീട് പാദമുദ്രകളായി.

ഒരായിരം ജീപ്പുകൾ പാഞ്ഞുപോകുന്ന ശബ്ദവും ജനസഹസ്രങ്ങളുടെ ആർപ്പുവിളികളും, തോക്കുകളുടെ ഗർജ്ജനവും ആർത്തനാദങ്ങളും കൊണ്ട് എസ്പാഞ്ഞാ ദേശമാകെ കിടിലം കൊണ്ടു.

രാജവൃത്തങ്ങൾ, വിരണ്ടുനില്ക്കുന്ന പൂച്ചയെപ്പോലെ മുതുകു വളച്ച് കൊത്തളങ്ങൾക്കകത്തുനിന്ന് മുരണ്ടു.

പട്ടാളത്തിന്റെ അണികളിൽ അമ്പരപ്പും, ആശങ്കകളും പൊട്ടി മുളച്ചു. എങ്ങനേയും – പക്ഷേ ചീറിയടുക്കുന്ന കൊടുങ്കാറ്റിന് അതിർത്തി വരച്ചുകൊടുക്കാൻ ആർക്കുകഴിയും?

കയ്യിൽ തോക്കുകളും പീരങ്കികളുമുണ്ട്. പക്ഷേ നിർഭയം അലറിയടുക്കുന്ന തിരമാലകളുടെ ഗളച്ഛേദം നടത്താൻ ആർക്കുകഴിയും?

കയ്യിൽ വിലങ്ങുകളും കാൽച്ചങ്ങലകളുമുണ്ട് എന്നാൽ സ്വതന്ത്രമായൊരു നിർഭയ മനസ്സിനെ ആർ വിലങ്ങുവെയ്ക്കും?

നൂറുകളായി പിളർന്ന് ആയിരം ദിശകളിലൂടെ കൂലംകുത്തിയൊഴുകുന്ന കാട്ടു നദികൾക്ക് അണകെട്ടാൻ ആർക്കു കഴിയും?

അതെ, എസ്പാഞ്ഞാ സേനയിൽ നിന്നും കൂറുമാറിവന്ന ലഫ്റ്റനന്റ് മാരിൽ

വെരോസയാണാ തന്ത്രം വെളിപ്പെടുത്തിത്തന്നത് ഒരേ സ്വതന്ത്രസേന അനേകം ഘടകങ്ങളായി അനേകം വഴികളിലൂടെ മാദ്രിദിലേക്ക് ഒരേ സമയം മുന്നേറുക! എന്നിട്ട് പെട്ടെന്നൊരാക്രമണത്തിൽ മാദ്രിദ് കൊട്ടാരം കീഴ്പ്പെടുത്തുക; രാജാവോ രാജപ്രഭൃതികളോ രക്ഷപ്പെടാതിരിക്കാൻ ഇതു സഹായിക്കും.

രാജാവിനോട് കൂറുള്ള പട്ടാള അണികളെ ദുർബ്ബലമാക്കാനും ഇതാണെളുപ്പവഴി അല്ലാതെ തന്നെ ജനങ്ങൾക്കെതിരായി രാജ്യത്തെ ഒറ്റുകൊടുക്കുന്ന രാജാവിന്റെ കീഴിൽ അതൃപ്തരായിക്കഴിയുന്ന പട്ടാളക്കാരിൽ അധികം ആത്മവീര്യമൊന്നും പ്രതീക്ഷിക്കാനില്ല.

എല്ലാ നാഷനാലേകളിൽ നിന്നും പലവഴിയെത്തുന്ന ജനങ്ങൾ ഒരേസമയം മാദ്രിദിലെത്താനായിരുന്നല്ലോ ഏർപ്പാട്.

എല്ലാ ഘടകങ്ങളും മാദ്രിദിലെത്തിയപ്പോൾ, നഗരമാകെ ഇളകിമറിഞ്ഞു. അലറിവിളിക്കുന്ന ജനങ്ങൾ, ഗർജ്ജിക്കുന്ന തോക്കുകൾ, സ്വന്ത രക്തത്തിൽ മുങ്ങിക്കുളിക്കുന്ന വലിയവൻ; കത്തിയെരിയുന്ന നഗരം!!

മാദ്രിദ് ഇത്ര വലിയൊരു ജനക്കൂട്ടത്തെ ഇതിനു മുമ്പൊരിക്കലും കണ്ടിട്ടുണ്ടാവില്ല. ഇത്ര ആവേശകരമായൊരു വിപ്ലവം എസ്പ്പാഞ്ഞ ദേശം ദർശിച്ചിട്ടുണ്ടാവില്ല. കത്തോലിക്കാ വൈദികർ രൂപം കൊടുത്ത സായുധ വിപ്ലവത്തിന് ലോകചരിത്രം ഒരിക്കലും സാക്ഷി നിന്നിട്ടുണ്ടാവില്ല.

ഭരണാധികാരികൾ ഈ വിപ്ലവം പ്രതീക്ഷിച്ചിരുന്നെന്നു തോന്നി. പക്ഷേ ഇത്ര പെട്ടെന്ന് ഈ അഗ്നിപർവ്വതം പൊട്ടിത്തെറിക്കുമെന്നു കരുതിയിരിക്കില്ല. അല്ലെങ്കിൽ തന്നെ, ഹിറ്റ്ലർ കൊടുത്തേല്പിച്ച പഴയ പീരങ്കികളും തോക്കുകളും, അത്യാധുനിക റഷ്യൻ ഉപകരണങ്ങളുടെ മുമ്പിൽ എന്തുള്ളൂ!

അതൃപ്തരെങ്കിലും കർത്തവ്യബോധം മാത്രം എടുത്തുയർത്തിയ ബയണറ്റുകൾ, സ്വതന്ത്രമായൊരു മനസ്സിനു മുമ്പിൽ എന്തുചെയ്യും?

എന്നിട്ടും മണിക്കൂറുകൾ നീണ്ടുനിന്നു ആ ഏറ്റുമുട്ടൽ ഒരു വെടിക്കെട്ടുസ്ഥലത്തെ കൂട്ടച്ചൊരിച്ചിൽ പോലെ മാരക യന്ത്രങ്ങൾ പരസ്പരം ഭത്സിച്ചുകൊണ്ട് തീ തുപ്പി.

ഇരുഭാഗത്തും ആളുകൾ അനേകം പിടഞ്ഞുവീണു.

നഗരത്തിന്റെ ഹൃദയസ്തംഭങ്ങൾ അഗ്നിയുടെ നഗ്നതാണ്ഡവത്തിൽ പൊട്ടിത്തെറിക്കുന്ന പടഹധ്വനിയിൽ പട്ടാളത്തിന്റെ മോഹങ്ങൾ ഒന്നൊന്നായിക്കൊഴിയുകയായിരുന്നു.

വെടിയേറ്റു വീണവരുടെ ആർത്തനാദം സ്വന്തം അണികളിൽ പ്രതികാരത്തിനുള്ള ദാഹം വളർത്തുകയായിരുന്നു - എതിരാളികളുടെ രക്തത്തിനു വേണ്ടിയുള്ള വിപാസ!

ആ വിപാസയുടെ ശമനം കണ്ടെത്തലിൽ മാദ്രിദ് നഗരമാകെ കടുംനിണത്തിന്റെ കായലായി. ആ രക്തം ഒട്ടിപ്പിടിച്ച നിലത്തുനിന്നു പാദങ്ങൾ പറിച്ചെടുക്കുകപോലും പ്രയാസമായിരുന്നു.

കണ്ണുകൾ തുറിച്ച്, മാംസപുഷ്പങ്ങൾ വിടർന്നു നില്ക്കുന്ന, ശവശരീര

ങ്ങളുടെ വൈകൃതം കണ്ട് മനസ്സു മരവിച്ചു.

കൊയ്തിട്ട് ഗോതമ്പുചുരുട്ടുകൾ ചവിട്ടിക്കടന്നു പോകുന്ന ലാഘവ ത്തോടെ ശവശരീരങ്ങളെ മറികടന്നു മുന്നോട്ടു നീങ്ങി.

ഏറ്റവും പിന്നിൽ വെടിയുണ്ടയോ കവചിത വാഹനത്തിലിരുന്ന് പട്ടാളക്കാർക്ക് നിർദ്ദേശം നല്കുന്ന, സ്പാനിഷ് പ്രീമിയർ ഫെർണാണ്ടോ ഗുസേപ്പിയായിരുന്നു ഒടുവിലത്തെ പ്രധാന ഇര.

പല പീരങ്കികളും ഉറ്റു ശ്രമിച്ചിട്ടും പിളരാൻ കഴിയാതിരുന്ന പ്രത്യേക കൂട്ടുലോഹത്താൽ നിർമ്മിത വാഹനം, ഒടുവിൽ ഒരു ചെറിയ മിസൈൽ വിക്ഷേപണത്തിൽ പൊട്ടിപ്പിളർന്നപ്പോൾ, സർവ്വസൈന്യാധിപനായ ഒരു പാവം മനുഷ്യൻ തെറിച്ചു റോഡിൽ വീണു. ഇതുവരെ, ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളുടേയും അടിത്തറ ഇളക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന രാജാ വിന്റെ വലംകൈയായ ഫെർണാണ്ടസ് ഗുസേപ്പ്!

തടവിൽ പിടിക്കപ്പെട്ട സ്വാതന്ത്ര്യസമരസേനാനികളെ, ഇയ്യാളാണ് പീഡി പ്പിച്ച് രഹസ്യം ചോർത്താനുള്ള ശ്രമത്തിൽ ജീവനുകൾ ചോർത്തി വിട്ടത്!

ഒരു തലയെടുത്ത നേതാവായിരുന്ന ജോവിനോസ് മിനോര കുത്തിത്തുള ക്കപ്പെട്ട ശരീരവുമായി നടുറോഡിൽക്കിടന്ന് ജീവനുവേണ്ടി പോരാടുമ്പോൾ, ഇയ്യാളാണ് ആ കത്തിൽ ഷൂസിട്ട കാലമർത്തി ശ്വാസനാളം പൊട്ടിച്ച് കട്ടരക്തം കക്കിച്ചത് – ഈ നീചൻ!!

റോഡിൽ മലർന്നുവീണു കിടക്കുന്ന ഫെർണാണ്ടസ് ഗുസേപ്പക്ക് ചുറ്റും കൂടിയവരെ വകഞ്ഞുമാറ്റി ഞാനടുത്തുചെന്നു. അയ്യാളുടെ കഴുത്തിനുനേ രെ കാണപ്പെട്ട ബയണറ്റ് പിടിച്ചുമാറ്റി, പകരം ഞാനെന്റെ ഷൂസിട്ട കാലുകൾ ആ തൊണ്ടയിൽ ചവിട്ടിയമർത്തിക്കൊണ്ടു പറഞ്ഞു “ഇതൊരു ധർമ്മയു ദ്ധമാണ്, അനീതിക്കെതിരായുള്ള കാലത്തിന്റെ പോരാട്ടം. ഒരു ശക്തിക്കും സമയത്തിന്റെ കൊടുങ്കാറ്റിനെ വെട്ടിവീഴ്ത്താനാവില്ല.”

നിസ്സഹായനായി മലർന്നുകിടന്ന ആ സർവ്വസൈന്യാധിപൻ തെരുതെരെ കൈകാൽ നിലത്തു തല്ലി, അയാൾ എന്തോ പറയാനാണെന്നുതോന്നി. പക്ഷേ വാക്കുകൾക്കുപകരം കടവായിലൂടെ ഒഴുകിയ കട്ടരക്തം എന്റെ ളോഹയുടെ വിളുമ്പിൽ കറ പടർത്തിയപ്പോൾ ഞാൻ കാലെടുത്തു.

അപ്പോൾ അവശേഷിച്ച പട്ടാളക്കാർ, ഒരു പ്രതിരോധ ആക്രമണത്തിലൂടെ പിൻവാങ്ങി മരിയ ദോളൊറോസ തെരുവിലൂടെ രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും ഒരുത്തനേയും വിട്ടില്ല.

വഴിക്കുള്ള തടസ്സങ്ങളെല്ലാം നീങ്ങിയപ്പോൾ അതാ, മോഹനമായ പ ൂന്തോട്ടങ്ങളാൽ വലയംചെയ്യപ്പെട്ട, ലോകത്തിലേക്കും വലിയതും മനേ ാമോഹനവുമായ മാദ്രിദ് കൊട്ടാരം!!

ഉറപ്പുള്ള കന്മതിലുകളാൽ ചുറ്റപ്പെട്ട മോഹനരാജമന്ദിരം, ഇന്നലെവരെ ആരും ഭക്തിബഹുമാനങ്ങളോടെ അകലെനിന്നും നോക്കി വണങ്ങിയിരുന്നത്. ചരിത്രത്തിലെ എത്രയോ സംഭവബാഹുല്യതക്ക് ഈ കമനീയ അരമന സാക്ഷ്യം വഹിച്ചിരിക്കുന്നു!

ഗോഥിക് കലയുടെ ഉത്തമനിദർശനമായ ഈ കൊട്ടാരത്തിന്റെ മുകളിൽ മഞ്ഞയും ചുവപ്പും കലർന്ന എസ്പാഞ്ഞിയൻ പതാക പാറിക്കളിക്കാൻ തുടങ്ങിയത് ഇന്നോ ഇന്നലെയോ അല്ലല്ലോ. പല മദ്ധ്യകാല ശതകങ്ങളിലും ഈ പതാകയുടെ വർണ്ണത്തിൽ മുക്കിയ മഷികൊണ്ടാണ് നവഭൂഖണ്ഡത്തിനുവേണ്ടി ചരിത്രത്തിന്റെ ഏടുകളിൽ അമർത്തിയാലൊടിയുന്ന തൂവൽ കോറിയത്.

ഈ ദീപശിഖയാണ് ഇൻഡ്യയിലേക്ക് നല്ല മോഹത്തിന്റെ മുനമ്പുചുറ്റിയുള്ള പാതക്ക് വിളക്കുകാണിച്ചത്.

ഈ പതാകയുടെ പ്രചോദനം എത്രയോ അറിയപ്പെടാതിരുന്ന ചെറുദ്വീപുകളിൽ മനുഷ്യവാസം പകർന്നുവിട്ടു.

എത്രയോ കണ്ടുപിടിത്തങ്ങൾക്ക് ഇവിടത്തെ രാജകീയ പ്രചോദനം വഴിമരുന്നിട്ടു!

ഒടുവിൽ ഗെർണിക്കയിലെ ചന്തദിവസം, വിമാനങ്ങൾ വന്നു ബോംബിട്ടതുവരെ; ഞരമ്പുകൾ വലിഞ്ഞുമുറുകിയ കുറിയ മനുഷ്യന്റെ ചുവന്നുതുടുത്ത മുഖത്തിന്റെ നീല ദർശനത്തിന് അനുമതി കൊടുത്തതുവരെ അപമാനത്താൽ മുഖം മറക്കേണ്ടതൊന്നും ഈ നരച്ച മതിലുകൾക്ക് കാണേണ്ടി വന്നിട്ടില്ല.

ഹിറ്റ്ലറുടെ അഹങ്കാരത്തിനൊപ്പം ഈ കൊട്ടാരം ചുവടുവെക്കാൻ തുടങ്ങിയ നിമിഷം ജീവിതസ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളി കൂട്ടിയവരുടെ തലച്ചോറുകൾ ചിതറിത്തെറിച്ചു. അവരുടെ കൺതുറിച്ച ശവങ്ങൾക്കുവേണ്ടി ബിൽബാവോയിലും ഗെർണിക്കയിലും ചെന്നായ്ക്കളും കഴുകന്മാരും മൽപ്പിടുത്തം നടത്തി. പിക്കാസോയുടെ പ്രശസ്തമായ ആ പെയിന്റിംഗാണല്ലൊ അതിന്റെ ഏറ്റവും നല്ല വിവരണം!

സ്വാതന്ത്ര്യം ചോദിച്ചു ചെന്ന പൂർവ്വികരുടെ രക്തം എണ്ണമറ്റ വെടിയുണ്ടകളുടെ മുറിവുകളിലൂടെ ഒഴുക്കിപ്പരത്തിയ ആ നരച്ച മതിലുകളുടെ ദർശനം തന്നെ ഈ ചെറിയവരുടെ ധർമ്മരോഷത്തിൽ തെറിച്ചു വീണ തീപ്പൊരിയായിരുന്നു.

ഒന്നിച്ചാരംഭിച്ച പ്രയാണത്തിൽ വഴിയിൽ വെച്ച് കൺമുമ്പിൽ പിടഞ്ഞു വീണ സഹയാത്രികരുടെ ദയനീയ ദൃശ്യം ആ എരിതീയിൽ എണ്ണ പകർന്നു.

എല്ലാ അനീതികൾക്കും ഉത്തരവിട്ട കൊട്ടാരം, കൻമതിലുകളുടെ സുരക്ഷയിൽ അത്രയടുത്തും അപ്രാപ്യമായിത്തന്നെ നിലകൊണ്ടു.

കോട്ടയുടെ ആനവാതിലുകൾ അകത്തുനിന്നടച്ച് ഒടുവിലത്തെ കൈനോക്കാൻ തയ്യാറായി കാത്തുനില്ക്കുന്ന കൊട്ടാരം കാവൽക്കാർ...

ഇരുമ്പു കവാടങ്ങളെക്കാൾ തകർക്കാനെളുപ്പം കന്മതിലുകളാണ്.

പുതിയൊരാരവത്തിന്റെ ഉത്ഭവവുമായി സഖാക്കൾ കോട്ടമതിലുകൾക്ക് ചുറ്റും അണിനിരന്നു.

അറുപതിനായിരങ്ങളുടെ തോക്കുകൾ ഒപ്പം കാഹളമൂതിയപ്പോൾ, നാല്പതിനായിരങ്ങൾ ആർത്തട്ടഹസിച്ചപ്പോൾ, റഷ്യൻ നിർമ്മിത ഗ്രനേഡുകൾ

കൺചിമ്മിയപ്പോൾ, അരമനമതിലുകൾ താനേ തകർന്നുവീണു.

10 തോക്കുകൾ കൈവിട്ട് കാവൽക്കാർ ആ കന്മതിലുകളുടെ അവശിഷ്ട ങ്ങൾക്കുള്ളിൽ ശരീരം പൂഴ്ത്തി.

അരമനസേനകൾ പിന്മാറി കൊട്ടാരത്തിലൊളിച്ചു; രാജാവും മന്ത്രിമാരും അകത്തിരുന്ന് രക്ഷപ്പെടാനുള്ള അവസാന മാർഗ്ഗങ്ങളെക്കുറിച്ചാലോചിച്ചു.

ദിവസങ്ങളായി അവരുടെ ആലോചനയതായിരുന്നല്ലൊ! കൊട്ടിയടക്ക പ്പെട്ട വിമാനത്താവളം; എങ്ങും വേഷം മാറി നടന്നിരുന്ന സന്നദ്ധഭടന്മാർ – ജീവനിൽ കൊതിയുള്ള ആരും ദിനങ്ങളായി കൊട്ടാരത്തിൽനിന്നും പുറത്തിറങ്ങിയതേയില്ല – വയർലസ്സിലൂടെ പാഞ്ഞുപോയിരുന്ന നിഷ്ഠൂര ആജ്ഞകളല്ലാതെ.

അണപൊട്ടിയ ഭാഗത്തുകൂടി, അണക്കെട്ടിലെ വെള്ളം കുത്തിയൊഴുകു ന്നതുപോലെ തകർന്നുവീണ മതിലുകൾ ചാടിക്കടന്ന് ജനസമുദ്രം അരമന മുറ്റത്തേക്കൊഴുകുന്നതുകണ്ട്, ദീനദയാലുവിന്റെ മുഖം മൂടി എടുത്തണിഞ്ഞ രാജ്ഞി രണ്ടാംനിലയുടെ ബാൽക്കണിയിൽ വന്നു.

ചകിതഭാവം, സുന്ദരമായൊരു പുഞ്ചിരിയിൽ മറച്ചുപിടിച്ചുകൊണ്ട് സ്വർണ്ണ ത്തലമുടി ഇടതു കൈകൊണ്ട് നെറ്റിയിൽ നിന്നും വകഞ്ഞുമാറ്റി, പച്ചക്കണ്ണു കൾ വിടർത്തി ആ പൂർവ്വ ഹോളിവുഡ് സിനിമാതാരം ചോദിച്ചു. –

1. “കുവേ ദെസിരേവൂ?” (1)

2. ‘നു നവാങ് പാഃ ദ് പേയ്ംഗ്; ദൊനു പേയിംഗ്, സീവുപ്‌ലേ,” (2) ജനങ്ങൾ ഒരേ സ്വരത്തിൽ കേണു.

3. “സീവു നവപാഃ ദ് പേയിംഗ്, മാംഷേ ഗ്യാറ്റൊ”(3) എന്തോ വലിയൊരൗ ദാര്യമതിയായി രാജപത്നി പറഞ്ഞു.

അതിന് പ്രത്യുത്തരമേകിയത് ഒരു തോക്കിന്റെ തീ നാവായിരുന്നു. ഒരാർത്തനാദത്തോടെ രാജ്ഞി പിന്നോക്കം മറിഞ്ഞു. അവരുടെ ഞരക്ക ങ്ങളെ കൊട്ടാരത്തിനുള്ളിൽ ഇടിച്ചുകയറിയ ജനങ്ങളുടെ അട്ടഹാസങ്ങൾ ഗ്രസിച്ചു കളഞ്ഞു.

മോഹനമായ കൊട്ടാരത്തിനകത്ത് എന്തൊക്കെയോ ഇടിഞ്ഞുവീഴുന്നു. സ്ഫടികങ്ങളും പളുങ്കുകളും പൊട്ടിച്ചിതറുന്ന ശബ്ദം. സംഹാരതാണ്ഡവ ത്തിന്റെ നീണ്ടുനില്ക്കുന്ന ഘോരനൃത്തം.

സ്നിഗ്ധമായ ഗോഥിക് കലയുടെ മകുടോദാഹരണമായ ആ അരമന നശിപ്പിക്കരുതെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, ജനങ്ങളുടെ ആവേശം മൃഗീയമായൊരുതരം ക്രൂരതയിലേക്ക് വളർന്നുകഴിഞ്ഞിരുന്നു. ആ എല്ലാം നശിപ്പിക്കാനുള്ള അക്രമവാസനയുടെ കടിഞ്ഞാൺ നേതാക്കന്മാരുടെ കയ്യി ലായിരുന്നില്ലല്ലൊ.

---

1. എന്തുവേണം?
2. കഴിക്കാൻ അപ്പമില്ല ഞങ്ങൾക്ക്; മനസ്സുണ്ടെങ്കിൽ അപ്പം തരൂ!
3. അപ്പമില്ലെങ്കിൽ കേക്ക് തിന്നൂ (ഫ്രഞ്ച് )

(ഫ്രഞ്ച് വിപ്ലവകാലത്ത് ലൂയീസ് പതിനാലാമന്റെ രാജ്ഞി ദരിദ്രലക്ഷ ങ്ങൾക്കു നൽകിയ മറുപടി)

അധികാരത്തിന്റെ വീഞ്ഞുമോന്തി മദിച്ചുനടന്ന കണ്ഠങ്ങളിൽ നിന്നും ദീന രോദനങ്ങളുയർന്നു.

തുടരെത്തുടരെയുള്ള വെടിയൊച്ചകൾ കൊട്ടാരത്തിന്റെ ഇടനാഴികളിൽ മുഴങ്ങിക്കേട്ടു. ഒപ്പം മരണാകാന്ദനങ്ങളും.

എല്ലാം തട്ടിപ്പിടഞ്ഞു വീഴുന്ന ശബ്ദം. എന്തൊക്കെയോ ഉടഞ്ഞുതകരുന്നു. എസ്പാഞ്ഞായുടെ അഭിമാനമായ മാദിദ് കൊട്ടാരം വരെ ഇടിഞ്ഞു വീഴുമെന്നുതോന്നി.

അതെ, ഇന്നുവരെ കിരാതമായ ശക്തികൊണ്ട് കൊമ്പുയർത്തിപ്പിടിച്ചു നിന്ന് ഈ കാളക്കൂറ്റനെ നേരിടാൻ, രക്തവർണ്ണമുള്ള വസ്ത്രങ്ങളണിഞ്ഞ് ഒരു നീണ്ട ചെങ്കൊടി കയ്യിലേന്തി, തനിക്കും ഒരു "മത്താദോറായി* ഗോദായിലിറങ്ങേണ്ടി വന്നു.

അനാദികാലം മുതൽ കണ്ണിൽക്കണ്ടവരെയെല്ലാം കുത്തി കൊമ്പിലെടുത്ത് അഹങ്കരിച്ചിരുന്ന കാളക്കൂറ്റനെ ജനങ്ങൾക്കു വേണ്ടി നേരിടാൻ ചുവപ്പു വസ്ത്രമണിഞ്ഞതുതന്നെ അവരിൽ ക്രിസ്തുവിനെ ദർശിച്ചതുകൊണ്ടാണല്ലൊ.

ചുവപ്പിന്റെ ദർശനം, ആദ്യം മുതലേ കാട്ടുകാളകൾക്ക് അങ്ങേയറ്റം അരോചകമായിരുന്നു. ചുവപ്പിന്റെ മുദ്രകളെല്ലാം അവർ കുത്തികൊമ്പിലുയർത്തി. അപ്പോൾ ഈ അരോചകതയാണ്, ആ കാളയെ എളുപ്പം തറപറ്റിക്കുന്നതിനുള്ള എളുപ്പമാർഗ്ഗം.

ഭുജത്തെ ഭുജം കൊണ്ട് കീഴടക്കാൻ ചുവന്ന വസ്ത്രം എടുത്തണിയുന്നതു കണ്ടപ്പോൾത്തന്നെ, കാളക്കൂറ്റൻ ഇടതുകാൽ നിലത്തുരച്ച് മുക്രകുത്തി.

ഗോദാക്കുചുറ്റും കൂടിയ ജനങ്ങളുടെ ഹൂറേവിളികൾ ഏറ്റവും ആത്മപ്രചോദകമായിരുന്നു. ചൂഷണത്തിന്റെ രാജസ്വാർത്ഥതയുടെ പ്രതീകമായ ഈ കാട്ടുകാളയുടെ സംഹാരം അവർക്കായിരുന്നല്ലൊ ഏറ്റവും ആവശ്യം!

ചുവപ്പിൽപ്പൊതിഞ്ഞ മനുഷ്യനെക്കണ്ട് കുത്തിയെറിയാൻ കാളക്കൂറ്റൻ പാഞ്ഞടുത്തപ്പോൾ, സ്വയം നിശ്ചലനായി നിന്ന് ചുവന്ന കൊടി ചലിപ്പിച്ചുകൊണ്ട് കാളക്കൂറ്റന്റെ കൊമ്പുകൾക്ക് മാർഗ്ഗഭ്രംശം വരുത്തി.

ഓരോ ലക്ഷ്യഭ്രംശവും കാളക്കൂറ്റന്റെ പുറത്തു പുതുതായി പതിച്ച ഓരോ അമ്പായിരുന്നു.

നിരാശയുടെ ക്രോധത്തിൽ, പുറത്തെ അമ്പേറ്റിന്റെ തുളഞ്ഞിറങ്ങുന്ന വേദനയിൽ പതിന്മടങ്ങ് ആവേശത്തോടെ ചുവപ്പിന്റെ ഉന്മൂലനാശം ചെയ്യാൻ തലതാഴ്ത്തി കൊമ്പാഞ്ഞുകൊണ്ട് പാഞ്ഞടുത്തപ്പോഴും ചുവന്ന പതാകയുടെ നിർദ്ദിഷ്ട വ്യതിചലനത്തിൽ കാളക്കൂറ്റന്റെ ലക്ഷ്യം തെറ്റി.

വീണ്ടും പുറത്ത് പൂണ്ടുകയറുന്ന നിരാശയുടെ അമ്പുകൾ; കോപത്താൽ തിളച്ചുമറിയുന്ന രക്തം ഓരോ പ്രാവശ്യവും വർദ്ധിച്ചു വന്ന ക്ഷീണത്തെ കീഴടക്കിയപ്പോൾ പുതിയ ശക്തിയോടെ ചുവപ്പു ലക്ഷ്യമാക്കി കൊമ്പാഞ്ഞുകൊണ്ട് കാളക്കൂറ്റൻ പാഞ്ഞു.

---

*കാളപ്പോരിലെ പോരാളി

ഓരോ പാച്ചിലിലേയും മാർഗ്ഗഭ്രംശം, സ്വന്തം അന്ത്യത്തെയാണ് ശീഘ്രം ക്ഷണിച്ചുവരുത്തുന്നതെന്ന ബോധം, ഈ കോപം സ്വന്തം അന്ത്യത്തിനാണ് വഴി വെക്കുന്നതെന്നറിയാനുള്ള ബുദ്ധി അഹങ്കാരത്തിന്റെ ഉന്മത്തതയിൽ കാളക്കൂറ്റനില്ലാതെ പോയി!

ഓരോ തോൽവിയും കൂടുതൽ ക്ഷീണിപ്പിച്ചു.

ഓരോ തോൽവിയും കൂടുതൽ വാശി പിടിപ്പിച്ചു..

അധികരിച്ച് നിരാശ ക്രോധത്തെ ഉയർത്തിയപ്പോൾ കൂടുതൽ വാശി യോടെ ചുവപ്പിനെ കുത്തിയെറിയാൻ; കുത്തി കൊമ്പിൽ കോർക്കാൻ കൂടു തൽ വേഗത്തിൽ, കൂടുതൽ കൂടുതൽ ശക്തി സംഭരിച്ചു കൊണ്ടു കാളക്കൂറ്റൻ പാഞ്ഞു.

പക്ഷേ നല്ലൊരു മാറിന്റെ മുമ്പിൽ എത്ര കരുത്തനായ കാളക്കൂറ്റ ന്റേയും വിധി പ്രനിശ്ചിതമാണല്ലൊ!

അവശേഷിച്ച ശക്തിയെല്ലാം ആവേശിച്ചുകൊണ്ട്, ചുവപ്പിനെ ഉന്മൂലനം ചെയ്യാൻ അവസാനമായി കൊമ്പാഞ്ഞുകൊണ്ട് പാഞ്ഞെടുത്ത കാളക്കൂറ്റന്റെ മുതുകിൽ, മുൻകൈകൾക്കിടയിൽ മാംസത്തിന്റെ സുതാര്യതയിലൂടെ അതീവമൂർച്ചയുള്ള നീണ്ടൊരു വാൾ പൂണ്ടുകയറി നെഞ്ചിനുള്ളിലേക്ക് ആഴ്ന്നിറങ്ങി ഹൃദയത്തെ പിളർന്നുകളഞ്ഞു.....!!

ഒടുവിൽ സ്വയം കൊമ്പുകുത്തി കാളക്കൂറ്റൻ ചെരിയുമ്പോൾ ഗ്യാലറിക ളിൽനിന്നും ജനലക്ഷങ്ങളുടെ താളാത്മകമായ ഹർഷാരവം–

“മത്തദോർ.... മത്തദോർ ഹിപ് ഹിപ് ഹൂറേ മത്തദോർ.....

“മത്തദോർ..... മത്തദോർ ലോഞ്ചാ വിവാ മത്തദോർ.....” *

നോക്കിനിൽക്കെ, കൊട്ടാരത്തിന്റെ മൂന്നാം നിലയിലെ തെക്കേ ബാൽക്ക ണിക്കടുത്തുള്ള മുറിയുടെ ജനലിലൂടെ ഒരു ക്യാറ്റാപുൾട്ടിൽ നിന്നെന്ന പോലെ തെറിച്ചു വീണ രാജാവ് മുഖമടിച്ച് തോട്ടത്തിനടുത്തുള്ള പച്ചപ്പുൽപര വതാനിയിൽ വന്നു വീണു – തലപൊട്ടിയൊഴുകിയ രാജകീയ രക്തം, പച്ച പ്പരവതാനിയിൽ ചുവന്ന അവ്യക്ത ചിത്രങ്ങൾ വരച്ചു.

അവസാനമായി, പാഞ്ഞടുക്കുന്ന പ്രജകളെ പണിപ്പെട്ട് തലയുയർത്തി ഒന്നു കടാക്ഷിച്ചിട്ട് എന്നന്നേക്കുമായി ആ രാജകീയ നയനങ്ങൾ നിശ്ചല മായി !!

അദ്ദേഹത്തിന്റെ പുറത്തു തറഞ്ഞുകയറിയ കഠാരയുടെ മുറിവിലൂടെ അപ്പോഴും രക്തം പുറത്തേക്ക് ചീറ്റുന്നുണ്ടായിരുന്നു!!...

പിരണീസ് മലയുടെ കൊടുമുടിയിൽ നിന്നും, ഒരു വലിയ മണിനാദ ത്തിന്റെ ഝണഝണാരവത്തോടെ അടർന്നുവീണ മഞ്ഞുമല, പർവ്വതസാ നുക്കളിലെ മഞ്ഞുപാളികളിൽത്തട്ടി അനേകം മണികളായി പിളർന്നു.

---

*കാളപ്പോരിലെ ജേതാവ് നീണാൾവാഴട്ടെ !

ആ വീഴ്ചയുടെ ആഘാതത്തിൽ കൂടുതൽ കൂടുതൽ മഞ്ഞുപാളികൾ അടർന്നുവീണ് മണിയൊച്ചകളുടെ ശബ്ദം ശതീഭവിച്ചു.

അവയുടെ വീഴ്ച കൂടുതൽ മഞ്ഞുപാളികളെ മുട്ടിയുരുമ്മി പൊളിച്ചെറിയുന്തോറും മണിയൊച്ചകളുടെ കാതടപ്പിക്കുന്ന ശബ്ദം ഒരു ഭീകര മുഴക്കമായി ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ടു.

മിനിറ്റുകൾ നീണ്ടുനിന്ന ആ ശതകോടികൾ വരുന്ന കൂട്ടമണിയടികളുടെ ശബ്ദം, മലയടിവാരത്തിൽ വന്നുവീണ് സർവ്വത്ര നിശ്ചലമായി....

ഒരു നിമിഷം.....

" ക്വേ ബ്രാവോ!" (1)

"ക്വേ വലിയേന്തേ!" (2)

വാനാതിർത്തികൾ വരെ മുഖരിതമായ ജയഭേരിയിൽ, എസ്പ്പാഞ്ഞായുടെ ജനങ്ങൾ ആഹ്ലാദത്താൽ ആർത്തട്ടഹസിച്ചു..

സർവ്വതും മറന്ന് നൃത്തം വെച്ചു; സ്വന്തം വസ്ത്രങ്ങളുരിഞ്ഞ് ആകാശത്തേയ്ക്ക് പൂഴിയെറിഞ്ഞു.

അതെ, എല്ലാം കഴിഞ്ഞിരിക്കുന്നു.!

ഒരു സായുധവിപ്ലവത്തിന്റെ ശുഭകരമായ അന്ത്യം കണ്ടെത്തിയിരിക്കുന്നു.

അസാദ്ധ്യമെന്നു കരുതപ്പെട്ട പർവ്വതത്തിന്റെ ദുർഗ്ഗമശിഖരം അനായാസം കീഴടക്കപ്പെട്ടിരിക്കുന്നു!

എന്നിട്ടും വിജയാഹ്ലാദത്തിനു പകരം തലനാരിഴയുന്ന വേദന ഹൃദയത്തിലുടക്കിക്കിടന്നു.

ഇവരുടെ ഈ ജയഭേരി എന്നെ വല്ലാതെ ഒറ്റപ്പെടുത്തുന്നു!

കൊട്ടാരത്തിന്റെ സ്വർണ്ണം പൂശിയ മകുടത്തിനു മുകളിൽ എസ്പ്പാഞ്ഞിയൻ പതാകയുടെ സ്ഥാനത്ത് അരിവാൾ നിറഞ്ഞുനില്ക്കുന്ന ചെങ്കൊടി!!

---

1. എത്ര ധൈര്യശാലി
2. എന്ത് വീരൻ

# ഇരുപത്തൊമ്പത്

അധികാരക്കൈമാറ്റത്തിന്റെ പെരുമാറ്റച്ചട്ടങ്ങളും 'റിപ്പബ്ലിക് ദേൽ എസ്പ്പാഞ്ഞ'യുടെ ആക്റ്റിംഗ് പ്രസിഡന്റ് തിരഞ്ഞെടുപ്പുമെല്ലാം കഴിഞ്ഞ് കൊട്ടാരത്തിൽ നിന്നും പുറത്തിറങ്ങിയപ്പോൾ അസ്തമയസൂര്യൻ, രക്തം തളംകെട്ടിയ പശ്ചിമ മാനത്തിൽ, സന്ധ്യാരാഗത്തിന്റെ വേദനയൂറുന്ന തന്ത്രികളിൽ മൃദുവായി മീട്ടിത്തുടങ്ങിയിരുന്നു.

ഈ സ്വാതന്ത്ര്യ സമരത്തിന്റെ ആരംഭത്തിലുണ്ടായിരുന്ന ആവേശവും പ്രതീക്ഷയും വഴിയിലെവിടെയോ കൈമോശം വന്നിരിക്കുന്നു.

സംഘം ചേർന്ന് കീഴടക്കിയവൻ ഇരക്കുവേണ്ടി കടിപിടികൂടുന്ന ചെന്നായ്ക്കളെപ്പോലെ നേതാക്കന്മാരുടെ അധികാരക്കൊതി പൂണ്ട് നോട്ടങ്ങളും വാക്കുകളും, ഹൃദയത്തിൽ അസ്വസ്ഥത സൃഷ്ടിക്കുന്നതായിരുന്നു.

യഥാർത്ഥത്തിൽ, ഈ ചെറിയവരുടെ ഉന്നമനത്തിനുവേണ്ടിയല്ലേ ഇവർ നിയമം കയ്യിലെടുത്തത്? അതോ അസൂയാർഹമായ ആ പ്രസിഡന്റു പദവിക്കുവേണ്ടി മാത്രമോ?

ഒടുവിൽ പ്യൂബ്ലോകാരനായ വാസ്ക്കൊ ബനേഞ്ഞ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മറ്റു പലരുടേയും മുഖം കാണണം! ആസന്നമായ പ്രസിഡന്റു പദവിയുടെ മാഹാത്മ്യം സ്ഫുരിച്ചുനിന്ന നയനങ്ങൾ പെട്ടെന്ന്, പെസഹാവ്യാഴത്തിൽ നിർബ്ബന്ധിച്ച് കൈപ്പുനീരു കുടിപ്പിക്കപ്പെട്ട കുട്ടിയുടേതുപോലെ ചുക്കിച്ചുളിഞ്ഞു.

ആകെ ഒരാശ്വാസമുള്ളത്, വാസ്ക്കൊ ബനേഞ്ഞയുടെ ആത്മാർത്ഥതയും ഉത്തരവാദിത്വബോധവുമാണ്; 'ഏവുസ്ക്കാദി എത് ആസകാതുസാന'യുടെ സെക്രട്ടറി.

ഉത്ഭവം, റഷ്യയിലെ ജ്യോർജിയയിൽ നിന്നായാലും വടക്കേ ആഫ്രിക്കയിൽ നിന്നായാലും മുങ്ങിപ്പോയ അത്‌ലാന്തിസ് ഭൂഖണ്ഡത്തിന്റെ അതിജീവികളായാലും ശരി, ബാസ്ക്ക്കാർക്ക് സ്വന്തം സംസ്കാരവും ഭാഷയും കാത്തുസൂക്ഷിക്കാനുള്ള അവകാശമുണ്ടെന്ന് വാദിച്ച യുവാവ്!

സ്വന്തം വർഗ്ഗത്തിന്റെ പാരമ്പര്യ സംസ്ക്കാരത്തിന് എഴുന്നേറ്റുനിന്ന് ശ്വസിക്കാനുള്ള സ്വാതന്ത്ര്യം നേടിയെടുക്കാമെന്ന ആഗ്രഹത്തോടെ ഈ "ലുച്ചാ ദെല ലിബർത്താദ്" പ്രസ്ഥാനത്തിൽ ചേർന്ന അദ്ദേഹത്തിന് ഒരു പ്രസിഡന്റു പദവിയേക്കാളുപരി സ്വന്തവർഗ്ഗത്തിന്റെ സാംസ്കാരിക വിമോചനമാണ് പ്രധാനമെന്നറിയാം.

വാസ്ക്കൊ ബനേഞ്ഞയുമായി അടുക്കാൻ തുടങ്ങിയത് ഇന്നോ ഇന്നലെയോ അല്ലല്ലൊ!

പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ കൊട്ടാരത്തിൽ രഹസ്യമായി കൂടിയ യോഗത്തിൽ ആ ചെറുപ്പക്കാരൻ ചോദിച്ചു. "ഒരു പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിലുപരി അടിയന്തിരമായി മറ്റു പലതും നമുക്കു ചെയ്തു തീർക്കാനില്ലേ?'

ആ ചോദ്യത്തിലെ ഉൽക്കണ്ഠ തന്നെ പ്രസിഡന്റു പദത്തിനുള്ള വാസ്കോയുടെ അർഹത തെളിയിക്കുന്നതായിരുന്നു. വാസ്കോ തെരഞ്ഞെടുക്കപ്പെട്ടാൽ ഗെർണിക്കയും ബിൽബാവോയും മറ്റും അടങ്ങുന്ന ബാസ്ക് ദേശം എസ്പ്പാഞ്ഞായിൽ നിന്നും വെട്ടിമുറിക്കപ്പെടാതെ കഴിയും! ഇബേരിയൻ ദേശത്തെ, എസ്പാഞ്ഞായും പോർച്ചുഗലുമായി വെട്ടിമുറിച്ചതിന്റെ മുറിവുണങ്ങാൻ ഇനിയും നേരമായിട്ടില്ലല്ലോ. എല്ലാ ജനഹൃദയങ്ങളും ബനേഞ്ഞയെയായിരുന്നല്ലോ പ്രഥമ പ്രസിഡന്റായി കണക്കാക്കിയിരുന്നത്.

ലൂയിസ് വില്ലെസാന്തയായിരുന്നു ആക്റ്റിംഗ് പ്രസിഡന്റായി വാസ്കോ ബനേഞ്ഞയെ ചൂണ്ടിക്കാട്ടിയത്; അന്തോണ്യോ അൻവെരസും ഫെർനാണ്ടസ് ലുവേരയും അതിനെ പിന്താങ്ങി; പിന്നെ എല്ലാവരും ചേർന്ന് കയ്യടിച്ചു.

ആ കയ്യടി ഒന്നിച്ചുകൂടി ജനാരവങ്ങളായി പടർന്ന് ജയഭേരികളും ജയ്വിളികളുമായി ഉയർന്ന് ദിഗന്തങ്ങളുടെ തന്മാത്രകളിൽ തുളഞ്ഞു നിന്നപ്പോൾ, മെല്ലെ പുറത്തുകടന്നു, ഏകാന്തത തേടി, വിശ്രമം തേടി.

മറ്റു ജനങ്ങളുടെ ഇടയിലൂടെ ഗൂഢലക്ഷ്യങ്ങളും വച്ച് പാഞ്ഞുനടക്കുന്ന കെജിബി മാരെ കണ്ടില്ലെന്നു വെക്കേണ്ടിവന്നു.

എങ്കിലും, വാസ്ക്കൊ ബനേഞ്ഞ തെരഞ്ഞെടുക്കപ്പെട്ട ഉടനെ വളിച്ചമുഖങ്ങളുമായി മറ്റു പല എണ്ണപ്പെട്ട നേതാക്കന്മാരും പിന്മാറുന്നതു കണ്ടപ്പോൾ വേദന തോന്നി.

കഴുത്തിൽ മുറുകിക്കിടന്നിരുന്ന ഭാരമേറിയ നുകത്തിൽനിന്നും ഈ ചെറിയവരെ മോചിക്കാനാണല്ലൊ എല്ലാവരും കൂടി സംഘടിച്ചത്. ഒടുവിൽ ലക്ഷ്യം നേടിയപ്പോൾ അതേ കടിഞ്ഞാണിനും, നുകത്തിനും, ചാട്ടവാറിനും വേണ്ടി ഓരോരുത്തരും നായ്ക്കളെപ്പോലെ കടിപിടികൂടുന്നു.

ഏതു വിപ്ലവത്തിന്റേയും അന്ത്യം ഇതാണോ?

ഈ വിജയത്തിനുവേണ്ടി രാഷ്ട്രം സഹിച്ച നഷ്ടം ഭീമമാണ്. സഹസ്രക്കണക്കിന് എസ്പാഞ്ഞിയൻ പൗരന്മാർ ഇപ്പോഴും കെട്ടിക്കിടക്കുന്ന രക്തപുഴകളിൽ ശ്വാസംമുട്ടി പിടയുന്നു. മുൻ രാഷ്ട്രീയാധികാരികളുടെ രക്തം കൊണ്ട് പങ്കിലമായ കൈകൾ കഴുകിക്കളയാൻ ഇനിയും നേരമായിട്ടില്ലല്ലൊ!..

മുറിവേറ്റു വീണവരുടെ ആർത്തനാദങ്ങളും ആശ്രിതരുടെ ദീനരോദനങ്ങളും ഇനിയും കെട്ടടങ്ങിയിട്ടില്ല. നഗരത്തിലെ പ്രധാന സൗധങ്ങളെയെല്ലാം ഗ്രസിച്ച ചിതയുടെ നാമ്പുകൾ ഇതുവരെ വാടിത്തളർന്നിട്ടില്ല. അപ്പോഴേയ്ക്കും....

ഈ സമയത്തിനകം, ലോകം മുഴുവൻ ഈ വിപ്ലവവാർത്തയും അധികാ

രക്കൈമാറ്റവും അറിഞ്ഞുകാണും. കേട്ടുകേൾവികൾ നാലു ദിക്കിലേക്കും പ ാഞ്ഞിട്ടുണ്ടാകും. ലോകത്തിന്റെ പ്രതികരണം എന്തായിരിക്കും? ലോകമെ മ്പാടുമുള്ള ടിവിയും റേഡിയോയും പത്രങ്ങളും വളരെ പ്രധാനമായി ഈ വാർത്ത പ്രക്ഷേപണം ചെയ്തിരിക്കും. എസ്പാഞ്ഞയുടെ ഉയിർത്തെഴുന്നേ ൽപ്പായി പ്രകീർത്തിക്കും.

ലോകരാഷ്ട്രങ്ങളിൽ നിന്നെല്ലാം പുതിയ പ്രസിഡന്റിനെ അനുമോദിച്ചു കൊണ്ടുള്ള എസ്.റ്റി.ഡി.കളും ടെലക്സുകളും കേബിളുമെത്തും.

ആദ്യമായി പുതിയ പ്രസിഡന്റിനെ അനുമോദിച്ചുകൊണ്ടുള്ള കേബിൾ മോസ്കോയിൽ നിന്നെത്തിക്കഴിഞ്ഞിരുന്നല്ലൊ!

പക്ഷേ..... പക്ഷേ, ഇറങ്ങിത്തിരിച്ച ലക്ഷ്യം ഇപ്പോഴും മരീചികപേ ാലെ വിദൂരത്തിലാണ്. അതിലേക്കുള്ള ആദ്യപടി കടന്നുകഴിഞ്ഞിട്ടുള്ളു. അതോടെ ഒരു വൈദികനെന്നനിലക്ക് തന്റെ ചുമതല കഴിഞ്ഞിരിക്കുന്നു. ബാക്കി വാസ്കോ ബനേഞ്ഞ പൂർണ്ണമാക്കുമെന്നുറപ്പുണ്ട്.

എല്ലാറ്റിൽ നിന്നും തലയൂരി വിശ്രമിക്കാൻ ഒരുനിമിഷം മനസ്സു കൊതിച്ചു. മാസങ്ങളേറെയായല്ലോ സ്വന്തം ജീവൻ പണയം വച്ച്, ഊണും ഉറക്കവുമു പേക്ഷിച്ച് ഈ വിമോചനത്തിനുവേണ്ടി പ്രയത്നിച്ചു തുടങ്ങിയിട്ട്.

മനസ്സിൽ അടക്കാനാവാത്ത ഒരു ഗൃഹാതുരത്വം ആവേശിച്ചുതുടങ്ങിയിട്ട് നാളുകളേറെയായി. എന്നെപ്പെറ്റെടുത്ത നാടിന്റെ മധുരിക്കുന്ന ഓർമ്മ ശക്ത മായൊരു മുകുളമായി മനസ്സിൽ മുളയെടുത്തിരിക്കുന്നു.

തെങ്ങോലത്തുമ്പുകളിൽ, നിലാവിന്റെ അരങ്ങേറ്റനൃത്തം നടക്കുന്ന രാവിന്റെ ആദ്യയാമങ്ങളിൽ, നേർത്ത മഞ്ഞും കോടക്കാറ്റും ഇഴചേർക്കുന്ന രോമാഞ്ചം വാരിപ്പുതച്ച്, എന്റെ കേരളഗ്രാമത്തിന്റെ ഇടവഴികളിലൂടെ എല്ലാം മറന്നൊന്ന് നടക്കാൻ!

രാവേറെ ചെന്നിട്ടും ഉറങ്ങാതെ വാശിപിടിച്ചു കരയുന്ന തിരുവാതിര നക്ഷത്ര ത്തിന്റെ കുസൃതി കണ്ട് എല്ലാം മറന്നാനന്ദിക്കാൻ!

അമ്മയുടെ ഹൃദയം ആദ്യമായി ഈറ്റു നോവനുഭവിപ്പിച്ച ഈ മകനെ കാണാൻ കൊതിക്കുകയാണെന്നറിയാം. കഴിഞ്ഞയാഴ്ച്ചവരെ ലഭിച്ചുകൊ ണ്ടിരുന്ന വീട്ടിലെ കത്തുകളിലെല്ലാം ഒരു വ്യാഴവട്ടക്കാലമായി മകനെ കാണാ നുള്ള ആർത്തിയാണല്ലൊ എത്സിയുടേയും, ലീനയുടേയും കയ്യക്ഷരങ്ങളി ലൂടെ അമ്മ പകർന്നുകൊണ്ടിരുന്നത്.

ലീനയുടെ, മെലിഞ്ഞ് വലത്തോട്ടു ചരിഞ്ഞ് കയ്യക്ഷരം കാണുമ്പോഴൊ ക്കെ മനസ്സിന്റെ കാക്കക്കൂട്ടിൽ ആരോ കല്ലെടുത്തിട്ടു. അപ്പോഴെല്ലാം മനസ്സി നെ പാടുപെട്ടു നിയന്ത്രിച്ചു - ‘പാടില്ല, അനിയത്തിയാണ്, പോരെങ്കിൽ താനൊരു വൈദികനും”!

കൊച്ചുടുപ്പിട്ട് ചുറുചുറുക്കോടെ സ്കൂളിൽ പോയിരുന്ന നങ്ങേലിയിപ്പോൾ സാരിയിലേക്കു വളർന്നിരിക്കുന്നു! യുവത്വം ഹരിശ്രീയെഴുതിയ മുഖത്ത് ലജ്ജ തിരനോട്ടം നടത്തുന്ന നയനങ്ങളോടെ എടുത്ത അവളുടെ ഫോട്ടോ ആദ്യം കണ്ടപ്പോൾ മനസ്സിലാക്കാനേ കഴിഞ്ഞില്ല...

എത്ര പെട്ടെന്നാണ് പെൺകുട്ടികൾ വളരുക!

ഒരാർപ്പുവിളി കേട്ടാണ് ഞെട്ടിയുണർന്നത്....

പന്തം കൊളുത്തി മദ്രിദിന്റെ തെരുവീഥികളിലൂടെ നടന്നുപോകുന്ന ചെറുപ്പക്കാർ... അഗ്നിവിഴുങ്ങാൻ വിസ്സമ്മതിച്ചുനിന്ന ബാക്കി കെട്ടിടങ്ങൾക്കുകൂടി അവർ പെട്രോളൊഴിച്ച് തീവെച്ചുകൊണ്ട് നീങ്ങുന്നു!

നശീകരണ പ്രവണതയുടെ ഭ്രാന്തമായ ആവേശത്തിൽ, മാത്രകൾ കൊണ്ടു കരിഞ്ഞു ചാമ്പലാവുന്ന വൻ ദേശീയ നഷ്ടത്തെ ആരാണ് കണക്കിലെടുക്കുക? ചിതകളിൽ നിന്നുയരുന്ന പുകപടലം കൊണ്ട് മലീമസമായ മാദ്രിദ് ശവഭൂമിയുടെ അന്തരീക്ഷം തെളിയാൻ നീണ്ട കാലാവധി തന്നെ വേണം...

വേദനയിൽ വീണുകിടക്കുന്നവരുടെ ദീനരോദനങ്ങളും ഉറ്റവരെത്തേടിയിറങ്ങിയവരുടെ അടക്കിനിർത്തിയ തേങ്ങലും കൊണ്ട്, സന്ധ്യാരാഗം ഏറ്റവും ശോകമൂകമായി തോന്നി. പ്രകൃതി മുഖം പൊത്തിക്കരയുകയായിരുന്നു. അവളുടെ അഴിഞ്ഞുലഞ്ഞ സ്വർണ്ണത്തലമുടി പടിഞ്ഞാറെ ചക്രവാളത്തിൽ ചിതറിക്കിടന്നു.

മാനത്തിന്റെ നീണ്ടിടംപെട്ട നയനങ്ങളിൽ ചുവപ്പുരാശി കലർന്നത് കരഞ്ഞുകലങ്ങിയതാണോ?

വിജയലഹരിയിൽ മദോന്മത്തരായി ഓടിനടക്കുന്ന വിപ്ലവകാരികളെക്കണ്ടപ്പോൾ മനസ്സിൽ നൊമ്പരം. നേടേണ്ടതെല്ലാം നേടിക്കഴിഞ്ഞിട്ടും പ്രതികാരദാഹവും ധനമോഹവും മനുഷ്യരെ എങ്ങോട്ടെല്ലാമാണ് നയിക്കുന്നതെന്നു കാണുമ്പോൾ, ഒന്നും വേണ്ടിയിരുന്നില്ലെന്ന തോന്നൽ.

തകർന്നു തരിപ്പണമായ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ കത്തികരിഞ്ഞു കിടക്കുന്ന ജഡങ്ങൾ..

മനുഷ്യമാംസം കരിഞ്ഞു നാറുന്ന മണം മൂക്കിലേയ്ക്കടിച്ചുകയറുന്നു. അഗ്നിവിഴുങ്ങിയ കെട്ടിടങ്ങളെ നോക്കി പായാൻ, അഗ്നിശമന യന്ത്രങ്ങൾ നിർജ്ജീവമാണല്ലൊ!

തെരുവുകളിൽ കറുത്ത് കട്ടപിടിച്ചു തുടങ്ങിയ രക്തം.

ഇവർക്കെല്ലാമിടയിൽ ഇനിയും തകരാത്ത കെട്ടിടങ്ങളുടെ വാതിലുകൾ ചവുട്ടിപ്പൊളിച്ച് അകത്തുകടന്ന് കവർച്ച ചെയ്യുന്ന സാധാരണക്കാർ!

വലിച്ചുകീറപ്പെട്ട വസ്ത്രങ്ങളുമായി യുവതികളും കൊച്ചുപെൺകുട്ടികളും തെരുവുകളിലൂടെ ആത്മരക്ഷാർത്ഥം പാഞ്ഞു. അവർക്കുപിന്നിൽ കാമാന്ധത ബാധിച്ച യുവാക്കൾ, വാശിയോടെ ഓടി.

നീണ്ട പലായനത്തിൽ തളർന്ന് അവശേഷിക്കുന്ന വസ്ത്രത്തിന്റെ വിളുമ്പിൽ വ്യാഘ്രത്തിന് എത്തിപ്പിടിക്കാൻ കഴിയുന്ന നിമിഷം ഒരാർത്തനാദം മാത്രം! പിന്നെ പരിക്കുപറ്റി നിലംപൊത്തിയ വെളിച്ചത്തിന്റെ പിടച്ചിൽ – ഒടുവിൽ എല്ലാം ശാന്തം.

താങ്ങാനാവാത്ത വേദന തോന്നി. ഇതിനുവേണ്ടിയാണോ അപകടകരമെങ്കിലും മഹത്തായ ഈ വിപ്ലവത്തിന് ആഹ്വാനം കൊടുത്തത്? ഏതാനും പേരുടെ പണക്കൊതിയും മാംസദാഹവും തീർക്കാനാണോ, ഇത്രയും പേർ

ആത്മാഹൂതി ചെയ്തത്? മനുഷ്യനിലെ കിരാതമൃഗത്തെ പൂർണ്ണമായും കെട്ടഴിച്ചുവിടുന്നവിധം ഈ രാജ്യത്തെ ക്രമസമാധാനത്തേയും ആയുധശക്തിയേയും നിയമങ്ങളേയും പ്രതിക്കൂട്ടിൽ കയറ്റിയതാരാണ്?

"നീയാണ്" ദാക്ഷിണ്യമില്ലാത്തൊരു ന്യായാധിപനായി മനസ്സ് വിധി പ്രസ്താവിച്ചപ്പോൾ പുളഞ്ഞുപോയി.

പല വിട്ടുവീഴ്ചകൾക്കും, സാധാരണക്കാർക്കുള്ള ആനുകൂല്യങ്ങൾക്കും ഒരു ഭൂപരിഷ്ക്കരണനിയമത്തിനും വരെ ഗവൺമെന്റ് തയ്യാറായിരുന്നു. പക്ഷേ ചുവന്ന ശക്തികളുടെ പിൻബലമുണ്ടെന്ന അഹങ്കാരത്തിൽ ഒരു പൂർണ്ണ സമത്വത്തിലും സ്വാതന്ത്ര്യത്തിലും കുറഞ്ഞതൊന്നും അന്ന് സ്വീകാര്യമായിരുന്നില്ല. എങ്കിലും അന്നു സ്വപ്നം കണ്ടിരുന്ന കാഴ്ചകളല്ല ഇപ്പോൾ അരങ്ങേറുന്നത്. ഹിംസാത്മകമായൊരു വിപ്ലവത്തിനായിരുന്നു രൂപം കൊടുത്തതെങ്കിലും, മാദ്രിദിനെ ഒരു ശവപ്പറമ്പാക്കണമെന്ന ചിന്തയേ പോയില്ലായിരുന്നു. രാജാവു നീട്ടിയ ആ ശിസാന്തൊ (1) കാളകളെ സ്വീകരിച്ചാൽ മതിയായിരുന്നെന്ന് ഇപ്പോൾ തോന്നുന്നു.

സ്വന്തജീവനോടുള്ള ഭക്തിയെ മറികടന്നും, മരിച്ചുവീണ ഉറ്റവരെ തേടി ഇരുട്ടിൽ നീന്തിക്കുഴയുന്ന പന്തങ്ങൾക്കു പിന്നിൽ കരഞ്ഞുകലങ്ങിയ കണ്ണുകൾ കണ്ടപ്പോൾ വല്ലാത്തൊരരുതായ്മ തോന്നി.

അപ്പോഴും രക്തപുഷ്പങ്ങളാൽ ശരീരം അലംകൃതമായി കിടക്കുന്നവരുടെ ഞരക്കങ്ങൾ വേദനയുടെ ചീളുകളായി വായുവിൽ പൂണ്ടുകയറി. അഗ്നിവിഴുങ്ങിയ കെട്ടിടങ്ങളുടെ ഇനിയും കെടാത്ത കനലുകൾ ഉന്മൂലനാശം വന്ന സോദോമിനെ ഓർമ്മപ്പെടുത്തി. കെടാത്ത കനലുകളും മരിച്ചവരെ തേടിയിറങ്ങിയ അഗ്നിശകലങ്ങളുമൊഴികെ മാദ്രിദ് നഗരം അന്ധമായിരുന്നു. നക്ഷത്രങ്ങൾ പോലും ജഡങ്ങൾ ചിതറിക്കിടക്കുന്ന ശവപ്പറമ്പിലേക്കെത്തിനോക്കാൻ അറയ്ക്കുന്ന രാത്രി.

തീവിഴുങ്ങിപ്പക്ഷി കാഷ്ഠിച്ച കനൽക്കട്ടകളുടെ മങ്ങിയ വെളിച്ചത്തിൽ മാർഗ്ഗം കാണാനൊക്കാതെ, ശവശരീരങ്ങളെ തട്ടിത്തടഞ്ഞു മുന്നോട്ടു നടക്കുമ്പോൾ ഏതോ മോഹത്തിന്റെ എരിഞ്ഞടങ്ങിത്തുടങ്ങിയ ചിതപോലെ മങ്ങിക്കത്തുന്ന ഒരു വെളിച്ചനുറുങ്ങിനു പിന്നിൽ ഒരു വൃദ്ധയുടെ കണ്ണീരിൽക്കുതിർന്ന ദുഃഖം! അടുത്തുചെല്ലാതെ കുറ്റബോധം വിലക്കിയെങ്കിലും, ആന്തരീകമായൊരു ചോദനയാൽ കാലുകൾ സ്വയം നീങ്ങി.

തിമിരത്തിന്റെ പാടകെട്ടിയിട്ടും എന്റെയമ്മയുടെ കണ്ണുകളിലെ തിളക്കം ഈയമ്മ കടമെടുത്തിരിക്കുന്നു. ഈ തേങ്ങലിലൂടെ പ്രതിധ്വനിക്കുന്നത് എന്റെയമ്മയുടെ ശബ്ദമല്ലേ? മാതൃത്വദുഃഖം ഘനീഭവിച്ച് ഒലിച്ചിറങ്ങുന്ന ഈ അശ്രുകണങ്ങൾ എന്റെ അമ്മയുടേതല്ലേ?

---

1. ഹെൻട്രി നാലാമൻ രാജാവും സഹോദരി ഇസബേലും തമ്മിൽ നടത്തിയ ഉടമ്പടിയുടെ പ്രതീകം. ഈ ഉടമ്പടിയുടെ ഫലമായി സ്പാനിഷ് ഐക്യത്തിനുള്ള ആദ്യബീജങ്ങൾ വിതക്കപ്പെട്ടു. ശിസാന്തൊ കാളകൾ – റോമാ സാമ്രാജ്യത്തിനും മുമ്പുള്ള കാലത്തെ കലാശില്പങ്ങളാണ്.

അടുത്തു ചെന്നപ്പോഴാണ് കണ്ടത്. കണ്ണുകൾ തുറിപ്പിച്ച് പല്ലിറുക്കി വേദന കടിച്ചുപിടിച്ചിരിക്കുന്ന ഒരു യുവാവിന്റെ മുറിവേറ്റ തലയിൽ നിന്നിറ്റുവീഴുന്ന രക്തം അവരുടെ അങ്കതലം നനയ്ക്കുന്നു. അപ്രതിരോദ്ധ്യമായൊരു ദുഃഖത്തിന്റെ തിരത്തള്ളലിൽപ്പെട്ട അവർ ഉടുമുണ്ട് രക്തത്തിൽ കുതിരുന്നതറിയുന്നില്ലെന്നു തോന്നി...

വല്ലപ്പോഴും സ്വന്തമകന്റെ മുഖത്തേക്ക് നയനങ്ങൾ പാറിവീഴുമ്പോൾ ആ അമ്മയുടെ തേങ്ങൽ അടക്കാനാവാതെയാവുന്നു; തുറിക്കുന്ന കണ്ണുകളിലും, രക്തപുഷ്പങ്ങളിലും രക്താഭിഷിക്തമായ കപോലങ്ങളിലും നനഞ്ഞ ചുണ്ടുകൾ മാറിമാറി മാതൃസ്നേഹത്തിന്റെ മുദ്ര ചാർത്തി.

ഏറെ നേരത്തേക്കെന്റെ സാമീപ്യമേ അവരറിഞ്ഞില്ലെന്നു തോന്നി.

ഒടുവിൽ മുരടനക്കിയപ്പോൾ ഞെട്ടിത്തിരിഞ്ഞ ആ കണ്ണുകളിൽ വിഹ്വലത – ബലാൽസംഗമോ, കൊലപാതകമോ മുദ്രാവാക്യമാക്കിയ ഏതോ യുവാവാണെന്നവർ കരുതിയിരിക്കും.

സമയത്തിന്റെ പഴുത്തിലകൾ ഘടികാരസൂചികളിൽ നിന്നും കൊഴിഞ്ഞുവീഴുമ്പോഴും തന്നെ ചൂഴ്ന്നൊഴുകിയ നിശ്ശബ്ദത അവരെ അമ്പരപ്പിച്ചിരിക്കണം. ധൈര്യം ഒരിക്കൽക്കൂടി മുഖമുയർത്താൻ പ്രേരിപ്പിച്ചപ്പോൾ തന്റെ നീണ്ട ളോഹയാവണം അവരുടെ കണ്ണിൽപ്പെട്ടത്. ഇരുണ്ടനിറം തന്റെ വ്യക്തിത്വത്തെ ഒറ്റിക്കൊടുത്തിട്ടുണ്ടാവണം.

"പാദ്രെ അലിയാസ്", പല്ലുകൾക്കിടയിലിട്ട് തന്റെ പേര് കടിച്ചു ഞെരിച്ചുകൊണ്ടവർ മകന്റെ തല ശ്രദ്ധാപൂർവ്വം നിലത്തുവച്ചിട്ട് എഴുന്നേറ്റു, "എന്തിനു നിങ്ങൾ എസ്പാഞ്ഞായിലേക്കു വന്നു? നിങ്ങളുടെ ഇൻഡ്യയിലല്ലേ ഭാര്യന്മാരെ വിധവകളും അമ്മമാരെ നിരാശ്രയരുമാക്കാൻ നിങ്ങൾക്കിതിലും കടമയുള്ളത്? അവിടെയല്ലേ ഇതിലും വലിയ അനീതിയും, അക്രമവും നടക്കുന്നത്? പിന്നെ വൈദീകാന്തസ്സിന്റെ അഭിമാനം ചോർത്താൻ എന്തിനു നിങ്ങളിങ്ങോട്ടു വന്നു?"

എനിക്കുത്തരമില്ലായിരുന്നു. അവർ പറയുന്നതായും ശരിയാണല്ലോ.

മരണാസന്നനായി കിടന്നിരുന്ന മകന്റെ ഞരക്കം അവരുടെ ശ്രദ്ധ തിരിച്ചു. പിടയുന്ന മകന്റെ തല വീണ്ടും താങ്ങിയെടുത്തപ്പോൾ അവരുടെ നിയന്ത്രണം വിട്ടുപോയി ആ ഏങ്ങിക്കരച്ചിൽ കേൾക്കാനുള്ള മനക്കരുത്തെനിക്കില്ലായിരുന്നു.

അവർക്കടുത്തു മുട്ടുകുത്തിയിരുന്നുകൊണ്ട് മങ്ങിയ വെളിച്ചത്തിന്റെ അനുഗ്രഹാശ്ശിസ്സുകളോടെ, പരിക്കുപറ്റിയ തലയുയർത്തി നോക്കി – ആഴത്തിലുള്ള മുറിവിൽ നിന്നും അപ്പോഴും രക്തം ധാരധാരയായി പ്രവഹിക്കുന്നു.

ആലോചിച്ചു നിൽക്കാൻ നേരമില്ലായിരുന്നു. ഉടുത്തിരുന്ന ളോഹ തന്നെ വലിച്ചുകീറി തലയിലെ മുറിവുകെട്ടി; ശരീരത്തിലെ രക്തമെല്ലാം ഒപ്പിക്കളഞ്ഞ് അയാളെ താങ്ങിയെടുത്ത് തോളിൽക്കിടത്തി.

പക്ഷെ എങ്ങോട്ട്? ഏതാശുപത്രിയിലാണ് അത്യാസന്നവിഭാഗം പ്രവർത്തിക്കുന്നത്? സാൻ മോണിക്ക ആശുപത്രി പൂർണ്ണമായും തകർക്കപ്പെട്ടിരിക്കുന്നു;

ക്രിസ്തൂസ് ജേസൂസ് ആശുപത്രിയിലെ ഡോക്ടർമാരും നഴ്സുമാരും രോഗികളും ആത്മരക്ഷാർത്ഥം പലായനം ചെയ്തിരിക്കുന്നു.

ഒരാഭ്യന്തര കലഹത്തിൽ വിജയോന്മത്തരായ ശത്രുക്കൾക്കിടയിൽ ഒരു ഡിസ്പെൻസറിയെങ്കിലും തുറന്നുവെക്കാൻ ആർക്കാണിവിടെ ധൈര്യം കിട്ടുക?

പെട്ടെന്ന് കാലെകോളെ ക്ലോഡിയോ തെരുവിന്റെ അന്ത്യത്തിൽ, റെഡ് ക്രോസ്സുകാർ തുടങ്ങിയ അത്യാസന്ന ചികിത്സാ ക്യാമ്പ് ഓർമ്മവന്നു.

ഭാരംകൊണ്ട് വേക്കുന്ന കാലുകൾ ഉറപ്പിച്ചു ചവിട്ടാൻ ശ്രമിക്കുമ്പോൾ, എന്റെ പാപങ്ങൾ രൂപം പൂണ്ട് കുരിശായി, ആ യുവാവ് എന്റെ തോളിൽ അമർന്നുകിടന്നു. തകർന്ന കെട്ടിടങ്ങളുടെ അടിക്കല്ലുകൾ വഴിയിൽ ചിതറിക്കിടന്ന് തടസ്സമുണ്ടാക്കി.

എങ്കിലും, എനിക്കീ ഗാഗുൽത്താ യാത്ര അനിവാര്യമായിരിക്കുന്നു, എന്റെ കൊടും പാപങ്ങൾക്കുള്ള പരിഹാരമായി. ഒരു വ്യാകുലവാൾ തുളഞ്ഞിറങ്ങിയ ഹൃദയവുമായി ആ അമ്മ പിന്നാലെ. അവരുടെ തലക്കു മുകളിൽ കാമഭ്രാന്തുപിടിച്ച് കഴുകന്മാർ ചുറ്റിപ്പറന്നു. പക്ഷെ കീറിയതെങ്കിലും ഒരു ളോഹയുടെ സാമീപ്യം അവർക്കു സംരക്ഷണമേകുകയായിരുന്നു.

കാലെകോള്ളേ തെരുവിന്റെ ഇടുങ്ങിയ ഭാഗത്തെത്തിയപ്പോൾ കണ്ടു, തകർന്ന കെട്ടിടങ്ങൾക്കിടയിലെ ഇടനാഴിയിൽ ക്യൂ നിൽക്കുന്ന യുവാക്കൾ! അവരക്ഷമരായിരുന്നു; ഏതോ മഹത്തായ ലക്ഷ്യത്തിൽനിന്ന് ഏതാനും മിനിട്ടുകൾ മാത്രം അവർ പിന്നിലായിരുന്നു.

ഓരോരുത്തരും മുമ്പിൽ നിൽക്കുന്നവനെ തള്ളിമാറ്റി മുമ്പോട്ടു കുതിക്കാനായുമ്പോൾ പിടിവലി.

എല്ലാവർക്കും മുമ്പിൽ കത്തിച്ചുവച്ച പന്തത്തിന്റെ വെളിച്ചത്തിൽ, ഒരു ശവത്തിനു മുകളിൽ നഗ്നനായി കിടക്കുന്നവന്റെ ദ്രുതചലനങ്ങൾ!!!

ആ ശവത്തെ സംഭോഗം ചെയ്യാൻ, ക്യൂവിൽ നിന്ന് തിരക്കു കൂട്ടുമ്പോഴും, എസ്പ്പാഞ്ഞിയൻ സിനിമാ സാമ്രാജ്യത്തിലെ പരന്ത്രീസ് മാദകറാണിയായ മെല്ലെ ഴാങ് വേലിന്റെ ആകാരവടിവിനേയും യുവഹൃദയങ്ങളിൽ ഇക്കിളിയുണർത്തും വിധത്തിലുള്ള അഭിനയശേഷിയേയും കുറിച്ചുള്ള ചർച്ചകളിൽ യുവാക്കൾ ചൂടോടെ പങ്കെടുത്ത് മാദക ഓർമ്മകളിൽ മുങ്ങിപ്പതച്ചു.

ക്യാബറേറ്റിൽ അല്പവസ്ത്രാലംകൃതയായി, സംഭോഗരീതികളെ അനുനയിപ്പിക്കുംവിധം മെല്ലെ ഴാങ് വെൽ ശരീരത്തിന്റെ ഒടിവുകൾ നിവർത്തുമ്പോൾ, ഇരുണ്ടനിറത്തിലുള്ള നോട്ടുകെട്ടുകളെടുത്തെറിയാനുള്ള കഴിവ് സാധാരണക്കാരുടെ ഒട്ടിയ പണസഞ്ചികൾക്കില്ലായിരുന്നല്ലൊ...

ഒടുവിലിതാ, കണ്ണിറുക്കുന്ന താരാപഥത്തിൽനിന്ന് അവളുടെ പേലവാംഗങ്ങൾ, സാധാരണക്കാരന്റെ കയ്യെത്തുന്നിടത്തേക്ക് താഴ്ന്നു വന്നപ്പോൾ, ആദ്യം വാതിൽ ചവുട്ടിപ്പൊളിച്ചകത്തു കടന്നവരുടെ വികാരത്തള്ളിച്ചയിൽ മെല്ലെ ഴാങ് വേലിന്റെ ജീവന് ശ്വാസം മുട്ടിപ്പോയി....

അല്ലെങ്കിൽത്തന്നെ സംഗമം ചെയ്യുന്നത് അവളുടെ തളിരിളം മേനിയോടാണ് – പിരിഞ്ഞുപോയ ആത്മാവിനോടല്ലല്ലൊ!....ആ സിനിമാനടിയുടെ മൃത

ദേഹത്തെ ഭോഗിക്കാൻ നിൽക്കുന്നവരുടെ ക്യൂ ഏറെ വളർന്നിരിക്കുന്നു. ശവ സംഭോഗം ചെയ്യുന്നവൻ ഏതാനും നിമിഷം കൂടുതലെടുക്കുമ്പോൾ ക്യൂവിൽ നിൽക്കുന്നവരുടെ കൂക്കുവിളി!...

ഇരുട്ടിൽ, എന്റെ കൂടെയുള്ള സ്ത്രീയെ അവർ കാണാഞ്ഞതു ഭാഗ്യം!

ഒരു മനുഷ്യനായി ജനിച്ചുപോയതിൽ ജീവിതത്തിൽ ആദ്യമായി പശ്ചാ ത്താപം തോന്നി. ചെന്ന് എല്ലാവരേയും തല്ലിയോടിച്ച് ആ മൃതദേഹം ചുട്ടു കരിക്കാൻ ഒരുനിമിഷം ആശിച്ചു.

പക്ഷേ തോളിലേന്തിയിരിക്കുന്ന കുരിശ് അതിലും വലിയ പാപത്തിന്റെ പ്രായശ്ചിത്തമാണ്.

കൂടെ നടക്കുന്ന അമ്മയുടെ മുഖത്തേക്കു നോക്കാനാവാതെ നടപ്പിനു വേഗത കൂട്ടി. തോളിൽ കിടക്കുന്ന ശരീരത്തിനു ഞരക്കം...

അല്പം മുമ്പു കണ്ട ദൃശ്യത്തിന്റെ ഓർമ്മയാലാവാം; സ്വന്തം മകന്റെ രോഗീ ലേപനത്തിനു വേണ്ടിയാവാം, ആ അമ്മയുടെ അധരങ്ങൾ മെല്ലെ ചലിച്ചു; തെറ്റുകൾക്കു മാപ്പിരക്കുന്ന ഒരു പ്രാർത്ഥനയിലാ മനം മുകളീകൃതമായി,

"കോൺഫിത്തെയോർ ദേയി ഓമ്നിപ്പൊന്തെന്തി...."(1)

ക്രമേണ ആ പ്രാർത്ഥനയിൽ ഒപ്പം കൂടാതിരിക്കാൻ എനിക്കും കഴിഞ്ഞില്ല. ഞാനും ഒപ്പം ചൊല്ലി – "മേയാ കുൾപ്പാ... മേയാ കുൾപ്പാ,.. മേയാ മാക്സിമാ കുൾപ്പാ"......(2)

ക്രമേണ തോളിലെ കുരിശിന്റെ ഭാരം വർദ്ധിച്ചു വരുന്നതറിഞ്ഞു. കഴുത്ത് വല്ലാതെ കഴക്കുന്നു. ആ അറിവുണർത്തുന്ന സാദ്ധ്യതയെ വിഗണിച്ചുകൊണ്ട് മോഹഭംഗങ്ങളുടെ കാൽവരിയിലേക്ക് വേച്ചു വേച്ചു നടക്കുമ്പോൾ കുറ്റബോ ധത്തിന്റെ ചാട്ടവാറടികൾ മനസ്സിന്റെ മാംസക്കഷ്ണങ്ങളെ കാർന്നെടുത്തു.

അകലങ്ങളിൽ ആർത്തലക്കുന്ന വിജയോന്മാദം ആത്മനിന്ദയായി കാതു കളിൽ ഇരമ്പിക്കയറി.

ഇരയുടെ രുചി ഘ്രാണശക്തിയിലൂടെ തിരിച്ചറിഞ്ഞ് അടുത്തുവരുന്ന ഇരുട്ടിന്റെ കഴുകന്മാർ; അവയുടെ കൂർത്ത നഖങ്ങൾ കൺഗോളങ്ങൾ കുത്തി പ്പൊട്ടിച്ചു; ജലം ധാരധാരയായി കവിളിലൂടെ ഒഴുകിയിറങ്ങി.

മനസ്സിലെ വിങ്ങുന്ന മുറിവുകളിൽ ആർക്കുന്ന ഈച്ചകൾ...

ശവശരീരങ്ങളുടെ മണം പിടിച്ചെത്തുന്ന ചെന്നായ്ക്കളുടെ ഓരിയിടൽ...

എന്റെ തോളിൽ ഉറച്ചുപോയ ചെത്താത്ത കുരിശിന്റെ ഭാരംകൊണ്ട് തോളു ലയുന്നു,

കഴുത്തു കഴയ്ക്കുന്നു,

വയലിൽനിന്നു വരുന്ന ശെമയോനെവിടെ?

മനസ്സുണ്ടെങ്കിൽ എനിക്കീ ഭാരത്തിന്റെ കീഴിൽ നിന്നൊരു മോചനം തരൂ!

അല്പസമയം സ്വസ്ഥമായിരുന്നൊന്നണക്കട്ടെ!

---

1. സർവ്വശക്തനായ ദൈവത്തോടും.
2. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ (ലാറ്റിൻ)

തേങ്ങിത്തേങ്ങിയെങ്കിലും കടിച്ചുപിടിച്ച് കുറച്ചുകൂടി നടന്നു. ഇനി ഒരടി മുന്നോട്ടുവെക്കാൻ വയ്യെന്നായപ്പോൾ തോൾ പകരാൻ വേണ്ടി ഇടത്തെ തോളിൽനിന്നാ കുരിശ് എടുത്തുയർത്തിയപ്പോൾ കണ്ടു

തുറിച്ച കണ്ണുകൾ നിശ്ചലമായിരുന്നു; കടവായിലൂടെ ഒഴുകിയിറങ്ങുന്ന രക്തം; ശരീരത്തിൽ അരിച്ചുകയറുന്ന തണുപ്പ്.

നിരപ്പുള്ള റോഡിൽ മകന്റെ ശവശരീരം ഇറക്കിവെക്കാൻ ആ അമ്മയും സഹായിച്ചു. കണ്ണുതുടച്ചുകൊണ്ടവർ മകന്റെ കണ്ണുകൾ തിരുമ്മിയടച്ചു. ഒരിക്കൽക്കൂടി ഞാൻ അണിഞ്ഞിരുന്ന ളോഹ വലിച്ചുകീറി ആ മകന്റെ അകന്നിരുന്ന തലയും താടിയും കൂട്ടിക്കെട്ടി.

വേദന ഘനീഭവിച്ചതുപോലുള്ള ശബ്ദത്തിൽ അവർ ശവസംസ്ക്കാരത്തിൽ പങ്കു കൂടി യാന്ത്രികമായെന്നോണം പ്രാർത്ഥനകൾ ഉരുവിട്ടു; എല്ലാറ്റിനും “ആമ്മേൻ’ പറഞ്ഞു.

കുറച്ചകലെയുള്ള വിജനതയിലെ പൂഴിമണ്ണിൽ ആ ശവശരീരം മറവുചെയ്യുന്നതുവരെ ആ അമ്മയൊന്നും തന്നെ ഉരിയാടിയില്ല.

ശവം വെഞ്ചിരിച്ച് കുഴിയിലിറക്കിവച്ച് കുഴിമൂടി.

തലയ്ക്കൽ രണ്ടു കമ്പുകൾ ചേർത്തുകെട്ടിയ കുരിശു നാട്ടി വെഞ്ചിരിച്ചു കഴിഞ്ഞപ്പോഴാണ് കെട്ടി നിർത്തിയിരുന്ന അവരുടെ കണ്ണുനീർ ദുഃഖത്തോടൊപ്പം പുറത്തുചാടിയത്;

– എന്റെ കവിളത്ത് ആഞ്ഞടിച്ചുകൊണ്ടാ അമ്മ പൊട്ടിക്കരഞ്ഞു, “പോകൂ, ഇപ്പോൾ തൃപ്തിയായല്ലോ! ഇനി പോകൂ.”

വേദന തോന്നിയില്ല.

അതിലും വലിയൊരു വേദനയിൽ മനസ്സെപ്പൊഴേ മരവിച്ചുപോയി!

ഏറെനേരം കഴിഞ്ഞ് വീണ്ടും തേങ്ങലടങ്ങിയപ്പോൾ അവർ ചോദിച്ചു. “എന്തിന് നില്ക്കുന്നു? പോകൂ! നിങ്ങളുടെ ഇവിടത്തെ ചിലവുകളുടെ ഒരു പങ്ക് ഞാൻ വഹിച്ചതിന്റെ പ്രതിഫലം നിങ്ങൾ തന്നല്ലോ. ഇനിയെങ്കിലും പോകൂ!

“സെഞ്ഞോരാ ക്ലാരാപിയോ?” എനിക്കു വേണ്ടി സെമിനാരിയിൽ ഇടക്കിടെ വന്നുകൊണ്ടിരുന്ന ചെക്കുകളിൽ അമർന്നുകിടന്ന സ്പോൺസറുടെ പേര് ഓർത്തെടുത്തപ്പോൾ, അതെയെന്നവർ കണ്ണീരിലൂടെ തലയാട്ടി.

ഞാൻ ചെയ്ത തെറ്റിന്റെ ഭീകരത ഓർത്തപ്പോൾ ഒരു നിമിഷം ആശിച്ചുപോയി –

എന്നിൽ എരിഞ്ഞുയരുന്ന കോപങ്ങളുടെ തീയാൽ സ്വയം വെന്തുനീറിയെങ്കിൽ!

എന്നിലെ കുറ്റങ്ങൾക്ക് ഇടിമിന്നൽ തീകൊളുത്തിയെങ്കിൽ!

ഒടുവിൽ അവരുടെ മുമ്പിൽ മുട്ടുകുത്തി യാചിച്ചു – “അമ്മേ, എന്റെയമ്മേ, എന്നോടു ക്ഷമിക്കൂ. ഒന്നും അറിവില്ലാതെയാണ്.”

ക്ഷമിക്കാതിരിക്കാൻ ഒരമ്മക്കും കഴിയില്ല....

എന്നെ അണച്ചുപിടിക്കുമ്പോൾ കണ്ണീരിനിടയിലൂടെ അവർ പുലമ്പുന്നുണ്ടായിരുന്നു –

“മകനെ, എന്റെ പ്രിയപ്പെട്ട മകനെ.....

# മുപ്പത്

പുതിയതായി നേടിയെടുത്ത അമ്മയേയും കൊണ്ടുചെല്ലുമ്പോൾ ശവങ്ങൾ നിരത്തിവച്ച് വട്ടം ചുറ്റി പതം പറഞ്ഞു കരയുന്ന ഗ്രാമീണരുടെ വേദന ഉച്ചത്തിലായി.

അവരെ ആശ്വസിപ്പിക്കാൻ വാക്കുകൾക്കുവേണ്ടി തപ്പി. എന്തുപറഞ്ഞാണ് സമാശ്വസിപ്പിക്കുക? എങ്ങനെയാണാ കണ്ണീർ തുടച്ചുകളയുക? സ്വന്തക്കാരെല്ലാം മണ്ണടിഞ്ഞുപോയിട്ട് എന്ത് സമത്വവും സ്വാതന്ത്ര്യവും കിട്ടിയാലെന്താണ്? ആഴമേറിയ വേദനയുടെ മുറിവിൽ മനസ്സ് വീണ്ടും വിങ്ങിപ്പൊട്ടി.

നല്ലൊരു പ്രഭാതം വാഗ്ദാനം ചെയ്താണ് എല്ലാവരേയും കൊണ്ടുപോയത്; തോക്കുകളും ഗ്രാനേഡുകളും ബയണറ്റുകളും ഉപയോഗിക്കാൻ പഠിപ്പിച്ചത് – ഈ ഇരുണ്ട രാത്രിക്കുശേഷം ഉദിക്കാനിരിക്കുന്ന ചന്ദ്രതാരകളെ വാഗ്ദാനം ചെയ്ത്; ഈ കൊടുങ്കാറ്റിനുശേഷം വിരിയാനിരിക്കുന്ന മാരിവില്ലിൽ വിശ്വസിപ്പിച്ച്, പുതിയൊരു പുലരിയെ ഭാവനയിൽ കാണിച്ചുകൊടുത്തു.

ആ വിശ്വാസത്തിൽ തെറ്റെന്നു കരുതിയിരുന്നതിനെല്ലാം ഈ ഗ്രാമീണർ ഇറങ്ങിത്തിരിച്ചു. എന്നിട്ടൊടുവിൽ.......

മാസങ്ങളായി, അവരുടെ ഹൃദയഹാർത്തുകളിലെ ചൂടുകൊണ്ടാണല്ലോ ഞാനുറങ്ങിയിരുന്നത്; അവർ പുഴുങ്ങിയ ഉരുളക്കിഴങ്ങാണല്ലോ എന്റെ ജഠരാഗ്നിയിൽ ഹോമിക്കപ്പെട്ടിരുന്നത്. അവരുടെ കുട്ടികളുടെ കരിച്ചിൽ എനിക്കു താരാട്ടായി. അതുകൊണ്ടുതന്നെ അവർക്കുവേണ്ടി ഒരു ചെങ്കൊടി എനിക്ക് കയ്യിലേന്തേണ്ടി വന്നു.

തത്ക്കാലം എന്തെല്ലാം പ്രതിസന്ധിയെ നേരിടേണ്ടി വന്നാലും ഈ ചെറിയവരുടെ ഉയർച്ചക്കുള്ള അടിസ്ഥാനം ഇട്ടിട്ടുണ്ടെന്ന കൃതാർത്ഥത മനസ്സിൽ വിരിഞ്ഞുനിന്നു. ഇറ്റുവീഴ്ത്തിയ ഓരോ തുള്ളി ചോരയും അതിനുള്ള വളമാണല്ലൊ.

എങ്കിലും ഒരു ഗ്രാമത്തിന്റെ പ്രഭാത താരകളാണ് പൊലിഞ്ഞുപോയത്. ആ യുവാക്കൾ ഈ ഗ്രാമത്തിന്റെ വഴിയും ജീവനുമായിരുന്നു. അവരുടെ പൊലിഞ്ഞുപോയ ശരീരങ്ങൾ, പ്രതീക്ഷകളുടെ ഇലകൾ കൊഴിഞ്ഞ കല്പവൃക്ഷങ്ങളായി ഗ്രാമത്തിന്റെ പള്ളിമുറ്റത്തിനു നടുവിൽ, മുറിവുകളിലൂടെ ചോർന്നുപോയ രക്തവുമായി വിളറിവെളുത്തു കിടന്നു.

ഇരുണ്ടു നീലിച്ച് മുഖങ്ങൾ നോക്കി എണ്ണി – "ഉനസ്, ദുവോ, ത്രെസ്, കുവാത്രോ, സിങ്കോ, സേയിസ്, സിയേത്തേ, ഒച്ചോ.....' ഇല്ല വിരലെണ്ണി

ത്തീർക്കാനാവാത്തത് ശരീരങ്ങൾ.

എസ്പ്പാഞ്ഞായിലെ മിക്കവാറും ഗ്രാമത്തിന്റേയും നടുവിൽ വിഷാദാത്മകമായി മുഴങ്ങുന്ന പള്ളിമണികൾക്കു കീഴെ ഇതുപോലെ നിരത്തിവച്ച ശവങ്ങളെ എണ്ണിത്തീർക്കാനാവില്ലെന്നോർക്കുമ്പോൾ, മനസ്സിലെ തുടലിച്ചെടി ആരോ ക്രൂരമായി പിടിച്ചുലക്കുന്നു.

ഒരു മഹത്തായ വിപ്ലവത്തിന് ചെവി കൊടുത്തപ്പോൾ ഇതായിരുന്നോ സാധാരണക്കാർ പ്രതീക്ഷിച്ചത്?

അങ്ങകലെ ഇൻഡ്യയിൽ കേരളത്തിലെ എന്റെ കൊച്ചു ഗ്രാമത്തിൽ, പിടഞ്ഞു വീണ ഏഴുരക്തസാക്ഷികളും ഗതികിട്ടാത്ത ആത്മാവുകളായി ഇന്നും അലയുകയാണല്ലൊ!

ആ ഗ്രാമീണരുടെ നിഷ്ക്കളങ്ക വേദനയിൽ ഒപ്പം ചേർന്ന് അവരോടൊപ്പം കണ്ണീരൊഴുക്കി. അവരോടൊപ്പം, ഗ്രാമത്തിനുപുറത്ത് വലിയ കുഴിവെട്ടി. മരിച്ചവരെയെല്ലാം സംസ്ക്കരിക്കാൻ കീറിയ ളോഹയോടെ കാർമ്മികത്വം വഹിച്ചു. ഒടുവിൽ ഓരോരുത്തർക്കും കൂട്ടായി ഓരോ കുരിശും നാട്ടിക്കൊണ്ട് കണ്ണീരൊപ്പി തിരിച്ചുപോന്നു. കുറ്റബോധത്താൽ തലയുയർത്താനാവാതെ മറ്റു നേതാക്കാന്മാരൊന്ന് തിരിഞ്ഞുനോക്കുക കൂടെ ചെയ്യുന്നില്ലല്ലൊ!

ആഴ്ചകളുടെ ഉറക്കക്ഷീണം കൺപോളകളിൽ; മാസങ്ങളുടെ അദ്ധ്വാന ഭാരം അവയവങ്ങളിൽ. യാഗമൃഗത്തിനുവേണ്ടി കേഴുന്ന ജഠരാഗ്നി!

ആരോവച്ചു നീട്ടിയ ആഹാരം അമ്മയെ നിർബ്ബന്ധിച്ച് ആദ്യം ഊട്ടി. പിന്നെ പുഴുങ്ങി തൊണ്ടുകളഞ്ഞ, തണുത്ത ഉരുളക്കിഴങ്ങ് കുരുമുളകുപൊടിയൊ ഉപ്പോ പോലും ചേർക്കാതെ വിഴുങ്ങി – ചെമ്മരിയാടിന്റെ തിളപ്പിച്ച പാലും കുടിച്ചു.

കൈപോലും കഴുകാതെ പിന്നോക്കം മറിഞ്ഞു. സ്വന്തം മകനെക്കുറിച്ചുള്ള വേദനാനിർഭരമായ സ്മരണകൾ, മൺഭിത്തിയിൽ ചാരിയിരിക്കുന്ന മാതൃമനസ്സിൽ നിന്നും കവിഞ്ഞൊഴുകി കവിളുകൾ നനക്കുന്നത് കണ്ടില്ലെന്നു നടിക്കാനേ കഴിഞ്ഞുള്ളു.

എവിടെയോ പള്ളിമണികളുടെ സാന്ദ്രമായ മുഴക്കം. ഭക്തിനിർഭരമായ ശോകഗാനം വായുവിൽ...

ചെമ്മരിയാടുകളുടെ മർമ്മരം വിജനതയിലെ ഏകാന്തതയെ ത്വരിപ്പിക്കുന്നു. ആ ഏകാന്തതയിൽ, ചെന്നായ്ക്കളൊ കഴുതപ്പുലിയോ അവയെ കടിച്ചുകീറാതെ, രാത്രിയുടെ ഇരുണ്ടയാമങ്ങളിൽ മുഴുവൻ അവർക്കു കാവലിരിക്കുന്ന പാവം ഇടയന്മാരെ ഓർത്തു. നീണ്ട വടി കയ്യിലേന്തി, അല്പവസ്ത്രധാരികളായി ഓക്കുമരത്തിന്റേയും മാസ്റ്റിക്ക് മരത്തിന്റേയും കടക്കൽ ചാരിയിരുന്ന് നേരം വെളുപ്പിക്കുന്ന ശുദ്ധാത്മാക്കൾ.

ഒലീവിലത്തുമ്പുകളിൽ കാറ്റ് അരങ്ങേറ്റ നൃത്തം ചെയ്യുന്ന, നല്ല മഞ്ഞുള്ള ഇത്തരം രാത്രികളിലാണല്ലൊ ഉണർച്ചയുടെ ഈ കാവലിൽ ഇടയന്മാർ നിലനില്പ് പൂർണ്ണമായും അനുഭവിച്ചു തീർക്കുന്നത്.

ഈന്തപ്പനക്കാടുകൾ മുടിയഴിച്ചാടുന്ന കുന്നിൻചരിവിൽ വിശന്നുപൊരി

യുന്ന ചെന്നായ്ക്കൾ അവസരം പാർത്ത് നടക്കുന്നുണ്ടാവണം. ചെമ്മരിയാടുകളിലൊന്നിനെ തട്ടിയെടുക്കാൻ – അതിന്റെ ചൂടുള്ള രക്തംകൊണ്ട് ദാഹത്താൽ വിണ്ടുകീറുന്ന തൊണ്ടയൊന്നു നനക്കാൻ.

ഒരേ ജീവിയുടെ ജീവിതത്തിലും മരണത്തിലും ആശ്രയിച്ചുകഴിയുന്നവർ തമ്മിലുള്ള വടംവലി – ഇതാണോ ജീവിതം?

സ്വന്തം ജീവനേക്കാൾ ആടുകളെ സ്നേഹിക്കുന്ന ഇടയന്റെ തൊണ്ടയിൽ ശ്വാസമുള്ളിടത്തോളം കാലം ചെന്നായയുടെ സ്വപ്നം സഫലമാവില്ല. ഇടയന്റെ അരുന്ധതി ചെമ്മരിയാടുകളാണല്ലോ. പച്ചപിടിച്ച് മൈതാനത്തിൽ മേഞ്ഞുനടന്ന് നിശ്ചല ജലാശയത്തിൽനിന്നും ആടുകൾ കുളുർമ്മയുള്ള ജലം വലിച്ചുകുടിക്കുമ്പോൾ ഇടയന്റെ വിപാസവും ശമിക്കുന്നു.

ആടുകൾക്കുവേണ്ടി ജീവൻ ഉഴിഞ്ഞുവച്ച ഈ ഇടയന്മാർക്കാണല്ലോ ശതാബ്ദങ്ങൾക്കുമുമ്പ് ഒരുശിശിര രാത്രിയിലെ ഉറഞ്ഞുതുള്ളുന്ന തണുപ്പിൽ, ഒരു മാലാഖ ചൂടും വെളിച്ചവും പകർന്നുകൊണ്ടാശംസിച്ചത്. “ഗ്ലോറിയ ഇൻ എക്സ്ചേൽസിസ് ദേയോ, എത്ത് ഇൻ തേരാ പാക്സ് ഹോമിനിബൂസ് ബോനേ വെളുത്താത്തിസ്.*

ഇന്നും ആശംസിച്ചുകൊണ്ടേയിരിക്കുന്നു.

ആ ആശംസയുടെ ഊഷ്മളതയുള്ള ഒഴുക്കിൽപ്പെട്ട് എപ്പോഴാണ് മയക്കത്തിലേക്ക് വഴുതിവീണതെന്നറിഞ്ഞില്ല. മനസ്സ് ഒരു പ്രത്യാശയുടെ ചെറുചൂടിൽ വിളങ്ങിനിന്നു. ആ പ്രതീക്ഷയുടെ ചൂടിൽ വേദനിക്കുന്ന നിഴലുകൾ ഒന്നൊന്നായി അലിഞ്ഞുപോയപ്പോൾ ഒരു കുരുവിയുടെ ചെറുശബ്ദവും കടലിന്റെ വിദൂര ഇരമ്പലും മാത്രം സ്മൃതിപഥത്തിലേക്കരിച്ചുവന്നു.

എല്ലാം മറന്നുള്ള ആ ഗാഢ നിദ്രയിൽ, ബാഹ്യലോകത്തിൽനിന്നും പൂർണ്ണമായി തെന്നിമാറിയ മനസ്സ് ഒരു ഋജ്ജുരേഖയിലൂടെ സഞ്ചരിക്കുമ്പോഴാണ്, പെട്ടെന്നുള്ള ഒരു പേക്കിനാവിന്റെ വഴുവഴുത്ത മലഞ്ചരിവിൽ വച്ച് എന്തോ അപകടശബ്ദം കേട്ട് ഞെട്ടിയുണർന്നത്.”

കൺതുറന്നുനോക്കുമ്പോൾ പരിഭ്രാന്തരായ ഗ്രാമീണർ ചുറ്റും ‘പാദ്രെ പാദ്രെ, വാസ്ക്കൊ ബനേഞ്ഞ കൊല്ലപ്പെട്ടു.

“ആര്, ആരാണു കൊന്നത്?

“ഗാർയാസിയ ഇബനോവ. പിന്നീട് റഷ്യക്കാരുടെ സഹായത്തോടെ ഗാർസിയ സ്വയം സർവ്വാധികാരിയായി പ്രഖ്യാപിച്ചു.” വിശ്വസിക്കാൻ കഴിഞ്ഞില്ല.

ചുവന്നുതുടുത്ത മുഖത്ത് കൊത്തിവച്ച നാസികയും, കഷണ്ടി കയറിയ തലയുമുള്ള മദ്ധ്യവയസ്കനെ ഓർമ്മവന്നു. ഒരു സായുധസമരത്തിനു ക്യാത്തലോണിയയിലെ സർവ്വജനങ്ങളേയും ഒരുക്കിയെടുത്തത് ഗാർസിയയായിരുന്നല്ലോ. സാധാരണക്കാരുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനുവേണ്ടി അയാളാണ് കൂടുതൽ താൽപ്പര്യം കാണിച്ചതും. ആഹാരമുപേക്ഷിച്ച് ഉറക്ക

*അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ നല്ല മനസ്സുള്ളവർക്ക് സമാധാനം!

മിളച്ച്, ഒരു ചെറുപ്പക്കാരന്റെ ചുറുചുറുക്കോടെ എസ്പാത്താ ദേശം മുഴുവൻ പാഞ്ഞുനടന്ന് ഗാർസിയ പാവപ്പെട്ടവരുടെ ചുടുരക്തത്തിന് തീകൊളുത്തി; അവരെ നയിക്കാൻ മുമ്പിൽ നിന്നു. ഈ സായുധസമരത്തിന് മോസ്കോയിൽ നിന്നുള്ള പരിപൂർണ്ണ പിന്തുണ നേടിയെടുത്തതും അയാളാണ്.

എല്ലാം ഈ അധികാരത്തിന്റെ അപ്പക്കഷണത്തിനു വേണ്ടിയാണെന്നറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ മീനിന്റെ മുദ്രചാർത്തിയ ഈ ഭൂഗർഭകവാടത്തിനകത്തുവരാൻ ഒരിക്കലും സമ്മതിക്കില്ലായിരുന്നു. കെ.ജി.ബി. ഏജന്റുമാരുമായി ഗാർസിയക്കുണ്ടായിരുന്ന അടുപ്പത്തിന്റേയും ഗൂഢാലോചനകളുടേയും ഫലമിതാ ഒരട്ടിമറിയിൽ പുറത്തുവന്നിരിക്കുന്നു.

വാസ്ക്കൊ ബനേഞ്ഞ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട നിമിഷം വലിഞ്ഞുമുറുകിയ മുഖവുമായി ഗാർസിയ പുറത്തുകടന്നുപോയത് ഇതിനായിരുന്നു; അല്ലേ?

ഭീതിദമായ ദൃശ്യങ്ങളും വാർത്തകളുമായിരുന്നു ദിവസം കഴിയുന്തോറും നേരിടേണ്ടിവന്നത്. എസ്പാഞ്ഞ ദേശത്തൊക്കെ കത്തിയെരിയുന്ന പള്ളികളും കത്തീഡ്രലുകളും. തല്ലിയോടിക്കപ്പെട്ട വൈദികർ; ബലാൽസംഗം ചെയ്യപ്പെട്ട കന്യാസ്ത്രികൾ; നിഷ്ഠൂരമായി കൊല്ലപ്പെട്ട വിശ്വാസികൾ.

ഒരു രക്തരൂക്ഷിത വിപ്ലവത്തിന്റെ കട്ടരക്തം ഉണങ്ങിത്തുടങ്ങിയില്ല അപ്പോഴേക്കും.... ഇനി ഏതൊരു വ്യവസ്ഥിതിയിലേക്ക് ഈ ദേശത്തെ ഈ പാവപ്പെട്ടവർ നയിക്കും? കമ്യൂണിസത്തിൽ വന്ന് ലോകം വഴിമുട്ടി നിൽക്കുകയാണല്ലൊ!.....

ദേശത്തിന്റെ സിരാകേന്ദ്രമായ കാത്തോലിക്കാ വിശ്വാസത്തിന്റെ ഹൃദയത്തിനായിരുന്നു കമ്യൂണിസം കഠാരി കുത്തിയിറക്കിയത്. അതും ഗാർസിയായയുടെ അനുഗ്രഹാശ്ശിസ്സുകളോടെ. ആ കുന്തമുനയേറ്റ് മനുഷ്യന്റെ വിശ്വാസം പിടഞ്ഞു. സ്വാതന്ത്ര്യം വീർപ്പുമുട്ടി.

ശരിയെന്നു തോന്നുന്ന എന്തിലും വിശ്വസിക്കാനുള്ള അവകാശം സ്വാതന്ത്ര്യത്തിന്റെ അനിവാര്യഘടകമാണ്. ശാസ്ത്രം വിചാരം മാത്രമാണ്, വികാരം മതവും. രണ്ടും മനുഷ്യമനസ്സിന്റെ വിഭിന്നതലങ്ങളാണ്, പരസ്പര ബന്ധിതമെങ്കിലും. ആ മനസ്സിനകത്ത് ചേതന അടിഞ്ഞുകിടക്കുന്നിടത്തോളം കാലം ഒന്നുകൊണ്ട് മറ്റതിന്റെ അസ്തിത്വം വിശദീകരിക്കാനാവില്ല.

എല്ലാറ്റിനും വിശദീകരണം നൽകാൻ ശാസ്ത്രത്തിനു കഴിയുമായിരുന്നെങ്കിൽ. എല്ലാ ജാനുവരിയിലും തിളച്ചുമറിയുന്ന ജാനുവരിയൂസിന്റെ രക്തത്തിലെ രഹസ്യം എന്തേ കണ്ടെത്താത്തൂ?

മിലാനിലും, ഗോവയിലും, ടൂറിനിലും അസീസ്സിയിലും ദശാബ്ദങ്ങളായിട്ടും ചീഞ്ഞഴിയാതിരിക്കുന്ന വിശുദ്ധന്മാരുടെ മൃതശരീരങ്ങൾ.

പാദ്രെ പിയോയുടേയും ഫ്രാൻസീസ് അസീസ്സിയുടേയും ശരീരത്തിൽ തുളഞ്ഞിറങ്ങിയ പഞ്ചക്ഷതങ്ങൾ.....

ലൂർദ്ദിലും ലോകത്തിന്റെ മറ്റു ഭൂഭാഗങ്ങളിലും, മറ്റു മതങ്ങളിലും ഇന്നും തെളിവായി നടക്കുന്ന അത്ഭുതങ്ങൾ; എല്ലാറ്റിനുമുപരി ഞാൻ നേരിട്ട് അനു

ഭവിച്ച ആ കാന്തിപ്രളയം!!!

ഒരു വൈരുദ്ധ്യാത്മക സിദ്ധാന്തത്തിൽ തെളിയിക്കപ്പെടാൻ കഴിയുന്ന താണോ എല്ലാ പ്രപഞ്ചശക്തിവിശേഷങ്ങളും?

മിനിമം പ്രപഞ്ചരഹസ്യങ്ങളുടെ വൻമറകൾ നീങ്ങുന്തോറും മനുഷ്യനും അവന്റെ ശാസ്ത്രവും എത്രയോ നിസ്സാരനായിത്തീരുന്നു!

വേണ്ടത് മുൻവിധിയല്ല - തുറന്ന മനസ്സാണ്. ആ തുറന്നമനസ്സിന് അനുമതിയില്ലാത്തിടത്തോളം കാലം വിളിച്ചുപറയാൻ കല്പിക്കപ്പെട്ടത്, പുരമുകളിൽനിന്നു പ്രസംഗിക്കുന്നു. തെറ്റെന്നു പറയാൻ നിവൃത്തിയില്ലാത്തതു കൊണ്ടുമാത്രം ശരിയെന്നു പറയുന്നു.

അല്ലെങ്കിൽത്തന്നെ, ഈ മരുഭൂമിയിലെ അദൃശ്യവഹ്നിയുടെ നീണ്ടനാവുകൾ ക്രൂരമായി നക്കുമ്പോൾ, ഒട്ടകത്തിന്റെ തോലുടുപ്പുകൾ ധരിച്ച് വടിയും കുത്തി ഈ വിജനതയിൽ നടന്നുകൊണ്ട് ഗാർസിയക്ക് എന്താണ് വിളിച്ചു പറയാനുള്ളത്? അയാളെ പിന്തുടരാൻ അഗ്നികൊണ്ട് മാമ്മോദീസ നൽകുന്ന ഒരു ക്രിസ്തുവും ഇനി വരില്ലല്ലൊ.

അനീതിക്കും അധർമ്മത്തിനുമെതിരെ വാക്ശരങ്ങൾ തൊടുത്തുവിട്ട് ഹേറോദേസുമാരേയും ഹേറോദിയാമാരേയും എതിർത്ത് അനുപമമായ നൃത്തത്തിന്റെ ലഹരിയിൽ കൊടുത്ത വാഗ്ദാനം നിറവേറ്റപ്പെടുവാൻ വെട്ടി താലത്തിൽ വെക്കപ്പെട്ട ഒരു തലയും അയാൾക്കില്ല.

റേഡിയോയും ടെലിവിഷനും പുതിയ കമ്യൂണിസ്റ്റ് ഗവൺമെന്റ് പടിച്ചെടുത്തിരിക്കുന്നു. പത്രങ്ങൾക്ക് കർശനമായ സെൻസർ ഏർപ്പെടുത്തിയിരിക്കുന്നു. അവയെല്ലാം ഗവൺമേന്റിന്റെ കീർത്തനങ്ങൾ മാത്രം പാടുന്ന കിന്നരങ്ങളായിരിക്കുന്നു. രാവിന്റെ മറവിലും പകലിന്റെ മാറിലും നിറത്തോക്കുകൾ പിന്നിൽ തൂക്കി കനത്ത ബൂട്ടിട്ട റഷ്യൻ പടയാളികൾ റോഡിലൂടെ പൊടിപടലമുയർത്തിക്കൊണ്ടു മാർച്ചു ചെയ്തു. അവർക്കു പിന്നിൽ വൻ കവചിത വാഹനങ്ങളും ടാങ്കുകളും ഇരച്ചുനീങ്ങി. എസ്പാഞ്ഞാ ദേശമാകെ അവരുടെ കനത്ത ബൂട്ടുകളിലെ കുതിരലാടത്തിന്റെ കുളമ്പടി പ്രതിദ്ധ്വനിച്ചു. പ്രതിഷേധത്തിന്റെ ശബ്ദമുയർന്നപ്പോഴെല്ലാം തോക്കിൻ കുഴലുകൾ ശാന്തി ഒഴുക്കിപ്പരത്തി.

ആ പട്ടാളക്കാരുടെ, വലിഞ്ഞുമുറുകി മരവിച്ച മുഖങ്ങൾക്ക് റോബോട്ടുകളോടായിരുന്നു കൂടുതൽ സാമ്യം.

വിശപ്പു വയറിനെ കാർന്നുതിന്നിട്ടും ജനങ്ങൾ ശ്വാസമടക്കിപ്പിടിച്ച് വഴിയിലേക്കു നോക്കിയിരുന്നു. ഭയാക്രാന്തരായ മാതാക്കൾ വിശന്നു കരയുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ വായടി ശബ്ദം ഞെരിച്ചു. ആളുകൾക്ക് പുറത്തിറങ്ങാൻ കൂടി ഭയമായിരുന്നു.

അസ്വസ്ഥരായ ഗ്രാമീണരുടെ ചകിതമായ നയനങ്ങൾ നീണ്ടു വന്നപ്പോൾ എന്റെ ആന്തരിക തന്മാത്രകൾ അസ്വസ്ഥമായി. എല്ലാറ്റിനും വഴി വെട്ടിയത് ഞാനും ചേർന്നായിരുന്നല്ലൊ.

പക്ഷെ, ഞാൻ സ്വപ്നം കണ്ടത് ഒരിക്കലും ഈ സ്വാതന്ത്ര്യത്തിനു വേണ്ടി

യായിരുന്നില്ല.!

ഞാൻ വിയർപ്പുതൂകിയത് ഈ സമത്വത്തിനുവേണ്ടിയായിരുന്നില്ല.!

ഒടുവിലിതാ, എനിക്കാശ്രയം തരുന്നതുകൊണ്ട് ഈ പാവങ്ങളുടെ ജീവൻ കൂടി അപകടത്തിലായിരിക്കുന്നു!

കീഴടങ്ങാൻ വിസമ്മതിക്കുന്ന ഒരു വിപ്ലവം കൂടി പടുത്തുയർത്താൻ കഴിവുള്ള നേതാക്കന്മാരെയെല്ലാം അറസ്റ്റുചെയ്യാൻ, ഗാർസിയ സിംഹാസനത്തിലേറിയ ദിനം തന്നെ ഉത്തരവുകൊടുത്തതാണെന്നറിഞ്ഞപ്പോൾ ഉറക്കെച്ചിരിക്കാനാണു തോന്നിയത്-ഗാർസിയയുടെ പണ്ടത്തെയാ ആത്മാർത്ഥസ്നേഹമോർത്ത്!

എന്റെ പേട്ടത്തലയ്ക്ക് വില കൂടിയിരിക്കുന്നു ഇത്തവണ ഇരുപത്തയ്യായിരം പെസേത്ത!

അത്രയും പണത്തിനുവേണ്ടി മനുഷ്യവികാരങ്ങളുടെ ഉറവിടം വറ്റിപ്പോയ റഷ്യൻ പട്ടാളക്കാർ എന്തും ചെയ്യാൻ മടിക്കില്ലെന്നറിയാം.

ജനങ്ങൾ രാജാവിൽനിന്നും തട്ടിപ്പറിച്ചെടുത്ത് ജനനേതാക്കളെ ഏൽപ്പിച്ച രാജ്യാധികാരത്തിന്റെ കടിഞ്ഞാൺ ഇതാ വിദേശികളുടെ കയ്യിലെത്തപ്പെട്ടിരിക്കുന്നു!

അപ്പോഴും തലക്കുമേലെ പാഞ്ഞുപോകുന്ന കൂറ്റൻ വിമാനങ്ങളും, പട്ടാളജീപ്പുകളുടെ സൈറണുകളും, കവചിത വാഹനങ്ങളുടെ ഇരമ്പലും മാർച്ചു ചെയ്യുന്ന പട്ടാളക്കാരുടെ ശബ്ദവും ജനഹൃദയങ്ങളെ കിടിലം കൊള്ളിച്ചു. ഒന്നുറക്കെ തുമ്മാൻപോലും മനുഷ്യൻ ഭയന്നു. ശ്മശാനമൂകതയെ ശാന്തിയായി ആരും ഗണിക്കില്ലല്ലൊ.

അപ്പപ്പോൾ ഇടം മാറ്റി. തന്റെ രക്ഷക്കുവേണ്ടി പീഡനങ്ങൾ സഹിച്ച് തീതിന്നുന്ന ഗ്രാമീണരുടെ മേൽ സഹതാപം തോന്നി പട്ടാളത്തിനു പിടികൊടുക്കാൻ എത്രയോ വട്ടം തുനിഞ്ഞതാണ്. പക്ഷെ അപ്പോഴൊക്കെ, എന്നെ മകനായി സ്വീകരിച്ച ആ അമ്മ തടഞ്ഞു. "അസത്യത്തിനും അനീതിക്കും ദീർഘായുസ്സില്ല മകനേ! അല്പം കൂടി ക്ഷമിക്കൂ!

ക്ഷമിച്ചു.

ഏഴുപോലെ എഴുപതു പ്രാവശ്യം ക്ഷമിച്ചു.

പക്ഷേ, മാഡ്രിദിൽ നിന്നും ലെനിൻഗ്രാഡിലേക്ക് പുതുതായി വെട്ടിത്തുറക്കപ്പെട്ട റെയിൽവേ ലൈനിലൂടെ റഷ്യയിലേക്ക് പാഞ്ഞുപോകുന്ന ഗുഡ്സ് തീവണ്ടികളിലെ ഉള്ളടക്കത്തെപ്പറ്റി മനസ്സിലായപ്പോൾ ക്ഷമയുടെ നെല്ലിപ്പടിയും തകരുകയായിരുന്നു.

തെക്കേ അമേരിക്കയിലെ കോളനികളിൽ നിന്നും, ആഫ്രിക്കൻ സ്വർണ്ണഖനികളിൽനിന്നും, സാഹസികയാത്രികരുടെ കാഴ്ചവെയ്പായും, യുദ്ധത്തിൽ പിടിച്ചടക്കിയ നിധിശേഖരങ്ങളായും, കഠിനാദ്ധ്വാനത്തിന്റെ ഐശ്വര്യത്തിലൂടേയും ശതാബ്ദങ്ങളിലൂടെ അടിഞ്ഞുകൂടിയ എസ്പ്പാഞ്ഞയുടെ നിധിശേഖരം കാലിയാക്കിക്കൊണ്ട് സ്വർണ്ണക്കട്ടികളും, അമൂല്യരത്നങ്ങളും നിറച്ച ഗുഡ്സ് വണ്ടികൾ ലെനിൻഗ്രാഡ് ലക്ഷ്യമാക്കി നീങ്ങുമ്പോൾ, സ്വന്തരാജ്യ

ത്തിന്റെ ഐശ്വര്യത്തെ ഓർത്ത് പുളകമണിഞ്ഞിരുന്ന മനസ്സുകളിൽ നിന്നുതിർന്ന ചുടുനിശ്വാസങ്ങൾ ഓരോ ഹൃദയത്തിലേയും അരിവാളിന്റെ പ്രതിഷ്ഠയെയായിരുന്നു ഉരുക്കിക്കളഞ്ഞത്; നിണമണിഞ്ഞ പതാകയായിരുന്നു ആദർശത്തിന്റെ കൊടിമരത്തിൽ നിന്നും വലിച്ചിറക്കി കീറിക്കളഞ്ഞത്.

അനേകായിരങ്ങളുടെ ഹൃദയരക്തമിറ്റിച്ചുകൊണ്ട് അന്തരീക്ഷത്തിലേക്ക് അരിവാൾ ഉയർത്തപ്പെട്ടത് സ്വന്തം നാടിന്റെ ഐശ്വര്യം കൊയ്തെടുത്ത് അപരന്റെ കളപ്പുരകൾ നിറക്കാനല്ലല്ലൊ!

തലയറുത്തു വീഴ്ത്തപ്പെട്ട രക്തമിറ്റുന്ന കുരിശ് എസ്പ്പാഞ്ഞായുടെ പുണ്യനെറുകയിൽ നാട്ടിയത് കുരിശിലേറ്റപ്പെട്ടവന്റെ ദൈവികതയെ പരീക്ഷിക്കാനുമല്ല.

ഈ പുണ്യഭൂമിയെ ഒറ്റിക്കൊടുത്തതിന്റെ വിലയായ മുപ്പതുവെള്ളിക്കാശ് കപടഭക്തരുടെ ദേവാലയത്തിൽനിന്നും പെറുക്കിയെടുത്ത് കുശവന്മാരുടെ ശവനിലം വാങ്ങാൻ ഇതാ ചരക്കുവണ്ടികളിൽ കൊണ്ടുപോകുന്നു!

ഈ വിപ്ലവത്തിൽ ജീവൻ ഹോമിച്ചവരുടെ രക്തത്തിന്റെ വില ഒരു ശവപ്പറമ്പ് വാങ്ങാനേയുള്ളോ?

എന്റെ ജീവൻ നഷ്ടപ്പെട്ടാലും ശരി, ഇവിടെ പ്രവൃത്തി അനിവാര്യമായിരിക്കുന്നു. കാനറി ദ്വീപുകളിലേക്ക് നാടുകടത്തപ്പെട്ടാലും ശരി, ഒരു വിമോചനസമരം അനിവാര്യമായിരിക്കുന്നു. ദണ്ഡവിമോചനങ്ങളെക്കാളുപരി ഞാൻ മൂലം അപകടത്തിലായ സാധാരണക്കാരുടെ ജീവിതമാണ് വീണ്ടെടുക്കേണ്ടത്.

ഒരു വിമോചനസമരം കൂടി.

രാജ്യസ്നേഹികളായ നേതാക്കന്മാരെ എല്ലാം ഒരിക്കൽ കൂടി വിളിച്ചു ചേർത്ത് രാജ്യത്തിന്റേയും ജനതയുടേയും സ്വാതന്ത്ര്യത്തിനായി നയിക്കപ്പെടുന്ന ഒരു വിമോചന സമരത്തിൽ സെവില്ലയും, വലൻസിയായും ദോസ്കാർദോയും, തോളേയും, പറഞ്ഞറിയിക്കാനാവാത്ത ഒരു ഉൾത്തുടിപ്പിൽ ത്രസിക്കുമെന്ന് കണക്കുകൂട്ടി. ആ ഓർമ്മ തന്നെ, അനുനിമിഷം കുറ്റബോധം കാർന്നുതിന്നുന്ന മനസ്സിന്റെ തളിരിലക്കൊരാശ്വാസമായിരുന്നു.

പൂഴിമണൽ തോണ്ടിയെറിഞ്ഞ് എസ്പ്പാഞ്ഞ ദേശത്തെ പുളകംകൊള്ളിച്ചുകൊണ്ട് കുതിച്ചുപായുന്ന കുതിരകളുടെ പുറത്ത് അനേകായിരം വരുന്ന സേനയുടെ മാഡ്രിദിലേക്കുള്ള ജൈത്രയാത്ര!

രഹസ്യത്തിലെങ്കിലും അതിനുള്ള കൂടിയാലോചനകൾ നടത്തി തീരുമാനങ്ങളെടുത്തു.

ഒടുവിൽ ഇരുളിന്റെ മറവിൽ മറ്റൊരു വിപ്ലവത്തിനുവേണ്ടി ആദ്യമായി അഭിസംബോധന ചെയ്യുമ്പോൾ ഗ്രാമീണരുടെ മുഖത്ത് അവിശ്വാസ്യതയുടെ ചോദ്യചിഹ്നം – “ഞങ്ങളുടെ ഉടയവരെ മുഴുവൻ കൊലക്കുകൊടുത്തിട്ടും പാദ്രേക്ക് തൃപ്തിയായില്ലേ?”

കേട്ട്, ഞെട്ടി മരവിച്ചിരുന്നുപോയത് അല്പം മുമ്പത്തെപോലെ ഓർക്കുന്നു ആ ആത്മാക്കളും ചിന്തിക്കുകയായിരുന്നു നാളത്തെ സുപ്രഭാതത്തെ

ക്കുറിച്ചല്ല, ഇപ്പോഴത്തെ ഇരുട്ടിനെ മറികടക്കാനുള്ള നെയ്ത്തിരിയെപ്പറ്റി. തുടങ്ങിവച്ച് വിപ്ലവത്തിന്റെ പൂർത്തീകരണത്തെപ്പറ്റി, ഒരു കുരിശുയുദ്ധത്തിന്റെ അനിവാര്യതയെപ്പറ്റിയെല്ലാം വിശദീകരിച്ചിട്ടും ഒന്നും അവരുടെ മനസ്സിലേക്കെറിച്ചില്ല.

ഒടുവിൽ ആത്മവിശ്വാസം നഷ്ടപ്പെട്ട് അവരോടു കെഞ്ചി "എങ്കിൽ ഈ ഗവണ്മേന്റിന് എന്നെ നിങ്ങൾ ഒറ്റുകൊടുക്കൂ – ആ ഇരുപത്തയ്യായിരം പെസേത്തയെങ്കിലും, ഞാൻ ചെയ്ത തെറ്റുകൾക്കു പരിഹാരമായി നിങ്ങൾക്കു നേടിയെടുക്കാം.

അവരുടെയെല്ലാം ശബ്ദങ്ങൾ ഒറ്റ ഉത്തരത്തിൽ ഐക്യം പൂണ്ടു. ഞങ്ങൾ യൂദാസുകളല്ല; വെള്ളിക്കാശും വേണ്ട..."

ദീർഘനേരം ചിറകു കുഴഞ്ഞുവീണ നിശ്ശബ്ദതക്കു ശേഷം അവർ യാചിച്ചു – "പാദ്രെ, ദയവായി പോകൂ! സമാധാനത്തോടെ ഞങ്ങളൊന്നുറങ്ങട്ടെ!"

മോഹങ്ങൾ മുളപ്പിച്ചിരുന്ന ചിറകിന്റെ ഒടുവിലത്തെ തൂവലും കൊഴിഞ്ഞുപോയപ്പോൾ, അപ്രതിരോധ്യമായൊരു ദുഃഖത്തിന്റെ ഒഴുക്കുത്തിലേക്ക് പാളിവീണു. നേരിടുന്നവരുടെയെല്ലാം കണ്ണുകളിൽനിന്ന് നീണ്ടുവന്ന പരശ്ശതം കുതിരശക്തിയുള്ള നൂലുകൾ നീണ്ടുവന്ന് മനസ്സിലെ മോഹനവിഗ്രഹങ്ങളെ ഇളക്കി ചുഴറ്റിയെറിഞ്ഞു.

ഒടുവിൽ, സ്വന്തമകനാൽ രാജ്യത്തുനിന്ന് അടിച്ചോടിക്കപ്പെട്ട രാജാവിനെപ്പോലെ അപമാനത്തിന്റേയും, വേദനയുടേയും ഉത്തരീയംകൊണ്ട് തലമുടി ഇരുളിന്റെ മറവിലൂടെ, പർവ്വതങ്ങളുടെ ഒളിവിലൂടെ, അല്പം പിന്തുണക്കു വേണ്ടി പാഞ്ഞുനടന്നു,

മാദ്രിദിൽ നിന്നും സെവില്ലയിലേക്ക്
കാത്തലോണിയയിൽ നിന്നും നവരയിലേക്ക്
വലാൻസിയായിൽ നിന്നും വാസ്കോണിയയിലേക്ക്.

പക്ഷേ എല്ലാ ചെറിയവർക്കും ഒരേ മുഖം; ഓരോ നാവിൽ നിന്നും ചിതറിത്തെറിക്കുന്ന വാക്കുകൾക്ക് ഒരായിരം മുള്ളുകൾ, "ഇത്രയും പേരെ കുരുതിക്കുകൊടുത്തിട്ടും പാദയുടെ രക്തദാഹം ശമിച്ചില്ലേ?"

"എങ്കിൽ, പൊറുതിമുട്ടി അവരോടു കേണപേക്ഷിച്ചു – "ദയവായി എന്നെ നിങ്ങൾ ഈ ഗവണ്മെന്റിനു ചൂണ്ടിക്കാട്ടു; എന്നെ വിശ്വസിച്ചവരെ അത്രക്കെങ്കിലും സഹായിക്കാൻ കഴിഞ്ഞെന്ന ആശ്വാസത്തോടെ ഞാൻ മരിക്കട്ടെ!

പക്ഷെ ആ സഹായം മാത്രം അവർ ചെയ്യില്ല.

ഒടുവിൽ, അവരുടെ സഹായമില്ലാതെ തന്നെ ഒരുനാൾ പട്ടാള ജീപ്പ് ക്വാസിത്‌ലാ ഗ്രാമത്തിനു നടുവിൽ വന്നു നിന്നു. ബൂട്ടിട്ട് കാലുകൾ ഞൊനൊളിച്ചിരിക്കുന്ന കുടിലിനു നേരെ മാർച്ചു ചെയ്തു വന്നു, "ദോന്തെ എസ്താ പദ്രെ അലിയാസ്?'* റഷ്യൻ ചുവയുള്ള ആ ചോദ്യം ഗ്രാമത്തിന്റെ തായ്‌വേരിൽ ചെന്നുകൊണ്ടു.

---

* പാദ്രെ ഏലിയാസ് എവിടെ?

യാന്ത്രികശബ്ദത്തിന്റെ മുഴക്കം ഒരായിരം ഹൃദയങ്ങളെ ഒരേ സമയം പ്രകമ്പനം കൊള്ളിച്ചു. ഉള്ളിലെ വിറയൽ വിദഗ്ധമായി മറച്ച ഗ്രാമീണരുടെ മുഖത്ത് നിർവ്വികാരത. “ഏതു പാദ്രെ അലിയാസ്? ഇവിടെയാരും വന്നില്ല. ” അലറുന്ന ചിരി അടുത്ത നിമിഷം എങ്ങും മുഴങ്ങി. “ഈ ഗ്രാമത്തിലുണ്ടെന്ന് വ്യക്തമായ തെളിവു കിട്ടിയിട്ടാണ് ഞങ്ങൾ വന്നത്. നിങ്ങൾ ആ രാജ്യദ്രോഹിയെ കാണിച്ചുതരികയും ചെയ്യും.”

ഒരുനിമിഷം ചിന്തിച്ചു. എത്രനാളാണ് ഇങ്ങനെ പാവം ഗ്രാമീണരെ തീ തീറ്റുക?

എന്തായാലും എന്റെ വിധി എഴുതപ്പെട്ടുകഴിഞ്ഞു.

എന്റെ സൂര്യൻ എരിഞ്ഞടങ്ങി.

എന്റെ മേട എരിഞ്ഞുപോയി.

’ എന്നായാലും ബൂട്ടിട്ട് കാലുകൾ എന്റെ ഉദരം ചവിട്ടിക്കലക്കും. നേരത്തെ അതു കഴിഞ്ഞാൽ അത്രയും ആശ്വാസം.

എഴുന്നേറ്റു മുന്നോട്ടു നടക്കാനായുമ്പോൾ മുമ്പിൽ മാതൃത്വത്തിന്റെ അധികാരം – ‘പാദ്രെ എങ്ങോട്ടാണ്?”

ഉത്തരമില്ലാതെ നിൽക്കുമ്പോൾ ഒരമ്മയുടെ ദൃഢശബ്ദം, “ഞങ്ങളുടെയെല്ലാം ശവം ചവുട്ടിക്കടന്നേ അവർ പാദ്രെയുടെ ദേഹം സ്പർശിക്കുകയുള്ളു. ആശ്രയിക്കുന്നവരെ ഒറ്റിക്കൊടുക്കാൻ ഞങ്ങൾക്കാവില്ല.”

രക്ഷപ്പെടാൻ അവരൊരു കുറുക്കുവഴി ചൂണ്ടിക്കാണിച്ചു. ഗ്രാമത്തിനു പിന്നിലെ വിശാലമായ മുന്തിരിത്തോട്ടത്തിനു നടുവിലൂടെ വറ്റിപ്പോയ ഒരു കാട്ടരുവിയുടെ ചാലുണ്ട്. ആ ചാലു വഴി നടന്നുപോയാൽ പർവ്വതത്തിന്റെ മറപറ്റി പിരണീസിലെത്താം. അവിടന്ന് ഫ്രാൻസിലേക്കും കടക്കാം.

കുറ്റബോധം കാലുകളിൽ ചങ്ങല കൊളുത്തിയപ്പോൾ അമ്മമാരുടെ പതിഞ്ഞതെങ്കിലും ദൃഢശബ്ദം – “പോകൂ.“

പോയി.

മുന്തിരിവള്ളികൾക്കിടയിലൂടെ ഇഴഞ്ഞ് അത്തിമരത്തിന്റേയും ബദാമിന്റേയും പച്ചിലച്ചാർത്തുകളുടെ മറപിടിച്ച് ആവുന്നതും വേഗം നടന്നകലുമ്പോൾ കണ്ടു, കാട്ടുപൊന്തയിലേക്കു ചാഞ്ഞുനിൽക്കുന്ന ഒലീവിന്റെ കീഴിൽ വറ്റിപ്പോയ ഒരു കാട്ടരുവിയുടെ നിഴലും വെളിച്ചവും പിണങ്ങിനിൽക്കുന്ന നനവാർത്ത മണലിലൂടെ അതിഭാരമുള്ള മരക്കുരിശുമേന്തി വേച്ചുവേച്ചു മുന്നോട്ടു നീങ്ങുന്ന ക്രിസ്തു!

മുൾക്കിരീടം തറഞ്ഞിറങ്ങിയ തലയിൽ നിന്നും ഒഴുകിയിറങ്ങുന്ന രക്തം.

കീറിപ്പറിഞ്ഞ്, രക്ത നനവിൽ ശരീരത്തോടൊട്ടിയ വസ്ത്രത്തിനടിയിൽ കൺതുറിക്കുന്ന മാംസപുഷ്പങ്ങൾക്കു നടുവിൽ തെളിഞ്ഞു കാണാവുന്ന അസ്ഥി.

അസഹനീയവേദനയിലും ദുഃഖത്തിലും പുറത്തേക്കു തള്ളിയ കണ്ണുകളിൽനിന്നും, വളർന്ന താടിയിലൂടെ വാർന്നൊഴുകുന്ന കണ്ണുനീർ.

വേദനയോടെ ചോദിച്ചു – "ക്വോ വാദിസ് ദോമിനേ?(1)

കടിച്ചുപിടിച്ച വേദനക്കിടയിൽ അവിടന്ന് ഞരങ്ങി, "എയോ ക്രൂസിഫി ച്ചേരി ഔത്തർ തെംസ്."(2)

ആ കുരിശൊന്നു താങ്ങിക്കൊടുക്കാൻ ആശിച്ച് വയലിൽ നിന്നും വരുന്ന ശെമയോനെപ്പോലെ അടുത്തുചെന്നപ്പോൾ പ്രാഞ്ചി പ്രാഞ്ചി അകന്നുപോയ ക്രിസ്തു കണ്ണിൽ നിന്നും മറയുന്നത് നിസ്സഹായതയോടെ നോക്കിനിന്നു.

മണലിലൂടെ ഇഴയുന്ന കുരിശിന്റെ അറ്റം ഉതിർക്കുന്ന ശോകഗാനം ഏറെ നേരം വായുവിൽ തങ്ങിനിന്നു.

ഒടുവിൽ, കുരിശ് ഉരഞ്ഞുപോയ പാടുമാത്രം വളഞ്ഞുപുളഞ്ഞ് മണ്ണിൽ തെളിഞ്ഞുകിടന്നു.

ദൃഢനിശ്ചയത്തോടെ ഗ്രാമത്തിലേക്കു മടങ്ങി ചെല്ലുമ്പോൾ –

പുരുഷന്മാരുടെ കൈ നഖങ്ങൾക്കിടയിൽ മൊട്ടുസൂചി അടിച്ചുകയറ്റുന്നു പട്ടാളക്കാർ..

സ്ത്രീകളുടെ ഉദരങ്ങൾ ചവിട്ടിക്കലക്കുന്നു, ബൂട്ട്സിട്ട കാലുകൾ..

സ്ത്രീകളേയും കുട്ടികളേയും നിർദ്ദയം മർദ്ദിക്കുന്നു ഉറച്ച കരങ്ങൾ..

"എവിടെ പാദ്രെ അലിയാസ് ? എവിടെ ആ രാജ്യദ്രോഹി ?

അട്ടഹാസങ്ങളും ആർത്തനാദങ്ങളും കൊണ്ട് മുഖരിതമായ ഗ്രാമം!

ഏറെ കണ്ടുനിൽക്കാനായില്ല.

ഉറക്കെ അലറി – "ബ്ലോകോ!"(3)

തിരിഞ്ഞുനോക്കിയ പട്ടാളക്കാരുടെ കണ്ണുകളിൽ ഇരയെ കൈപ്പിടിയിലാക്കിയ കഴുതപ്പുലികളുടെ വിജയലഹരി...

---

1. കർത്താവേ അങ്ങ് എവിടെപ്പോകുന്നു?
2. ഒരിക്കൽക്കൂടി ക്രൂശിക്കപ്പെടാൻ പോകുന്നു.
3. നിർത്തൂ

# മുപ്പത്തിയൊന്ന്

"തൂ തോത്തേ ബ്രൂത്തേസ്സേ" (1)

ഒരു ഭീകര കൊലപാതകിയെപ്പോലെ കൈകളിൽ വിലങ്ങും കാലുകളിലും കഴുത്തിലും കനത്ത ചങ്ങലകളുമണിഞ്ഞ്, പട്ടാളക്കാരുടെ കാവലിൽ പുതിയ പ്രസിഡന്റിന് മുഖം കൊടുക്കുമ്പോൾ മനം തേങ്ങി –

'ബ്രൂട്ടസ്, ബ്രൂട്ടസേ, എന്റെ ബ്രൂട്ടസേ ഇത് നീ തന്നെയോ?'

ആ തേങ്ങലിന്റെ മാറ്റൊലി കേട്ടാവണം ഗാർസിയ ഇബനോവ ഉറക്കെ ചിരിച്ചു. കൊട്ടാരത്തിന്റെ അർദ്ധവൃത്ത ഗോപുരങ്ങളിൽത്തട്ടി ആ ശബ്ദം പ്രതിദ്ധ്വനിച്ചു. ഒരു രാജ്യദ്രോഹിയുടെ മുഖംമൂടി ഇയാൾക്കെത്ര നന്നായി ഇണങ്ങുന്നു! പക്ഷേ അതു വാദിക്കാനുള്ള സമയമല്ലായിരുന്നു. ന്യായം എന്നും അധികാരത്തിന്റെ നിഴലിലേ നിലനിന്നിട്ടുള്ളല്ലോ.

"ഒരു വൈദികനെന്ന നിലക്ക് പാദ്രെയെ അറസ്റ്റുചെയ്യാതിരിക്കാൻ ഞാനാവുന്നതും ശ്രമിച്ചു." ഗാർസിയ കൈ കഴുകി, "പക്ഷേ ഒരു രാജ്യദ്രോഹിയെ, ഒരു കൊലപാതകിയെ വെറുതെ വിടാനുള്ള അധികാരം എനിക്കില്ലെന്നറിയാമല്ലൊ. അതിന് ഇവിടത്തെ കോടതിക്കേ കഴിയൂ." ഒരു ഭീരുവിന്റെ ശബ്ദമായിരുന്നത് – യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കാൻ ഭയക്കുന്ന ഒരുകൂട്ടം ആളുകളുടെ.

വാദം കേൾക്കുന്നതിനുമുമ്പുതന്നെ എന്റെ വിധി എഴുതപ്പെട്ടിരിക്കുന്നുവെന്നറിയാം. ഇതിനുമുമ്പ് വിസ്തരിക്കപ്പെട്ട എല്ലാ നേതാക്കന്മാരുടേയും വിധി മറ്റൊന്നായിരുന്നില്ലല്ലൊ! പിന്നെ ലോകത്തെ ബോദ്ധ്യപ്പെടുത്താൻ ഒരു ചടങ്ങ്. അത്രമാത്രം!

മുൻഭരണകൂടത്തിനെതിരായ അട്ടിമറി, കൂട്ടക്കൊലക്കുള്ള പ്രേരണാക്കുറ്റം, ഈ ഭരണകൂടത്തിനെതിരായ ഗൂഢാലോചന തുടങ്ങി എനിക്കെതിരായി നിരത്തപ്പെട്ട വൻ കുറ്റങ്ങളുടെ ലിസ്റ്റ് നീണ്ടു...

മറുത്ത് ഞാനൊന്നും പറയാതിരുന്നപ്പോൾ, ഏഴു ജന്മിമാരടങ്ങിയ ബഞ്ച് ഏകകണ്ഠമായി വിധിയും പ്രസ്താവിച്ചു – വൈകിട്ട് ആറുമണിക്ക്, സാൻസെബസ്റ്റീനോ തെരുവിന്റെ നാലുംകൂടിയ കവലയിൽ വച്ച് വെടിവച്ചു കൊല്ലാൻ..."

വിധികേട്ടിട്ടും എന്റെ മുഖത്തു തത്തിക്കളിച്ച ശാന്തത അവരെ അത്ഭുതപ്പെടുത്തിയിരിക്കണം!

---

1. ബ്രൂട്ടസ് ഇതു നീ തന്നെയാണോ?

പക്ഷേ എന്റെ വിങ്ങുന്ന കൈവിലങ്ങുകളലറുകയായിരുന്നു;

പൊട്ടി ചോരയൊലിക്കുന്ന കാൽച്ചങ്ങലകൾ ഗർജ്ജിക്കുകയായിരുന്നു,

'ഹേ ദുഷ്ട സമൂഹമേ, സ്വാർത്ഥ മനുഷ്യരേ, കപട മുഖംമൂടിയണിഞ്ഞ അധികാരി വ്യാഘ്രങ്ങളേ, നിങ്ങൾക്കെന്നെ കൊല്ലാം; എന്നാലും എന്നെ തോൽക്കാനാവില്ല!..

തെമ്മാടിക്കുഴിയിൽക്കിടന്നു പുഴക്കളരിക്കുമ്പോഴും എന്റെ ഓരോ കണികയും ഗർജ്ജിച്ചു കൊണ്ടേയിരിക്കും, ഈ നാറിയ വ്യവസ്ഥിതിക്കെതിരായി; ലോഹനിറമാർന്ന അധർമ്മ ദേവതക്കെതിരായി......

ചരിത്രം എനിക്ക് വിഡ്ഢിത്തമാണ്, പ്രശസ്തിയെ പുച്ഛവുമാണ്; പിന്നെ ഏതാനും സെന്തിമോസിനുവേണ്ടി ഈ കഴുകന്മാരുടെ കൂർത്ത നഖങ്ങൾക്കിടയിൽ എന്റെ സ്വാതന്ത്ര്യം ഞാൻ വെച്ചു കൊടുക്കണമോ?

ഇപ്രാവശ്യമെങ്കിലും എന്റെ കടമ ചെയ്ത ചാരിതാർത്ഥ്യത്തോടെ ആ തേജ പുഞ്ജത്തിലലിഞ്ഞു ചേരാമെന്ന സമാധാനമുണ്ട്.

എങ്കിലും മനസ്സിന്റെ കോണിൽ ഒരു നൊമ്പരം മാത്രം കിനിഞ്ഞുനിന്നു. നാട്ടിൽ വിരഹവേദനയനുഭവിക്കുന്ന അമ്മക്ക് എന്റെയപ്പനെ നേടിക്കൊടുക്കാമെന്ന വാഗ്ദാനം നിറവേറ്റാൻ മാത്രം കഴിഞ്ഞില്ല..

അതിന് ഈ ജീവിതത്തിൽ ഒരിക്കലും കഴിയില്ലേ? മരണാനന്തര ജീവിതത്തെ അതിനാശ്രയിക്കേണ്ടിവരുമോ?

കോടതിയിൽ നീണ്ടുനിന്ന മൗനത്തിന്റെ കഴുത്തു ഞെരിച്ചുകൊണ്ട് ജഡ്ജിമാർ ചോദിച്ചു. ഈ അവസാന മണിക്കൂറുകളിൽ നിങ്ങൾക്കൊന്നും പറയാനില്ലേ?"

'ഞാനെന്തു പറയാൻ! എല്ലാം നിങ്ങൾ പറഞ്ഞല്ലോ!"

എന്തുകൊണ്ടോ മനസ്സ് പൂർവ്വോപരി ശാന്തമായിരുന്നു. എന്നെ ഏൽപ്പിച്ച ജോലി ഞാൻ പൂർത്തിയാക്കി; എന്റെ കടമ ഞാൻ ചെയ്തു. പിന്നെ ഞാനെന്തിനു വെപ്രാളപ്പെടണം?

ഒരു മഹത്തായ ലക്ഷ്യത്തിലൂടെ ജീവിതത്തെ സമ്പുഷ്ടമാക്കണമെന്ന ആഗ്രഹം എന്നെ നയിച്ചത് ഏതാനും ചെറിയ മനുഷ്യരുടെ കർത്തവ്യലോകത്തേക്കായിരുന്നു. അവിടെ, അവരിലൊരാളായി, അവരുടെ എളിയ പ്രവൃത്തികളിൽ ഭാഗഭാക്കായി ആ ലളിതജീവിതത്തിലലിഞ്ഞു ചേർന്ന നാളുകളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ഇന്നു മനസ്സിലാവുന്നു, ലോകത്തിലെ ഏറ്റവും ഉയർന്നവനേക്കാൾ, ഏറ്റവും ഭാഗ്യവാനേക്കാൾ ഒട്ടും പിന്നിലായിരുന്നില്ല ഞാനെന്ന്;

അവർക്കുവേണ്ടിയുള്ള എന്റെ ഈ മരണം തന്നെ അതിന്റെ തെളിവാണല്ലൊ!

എങ്കിലും അറിഞ്ഞോ അറിയാതെയോ എന്റെ ജീവിതത്തിൽ വന്ന പാകപ്പിഴകൾ; ചെയ്തുപോയ തെറ്റുകൾ......

നിശ്ശബ്ദത കുത്തി നിറച്ച് നിമിഷങ്ങൾക്കുശേഷം ജഡ്ജിമാർ എഴുന്നേൽക്കുന്നതിനു മുമ്പു ചോദിച്ചു – "എന്തെങ്കിലും അന്ത്യാഭിലാഷം?

“എനിക്കു കുമ്പസാരിക്കണം.”

“ഒടുവിൽ രക്ഷപ്പെടാനുള്ള സൂത്രമല്ലേ?” പുച്ഛം കലർന്ന ചോദ്യം. “അല്ല; എന്റെ അന്ത്യാഭിലാഷം.”

“ശരി നിറവേറ്റിയേക്കൂ!

വൈദികനുവേണ്ടി പട്ടാളക്കാർ തിരച്ചിൽ തുടങ്ങി. പക്ഷേ പള്ളിമേടകൾ എരിഞ്ഞുവീണ, പള്ളിമണികൾ നിശ്ചലമായ മദ്രിദ് നഗരത്തിൽ എവിടെ ഉറക്കമുണരുന്ന വൈദികർ?

എവിടെയൊക്കെയോ തിരഞ്ഞുപിടിച്ച് ഒടുവിൽ വലിച്ചിഴച്ചുകൊണ്ടു വരപ്പെട്ട വൈദികൻ, ഒരു പേപ്പട്ടിയെ നോക്കുന്നത് വെറുപ്പോടെ നോക്കുന്നതു കണ്ടപ്പോഴാണോർത്തത് – മാസങ്ങളായി മറ്റു വൈദികരിൽ നിന്നും എത്രയോ അകന്നാണു താൻ കഴിയുന്നതെന്ന്. ഒരുപക്ഷെ പള്ളി വസ്തുക്കളിൽ പാഞ്ഞുകയറിയ അഗ്നിയുടെ ആദികാരണമായും അവർ തന്നെ കരുതുന്നുണ്ടാവും!

അതോ മരണത്തിനു വിധിക്കപ്പെട്ട മനുഷ്യമനസ്സിന്റെ അനിശ്ചിതാവസ്ഥയെക്കുറിച്ച് അദ്ദേഹത്തിന് അറിവുണ്ടായിട്ടോ? എന്തായാലും വിലങ്ങുകളാൽ ബന്ധിതനായി നിൽക്കുന്ന തന്റെയടുത്തേക്ക് വരാൻ കൂടി വൃദ്ധനായ ആ വൈദികൻ വിസ്സമ്മതിച്ചു. തോക്കുകളേന്തിയ പട്ടാളക്കാർ പിന്മാറാനും വിസമ്മതിച്ചു.

മറ്റു നിവൃത്തിയൊന്നുമില്ലാതെ വന്നപ്പോൾ കുമ്പസാര രഹസ്യത്തിന്റെ പവിത്രതക്കുവേണ്ടി ഞാൻ ചോദിച്ചു, “പാദ്രേക്ക് ഇൻഡ്യൻ ഭാഷകളേതെങ്കിലും?.....‘

ഉവ്വ് ഭാഗ്യത്തിന് അദ്ദേഹം ഇൻഡ്യയിൽ കുറേനാൾ ജോലി ചെയ്തിട്ടുണ്ട്. ഹിന്ദിയറിയാം.

ഹിന്ദിയറിയാവുന്ന മറ്റാരെങ്കിലും?

ഇല്ല ആരുമില്ല.

എല്ലാവരും കേൾക്കെത്തന്നെ ഉറക്കെ ഹിന്ദിയിൽ എന്റെ പാപങ്ങളേറ്റു പറഞ്ഞു ഞാൻ കുമ്പസാരിച്ചു..... ആ വൈദികൻ മോചനവും തന്നു.

ഇനി ഈ ജീവിതത്തിൽ മറ്റെന്തു പ്രതീക്ഷിക്കാനാണ്? ഇനിയൊരു വെടിയൊച്ച കേൾക്കുന്നതിനുമുമ്പുതന്നെ, വെടിയുണ്ട് എന്റെ തലച്ചോർ ചിതറിത്തെറിപ്പിച്ചിരിക്കും!

സമയം ആസന്നമായിരിക്കുന്നു...

സാൻ സെബാസ്തീനോ തെരുവിന്റെ മദ്ധ്യത്തിലേക്ക് പട്ടാളക്കാരാൽ ആനിതനാവുമ്പോൾ വെള്ളതേച്ച ചുമരുപോലെ മനസ്സ് ശുദ്ധമായിരുന്നു.

ഒരു സ്വപ്നാടനക്കാരന്റെ അവ്യക്തബോധത്തോടെ ഏകനായി നടന്നു.

ചുറ്റും കൂടുന്ന ജനാരവത്തെ വിദൂരമായ ഏതോ ജനാലക്കൽനിന്ന് ദർശിക്കും പോലെ–

ഒരിക്കൽ എനിക്കോശാന പാടിയ ജനങ്ങൾ!

എനിക്കുവേണ്ടി ഉയർന്ന കരങ്ങൾ...

കൂടെ നടക്കുന്ന പട്ടാളക്കാരുടെ താളാത്മകമായ പാദപതനം ഏതോ ആഴ ത്തിൽ നിന്ന് പൊന്തിവരുംപോലെ!

അവസാനമായി, ഒരിക്കൽക്കൂടി പ്രപഞ്ച മനോഹാരിതയെ കൺവിടർത്തി നോക്കി...

ആഞ്ഞടിക്കുന്ന തിരമാലകളായി വരുന്ന മരണമെന്ന തണുതണുത്ത കട ലിന്റെ ഇരമ്പം കേൾക്കെ അസ്തമയ സൂര്യന്റെ ചെങ്കതിരുകൾ ചക്രവാള ത്തിൽ കവിത രചിക്കുന്നു.

സൗന്ദര്യത്തിന്റേയും സ്നിഗ്ധതയുടേയും മൂർത്തിമദ്ഭാവങ്ങളായ വെൺ മേഘങ്ങൾ സന്ധ്യാ നക്ഷത്രവെളിച്ചത്തെയും അർദ്ധചന്ദ്രബിംബത്തേയും പ്രതിഫലിപ്പിക്കുമ്പോൾ നിർവ്വേദത്താൽ ശ്വാസം നിലയ്ക്കുന്നു.

ആകാശത്തിന്റെ മേൽക്കട്ടിയിൽ നക്ഷത്രങ്ങളുടെ വജ്രബിന്ദുക്കൾക്കിട യിൽ ചന്ദ്രികയുടെ അരിവാൾ കല!..

എന്നേക്കുമായി നഷ്ടപ്പെടാൻ പോകുന്ന പ്രപഞ്ചത്തോടുള്ള വിരഹദുഃഖം, തകർന്ന പള്ളിമണിപോലെ ചിലമ്പിയ നാദം മുഴക്കുന്ന ഹൃദയം!

മെല്ലെ വീശുന്ന മെഡിറ്ററേനിയൻ കാറ്റിൽ സ്വയം നഷ്ടപ്പെടുമ്പോൾ ആശിച്ചുപോയി, ഒരിക്കൽക്കൂടി ഈ മനോഹര ഭൂമിയിലൊന്നു ജീവിക്കാൻ!

ഈ ഭംഗിയൊന്ന് കൊതിതീരെ ആസ്വദിക്കാൻ!

പക്ഷേ ആർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ അത്?

നോക്കി നിൽക്കെ, 'വളഞ്ഞ അരിവാൾകൊണ്ട് എല്ലാം വെട്ടിനിരത്താനെ ത്തുന്ന വൃദ്ധന്റെ* വരവായി.

സാൻസെബസ്റ്റീനോ തെരുവിന്റെ നാലും കൂടിയ കവലയിൽ എന്നെപ്പോലെ മരണത്തിന് വിധിക്കപ്പെട്ട മറ്റ് അഞ്ച് നേതാക്കന്മാർ കൂടി കൈക ളിൽ വിലങ്ങും കാലുകളിൽ കനത്ത ചങ്ങലകളുമണിഞ്ഞ്, പട്ടാളക്കാരുടെ കാവലിൽ ഞങ്ങളുടെ വരവും കാത്ത് നിൽപ്പുണ്ടായിരുന്നു. അതിൽ രണ്ടു നേതാക്കന്മാരെ ഞാൻ തിരിച്ചറിഞ്ഞു – ഉർബനേഞ്ഞയും, ബെനദിക്തും; ഞങ്ങളൊന്നിച്ച് ഏറെനാൾ ആത്മാർത്ഥതയോടെ പ്രവർത്തിച്ചവർ...

മറ്റു മൂന്നു പേരെ എവിടെയൊക്കെയോ കണ്ട പരിചയം മാത്രം...

എല്ലാവരുടേയും മുഖങ്ങൾ ആസന്നമായ മരണം മുന്നിൽ കണ്ടിട്ടെന്ന പോലെ വിളറി വെളുത്തിരുന്നു.

തന്റെ അധികാരത്തിന് ഭീഷണിയെന്ന് ചെറിയ സംശയം തോന്നുന്നവ രെപ്പോലും ഗാർസിയ വെറുതെ വിടുന്നില്ലല്ലോ ദൈവമേ!

എല്ലാ വൈകുന്നേരങ്ങളിലും ഡസൻ കണക്കിന് മുതിർന്ന നേതാക്കന്മാരെ യാണ് ഇതുപോലെ, ന്യായവിധിപ്രകാരം സാൻസെബസ്റ്റീനോ തെരുവിന്റെ ഈ കവലയിൽ നിരത്തി നിറുത്തി വെടിയുണ്ടപ്പഴുതുകളിലൂടെ ജീവനുകൾ കിഴിച്ചു വിട്ടുകൊണ്ടിരിക്കുന്നത്.

ഗാർസിയക്ക് ഭീഷണിയായ നൂറുകണക്കിന് സാധാരണക്കാരാകട്ടെ

---

* ഗ്രീക്ക് ഐതീഹ്യത്തിൽ സമയത്തിന്റെ പ്രതീകം.

അനുദിന ‘ഏറ്റുമുട്ടലുകളിൽ’ അവിടവിടെ കൊല്ലപ്പെടുന്നു.

അതെ, നാടിനോടും നാട്ടാരോടും കൂറുള്ളവരെയാണല്ലോ ഗാർസിയയും കൂട്ടരും തെരഞ്ഞു പിടിക്കുന്നത്!

പക്ഷേ, വിധിന്യായത്തിന്റെ വിശുദ്ധ പീഠങ്ങളിലിരിക്കുന്നവർ പോലും അധികാരത്തിന്റെ സ്വാർത്ഥതക്കൊപ്പം താളം തുള്ളുമ്പോൾ; നിരപരാധികളെ മനപ്പൂർവം കുറ്റം വിധിക്കുമ്പോൾ, സംസ്കാര സമ്പന്നനെന്ന് അഹങ്കരിക്കുന്ന, ഇച്ഛാശക്തിയുള്ള മനുഷ്യന് സഹജവാസനകൾ നയിക്കുന്ന മൃഗങ്ങളുടെ മുമ്പിൽപ്പോലും ലജ്ജിക്കേണ്ടി വരുന്നു.

നീതിന്യായം അനീതിയുടെ പക്ഷം ചേരുമ്പോൾ നീതിയും സത്യവും മരീചികയാവുന്നു. ലോകത്തിനു പിന്നെ പ്രതീക്ഷക്കു വകയില്ലല്ലൊ!..

അങ്ങനെ, നഷ്ടപതീക്ഷയിൽ വീർപ്പുമുട്ടി നിൽക്കുന്ന ജനാവലിയുടെ നടുവിൽ, ഏതാനും പട്ടാളക്കാർ ഉന്നം പിടിച്ചു നിൽക്കുന്ന തോക്കുകൾക്ക് മുന്നിൽ, ഞങ്ങൾ ആറു നിസ്സഹായർ നിരത്തിനിർത്തപ്പെട്ട് തലയും മുഖവും മുഴുവൻ മൂടത്തക്കവിധം കറുത്ത തുണിയുടെ ഉറയിടുമ്പോൾ പെട്ടെന്ന് എന്നെ ഏകാന്തതയുടെ ഭയം ഗ്രസിച്ചു...

കറുത്ത മരണത്തിന്റെ കിരാതമായ ഒരു തരുതരിപ്പ് എന്റെ സൂഷ്മനാകാണ്ഡത്തിലൂടെ മേലോട്ടരിച്ചു കയറി തലയിലെത്തി തലച്ചോറ് മുഴുവൻ വ്യാപിച്ചു.

ജീവൻ മരണവുമായി നടത്തിവന്ന ആജീവനാന്ത സംഘട്ടനം വ്യഥാവിലാവുന്ന നിമിഷങ്ങൾ...

ഒടുവിൽ, മൃത്യുവിന്റെ സാന്നിദ്ധ്യം ജീവന്റെ ഇളംനാമ്പിനു മേൽ ഹിംസ്ര രൂപം പൂണ്ട് വിഴുങ്ങാനടുക്കുന്ന ഭീകര സന്ദർഭം...

ആത്മാവ് ശരീരത്തിൽനിന്നും വേർപിരിയുമ്പോഴുള്ള ദുസ്സഹ വേദനയിൽ കാണുന്ന അവ്യക്ത വെളിച്ചങ്ങൾ, കേൾക്കുന്ന കിരാത ശബ്ദങ്ങൾ, എല്ലാം ഓർമ്മയിലൂടെ അനുസ്യൂതം മിന്നിപ്പൊലിഞ്ഞു.

ശരീരത്തിലാകെ കൊടുംവേദനയുടെ തരംഗങ്ങൾ നിറഞ്ഞു തുളുമ്പി ഓളം വെട്ടി...

മരണദേവതയുടെ മർമ്മരം പോലെ ആരോ കീഴോട്ടെണ്ണുന്നു. ആറ്, അഞ്ച്, നാല്, മൂന്ന്, രണ്ട്....

എണ്ണിത്തീരുന്നതിനു മുമ്പ് –

കാതടപ്പിക്കുന്ന വെടികളുടെ ശബ്ദം–

“ങ്ആ!!.......ശരീരത്തിന്റെ ഏതോ ഭാഗത്തുകൂടി തുളഞ്ഞിറങ്ങിയ പൊള്ളുന്ന വേദനയിൽ പിടഞ്ഞ് നിലത്തുവീണു...

ഉൾക്കൊള്ളാനാവാത്തൊരു നോവിന്റെ തിരത്തള്ളലിൽ ഞരമ്പുകൾ ത്രസിച്ചു നിന്നു. ശരീരത്തിലൂടെ ഒഴുകുന്ന രക്തം വേദനയുടെ ചൂടിൽ തിളച്ചു. സിരകളിലാകെ ഒരഗ്നിഗോളം ഉരുണ്ടുകളിച്ചു.. കറുത്ത ഉറയുടെ ഇരുട്ടിലും കണ്ണുകൾ പുറത്തേക്ക് തള്ളിവന്നു. ദുസ്സഹതയുടെ അഗ്രഗണ്യതയിൽ വിലങ്ങുകളനുവദിച്ച ചലനപരിധിയിൽ കിടന്നു പുളഞ്ഞു..

ശരീരത്തിലങ്ങോളമിങ്ങോളം അതിശക്തമായൊരു വേദനയുടെ തരംഗാനുസൃത ദ്രുതചലനത്തിൽ സഹിക്കാനാവാതെ നാവു സ്വയം കടിച്ചുമുറിക്കാൻ ശ്രമിക്കുമ്പോൾ –

വീണ്ടും വെടികളുടെ നിലക്കാത്ത ഘോഷം; ഗ്രനേഡുകളുടെ ഭൂമി ഞടുക്കുന്ന അലർച്ച.

പിന്നെയും വെടിയൊച്ചകളുടെ നിലക്കാത്ത നിര –

മനുഷ്യരുടെ ആർത്തനാദങ്ങൾ.......

ആരോ അടുത്തുവരുന്ന പാദപതനം–

"മരണമാണോ?" തലമൂടിയിരുന്ന കറുത്തതുണിയുടെ ഉറ ഏതോ തണുത്ത ആ വിരൽ ഊരി മാറ്റുമ്പോൾ കണ്ണുകളിലേക്കാർത്തിരമ്പി വന്ന വെളിച്ചത്തിന്റെ പ്രളയത്തോട് കിടന്നുകൊണ്ടുതന്നെ ചോദിച്ചു.

ദൃശ്യവലയത്തിന്റെ പരിവട്ടത്തിലേക്ക് വന്ന വൃദ്ധവദനത്തേക്ക് സൂക്ഷിച്ചു നോക്കി

"ഏങ്ഏ!!"ഏക മകന്റെ കുഴിമാടത്തിൽ വച്ച് ഞാൻ നേടിയെടുത്ത അമ്മ –

അപ്പോൾ എനിക്കേറ്റ വെടിയുണ്ട ? എന്റെ ശരീരത്തിലാകെ പുളഞ്ഞു കളിച്ച വേദനകൾ.....? എല്ലാം ഒരു തോന്നലായിരുന്നെന്നു വിശ്വസിക്കാൻ വിഷമം തോന്നി.

തന്നെ പിടിച്ചെഴുന്നേല്പിച്ചു നിർത്തിക്കൊണ്ട് അമ്മ പറഞ്ഞു: "ഓടി രക്ഷപ്പെടു പാദ്രെ; ഒട്ടും സമയമില്ല.......

ചീറിപ്പായുന്ന വെടിയുണ്ടകൾക്കിടയിലൂടെ; പ്രാണരക്ഷാർത്ഥം ഓടുന്ന ജനങ്ങൾക്കിടയിലൂടെ കൈകാലുകളിലെ ചങ്ങലകൾ ഏന്തിവലിച്ച് ഓടുമ്പോൾ കണ്ടു, വെടിവെച്ച് കൊല്ലാൻ വിധിക്കപ്പെട്ട ഞങ്ങളിൽ രണ്ടുപേർ വെടിയേറ്റ് സ്വന്തം രക്തത്തിൽ കിടന്നു പിടക്കുന്നു..!

മറ്റു മൂന്നുപേർ കാലൊടിച്ചിട്ട ഞണ്ടുകളെപ്പോലെ കാൽച്ചങ്ങലകളും വിലങ്ങുകളും ഏന്തിവലിച്ച് വിവിധ ദിശകളിലേക്ക് രക്ഷപ്പെടാൻ ശ്രമിക്കുന്നു...

ഞാനും എങ്ങിനെയൊക്കെയോ പ്രാഞ്ചിവലിഞ്ഞ് അടുത്തുകണ്ട ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടത്തിന്റെ മറവിൽ അഭയം തേടി.

അപ്പോഴും തെരുവിൽ സാധാരണക്കാരും പട്ടാളവും തമ്മിലുള്ള ഘോരയുദ്ധത്തിൽ അനേകം പേർ മരിച്ചുവീണുകൊണ്ടിരുന്നു. പലരും സ്വന്തരക്തത്തിൽ നീന്തിക്കുളിച്ചു – എല്ലാം ഞങ്ങളെ പ്രതി മാത്രം!

തകർന്ന കെട്ടിടങ്ങളുടെ മറവിൽ നിന്നുകൊണ്ട്, ഞങ്ങളെ രക്ഷിക്കാൻ ആയുധങ്ങളുമായി ഒത്തുകൂടി വന്ന ഗ്രാമീണരെ കണ്ടപ്പോൾ അറിയാതെ കണ്ണുകൾ നിറഞ്ഞൊഴുകി; ഹൃദയം വല്ലാതെ തേങ്ങി. ഒന്നു പൊട്ടിക്കരയാൻ വല്ലാതെ കൊതിച്ചു. ഈ ചെറിയവരെ രക്ഷിക്കാമെന്ന് വാക്കു നൽകാനേ ഈ ഞങ്ങൾക്കു കഴിഞ്ഞുള്ളു. ആ വാഗ്ദാനത്തിന്റെ മറവിൽ അവരാൽ രക്ഷിക്കപ്പെടുകയായിരുന്നല്ലൊ, ഇപ്പോഴും ഞങ്ങൾ! അതും അനേകരുടെ ജീവന്റെ വിലയിൽ. ഓർത്തപ്പോൾ അറിയാതെ തേങ്ങിപ്പോയി...

പക്ഷെ കൈകാലുകളിലെ ഈ ഭാരിച്ച ചങ്ങലകളുമായി ഞങ്ങൾക്കെന്തു

ചെയ്യാനാവും!

തകർന്ന കെട്ടിടങ്ങളുടെ മറപറ്റി നടന്നകന്നു. ആത്മരക്ഷാർത്ഥം പായുന്ന ജനങ്ങളെ തള്ളിമാറ്റിക്കൊണ്ട് നാലുപാടും പായുന്ന ബൂട്ടുകളുടെ ശബ്ദത്തിൽ സാൻ സെബാസ്തീനോ തെരുവ് കിടിലം കൊണ്ടു. എല്ലായിടത്തും അവർ ഞങ്ങളെ തേടി പാഞ്ഞുനടക്കുന്നു. ഏറെനേരത്തേക്ക് ശ്വാസംപോലും വിടാതെ ഒളിവു സങ്കേതത്തിൽ പതുങ്ങിക്കൂടി.

ശ്വാസത്തിന് ഉലയുടെ ചൂട് ആ ചൂടിൽ, ജീവനോടുള്ള എന്റെ ഭക്തി അലന്നുകിടന്നു....

ഇരുളിന്റെ കട്ടിയുള്ള കവചം നയനങ്ങളിൽ വീണ് കാഴ്ച മങ്ങുന്നതു വരെ ശ്വാസം പിടിച്ച് കാത്തിരിക്കേണ്ടി വന്നു. ഒരിക്കൽ ഒരു മരവിച്ച യാന്ത്രിക മുഖം ഞാൻ ഇരുന്നതിന്റെ തൊട്ടടുത്തു തന്നെ വന്നതാണ്. എല്ലാ ആശയും ആ നിമിഷം കൈവിട്ടതാണ്. പക്ഷേ ഭാഗ്യത്തിന് കണ്ടില്ല.

വല്ലപ്പോഴും കടന്നുപോകുന്ന ജീപ്പിന്റെ ഇരമ്പലും മാർച്ചിന്റെ ശബ്ദവും ഒഴിച്ചിട്ടു നടന്നു. തകർന്ന കെട്ടിടങ്ങളുടെ മറപറ്റി.

എത്രനേരം പ്രാഞ്ചിപ്പ്രാഞ്ചി നടന്നെന്നറിഞ്ഞില്ല. വിശപ്പിന്റെ അഗ്നിജ്വാലകൾ ആന്തരാവയവങ്ങളെ നക്കിത്തോർത്താൻ തുടങ്ങിയിരിക്കുന്നു. വിങ്ങുന്ന കാൽച്ചങ്ങലകളും വിലങ്ങുകളും വിതുമ്പാതെ ശ്രദ്ധിച്ചുനടന്നു.

അശ്രദ്ധമായൊരു കാൽവയ്പ് – എനിക്കായി തത്സമയം വീണഴിഞ്ഞ പാവങ്ങളുടെ ജീവൻ പാറമേലായിപ്പോകും.

തെരുവീഥികൾക്കു പ്രകാശം നൽകുന്ന സത്യത്തിന്റെ പട്ടട എന്റെ രിപുവായി മാറിയിരിക്കുന്നു, ഒഴിച്ചു നടന്നു.

രാത്രിയുമായി താദാത്മ്യം പ്രാപിച്ചു തുടങ്ങിയിട്ട് ഏറെക്കാലമായല്ലൊ.

എല്ലാവർക്കും അഭയത്തിന്റെ മറയുമായി വരുന്ന കറുത്തരാത്രി. ആ നിശീഥിനിയുടെ മാറിലൊട്ടിച്ചേർന്ന് നിഴലുകളുടെ ചിറകിനടിയിൽ സ്വയം ഒളിച്ച് ചങ്ങലകൾ ഏന്തിവലിച്ചുകൊണ്ടു നടന്നു.

ചെന്നെത്തിയത് കത്തിയെരിഞ്ഞ ഒരു പള്ളിയുടെ ശ്മശാനത്തിൽ!...

എന്നെ തേടിയലയുന്ന വേട്ടമൃഗങ്ങളുടെ ക്രൂരമായ കണ്ണുകളിൽ നിന്നും സുരക്ഷിതനായി അല്പനേരം ഇരിക്കാൻ പറ്റുന്നയിടം..

വിങ്ങുന്ന കൈകാലുകൾ അല്പം ആശ്വാസത്തിനായി കേണുതുടങ്ങിയിട്ട് നേരമേറെയായിരിക്കുന്നു. തളർന്നശരീരം ഇത്തിരി വിശ്രമത്തിനുവേണ്ടി മുറവിളി കൂട്ടി.

മെഡിറ്ററേനിയൻ കടൽ മുഴുവൻ കോരി കുടിച്ചാലും വറ്റാത്ത ദാഹം. മാംസപേശികളിലൂടെ ഇഴഞ്ഞുനടക്കുന്ന വേദന..

എന്നെത്തേടി എങ്ങും പായുന്ന പട്ടാള ജീപ്പുകളുടെ സൈറണുകൾ.

മൂടിയ മണ്ണുപോലും ഉണങ്ങാത്തത് പുതിയതും, വളരെ പഴകിയതുമായ കല്ലറകൾ....

സിമിത്തേരിയിൽ അസംഖ്യം കുരിശുകൾ, മണ്ണടിഞ്ഞുപോയവരുടെ ഏകവ്യക്തിത്വമായി ഉയർന്നുനിന്നു.

ഉള്ളിൽ അനേകായിരം പുഴുക്കളരിക്കുന്ന ചീഞ്ഞളിഞ്ഞ ശവശരീരങ്ങൾ മാത്രം. എങ്ങും ഭയപ്പെടുത്തുന്ന ഏകാന്തത.

ഭീകരമായ ഏകാന്തതയിലേ ജീവന് സുരക്ഷിതത്വമുണ്ടെന്നു വന്നാൽപ്പിന്നെ ഭയത്തിനെന്തു പ്രസക്തി?

മൂടിയ മണ്ണ് താഴേക്കിരുന്ന് അല്പം കുഴിഞ്ഞുപോയ ഒരു പഴയ ശവമാടം കണ്ണിൽപ്പെട്ടു. ജീവനുള്ള ഒരു ശവമായി ആ കുഴിയിൽ മലർന്നുകിടന്ന് ആശ്വാസ പൂർവ്വം അണച്ചു; ഒരു സ്പന്ദിക്കുന്ന കുഴിമാടമായി..

തലക്കൽ പഴകിയ കുരിശ്.

ജീവനുള്ള ആരു വന്നാലും, ആ കിടപ്പിൽ തന്നെ കണ്ടെത്തുക പ്രയാസ മാണ്.

അണപ്പിന്റെ ശ്വാസതരംഗങ്ങൾ ഭീതിദമായി സിമിത്തേരിയിലെങ്ങും മുഴങ്ങിയപ്പോൾ ശ്വാസവും നിയന്ത്രിച്ചു.

അവിടവിടെ തീപ്പൊരികൾ മിന്നിപ്പൊലിയുന്നുണ്ടോ?

ഇരുളിന്റെ അവ്യക്തതയിൽ കറുത്തരൂപങ്ങൾ ചലിക്കുന്നുണ്ടോ?

ഭീകരമായ ഏകാന്തതയും ഭീതിദമായ ഇരുട്ടും കൂടിക്കലരുന്ന ശ്മശാന ത്തിൽ വലിയൊരു വിഹ്വലത രൂപാന്തരപ്പെട്ടു.

വല്ല അലൗകികശബ്ദവും?

എല്ലാറ്റിനും മുകളിലായി താരകൾ പതിച്ച നീലവാനം. ഞെട്ടറ്റുപതിക്കുന്ന കൊള്ളിമീനുകൾ. അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് തന്റെ അരുന്ധതിയെ തേടുമ്പോൾ മയക്കം കൺപോളകളെ വന്നു തഴുകിയതറിഞ്ഞില്ല....

# മുപ്പത്തിരണ്ട്

ഒരു വല്ലാത്ത ശബ്ദം കേട്ടാണ് ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നത്- വല്ല രഹസ്യപ്പോലീസും ??

മെല്ലെ തലപൊന്തിച്ചുനോക്കി.

നാലഞ്ചു കുഴിമാടങ്ങൾക്കപ്പുറത്ത് ഒരു പഴയ കല്ലറയിൽ മലർന്നു കിടക്കുന്ന നഗ്നയുവതി. അവളുടെ രഹസ്യാവയവവങ്ങൾക്കടുത്ത് കൊളുത്തി വെക്കപ്പെട്ട മെഴുകുതിരികൾ.

കഴുത്തിലൂടെയിട്ട് കറുത്ത ഊറാലയൊഴിച്ച് പരിപൂർണ്ണ നഗ്നനായി അടുത്തുനിൽക്കുന്ന മനുഷ്യൻ മന്ത്രങ്ങളുരുവിടുന്നു. ഇരുളിൽ സിമിത്തേരിയുടെ മറവിൽ നടക്കുന്ന ആ (1) 'ശ്യാമബലി'യിൽ പങ്കുകൊള്ളാൻ ആൺ-പെൺ വ്യത്യാസമില്ലാതെ, പരിപൂർണ്ണനഗ്നരായ കുറേ മനുഷ്യരും.

അവരുടെ ദുർമന്ത്രങ്ങൾ സിമിത്തേരിയിലെ ഏകാന്തതയെ വീർപ്പുമുട്ടിച്ചു. അവരുടെ നാവുകളിൽ നിന്നുതിർന്ന ശാപവാക്യങ്ങൾ മനസ്സിന്റെ അകത്തളത്തിൽ നരിച്ചീറുകളായി ചിറകടിച്ചു.

അലൗകികത സൃഷ്ടിക്കുന്ന ദ്രവ്യങ്ങളുടെ പുകയിൽ മരണത്തിന്റെ മടുപ്പിക്കുന്ന ഗന്ധം; വിറങ്ങലിപ്പിക്കുന്ന തണുപ്പ്.

കൈവിരിച്ചു പിടിച്ചുകൊണ്ട്, നഗ്നപുരോഹിതൻ ഫ്രഞ്ചുഭാഷയിൽ ചൊല്ലി "ദൈവം ശപിക്കപ്പെട്ടവനാകുന്നു അവന്റെ അവതാരമായ ക്രിസ്തു നാശത്തിന്റെ വിത്താകുന്നു. അവൻ ക്രൂശിക്കപ്പെട്ടത് ഏറ്റവും നീതിയായിരുന്നു."

ശ്യാമബലിയിലെ പങ്കാളികൾ ഏറ്റുചൊല്ലി. "കന്യാമറിയം വേശ്യയാകുന്നു; അവരുടെ മകനായ യേശു കാമാന്ധനാകുന്നു."

'ക്രൈസ്തവസഭകൾ നശിപ്പിക്കപ്പെടട്ടെ: അവരുടെ വിശുദ്ധർ എങ്ങും ഇകഴ്ത്തപ്പെടട്ടെ; പള്ളികളെല്ലാം നിന്ദിക്കപ്പെടട്ടെ; എല്ലാ മതങ്ങളും തമ്മിൽത്തല്ലി നശിക്കട്ടെ; സ്വർഗ്ഗവും മാലാഖമാരും ഉന്മൂലനാശമാകട്ടെ.'

'സർവ്വശക്തൻ സാത്താനാകുന്നു; സർവ്വവ്യാപി പിശാചാകുന്നു. നീണ്ടുനിൽക്കുന്ന ഇരുട്ടിന്റെ മാഹാത്മ്യത്തെയും; നരകത്തിന്റെ മഹിമയേയും സ്തുതിച്ച് നമുക്കു പാടാം.........

ദൈവത്തിന്റെ വ്യക്തിത്വത്തേയും ക്രിസ്തുവിലെ അവതാര പുരുഷനേയും ക്രിസ്തുമതത്തേയും അങ്ങേയറ്റം നിന്ദിച്ചുകൊണ്ടുള്ള മന്ത്രങ്ങൾക്കിടയിൽ എന്തോ അലൗകിക ധൂപം പുകച്ചപ്പോൾ ഭീകരമായ തണുപ്പ് ആ ശ്മശാന

---

1. **Black mass** - കറുത്ത കുർബാന, വളരെ ശക്തമായ ഒരുതരം ദുർമന്ത്രവാദം.

ത്തിന്റെ ഏകാന്തമായ ഇരുളിൽ വ്യാപിച്ചു.

എവിടെയൊക്കെയോ വികൃതമായ അലൗകീക ശബ്ദങ്ങൾ.....

ഭയത്താലും ദുഃഖത്താലും എന്റെ ഹൃദയമിടിപ്പിന്റെ വേഗത വർദ്ധിച്ചു; ശ്വാസം നിശ്ചലമായി, “ദൈവമേ, എന്റെ ദൈവമേ ക്ഷമിക്കൂ!” മനസ്സു മാത്രം മന്ത്രിച്ചു.

നീണ്ടുനിന്ന ആ ദുർമന്ത്രങ്ങളുടെ ഒടുവിൽ ഏതോ സക്രാരിയിൽനിന്നും മോഷ്ടിച്ചെടുത്ത വാഴ്ത്തപ്പെട്ട തിരുവോസ്തി ആ ശ്യാമബലിയുടെ പുരോഹിതനെടുത്തുയർത്തിക്കൊണ്ട് പറഞ്ഞു: “ഇതെന്റെ ശരീരം നിങ്ങൾ വാങ്ങി ഭക്ഷിക്കൂ..”

എന്നിട്ടാ തിരുവോസ്തിയിൽ കാറിത്തുപ്പി – പിന്നീട് കല്ലറയിൽ മലർന്നു കിടക്കുന്ന വേശ്യയുടെ മലിനമായ യോനിയിലേക്ക് തിരുവോസ്തി കടത്തി വച്ചു...

എങ്ങിനെയോ അപഹരിച്ചുകിട്ടിയ വാഴ്ത്തപ്പെട്ട വീഞ്ഞുൾക്കൊള്ളുന്ന കാസയിൽ തുപ്പലും, ശുക്ലവും, ആർത്തവരക്തവും കലർത്തി ഉയർത്തിപ്പിടിച്ചുകൊണ്ട് ശ്യാമപുരോഹിതൻ പുരുഷന്റേയും സ്ത്രീയുടേയും ഇടകലർന്ന വികൃത ശബ്ദത്തിൽ ഉച്ചരിച്ചു, “ഇതെന്റെ രക്തമാകുന്നു, എല്ലാവരും കുടിക്കൂ.”

കൂദാശാവചനങ്ങൾക്കുശേഷം, മലർന്നുകിടക്കുന്ന വേശ്യയുടെ യോനീദലങ്ങളകത്തി അതിലേക്ക് വാഴ്ത്തപ്പെട്ട വീഞ്ഞുപകർന്നുകൊണ്ട് പുരോഹിതൻ അവളെ സംഭോഗം ചെയ്തു.

തുടർന്ന് ശ്യാമബലിയിലെ പങ്കാളികളും ഓരോരുത്തരായി ആ വേശ്യയിൽ പുളഞ്ഞുകയറിയപ്പോൾ വ്യാപിച്ച ഭയാനകമായ അവ്യക്ത രൂപങ്ങളാൽ അന്തരീക്ഷം ചലനാത്മകമായി!..

നീലാകാശംപോലും കാണാനാവാത്തവിധം സിമിത്തേരി മൂടൽമഞ്ഞു കൊണ്ടു നിറഞ്ഞു. അലൗകിക ശബ്ദങ്ങളാൽ, ഇരുളിൽ പൂണ്ടുകിടന്ന ശ്മശാനം മുഖരിതമായി – കറുത്ത നിഴലുകളുടെ ഭീകരതാണ്ഡവങ്ങൾ.

അപ്പോഴാ പുരോഹിതൻ, പേപ്പട്ടിയുടെ നാവിൽ നിന്നിറ്റുവീഴുന്ന വെള്ളവും ശവം തീനിപ്പക്ഷിയുടെ മാംസവും, ഏതോ ശവത്തിൽനിന്നും തുരന്നെടുത്ത കണ്ണുകളും, മുറിച്ചെടുത്ത ലിംഗങ്ങളും, നാഗങ്ങളും കാസായിലിട്ട് ആ ദുഷ്ടാരൂപിക്കർപ്പിച്ചുകൊണ്ടു പാടി –

‘സർവ്വശക്തനായ സാത്താനേ നിന്നിൽ ഞങ്ങൾ വിശ്വസിക്കുന്നു, ലോകത്തിലെ സകല കൊലപാതകങ്ങളും, ബലാൽസംഗങ്ങളും, സൃഷ്ടിച്ച ശക്തനായ ദുഷ്ടാരൂപി, നിന്നെ ഞങ്ങളാരാധിക്കുന്നു.

പിശാചേ, നീ സർവ്വശക്തനാകുന്നു, എന്തെന്നാൽ നീ മനുഷ്യനിൽ വിതച്ച തിന്മകളും സൃഷ്ടിച്ച ദുഷ്ടതകളും വഴിയായി നീയിന്നും ലോകത്തെ ഭരിക്കുന്നു.

നിന്റെ മുമ്പിൽ ഏതു നന്മക്കാണു ദീർഘായുസ്സ്?

നിന്റെ പ്രലോഭനത്തിൽ വീഴാത്ത മനുഷ്യനാരാണ്?

ഭരണാധികാരികൾ നിന്റെ സേവകരാണ്.

ഉദ്യോഗസ്ഥന്മാർ നിന്റെ അനീതിയുടെ കരുക്കളാണ്.

ലോകത്തിലുള്ളവരെല്ലാം അധരങ്ങൾ കൊണ്ടു ദൈവത്തെ വാഴ്ത്തുമ്പോഴും, പ്രവൃത്തികൾകൊണ്ടു നിന്നെ ആരാധിക്കുന്നു. സാത്താനേ നീ എന്നും വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ മഹത്വം എന്നേക്കും നിലനിൽക്കുന്നു. ആമേൻ..."

ആ കൊടും ദൈവനിന്ദ കേട്ടു കിടക്കുമ്പോൾ, ആ ഭീകരപാപങ്ങൾക്ക് സാക്ഷിയാവുമ്പോൾ അറിയാതെ കണ്ണുകൾ നിറഞ്ഞൊഴുകി. അവാച്യമായൊരു ദുഃഖത്തിൽ ഹൃദയം പിടഞ്ഞു. എഴുന്നേറ്റുചെന്ന് ഓരോരുത്തരേയും തച്ചുടക്കണമെന്നു തോന്നി...

പക്ഷേ തന്റെ കൈകാലുകളിലെ വിലങ്ങുകൾ!..

എന്റെ സാന്നിദ്ധ്യമറിഞ്ഞുപോയാൽ, എന്റെ ശവശരീരത്തെ മാദ്ധ്യമമാക്കി എന്റെ ആത്മാവിനെ തിരിയെ വിളിച്ച് എന്തെങ്കിലും കാര്യസാദ്ധ്യം അവർ നടത്തിയേക്കും! അനങ്ങാതെ കിടന്നു.

എങ്കിലും എല്ലാവരും വസ്ത്രം ധരിച്ച് പോയ ഉടനേ കിടന്നിരുന്ന ശവക്കുഴിയിൽനിന്നും എഴുന്നേറ്റ് വേശ്യയുടെ ചൂടാറാത്ത കല്ലറയിൽ മുട്ടുകുത്തി കൈകൾ വിരിച്ചു പിടിച്ചുകൊണ്ട് കുരിശിനെ നോക്കി പ്രാർത്ഥിച്ചു.

"എന്റെ ദൈവമേ, എന്റെ ദൈവമേ, പലരും അറിയാതെ നിന്ദാപമാനങ്ങൾ കൊണ്ടങ്ങനെ പൊതിയുന്നു. പക്ഷെ ഇത് അവിടുത്തെ ശക്തിയും ക്രൂശാരോഹണത്തിന്റെ മഹാത്മ്യവും മനസ്സിലാക്കിക്കൊണ്ടുതന്നെയാണ്. എങ്കിലും സർവ്വശക്തനായ അവിടത്തേക്ക് ഇവരോടും ക്ഷമിക്കാനുള്ള ശക്തിയുണ്ടെന്നറിയാം. ദയവായി ക്ഷമിക്കൂ.'

വിങ്ങുന്ന ഹൃദയത്തോടെ ക്ഷമക്കായി യാചിച്ചുകൊണ്ട് എത്രസമയം അങ്ങനെ മുട്ടിൽ നിന്നെന്നറിഞ്ഞില്ല.

എവിടെയോ ചുടലമണം മോന്തി മദിച്ച കാലൻ കോഴി കൂകി. പുലർച്ചയുടെ നേർത്തയിഴകൾ കിഴക്കേ വാനിടത്തിൽ പാകിത്തുടങ്ങി...

ആശ്വാസത്തിന്റെ മർമ്മരവുമായി തഴുകിയണക്കാനെത്തിയ ഇളംകാറ്റ്.

സിമിത്തേരിയിൽനിന്നു ശ്രദ്ധിച്ചു പുറത്തിറങ്ങിനടന്നു. കൂടുതൽ സുരക്ഷിതമായൊരു താവളം തേടേണ്ടിയിരിക്കുന്നു. ഉറക്കക്ഷീണവും പൈദാഹവും അലച്ചിലും കൊണ്ട് അങ്ങേയറ്റം പരിക്ഷീണമായിരുന്നെങ്കിലും ജീവനുവേണ്ടിയുള്ള ദാഹം ഉള്ളിൽ അപ്പോഴും മുനിഞ്ഞുകത്തി.

കൈകാലുകളിലെ ചങ്ങലകളുടെ വാപൊത്തി ഇരുളിന്റെ സുരക്ഷിതത്ത്വത്തിൽ പ്രാഞ്ചി-പ്പ്രാഞ്ചി യാത്ര തുടർന്നു. സഹായിക്കാൻ പാതയോരങ്ങളിലെ ആൽപൈൻ വൃക്ഷങ്ങളുണ്ട്. ലക്ഷ്യം അങ്ങകലെയുള്ള മലഞ്ചരിവായിരുന്നു. അവിടന്ന് ചതുപ്പുകളിലൂടേയും പൈൻ മരക്കാടുകളിലൂടേയും മുന്തിരിത്തോട്ടങ്ങളിലൂടേയും രാത്രിയുടെ മറവിൽ സഞ്ചരിച്ച് തോടുകൾ നീന്തിക്കടന്ന് ഫ്രാൻസിലെത്താമെന്നായിരുന്നു കണക്കുകൂട്ടൽ.

പിടിക്കപ്പെടാതെ ഇരുണിലെ അതിർത്തി കടന്നാൽപ്പിന്നെ ഫ്രാൻസിലെ

സുഹൃത്തുക്കളുടെ സഹായത്തോടെ ഇൻഡ്യയിലെത്താം...

വരാനിരിക്കുന്ന ധനുമാസത്തിന്റെ പുലരികളിൽ, തിരുവാതിര കുളിർത്തെന്നലിൽ ജന്മനാളിന്റെ മാധുര്യവും ജന്മനാടിന്റെ സൗരഭ്യവും മനസ്സിൽ വഹിച്ചുകൊണ്ട്, തണുത്ത നിഴലുകൾ വെളിച്ചനുറുങ്ങുകളുമായി ഒളിച്ചുകളിക്കുന്ന എന്റെ കേരളഗ്രാമത്തിന്റെ ഊടുവഴികളിലൂടെ, നിഷ്ക്കളങ്കരായ ഗ്രാമീണ ജനങ്ങൾക്കിടയിലൂടെ നടക്കുന്ന മോഹനനിമിഷങ്ങളുടെ ഓർമ്മ തന്നെ ലഹരിയുണർത്തുന്നതായിരുന്നു.

കിഴക്ക് പച്ചവസ്ത്രങ്ങൾ വാരിപ്പുതച്ച പർവ്വതസാനുക്കളിൽ നിന്നും ഒഴുകിയെത്തുന്ന മന്ദമാരുതനിലലിഞ്ഞുചേർന്ന കാട്ടുസൂന സൗരഭ്യം!

പച്ചക്കമ്പളങ്ങളിൽ പാവിയ വെള്ളിരേഖകളായി കുളുർജലമൊഴുകുന്ന അരുവികളും തോടുകളും!

ഹാ എന്റെ ജന്മനാട്...

എന്റെ പൊക്കിൾത്തണ്ടിന്റെ വേരുകളാഴ്ന്നു പോയ കൊച്ചു കേരളം!!

ഒരു വ്യാഴവട്ടക്കാലത്തെ വിരഹവേദന, ഒരാർത്തിയായി മനസ്സിൽ നിറഞ്ഞുനിന്നപ്പോൾ വിശപ്പും ദാഹവും, കൈകാലുകളിലെ ചങ്ങലകളുടെ ഭാരവും ഒരു നിമിഷം മറന്നു.

എന്റെ ജന്മഗ്രാമത്തിലൂടെ യാത്ര!

എനിക്കുവേണ്ടി പാടപ്പെടുന്ന ഓശാനകൾ.

പിറന്ന നാട്ടിലെ എന്റെ ആദ്യകുർബ്ബാന....

തണുതണുത്ത ഓർമ്മകളെ, ഉമ്മവച്ചുണർത്തുന്ന അനുഭൂതിയുടെ നിമിഷങ്ങളെ താലോലിച്ചുകൊണ്ടു നടക്കവെയാണ്, പെട്ടെന്നൊരു പട്ടാളജീപ്പ് അകലെനിന്നും പാഞ്ഞുവരുന്നത് കണ്ടത് –

എന്നെ വേട്ടയാടാനിറങ്ങിപ്പുറപ്പെട്ട നായാടികൾ –

സാന്ദ്രത പൂണ്ടുകഴിഞ്ഞ പുലരി മങ്ങൂഴം!

ഒളിച്ചു നിൽക്കാൻ ഒരു തൈമരം പോലുമില്ല. അടുത്തെങ്ങും.

ഒരു നിമിഷം പകച്ചു നിന്നു.

എന്റെ വാതിലുകൾ... വീണ്ടും അടഞ്ഞുവോ?

ഒരേ ഒരാശാമാർഗ്ഗമായി ഇടതുവശത്തെ ഗേറ്റേയുള്ളു. പെട്ടെന്ന് ഗേറ്റു തള്ളിത്തുറന്ന് അകത്തുകടന്ന് പിന്നിലടച്ച് ഒളിത്താവളം നേടുമ്പോൾ, ആഴത്തിൽനിന്നും മുഴങ്ങുന്ന ഇടിനാദംപോലെയുള്ള ഗംഭീര കുരയുമായി എവിടെ നിന്നൊ ചാടി വീണ ഭീകരനായ “ബാസ്ക്കർ ഹൗണ്ട്” നായ.

കയ്യിലേയും കാലിലേയും ഭാരമേറിയ ചങ്ങലകളുമായി രക്ഷപെടുക അസാദ്ധ്യമായിരുന്നു. ഒരു കന്നുകുട്ടിയേക്കാൾ വലിപ്പമുള്ള ഭീകര നായിന്റെ കൂർത്ത കോമ്പല്ലുകൾ പിൻകാലിലെ മാംസപേശിയിലൂടെ കോർത്തുവലിക്കുമ്പോൾ, മയങ്ങിക്കിടന്ന വേദനയുടെ ചീളുകൾ ഞെട്ടിയുണർന്ന് ശരീരത്തിലൂടെ പാഞ്ഞുനടന്നു. വീണ്ടും വീണ്ടും കൂർത്ത പല്ലുകൾ എന്റെ ശരീരഭാഗങ്ങളിൽ കൊണ്ടു കയറിയപ്പോൾ ആ ചീളുകൾ സ്വയം ചൂടായി പഴുത്തു ജ്വലിക്കുന്ന അഗ്നിശകലങ്ങളായി രക്തത്തിലൂടെ ഒഴുകിനടന്നു. ശരീരത്തിന്റെ

ഓരോ അണുവിലും ആ വേദന പൂണ്ടുകയറി, ഏറെ ആഴത്തിൽ...

വേദനിക്കുന്നതിനും ഒരുപരിധിയുണ്ടായിരുന്നു. ആ പരിധിയും ഉല്ലംഘിക്കപ്പെട്ടപ്പോൾ മനസ്സ് നീലനിലാവരിച്ചിറങ്ങുന്ന രാത്രിയിൽ ഏതോ നീലമലകളിലൂടെ അലഞ്ഞുനടന്നു, വേദനാനിർഭരമായൊരു ഗന്ധവും ശ്വസിച്ചുകൊണ്ട്. കൈകാലുകളിലെ പുതിയ മുറിവുകളിൽനിന്നും കുതിച്ചുചാടുന്ന രക്തത്തെപ്പറ്റി ബോധവാനായിരുന്നില്ല. വിങ്ങിവീർത്ത ശരീരത്തിലെ ബന്ധനത്തിന്റെ ഭാരത്തെപ്പറ്റിയറിഞ്ഞില്ല. ഒരവ്യക്തതയുടെ മഞ്ഞുവീഴ്ചയിൽ എല്ലാം മുങ്ങിനിന്നു.

ഒടുവിൽ തന്റെ കഴുത്തിൽ കടിച്ചുയർത്തി കുടഞ്ഞെറിയാൻ ആ ഭീകര നായ് ശ്രമിക്കുമ്പോഴാണ് ഒരു സ്ത്രീയുടെ ഉൽക്കണ്ഠാകുലമായ ശബ്ദം,

“തോം, തോം, ഇർസേ! ഇർസേ!”(1)

പല്ലുകളിൽ നിന്നിറ്റുവീഴുന്ന രക്തം നാവുകൊണ്ടു നക്കിത്തുടച്ച് മൂക്കിനും വായ്ഭാഗങ്ങൾക്കും ചുറ്റും നാവോടിച്ചുകൊണ്ട് ആ ഭീകരനായ് ഓടിപ്പോയപ്പോൾ തന്റെ കരങ്ങളിൽ വന്നുപിടിച്ച ശീതളമായ കരത്തിന്റെ ഉടമയെയറിയാൻ കൺപോളകൾ തള്ളിത്തുറന്ന്, കൺഗോളങ്ങൾ വിടർത്തി നോക്കി അവ്യക്തതയിലലിയുന്നെങ്കിലും, കുലീനയായൊരു സ്ത്രീയുടെ പ്രൗഢതയാർന്ന രൂപം.

പെട്ടെന്ന് അമ്പരപ്പുകലർന്ന ശബ്ദം “എസ്താ ഉസ്തദ് - പാദ്രെ അലിയാസ്‘ (2)

വീണ്ടും കൺപോളകൾ ബലമായി തള്ളിത്തുറന്ന് മിഴിച്ചുനോക്കിയപ്പോൾ പള്ളിയിൽപോകുന്ന ശുഭ്രവേഷത്തിൽ തലമൂടിയ നെറ്റിനുകീഴിലായി സഹതാപം കിനിയുന്ന മുഖം, കൂടുതൽ ആർദ്രമായി. “അകത്തേക്കു വരൂ! ഇവിടിരുന്നാൽ അപകടമാണ്; അവരങ്ങനെ കണ്ടെത്തും.“

അവർ പിടിച്ചുയർത്തിയെങ്കിലും, കാലുകൾക്ക് ശരീരത്തിന്റെ ഭാരം താങ്ങാനുള്ള കഴിവു നഷ്ടപ്പെട്ടിരുന്നു. കാലുകൾ നിലത്തൂന്നുമ്പോൾ കൈകാലുകളിലെ മുറിവുകൾ, വടുപൊട്ടിയ വ്യണം പോലെ പൊട്ടി വിണ്ടു. രക്തം വീണ്ടും കുമിഞ്ഞൊഴുകി. നിൽക്കാൻ കഴിയാതെ കുഴഞ്ഞുവീണുപോയി.

ചങ്ങലകളുരഞ്ഞ് കാലുകളിലും കൈകളിലും നീരുവന്നു വീർത്തിരിക്കുന്നു. ശരീരമാകെക്കൂടി ഒരു വിങ്ങുന്ന വൃണമായിക്കഴിഞ്ഞിരുന്നല്ലോ..

കൈകാലുകളിൽ നിന്നും കുമിഞ്ഞൊഴുകിയ രക്തം കണ്ടവർ ഒരു കുറ്റബോധത്തോടെ പറഞ്ഞു. “ഞാനറിഞ്ഞില്യാട്ടോ. അറിഞ്ഞിരുന്നെങ്കിൽ അങ്ങയെ ഉപദ്രവിക്കാൻ തോമിനെ ഒരിക്കലും അനുവദിക്കില്ലായിരുന്നു.

“വലേരി”, അവർ വീട്ടിലേക്കു നോക്കി വിളിച്ചപ്പോൾ വേലക്കാരിയിറങ്ങി വന്നു.

വലിയൊരു പരുവായി ആകെ വിങ്ങുന്ന ശരീരം, ചങ്ങലകളുടെ കിലുക്കം ആകെ പോലുമറിയിക്കാതെ, അവരും വേലക്കാരിയും കൂടി താങ്ങിപ്പിടിച്ച് അവരുടെ വീട്ടിലെ സുരക്ഷിതമായ ഒരു മുറിയിലേക്കു നയിച്ചു.

---

1. ടോം, ടോം ദൂരെപ്പോകൂ..
2. നിങ്ങളല്ലെ പാദ ഏലിയാസ്

നന്നായി വിരിച്ച കിടക്കയിലേക്കവർ എന്നെ മെല്ലെ ചരിച്ചുകിടത്തുമ്പോൾ ദഹിക്കാത്തൊരു പ്രശ്നമായി ആ ചോദ്യം മനസ്സിൽ ഉരുണ്ടുകളിച്ചു. "സ്വന്തം സഹോദരനെപ്പോലെ എന്നെ ശുശ്രൂഷിക്കുന്ന ഏകയായ ഈ സ്ത്രീ ആരാണ്?

എന്താണിവരുടെ ഉദ്ദേശ്യം?

എന്റെ പരിചയസീമയിലൊന്നും ഇവരുൾപ്പെടുന്നില്ല. പിന്നെ....?

ഒരു ഡോക്ടറുടെ വൈദഗ്ദ്ധ്യത്തോടെ എന്റെ മുറിവുകൾ വച്ചുകെട്ടിത്തരുമ്പോൾ, രഹസ്യമായി ഒരു കൊല്ലനെ കൊണ്ടുവന്ന് എന്റെ കൈവിലങ്ങുകളും കാൽച്ചങ്ങലകളും തകർത്തു തരുമ്പോൾ, പോഷകാഹാരവും വിശ്രമവും തന്ന്, ഒരു വിദേശിയായ എന്റെ ആരോഗ്യം വീണ്ടെടുത്തു തരുമ്പോൾ, എല്ലാം, വലിയൊരു ഭാരമായി മനസ്സിന്റെ അടിത്തട്ടിൽ ആ ചോദ്യം താണു കിടന്നു, ഇത് ശ്രദ്ധയോടെ തന്നെ പരിചരിക്കത്തക്കവിധം എന്തു കടപ്പാടാണ് ഇവർക്കുള്ളത്?"

ആദ്യമെല്ലാം വേദനയുടെ ആഴത്തിൽ, ശരീരക്ഷീണത്തിൽ ആ ചോദ്യത്തിനു ശ്വാസംമുട്ടി.

പക്ഷേ ദിനങ്ങളുടെ ഉരുണ്ടുമറിച്ചിലിൽ സ്വരത്തിന് സ്വാരസ്യവും ചിന്തക്ക് പരപ്പും ലഭിച്ചപ്പോൾ അറിവിനുവേണ്ടിയുള്ള കൗതുകം മറച്ചുപിടിക്കാനായില്ല. ഇക്കഴിഞ്ഞ രണ്ടുമാസക്കാലം കട്ടിലിനടുത്തുനിന്നും മാറാതെ തന്നെ ശുശ്രൂഷിക്കുകയായിരുന്നല്ലോ അവർ – ഒരമ്മയുടെ വാത്സല്യത്തോടെ, ഒരു സഹോദരിയുടെ അധികാരത്തോടെ!

കൈകാലുകൾ സ്വതന്ത്രമായി ചലിപ്പിക്കാൻ കഴിഞ്ഞ ദിവസം കിടന്നുകൊണ്ടു തന്നെ ചോദിച്ചു. "എന്തിനു നിങ്ങൾ ഇത് സാഹസികമായി ഒരജ്ഞാതനുവേണ്ടി ബുദ്ധിമുട്ടുന്നു?"

"അതെന്റെ കടമയായതുകൊണ്ട്."

അവരുടെ വിശദീകരണം എന്റെ അസ്വസ്ഥതയുടെ ഉല ഊതിക്കത്തിച്ചതേയുള്ളു.

വീണ്ടും വീണ്ടും ചോദിച്ചപ്പോൾ അവർ പറഞ്ഞു, "പാദ്രെ അതറിയാതിരിക്കുകയാണു നല്ലത്. നിറഞ്ഞു തുളുമ്പുന്ന നയനങ്ങൾ എന്നെ കാണിക്കാതെ തുടച്ചുകൊണ്ടവർ എഴുന്നേറ്റു പോയപ്പോൾ ആ രഹസ്യത്തിന്റെ ഉരുക്കഴിക്കാനുള്ള ദാഹം പണിപ്പെട്ടടക്കി.

എങ്കിലും ചോദ്യത്തിന്റെ മുനകൾ മനസ്സിൽ എപ്പോഴും എഴുന്നു തന്നെ നിന്നു. വൈധവ്യത്തിന്റെ ചിതൽപ്പുറ്റണിഞ്ഞ ഇവരെന്തിനു ഒരു വൈദികനെ ഇങ്ങനെ സാഹസികമായി സഹായിക്കുന്നു?

ഇവരുടെ ഭർത്താവിനെന്തു പറ്റി?

മക്കളെവിടെ പോയി?

ഒന്നിനുമവർ ഉത്തരം തന്നില്ല...

വേദന കോർത്തു വലിക്കാതെ കാലുകളിൽ സ്വന്തം ഭാരം താങ്ങാൻ കഴി

ഞ്ഞ ദിനം മെല്ലെ എഴുന്നേറ്റ് മുറികളിലൂടെ അങ്ങുമിങ്ങും നടക്കുമ്പോൾ പ ാർലറിൽ അലങ്കരിച്ചു വച്ച വലിയ ഫോട്ടോ ശ്രദ്ധയിൽപ്പെട്ടു.

എവിടെയോ കണ്ടുമറന്ന മുഖംപോലെ...

ആരുടേതെന്നറിയാൻ അടുത്തുചെന്നു നോക്കുമ്പോൾ..

ഒരു പീരങ്കി ശബ്ദത്തിൽ അറിയാതെ ഞടുങ്ങിത്തെറിച്ചു...

പെട്ടെന്ന് അനേകം തോക്കുകൾ ഒന്നായി ഗർജ്ജിച്ചു. മെഷീൻ ഗണ്ണുകൾ തീ തുപ്പി ഗ്രനേഡുകൾ കൺചിമ്മി; ടാങ്കുകൾ ചെറുബോംബുകൾ വർഷിച്ചു...

ഒടുവിൽ ഒരു മിസൈൽ വിക്ഷേപണത്തിന്റെ വിസ്ഫോടനത്തിൽ കൺ തുറന്ന പ്രകാശധാരയിൽ, വെടിയുണ്ട് കടക്കാത്ത കവചിത വാഹനത്തിൽ നിന്നും തെറിച്ചുവീണ ഒരു പാവം സർവസൈന്യാധിപൻ സ്വന്തം രക്തത്തിൽ കുളിച്ച് നടുറോഡിൽ മലർന്നുകിടന്നു.

ആ കഴുത്തിൽ ഷൂസിട്ട കാലമർത്തിയപ്പോൾ എന്റെ ളോഹയുടെ വിളുമ്പു കളിൽ കറ പടർത്തിക്കൊണ്ട് ആ കടവായിലൂടെ ഒഴുകിയ കട്ടരക്തം, 'ഇതൊരു ധർമ്മയുദ്ധമാണ്, അനീതിക്കെതിരായുള്ള കാലത്തിന്റെ പോരാട്ടം. ഒരു ശക്തിക്കും സമയത്തിന്റെ കൊടുങ്കാറ്റിനെ വെട്ടിവീഴ്ത്താനാവില്ല.'

പിന്നിൽ ഒരു തേങ്ങൽ–

ഞെട്ടിത്തിരിഞ്ഞു നോക്കുമ്പോൾ കീഴ്ച്ചുണ്ടു കടിച്ചമർത്തി തേങ്ങലടക്കാൻ പണിപ്പെടുന്ന ആതിഥേയ!

"ഇദ്ദേഹം?" അമ്പരപ്പുകലർന്ന എന്റെ വാചകം പൂർത്തിയാക്കാനനുവദി ക്കാതെ അവർ പറഞ്ഞു

"അതെ, അങ്ങു വിധവയാക്കിയ എന്റെ ഭർത്താവ്."

കേട്ടു ഞെട്ടിത്തരിച്ചു നിന്നത് ഇന്നലെയെന്നോണം ഓർക്കുന്നു.

എങ്കിൽ, എന്റെ നിമിഷങ്ങളെണ്ണപ്പെട്ടു കഴിഞ്ഞിരിക്കുന്നു! എന്റെ വിധി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു!

പറഞ്ഞു, "എങ്കിലും ഇത് ക്രൂരമായി നിങ്ങളെന്നെ ശിക്ഷിക്കേണ്ടാ യിരുന്നു."

പ്രൗഢസ്ത്രീയുടെ നനഞ്ഞ കണ്ണുകളിൽ ചോദ്യചിഹ്നം.

"തെറ്റിനൊത്ത ശിക്ഷ ലഭിക്കുന്നതാണ് സംതൃപ്തി, എത്ര വേദനാജനക മാണെങ്കിലും." അവരെ നോക്കാനാവാതെ ഞാൻ തലതാഴ്ത്തി.

"എങ്കിൽ," അവർ പറഞ്ഞു, "പാദ്രെ ഇവിടെ ഒളിച്ചുകയറിയെന്ന് ഞാനൊ ന്നു വിളിച്ചുകൂവിയാൽ മതിയായിരുന്നല്ലോ; അല്ലെങ്കിൽ എന്റെ തോമിന്റെ കൂർത്ത പല്ലുകൾക്കു വിട്ടുകൊടുത്താൽ മതിയായിരുന്നല്ലോ. ഇപ്പോഴും വൈകിയിട്ടില്ല, അങ്ങേക്കു വേണ്ടി നൂറുകണക്കിന് ഗ്യാലൻ ഗ്യാസൊലിൻ അവരിപ്പോഴും എരിച്ചുകളയുന്നുണ്ട് പട്രോളിംഗ് ജീപ്പുകളിൽ."

"പിന്നെ, എന്തിനാണു നിങ്ങൾ എനിക്കു വേണ്ടി ഈ കുരിശു സ്വയം ചുമക്കുന്നത്?"

"ഞാനൊരു ക്രിസ്ത്യാനിയായതുകൊണ്ട്.... എന്റെ ഭർത്താവിന്റെ ആത്മ ശാന്തിക്കുവേണ്ടി."

കേട്ട നീതികരണങ്ങളുടെ ആഴമില്ലാത്ത കടലിൽ മുങ്ങിപ്പതക്കുമ്പോൾ അവർ വീണ്ടും പറഞ്ഞു. “അങ്ങേക്ക് ഇൻഡ്യയിലേക്ക് രഹസ്യമായി പോവാൻ വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്.”

രം മനസ്സിൽ അടുത്തനിമിഷം ആഞ്ഞടിച്ച വികാര വേലിയേറ്റങ്ങളുടെ ഏക ബഹിർസ്ഫുരണമായി, നിറഞ്ഞു തുളുമ്പുന്ന നയനങ്ങളോടെ ഞാനാ പ്രൗഢ സ്ത്രീയുടെ മുമ്പിൽ ഒരു കാൽമുട്ടു മടക്കി, അവരുടെ വലതുകരം കവർന്നെടുത്തു ചുംബിച്ചു......

# മുപ്പത്തിമൂന്ന്

“നീ എത്ര പേരെ കൊന്നെടാ?”

ഗേറ്റിൽ എതിരേൽക്കാനായി ഓടിയെത്തിയ അമ്മയുടെ കണ്ണുകളിലെ രൗദ്രത ഭീതിപ്പെടുത്തുന്നതായിരുന്നു.

“ഇതിനായിരുന്നോ വലിയ മോഹങ്ങളോടെ നിന്നെ അച്ഛനാവാൻ ഞാൻ പറഞ്ഞയച്ചത്?”

“അമ്മേ, അത് വിപ്ലവമായിരുന്നു, പാവപ്പെട്ടവരെ ഉദ്ധരിക്കാൻ വേണ്ടി.....” വീട്ടിലേക്ക് കയറും മുമ്പ് അമ്മ പിടിച്ചുനിർത്തി.

എത്രപേരെ ഉത്തരിച്ചൂന്നല്ല ഞാൻ ചോദിച്ചത്; എത്രപേരെ കൊന്നെന്ന്? മരിച്ചവരേക്കാളും എന്തു യോഗ്യത കൂടുതലുണ്ടെടാ നിങ്ങൾ, ഉത്തരിച്ചോർക്ക് ജീവിച്ചിരിക്കാൻ - മർക്കടമുഷ്ടിയോ?”

അമ്മയുടെ ആ ചോദ്യം എന്നെ നടുക്കി.

ലോകത്തിന്റെ മുഴുവൻ ധാർമ്മിക രോഷവും അമ്മയുടെ കണ്ണുകളിലൂടെ പൊരി ചിതറുകയാണെന്നു തോന്നി.

ഒരു വ്യാഴവട്ടക്കാലത്തെ വിരഹത്തിനുശേഷം, എന്നെ പെറ്റെടുത്ത ജന്മ നാട്ടിൽ വലിയ മോഹങ്ങളോടെ ഓടിക്കിതച്ചെത്തുമ്പോൾ ഇതൊന്നുമല്ലായി രുന്നു മനസ്സിൽ!

അമ്മയുടെ കണ്ണുകളിലെ ഈ അഗ്നി തന്നെ എന്റെ മോഹങ്ങൾക്കെല്ലാം ചിതയൊരുക്കുന്നു.

എത്രപേരെ ഞാൻ കൂടി നേതൃത്വം നൽകിയ വിപ്ലവം കൊന്നു?

എണ്ണി തിട്ടപ്പെടുത്താനാവില്ല.

ബിൽബാവോയിലും, ഗ്വെർണികയിലും, സലമാങ്കയിലും, ദെസ്കാദെ യിലും ഗ്രാമകേന്ദ്രങ്ങളായ പള്ളികളുടെ അങ്കണത്തിൽ, അട്ടിയട്ടിയായി അടു ക്കിയിട്ട് ശവശരീരങ്ങളെ ആർക്ക് എണ്ണിത്തീർക്കാൻ കഴിയും? അവരുടെ ചീഞ്ഞളിഞ്ഞ ശവശരീരങ്ങളിൽ പുളയ്ക്കുന്ന പുഴുക്കളുടെ അവകാശത്തെ ആർക്കിനി ചോദ്യം ചെയ്യാനാവും!

ഏതാനും സത്തകളുടെ വിലപേശലിൽ, വിജനതയിൽ വിരിഞ്ഞ റോസാപുഷ്പങ്ങളെപ്പോലെ ഉരുത്തിരിഞ്ഞ അമൂല്യ ജീവനുകളെയാണ് തല്ലിക്കൊഴിച്ചിട്ടത്.

---

*പഴയ നിയമത്തിൽ വരാനിരിക്കുന്ന ദാരിദ്ര്യത്തെ സൂചിപ്പിക്കുന്ന സ്വപ്നം

ശുദ്ധഹൃദയരായ ആ സ്പാനീഷുകാരുടെ ഹൃദയ ഹാർത്തുകളിലിനി സ്നേഹത്തിന്റെ കൽക്കരി അമർന്നുകത്തില്ല; ആ പിതൃഹൃദയങ്ങളിലെ അസൂയാർഹ സ്ഥാനത്തിനുവേണ്ടി, കൊച്ചുമക്കൾ മുട്ടുകാലിലൂടെ ഇഴഞ്ഞുകയറി മടിയിലെത്താൻ മത്സരിക്കില്ല.

ആ ആത്മാക്കൾ ചെയ്തതും നീതീകരിക്കത്തക്കതായിരുന്നല്ലൊ. * ഈജിപ്തിൽ മേഞ്ഞുനടന്ന ഏഴു കൊഴുത്ത പശുക്കളെ, നൈൽ നദിയിൽ നിന്നും കയറി വന്നു വിഴുങ്ങിയ ഏഴു മെലിഞ്ഞ പശുക്കളും, ഏഴു കൊഴുത്ത ഗോതമ്പു കതിരുകളെ വെട്ടി വിഴുങ്ങിയ ശോഷിച്ച കതിരുകളും അവരുടെ നിദ്രകളെ ഞെട്ടിച്ചപ്പോൾ, ദേശത്തിന്റെ നാനാ ഭാഗത്തും അവർ കളപ്പുരകൾ പണിതുയർത്തി...

പട്ടിണി കിടക്കാതിരിക്കാനുള്ള ആഗ്രഹം സഹജവാസനയാണ്; നാളേക്ക് കരുതിവെയ്ക്കാനുള്ള മുൻകരുതൽ മൗലീകാവകാശമാണ്.

ആ വ്യക്തിസ്വാതന്ത്ര്യത്തിന്മേലാണ്, മറ്റുള്ളവരുടെ അസൂയയെ ഊതിക്കത്തിച്ച് ഞങ്ങൾ കൈവയ്പിച്ചതെന്ന് ഇന്ന് എല്ലാവരും പറയുന്നു... ഇവിടെയിതാ അമ്മയും ആഞ്ഞു വെട്ടുന്നത് അതേ മുറിവിൽത്തന്നെയാണ്!

ഇങ്ങിനെയെങ്കിൽ ഏതു വിപ്ലവത്തെ ആർക്ക് നീതീകരിക്കാനാവും!

വിപ്ലവനായകർക്ക് എവിടെ ദണ്ഡവിമോചനം ലഭിക്കാനാവും!

മോഷ്ടാവിന് കളവു വൻ തിരിച്ചുകൊടുത്ത് മോചനം നേടാം. പക്ഷേ ഒരു വിപ്ലവനേതാവ് പിഴുതെറിഞ്ഞ ജീവനുകളെ ഏതു ഭൂഗർഭ ഗുഹയിൽ പോയാണു തപ്പുക?

ഈ വിഹ്വലതയിൽനിന്നും, ദൈവമേ എന്നാണൊരു മുക്തി എനിക്ക് ലഭിക്കുക!

മറവിയുടെ തിരകളിലെങ്കിലും കാലം എനിക്കെന്നാണൊരു മുക്തി തരിക?....

മനസ്സിൽ യാചിക്കവേ,

അമ്മയുടെ വാക്കുകളിലെ മുള്ളുകൾ ആദ്രത പൂണ്ട് സ്വയമലിയാൻ തുടങ്ങിയിരിക്കുന്നു. സ്വീകരണമുറിയിലെത്തിയപ്പോൾ തന്നെ അണച്ചുപിടിച്ചുകൊണ്ട് അമ്മ ഉച്ചത്തിൽ തേങ്ങി. “ദൈവമേ ഒരു മോനൊള്ളേനെ, കൊലപാതകത്തിന് തൂക്കിക്കൊല്ലണ ഞാൻ കാണണോല്ലോ. ഇന്നലേം പോലീസന്നേഷിച്ച് വന്നാരുന്നു.”

കേട്ട്, ഒന്നുകൂടി ഞെട്ടിത്തെറിച്ചു...

അപ്പോൾ സ്വന്തം നാട്ടിൽ പോലും എനിക്ക് സ്വൈര്യം തരാതിരിക്കാൻ ഗാർസിയ, ‘ഇന്റർപോളി’നെ കേസ്സേല്പിച്ചിരിക്കുന്നു!

അമ്മയെ എല്ലാം പറഞ്ഞു മനസ്സിലാക്കാനാണു പാട്. ഉടനെ ഒരൊളിവു സങ്കേതം തേടേണ്ടിയിരിക്കുന്നു.....

അമ്മയുടെ തേങ്ങൽ ഉച്ചത്തിലായപ്പോൾ,

പിൻവാതിലിന്റെ കർട്ടനിൽ തിരമാലകൾ.

ആ തരംഗമാലകളെ പകുത്തു മാറ്റിക്കൊണ്ട് പൊങ്ങിവന്ന ശാലീനമുഖം. എവിടെയോ ഞെരിഞ്ഞു കിടന്ന അടക്കാമണിയപ്പൂക്കളുടെ കൊഴിഞ്ഞ

ഇതളുകൾ കാറ്റിൽ വിറച്ചു.

കടൽത്തീരത്തെ വിജനതയിൽ ഞെരിഞ്ഞു തകർന്ന വളപ്പൊട്ടുകളെ തിര മാലകൾ വീണ്ടും വീണ്ടും തഴുകിയുണർത്തി.

സിമിത്തേരിയിലെ ശവക്കുഴികളിൽ പുഴുക്കൾ തിന്നുതീർത്ത ജഡങ്ങൾക്കു പകരം പുതിയ ശവങ്ങൾ –

എങ്കിലും ചോദിച്ചു.

“ലീനക്ക് സുഖമല്ലെ?”

അതെയെന്നവൾ തലയാട്ടി. പക്ഷെ ആ സമ്മതത്തിൽത്തന്നെ നിഷേധ ത്തിന്റെ കരടുകൾ. രക്തം വാർന്നുപോയ കവിളുകളും ആശയറ്റ് കുഴിഞ്ഞ കണ്ണുകളും ഏതോ ദുരന്തത്തെ ഒറ്റുകൊടുത്തു.

“അതിന്റെ യൊര് ഭാഗ്യക്കേട് മോനേ! അതിനെ കെട്ടിക്കൊണ്ടു വന്ന് ഇവിടെ യാക്കിയിട്ട് പൗലോസ് സൗദി അറേബ്യക്കു പോയതാ. വർഷങ്ങള് കൂടുമ്പോ കൊറേ സാരീം സമ്മാനോം കൊണ്ട് വന്ന് കൊറച്ച് നാള് നിന്ന് പോവും. പക്ഷേങ്കില് ഒര് ഭാര്യക്ക് അത് മാത്രം മാത്യോ?.

ഒരു നിമിഷം കഴിഞ്ഞമ്മ തുടർന്നു, “പിന്നെന്താ, മാസാമാസം അവൻ കാശിച്ചു കൊടുക്കണ്ണ്ട്. അതു തന്നെ ഭാഗ്യം! പിന്നെ എന്നെങ്കിലും പൗലോസ് സൗദീല് കൊണ്ടു പോകുന്നൊള്ള പ്രതീല് അവളങ്ങനെ കഴിഞ്ഞ് കൂടണു..”

വിവാഹം കഴിഞ്ഞ് പതിമൂന്നുവർഷമായിട്ടും അമ്മയാകാൻ കഴിയാത്ത ലീന. ഈ വിവാഹം ലീനയോടുള്ള പ്രതികാരം തീർക്കാൻ പൗലോസ് ചെ യ്തതാണോ?

അല്ലെങ്കിൽപ്പിന്നെ പൗലോസിന് ലീനയെ സൗദിയിലേക്ക് കൊണ്ടുപോയാ ലെന്താ? സൗദിയിലെ ദമാമിൽ അവന് നല്ല ജോലിയാണെന്നാണല്ലോ കേട്ടത്.

‘സൗദിയിലേക്ക് കൂടെ കൊണ്ടുപോകണോന്ന് ലീനക്ക് പൗലോസിനെ നിർബ്ബന്ധിച്ചു കൂടേ?’ ചോദിക്കാനാഞ്ഞപ്പോഴേക്കും വാതിൽ കർട്ടനിൽ ചലന ങ്ങൾ.

ലീന അപ്രത്യക്ഷയായിരിക്കുന്നു...

പ്രവാസി ഭർത്താക്കന്മാരുടെ വരവും കാത്ത് ജീവിതം ഹോമിക്കുന്ന ഗൾഫ് ഭാര്യമാരുടെ പ്രതീകമാണോ ലീന...

“എത്സിയെവിടെ?”

നഗരത്തിലെ പ്രശസ്ത കോളേജിൽ ഹോസ്റ്റലിൽ നിന്നു പഠിക്കുന്ന നങ്ങേലിപ്പെണ്ണ്, “ചേട്ടൻ വന്നെന്നറിഞ്ഞാ അവളോടി പാഞ്ഞെത്തും.

“അപ്പനെന്തിയേ അമ്മേ?”

നര വീണു തുടങ്ങിയ തലമുടിയിഴകൾക്കു താഴെ കുഴിഞ്ഞ കണ്ണുകളിൽ തത്സമയം പൊട്ടിയൊലിക്കാൻ തുടങ്ങിയ വിഷാദഭാവം, “ഇപ്പോ ഇരുപത്തി നാലു മണിക്കൂറും കുടിയാ മോനെ; പൗലോസ് ആവശ്യത്തിന് കാശയച്ച് കൊടുക്കണ്ടല്ലോ!... പിന്നെ...”

“പിന്നെ?”

'വേറെ ഒരു ചോത്തിപ്പെണ്ണിനെ വെച്ചോണ്ടിരിക്കാ! ഇപ്പോ കുടീം കെടപ്പും ഒക്കെ അവക്കടെ വീട്ടിത്തന്യാ.."

ഒരു ദീർഘനിശ്വാസത്തിനുശേഷം ശബ്ദം താഴ്ത്തി അമ്മ ചോദിച്ചു, "ഇത്രേം പേരെയൊക്കെ നെനക്ക് കൊല്ലാൻ പറ്റീല്ലോടാ. എന്നട്ടും നെന്റ്യപ്പനെ കണ്ടുപിടിക്കാൻ നെനക്ക് തോന്നില്ലല്ലോടാ മോനേ ഈ അമ്മേ്യാട് നെനക്കൊട്ടും സ്നേഹോല്യാല്ലൊ!"

അമ്മയുടെ തലയിൽ വേരോടിത്തുടങ്ങിയ വെള്ളിക്കമ്പികളുടെ നിഷ്കളങ്കത കണ്ടപ്പോൾ മനം തേങ്ങി.

പക്ഷേ എവിടെ പോയാണ് ഞാൻ കുറുങ്ങാടൻ മത്തായിയെ കണ്ടെത്തുക! എന്ത് ഒറ്റമൂലി കൊണ്ടാണ് അമ്മയുടെ തകർന്ന ഹൃദയം പൂർവ്വസ്ഥിതിയിലാക്കുക!

ദൈവം എന്നാണതനുവദിക്കുക?

വാതിൽ വിരിയിൽ വീണ്ടും ഓളങ്ങൾ.

കാപ്പിയും പലഹാരങ്ങളും നിറച്ച ട്രേയുമായി ലീന. രുചിയോടെ ആഹാരം കഴിച്ച കാലം മറന്നു; പോരെങ്കിൽ ലീനയുടെ കരങ്ങളാൽ തയ്യാറക്കപ്പെട്ടവ...!

ആർത്തിയോടെ കഴിക്കാൻ തുടങ്ങുമ്പോൾ

പടിക്കൽ ജീപ്പു വന്ന് ഇരമ്പി നിൽക്കുന്ന ശബ്ദം.

ചാടിയിറങ്ങുന്ന കാക്കി വേഷങ്ങൾ.

ഒരിരയുടെ ഘ്രാണശക്തിയിൽ, വിടർന്ന മുഖങ്ങൾ.

എല്ലാം ഇട്ടെറിഞ്ഞ് എഴുന്നേറ്റ് പിൻപുറത്തുകൂടി ഓടി രക്ഷപെടാനായുമ്പോൾ പിന്നിലമ്മ. "എന്നെക്കൂടി കൊണ്ടുപോ മോനെ. എനിക്കും മടുത്തു."

തിരിഞ്ഞുനിന്നു. മുന്നിൽ അമ്മയുടെ നിറഞ്ഞ നയനങ്ങൾ.

"അല്പം കൂടി ക്ഷമിക്കമ്മേ; തീർച്ചയായും ഞാൻ വരും അമ്മയെ കൊണ്ടുപോകാൻ."

വീണ്ടും കാലുകൾക്ക് ജീവൻ വച്ചു...

അവശേഷിച്ച ജീവനു വേണ്ടിയുള്ള ഓട്ടത്തിൽ ഓരോ കാലും പരസ്പരം മത്സരിച്ചു.

ധരിച്ചിരിക്കുന്നത് പാന്റും ഷർട്ടുമായത് ഭാഗ്യം! ളോഹയായിരുന്നെങ്കിൽ എത്ര എളുപ്പം അധികാരികൾ തിരിച്ചറിഞ്ഞേനെ! പോരെങ്കിൽ നീണ്ടു വളർന്ന താടി മുഖത്തിന്റെ രൂപം തന്നെ മാറ്റിയിരിക്കുന്നു..

ജന്മനാട്ടിലെ തെളിഞ്ഞ പ്രഭാതം. പാടിപ്പറക്കുന്ന പറവകൾ. ഉന്മേഷം നിറഞ്ഞ അന്തരീക്ഷം. പക്ഷേ ഒന്നും ആസ്വദിക്കത്തക്ക സ്ഥിതിയിലായിരുന്നില്ല വിഹ്വലത നിറഞ്ഞ മനസ്സ്..

പൊതുവഴിയിലെത്തി, ഒട്ടും ധൃതിയില്ലെന്ന് മറ്റുള്ളവരെ ബോധിപ്പിക്കാൻ മെല്ലെ നടക്കുമ്പോഴാണ് – എതിരെ വരുന്ന വിലാപയാത്ര കണ്ണിൽപ്പെട്ടത്.

വേണ്ടപ്പെട്ടവരെ സിമിത്തേരിയിലേക്കു നയിക്കുന്ന ഒരു വിലാപയാത്രയാണല്ലോ ജീവിതം!

മനുഷ്യന്റെ ഓരോ പ്രവൃത്തിയും കൂടെയുള്ളവരുടെ സിമിത്തേരിയിലേ

ക്കുള്ള വഴി സുഗമമാക്കുന്നു.

അലങ്കരിച്ച ശവപ്പെട്ടിയിൽ, വെണ്മയുള്ള വസ്ത്രങ്ങളണിഞ്ഞ്, കാലിൽ ചെരുപ്പുകളണിഞ്ഞ് മലർന്നുകിടക്കുന്ന മൃതദേഹം.

ജീവിതത്തിൽ തിരിഞ്ഞുനോക്കാതിരുന്നവർ കൂടി, മരിച്ചവനെ സിമിത്തേരിയിലേക്ക് എതിരേൽക്കാൻ പിന്നിൽ തിക്കിത്തിരക്കുന്നു.

ഒറ്റയും പെട്ടയുമായി ഇടവിട്ടടിക്കുന്ന മണിനാദം മരണത്തിന്റെ വേദനാജനകമായ അന്തരീക്ഷമുതിർത്തു.

ജീവിതത്തിൽ എവിടേയും മോഹഭംഗങ്ങളുടെ ശവദാഹയാത്ര മാത്രം!

പെട്ടെന്നാണ് തോമാസച്ചനെ ഓർമ്മവന്നത്. സ്പെയിനിലെ എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ധാർമ്മികമായ പിന്തുണയും പ്രേരണയും തന്നത് തോമസ്സച്ചനായിരുന്നല്ലൊ.

പോരെങ്കിൽ വർഷങ്ങളായി അടക്കി വച്ചിരുന്ന ആഗ്രഹം, ശക്തമായ മുകുളങ്ങളോടെ അപ്പോൾ തലനീട്ടി –

തോമാസ്സച്ചനോട് എല്ലാ ദുഃഖങ്ങളും തുറന്നു പറഞ്ഞൊരാശ്വാസം നേടാൻ!....

എന്റെ ദൈവവിളിയുടെ ആദ്യവിത്തു വീണഴിഞ്ഞ ഈ ഇടവകയിൽ എന്റെ പുത്തൻ കുർബ്ബാന ചൊല്ലാൻ...!

ഈ പോലീസ് കേസുകളിൽ നിന്നും തലയൂരാൻ തോമാസച്ചനൊരു വഴി തുറന്നു തരാതിരിക്കുമോ? അതിനുള്ള ധാർമിക ഉത്തരവാദിത്വവും തോമസ്സച്ചനുണ്ടല്ലോ!

വൻ നഗരത്തിൽ തോമാസച്ചന്റെ ഭരിക്കുന്ന ബസിലിക്ക വഴി പോകുന്ന ലൈൻ ബസിലിരിക്കുമ്പോൾ, എങ്ങിനെയായിരിക്കും തോമാസച്ചൻ തന്നെ അഭിനന്ദിക്കുകയെന്ന ആശയക്കുഴപ്പത്തിലായിരുന്നു മനസ്.

ത്യാഗോജ്ജ്വലമായി, യാതനാനിർഭരമായി നടപ്പിലാക്കിയ സ്പെയിനിലെ വിപ്ലവകരമായ ഭരണമാറ്റത്തിൽ അകമഴിഞ്ഞുള്ള ഒരഭിനന്ദനമാണല്ലൊ തോമസ്സച്ചനിൽ നിന്ന് പ്രതീക്ഷിക്കുന്നത്.!

ആ പ്രതീക്ഷയിൽ തലയുയർത്തിപ്പിടിച്ച് പള്ളിയിലേക്കു നടന്നു.

കണ്ട മാത്രയിൽത്തന്നെ, തോമാസ്സച്ചൻ ചാടിയെഴുന്നേറ്റു വന്നു തന്നെ കെട്ടിപ്പിടിക്കുമെന്നാണ് കരുതിയത്...

അഭിനന്ദനങ്ങൾകൊണ്ട് വീർപ്പുമുട്ടിക്കുമെന്നു കരുതി.

പക്ഷേ തോമാസ്സച്ചന്റെ മുഖത്ത് നിർവ്വചിക്കാനാവാത്തൊരു ഭാവം. മരവിപ്പല്ലെങ്കിലും അതിനോടു സാമ്യമുള്ള എന്തോ വികാരം.

ചുവന്നു തുടുത്ത മുഖത്ത് ആലസ്യം പടർന്നു കിടക്കുന്ന കണ്ണുകൾ; മുറിയിലാകെ വിലപിടിപ്പുള്ള ഉപകരണങ്ങൾ നിറഞ്ഞു കിടന്നു. നിലത്തെ കാർപ്പെറ്റിൽ ചവിട്ടുമ്പോൾ പൂച്ചയെ തടവുന്നത് സുഖം കിട്ടുന്നു.

തോമസ്സച്ചന്റെ ആദർശവും ത്യാഗമനോഭാവവുമെല്ലാം എവിടെപ്പോയി?

കുശലപ്രശ്നങ്ങൾക്കു ശേഷം, വേലക്കാരൻ കൊണ്ടുവന്നു വച്ച കാപ്പിയും കേക്കു കഷണങ്ങളും കഴിച്ചുകൊണ്ടിരിക്കെ ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല,

“എന്താണ് തോമാസ്സച്ചനൊരു മനപ്രയാസം പോലെ?”

“ഒന്നുമില്ല,” ഒരു നിമിഷം കഴിഞ്ഞ് തോമാസ്സൻ പറഞ്ഞു, “സ്പെയിനിലെ നിങ്ങളുടെ വിപ്ലവപ്രവർത്തനങ്ങളും, സമര മുന്നേറ്റങ്ങളും ആഭ്യന്തര കലാപവും, അധികാരക്കൈമാറ്റവുമെല്ലാം ഞാനെന്നും പത്രങ്ങളിലൂടെ അറിഞ്ഞുകൊണ്ടിരുന്നു. പക്ഷേ അന്ത്യം ഇതായിപ്പോയല്ലൊ......

“എന്തുചെയ്യാം. എന്നാലും എന്റെ കടമ പൂർത്തിയാക്കിയെന്ന ആത്മസംതൃപ്തി എനിക്കുണ്ട്.“

“പക്ഷേ മറ്റുള്ളവരെ ബാധിക്കുന്ന പ്രശ്നമാവുമ്പോൾ ആത്മസംതൃപ്തി മാത്രം നോക്കിയാൽ പോരല്ലോ.

തോമാസ്സിന്റെ ചിന്താഗതി മനസ്സിലായപ്പോൾ വല്ലാത്തൊരാശങ്ക മനസ്സിനെ മഥിച്ചു. തോമാസ്സച്ചനും എന്നെ കൈവിടുകയാണോ?

ഓർത്തപ്പോൾ വീണ്ടും വീണ്ടും മനസ്സിലെ തുടലിച്ചെടിയിൽ ഉലച്ചിൽ – ചെറുപ്പം മുതൽ, എന്റെ വീഴ്ചകളിൽ ബലവും, വിജനതയിൽ നടപ്പാതയുമായിരുന്ന തോമാസ്സച്ചൻ.

സ്പെയിനിലെ ആഭ്യന്തര യുദ്ധത്തിനുവേണ്ട ധാർമ്മിക പിന്തുണയും പ്രോത്സാഹനങ്ങളും നിരന്തരം ലഭിച്ചു കൊണ്ടിരുന്നത് തോമാസ്സിനയച്ച നീണ്ട കത്തുകളിൽ നിന്നായിരുന്നു.

ഈ ചെറിയവരുടെ ഉന്നമനത്തിനു വേണ്ടി പത്തു പ്രമാണങ്ങൾക്കു പകരം, ‘കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്’ എന്ന മോശയുടെ കാലത്തെ പഴയപ്രമാണങ്ങൾ തന്നെ വേണമെങ്കിൽ എടുത്തു പ്രയോഗിക്കാൻ ഉപദേശിച്ചത് തോമസ്സച്ചനായിരുന്നു. യുദ്ധവിജയത്തിന് ഏത് തന്ത്രവും പ്രയോഗിക്കാമെന്ന് ഉപദേശിച്ചതും അദ്ദേഹമായിരുന്നല്ലോ?

ദീർഘകാല കണക്കു കൂട്ടലിലൂടെയും, കഠിനാദ്ധ്വാനത്തിലൂടെയും അനേകരുടെ ഒത്തൊരുമയിൽ, വിപ്ലവത്തിന്റെ ലക്ഷ്യപ്രാപ്തി നേടിക്കഴിഞ്ഞപ്പോൾ കൂടെ നിന്ന ചിലർ ഒരു ചതിപ്രയോഗത്തിലൂടെ രാജ്യഭാരം വിദേശികളുടെ കയ്യിലെത്തിച്ചു കൊടുത്തതിന് ശുദ്ധഹൃദയരായ മററു നേതാക്കന്മാർ എന്തു ചെയ്യാനാണ്?

എന്തായാലും എന്റെ ഭാഗം ഭംഗിയായിത്തന്നെ ഞാൻ ചെയ്തിട്ടുണ്ട്.

എന്നിട്ടിപ്പോൾ.....

നീണ്ട നേരം മൗനം തിങ്ങിയ ഇടവേളക്കുശേഷം, തന്നെ പറഞ്ഞുവിടാൻ തോമാസ്സച്ചന് ധൃതിയായെന്നു മനസ്സിലായപ്പോൾ ഒടുവിലത്തെ ആഗ്രഹമായി തോമാസ്സച്ചനോടു ചോദിച്ചു.

“രഹസ്യത്തിലെങ്കിലും ഈ അൾത്താരയിലൊരു കുർബ്ബാന ചെല്ലാൻ എന്നെയൊന്നനുവദിക്കുമോ?”

കരിയർ അഭിഷിക്തനായാൽപ്പിന്നെ കഴിയുന്നതും എല്ലാ ദിവസവും ബലിയർപ്പിക്കണമെന്നത് വൈദികരുടെ ചുമതലയാണ്. സ്പെയിനിൽ നിന്നും പോന്നതിൽപിന്നെയുള്ള അലച്ചിലിൽ ഇന്നുവരെ കുർബാന ചൊല്ലാൻ കഴിയാത്തത് ഒരു വിങ്ങലായി മനസിൽ നീറുന്നു.

ജന്മനാട്ടിലെ പുളകം കൊള്ളിക്കുന്ന ഓർമ്മകളും, രോമാഞ്ചമണിയിക്കുന്ന അനുഭൂതികളും, ഒരു വൈദികന്റെ ജീവിതത്തിലെ ഏറ്റവും പ്രധാന സംഭവമായ, ഇടവകയിലെ പുത്തൻകുർബ്ബാനയും, മരുഭൂമിയിൽ ചെയ്താലും നിലത്തു വീഴാത്ത മഴയെപ്പോലെ നീരാവിയായിരിക്കുന്നു.

അധികാരികളിൽ നിന്നുള്ള ഒളിച്ചോട്ടം ഇവിടേയും എനിക്ക് തുടരേണ്ടിയിരിക്കുന്നു; സ്വന്തക്കാരുടെ മുമ്പിൽപ്പോലും ഒരു നോട്ടപ്പുള്ളിയായി.....

ഒടുവിലത്തെ ആഗ്രഹമായി ഈ അൾത്താരയിൽ ഒരു കുർബാനയെങ്കിലും ചൊല്ലാൻ!....

ചോദ്യം ആവർത്തിച്ചപ്പോൾ തോമസ്സച്ചൻ ഒരു കടലാസ്സെടുത്തു നീട്ടി – "കഴിഞ്ഞയാഴ്ച റോമിൽ നിന്നും വന്നതാണ്."

വത്തിക്കാനിൽനിന്നും വന്ന ആ ഔദ്യോഗിക കത്തിലൂടെ കണ്ണോടിക്കുന്തോറും, മിഴികളിൽ നീർ ഊറിക്കൂടി, *"ഇൻ നോമിനെ പ്രാതിസ്, എത് ഫീലി, എത് സ്പിരിത്തൂസ് സാംക്തൊ.......

പ്രപഞ്ചം മുഴുവൻ മെല്ലെ ഒരു ചലനത്തിൽ ഉയിർക്കൊണ്ടു, എന്റെ മസ്തിഷ്കം കേന്ദ്രമായി അതു കറങ്ങി; വിതുമ്പാതെ കീഴ്ച്ചുണ്ടുകൾ കടിച്ചുപിടിച്ചു.

ക്രമേണ ആ കത്തിലെ ഒരു വരി മാത്രം വളർന്ന് വികസിക്കാൻ തുടങ്ങി. ആ വാക്കുകളെക്കൊണ്ട് ഈ പ്രപഞ്ചം നിറഞ്ഞു.

മനസ്സിന്റെ ചുവരിൽ അദൃശ്യമായൊരു കൈവന്ന് തൂവൽ കൊണ്ട് ഒരിക്കലും മായാത്ത രീതിയിൽ അത് കോറിവരച്ചു, "പാത്തർ അലിയാസ് അലിംജിക്കൽ *എക്സ്കമ്യൂണിക്കാത്തൂസ് എസ്ത്, അ സെർവൂസ് സെർവോരും ദേയി!"

ആഞ്ഞടിക്കുന്ന കൊടുങ്കാറ്റ്, കാഹളമൂതിക്കൊണ്ടോ വാക്കുകൾ ലോകത്തോടായി പ്രഖ്യാപിച്ചു.

"ദൈവദാസന്മാരുടെ ദാസനായ മാർപ്പാപ്പ, ഫാദർ ഏല്യാസ് എലിഞ്ഞിക്കലിനെ ഇതിനാൽ മഹറോൻ ചൊല്ലിയിരിക്കുന്നു.!

താങ്ങാനാവാത്തൊരു വേദനയിൽ ഹൃദയം പിടയുമ്പോൾ, കണ്ണുനീർ തൂവാതിരിക്കാൻ വിദൂരങ്ങളിൽ മിഴിയയച്ചു.

വർഷങ്ങൾ നീണ്ട കഠിനാദ്ധ്വാനവും യാതനകളും വ്യർത്ഥമായതിന്റെ ദുഃഖവും, ആത്മാർത്ഥ സുഹൃത്തുക്കൾ ചതിച്ചതിന്റെ വിഷമവും, ജീവിതലക്ഷ്യം അപ്പാടെ നഷ്ടപ്പെട്ടതിന്റെ ആത്മരോഷവും എല്ലാം കൂടി തിങ്ങിനിറഞ്ഞ് മനസ്സ് വിങ്ങിപ്പൊട്ടുകയായിരുന്നു.

നീതിക്കു വേണ്ടി ഏറെ കഷ്ടതകൾ അനുഭവിച്ചശേഷം അനീതിക്കാരനായി ഗണിക്കപ്പെടുമ്പോഴുള്ള ആത്മവ്യഥ എങ്ങിനെയാണ് താങ്ങാൻ കഴിയുക!

---

* പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ....

* മഹറോൻ, പള്ളി വിലക്ക്.

ഇപ്പോഴിതാ, എല്ലാ ധാർമ്മിക പിന്തുണയും തന്ന് ഈ ദുഷ്ക്കര ദൗത്യത്തിലേക്കെന്നെ തള്ളിവിട്ട തോമാസ്സച്ചനും നിസ്സഹായാവസ്ഥയുടെ ഈ പ്രതിസന്ധിയിൽ എന്നെ കൈവിട്ടിരിക്കുന്നു!

അപ്രതിരോധ്യമായൊരു ദുഃഖത്തിന്റെ ഒഴുക്കുത്തിലേക്ക് മനസ് പാളി വീണു.

സ്വയം നിയന്ത്രിക്കാൻ ഏറെ ബുദ്ധിമുട്ടി.

എന്റെ വിഷമം കണ്ടാകണം, തോമാസ്സച്ചൻ സാന്ത്വനപ്പെടുത്തി, "ഏല്യാസച്ചന്റെ വേദന എനിക്ക് മനസ്സിലാവുന്നുണ്ട്. പക്ഷെ ഞാൻ നിസ്സഹായനാണ്. എന്റെ മുകളിലിരിക്കുന്നവരുടെ ഉത്തരവു ഞാൻ കാക്കണ്ടെ?"

ഒന്നും മിണ്ടാതെ കവിളിലെ കണ്ണീർ ചാലുകൾ തുടച്ചുകളഞ്ഞ് പുറത്തിറങ്ങി നടന്നു, ലക്ഷ്യമില്ലാതെ...

എനിക്കിനി എന്താണ് നേടാനുള്ളത്?

എനിക്കിനി എന്താണ് നഷ്ടപ്പെടാനുള്ളത്?

ലോകത്തിലെ നന്മകളെയെല്ലാം ഏത് തെമ്മാടിക്കുഴിയിലാണ് കൊണ്ടുപോയി കുഴിച്ചിട്ടിരിക്കുന്നത്?

മനുഷ്യന്റെ മോഹങ്ങളെല്ലാം പടരുന്നത് ഉണങ്ങിയ മരങ്ങളിന്മേലാണല്ലൊ.

എന്താണ് ചെയ്യുന്നതെന്നറിയാതെ മറ്റുള്ളവരുടെ ഇംഗിതങ്ങൾക്കൊപ്പം ഞാനാടിത്തീർത്ത നിഴൽക്കൂത്ത്!

ഇനി അടുത്ത ജീവിത നാടകമെവിടെയാണ്? അതിലെനിക്ക് എന്തു വേഷമാണുള്ളത്?

എന്തായാലും, എവിടെയും അപരിചിതത്വമാർന്ന മുഖങ്ങളെ മാത്രം നേരിടുന്ന ഈ പരദേശത്തുനിന്നും എനിക്ക് മോചനം നേടേണ്ടിയിരിക്കുന്നു.

എന്നെ വേട്ടയാടാനായി നായാടികൾ പാഞ്ഞുനടക്കുന്ന ഈ കൊടുംവനത്തിൽ നിന്നെനിക്കു രക്ഷപ്പെടേണ്ടിയിരിക്കുന്നു.

ആദർശങ്ങൾ ജീവിതത്തെ ആകാശക്കോട്ടയിൽ ഉയർത്തി നിർത്താത്ത ; മണലിന്മേൽ വൻ സൗധങ്ങൾ കെട്ടിയുയർത്താത്ത നിഷ്ക്കളങ്കരായ മനുഷ്യരുടെ ഇടയിലേക്ക്.

അല്ലെങ്കിലെന്തിനു വേണ്ടി ഞാൻ രക്ഷ നേടണം? ആർക്കു വേണ്ടി?

ഈ ജീവിതത്തിലിനി യാതോരു ലക്ഷ്യവും അവശേഷിച്ചിട്ടില്ലല്ലൊ!..

എനിക്ക് പോകാനിനി യാതൊരിടവും ബാക്കിയില്ലല്ലോ......

വീട്ടിലെ അവകാശങ്ങളും ഭൗതീകലക്ഷ്യങ്ങളും സമ്പൂർണമായി ത്യജിച്ചിട്ടാണല്ലൊ ഞാൻ വൈദീകാന്തസ്സ് തെരഞ്ഞെടുത്തത്.

അല്ലെങ്കിൽത്തന്നെ ഞാനെന്താണ് ഇതുവരെ വീട്ടിലേക്ക് സമ്പാദിച്ചു കൊടുത്തിട്ടുള്ളത്?

ഇപ്പോൾ വീട്ടിലുള്ള സമ്പത്തെല്ലാം ഗൾഫിൽ നിന്നും പൗലോസ് സമ്പാദിച്ചതാണല്ലൊ.

കുടുംബസ്വത്തിൽ നിന്നവകാശം ചോദിക്കാൻ ഇതെന്റെ യഥാർത്ഥ പിതാവുമല്ല.

സ്പാനിഷ് പ്രീമിയറിന്റെ ഭാര്യ കനിഞ്ഞുനൽകിയ വഴിച്ചിലവിൽ മുക്കാലും

ചിലവായി.

ബാക്കികൂടി തീർന്നാൽ

ഞാനിനി എന്റെ അപ്പനെ എവിടെച്ചെന്നാണ് അന്വേഷിക്കുക?

ഇനി ആരുണ്ടെനിക്കൊരു തുണയ്ക്ക്, വാചാലമായ മനസ്സും സ്വന്തം പാദത്തിൽ നിന്നാരംഭിക്കുന്ന എന്റെ നിഴലുമല്ലാതെ..

സ്വന്തം നിലനിൽപ്പിന്റെ യഥാർത്ഥ നിസ്സഹായാവസ്ഥ മനസ്സിലാവുന്തോറും ഉള്ളിലെ വിമ്മിഷ്ടം കൂടി വരികയായിരുന്നു.

എന്റെ കണ്ണിൽ ഇരുട്ട് കയറുന്നുവോ?

എന്റെ കാഴ്ച മങ്ങുന്നുവോ?

എന്റെ തല കറങ്ങുന്നുവോ?

പെട്ടെന്നൊരു തളർച്ചയെന്നെ ബാധിച്ചു...

കാലുകളിലെ ബലം ഭൂമിയിലേക്ക് ചോർന്നുപോയി...

നടക്കുന്ന വഴിയരികിൽത്തന്നെ അവശനായി വീണു പോയി...

വഴിയേ നടന്നു പോകുന്ന ഒരു മനുഷ്യൻ പെട്ടെന്ന് നിലംപതിച്ചതു കണ്ട് നല്ലവരായ വഴിയാത്രക്കാർ പെട്ടെന്ന് ചുറ്റും കൂടി..

അവരെന്നെ താങ്ങിപ്പിടിച്ച് എഴുന്നേൽപ്പിച്ച് വഴിയരികിലിരുത്തി ഞാനാരാണെന്നറിയാൻ മുഖത്തേക്ക് ഉററു നോക്കുമ്പോൾ, എന്റെ കവിളിലൂടെ ചാലിട്ടൊഴുകി താടിയിലൂടെ ഇറ്റിറ്റു വീഴുന്ന കണ്ണീരു കണ്ടാകണം, ഉൽക്കണ്ഠാകുലരായി ഓരോരുത്തരും ചോദിച്ചു:

'എന്തു പറ്റി ചേട്ടാ?'

'എന്തു വേണം മോനേ?'

"എന്തു പറ്റി അങ്കിൾ?'

ഉത്തരം പറയാൻ, തൊണ്ടയിൽ തടഞ്ഞ ഗദ്ഗദം എന്നെ അനുവദിച്ചില്ല. എന്റെ വിഷമം കണ്ടാകണം, ഒരു കുപ്പി വെള്ളം അവർ വാങ്ങിക്കൊണ്ടു വന്നു, മുഖം കഴുകാൻ;

മുഖം കഴുകിക്കഴിഞ്ഞപ്പോൾ ഏതോ ഒരു സ്കൂൾ കുട്ടി അവന്റെ യൂണിഫോമിന്റെ പോക്കറ്റിൽ നിന്ന് കർച്ചീഫെടുത്ത് എന്റെ മുഖം തുടച്ചു തന്നു.

അടുത്ത ചായക്കടയിൽ നിന്ന് അവർ ചായ വാങ്ങി കൊണ്ടുവന്നു, എനിക്കു കുടിക്കാൻ.

മനുഷ്യമനസ്സിൽ ഉറങ്ങിക്കിടക്കുന്ന സഹജമായ സ്നേഹവും ആർദ്രതയും മനസ്സിനെ തൊട്ടുണർത്തിയപ്പോൾ അകക്കണ്ണുകൾ വീണ്ടും നിറഞ്ഞു; കവിളിലൂടെ വീണ്ടും ചാലു കീറി. അപ്പോഴും ആ ഇളം കയ്യിന്റെ സാന്ത്വനം നീണ്ടു വന്ന് എന്റെ കണ്ണീർച്ചാലുകൾ തുടച്ചു നീക്കി.

ചുറ്റും കൂടിയ നല്ല മനുഷ്യരുടെ പുഞ്ചിരികൾ, തപിച്ചിരുന്ന എന്റെ മനസ്സിനെ കുളുർപ്പിച്ചു.

അവരോരോരുത്തരും വീണ്ടും ചോദിച്ചു: "മോന് ആശൊത്രീ പോണോന്ന്ണ്ടോ?'

'ചേട്ടന് എവിട്യാ പോണ്ടേ?'

'മോന്റെ വീടെവിട്യാ.'

"അങ്കിളിനെ ഞങ്ങൾ വീട്ടിക്കൊണ്ടാക്കാം.'

പോകാനൊരു വീടില്ലാത്തവനെ ഏതു വീട്ടിലാണ് കൊണ്ടു ചെന്നാക്കുക! ലക്ഷ്യങ്ങളെല്ലാം നഷ്ടബോധമായവന് ഇനി എങ്ങോട്ട് പോവാൻ!

ഈ ചെറിയവർക്കു വേണ്ടി ജീവിച്ച് ജീവിച്ച് ഞാനുമൊരു ചെറിയവനായിത്തീർന്നിരിക്കുന്നു..

ജീവിതം മുന്നോട്ടു തള്ളിക്കൊണ്ടു പോകാൻ, ഇനി എന്തെങ്കിലും പോംവഴി കണ്ടെത്തേണ്ടിയിരിക്കുന്നു...

അതുകൊണ്ടു, ചായയുടെ ചൂട് കനിഞ്ഞുനൽകിയ ഉണർവോടെ, നന്ദി കൊണ്ട് നനഞ്ഞ ഒരു പുഞ്ചിരിയോടെ ആ നല്ല സമരിയാക്കാരോടു പറഞ്ഞു, ഞാനൊരു വണ്ടി കാത്തിരിക്ക്യാണ്...

(അതെ, ഒരിക്കലും വരാത്ത വണ്ടിക്കു വേണ്ടിയുള്ള കാത്തിരിപ്പ്)

അൽപ്പം കൂടി കാത്തു നിന്ന ശേഷം, ആ നല്ല സമരിയാക്കാർ ഓരോരുത്തരായി നഗരത്തിന്റെ തിരക്കിൽ അലിഞ്ഞു ചേർന്നപ്പോൾ, എങ്ങും പോകാനില്ലാതെ, ഒന്നും പ്രതീക്ഷിക്കാനില്ലാതെ, ഞാനാ തെരുവീഥിയോരത്ത് തളർന്നിരുന്നു..

പണ്ടു പഠിച്ചിരുന്ന കോളേജും ജോലിചെയ്തിരുന്ന കമ്പനിയും, ഉറ്റ സുഹൃത്ത് സുരേഷും അവന്റെ മമ്മിയുമെല്ലാം മനോമുകുരത്തിലൂടെ കടന്നു പോയെങ്കിലും അവരെയൊന്നും അഭിമുഖീകരിക്കത്തക്ക സ്ഥിതിവിശേഷത്തിലായിരുന്നില്ലല്ലോ മനസ്സ്...

# മുപ്പത്തിനാല്

"ഇങ്കുലാബ്..."

"സിന്ദാബാദ്..."

വാഹനങ്ങൾ തിരക്കുപിടിച്ച് പാഞ്ഞു പോകുന്ന തെരുവീഥിയുടെ ഓരത്തു കൂടെ തിരക്കു പിടിച്ച് അജ്ഞാത ലക്ഷ്യങ്ങളിലേക്ക് നടന്നുപോകുന്ന വഴിയാത്രക്കാരെ അസൂയയോടെ നോക്കിയിരിക്കെ,

പെയ്തടുക്കുന്ന പെരുമഴ പോലെ മുദ്രാവാക്യങ്ങളുടെ അലയൊലികൾ അകലെ നിന്നും കേൾക്കായീ..

ഒരു കൊടുങ്കാറ്റിന്റെ ആവേശത്തിൽ ആഞ്ഞലറുന്ന ഒരു ജാഥ വഴിത്തിരിവിൽ കാണായി...

ജാഥയിലുള്ളവരുടെയെല്ലാം ഏക മുഖമുദ്രയായി, അരിവാൾ നിറഞ്ഞു നിൽക്കുന്ന ചൊങ്കൊടി ഉന്നതങ്ങളിൽ പാറിക്കളിച്ചു.

അവരുടെയെല്ലാം പ്രതീക്ഷകൾ, ഒരേ ഒരു മുദ്രാവാക്യത്തിലേക്ക് ബാഷ്പീകൃതമായി.

ചൊങ്കൊടിയേന്തിയ നേതാവ് അലറിവിളിക്കുന്നു, "ഇങ്കുലാബ്...

അനുയായികൾ പ്രത്യുത്തരമായി, മുഷ്ടികൾ ചുരുട്ടി ആകാശത്തേക്കെറിഞ്ഞു കൊണ്ട് ഗർജ്ജിക്കുന്നു, "സിന്ദാബാദ്..."

വിപ്ലവം....

ജയിക്കട്ടെ!...

പക്ഷേ എന്തിനു വേണ്ടിയുള്ള വിപ്ലവം? ആർക്കെതിരെ?

കടന്നുപോകുന്ന ജാഥയിൽ ആരോടാണൊന്നു ചോദിക്കുക? ഒരു മാത്ര നിന്ന് ഉത്തരം തരാൻ ആർക്കും ഇടയില്ല; അതേക്കുറിച്ചു ചിന്തിക്കാൻ മാത്രം ആർക്കും ക്ഷമയില്ല.

അങ്ങു മുമ്പിലേതോ വഴിത്തിരിവിൽ മറഞ്ഞു കിടക്കുന്ന നിധിയാണ് പ്രതീക്ഷയിൽ.

വരാനിരിക്കുന്ന ഭാസുരമായ പുലരിയെ കുലുക്കിയുണർത്താൻ ഈ പുഷ്ക്കലകണ്ഠനാദം മുഴക്കുന്നു, അവർ.

എന്നിട്ടെന്തു നേടാൻ?

സമത്വത്തിന്റേയും സഹോദര്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ഗായത്രി മന്ത്രങ്ങളിൽ നരബലിയുടെ രക്തനനവു പടർത്തി വിലങ്ങുകൾ സ്വയം ക്ഷണിച്ചു വരുത്താനൊ?

അന്ന് കടൽത്തീരത്തെ മണലിനെ എണ്ണത്തിൽ വെല്ലുവിളിക്കും വിധം ആളുകൾ ഇതിലും ഉച്ചത്തിൽ അലറിവിളിച്ചു കൊണ്ടു പാഞ്ഞതാണ്.

രണാങ്കണത്തിലൂടെയുള്ള ആ പെരുവെള്ളപാച്ചിലിൽ അരിവാൾ കൊണ്ടു കൊയ്തിട്ട് ഒരു ജനതതിയുടെ ചുടുനിണത്തിൽ, സ്പെയിനിന്റെ പതാക ചുവപ്പായി നനഞ്ഞു കുതിർന്നു.

എല്ലാറ്റിനും ഞാൻ ദൃക്സാക്ഷിയാണല്ലൊ!

ഇതിലും ആവേശകരമായൊരു വിപ്ലവത്തിന്റെ ബലിയാടാണല്ലൊ ഞാൻ!

ഒരെലി കെണിയിൽ വീണുപിടക്കുന്നതു കണ്ടിട്ടും, മറ്റെലികളും അതേ കെണി ലക്ഷ്യമാക്കി പാഞ്ഞു ചെല്ലുന്നതു കാണുമ്പോൾ അങ്ങേയറ്റത്തെ വേദന തോന്നുന്നു.

അഥവാ പൂർവ്വോപരി ദുരന്തപൂർവ്വമാണെന്നറിഞ്ഞിട്ടും പുതിയ വ്യവസ്ഥിതിയിലേക്കുള്ള ഈ പ്രയാണം, മാറ്റത്തിനുവേണ്ടിയുള്ള മനുഷ്യന്റെ നിതാന്തദാഹത്തെയാണോ കുറിക്കുന്നത്?

ഇടത്തേക്കാലിലെ മന്ത് ഒന്നു വലത്തേക്കാലിലേക്കു മാറാൻ...

ശക്തിപ്രകടനമായാലും, സമരജാഥയായാലും, വേണ്ടപ്പെട്ടവരുടെ ശവദാഹയാത്രയായാലും, ഘോഷയാത്രയായാലും ശരി, ജാഥകൾ സാമൂഹ്യ പരിവർത്തനത്തിന്റെ സന്ദേശ വാഹകരാണ്.

അതുകൊണ്ടാണോ മലയാളികൾക്ക് ജാഥകൾ ഒഴിച്ചു കൂടാൻ പറ്റാത്തത്?

അതോ കഴുതക്കാമം കരഞ്ഞു തീർക്കുന്നതു പോലെ വേണ്ടപ്പെട്ടവരോടുള്ള മനസ്സിലെ വൈരാഗ്യം തീർക്കാൻ; മനസിൽ അമർത്തി വച്ച വിഷമങ്ങൾ മുദ്രാവാക്യ വിളികളിലൂടെ തുറന്നു വിടാൻ, ഒരെളുപ്പ മാർഗം?

എങ്കിലും ചെറിയൊരിരയെ വെട്ടിവിഴുങ്ങാൻ ചൂണ്ടയിൽ കൊത്തുന്ന മത്സ്യത്തെപ്പോലെ, പ്രതീക്ഷയുടെ മൃഗതൃഷ്ണലാക്കാക്കി നടന്നുപോകുന്ന ജന കൂട്ടത്തെക്കണ്ടപ്പോൾ, വായിലെ ഉമിനീർ വറ്റി, തൊണ്ടയിലെന്തോ വേദന.

ലോകം മുഴുവൻ കേൾക്കെ അലറിവിളിച്ചുപറയാൻ തോന്നി,

‘ഇല്ല മക്കളേ, സമത്വത്തിനു വേണ്ടിയുള്ള ഈ ദാഹത്തിന് മനുഷ്യസംസ്ക്കാരത്തോളം തന്നെ പഴക്കമുണ്ടല്ലൊ. ഈ വിപാസക്കു ശമനം കണ്ടെത്താൻ എത്രയോ മസ്തിഷ്കങ്ങൾ പുകഞ്ഞു; എത്രയോ വ്യവസ്ഥിതികൾ പരീക്ഷിച്ചു...

പക്ഷേ, ഒരേ ഗർഭത്തിൽ ഉരുവാക്കപ്പെടുന്ന സഹോദരന്മാർ പോലും വ്യത്യസ്ഥരായി, വ്യത്യസ്ഥ കഴിവുകളോടെ പിറന്നുവീഴുന്ന അത്രമാത്രം അസമത്വങ്ങൾ നിറഞ്ഞ ഈ ലോകത്തെങ്ങിനെയാണ് സമത്വത്തിന്റെ സമതലങ്ങൾ കൊണ്ട് ഭൂമിയെ നിറക്കാനാവുക?

ഒരു മല തട്ടിനിരത്തുമ്പോൾ അതിലും വലുതൊന്ന് രൂപപ്പെടുകയായി!

ഒരു താഴ്വാരം നികത്തിയെടുക്കുമ്പോൾ അതിനേക്കാൾ വലിയൊരു ഗർത്തം പ്രത്യക്ഷപ്പെടുകയായി!

അതുകൊണ്ടു തന്നെ, വ്യവസ്ഥിതിയുടെ ഓരോ മാറ്റവും ഓരോ പ്രദൂഷിത വലയത്തിലാണ് മനുഷ്യനെ കൊണ്ടെത്തിച്ചത് – ഈ ദൂഷിതവലയ

ത്തിൽനിന്നും മനുഷ്യന് രക്ഷനേടാനൊക്കില്ല. ഒരിക്കലും!'

കാരണം, വ്യവസ്ഥിതി ഏതായാലും ഭരിക്കുന്നത് മനുഷ്യൻ തന്നെയാണ്; ഭാവിയെപ്പറ്റി കരുതലുള്ള, ഭാവനാശക്തിയുള്ള മനുഷ്യൻ!!

ഹിംസ്രമൃഗങ്ങളായിരുന്നെങ്കിൽ വിശക്കുമ്പോൾ മാത്രമേ ഇരയെ കീഴടക്കുകയുള്ളായിരുന്നല്ലോ......

ഒരു സമത്വ സുന്ദര സാഹോദര്യത്തിന്റെ പേരിൽ വിപ്ലവം തുടങ്ങി അധികാരം വെട്ടിപ്പിടിച്ചു കഴിയുമ്പോൾ നേതാക്കന്മാർ, മുമ്പിലത്തേക്കാളും വലിയ സ്വേച്ഛാധിപതികളായി മാറുന്നു...

വിദേശികളിൽ നിന്നും ആധിപത്യം വീണ്ടെടുത്തു കഴിയുമ്പോൾ രാജ്യത്തിന്റെ സ്വന്തം ഭരണാധികാരികൾ അധിനിവേശക്കാരേയും വെല്ലുന്ന ഭരണം കാഴ്ച്ചവെക്കുന്നു...

നിയമങ്ങൾ സ്വാർത്ഥപരമായി വളച്ചൊടിക്കപ്പെടുന്നു..

ഇതല്ലേ മക്കളേ ഇന്നുവരെ ഈ ലോകത്തിൽ നടന്നിട്ടുള്ളത്?.............

ഓർമ്മയുടെ ചൂടിൽ ശരീരാവയവങ്ങൾ തരിച്ചു; മസ്തിഷ്കം പുകഞ്ഞു വിങ്ങി. ഒന്നു പൊട്ടിക്കരഞ്ഞില്ലെങ്കിൽ, എന്തെങ്കിലും ഉടനെ അലറിപ്പറഞ്ഞില്ലെങ്കിൽ, സ്വയം പൊട്ടിത്തെറിക്കുമെന്നു തോന്നി. ഞാനില്ലാതായേക്കുമെന്നു ഭയന്നു...

ആ നിമിഷത്തിൽ സുരക്ഷിതമായ ഒരൊറ്റ മാർഗ്ഗമേ കണ്ടുള്ളു. –

ജാഥയിലലിഞ്ഞുചേർന്ന്, തൊണ്ട പൊട്ടുമാറുച്ചത്തിൽ, പ്രപഞ്ചം കിടുങ്ങുമാറു ശബ്ദത്തിൽ ഞാനും അലറിവിളിച്ചു, "ഇ... ങ്കു...... ലാ.... ബ് "

ആവേശത്തോടെ സഖാക്കൾ ഏറ്റുചൊല്ലി, "സി..... ന്ദാ..... ബാ...... ദ്..."

ആ മുദ്രാവാക്യവിളിയിലൂടെ ഞാൻ പൊട്ടിക്കരയുകയായിരുന്നു; എന്റെ എണ്ണമറ്റ ദുഃഖങ്ങൾ കരഞ്ഞു തീർക്കുകയായിരുന്നു; താങ്ങിനിർത്താനാവാത്ത എന്റെ വേദനകൾ ഞാനും ഒഴുക്കിപ്പുറത്തുകയായിരുന്നു; ഏതാനും മണിക്കൂറുകൾ കൂടി ജീവിച്ചിരിക്കാനൊരു ലക്ഷ്യബോധം, ഈ ജാഥയിയിലൂടെ ഞാനും കണ്ടെത്തുകയായിരുന്നു...

" ഇ.....ങ്കു.....ലാ....ബ്...."

" സി....ന്ദാ....ബാ....ദ്...."

ആവേശമുള്ള പുതിയ സഖാവിനെ കിട്ടിയപ്പോൾ മറ്റു സഖാക്കൾക്ക് കൂടുതലാവേശം!

ഞങ്ങൾ കൂടുതൽ ഓജസ്സോടെ കൂട്ടുചേർന്ന് വിളിച്ചു

" ഇ.....ങ്കു.....ലാ....ബ്...."

" സി....ന്ദാ....ബാ....ദ്...."

ഡസൻ കണക്കിന് ഇങ്കുലാബ് വിളികളിലൂടെ എന്റെ കരച്ചിൽ ഒട്ടൊന്ന് ശാന്തമായപ്പോൾ, മനസ്സിന്റെ സ്തോഭം ഒട്ടൊന്ന് കെട്ടടങ്ങിയപ്പോൾ, സിന്ദാബാദ് വിളിച്ചു നീങ്ങുന്ന സഹജാഥികരെ ഒരുനിമിഷം ശ്രദ്ധിച്ചു.

ഭാരതസ്വാതന്ത്ര്യം മുതൽ അര നൂറ്റാണ്ടോളം കേരളത്തിൽ അങ്ങോള

മിങ്ങോളം നിത്യേനയെന്നോണം മുഴങ്ങിക്കേൾക്കുന്ന മുദ്രാവാക്യം...

ഒട്ടും ചോർന്നു പോകാത്ത വിപ്ലവത്തിന്റെ അതേ സമരവീര്യം ഇന്നും കേരളമാകെ ഒഴുകിപ്പരത്തുന്നു ജാഥകളുടെ അലകും പിടിയും ഒട്ടും മാറാതെ തന്നെ!

ഇങ്കുലാബ് വിളികളിലൂടെ ദശകോടിക്കണക്കിന് മനുഷ്യപ്രയത്ന ദിനങ്ങൾ ഹോമിച്ചിട്ട് കേരളം സ്വപ്നം കണ്ട ലക്ഷ്യത്തിലെത്തിയോ?

നാടിന്റെ ഇന്നത്തെ സ്ഥിതി എന്താണ്?...

കേരളത്തിൽ അങ്ങിങ്ങ് തലയുയർത്തി നിൽക്കുന്ന രമ്യഹർമങ്ങൾ നമ്മുടെ നാടിന്റെ ഐശ്വര്യത്തെയല്ലെ ദ്യോതിപ്പിക്കുന്നത്?

സമ്പൂർണ സാക്ഷരത ഉയർന്ന ക്രയവിക്രയ ശേഷി; ലോക ശരാശരി യേക്കാളും ഉയർന്ന ജീവിതനിരക്ക്; കുറഞ്ഞ മരണനിരക്ക്; ലോകമെമ്പാടും പടർന്നു കിടക്കുന്ന മലയാളി കുടുംബങ്ങൾ; കുമിഞ്ഞുകൂടുന്ന ബാങ്കു ഡെപ്പോസിറ്റുകൾ; ഉയർന്നുയർന്നു പോകുന്ന ഭൂമിയുടെ ക്രയവിക്രയ മൂല്യം; നിരത്തുകളിൽ നിറഞ്ഞൊഴുകുന്ന ആധുനിക വാഹനങ്ങൾ; മുട്ടിന് മുട്ടിന് അന്തർദേശീയ വിമാനത്താവളങ്ങൾ...

പിന്നെ ആർക്കെതിരെ വിപ്ലവം ഒരുക്കാനാണീ സമരജാഥ വീണ്ടും?

അതൊ നമ്മുടെ പ്രത്യയശാസ്ത്രങ്ങൾ കൂടുതൽ പ്രാവർത്തികമാക്കാനുള്ള ശ്രമമൊ? കൂടെ നടക്കുന്ന ജാഥാംഗത്തോടു തന്നെ ചോദിച്ചു, “സഖാവേ, ഈ സമരത്തിന്റെ ലക്ഷ്യം?”

സഹജാഥികൻ എന്നെ അടിമുടിയൊന്നു നോക്കിയിട്ട് ചോദിച്ചു, ഗൾഫനാ അല്ലേ?”

“അല്ല, യൂറോപ്പീന്നാ.

“അതാ തീരെ വിവരോല്യാണ്ടായിപ്പോയത്.... അവിടൊക്കെ ആൾക്കാര് കന്നുകാല്യോളെപ്പോലല്ലേ പണീടക്കണെ, തൊഴിലാളികളുടെ അവകാശ ങ്ങളെപ്പറ്റി തീരെ ബോധോല്ല്യാണ്ട്..

“ശരിയാ,” ഞാൻ സമ്മതിച്ചു, “അവിടെ സമരം കുറവാ; പക്ഷേ നമ്മൾ ഈ സമരത്തിന്റെ കാര്യമാണല്ലോ പറഞ്ഞു വന്നത്...ഈ സമരത്തിന്റെ ലക്ഷ്യ മെന്താ?”

സഹജാഥികൻ പറഞ്ഞു, “അതൊ, ഈ സമരം സംഘടിപ്പിക്കുന്ന നേതാക്ക ന്മാർക്ക് അവരുടേതായ ലക്ഷ്യങ്ങളുണ്ടാവും; ശമ്പള വർദ്ധനയോ, നഷ്ടത്തിൽ പൂട്ടിയ പൊതുമേഖലാ സ്ഥാപനം തുറക്കലോ, ഗവണ്മെന്റിനോടുള്ള പ്രതി ഷേധമോ, വെറും ശക്തിപ്രകടനമോ അങ്ങനെയെന്തെങ്കിലും..”

“അപ്പോൾ നമ്മുടെ വൈരുദ്ധ്യാത്മക വാദമൊക്കെ നിങ്ങൾ മാറ്റിവച്ചോ?”

എന്റെ ശബ്ദം അൽപ്പം ഉയർന്നെന്നു തോന്നി.

സഹജാഥികന്റെ കണ്ണുകളിൽ പുച്ഛം, “നിങ്ങളീ ഭൂമിമലയാളത്തിലൊ ന്നുമല്ലേ? ഒരു കോഴി കൂവിപ്പോയാൽ നേരം വെളുക്കുമെന്ന് വിചാരിക്കത്തക്ക വിഡ്ഢികളല്ല പ്രബുദ്ധ കേരളീയർ. റഷ്യയുടേയും കിഴക്കൻ യൂറോപ്പിന്റേയും ചൈനയുടേയും ഗതികേട് നമ്മൾ കണ്ടതല്ലേ!.”

"എന്നിട്ടും നിങ്ങളിങ്ങനെ വിപ്ലവത്തിന് 'കീജയ്' വിളിക്കുന്നതെന്തിനാ?"

ഒന്നു ശങ്കിച്ച ശേഷം ശബ്ദം താഴ്ത്തി സഹജാഥികൻ പറഞ്ഞു, "ഉച്ചക്ക് വയറു നെറച്ച് ശാപ്പാട് കിട്ടും. വൈകീട്ട് ചാരായം. പിന്നെ കിട്ടുന്ന നൂറ്റൻപതു രൂപകൊണ്ട് ഞങ്ങടെ കുടുംബത്തിന് ഒരാഴ്ച്ച ആത്മഹത്യ ചെയ്യാതെ കഴിക്കാം. അപ്പോഴേക്കും വേറെ ഏതെങ്കിലും പാർട്ടിക്കാര് ജാഥക്ക് വിളിക്കും. അവരും തരും, ഇത്രൊക്കെത്തന്നെ!

കേട്ടപ്പോൾ മനസ്സിൽ തോന്നിയ വികാരം ഇന്നും വ്യവച്ഛേദിക്കാനാവുന്നില്ല.

'മതവിശ്വാസം പോലെ പാവനമായ രാഷ്ട്രീയ വിശ്വാസപ്രമാണങ്ങൾ പോലും കൊച്ചുകാശിന്റെ വിൽപ്പനച്ചരക്കാക്കാൻ മാത്രം കേരളത്തെ അധഃപതിപ്പിച്ചതാരാണ്?'

"അതൊന്നും ആരും മനപ്പൂർവം ചെയ്യണതല്ല മാഷേ..,

എന്റെ ധർമികരോഷം കണ്ട് മറെറാരു സഹജാഥികൻ ചിരിച്ചു,

'സ്വന്തം നിലനിൽപ്പാണല്ലൊ ഏറ്റവും വലിയ സമരമുഖം; അതിനു വേണ്ടി രാഷ്ട്രീയ നേതാക്കന്മാർ സിദ്ധാന്തങ്ങൾ വിനിമയം ചെയ്ത് പാർട്ടിയിൽ നിന്നും കാല് മാറും; വേശ്യകൾ ശരീരം വിൽക്കും; സാംസ്കാരികനായകർ ആദർശങ്ങൾ പണയം വെക്കും....

പിച്ചച്ചട്ടിയിലാണെങ്കിലും ബക്കറ്റിലാണെങ്കിലും പിച്ചതെണ്ടൽ, പിച്ചതെണ്ടൽ തന്നെയാണല്ലൊ!

എല്ലാം ഒരേ ജീവിതസമരത്തിന്റെ വിവിധ മുഖങ്ങൾ..

'മാഷ്ക്കറിയ്യോ, വിദേശത്തൊള്ളോരെയാ നമ്മൾ പ്രവാസീന്ന് വിളിക്കണേങ്കിലും ഇപ്പോ കേരളത്തീ താമസിക്കുന്നോരാ ശരിക്കും പ്രവാസികള്...

'ഇന്നത്തെ കേരളം ശരിക്കും ഒരു വാടക വീട് തന്ന്യാ...'

ആ സഹജാഥികൻ ഇന്നത്തെ കേരളത്തിന്റെ ഒരു നഖച്ചിത്രവും വരച്ചു –

നിധിയിരിക്കുന്ന കുന്നിന്മേലിരുന്ന് പിച്ചതെണ്ടുന്ന യാചകരെപ്പോലെ ഐശ്വര്യത്തിന്റെ വിഭവങ്ങൾ അവഗണിച്ച് അണികളെ ദാരിദ്ര്യരേഖയുടെ നിഴലിൽ എന്നും അണച്ചു നിർത്താൻ പെടാപ്പാടുപെടുന്ന നേതാക്കന്മാർ..

നാടിന്റെ മുഴുവൻ വരുമാനവും നിത്യനിദാന ചിലവിനു പോലും തികയാത്തത്ര അത് ബ്രഹ്മാണ്ഡസമാനമായ ഭരണചക്രം!

അധികാരവും അഴിമതിയും മാത്രം ലക്ഷ്യമാക്കിയ ദീർഘവീക്ഷണമില്ലാത്ത രാഷ്ട്രീയ നേതാക്കൾ...

കിമ്പളത്തിനു വേണ്ടി മാത്രം ജോലി ചെയ്യുന്ന സർക്കാരുദ്യോഗസ്ഥർ..

രാഷ്ട്രീയ പ്രവർത്തനത്തിന് അനുയായികളെ ഉറപ്പുവരുത്താൻ വേണ്ടി തൊഴിൽ സാദ്ധ്യതകൾ വിദഗ്ദമായി വറ്റിച്ച് കളയുന്നവരുടെ നാട്...

ഉൽപ്പന്നമൂല്യത്തേക്കാൾ ഉൽപ്പാദനച്ചിലവു വർദ്ധിപ്പിച്ചു കൊടുത്താൽ ഉൽപ്പാദനശാലകളും കൃഷിയിടങ്ങളും നിശ്ചലമായിപ്പോവുമെന്നും, തൊഴിലാളികൾ തൊഴിൽരഹിതരാവുമെന്നും ഏത് കൊച്ചുകുട്ടിക്കാണറിയാൻ പാടില്ലാത്തത്!

എന്നിട്ട്, ഉള്ള മുഴുവൻ തൊഴിൽ സാദ്ധ്യതകളും, ആനുകൂല്യങ്ങളും

രാഷ്ട്രീയക്കാരും സിൽബന്തികളും കൂടി വീതിച്ചെടുത്തിരിക്കുന്നു....

അങ്ങനെ, അനാവശ്യ ബാഹ്യഇടപെടലുകൾ മൂലം സമീപ സംസ്ഥാനങ്ങളിലേക്ക് രക്ഷപെട്ടതോ, അല്ലെങ്കിൽ അടച്ചുപൂട്ടപ്പെട്ടതോ, ആയ മിക്കവാറും വ്യവസായ സ്ഥാപനങ്ങൾ...

പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ഭയക്കുന്ന വ്യവസായികൾ...

ഉള്ള തൊഴിൽ കൂടി നഷ്ടപ്പെട്ട് അന്യസംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കും ചേക്കേറിയ തൊഴിലാളികൾ..

"എന്നാലെന്താ, നമുക്കുവേണ്ട ഉപഭോക്തൃസാധനങ്ങൾ മുഴുവൻ വടക്കേ ഇന്ത്യയിൽ നിന്നെത്തുന്നുണ്ടല്ലോ!'

ഏതാനും നാണ്യവിളകളില്ലാതെ കാര്യമായ കൃഷിയൊന്നുമില്ലാത്ത സംസ്ഥാനം; ആത്മവിശ്വാസം നഷ്ടപ്പെട്ട് ആത്മഹത്യചെയ്യുന്ന കർഷകർ...

'എന്നാലെന്താ, നമുക്കു വേണ്ട മുഴുവൻ പഴങ്ങളും പച്ചക്കറികളും അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നുണ്ടല്ലോ!'

വിദേശത്തു നിന്നുള്ള ഡ്രാഫ്റ്റുകളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഭൂരിപക്ഷം കുടുംബങ്ങൾ.

മാതൃഭാഷ പറയാനറിയാത്ത വിദ്യാർത്ഥികൾ; വിദേശ ജോലികൾ മാത്രം ലാക്കാക്കി വളരുന്ന പുതിയ തലമുറ.

കർഷകന്റെ സ്വന്തം മണ്ണിൽ എന്തു കൃഷി ചെയ്യണമെന്ന് അന്യർ തീരുമാനിക്കുന്ന നാട്. സ്വന്തം ലഗേജിന്മേൽ ഉടമസ്ഥന് യാതോരവകാശവുമില്ലാത്ത സംസ്ഥാനം....

ചുരുക്കത്തിൽ, മറെറാരു സഹജാഥികന്റെ അഭിപ്രായത്തിൽ, 'മുട്ടയിടാൻ വേണ്ടി മാത്രം കരക്കണയുന്ന കടലാമകളെപ്പോലെ, പ്രസവിക്കാനും, ഹ്രസ്വമായി വിശ്രമിക്കാനും മാത്രം കൂടണയുന്ന പ്രവാസികളുടേയും, അവരുടെ ആശ്രിതരുടേയും നാടായി മാറിയിരിക്കുന്നു ഇത്...

ഉപഭോക്തൃ സംസ്ഥാനമെന്ന പദവി അവർ നമുക്ക് കൽപ്പിച്ചുതന്നത് വെറുതേയല്ലല്ലോ!

'ജീവിതകാലം മുഴുവൻ വിരഹദുഃഖം അനുഭവിക്കാൻ വിധിക്കപ്പെട്ട നവദമ്പതികൾ...വിരഹിണികളുടെ തപ്തനിശ്വാസങ്ങൾ കാർമുകിലുകളായി പടർന്ന് എല്ലാക്കാലത്തും പെരുമഴയായി ഉരുകി വീഴുന്നു.'

"നാട്ടിലിപ്പോ വേനൽക്കാലത്തു പോലും പെരുവെള്ളം പൊങ്ങുന്നത് വെറുതെയല്ല, കവിഹൃദയമുള്ള വേറൊരു സഹജാഥികൻ പിന്താങ്ങി..

വർഷങ്ങൾ കൂടുമ്പോൾ മാത്രം പ്രവാസികൾക്കു ലഭിക്കുന്ന ഹൃസ്വ ഒഴിവുകാലവും ദാമ്പത്യ ജീവിതവും..

ജീവിതപങ്കാളി ജീവിച്ചിരിക്കുമ്പോൾത്തന്നെ ജീവിതകാലം മുഴുവൻ വൈധവ്യം എടുത്തണിയാൻ വിധിക്കപ്പെട്ട പ്രവാസ ദമ്പതികളുടെ ശാപം ആര് തലയിലേറ്റും?

രക്ഷകർത്താക്കളില്ലാതെ വളരാൻ വിധിക്കപ്പെട്ട പുതിയ തലമുറ വഴി തെറ്റിപ്പോകുന്നതിന് ആര് സമാധാനം പറയും?'

കഴിഞ്ഞ അരനൂറ്റാണ്ടുകാലം ജനനേതാക്കൾ തെറ്റായ പ്രത്യയശാസ്ത്ര ങ്ങൾ സ്വാർത്ഥപരമായി അടിച്ചേൽപ്പിച്ചു പോന്നതിന്റെ ശാപം പേറുന്ന നാട്.

ഗൾഫ്നാടുകൾ കനിവു കാട്ടിയില്ലായിരുന്നെങ്കിൽ ഇതിനകം മലയാളിക ളിൽ പകുതിയിലധികവും പട്ടിണി കിടന്നും തമ്മിൽത്തല്ലിയും കഥ കഴിഞ്ഞേനെ.

“അതുകൊണ്ട് ഇനി നടത്തേണ്ട വിപ്ലവം ജനവഞ്ചകരായ ഈ ജനനാ യകർക്കെതിരെയാണ്; കാലഹരണപ്പെട്ട പ്രത്യയ ശാസ്ത്രങ്ങൾക്കെതിരേയാ ണ്.” ആദ്യത്തെ സഹജാഥികന്റെ ആവേശം അണപൊട്ടി.

“കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടുചോറ് വാരിക്കുന്നതു പോലെ നമ്മുടെ ദാരിദ്ര്യത്തെ മുതലെടുത്ത് ജാഥക്ക് നീളം കൂട്ടുന്ന ഈ നേതാക്കന്മാർക്കെതി രേയും നമ്മൾ പടപൊരുതണം, മറ്റൊരു സഹജാഥികന്റെ നിർദേശം.

അതെ, ഈ കേരളത്തിലാണ് ഒരു വിപ്ലവം അനിവാര്യമായിരിക്കുന്നത്. അങ്ങനെ, ഇന്നത്തെ ഭരണക്രമത്തിനെതിരായി, സ്വാർത്ഥരായ ജനനേതാക്ക ൾക്കെതിരായി സകല ജാഥികരുടേയും രോഷം ഒരുപോലെ അണപൊട്ടി യൊഴുകാൻ തുടങ്ങി,

“ ഇ...ങ്കു...ലാ...ബ്....”

“ സി...ന്ദാ...ബാ...ദ്....”

അതെ, നൂതനമായൊരു വ്യവസ്ഥിതി ലോകത്തിൽ ഉടനേ പിറന്നു വീഴേ ണ്ടിയിരിക്കുന്നു - പരസ്പരം വെട്ടിനിരത്തലല്ല വേണ്ടത്; ഒത്തൊരുമയോടെ കെട്ടിപ്പൊക്കലാണ്...

സമത്വസുന്ദരമായൊരു ലോകത്തിനു വേണ്ടിയുള്ള ഇഴകൾ ഇനിയും പാവേണ്ടിയിരിക്കുന്നു....

അരുണിമയാർന്നൊരു സുപ്രഭാതം ഇനിയും പൊട്ടിവിടരേണ്ടിയിരിക്കുന്നു.!

“ ഇ...ങ്കു...ലാ...ബ്...”

“ സി...ന്ദാ...ബാ...ദ്...”

# മുപ്പത്തഞ്ച്

അങ്ങനെ, ലോകമെങ്ങും നടമാടുന്ന സകല അനീതികൾക്കും എതിരായി ഞങ്ങളുടെ ധാർമ്മികരോഷം മുദ്രാവാക്യങ്ങളിലൂടെ വിളിച്ചറിയിച്ചുകൊണ്ട് നടക്കവെ, നഗരമദ്ധ്യത്തിൽ ചെന്നെത്തും മുമ്പെ, പാടിയടുക്കുന്ന സംഘ ഗാനം പോലെ പാറിയടുക്കുന്ന മഴ...

അതും തീരെ പ്രതീക്ഷിക്കാത്ത നേരത്ത്, യാതൊരു സന്നാഹവുമില്ലാതെ പതുങ്ങി വന്ന ചാറ്റൽ മഴ.

തുള്ളിക്കു കുടം കണക്കെ പെയ്യുന്ന പെരുംമഴയായത് പെട്ടെന്നു വളർന്നു.

കുറച്ചുനേരം ജാഥ പിടിച്ചു നിന്നു, ഇങ്കുലാബ് വിളിച്ചുകൊണ്ട്.

പക്ഷേ ശക്തിയേറി വന്ന മഴ ജാഥയണികളെ ചിതറിച്ചു.

അവരുടെ ആവേശം നനഞ്ഞു കുതിർന്നു.

ചുവന്ന പതാക നനഞ്ഞ പക്ഷിക്കുഞ്ഞിനെപ്പോലെ വിറങ്ങലിച്ചു. ആ പതാക ക്കുള്ളിൽ അരിവാൾ ചുരുണ്ടുകൂടി.

ജാഥാംഗങ്ങൾ വഴിയോരങ്ങളിൽ കണ്ട കടകളിലേക്ക് ഓടിക്കയറി.

ഞാനും അടുത്തുള്ള ചായക്കടയിലേക്ക് ഓടിക്കയറി തലമുടിയിൽ പറ്റിയ ഈറൻ കൈകൊണ്ടു തട്ടി കുടഞ്ഞുകളയാൻ ശ്രമിക്കവെ, പെട്ടെന്നാണ് എന്റെ കണ്ണുകൾക്ക് തളർവാതം പിടിച്ചത്...

കാന്തശക്തിയാൽ ശക്തമായി ആകർഷിച്ചാലെന്നവണ്ണം കണ്ണുകൾ ഒരിടത്തു തറഞ്ഞുതന്നെ നിന്നു...

ആ ദർശനത്തിൽ എന്റെ അസ്തിത്വം, ഒരു ഇളംകാറ്റായി അടിച്ചുപറന്നു; ഒരു മേഘശകലമായി ഉറഞ്ഞുനിന്നു.

എവിടേയോ കുറുവടികൾ ഒന്നൊന്നായി മേലോട്ടുയർന്ന് കൽമഴയായി പെയ്തിറങ്ങുന്നുണ്ടോ?...

കൗമാരപ്രായമായ മകനെ തന്റെ ശരീരത്തോടു ചേർത്തുപിടിച്ച് സാരിത്ത ലപ്പുകൊണ്ട് തല തുവർത്തിക്കൊടുക്കുന്ന വെളുത്തു മെലിഞ്ഞ ഈ യുവതി ആരാണ്?

ഒരിക്കലും പെയ്യാത്ത ഒരു മഴയുടെ ആരവവുമായി, ഒരിക്കലും പാടാത്ത ഗാനത്തിന്റെ ഈരടിയായി എന്റെ ജീവിതത്തിലേക്കു കടന്നുവന്ന ശാലിനി.!!

പ്രതികാരദാഹിയായ ചന്ദ്രന്റെ പാദപതനമാണോ ശാലിനീ, നീയിപ്പോഴും ചെവിയോർക്കുന്നത്?

രാത്രി വിവസ്ത്രയാക്കിയ നക്ഷത്രങ്ങളുടെ ജ്വലനമാണോ ഈ കണ്ണുക

ളിൽ നീ കാത്തു സൂക്ഷിക്കുന്നത്?

ആദ്യം അല്പം ശങ്കിച്ചു; കൂടെ ആങ്ങളമാർ ആരെങ്കിലും...?

പിന്നെ എന്തും വരട്ടെയെന്നു കരുതി അവളുടെയടുത്തേക്കു ചെന്നു കൊണ്ടു വിളിച്ചു, “ശാലിനീ.......”

വിളി കേട്ട് തിരിഞ്ഞു നോക്കിയ ശാലിനിയുടെ മുഖത്ത് പെട്ടെന്ന് അവിശ്വസനീയതയുടെ ഒരായിരം പൂത്തിരികൾ ഒന്നിച്ചു കത്തി...

ആ ആഴമാർന്ന നയനങ്ങളിൽ സന്തോഷത്തിന്റെ, പ്രതീക്ഷയുടെ ഒരായിരം നക്ഷത്രങ്ങൾ ഒന്നിച്ചു മിന്നി...

മനോജ്ഞതയാർന്ന ആ നിഷ്ക്കളങ്ക മുഖം, തൽക്ഷണം വിടർന്ന കൂമ്പാള പോലെ പൊട്ടിത്തരിച്ചു..

അനുനിമിഷം ആരക്തതയേറിയ ആ കപോലങ്ങൾ വല്ലാതെ ചുവന്നു തുടുത്ത് തൊട്ടാൽ രക്തം കിനിയുന്ന മട്ടായി.

ഈ മഹോന്നത നിമിഷത്തിന്റെ പരിപാവന മുഹൂർത്തത്തിനുവേണ്ടിയാ യിരുന്നു ശാലിനി ഇത്രയും കാലം കാത്തിരുന്നതെന്നു തോന്നി.

വർഷങ്ങളായുള്ള പ്രതീക്ഷ പൂവണിഞ്ഞ സന്തോഷം ആ നീണ്ട കണ്ണി ണകളെ ഈറനണിയിച്ചു; പേലവമായ കവിളിണകളിലൂടെ കണ്ണുനീർ ചാലുകീറി.

ഒരിക്കലും നിലത്തു പതിക്കാത്ത ഒരു മഴയുടെ നിശ്ശബ്ദതയോടെയാ ണല്ലൊ ശാലിനീ, എന്റെ ജീവിതത്തിലേക്ക് അന്നും നീ കടന്നു വന്നത്.

ഒരിക്കലും പ്രകാശിക്കാത്ത വെയിൽ നാളമായി, അറിയാത്ത വാക്കുകൾ പുലമ്പുന്നതുപോലെ നീ വന്നു.

ഒരിക്കൽക്കൂടി നിന്റെ കണ്ണുകളിലെ ഈ തിളക്കത്തിൽ എന്റെ വാക്കു കൾ കവിതകളായി; ആ കവിതകൾ സ്നേഹത്തിന്റെ ലക്ഷണങ്ങളെ പൂർണ്ണ മായുൾക്കൊണ്ടു...

മുങ്ങിച്ചാവാൻ പോകുന്നവന് ഒരു പിടിവള്ളി കിട്ടിയ ആവേശമായിരുന്നു; വഴിമുട്ടി നൽക്കുന്ന ജീവിതം മുന്നോട്ട് തള്ളിക്കൊണ്ടു പോകാൻ ഒരു ലക്ഷ്യബോധം?

നിഷ്ക്കളങ്കയായ ശാലിനിയുടെ മൃദുല ശബ്ദം ഒരിക്കൽക്കൂടി കേൾക്കാൻ കൊതി തോന്നിയപ്പോൾ വീണ്ടും വിളിച്ചു, “ശാലിനീ...”

“എന്തോ!” ആ പഴയ വിളികേൾക്കലിൽ, വിധേയത്വത്തിന്റെ വികാരത്തിന്റെ, സ്നേഹത്തിന്റെ മധുരിമ!!

എന്റെയീ വിളി കേൾക്കാൻ യുഗങ്ങളായി ശാലിനി തപസ്സിരിക്കുകയാ യിരുന്നെന്നു തോന്നി...

പൂർണ്ണമായി വിടർന്നു നിൽക്കുന്ന ആ നീണ്ടിടം പെട്ട കണ്ണുകൾ എന്റെ രൂപം മുഴുവൻ കോരിക്കുടിക്കുകയാണെന്നു തോന്നി; എന്നെ കാണാനുള്ള ഒരു വ്യാഴവട്ടക്കാലത്തെ ദാഹം ഒരുമിച്ചു തീർക്കുമ്പോലെ; തൽക്ഷണം കണ്ണു കിളുന്തിയ പക്ഷിക്കുഞ്ഞിനെപ്പോലെ, അവൾ എന്റെ കണ്ണുകളിലേക്കുറ്റു നോക്കി നിന്നു, പരിസരം പോലും മറന്ന്...

ഉദിച്ചുവരുന്ന കറുത്ത സൂര്യന്മാരുടെ കറുത്ത വെളിച്ചത്തിൽ ആ നയനങ്ങളുടെ ആഴമാർന്ന കയത്തിലെ ഉരുണ്ടുമറിയുന്ന കോളിളക്കം ഞാൻ നിർവൃതിയോടെ നോക്കി നിന്നു.

അതെ, ഒരു കളിത്തോഴിയുടെ നിഷ്ക്കളങ്കതയോടെ, ഒരു കാമുകിയുടെ സ്നേഹത്തോടെ, അവൾ എനിക്കു വേണ്ടി കാത്തുകാത്തിരിക്കുകയായിരുന്നുവെന്ന് തോന്നി, മന്വന്തരങ്ങളായി...

പക്ഷേ ഞാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു ചുറ്റിലും മാറിനിന്ന് ശ്രദ്ധിക്കുന്ന മനുഷ്യരിൽ ശാലിനിയുടെ ഭർത്താവുണ്ടാകാം, ആങ്ങളമാരുണ്ടാകാം, സ്വന്തം ഭർത്താവും കുടുംബവുമുള്ള ശാലിനിയുടെ മേൽ എനിക്കെന്തവകാശമാണുള്ളത്, ബാഹ്യമായി

അന്തരീക്ഷത്തിൽ എവിടെയെങ്കിലും കുറുവടികൾ ഉയരുന്നുണ്ടോ?

എങ്കിലും മാറിനിന്ന് എന്നെ സൂക്ഷിച്ചു വീക്ഷിക്കുന്ന ഈ കുറിയ കുട്ടിക്ക് എന്നിൽ നിന്നും പറിച്ചുവച്ച് കണ്ണുകളും മുഖവുമാണോ? അവനെ കണ്ടപ്പോൾ മുതൽ മനസ്സിലൊരു നേരിയ തിരയിളക്കം.

ചോദിച്ചു, “ശാലിനിക്ക് ഈ ഒരു മോനേ ഉള്ളോ?”

‘ങ്ഉം.‘

“ഭർത്താവെന്തു ചെയ്യുന്നു?

“എനിക്ക് ഭർത്താവില്ല, വളരെ ശാന്തയായി അവൾ പറഞ്ഞു.

“ഭർത്താവിനെന്തു പറ്റി?”

“കല്ല്യാണം കഴിക്കാതെങ്ങിനാ ഭർത്താവുണ്ടാവുക?

“പിന്നെ? ഈ കുട്ടി...” നാവിനേക്കാളും മുമ്പ് എന്റെ മനസ്സാണാ ചോദ്യമെറിഞ്ഞത്.

ഒരു നിമിഷത്തെ വികാരവിക്ഷോഭം ശാലിനിയെ ഗദ്ഗദകണ്ഠയാക്കിയെന്നു തോന്നി; നിരുദ്ധകണ്ഠയായി അവൾ മൊഴിഞ്ഞു, “നമ്മുടെ മകനാണ്.”

എന്റെ മനസ്സിന്റെ ഇടനാഴികളിൽ, എന്തൊക്കെയോ ഇടിഞ്ഞുവീഴുന്ന ഭീകരശബ്ദം. വിധിയുടെ കണക്കുകൾ പോലും തെറ്റുകയാണോ?

ഒരു നിമിഷത്തെ നിശ്ശബ്ദതക്കു ശേഷം അവൾ മൊഴിഞ്ഞു. “പണയപ്പെടുത്തിയ ഹൃദയവുമായി മറ്റൊരു പുരുഷന്റെ മണിയറയിലേക്കു കയറിച്ചെല്ലാൻ എനിക്കു കഴിഞ്ഞില്ല.”

അന്തർനാളത്തിലൂടെ ഒഴുകിയിറങ്ങിയ കണ്ണുനീർ ഗദ്ഗദത്തിനു ജന്മം കൊടുക്കുന്നു. മുള്ളുകൾ എറിച്ചു നിൽക്കുന്ന ഗദ്ഗദം തൊണ്ടയിലിരുന്നു കുറുകി.

എന്റെ ദുഃഖങ്ങൾക്ക് എന്തടിസ്ഥാനമാണുള്ളത്? സ്വന്തം അപകർഷതാബോധത്തിൽ നിന്നും, വിഹ്വലതയിൽനിന്നും രക്ഷപെടാനുള്ള വ്യഗ്രതയിൽ, അതേ അപകർഷതയിലേക്ക് കൂടുതൽ ജീവിതങ്ങളെ വലിച്ചിഴക്കുന്നു!

ഈ വിഡ്ഢിത്തം എല്ലാ മനുഷ്യജീവിതങ്ങളിലും നിറഞ്ഞുനിൽക്കുന്നു.

ഞാൻ ചെയ്ത തെറ്റുകളുടെ തിരിച്ചടി ഒന്നൊന്നായി ആഞ്ഞടിക്കുമ്പോൾ, എന്റെ നിലനിൽപ്പിനെപ്പോലും യാദൃശ്ചികത കനപ്പിക്കുന്നു.

എന്റെ ഭീകരപാതകങ്ങൾക്ക് മറ്റുള്ളവർ മഹോന്നതമായി പ്രതികാരം ചെയ്യുമ്പോൾ,ലജ്ജയിൽഞാൻചുരുണ്ടുകൂടുന്നു.സ്പാനിഷ്പ്രീമിയറിന്റെഭാര്യ യെപ്പോലെ, ഞാൻ ജീവിതം നശിപ്പിച്ചു കളഞ്ഞ ഈ നിഷ്ക്കളങ്ക പെൺകുട്ടിയെപ്പോലെ...

എന്നിട്ട് മറ്റുള്ളവർ നീതി മാത്രമേ ചെയ്യാവൂ എന്നു ശഠിക്കാൻ എനിക്കെന്ത വകാശം? എന്റെ കൊടുംപാതകങ്ങൾക്കാണാദ്യം ദണ്ഡവിമോചനം നേടേ ണ്ടത്.

പിതാവില്ലാത്ത മകനെ ഇത്രയും വളർത്തിയെടുക്കാൻ ശാലിനി എന്തു മാത്രം സഹിച്ചിട്ടുണ്ടാവും!

വീട്ടുകാരിൽ നിന്നും നാട്ടുകാരിൽ നിന്നും ശാലിനി എത്രമാത്രം അപ വാദങ്ങൾ കേട്ടിട്ടുണ്ടാവും!

ഒടുവിൽ ഒരു ദൃഢനിശ്ചയമെടുത്തുകൊണ്ട് ശാലിനിയോടു ചോദിച്ചു,

“അല്പം കൂടി കാത്തിരിക്കാമോ നമുക്കൊരു താവളം കണ്ടെത്തും വരെ”

“അങ്ങു പറയാതെ തന്നെ ഈ പതിമൂന്നുവർഷവും ഞാൻ കാത്തിരുന്നില്ലേ? ഇനിയും ഞാൻ കാത്തിരിക്കയാണ്, ഈ ജീവിതാവസാനം വരെ.”

ആ നിമിഷം ശാലിനിയെ എന്റെ ഹൃദയത്തോടു ചേർത്തുനിർത്തി ആഞ്ഞു പുൽകാൻ, ആ നെറ്റിയിൽ ഒരു ഭർത്താവിന്റേതായ ചുംബനമുദ്രകൾ പതിപ്പി ക്കാൻ ഹൃദയം വല്ലാതെ കൊതിച്ചു, പണിപ്പെട്ടടക്കി.

നോക്കിനിൽക്കെ, എന്റെ മനസ്സിന്റെ ഉള്ളറയിൽ ഒരു ഭർത്തൃഹൃദയം ശക്ത മായ മുകുളങ്ങളോടെ ആരോഗ്യകരമായി വളർന്നു വരുന്നതറിഞ്ഞു. ഹൃദയ ത്തിന്റെ ഉള്ളറയിലെവിടെയോ സ്നേഹത്തിന്റെ മട തുറക്കുന്നു.

ശാലിനി പകച്ചു നിൽക്കുന്ന മകനോടു പറഞ്ഞു. “മോനേ, നീയെന്നും അന്വേഷിക്കാറുള്ള നിന്റെയപ്പച്ചൻ! വണങ്ങൂ!”

എന്റെ രക്തത്തിന്റെ രക്തവും, മാംസത്തിന്റെ മാംസവുമായ മകനെ വാരി യണച്ച് മൂർദ്ധാവിൽ ചുംബിക്കുമ്പോൾ, എന്നിൽ കെട്ടിനിന്നിരുന്ന പിതൃ സ്നേഹം അണപൊട്ടി നിലക്കാത്ത കണ്ണുനീരായൊഴുകി...

മകനേ, എന്റെ പ്രിയപ്പെട്ട മകനേ, അർക്കവാൾ പശ്ചാത്തലമാക്കി ഒരു നനഞ്ഞ പപ്പടം പോലും നിനക്കു നീട്ടിത്തരാൻ ഇതുവരെ ഈ അപ്പന് കഴിഞ്ഞില്ലല്ലോ.

എന്നിട്ടും, ഒടിഞ്ഞുവീഴാൻ പോയ ഈ പാഴ്മരത്തിന് ജലവും വളവും നൽകി തുടർന്നു വളരാനുള്ള ഊർജ്ജസ്വലത തരാൻ നിനക്ക് കഴിഞ്ഞല്ലോ.

കാലചക്രത്തിന്റെ വർത്തുളതയിൽപ്പെട്ട് പൊട്ടിപ്പോയ ഒരു കുടുംബപാരമ്പ ര്യത്തിന്റെ കണ്ണികൾ കൂട്ടി വിളക്കാനും നിന്റെ ജന്മത്തിനു കഴിഞ്ഞു.

അനാഥനായിരുന്ന ഒരു ബാലന്റെ അപ്പച്ചനുമായുള്ള ആദ്യസമാഗമം ശാലിനി കൺകുളിർക്കെ കണ്ടു നിന്നു, മാതൃത്വത്തിന്റെ നിർവൃതിയോടെ...

ഒടുവിൽ മകനെ ചേർത്തു നിർത്തി അവന്റെ തലമുടിയിലൂടെ വിരലോടിച്ചു കൊണ്ട് ഞാൻ ചോദിച്ചു, “നമ്മുടെ മോന്റെ പേര്?”

അർത്ഥഗർഭമായൊരു പുഞ്ചിരിയോടെ ശാലിനി മൊഴിഞ്ഞു, “മാത്യൂസ്”

പേരുകേട്ട് ഞെട്ടിത്തരിച്ച് രോമാഞ്ചം കൊണ്ടുനിന്നത് ഇന്നലെയെന്നോണം ഓർക്കുന്നു – അതെ, എന്റെയപ്പന്റെ, അവന്റെ അപ്പൂപ്പന്റെ പേര് തന്നെ

– മത്തായി!

പക്ഷേ, അതെങ്ങനെ ശാലിനിയറിഞ്ഞു?

“ഞെട്ടണ്ട, പുഞ്ചിരിച്ചു കൊണ്ട് ശാലിനി പറഞ്ഞു, “ലീനക്കെല്ലാം അറിയാം; ലീനയെല്ലാം പറഞ്ഞും തന്നിട്ടുണ്ട്. അപ്പൂപ്പന്റെ പേര് തന്നെയാ കൊച്ചു മോനും ഇട്ടിരിക്കുന്നത്.

പെട്ടെന്ന്, എന്റെ ജീവിതത്തിൽ എവിടെയോ ഒരു മഹനീയ ലക്ഷ്യം മറ ഞ്ഞുകിടന്നു;

എന്റെ കഴുത്തിലും ഉത്തരവാദിത്വത്തിന്റെ നിറമാലകൾ...

എന്നെ ആശ്രയിച്ചു കഴിയാൻ, ഒരു കുടുംബം!

എന്റെ കൊച്ചുവീടിന്റെ പൂഴിമണൽ മുറ്റത്ത് പതിയാൻ കൊച്ചു കാൽപ്പാ ടുകൾ!!

അതെ, എന്റെ താവളത്തിൽ ഞാനെത്തിക്കഴിഞ്ഞാൽ എന്റെ മകനേയും, ശാലിനിയേയും, അമ്മയേയും ഞാനവിടെ കുടിപ്പാർപ്പിക്കും. എന്നിട്ട് ലളിത മായൊരു ജീവിതത്തിന്റെ പൂമ്പാറ്റച്ചിറകുകളിൽ സ്വച്ഛന്ദമായി ഞങ്ങൾ വിഹ രിക്കും; വിപ്ലവങ്ങളില്ലാത്ത, മോഹങ്ങളില്ലാത്ത, ഇങ്ങിനി വരാത്ത ജീവിതം അനുനിമിഷം ഞങ്ങളാസ്വദിക്കും.!

കിളികളേയും ശലഭങ്ങളേയും പോലെ ആദർശത്തിന്റെ ഭാരം പൊഴിച്ചു കളഞ്ഞിട്ട് ഞങ്ങൾ പാറിപ്പറക്കും, ഒരു സുതാര്യ മേഘമായി; ഒരു ചെറുകാ റ്റായി........

ഹോട്ടലിൽ ഊണുകഴിക്കാനിരുന്നവരെ കണ്ടപ്പോഴാണ് വിശപ്പിന്റെ കാര്യം ഓർമ്മ വന്നത്...

ഒപ്പമുണ്ടായിരുന്ന ജാഥാംഗങ്ങളിൽ പലരും ഊണുമേശകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. അവരിൽ ചിലർ സംശയത്തോടെ തിരിഞ്ഞു നോക്കി അർത്ഥം വച്ച് ചിരിക്കുന്നതു കണ്ടപ്പോൾ അധികാരത്തോടെ തന്നെ വിളിച്ചു, “വാ മോനേ ഊണു കഴിക്കാം, വരൂ ശാലിനി,”

അവകാശത്തോടെ അവർ വന്നു...

ആ ഹോട്ടലിലെ ഫാമിലി റൂമിൽ ശാലിനിയേയും മകനേയും എന്റെ ഇരുവശത്തും ചേർത്തിരുത്തി, ഊണിന് ഓർഡർ കൊടുത്ത് ഞങ്ങൾ കാത്തിരുന്നു.

ജീവിതത്തിൽ ഒരിക്കലും നടക്കില്ലെന്ന് വിശ്വസിച്ചിരുന്നതെന്തോ നടക്കുന്ന അവിശ്വസനീയതയായിരുന്നു ശാലിനിയുടെ കണ്ണുകളിൽ..

നോക്കാതെ തന്നെ മനസ്സിലാക്കാം, ഒരു ചിത്രശലഭത്തിന്റേതെന്നപോലെ എന്റെ മുഖത്ത് തത്തിക്കളിക്കുന്ന ആകാംക്ഷ നിറഞ്ഞ അവളുടെ നോട്ടങ്ങൾ. ശാലിനിയുടെ ഇഞ്ചിപ്പുല്ലു മണക്കുന്ന ശ്വാസം എന്റെ മനസ്സിൽ തരളിത യുടെ സൗരഭ്യം നിറച്ചു...

ക്രമേണ, അവളുടെ സാന്നിദ്ധ്യത്തിൽ എന്റെ നെഞ്ചിടിപ്പ് ചിറകടിച്ചുയരുന്ന

പക്ഷിക്കുഞ്ഞിനെപ്പോലെ അതിവേഗം മിടിക്കാൻ തുടങ്ങി...

എന്റെ സാമീപ്യത്തിൽ ശാലിനിയുടെ തരളിത ഗാത്രം ത്രസിക്കാൻ തുടങ്ങിയത് ഞാനറിഞ്ഞു... ഇടക്കിടെ 'അറിയാതെയുള്ള പരസ്പര സ്പർശനത്തിൽ, അവളുടെ ശരീരോഷ്മാവ് ഉയരാൻ തുടങ്ങിയത് ഞാനറിഞ്ഞു.. അവളുടെ ഹൃദയം അതിദ്രുതം മിടിക്കാൻ തുടങ്ങിയതും ഞാനറിഞ്ഞു.

അതെ, ജീവിത നൈരാശ്യം കൊണ്ട് ലക്ഷ്യബോധം നഷ്ടപ്പെട്ട ഞങ്ങൾ തുടർന്ന് ജീവിക്കാനുള്ള ഓജസ്സും ഊർജവും പകർന്നെടുക്കുകയായിരുന്നു ഈ പരസ്പര സാന്ത്വന സാമിപ്യത്തിലൂടെ...

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി തരളിത വികാരങ്ങൾക്കൊന്നും എന്റെ ഹൃദയത്തിൽ ഇടമുണ്ടായിരുന്നില്ലല്ലൊ. കഠിനമായ മനോനിയന്ത്രണവും പ്രായശ്ചിങ്ങളും, പരിത്യാഗപ്രവൃത്തികളും മൂലം നനഞ്ഞ സ്വപ്നങ്ങൾക്ക് പോലും ഉപബോധമനസ്സിൽ ഇടമില്ലായിരുന്നു.

ഒടുവിൽ, ഓർഡർ ചെയ്തിരുന്ന ആഹാരം വന്നു..

എനിക്കായി ഊണു വിളമ്പിയ സ്റ്റീൽ പ്ലേറ്റിൽ ചോറിനും കറികൾക്കും മകുടമായി വച്ചിരുന്ന *പപ്പടമെടുത്ത് പകുത്ത് ഒരു കഷണം മകന് നീട്ടി...

'എന്റെ മകനേ, ഇതാ അപ്പന്റെ പങ്ക്..

പപ്പടം വാങ്ങാൻ മകൻ ശങ്കിച്ചപ്പോൾ ശാലിനി പ്രോത്സാഹിപ്പിച്ചു, "വാങ്ങിക്കഴിച്ചോ മോനെ, മോന്റിനല്ലേ തരുന്നത്!

മകൻ പപ്പടം വാങ്ങി രുചിയോടെ കഴിക്കുന്നത് ആത്മസംതൃപ്തിയോടെ ഞങ്ങൾ നോക്കിയിരുന്നു...

വിധി എത്ര കൃത്യമായിട്ടാണ് വരുംവരായ്കളെ കൂട്ടിയിണക്കുന്നത്! ഭാവിയുടെ തളികയിൽ വിധി നമുക്കായി ഒരുക്കൂട്ടുന്ന വിരുന്നിന്റെ മൂടി പാത്രം എത്ര നാടകീയമായാണ് ചിലപ്പോൾ തുറക്കപ്പെടുക.!

ഒരു പൗരോഹിത്യത്തേക്കാളുപരി എന്റെ ഭാര്യക്കും മകനും എന്റെ സാന്ത്വനം അനിവാര്യമാക്കുന്ന സാഹചര്യത്തിൽ, എന്റെ വൈദീക പട്ടത്തിന് എന്തു പ്രസക്തിയാണുള്ളത്?

സ്വന്തം വീട് നന്നാക്കിയിട്ടു വേണ്ടേ നാടു നന്നാക്കാൻ?

അതുകൊണ്ടു തന്നെയാവണം വിധി എനിക്ക് വിപ്ലവത്തിൽ പരാജയവും പൗരോഹിത്യത്തിൽ മഹറോനും നേടിത്തന്നത്.!

എന്നിൽ നിന്നും നീതിക്കായി കേഴുന്ന എന്റെ വിധവയുടേയും അനാഥത്വം അനുഭവിക്കുന്ന സ്വന്തം മകന്റേയും സന്നിഗ്ദാവസ്ഥയിൽ, എന്റെ ഏതപേക്ഷക്കാണ്, പ്രപഞ്ചപതി, കാതു തുറന്നു തരിക?

എന്തനീതിക്കെതിരെ, ആർക്കെതിരെയാണ് എനിക്ക് ധാർമികമായി ശബ്ദമുയർത്താൻ കഴിയുക?

എന്റെ പ്രാർത്ഥനകളും പ്രയത്നങ്ങളും വൃഥാവിലായത് വെറുതെയല്ലല്ലോ;

---

*ക്രിസ്തു ഒടുവിലത്തെ അത്താഴസമയത്ത് സ്വന്തം ശരീരമായി പിളർന്നു നൽകിയ അപ്പത്തിന്റെ (ഖുബ്സ്) ഇന്ത്യൻ ഭാഷാ വകഭേദമാണ് (ഖുബ്സ്-ഹിന്തി) പപ്പടം.

ഞാൻ കെട്ടിപ്പൊക്കിയ സൗധങ്ങളത്രയും വെറും മണലിന്മേലായിരുന്നല്ലൊ അടിസ്ഥാനം പണിയപ്പെട്ടിരുന്നത്.

മറ്റുള്ളവർക്കു വേണ്ടി ബലിയർപ്പിക്കാൻ ഞാനിറങ്ങിത്തിരിച്ചപ്പോൾ, വഴിയിൽ വിട്ടുപോയ എന്റെ ഉത്തരിപ്പുകടത്തെപ്പറ്റി മാത്രം ഞാനോർത്തില്ല. അതെ, എന്റെ ജീവിതലക്ഷ്യം ഇതാ ഞാൻ കണ്ടെത്തിയിരിക്കുന്നു.

ഞങ്ങളുടെ നിലനിൽപ്പിനു വേണ്ടി, ജന്മസാഫല്യത്തിനു വേണ്ടി ഒരു ജീവിത മാർഗമാണ് ഇനി കണ്ടെത്തേണ്ടത്, ഒരു തൊഴിൽ..

ഊണു കഴിഞ്ഞിട്ടും എഴുന്നേറ്റു പോകാൻ ഞങ്ങൾക്കു തോന്നിയില്ല.

ശാലിനിയുടേയും എന്റെ മോന്റേയും ഹൃദയസാമീപ്യം വിട്ടു പോകാൻ മനസ്സനുവദിച്ചില്ല.

അവളുടെ മനോജ്ഞ സാമീപ്യം എന്റെ മനസ്സിലെ ഏഴു നിറങ്ങൾക്കും സാന്ദ്രതയേറ്റി.

അവളുടെ സ്നേഹസാമീപ്യത്തിൽ എന്റെ വിഹ്വലതകൾ ഒന്നൊന്നായി അലിഞ്ഞു തീർന്നു.

സ്ത്രീഹൃദയത്തിൽ മാതൃസ്നേഹത്തിന്റെ സ്നിഗ്ദതയും സാന്ത്വനത്തിന്റെ ശീതളിമയും വാത്സല്യത്തിന്റെ ഊഷ്മളതയും അക്ഷയഖനിയായി നിറച്ചു വിട്ടത് ഏത് പുണ്യാത്മാവാണ്?

ദീർഘനേരം ഞങ്ങളൊരക്ഷരം ഉരിയാടിയില്ലെങ്കിലും ഞങ്ങളുടെ കണ്ണുകൾ ഒരായിരം കാര്യങ്ങൾ സംസാരിച്ചു...

ഞങ്ങളുടെ ഹൃദയങ്ങൾ ഒരായിരം പ്രാവശ്യം സംവദിച്ചു...

ഞങ്ങളുടെ ശരീരങ്ങൾ ഒരായിരം സന്ദേശങ്ങൾ കൈമാറി...

നീണ്ടു നിന്ന നിറനിശ്ശബ്ദതക്ക് ശാലിനിയാണ് വിരാമമിട്ടത്; ഒരു പരിഭവത്തിന്റെ മേമ്പൊടിയോടെ അവൾ മൊഴിഞ്ഞു, "എന്നെ മറന്നെങ്കിലും സ്പെയ്നിലെ വിപ്ലവവും മറ്റ് വീരശൂരപരാക്രമങ്ങളും ഞാനറിയണുണ്ടായിരുന്നൂട്ടൊ!

"അതെങ്ങനെ?

"ഏല്യാസേട്ടൻ അമ്മക്കയച്ച കത്തുകളൊക്കെ ലീന എന്നെ കാണിക്കുമായിരുന്നു.

അപ്പോൾ എന്റെ എല്ലാക്കാര്യങ്ങളും ആദ്യം മുതൽ ശാലിനി അറിഞ്ഞിരിക്കുന്നു.

"എന്നിട്ട് ശാലിനിയുടേം മോനും വിവരങ്ങള് എന്നെ അിയിക്കാഞ്ഞതെന്തേ?"

"ഞങ്ങടെ ചെറിയ ജീവിതം കാട്ടി ചേട്ടന്റെ വെല്യ ലക്ഷ്യങ്ങളിന്ന് പിൻതിരിപ്പിക്കണ്ടാന്ന് കരുതി. ചേട്ടന്റെ ലക്ഷ്യങ്ങള് നെറവേറാൻ ഞങ്ങളും മുട്ടിപ്പായി പ്രാർത്ഥിക്കുമായിരുന്നു."

കേട്ടപ്പോൾ, എന്നേക്കാൾ വളരെ ഉയർന്നുനിൽക്കുന്ന ശാലിനിയുടെ കാൽതൊട്ട് വന്ദിക്കാൻ തോന്നി.

സ്വന്തം ജീവിതം ബലികഴിച്ചും വേണ്ടപ്പെട്ടവരുടെ നന്മക്കുവേണ്ടി പ്രാർ

ത്ഥിക്കുന്ന സ്ത്രീകളുടെ ഈ പുണ്യം കൊണ്ടാകണം അപകടങ്ങൾ ചൂഴ്ന്നു നിൽക്കുന്ന ഈ കൊച്ചുഭൂമിയെ എല്ലാ ആപത്തുകളിൽനിന്നും ദൈവം കാത്തു സൂക്ഷിക്കുന്നത്!

പറഞ്ഞു, "എന്റെ ജീവിതം ഒരു വല്യ പരാജയമായിപ്പോയി മോളേ!'

"എന്തു പരാജയം? എനിക്കെന്റെ ഏല്യാസേട്ടനെ ദൈവം വിട്ടുതന്നതോ?"

"പക്ഷേ ഇപ്പോ ഞാൻ ശരിക്കുമൊരു നിർദ്ധനനായിപ്പോയി. ഇനിയെന്തെങ്കിലും സ്വരൂപിച്ചിട്ടു വേണം നമ്മുടെ കുടുംബം പുലർത്താൻ."

ശാലിനി പെട്ടെന്ന് ആർദ്രയായി...

എന്റെ കവിളിൽ തടവിക്കൊണ്ട് തൊണ്ടയിടറി അവൾ പറഞ്ഞു, "എന്തിനാ ചേട്ടാ വിഷമിക്കുന്നത്? കോടീശ്വരനായ അപ്പച്ചന്റെ പുന്നാരമോളാണ് ഞാനെന്നറിയില്ലേ? ഇപ്പോൾത്തന്നെ നാലു തലമുറക്ക് സുഖമായി കഴിയാനുള്ളത് അപ്പച്ചൻ എന്റെ പേരിലെഴുതിത്തന്നിട്ടുണ്ട്. അപ്പച്ചനും ചേട്ടന്മാർക്കും നമ്മളോടൊള്ള ദേഷ്യാക്കെ എന്നേ പോയി!..

"അതു വേണ്ട മോളെ, ഞാനുമൊരു പുരുഷനാണ്. എന്റെ അദ്ധ്വാനഫലം കൊണ്ടു വേണം നമ്മുടെ കുടുംബം പുലർത്താൻ... പിന്നെ..."

"പിന്നെ?"

"എന്നെയീ പോലീസ് കേസിന്ന് ഒന്നൂരിത്തന്നാൽ..."

"അതോർത്ത് ചേട്ടൻ ഒട്ടും വിഷമിക്കണ്ട. വെല്യ രാഷ്ട്രീയ നേതാവായ അപ്പച്ചൻ വിചാരിച്ചാ ഈ കേരളത്തില് നടക്കാത്തതൊന്നൂല്യ. ചേട്ടനൊന്ന് വന്നാ വീട്ടിൽ എല്ലാവർക്കും വല്യ സന്തോഷാവും

"ഇപ്പം വേണ്ട. നമ്മുടെ താവളം ഒരുക്കിയിട്ട് ഞാൻ ഉടനേ വരും, നിന്നേം മോനേം വിളിച്ചോണ്ടു പോകാൻ.

അർദ്ധമനസ്സോടെ യാത്ര പറഞ്ഞു പിരിയും മുമ്പെ, എന്റെ മകനെ ഒരിക്കൽക്കൂടി വാരിയണച്ച് മൂർദ്ധാവിൽ ചുംബിച്ചു, "മോൻ നന്നായി പഠിക്കണോട്ടോ; അപ്പച്ചൻ വേഗം വരാം, മോനേം അമ്മച്ചീനേം കൊണ്ടുപോകാൻ.

നീണ്ടുവരുന്ന പല കണ്ണുകളേയും വെട്ടിച്ച് വേഗം പിന്തിരിഞ്ഞു നടന്നു...

ജനത്തിരക്കുകളിലൂടെയും ഊടുവഴികളിലൂടെയും അലഞ്ഞുനടന്ന്, ബസ്സിലും കാളവണ്ടിയിലും സഞ്ചരിച്ച് നിയമം തേടാനിടയുള്ള ഇടങ്ങളിൽനിന്നും രക്ഷപെടാനായിരുന്നു ധൃതി.

വളരെ ധൃതിയിൽ, എന്നാൽ ഒട്ടും ധൃതികാണിക്കാതെ ജന്മസ്ഥലത്തു നിന്നും ആവുന്നതും അകന്ന്, ഒരു തൊഴിൽ കണ്ടെത്താനുള്ള ശ്രമമായിരുന്നു.

ഒരു സ്വസ്ഥജീവിതത്തിന്റെ അനിവാര്യത ശരിക്കും മനസ്സിലാവുന്നത്, അർത്ഥമില്ലാത്ത പരിഷ്ക്കാരങ്ങളിലും ആദർശങ്ങളിലും പാഴാക്കിക്കളഞ്ഞ, കഴിഞ്ഞുപോയ ജീവിതത്തിന്റെ ഭീകരതയോർക്കുമ്പോഴാണ്.

ആധുനിക സംസ്ക്കാരത്തിന്റെ, വിപ്ലവങ്ങളുടെ ദുർഗ്ഗന്ധം പോലുമേശാത്ത, എന്റെയിടം കണ്ടെത്താനുള്ള ശ്രമത്തിൽ, ഏതെല്ലാം കുണ്ടിനിടവഴികളിലൂടെ സഞ്ചരിച്ചുവെന്നറിയില്ല...

ഏതെല്ലാം നിരത്തുകളും കടത്തുകളും വയലേലകളും വഴിയിറമ്പുകളും മുറിച്ചു കടന്നെന്നറിയില്ല – ഒരു ജോലി തേടി, എന്റെ താവളം തേടി...

ഒരു നാടോടിയെപ്പോലെ കിട്ടുന്നതു ഭക്ഷിച്ചുകൊണ്ട്, എത്തിയിടത്ത് അന്തിയുറങ്ങി അങ്ങനെ സഞ്ചരിക്കെയാണ്,

ഒടുവിൽ ഒരു നനുത്ത പ്രഭാതത്തിൽ...

സഹ്യാദ്രിയുടെ മടിയിൽ തലവച്ചുറങ്ങുന്ന, ആ നിറഞ്ഞ മാറിൽ നിന്നൊഴുകുന്ന തെളിനീരിന്റെ അമ്മിഞ്ഞയുണ്ട്, സ്വന്തം കാൽവിരൽ കടിച്ചീമ്പി മലർന്നുകിടക്കുന്ന ഒരു നാടൻ ചെറുഗ്രാമത്തിനെ തഴുകിയൊഴുകുന്ന പുഴയുടെ അക്കര കടക്കാൻ കടത്തുതോണിയിലേക്ക് കാലെടുത്തു വെയ്ക്കുമ്പോഴാണ്, പ്രപഞ്ച സീമക്കപ്പുറത്തുനിന്നും മധുരിമയാർന്ന ആ വിളി ഒഴുകിയെത്തിയത്, "മോനേ!"

തിരിഞ്ഞു നോക്കുമ്പോൾ, കയ്യിൽ തുഴയുമായി കടത്തുവഞ്ചിയുടെ അമരത്തിരിക്കുന്ന മത്തായി – ഈ ജീവിതകാലം മുഴുവൻ ഞാനന്വേഷിച്ചു നടന്നിരുന്ന എന്റെയപ്പൻ!

ആ കുഴിഞ്ഞ കണ്ണുകളിൽ, ഒരു ജീവിതസാഫല്യം നേടിയ നിർവൃതി!

പരിസരബോധം പോലും മറന്ന് രോമക്കാടു നിറഞ്ഞ ആ നരച്ച മാറിൽ ഒരു കുഞ്ഞായി ഞാനലിഞ്ഞു ചേരുമ്പോൾ; എന്റെ മുഖത്ത് ജീവിതത്തിലാദ്യമായി അപ്പന്റെ സ്നേഹമുദ്രകൾ വീണ്ടും വീണ്ടും പതിയുമ്പോൾ തോന്നി, എനിക്കിനി ഒന്നും നേടാനില്ലെന്ന്!

അതെ, നഷ്ടപ്പെട്ട പറുദീസ നേടിയെടുക്കുന്നതിലും കവിഞ്ഞ ഒരു ജന്മസാഫല്യം, ഈ പ്രപഞ്ചത്തിൽ എന്താണുണ്ടായിട്ടുള്ളത്?

പ്രപഞ്ചോൽപ്പത്തിയിലെ ആദ്യനാദം പോലെ, മന്ദ്രമധുരമായ ആ അനുപലസ്വരം ഒരിക്കൽക്കൂടി കേൾക്കാനെന്റെ കർണ്ണങ്ങൾ വികസ്വരങ്ങളായി.

ഈ മഹാപ്രപഞ്ചത്തിന്റെ വർണ്ണവും നാദവും, ചലനവും ദീപ്തിയും ആവാഹിച്ച്, കാലവും ഋതുചക്രവും കേന്ദ്രമാക്കിയ ഈ ധന്യനിമിഷത്തിന്റെ സാക്ഷാൽക്കാരത്തിനു വേണ്ടി ഞാൻ പെട്ട പാടുകളേയും ദുരിതങ്ങളേയും വിസ്മരിക്കാൻ ശ്രമിക്കുമ്പോൾ,

"മോനേ, എന്റെ പൊന്നുമോനേ," പ്രപഞ്ചത്തിന്റെ തോടിനുള്ളിൽ നിന്നടർന്നു വീണ സ്വരം ഒരു ലഹരിയായി എന്നിൽ വ്യാപിച്ചു.

പ്രഭാതകിരണങ്ങളുടെ തണുതണുത്ത കരസ്പർശം തഴുകിയുണർത്തി വിടരുന്ന മൊട്ടിന്റെ ദലങ്ങൾ പോലെ എന്റെ കണ്ണുകൾ തുറക്കപ്പെടുന്നു.!

ഋതുപരിണാമത്തിലെ ആദ്യ വീചികൾ പോലെ എന്നിലെ ഊഷരത ഈറനണിയുന്നു!

തളിരിടുന്ന പുത്തൻ നാമ്പു പോലെ എങ്ങും ജീവന്റെ തുടിപ്പ്!!